# ബാലകഥകളിലെ പാഠവും ആഖ്യാനവും:

# സുമംഗല, കെ വി രാമനാഥൻ, വി ആർ സുധീഷ് എന്നിവരുടെ രചനകളുടെ സവിശേഷ പഠനം.

**കാലിക്കറ്റ് സർവകലാശാലയിൽ**
**ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി**
**സമർപ്പിക്കുന്ന പ്രബന്ധം**

**രമ്യ കെ**

**മാർഗ്ഗനിർദ്ദേശക**

**ഡോ ഹേമമാലിനി എം**

**മലയാള ഗവേഷണവിഭാഗം**
**വിമല കോളേജ് (സ്വയം ഭരണം )**
**(കാലിക്കറ്റ് സർവകലാശാല)**
**തൃശൂർ**

**2026**

# Lessons and Narratives in Children's Stories: A Study of the Select Works of Sumangala, K. V. Ramanathan and V. R. Sudheesh.

*Thesis Submitted to the University of Calicut for the award of*
**Doctor of Philosophy**

**Ramya K**

**Under the guidance of**

**Dr. Hemamalini M**

**Research Department of Malayalam**
**Vimala College (Autonomous)**
**(University of Calicut)**
**Thrissur**
**2026**

# സാക്ഷ്യപത്രം

കാലിക്കറ്റ് സർവകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി രമ്യ കെ സമർപ്പിപ്പിച്ച "മലയാളബാലകഥകളിലെ പാഠവും ആഖ്യാനവും: സുമംഗല, കെ വി രാമനാഥൻ, വി ആർ സുധീഷ് എന്നിവരുടെ രചനകളുടെ സവിശേഷ പഠനം" എന്ന ഗവേഷണ പ്രബന്ധം വിധികർത്താക്കൾ നിർദ്ദേശിച്ച പ്രകാരം പരിഷ്കരിച്ചിട്ടുണ്ടെന്നും ഹാർഡ് കോപ്പിയിലും സോഫ്റ്റ് കോപ്പിയിലും തീസിസിന്റെ ഉള്ളടക്കം ഒന്നു തന്നെയാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: തൃശൂർ

തീയതി: 24.04.2026

ഡോ ഹേമമാലിനി എം

അസോസിയേറ്റ് പ്രൊഫസർ (റിട്ടയേർഡ്)

മലയാള ഗവേഷണ വിഭാഗം

വിമല കോളേജ് (സ്വയം ഭരണം)

തൃശൂർ. 680009

## സത്യപ്രസ്താവന

'ബാലകഥകളിലെ പാഠവും ആഖ്യാനവും: സുമംഗല, കെ വി രാമനാഥൻ, വി ആർ സുധീഷ് എന്നിവരുടെ രചനകളുടെ സവിശേഷ പഠനം' എന്ന ഈ പ്രബന്ധം കോഴിക്കോട് സർവകലാശാലയുടെ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിന്റെ പൂർത്തീകരണത്തിനായി ഡോ ഹേമമാലിനി എം നൽകിയ മാർഗ്ഗനിർദ്ദേശമനുസരിച്ച് ഞാൻ നടത്തിയ അന്വേഷണത്തിന്റെ രേഖയാണെന്നും ഏതെങ്കിലും സർവകലാശാലയോ അതുപോലുള്ള സ്ഥാപനമോ നൽകുന്ന മറ്റെന്തെങ്കിലും ബിരുദത്തിനോ അംഗീകാരത്തിനോ ഈ പ്രബന്ധം ആധാരമായിട്ടില്ലെന്നും ഇതിനാൽ ബോധിപ്പിക്കുന്നു.

സ്ഥലം: തൃശൂർ.
തീയതി: 24.04.2026

രമ്യ കെ
ഗവേഷക,
ഗവേഷണ മലയാളവിഭാഗം,
വിമല കോളേജ്, (സ്വയംഭരണം),
തൃശൂർ. 680009

**സാക്ഷ്യപത്രം**

കാലിക്കറ്റ് സർവകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി രമ്യ കെ സമർപ്പിച്ച 'ബാലകഥകളിലെ പാഠവും ആഖ്യാനവും: സുമംഗല, കെ വി രാമനാഥൻ, വി ആർ സുധീഷ് എന്നിവരുടെ രചനകളുടെ സവിശേഷ പഠനം' എന്ന ഗവേഷണ പ്രബന്ധം എന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് നിർവഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. ഇത് മറ്റൊരു അംഗീകാരത്തിനു വേണ്ടിയും സമർപ്പിക്കപ്പെട്ടിട്ടില്ല എന്നും സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: തൃശ്ശൂർ

തീയതി:24.04.2026

ഡോ ഹേമമാലിനി എം

അസോസിയേറ്റ് പ്രൊഫസർ (റിട്ടയേർഡ്)

മലയാള ഗവേഷണ വിഭാഗം

വിമല കോളേജ് (സ്വയം ഭരണം)

തൃശൂർ. 680009

## സത്യപ്രസ്താവന

കാലിക്കറ്റ് സർവകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി സമർപ്പിക്കുന്ന 'ബാലകഥകളിലെ പാഠവും ആഖ്യാനവും: സുമംഗല, കെ വി രാമനാഥൻ, വി ആർ സുധീഷ് എന്നിവരുടെ രചനകളുടെ സവിശേഷ പഠനം' എന്ന ഈ ഗവേഷണ പ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും പരീക്ഷയ്ക്കോ അസോസിയേറ്റ്ഷിപ്പിനോ ഫെലോഷിപ്പിനോ സമർപ്പിക്കപ്പെട്ടതല്ലെന്ന് ഇതിനാൽ സത്യപ്രസ്താവന ചെയ്യുന്നു. പ്രബന്ധത്തിൽ എ. ഐ. സൃഷ്ടിച്ച ഉള്ളടക്കം ഇല്ലെന്നും സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: തൃശൂർ

തീയതി: 24.04.2026

രമ്യ കെ

ഗവേഷക,

ഗവേഷണ മലയാളവിഭാഗം,

വിമല കോളേജ്, (സ്വയംഭരണം),

തൃശൂർ. 680009

# കൃതജ്ഞത

ഗവേഷണത്തിന്റെ ആരംഭം മുതൽ പ്രബന്ധരചനയിലുടനീളം മികച്ച നിർദ്ദേശങ്ങളും പിന്തുണയും നൽകി ഒപ്പം നിന്ന മാർഗ്ഗനിർദ്ദേശക ഡോ എം ഹേമമാലിനിയോടുള്ള കടപ്പാട് ജീവിതാവസാനംവരെ മനസ്സിന്റെ ഭാഗമായിരിക്കും.

ഗവേഷണത്തിന്റെ ഭാഗമായ പ്രവർത്തനങ്ങളിൽ നേരിട്ടും അല്ലാതെയും ധാരാളം വ്യക്തികൾ സഹായിച്ചിട്ടുണ്ട്. പ്രബന്ധ വിഷയവുമായി ബന്ധപ്പെട്ട ക്രിയാത്മകമായ കൂട്ടിച്ചേർക്കലുകൾ നിർദ്ദേശിച്ച തൃശൂർ സെന്റ് തോമസ് കോളേജ് മലയാളവിഭാഗം മേധാവി ഡോ ഷീബ സി വി യോടുള്ള (സിസ്റ്റർ ഷാരോൺ) നന്ദിയും സ്നേഹവും അറിയിക്കുന്നു. വിമല കോളേജിലെ മലയാള വിഭാഗത്തിലെയും സംസ്കൃത വിഭാഗത്തിലെയും അധ്യാപകർ നൽകിയ പിന്തുണ ഈ അവസരത്തിൽ ഞാൻ നന്ദിയോടെ സ്മരിക്കുന്നു. കേരള സാഹിത്യ അക്കാദമിയിലെ പ്രവർത്തക രശ്മിയോടുള്ള നന്ദി പ്രത്യേകം അടയാളപ്പെടുത്തുന്നു. സഹഗവേഷകരായ ഹരിത, വിൻസി, നിമിഷ, രേഷ്മ, മൈഥിലി എന്നിവർ നൽകിയ പിന്തുണ സ്നേഹംകൊണ്ടുമാത്രമേ പരിഹരിക്കാൻ സാധിക്കുകയുള്ളൂ.

ഗവേഷണപ്രവർത്തനകാലമത്രയും താങ്ങായിനിന്ന പ്രിയ ഭർത്താവ് വിശ്വനാഥ്, നിരന്തരമായ പ്രോത്സാഹനം നൽകി ഗവേഷണം പൂർത്തിയാക്കാൻ സഹായിച്ച മക്കളായ മഹാശ്വേത, ജ്ഞാനമിത്ര എന്നിവരോടുള്ള സ്നേഹം വാക്കുകൾക്കതീതമാണ്. ഗവേഷണം പൂർത്തിയാക്കാൻ പ്രേരിപ്പിച്ച അച്ഛന്റെ ആഗ്രഹം, അമ്മയുടെ പ്രാർത്ഥന, ചേച്ചിയുടെ പിന്തുണ എന്നിവ എന്നും സ്നേഹത്തോടെ ഓർക്കുന്നു.

നന്ദിയോടെ

രമ്യ കെ.

# ഉള്ളടക്കം

**പ്രബന്ധസംഗ്രഹം** x-xi

**ആമുഖം** 1-13

**അധ്യായം ഒന്ന്** 14-59

**മലയാളബാലകഥാചരിത്രവും ആഖ്യാനവും ആഖ്യാനതത്വവും**

01.01. ബാലകഥാചരിത്രം

01.02. മലയാള ബാലകഥാചരിത്രം

01.03. പാഠം. ആഖ്യാനം. ആഖ്യാനശാസ്ത്രം. ബാലാഖ്യാനം

01.04. ബാലാഖ്യാനം

01.05. ആഖ്യാനസിദ്ധാന്തങ്ങളും സൈദ്ധാന്തികരും

01.06. ബാലമനസ്സും മന:ശാസ്ത്രവും

**അധ്യായം രണ്ട്** 60-114

**സുമംഗലയുടെ രചനകളിലെ ആഖ്യാനരീതികൾ**

02.01. സാരോപദേശ വിനിമയരീതികൾ

02.02. സുമംഗലയുടെ രചനാലോകം

02.03. സ്ഥലം കാലം

02.04. ക്രിയ/പ്രവൃത്തിയുടെ വിന്യാസം

02.05. കഥാപാത്രങ്ങളും സംഭാഷണങ്ങളും

02.06. കൗമാരകഥകൾ

02.07. കഥകളിലെ പാരിസ്ഥിതിക സന്ദേശം

**നിരീക്ഷണങ്ങൾ**

**കുറിപ്പുകൾ**

**അധ്യായം മൂന്ന്** 115-153

**കെ വി രാമനാഥന്റെ ശാസ്ത്രാധിഷ്ഠിത കഥകളും നോവലുകളും**

03.01.ശാസ്ത്രവും സാഹിത്യവും

03.02. മലയാളത്തിലെ ശാസ്ത്രസാഹിത്യം

03.03. കുട്ടികളുടെ ശാസ്ത്രസാഹിത്യം

03.04. ബാലശാസ്ത്രകഥകളിലെ പ്രമേയം

03.05. കെ വി രാമനാഥന്റെ രചനാലോകം

03.06. കെ വി രാമനാഥന്റെ ശാസ്ത്രകഥകൾ

03.07. ശാസ്ത്രനോവലുകൾ

03.08. ശാസ്ത്രകഥകളും ശാസ്ത്രനോവലുകളും ആഖ്യാനഘടകങ്ങളും

03.09. ശാസ്ത്രകല്പിത നോവലുകൾ

03.10. ശാസ്ത്രകല്പിത നോവലുകളിലെ ആഖ്യാനഘടകങ്ങൾ

03.11. രചനാലക്ഷ്യങ്ങൾ

**നിരീക്ഷണങ്ങൾ**

**കുറിപ്പുകൾ**

**അധ്യായം നാല്** **154-198**

**വി ആർ സുധീഷിന്റെ ബാലരചനകളിലെ ആഖ്യാനരീതികൾ**

04.01. ബാലസാഹിത്യ രചനകളിലെ മനോവ്യാപാരം

04.02. മനോവിചാരങ്ങളുടെ ആഖ്യാനരീതി

04.03. വി ആർ സുധീഷിന്റെ ബാലരചനകൾ

04.04. 'കുറുക്കൻമാഷിന്റെ സ്കൂളിലെ' ആഖ്യാനഘടകങ്ങൾ

04.05. ഉപകഥ

04.06. സ്വപ്നാഖ്യാനങ്ങൾ

04.07. ആഖ്യാനത്തിലെ ഫാന്റസി

04.08. 'അമ്പിളിപ്പൂതം'

04.09. 'അമ്പിളിപ്പൂത'ത്തിലെ ആഖ്യാനഘടകങ്ങൾ

04.10. മിത്തിന്റെ രൂപീകരണം

04.11. രചനാനിഷ്ഠഭ്രമകല്പനയും മനോനിഷ്ഠ ഭ്രമകല്പനയും

**നിരീക്ഷണങ്ങൾ**

**കുറിപ്പുകൾ**

**കണ്ടെത്തലുകൾ** **199-206**

**തുടർപഠന സാധ്യതകൾ** **207-208**

**സഹായക ഗ്രന്ഥങ്ങൾ** **209-219**

## പ്രബന്ധസംഗ്രഹം

മലയാളസാഹിത്യത്തിലെ സവിശേഷമായ വിഭാഗമാണ് ബാലസാഹിത്യം. കുട്ടികളുടെ വ്യക്തിത്വവികാസം, ഭാവനാലോകം, മാനസികഭാവങ്ങൾ എന്നിവയ്ക്കനുസൃതമായാണ് എല്ലാ ബാല രചനകളും രൂപപ്പെടുന്നത്. ഇവയെ തിരിച്ചറിയുകയും അവ വെളിപ്പെടുത്തുകയും ചെയ്യുന്ന സാഹിത്യരൂപമെന്ന നിലയിൽ ബാലകഥാഖ്യാനത്തിനു വലിയ പ്രാധാന്യമുണ്ട്. വ്യത്യസ്ത പ്രമേയങ്ങളിലൂടെയുള്ള ബാലാഖ്യാനങ്ങളുടെ പ്രത്യേകതകളെ കണ്ടെത്താനാണ് ഈ പ്രബന്ധം ലക്ഷ്യമാക്കുന്നത്. സാരോപദേശം, ശാസ്ത്രാധിഷ്ഠിതം, മനോവ്യാപാരാധിഷ്ഠിതം എന്നീ വ്യത്യസ്തമായ പ്രമേയങ്ങളെ ആഖ്യാനരീതിശാസ്ത്രമനുസരിച്ചു പഠിക്കുന്നതിലൂടെ വ്യത്യസ്തമായ പ്രമേയങ്ങൾ എങ്ങനെയാണു കുട്ടികളുടെ സാഹിത്യമെന്ന നിലയിൽ നിലകൊള്ളുന്നതെന്നു കണ്ടെത്തുന്നു. സാരോപദേശ കഥകളുടെ ആഖ്യാനരീതികളെ വിശകലനം ചെയ്യാൻ സുമംഗലയുടെ കഥകളെയും ശാസ്ത്രകഥകളുടെ ആഖ്യാനപഠനത്തിനായി കെ വി രാമനാഥന്റെ രചനകളെയും മനോവ്യാപാരാധിഷ്ഠിത രചനകളുടെ പഠനത്തിനായി വി ആർ സുധീഷിന്റെ രചനകളെയും തെരഞ്ഞെടുക്കുന്നു. ആഖ്യാനരീതിശാസ്ത്രത്തെയും ബാലമന:ശാസ്ത്ര തത്വങ്ങളെയും അവലംബിച്ചുകൊണ്ട് ബാലകഥകളിലെയും ബാലനോവലിലെയും ആഖ്യാനസവിശേഷതകളെ പ്രബന്ധത്തിൽ കണ്ടെത്തുന്നു.

### താക്കോൽ വാക്കുകൾ.

ആഖ്യാനം, സ്ഥലികത, കാലികത, മാധ്യമത, ആഖ്യാനകം, ആഖ്യാന ശാസ്ത്രം, പാഠം, ബാലാഖ്യാനം, ബാലമനോവിജ്ഞാനീയം, നരരൂപാദാനം, സ്വപ്നാഖ്യാനം, ശാസ്ത്രകല്പിതം, മിത്ത്.

# Abstract

Children's literature is a unique category in Malayalam literature. All children's writings are formed in accordance with the personality development, imagination, and mental states of children. As a literary form that recognizes and reveals these, children's narratives have great importance. The aim of this thesis is to analyse the narrative features of the selected children's narratives as they deal with diverse themes. By considering the three main genres prevalent in children's narratives, that is, didactic, science fiction and psychological narratives, this thesis tries to articulate, with the help of narratology, how different themes stand out in children's literature. To find out the characteristics of didactic narratives in children's literature, the works of Sumangala have been selected for the study. In the category of children's science fiction, the works of K. V. Ramanathan have been selected and the works of V. R. Sudheesh for the study of psychological narratives. The thesis explores the narrative features of children's stories and novels by applying narrative methodology and child psychology.

## Key words

Narration, spatiality, temporality, media, narrative, narratology, lesson, children's narrative, child psychology, anthropomorphization, dream narrative, science fiction, myth.

# ആമുഖം

മലയാള സാഹിത്യത്തിലെ സവിശേഷമായ വിഭാഗമാണ ബാല സാഹിത്യം. കുട്ടികൾക്കു വേണ്ടി രചിക്കുന്ന സാഹിത്യമെന്ന നിലയിൽ മലയാളത്തിലെ എല്ലാ സാഹിത്യവിഭാഗങ്ങളും ബാലസാഹിത്യത്തിൽ ഉൾപ്പെടുന്നു. കുട്ടികളുടെ വ്യക്തിത്വവികാസം, ഭാവനാലോകം, മാനസിക ഭാവങ്ങൾ എന്നിവയ്ക്കനുസൃതമായാണ് എല്ലാ ബാലരചനകളും രൂപപ്പെടുന്നത്. അതുപോലെ കുട്ടികളുടെ വളർച്ചയ്ക്കനുസരിച്ച് ഇവയെല്ലാം പരിണമിക്കുകയും ചെയ്യുന്നു. ഇത്തരം മാറ്റങ്ങളെ തിരിച്ചറിയുകയും അവ വെളിപ്പെടുത്തുകയും ചെയ്യുന്ന സാഹിത്യരൂപമെന്ന നിലയിൽ ബാലകഥകൾക്കു വലിയ പ്രാധാന്യമുണ്ട്. വ്യത്യസ്ത പ്രമേയങ്ങളിലൂടെയുള്ള കഥപറച്ചിൽ കുട്ടികളുടെ വളർച്ചയുടെ വിവിധ ഘട്ടങ്ങളുമായി നേരിട്ടു ബന്ധപ്പെടുന്നു. ബാലകഥകളിലെ ആഖ്യാനത്തെ സൂക്ഷ്മമായി വിശകലനം ചെയ്യുന്നതിലൂടെ വ്യത്യസ്തമായ പ്രമേയങ്ങൾ എങ്ങനെയാണ കുട്ടികളുടെ സാഹിത്യമെന്ന നിലയിൽ സവിശേഷമായി നിലകൊള്ളുന്നതെന്നു മനസ്സിലാക്കാം.

മലയാളത്തിലെ ബാലകഥകളുടെ പാഠവും ആഖ്യാനവും അടിസ്ഥാന മാനദണ്ഡമാക്കുന്ന ഈ പ്രബന്ധത്തിൽ കഥകളെയും നോവലുകളെയും ഉൾപ്പെടുത്തുന്നു. ബാലകഥകളുടെയും ബാലനോവലുകളുടെയും ലക്ഷ്യവും പ്രമേയസ്വീകരണവും സമാനഭാവം പുലർത്തുന്നവയാണ്. അതിനാൽ ബാലകഥാഖ്യാനത്തിൽ വരുത്തുന്ന സവിശേഷതകളെ അന്വേഷിക്കുന്ന ഈ പഠനത്തിൽ ബാലകഥകളെയും ബാലനോവലുകളെയും പ്രഥമോപാദാനമായി സ്വീകരിക്കുന്നു. പ്രബന്ധത്തിൽ കഥയെന്ന സംജ്ഞ കഥയെന്ന സാഹിത്യ രൂപത്തെയും കഥകളും നോവലുകളും ഉൾക്കൊള്ളുന്ന കഥാസ്വരൂപത്തെയും ഉദ്ദേശിക്കുന്നുണ്ട്.

സാഹിത്യാസ്വാദനത്തിനപ്പുറം കൃത്യമായ ലക്ഷ്യങ്ങളോടെ രചിക്കുന്നവയാണ ബാലകൃതികൾ. അതിലെ പ്രമേയങ്ങൾ അത്തരം ലക്ഷ്യങ്ങളിലേക്കുള്ള മാർഗ്ഗമാണ്. അതുകൊണ്ടാണ കുട്ടികളിലെ വളർച്ചയുടെ ഭാഗമായുള്ള വ്യക്തിത്വ രൂപീകരണം, ബുദ്ധിവികാസം, മനോവികാരങ്ങൾ എന്നിവ ഇവയുടെ പ്രധാന പ്രമേയമാകുന്നത്. സാഹിത്യത്തിലൂടെ

പകരുന്ന സാരോപദേശചിന്തകൾ കുട്ടികളുടെ ചിട്ടയായ വ്യക്തിത്വ രൂപീകരണത്തിനു മാർഗ്ഗനിർദ്ദേശങ്ങൾ നൽകാൻ പര്യാപ്തമാണ്. ഓരോ പ്രായത്തിലെ കുട്ടികൾക്കുമുള്ള ബുദ്ധിവികാസത്തെ ത്വരിതപ്പെടുത്താനും ചിന്താശേഷി വർദ്ധിപ്പിക്കാനും കഥകൾക്കു സാധിക്കും. ഇതു പ്രധാനമായും സാധ്യമാകുന്നതു ശാസ്ത്രാധിഷ്ഠിത രചനകളിലൂടെയാണ്. എല്ലാ ബാലകഥകളിലും കുട്ടികളുടെ മനോവ്യാപാരത്തിന്റെ സ്ഫുരണങ്ങൾ കാണാൻ സാധിക്കും. കുട്ടികളുടെ മനസ്സിന്റെ സഞ്ചാരത്തെ അടിസ്ഥാനമാക്കിയുള്ള ഇത്തരം പ്രമേയങ്ങൾ ബാലമനഃശാസ്ത്രവുമായി നേരിട്ടു ബന്ധപ്പെടുന്നതായിരിക്കും. ഈ രീതിയിൽ സാരോപദേശപ്രദമായതും ശാസ്ത്രചിന്തയുണർത്തുന്നതും മനോവ്യാപാരാധിഷ്ഠിതമായ പ്രമേയങ്ങൾ ബാലസാഹിത്യത്തിന്റെ അടിസ്ഥാന സവിശേഷതകളാണെന്നു നിരീക്ഷിക്കാം. അതിനാൽ ആഖ്യാനരീതികളെ അന്വേഷിക്കുന്ന ഈ പ്രബന്ധം പ്രധാനമായും ഈ മൂന്നു പ്രമേയങ്ങളിലൂടെയാണു പാഠത്തെ അപഗ്രഥിക്കുന്നത്. ഓരോ പ്രമേയത്തിന്റെയും ആഖ്യാനത്തിൽ എഴുത്തുകാരൻ വരുത്തുന്ന രചനാ തന്ത്രങ്ങൾ എന്തൊക്കെയാണെന്നു കണ്ടെത്തുകയാണു പ്രബന്ധ ലക്ഷ്യം. ഇത്തരത്തിൽ സാരോപദേശകഥകളുടെ ആഖ്യാനരീതിയെക്കുറിച്ച് അറിയാൻ സുമംഗലയുടെ രചനകളും ശാസ്ത്രാധിഷ്ഠിത കഥകളുടെ ആഖ്യാനപഠനത്തിനായി കെ വി രാമനാഥന്റെ രചനകളും മനോവ്യാപാരാധിഷ്ഠിത രചനകളുടെ ആഖ്യാന പഠനത്തിനായി വി ആർ സുധീഷിന്റെ രചനകളും ആധാരമാക്കുന്നു.

## പഠനത്തിന്റെ പ്രസക്തിയും പ്രാധാന്യവും

കൃത്യമായ ലക്ഷ്യങ്ങളെ അനുശാസിച്ചു സാഹിത്യസൃഷ്ടി നടത്തണമെന്ന നിർദ്ദേശം നൽകുന്ന ഒരു സാഹിത്യവിഭാഗമാണ് ബാലസാഹിത്യം. എന്നാൽ സാഹിത്യവുമായി ബന്ധപ്പെട്ടു നടക്കുന്ന പഠനങ്ങൾ, സാഹിത്യചരിത്രഗ്രന്ഥങ്ങൾ, നിരൂപണങ്ങൾ എന്നിവയിൽ ബാലസാഹിത്യത്തിനു വലുതായ പ്രാധാന്യം നൽകുന്നില്ല. ബാലസാഹിത്യവുമായി ബന്ധപ്പെട്ടു മലയാളത്തിൽ നടന്ന ഗവേഷണപ്രബന്ധങ്ങൾ, നിരൂപണ സാഹിത്യത്തിൽ ബാലകൃതികളെ അടിസ്ഥാനമാക്കിയുള്ള പഠനങ്ങളുടെ പ്രാതിനിധ്യക്കുറവ്, സാഹിത്യചരിത്ര രചനകളിൽ ബാലസാഹിത്യത്തെ പരിഗണിക്കുന്ന രീതി എന്നിവ പരിശോധിച്ചാൽ ഇതു വ്യക്തമാകും. ബാലസാഹിത്യം എന്ന മേഖല

സാഹിത്യത്തിന്റെ എല്ലാ സർഗ്ഗാത്മക വിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന ഒരു സാഹിത്യമേഖലയാണ്. കഥ, നോവൽ, കവിത, നാടകം, സഞ്ചാരസാഹിത്യം, വിജ്ഞാനസാഹിത്യം, ജീവചരിത്രം, ഹാസ്യ സാഹിത്യം എന്നുതുടങ്ങി മലയാളത്തിലെ എല്ലാ സാഹിത്യവിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന മറ്റൊരു സമാന്തര സാഹിത്യചരിത്രമാണു ബാലസാഹിത്യത്തിനുള്ളത്. എന്നാൽ ഇത്രയും കൃതികൾ ഉൾക്കൊള്ളുന്ന ബാലസാഹിത്യരചനകളുടെ സവിശേഷതകളും പഠനങ്ങളും വിലയിരുത്തലുകളും നിരൂപണങ്ങളും മുന്നോട്ടു വയ്ക്കുന്ന രചനകൾ വിരലിലെണ്ണാവുന്നവ മാത്രമാണ്. ബാലസാഹിത്യരചന വളരെ ഗൗരവത്തോടെ കാണേണ്ടതാണെന്ന് എഴുത്തുകാരിൽ ഭൂരിപക്ഷവും അംഗീകരിക്കുമ്പോഴും എഴുതിയ രചനകളെ അടിസ്ഥാനമാക്കിയുള്ള പഠനങ്ങളുടെ പരിമിതി നിലനിൽക്കുന്നു. ബാലരചനകൾക്ക് ഉപയുക്തമായ നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുന്നവയേക്കാൾ ബാലരചനകളെ അടിസ്ഥാനമാക്കിയുള്ള ഗൗരവമായ പഠനങ്ങളാണ് ഈ മേഖലയുടെ പുരോഗമനപരമായ വളർച്ചയ്ക്ക് ആവശ്യം. കാരണം ഓരോ കാലഘട്ടത്തിലും ഉണ്ടായ സാഹിത്യ രൂപങ്ങളുടെ വളർച്ചയിൽ അതതു കാലത്തെ ഗ്രന്ഥനിരൂപണങ്ങൾ വലിയ പങ്കു വഹിച്ചിട്ടുണ്ട്. നിരൂപണ ശാഖയിലെ, ഓരോ രചനയേയും അടിസ്ഥാനമാക്കിയുള്ള പഠനങ്ങൾ, സാഹിത്യാസ്വാദനത്തെയും പ്രസ്തുത കൃതിയുടെ സൂക്ഷ്മാംശങ്ങളെയും വ്യക്തമാക്കുന്നവയായിരുന്നു. എന്നാൽ ബാലസാഹിത്യത്തെ മുൻനിർത്തിയുള്ള പഠനങ്ങളിൽ ഒറ്റകൃതികളെ സൂക്ഷ്മമായി പഠനവിധേയമാക്കുന്നവ പരിമിതമാണ്. ബാലസാഹിത്യരചനകളെ മുൻനിർത്തിയുള്ള ഇത്തരം പഠനങ്ങൾ ബാല സാഹിത്യത്തിലെ പ്രധാന രചനകളെ കണ്ടെത്തുവാനും പല കാലഘട്ടത്തിൽ രചിച്ച കൃതികളെയും പുതു പ്രവണതകളെയും വായനക്കാരിൽ എത്തിക്കാനും സാധിക്കും. പുസ്തകത്തിന് കുട്ടികളിൽ നേരിട്ട് സ്വാധീനം ചെലുത്താൻ സാധിക്കുന്നതിനാൽ ബാലസാഹിത്യം സമൂഹവുമായുള്ള സംവേദകമായാണു വർത്തിക്കുന്നത്. അതുകൊണ്ടുതന്നെ ബാലസാഹിത്യം പുരോഗമനപരമായ ഒരു സമൂഹത്തെ സൃഷ്ടിക്കുന്നതിലും ഭാഗഭാക്കാകുന്നു.

ബാലസാഹിത്യപഠനങ്ങളുടെ ചരിത്രപശ്ചാത്തലം പരിശോധിച്ചാൽ രണ്ടു രീതികളിലുള്ള പഠനങ്ങളാണ് പ്രധാനമായും ഉള്ളത്. ബാലസാഹിത്യം എന്ത് എന്നും ബാലസാഹിത്യരചനയിൽ ശ്രദ്ധിക്കേണ്ട വസ്തുതകൾ

എന്തെല്ലാമാണെന്നും പണ്ഡിതന്മാർ നടത്തിയ അഭിപ്രായങ്ങളും കണ്ടെത്തലുകളുമാണ് ആദ്യ വിഭാഗത്തിൽ ഉൾപ്പെടുന്നത്. രണ്ടാമത്തെ വിഭാഗത്തിൽ ആദ്യകാലം മുതലുള്ള ബാലസാഹിത്യകൃതികളെ പരിചയപ്പെടുത്തുന്നവയും പ്രസിദ്ധമായ ബാലകൃതികളെക്കുറിച്ചുള്ള സാമാന്യ ധാരണയുണ്ടാക്കുന്നവയുമായ കൃതികളാണുള്ളത്. എന്നാൽ ഈ രണ്ടു വിധത്തിൽ നടന്ന പഠനങ്ങളിലൊന്നും കൃതികളുടെ രചനാസവിശേഷതകളെ ക്കുറിച്ചോ കുട്ടികളിൽ സ്വാധീനം ചെലുത്താൻ എഴുത്തുകാർ ഉപയോഗിച്ച രചനാതന്ത്രങ്ങളെക്കുറിച്ചോ ഗൗരവമായി ചിന്തിക്കുന്നില്ല. ഈ പശ്ചാത്തലത്തിൽ പ്രധാനപ്പെട്ട മൂന്ന് എഴുത്തുകാരെ മുൻനിർത്തിയുള്ള ഈ പ്രബന്ധത്തിലെ ആഖ്യാനപഠനം ഏറെ പ്രാധാന്യമുള്ളതാണ്. ബാല കഥകളുടെയും ബാലനോവലുകളുടെയും ആഖ്യാനസവിശേഷതകളെ പഠന വിധേയമാക്കുമ്പോൾ അവ ബാലകഥാസാഹിത്യത്തിലെ വരുംകാല പഠനങ്ങൾക്കും രചനകൾക്കും നവ ഊർജ്ജമാകുമെന്നതിൽ തർക്കമില്ല. ഇത്തരത്തിൽ ബാലകഥാസാഹിത്യം ഗൗരവമായ പഠന മേഖലയാകണ മെന്നതു തന്നെയാണ് ഈ പഠനത്തിന്റെ വിദൂരമായ ലക്ഷ്യം.

## പഠനലക്ഷ്യം

പ്രബന്ധം പ്രധാനമായും രണ്ടു ഉദ്ദേശ്യങ്ങളെയാണ് മുന്നോട്ടു വയ്ക്കുന്നത്. ഒന്ന് ബാലകഥാസാഹിത്യത്തിലെ പ്രധാനപ്പെട്ട എഴുത്ത് രീതികളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ആഖ്യാനപഠനം. രണ്ട് പ്രധാനപ്പെട്ട എഴുത്തുകാരുടെ എഴുത്തുരീതികളിലൂടെ രചനകളുടെ അപഗ്രഥനം. ഇത്തരം വിശകലനത്തിനായി പ്രമേയാധിഷ്ഠിതമായ തെരഞ്ഞെടുപ്പ് രീതിയാണ് അവലംബിച്ചിരിക്കുന്നത്. സാരോപദേശപ്രദമായ കഥകൾ, ശാസ്ത്രബോധം പകരുന്ന കഥകൾ, കുട്ടികളുടെ മനോവ്യാപാരത്തിന് അനുസൃതമായി ചിട്ടപ്പെടുത്തിയ കഥകൾ എന്നീ മൂന്നു പ്രമേയങ്ങളെ ഇത്തരത്തിൽ പ്രബന്ധ രചനയ്ക്കായി തെരഞ്ഞെടുത്തിരിക്കുന്നു. പ്രബന്ധം മുന്നോട്ടുവയ്ക്കുന്ന പരികല്പന അന്വേഷണവിധേയമാക്കുന്ന പ്രമേയങ്ങളുമായി ബന്ധപ്പെടുന്നു. സാരോപദേശം, ശാസ്ത്രാധിഷ്ഠിതം, മനോവ്യാപാരം എന്നീ പ്രമേയങ്ങളെ ബാലകഥകളിലും ബാലനോവലിലും അവതരിപ്പിക്കുമ്പോൾ എഴുത്തുകാർ അവലംബിക്കുന്ന ആഖ്യാനതന്ത്രങ്ങൾ കൃത്യമായ ലക്ഷ്യത്തോടെ രൂപപ്പെടുത്തുന്നതാണ്

എന്നതാണ് പ്രബന്ധത്തിന്റെ പ്രധാനപ്പെട്ട പരികല്പന. അതുകൊണ്ടുതന്നെ ബാലസാഹിത്യത്തെ മുൻനിർത്തി നടത്തുന്ന ഈ പഠനം സാഹിത്യത്തിനു നേരിട്ടും സമൂഹത്തിനു പരോക്ഷമായും ആരോഗ്യപരമായ ചിന്തയ്ക്കു വഴിതെളിക്കുമെന്നതും പ്രബന്ധത്തിന്റെ പരികല്പനയുടെ ഭാഗമാകുന്നു. കുട്ടികളുടെ സാഹിത്യം പുലർത്തുന്ന ആഖ്യാനതന്ത്രം കുട്ടികളുമായി നേരിട്ടു ബന്ധപ്പെടുന്നതെങ്ങനെയെന്നു പ്രബന്ധത്തിലുടനീളം അന്വേഷണ വിഷയമാകുന്നുണ്ട്. കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയോടു ബന്ധപ്പെടുന്നവയാണ് ബാലകൃതികൾ. അതിനാൽ ബാലാഖ്യാനസംവിധാനം സാഹിത്യത്തോടു മാത്രമല്ല വായനക്കാരോടും എഴുത്തുകാരോടും നീതി പുലർത്തുന്നു. ഇതു പ്രബന്ധത്തിൽ തെരഞ്ഞെടുത്ത കൃതികളിൽ എങ്ങനെയെല്ലാം സാധ്യമാക്കിയിരിക്കുന്നു എന്ന നിരീക്ഷണം കൂടി ഈ പഠനത്തിന്റെ പരിധിയിൽ വരുന്നുണ്ട്.

## പൂർവ്വ പഠനങ്ങൾ

"മലയാള ബാലസാഹിത്യം കുട്ടികളുടെ മനഃശാസ്ത്രത്തെ അടിസ്ഥാനമാക്കിയുള്ള പഠനം" (2002)എന്ന വിഷയത്തിൽ പ്രഭാകരൻ രയരോത്ത് കുന്നുമ്മൽ നടത്തിയ ഗവേഷണ പ്രബന്ധമാണ് ബാല സാഹിത്യത്തെ ആസ്പദമാക്കി നടത്തിയ ഗവേഷണ പ്രബന്ധങ്ങളിൽ പ്രധാനപ്പെട്ടത്. പ്രബന്ധത്തിന്റെ ഒന്നാം അധ്യായം കുട്ടികളുടെ മനസ്സിനെയും അവരുടെ സാമൂഹികവും ചരിത്രപരവുമായ അവസ്ഥകളെ ക്കുറിച്ചുമുള്ള പഠനമാണ്. രണ്ടാം അധ്യായം കുട്ടികളുടെ ഭാഷ, വായന, സാഹിത്യാസ്വാദനം, ഭാഷാ ഗ്രഹണം, വായനാശേഷി എന്നിവയെക്കുറിച്ചുള്ള പഠനമാണ്. തുടർന്നുള്ള അധ്യായങ്ങളിൽ മലയാള ബാലസാഹിത്യചരിത്രം, മനഃശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ബാലസാഹിത്യവിശകലനം എന്നിവ ഉൾപ്പെടുത്തി യിരിക്കുന്നു.

"നാടൻകുട്ടിപ്പാട്ടുകളും അവയുടെ ലോകവീക്ഷണവും" (2009)എന്ന വിഷയത്തിൽ ദേവി കെ കെ നടത്തിയ ഗവേഷണത്തിൽ നാടൻ കുട്ടിപ്പാട്ടുകളിലെ ലോകവീഷണം, ഫോക്‌ലോർ, വാമൊഴിവഴക്കങ്ങൾ എന്നിവയുടെ വിശകലനമാണു നടത്തുന്നത്. കുട്ടികളുടെ വളർച്ച,

പ്രത്യേകതകൾ, സ്വഭാവസവിശേഷതകൾ തുടങ്ങിയവയും ഈ പ്രബന്ധത്തിൽ അന്വേഷണവിഷയമാക്കിയിട്ടുണ്ട്.

“മലയാള ബാലകവിത - ഒരു വിമർശനാത്മക പഠനം” (2013)എന്ന വിഷയത്തിൽ പി കെ ബാലചന്ദ്രൻ കുഞ്ഞി നടത്തിയ ഗവേഷണ പ്രബന്ധത്തിൽ മലയാള ബാലസാഹിത്യത്തിന്റെ വികാസപരിണാമങ്ങൾ, മലയാള ബാലകവിതയുടെ ഉത്ഭവം, ആദ്യകാലം മുതൽ ജി ശങ്കരക്കുറുപ്പ് വരെയുള്ള ബാലകവിതകളുടെ വളർച്ച എന്നിവയെക്കുറിച്ച് വിശദമായി പഠനം നടത്തുന്നു.

"കവിതയും നാട്ടുവഴക്കവും: കുഞ്ഞുണ്ണി കൃതികളിലെ നാടോടി സൗന്ദര്യത്തെ ആധാരമാക്കിയുള്ള പഠനം" (2019)എന്ന വിഷയത്തിൽ വിനോദ് കെ എസ് നടത്തിയ ഗവേഷണത്തിൽ കുഞ്ഞുണ്ണിയെഴുതിയ കുട്ടിക്കഥകളും കുട്ടിക്കവിതകളും ബാലപ്രബന്ധങ്ങളും പഠനവിഷയമാകുന്നു. ഈ രചനകൾ സാംസ്കാരികമായും സാമൂഹികമായും വിദ്യാഭ്യാസപരമായും വഹിക്കുന്ന പ്രാധാന്യത്തെക്കുറിച്ചും ഗവേഷണത്തിൽ വിശകലനം ചെയ്യുന്നു.

"കുട്ടികളുടെ സിനിമ ചലച്ചിത്ര ഭാഷയും സാംസ്കാരിക വിനിമയവും തെരഞ്ഞെടുത്ത മലയാള സിനിമകളെ ആസ്പദമാക്കിയുള്ള പഠനം" (2022)എന്ന വിഷയത്തിൽ സ്വാതി എസ് നടത്തിയ ഗവേഷണത്തിൽ കുട്ടികളുടെ മാനസിക വൈയക്തിക വികാസങ്ങൾ, ദൃശ്യബോധം, സാമൂഹിക സാംസ്കാരിക ഘടകങ്ങൾ എന്നിവയെക്കുറിച്ചുള്ള പഠനങ്ങൾക്കാണ് മുൻതൂക്കം നൽകിയിരിക്കുന്നത്.

ബാലസാഹിത്യം വിശാലമായ ഒരു പഠനമേഖലയാണെന്ന് മനസ്സിലാക്കുമ്പോഴും ബാലകൃതികളെ അടിസ്ഥാനമാക്കിയുള്ള ഗവേഷണ പ്രബന്ധങ്ങളുടെ എണ്ണം താരതമ്യേന കുറവാണ്. നടന്നിട്ടുള്ള പ്രധാന പ്രബന്ധങ്ങളുടെ ഉള്ളടക്കത്തെ പരിശോധിച്ചതിൽ ബാലകഥാഖ്യാനത്തെ അടിസ്ഥാനമാക്കിയുള്ള പഠനങ്ങൾ ഉണ്ടായിട്ടില്ല. കുട്ടികളുടെ മനഃശാസ്ത്രവുമായി ബന്ധപ്പെട്ട ഗവേഷണങ്ങളിൽ സാഹിത്യകൃതികൾ എത്തരത്തിൽ കുട്ടികളുടെ മനോവിചാരവുമായി സംവദിക്കുന്നുവെന്ന് അന്വേഷിച്ചുകാണുന്നില്ല. ഇത്തരത്തിൽ ബാലകഥയുടെയും ബാലനോവലിന്റെയും ആഖ്യാന

സവിശേഷത കണ്ടെത്തുന്ന ഈ ഗവേഷണപ്രബന്ധം ബാലസാഹിത്യത്തെ അടിസ്ഥാനമാക്കി ഇന്നുവരെയുണ്ടായിട്ടുള്ള പഠനങ്ങളിൽനിന്നും വ്യത്യസ്തവും പ്രാധാന്യവുമുള്ളതാകുന്നു. ബാലസാഹിത്യവുമായി ബന്ധപ്പെട്ട എല്ലാ ഗവേഷണ പ്രബന്ധങ്ങളും ബാലസാഹിത്യചരിത്രം പരാമർശിക്കുകയോ ഗവേഷണ ഭാഗമാക്കുകയോ ചെയ്തിട്ടുണ്ട്. എന്നാൽ ഓരോ ഗവേഷണത്തിന്റെ സ്വഭാവമനുസരിച്ച് സാഹിത്യചരിത്രം രേഖപ്പെടുത്തുന്നതിൽ വ്യത്യസ്തതയും പുലർത്തുന്നു. ബാലസാഹിത്യത്തിലെ വിവിധങ്ങളായ ഘട്ടങ്ങളെ പരാമർശിക്കുന്ന പഠനങ്ങളിൽ ബാലകഥകളെ കാലഘട്ടമായി വേർതിരിക്കുകയോ പഠനം നടത്തുകയോ ചെയ്യുന്നതായി കാണാൻ കഴിയുന്നില്ല. അതുകൊണ്ട് ബാലകഥകളുടെ ആഖ്യാനത്തെ അടിസ്ഥാനമാക്കി നടത്തുന്ന ഈ പഠനത്തിൽ ബാലകഥകൾക്കു സംഭവിച്ച മാറ്റങ്ങളെ അടയാളപ്പെടുത്തുന്നതിനായി ബാലകഥകളുടെ ചരിത്രത്തെ പഠനത്തിനായി ക്രോഡീകരിക്കുന്നു.

ബാലസാഹിത്യത്തെക്കുറിച്ചുണ്ടായിട്ടുള്ള ലേഖനങ്ങളും ഗ്രന്ഥങ്ങളും പരിശോധിച്ചാൽ അവയിലേറെയും ബാലസാഹിത്യചരിത്രം, എഴുത്തുകാർക്കുള്ള നിർദ്ദേശം എന്നിവ പ്രതിപാദിക്കുന്നവയാണ്. 1995-ൽ കുര്യാസ് കുമ്പളക്കുഴി എഡിറ്റുചെയ്ത 'ബാലസാഹിത്യം തത്വവും ചരിത്രവും' എന്നഗ്രന്ഥം ബാലസാഹിത്യവുമായി ബന്ധപ്പെട്ട നിരവധി ലേഖനങ്ങളുടെ സമാഹാരമാണ്. ഇതിൽ വി ആർ പ്രബോധചന്ദ്രൻ എഴുതിയ "ബാല സാഹിത്യകൃതികളുടെ ഭാഷ" എന്നലേഖനം ബാലസാഹിത്യ രചയിതാക്കൾക്കുള്ള നിർദ്ദേശങ്ങളാണ്. കുട്ടികളുപയോഗിക്കുന്നതും അവരുടെ പരിധിയിലുൾപ്പെടുന്നതുമായ പദകോശവും ഭാഷയും വേണം ബാലാഖ്യാനങ്ങൾക്കായി തെരഞ്ഞെടുക്കേണ്ടതെന്നു ലേഖകൻ പറയുന്നു. ബാലസാഹിത്യത്തിലെ വിവിധ മേഖലകളെ പരിചയപ്പെടുത്തുന്നതിലാണ് ഈ കൃതിയിലെ ലേഖനങ്ങൾ ഊന്നൽ നൽകിയിരിക്കുന്നത്. കെ കെ വാസു രചിച്ച "ബാലസാഹിത്യരചനയിലെ തരംതിരിവുകൾ" (1995)എന്ന ലേഖനത്തിൽ കുട്ടികളുടെ വളർച്ചയെ നാലു ഘട്ടങ്ങളായി വിഭജിക്കുകയും ഓരോ ഘട്ടത്തിലും കുട്ടികൾക്കനുയോജ്യമായ രചനകളുടെ സവിശേഷതകൾ എന്തൊക്കെ യാണെന്നു വ്യക്തമാക്കുകയും ചെയ്യുന്നു. ഏബ്രഹാം ജോസഫ് എഡിറ്റുചെയ്ത

'എന്താണ് കുട്ടികളുടെ സാഹിത്യം' (1988) കുര്യാസ് കുമ്പളക്കുഴി എഡിറ്റുചെയ്ത 'ബാലസാഹിതി' (1996), എന്നീ ലേഖന സമാഹാരങ്ങളിൽ ബാല സാഹിത്യത്തെ അടിസ്ഥാനമാക്കി നിരവധി വിഷയങ്ങൾ ചർച്ചചെയ്യുന്നു.

കെ വി രാമനാഥൻ രചിച്ച 'ബാലസാഹിത്യത്തിന്റെ ഉത്ഭവവും വളർച്ചയും മലയാളത്തിൽ' (1997)എന്ന കൃതിയിൽ ബാലസാഹിത്യത്തിന്റെ തുടക്കത്തെയും വളർച്ചയെയും കുറിച്ച് പ്രതിപാദിക്കുന്നുണ്ടെങ്കിലും അതു പരിപൂർണ്ണമായ ഒരു വിലയിരുത്തലാകുന്നില്ല.

'ബാലസാഹിത്യത്തിന്റെ ഉദയ വികാസങ്ങൾ' (2010)എന്ന ഗോപി പുതുക്കോട് രചിച്ച കൃതിയിൽ കുട്ടികളുടെ മനഃശാസ്ത്രത്തെക്കുറിച്ച് സാമാന്യ ബോധം നൽകുന്നു. കൂടാതെ ബാലസാഹിത്യത്തിലെ വികാസങ്ങളെ ക്കുറിച്ചും ഭാഷയെക്കുറിച്ചും വ്യക്തമാക്കുന്നു. കെ എം മാത്യൂ രചിച്ച 'ബാലസാഹിത്യരചന', 'ബാല വിജ്ഞാന സാഹിത്യരചന', പ്രഭാകരൻ പഴശ്ശി രചിച്ച 'ബാലസാഹിത്യം മലയാളത്തിൽ' (2013) എന്നിവ മലയാളത്തിലുണ്ടായ ബാലസാഹിത്യ രചനകളെക്കുറിച്ചുള്ള ചരിത്രം, ഭാഷ, പ്രമേയം എന്നിവയെ വിശദമാക്കുന്ന കൃതികളാണ്.

മലയാള സാഹിത്യചരിത്രങ്ങളെ പരിശോധിക്കുമ്പോൾ കെ എം ജോർജ്ജ് എഡിറ്റ് ചെയ്ത 'ആധുനിക മലയാള സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ' (1998)യാണ് ബാലസാഹിത്യത്തിന് സാമാന്യ പരിഗണന നൽകിയത്. ഇതിൽ വി കെ നാരായണൻ രചിച്ച 'ബാലസാഹിത്യം' എന്നലേഖനത്തിൽ ബാലസാഹിത്യത്തിന്റെ ചരിത്രപരിണാമത്തെ സാമാന്യമായി അവലോകനം ചെയ്തിരിക്കുന്നു. എന്നാൽ മലയാളത്തിലുണ്ടായ എല്ലാ ബാലസാഹിത്യ കൃതികളെയും ഉൾപ്പെടുത്താൻ ഈ സാഹിത്യചരിത്രത്തിനും സാധിച്ചിട്ടില്ല. പന്മന രാമചന്ദ്രൻനായർ എഡിറ്റ് ചെയ്ത 'സമ്പൂർണ്ണമലയാളസാഹിത്യചരിത്രം' (2008)എന്ന ഗ്രന്ഥത്തിന്റെ അഞ്ചാം ഭാഗത്തിൽ 'ബാലസാഹിത്യം'മെന്ന ഒരു ലേഖനം ഡോ എഴുമറ്റൂർ രാജരാജവർമ്മ രചിച്ചിട്ടുണ്ട്. ബാലസാഹിത്യത്തെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട സാഹിത്യചരിത്രം ഡോ കെ ശ്രീകുമാർ രചിച്ച 'മലയാള ബാലസാഹിത്യചരിത്ര' (2021)മാണ്. രണ്ടു വാല്യങ്ങളിലായി രചിച്ച ഈ

സഹിത്യചരിത്രം ബാലസാഹിത്യത്തിലെ എല്ലാ മേഖലകളെയും പ്രാധാന്യത്തോടെ വീക്ഷിക്കുന്നുണ്ട്. ബാലസാഹിത്യത്തിലുണ്ടായ രചനകളുടെ ഒറ്റയൊറ്റയായ പഠനങ്ങളും ഉണ്ടായിട്ടുണ്ട്. ഡോ നെത്തല്ലൂർ ഹരികൃഷ്ണൻ എഡിറ്റു ചെയ്ത 'ബാലസാഹിത്യം അറിവും സിദ്ധാന്തവും' (2023), തസ്മിൻ എഡിറ്റ് ചെയ്ത 'ബാലസാഹിത്യ പഠനങ്ങൾ' (2025)എന്നിവ ഈ വിഭാഗത്തിലുൾപ്പെടുന്ന കൃതികളാണ്.

## രീതിശാസ്ത്രം

ബാലകഥകളിലെ ആഖ്യാനസവിശേഷതകളെ മുൻനിർത്തി നടത്തുന്ന ഈ പ്രബന്ധത്തിൽ ആഖ്യാനശാസ്ത്രത്തിന്റെ സിദ്ധാന്തങ്ങളാണു പ്രാഥമികമായി ഉപയോഗിച്ചിരിക്കുന്നത്. ബാലസാഹിത്യം കുട്ടികളുടെ മാനസിക വളർച്ചയെ അടിസ്ഥാനമാക്കി നിലകൊള്ളുന്നതിനാൽ ഓരോ കഥകളുടെയും സൂക്ഷ്മ വിശകലനത്തിൽ മനഃശാസ്ത്ര ചിന്തകളുടെ അടിസ്ഥാന തത്വങ്ങളെ ഉൾക്കൊള്ളിക്കുന്നു. ബാലരചനയുടെ അടിസ്ഥാന ലക്ഷ്യങ്ങളിൽ കുട്ടികളുടെ ശാരീരിക മാനസിക വളർച്ച ഒരു ഘടകമാകുന്നതുകൊണ്ടു ബാലാഖ്യാനത്തെ പഠനവിധേയമാക്കുമ്പോൾ ഇവയെ ഒഴിച്ചു നിർത്താൻ സാധിക്കില്ല. സിഗ്മണ്ട് ഫ്രോയിഡിന്റെ മനഃശാസ്ത്ര സിദ്ധാന്തങ്ങൾ കുട്ടിയുടെ വളർച്ചയുമായി ബന്ധപ്പെടുന്നതുകൊണ്ട് ആഖ്യാനസിദ്ധാന്തത്തിന്റെ രീതി ശാസ്ത്രത്തോടൊപ്പം മനഃശാസ്ത്രതത്വങ്ങളും പ്രബന്ധത്തിൽ പഠനോപാധി യാകുന്നു.

## പഠനമേഖല

ബാലകഥകളിലെ പാഠമാണ് ഈ പ്രബന്ധത്തിന്റെ പഠനമേഖല. ആഖ്യാനസവിശേഷത കണ്ടെത്തുക എന്ന ലക്ഷ്യത്തെ മുൻനിർത്തി നടത്തുന്ന അന്വേഷണത്തിനു മൂന്ന് പ്രധാന എഴുത്തുകാരുടെ രചനകളെയാണു തെരഞ്ഞെടുത്തിട്ടുള്ളത്. സാരോപദേശം നിറഞ്ഞ കഥകളുടെ ആഖ്യാന സവിശേഷത കണ്ടെത്താൻ സുമംഗലയുടെ രചനകളെയും ശാസ്ത്രബോധം പകരുന്ന കഥകളുടെ എഴുത്തുരീതിയുടെ വിശകലനത്തിനായി കെ വി രാമനാഥൻ എഴുതിയ രചനകളെയും മനോവ്യാപാരം അനുസരിച്ചുള്ള ആഖ്യാന

രീതിയുടെ വിശകലനം സാധ്യമാക്കുന്നതിനായി വി ആർ സുധീഷിന്റെ രചനകളെയും അവലംബമാക്കുന്നു.

## അധ്യായ വിഭജനം

നാല് പ്രധാന അധ്യായങ്ങളും ഉപദർശനവും അടങ്ങുന്നതാണ് പ്രബന്ധം. "മലയാളബാലകഥാചരിത്രവും ആഖ്യാനവും ആഖ്യാനതത്വവും" എന്നതാണ് ഒന്നാം അധ്യായത്തിന്റെ പേര്. ഈ അധ്യായത്തെ രണ്ടു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ആദ്യഭാഗം ബാലകഥാചരിത്രം വിശദമാക്കുന്നു. രണ്ടാം ഭാഗം പാഠം, ആഖ്യാനം, ബാലാഖ്യാനം എന്നിവയെക്കുറിച്ചുള്ള വിശദീകരണ ങ്ങളാണ്. ആദ്യഭാഗത്ത് ബാലകഥകളുടെ ചരിത്രത്തെപറ്റി അന്വേഷിച്ച് കണ്ടെത്തിയ വസ്തുതകളുടെ വിശദീകരണമാണ്. വൈദേശികവും ദേശീയവുമായ ബാലകഥകളുടെ ചരിത്രം അധ്യായത്തിന്റെ ആരംഭത്തിൽ വിശദീകരിക്കുന്നു. മലയാളത്തിലെ ബാലകഥകളുടെ തുടക്കവും വ്യാപനവും പുരോഗതിയും പരിണാമവും നടന്നതെങ്ങനെയെന്ന അന്വേഷണവും അതിന്റെ വിശദീകരണവും ഈ അധ്യായത്തിന്റെ ഒന്നാം ഭാഗത്തിലെ വിഷയമാണ്. ആദ്യകാലം മുതൽ സമകാലം വരെ കുട്ടികളെ ഏറെ ആകർഷിച്ച രചനകളെ സാമാന്യമായി പരിചയപ്പെടുത്താൻ ഇവിടെ ശ്രമിക്കുന്നു. മലയാളത്തിലെ ബാലകഥകളെ സ്വഭാവമനുസരിച്ച് മൂന്നു കാലഘട്ടങ്ങളിലായി തരംതിരിച്ചു കൊണ്ടാണു വിവരണം സാധ്യമാക്കിയത്. 1950 വരെ പുനരാഖ്യാനകൃതികൾ മാത്രമാണ് ബാലകഥകളായി ലഭിച്ചിട്ടുള്ളത്. ഈ കാലഘട്ടത്തെയാണ് ആദ്യഘട്ടമെന്നു വിളിക്കുന്നത്. അക്കാലത്തെ പ്രധാന കൃതികളിൽ ഒന്ന് ഹെർമ്മൻ ഗുണ്ടർട്ട് (Hermann Gundert) എഴുതിയ 'പാഠമാല'യാണ്. ബാലകഥയുടെ മധ്യഘട്ടത്തോടെയാണ് സ്വതന്ത്രാഖ്യാനങ്ങൾ രചിച്ചു തുടങ്ങിയത്. വ്യത്യസ്തമായ നിരവധി ആഖ്യാനപരീക്ഷണങ്ങൾ നടത്തിയ കാലഘട്ടമെന്ന നിലയിൽ ഇത് സവിശേഷമാകുന്നു. 1950 നു ശേഷം രചിച്ച കൃതികളെയാണ് മധ്യകാലഘട്ടമായി പരിഗണിച്ചിട്ടുള്ളത്. മലയാളത്തിലെ പ്രധാനപ്പെട്ട നിരവധി എഴുത്തുകാരുടെ രചനകൾ ഈ കാലഘട്ടത്തിൽ പുറത്തുവന്നു. നവീനഘട്ടമെന്നതു 2000 ത്തിനുശേഷം രചിച്ച കൃതികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ളതാണ്. ബാലകഥകളിലെ സമകാലികമായ മാറ്റങ്ങളെ

തിരിച്ചറിയുവാനും പ്രമേയത്തിലും ആഖ്യാനത്തിലും അവ വരുത്തുന്ന മാറ്റങ്ങളെ മനസ്സിലാക്കാനും ഈ കാലത്തുള്ള രചനകളിലൂടെ സാധ്യമാകുന്നു.

ഒന്നാം അധ്യായത്തിലെ രണ്ടാം ഭാഗത്തിൽ പാഠം, ആഖ്യാനം, ബാലാഖ്യാനം എന്നിവയെ ലഭ്യമായ നിർവചനങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കുന്നു. കൂടാതെ പ്രബന്ധരചനക്ക് ഉപയുക്തമായ ആഖ്യാനശാസ്ത്ര തത്വങ്ങളെയും മനഃശാസ്ത്ര തത്വങ്ങളെയും പ്രധാനപ്പെട്ട സൈദ്ധാന്തികന്മാരുടെ ധാരണകളെയും പരിചയപ്പെടുത്തുന്നു.

"സുമംഗലയുടെ രചനകളിലെ ആഖ്യാനരീതികൾ" എന്ന രണ്ടാമത്തെ അധ്യായം സാരോപദേശപ്രദമായ ആഖ്യാനങ്ങളുടെ വിശകലനമാണ്. അതിനായി സുമംഗലയുടെ രചനകളെ പഠനവിധേയമാക്കുന്നു. ബാലകഥകളിൽ കാണുന്ന വിനിമയരീതികളെക്കുറിച്ച് അധ്യായത്തിന്റെ ആരംഭത്തിൽ വിവരിക്കുന്നു. പരോക്ഷരീതിയിൽ സാരോപദേശം പകരുന്ന കഥകളാണ് സുമംഗല സ്വീകരിച്ചിരിക്കുന്നതെന്ന നിഗമനത്തിൽ എത്തിച്ചേരുകയും തുടർന്ന് ആഖ്യാന ഘടകങ്ങളിലൂടെ എങ്ങനെയാണ് ഇവ വിനിമയം ചെയ്യുന്നതെന്ന വിശകലനവുമാണ് അധ്യായത്തിലൂടെ സാധ്യമാക്കുന്നത്. സ്ഥലം, കാലം, കഥാപാത്രം, സംഭാഷണം, സംഭവങ്ങൾ എന്നീ ആഖ്യാനഘടകങ്ങളെ സാരോപദേശം പകരാൻ എങ്ങനെയെല്ലാം ക്രമീകരിച്ചുവെന്നു കണ്ടെത്താൻ ഈ അധ്യായത്തിലൂടെ സാധിക്കുന്നു. സാരോപദേശം എന്നതിനു വൈയക്തിക പരിപക്വത നേടുക മാത്രമല്ല അതു സമൂഹത്തിനും പ്രകൃതിക്കും വേണ്ടി ചിന്തിക്കാനും പ്രവർത്തിക്കാനും ഉള്ള സദ്ചിന്തകൾ രൂപപ്പെടുത്താനുള്ള ശേഷിയുടെ ആർജ്ജവം കൂടിയാണെന്ന തിരിച്ചറിവ് ഈ കഥകൾ നൽകുന്നു. ഈ കഥകളെ പരിസ്ഥിതി കഥകൾ എന്ന നിലയിൽ കൂടി പഠനം നടത്തി അവ നൽകുന്ന സന്ദേശപാഠത്തെ വിശകലനം ചെയ്യാനും മൃഗകഥാപാത്രങ്ങളെ നരരൂപാദാനരീതിയനുസരിച്ച് അപഗ്രഥിക്കാനും പഠനം ലക്ഷ്യംവയ്ക്കുന്നു. കൂടാതെ കഥകളിലെ പ്രമേയം, ആശയം, ഭാഷാപദ സ്വീകരണം എന്നിവ മുൻനിർത്തി കൗമാര കഥകളുടെ സ്വഭാവം സുമംഗലയുടെ കഥകൾക്കുള്ളിൽ വരുന്നുണ്ടോ എന്ന അന്വേഷണവും പഠന പരിധിയിൽ വരുന്നു.

"കെ വി രാമനാഥൻ എഴുതിയ ശാസ്ത്രാധിഷ്ഠിത രചനകളുടെ ആഖ്യാന വിശകലനം"എന്ന മൂന്നാമത്തെ അദ്ധ്യായം ശാസ്ത്രകഥകളെ അടിസ്ഥാനമാക്കി യുള്ള ആഖ്യാനപഠനമാണ്. കെ വി രാമനാഥന്റെ രചനകളെ വിശകലനം ചെയ്തുകൊണ്ടു ശാസ്ത്രകഥാരചനയുടെ രചനാതന്ത്രങ്ങൾ കണ്ടെത്തുന്നു. ശാസ്ത്രവും സാഹിത്യവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു വിവരിച്ചുകൊണ്ടു മലയാളത്തിലെ ശാസ്ത്രസാഹിത്യ വിഭാഗത്തെ വിശദമാക്കുന്നു. ശാസ്ത്രകഥ, ശാസ്ത്രനോവൽ, ശാസ്ത്രകല്പിതരചനകൾ എന്നിവയുടെ സ്വഭാവം, രചനാരീതി എന്നിവയെ ക്കുറിച്ചുള്ള സാമാന്യധാരണ പ്രബന്ധം മുന്നോട്ടു വയ്ക്കുന്നു. ഈ ധാരണകളുടെ അടിസ്ഥാനത്തിൽ കെ വി രാമനാഥൻ എഴുതിയ ശാസ്ത്രകഥകളുടെയും ശാസ്ത്രനോവലിന്റെയും സ്വഭാവത്തെ ആഖ്യാനതത്വങ്ങളുടെ അടിസ്ഥാനത്തിൽ പഠനം നടത്തുകയും വിശദീകരണങ്ങൾ നൽകുകയും ചെയ്യുന്നു. ശാസ്ത്രകഥകളുടെ പൊതു മൂല്യബോധം കെ വി രാമനാഥന്റെ രചനകളിൽ പ്രകടമാകുന്നതെങ്ങനെ യെന്നു കഥാപാത്രങ്ങളിലൂടെയും സ്ഥലകാല സങ്കൽപ്പങ്ങളിലൂടെയും സംഭാഷണങ്ങളുടെ പ്രത്യേകതയിലൂടെയും കണ്ടെത്തുന്നു. ഇത്തരം പഠനത്തിലൂടെ കഥകളും നോവലും ബുദ്ധിയുടെയും അറിവിന്റെയും ആവിഷ്കാരമാകുന്നതെങ്ങനെയെന്ന് അവലോകനം ചെയ്യുക, ഗവേഷണ ലോകത്തെ പുതു പരീക്ഷണങ്ങളെ കുറിച്ചും ഗവേഷണത്തിന്റെ മൂല്യാംശത്തെ ക്കുറിച്ചും ശാസ്ത്രകഥകൾ സംവദിക്കുന്നതെങ്ങനെയെന്ന് അന്വേഷിക്കുക എന്നതെല്ലാം ഈ അധ്യായത്തിലെ പഠനവിഷയമാണ്. കൃതികളിലെ ജിജ്ഞാസ, വിസ്മയം, ഭ്രമാത്മകത എന്നിവ പകരുന്ന ഭാവുകത്വവികാസവും ആഖ്യാനപഠനത്തിലൂടെ സാധ്യമാണ്. ഈ തരത്തിൽ കുട്ടികളുടെ മാനസിക വളർച്ചയുമായി ശാസ്ത്രകഥകൾക്കുള്ള അഭേദ്യമായ ബന്ധത്തെക്കുറിച്ചും ഈ അധ്യായത്തിൽ അന്വേഷിക്കുന്നുണ്ട്.

"വി ആർ സുധീഷിന്റെ രചനകളിലെ ആഖ്യാനരീതികൾ" എന്ന നാലാമത്തെ അധ്യായം ബാലരചനകളിലെ മനോവ്യാപാരത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. ഇതിനായി വി ആർ സുധീഷ് എഴുതിയ ബാലനോവലുകളെയാണു തെരഞ്ഞെടുത്തത്. മനഃശാസ്ത്രവും ബാല മനോവിചാരവും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടാണ് ഈ പഠനം മുന്നോട്ടു പോകുന്നത്. നോവലുകളിലെ ആഖ്യാനഘടകങ്ങൾ കുട്ടികളുടെ മനോവിചാര

ങ്ങളുമായി എങ്ങനെയെല്ലാം ബന്ധപ്പെട്ടു കിടക്കുന്നുവെന്ന് ഈ അധ്യായത്തിൽ അന്വേഷിക്കുന്നു. ആഖ്യാനഭാഷ, ആഖ്യാനഘടകങ്ങൾ, ഉപകഥകൾ, സ്വപ്നാഖ്യാനങ്ങൾ, ഫാന്റസി എന്നിവയുടെ ഇടപെടൽ കുട്ടികളുടെ മനസ്സിന്റെ സഞ്ചാരത്തെ ആവിഷ്കരിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നു. ഭാവനയുടെയും യാഥാർത്ഥ്യങ്ങളുടെയും സങ്കലനമായി കഥയിടം മാറുന്ന ആഖ്യാന തന്ത്രം ഈ നോവലുകളിൽനിന്നും മനസ്സിലാക്കാം. മിത്തും - യാഥാർത്ഥ്യബോധവും, മിത്തും - സമൂഹവും ഇവയെല്ലാം, ഏത് രീതികളിലൂടെയാണ് ആഖ്യാനത്തിന്റെ മൂല്യ സ്രോതസ്സായി വർത്തിക്കുന്നതെന്ന് ഈ അധ്യായത്തിൽ പഠിക്കുന്നു.

നാല് അധ്യായങ്ങളിലൂടെ കണ്ടെത്തിയ ആഖ്യാനസവിശേഷതകളുടെ വിശകലനമാണു കണ്ടെത്തലുകളിൽ ഉൾപ്പെടുത്തിയത്. ഗവേഷണത്തിന്റെ ഭാഗമായി നടത്തിയ അന്വേഷണത്തിന്റെ ഭാഗമായി ബാലകഥാ സാഹിത്യത്തിനു നിരവധി തുടർഗവേഷണ സാധ്യതയുണ്ടെന്നു കണ്ടെത്താൻ കഴിഞ്ഞു. അത്തരം സാധ്യതകളെക്കുറിച്ചുള്ള ചെറിയ വിവരണവും ഈ ഗവേഷണ പ്രബന്ധത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

# അധ്യായം ഒന്ന്

# മലയാളബാലകഥാചരിത്രവും ആഖ്യാനവും ആഖ്യാനതത്വവും

## 01.01. ബാലകഥാചരിത്രം

ലോകസാഹിത്യത്തിന്റെ ആരംഭദശയിലെ മിക്ക പുസ്തകങ്ങളും കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ആസ്വദിക്കാൻ തക്കവണ്ണം രൂപപ്പെടുത്തിയിട്ടുള്ളവയായിരുന്നു. ലോകസാഹിത്യത്തിലെ ആദ്യകാല ബാലരചനകൾ ഇന്നും കുട്ടികളുടെ വായനാലോകത്തിൽ സജീവമായി നിലകൊള്ളുന്നവയാണ്. ലോകബാലകഥകളിൽ ആദ്യത്തേതെന്ന് കരുതുന്ന പുസ്തകം ബി സി ആറാംനൂറ്റാണ്ടിൽ രചിച്ചതാണെന്ന് കരുതുന്ന 'ഈസോപ്പ് കഥകളാ'ണ്. മനുഷ്യൻ, ജന്തുക്കൾ, പക്ഷികൾ, ദേവന്മാർ എന്നിവരെ കേന്ദ്രമാക്കി രചിച്ച കഥകളാണ് 'ഈസോപ്പ്കഥകളി'ൽ കാണാൻ കഴിയുന്നത്. ലോകമെങ്ങും ഇതിന്റെ പ്രചാരണം കാണാൻ കഴിയും. പല രാജ്യത്തിലെ നാടോടികഥകൾക്കും ഇതിനോടു സാമ്യമുണ്ട്. ബി സി ആറാം നൂറ്റാണ്ടോടുകൂടി പ്രാചീന ഭാരതത്തിൽ രചിക്കപ്പെട്ട 'ജാതകകഥകൾ', 'പഞ്ചതന്ത്രം കഥകൾ' എന്നിവ ഇതിനു ഉദാഹരണങ്ങളാണ്. ലോകബാലസാഹിത്യത്തിൽ ശ്രദ്ധയാകർഷിച്ച മറ്റൊരു കൃതിയാണ് ജർമ്മൻ സാഹിത്യകാരായ ജേക്കബ് ഗ്രിമ്മും വിൽഹെംഗ്രിമ്മും (Jacob Grimm & Wilhelm Grimm) ചേർന്നെഴുതിയ 'ഗ്രിമ്മിന്റെ കഥകൾ'. കുട്ടികളുടെ പ്രിയപ്പെട്ട 'സിൻഡ്രെല്ല', 'ഫ്രോഗ് പ്രിൻസ്', 'സ്നോവൈറ്റ്', 'ഹാൻസൽ ആൻഡ് ഗ്രെറ്റൽ' തുടങ്ങിയ കഥകൾ ഈ കഥാസാമാഹരത്തിലാണുള്ളത്. അതുപോലെ 'ആൻഡേഴ്സൺ കഥകൾ', 'ടെയിൽസ് ആൻഡ് സ്റ്റോറീസ്' എന്നീ കഥാസമാഹരത്തിലെ കഥകൾ എന്നിവ ഇന്നും ലോകത്തിലെ എല്ലാ കുട്ടികൾക്കും പ്രിയങ്കരമാണ്. 'ആയിരത്തൊന്നു രാവുകൾ' എന്ന പേരിൽ ഏറെ പ്രശസ്തമായ അറബി കഥയായ 'അലിഫ് ലൈല വ ലൈല', ചിരിയും ചിന്തയും ഉണർത്തിയ 'മുല്ലക്കഥകൾ' എന്നിവ ബാലസാഹിത്യത്തിലെ നാഴികക്കല്ലായ കൃതികളാണ്.

ആദ്യത്തെ സചിത്ര സാഹിത്യകൃതിയായ ജോൺ അമോസ് കൊമിനീയസ് (John Amos Comenius) രചിച്ച 'ഓർബിസ് പിക്ചസ്' (1658), ഡാനിയൽ ഡീഫോയുടെ (Daniel Defoe) 'റോബിൻസൺ ക്രൂസോ' (1719), ജോനാഥൻ സ്വിഫ്റ്റ് (Jonathan Swift) എഴുതിയ 'ഗള്ളിവർസ് ട്രാവൽസ്' (1726), ജോൺ ന്യൂബറിയുടെ (John Newbery) 'എ ലിറ്റിൽ പ്രെറ്റി പോക്കറ്റ് ബുക്ക്' (1744), ലൂയിസ് കരോൾ (Lewis Carroll) രചിച്ച 'ആലീസ് ഇൻ വണ്ടർലാന്റ്' (1865)എന്നിവയും ബാലസാഹിത്യത്തിന്റെ ചരിത്രത്തിൽ വളരെ പ്രധാനപ്പെട്ടവയാണ്.

ഈ കാലത്തിനുശേഷം ബാലസാഹിത്യത്തിൽ നിരവധി പരീക്ഷണങ്ങളും മികച്ച കൃതികളും ഉണ്ടായി. കാർലോ കൊളോഡിയുടെ (Carlo Collodi) 'പിനോക്യോ' (1883), ഓസ്കാർ വൈൽഡ് (Oscar Wilde) എഴുതിയ 'ഹാപ്പി പ്രിൻസ്' (1888), റുഡ്യാർഡ് കിപ്ലിങ് (Rudyard Kipling) എഴുതിയ 'ജംഗിൾ ബുക്ക്' (1894), തെത് സുകോ കുറോയാനഗിയുടെ (Tetsuko Kuroyanagi) 'ടോട്ടോച്ചാൻ' (1981), എന്നിവ മൊഴിമാറ്റത്തിലൂടെ മലയാളം ഉൾപ്പെടെ എല്ലാ ഭാഷകളിലും ഇന്നും പ്രചാരത്തിൽ ഉള്ള കൃതികളാണ്. എനിഡ് ബ്ലൈറ്റൺ (Enid Blyton) എഴുതിയ 'അഡ്വഞ്ചർ സീരീസ്' (1944), റൊണാൾഡ് ദാലിന്റെ (Roald Dahl) 'മെറ്റിൽഡ' (1988), ആർ എൽ സ്റ്റൈൻ (R. L. Stine) എഴുതിയ 'ഗ്ലംസ് ബംസ്' (1992), എലിസബത്ത് ഡാമി (Elisabetta Dami) എഴുതിയ 'ജെറോണിമ സ്റ്റിൽട്ടൻ' (1997), ജെ ജെ റൗളിങ്ങിന്റെ (J.K. Rowling) 'ഹാരി പോട്ടർ' (1997), ജെഫ് കെന്നി (Jeff Kinney) എഴുതിയ 'ഡയറി ഓഫ് വിംപികിഡ്' (2007), റസ്കിൻ ബോണ്ട് (Ruskin Bond) എഴുതിയ ഗ്രേറ്റ് സ്റ്റോറിസ് (2011), സുധാമൂർത്തി എഴുതിയ 'ഗ്രാൻഡ്പാസ് ബാഗ് ഓഫ് സ്റ്റോറീസ്' (2024), എന്നിവ ഇംഗ്ലീഷ് ഭാഷയിൽ കുട്ടികൾ ഇന്നേറെ വായിക്കുന്ന പുസ്തകങ്ങളിൽ പ്രധാനപ്പെട്ടതാണ്. ലോകബാലസാഹിത്യത്തെ സജീവമാക്കി നിലനിർത്തുന്ന പുസ്തകങ്ങളിൽ പ്രധാനപ്പെട്ട രചനകളാണിവ.

## 01.02. മലയാള ബാലകഥാചരിത്രം

കേരളത്തിനകത്തും പുറത്തും പ്രചരിച്ച വാമൊഴി വഴക്കങ്ങളുമായി ബന്ധപ്പെട്ടാണ മലയാള ബാലകഥാസഹിത്യം ഉരുത്തിരിഞ്ഞു വന്നത്.

കുട്ടികൾക്കു സാരോപദേശം പകരുകയെന്ന ലക്ഷ്യത്തിൽ നിലയുറപ്പിച്ചു കൊണ്ടാണു ഈ കഥകൾ വളർന്നുവന്നത്. ബാലകഥകളുടെ മാത്രമല്ല മലയാള ചെറുകഥയുടെ ആരംഭകാലത്തും ഇവയുടെ അവതരണങ്ങളും പുനരാവിഷ്കരണങ്ങളും തർജ്ജമകളും ഉണ്ടായിട്ടുണ്ട്. കേരളത്തിൽ പ്രചരിച്ച മതകഥകളും, നീതിസാര കഥകളും, ജാതകകഥകളും, കെട്ടുകഥകളും, യക്ഷിക്കഥകളും, സദാചാരകഥകളും, ഉപദേശകഥകളും, ഐതിഹ്യകഥകളും, മൃഗകഥകളും, രാമായണമഹാഭാരത കഥകളും, ബുദ്ധജൈനകഥകളും, പഞ്ചതന്ത്രകഥകളും ഇത്തരത്തിൽ രൂപപ്പെട്ടവയാണ്. ഇവ കൂടാതെ വാമൊഴിയായി ഇന്ത്യയൊട്ടുക്കു പ്രചരിച്ച കഥകളും മലയാളത്തിൽ സജീവമായിരുന്നു. ഉദാഹരണമായി തെന്നാലിരാമൻ കഥകൾ, ബീർബൽ കഥകൾ, മുല്ലാകഥകൾ എന്നിവ. ഇത്തരം കഥകളുടെ ലിഖിതാഖ്യാനത്തിലൂടെയാണ് മലയാള ചെറുകഥയുടെ തന്നെ ആരംഭം കുറിക്കുന്നത്. 1824-ൽ പ്രസിദ്ധീകരിച്ച 'ചെറു പൈതങ്ങൾക്ക് ഉപകാരാർത്ഥം ഇംഗ്ലീഷിൽ നിന്ന് പരിഭാഷപ്പെടുത്തിയ കഥകൾ' ആണ് മലയാളത്തിലെ ആദ്യ ചെറുകഥയായി പരിഗണിക്കുന്നത്[1]. കുട്ടികൾക്കു മതപരമായ അറിവും ഉപദേശവും നൽകുന്ന എട്ടുകഥകളാണ് ഈ കൃതിയിലെ ഉള്ളടക്കം എന്ന് എം എം ബഷീർ വ്യക്തമാക്കുന്നുണ്ട്[2]. സാരോപദേശ പ്രദമായതിനാൽ ബാലസാഹിത്യത്തിന്റെ ആദ്യാങ്കുരമായും ഈ കഥയെ പരിഗണിക്കുന്നു. എന്നാൽ മലയാളത്തിൽ എഴുതിയ ആദ്യചെറുകഥ വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ രചിച്ച 'വാസനാവികൃതി' (1891) ആണ്. കള്ളന്റെ പ്രവൃത്തികളെയും അയാളുടെ മാനസാന്തരവും ഹാസ്യം ഉൾക്കൊള്ളിച്ചു പറയുന്ന രീതിയാണ് വാസനാവികൃതിയിൽ കാണുന്നത്. ഈ കഥയെ തുടർന്നു വ്യത്യസ്തങ്ങളായ പ്രമേയങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടു നിരവധി കഥകൾ മലയാളത്തിൽ പുറത്തുവന്നു[3].

ആദ്യ മലയാളചെറുകഥകൾ കാലഘട്ടപരമായ പരിണാമങ്ങൾക്കു വിധേയമാകുന്നതിന്റെ ഭാഗമായി നാടോടി വാമൊഴി കഥാപ്രമേയങ്ങളിൽ നിന്നും വ്യത്യസ്തമായ ഇതിവൃത്തങ്ങൾ സ്വീകരിക്കുകയുണ്ടായി. എന്നാൽ ബാലകഥകളുടെ ചരിത്രവും വികാസവും പരിശോധിക്കുമ്പോൾ നാടോടി കഥകളുടെ സ്വാധീനവും പുനരാവിഷ്കാരവും നിരന്തരമായ ആഖ്യാനതന്ത്രമായി നിലകൊള്ളുന്നുണ്ട്. ഇതിനു പ്രേരകമായ ഒരു പ്രധാന ഘടകം നാടോടി

വാമൊഴിക്കഥകളിൽ അടിസ്ഥാനമായി നിലനിൽക്കുന്ന സദ്ഗുണപാഠങ്ങളുടെ വിനിമയമാണ്. മലയാളത്തിൽ രചിച്ച ബാലകഥകളുടെ പൊതുസ്വഭാവത്തെ അടയാളപ്പെടുത്താനുള്ള മാനദണ്ഡം സാരോപദേശമായിത്തീരുകയും ചെയ്യുന്നു. വ്യത്യസ്തമായ പ്രമേയങ്ങൾ ബാലകഥകളുടെ ഇതിവൃത്തമാകുമ്പോഴും അതിലെല്ലാം കുട്ടികൾക്കുതകുന്ന സദ്ചിന്തകൾ അടിസ്ഥാന ഘടകമാകുന്നു.

മലയാളത്തിലെ ബാലകഥകളുടെ ചരിത്രം പരിശോധിച്ചാൽ 1950 വരെയുള്ള കാലഘട്ടം പുനരാവിഷ്കാരങ്ങൾ മാത്രമായിരുന്നു. 1950 കൾക്കു ശേഷമാണ് ബാലകഥകളിൽ സ്വതന്ത്രാവിഷ്കാരം കണ്ടുതുടങ്ങുന്നത്. കഥകളുടെ വളർച്ചയും സ്വഭാവവും നിരീക്ഷിക്കുമ്പോൾ അവയിൽ കാലാനുസൃതമായ മാറ്റങ്ങൾ സംഭവിക്കുന്നുണ്ട്. സാർവ്വകാലികമായി തുടരുന്ന ചില രചനാ ലക്ഷ്യങ്ങൾ നിലനിൽക്കെത്തന്നെ കാലോചിതമായ ആഖ്യാനപരീക്ഷണങ്ങളും ബാലകഥകളിൽ പ്രകടമാണ്. ഇത്തരത്തിൽ ബാലകഥകളിൽ വന്ന വൈവിധ്യങ്ങളെ കാലാനുസൃതമായി പരിശോധിക്കുമ്പോൾ ബാലകഥകളുടെ സ്വഭാവ പരിണാമങ്ങളെ സൂക്ഷ്മമായി അപഗ്രഥിക്കാനാകും. കഥകളുടെ ലക്ഷ്യം പലപ്പോഴും ഒന്നാണെന്നിരിക്കെ അതു പറയാൻ സ്വീകരിച്ച ആഖ്യാനരീതികളെ അടിസ്ഥാനമാക്കി ബാലകഥാചരിത്രത്തിൽ മൂന്നു ഘട്ടങ്ങൾ കണ്ടെത്താൻ സാധിക്കുന്നു. ആഖ്യാനസ്വഭാവങ്ങളെ മുൻനിർത്തി ഈ കഥകളെ ആദ്യഘട്ടം, മധ്യഘട്ടം, നവീനഘട്ടം എന്നിങ്ങനെ മൂന്നായി തരം തിരിക്കാം.

മലയാള ബാലകഥകളുടെ തുടക്കമായി പരിഗണിക്കുന്ന കഥകൾ മലയാള ചെറുകഥയുടെ പ്രാരംഭ കഥകൾ തന്നെയായിരുന്നു. ആദ്യകാല ബാലകഥകളിലധികവും പുനരാഖ്യാനങ്ങളോ തർജ്ജമകളോ ആയിരുന്നു. ഈ കൃതികളെയാണ് ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തി പഠനവിധേയമാക്കുന്നത്. പുനരാഖ്യാനഘട്ടത്തിൽ നിന്നും വ്യത്യസ്തമായി കഥകൾ സ്വതന്ത്രാവിഷ്കാര മാർഗം സ്വീകരിച്ചുതുടങ്ങുമ്പോൾ ബാലകഥാലോകം അടുത്ത ഘട്ടത്തിലെത്തുന്നു. ഈ സ്വതന്ത്രാവിഷ്കാരഘട്ടത്തെ ബാലകഥകളുടെ മധ്യകാലമായി പരിഗണിക്കുന്നു. ബാലകഥാരചനയിൽ വൈവിധ്യമാർന്ന ആഖ്യാന തന്ത്രങ്ങളുടെ ആവിഷ്കാരമാണ് മധ്യകാലത്തിനു ശേഷം കാണാൻ സാധിക്കുന്നത്. പാഠത്തിലും ആഖ്യാനത്തിലും ബാലകഥകൾക്കു സംഭവിച്ചുകൊണ്ടിരുന്ന മാറ്റങ്ങൾ പ്രകടമാവുന്ന കൃതികളെയാണ്

നവീനഘട്ടത്തിൽ ഉൾപ്പെടുത്തിയിരി ക്കുന്നത്. ബാലകഥകളുടെ ചരിത്രത്തെയും വികാസത്തെയും അടയാളപ്പെട്ടു ത്താൻ ഈ രീതിയിലുള്ള പഠനം സഹായകമാവുന്നു.

## 01.02.01. ആദ്യഘട്ടം ( _1950)

മലയാള ബാലകഥകളുടെ ആദ്യഘട്ടമെന്നതു തർജ്ജമകളുടെയും പുനരാഖ്യാനങ്ങളുടെയും അനുകരണസ്വഭാവമടങ്ങിയ കഥകളുടെയും കാലമാണ്. ബാലകഥകളുടെ ആദ്യഘട്ടത്തിൽ രചിച്ച കഥകളിലധികവും സദ്ഗുണോപദേശ രൂപത്തിൽ രചിക്കപ്പെട്ടവയായിരുന്നു. സന്മാർഗ്ഗോപദേശം നടത്തുന്ന ഒരേ മാതൃകയിലുള്ള നിരവധി കൃതികളാണ് ഇക്കാലത്തു രചിക്കപ്പെട്ടത്.

മലയാള കഥാസാഹിത്യത്തിലെ ആദ്യകഥകളെല്ലാം തന്നെ കുട്ടികൾക്കു സാരോപദേശം പകർന്നു നൽകാനെന്നോണം രചിച്ചവയായിരുന്നു. 1824-ൽ പ്രസിദ്ധീകരിച്ച "ചെറു പൈതങ്ങൾക്ക് ഉപകാരാർത്ഥം ഇംഗ്ലീഷിൽ നിന്ന് പരിഭാഷപ്പെടുത്തിയ കഥകൾ" (1824)ക്കുശേഷം ഹെർമ്മൻ ഗുണ്ടർട്ട് (Hermann Gundert) എഴുതിയ 'പാഠമാല' (1860)യിലെ ഗദ്യ മാതൃകകളിലും സാരോപദേശ സ്വഭാവമുള്ള കഥകൾ കാണാൻ കഴിയും. 'പാഠമാല'യിലെ കഥകളുടെ ആഖ്യാനപാഠസ്വഭാവങ്ങളെ മുൻനിർത്തി അവയെ ബാലകഥകളായി പരിഗണിക്കാവുന്നതാണ്. 1950 വരെ പുറത്തുവന്ന കഥകളിലധികവും സുവിശേഷ കഥകളെയും പുരാണ കഥകളെയും അടിസ്ഥാനമാക്കി രചിച്ച പുനരാഖ്യാനകഥകളായിരുന്നുവെന്നതും സവിശേഷമായ വസ്തുതയാണ്.

മലയാളത്തിലെഴുതിയ ആദ്യ കഥ മുതൽ പിന്നീടുണ്ടായ കഥാഖ്യാനങ്ങളെ നിരീക്ഷിച്ചാൽ ബാലകഥാലോകത്തിൽ സംഭവിച്ച പരിണാമങ്ങൾ സ്പഷ്ടമാവും. ബാലസാഹിത്യം ഏത് പ്രായത്തിലെ കുട്ടികളെ ഉദ്ദേശിക്കുന്നുവെന്നതിന്റെ അടിസ്ഥാനത്തിൽ ശിശുസാഹിത്യം, ബാല സാഹിത്യം, കൗമാരസാഹിത്യം എന്നിങ്ങനെ വിഭജിച്ചിട്ടുണ്ട്. ഇവയിൽ ശിശുസാഹിത്യം കഥ വായിച്ചുകൊടുക്കേണ്ട പ്രായക്കാർക്കുവേണ്ടിയുള്ളതാണ്. ഇങ്ങനെ ബാലകഥകൾ കേൾക്കാനും വായിക്കാനുമുള്ളവയാണ്. ഇത്തരത്തിൽ ബാലകഥയ്ക്കു പറച്ചിലിനും കേൾവിക്കും സുപ്രധാനമായ ഒരു സ്ഥാനമാണു വഹിക്കുവാനുണ്ടായിരുന്നത്. അതുകൊണ്ടുതന്നെ കഥയെഴുത്തു കുട്ടികളെന്ന

പ്രധാന ശ്രോതാക്കളെ/വായനക്കാരെ ഉദ്ദേശിച്ചെഴുതുന്നതായതിനാൽ അവ സാരോപദേശ സമ്മിശ്രമാകണമെന്ന ലക്ഷ്യവും ഇവയ്ക്കുണ്ടായിരുന്നു. ഇത്തരം ഘടകങ്ങളെ അനുശാസിച്ചെഴുതിയ കൃതിയാണ് ആദ്യ കഥയായ 'ചെറുപൈതങ്ങൾക്കു ഉപകാരാർത്ഥം ഇംഗ്ലീഷിൽ നിന്നു പരിഭാഷപ്പെടുത്തിയ കഥകൾ'. ഈ ഗ്രന്ഥത്തിന്റെ നാമം കൊണ്ടുതന്നെ കുട്ടികൾക്കു വേണ്ടി രചിച്ചതാണെന്ന് വ്യക്തമാണ്. 'പാഠമാല'യെക്കുറിച്ച് ഉള്ളൂർ കേരള സാഹിത്യചരിത്രത്തിൽ പ്രസ്താവിച്ചത് ഇപ്രകാരമാണ്, "വിവിധ കൃതികളിൽ നിന്ന് രസകരമായ വാങ്മയസുമങ്ങൾ വിദ്യാർത്ഥികൾക്ക് പ്രയോജകീഭവിക്കത്തക്ക വിധത്തിൽ ഇദംപ്രഥമമായി ശേഖരിച്ചുദ്ഗ്രഥിച്ചിട്ടുള്ളതാണ് പ്രസ്തുത മാല. ഇതിൽ ഗദ്യപാഠങ്ങളും പദ്യപാഠങ്ങളും അടങ്ങിയിട്ടുണ്ട്. ഗദ്യ പാഠങ്ങൾ പ്രായേണ ഗുണ്ടർട്ട് തന്നെയാണ് എഴുതി ചേർത്തിരിക്കുന്നത്" (2015:271). 'പാഠമാല'യിൽ അഞ്ചു കഥകൾ, 'കേരളനാടകം' എന്ന ഗ്രന്ഥത്തിൽ നിന്ന് എടുത്ത ജാതി, തൊഴിൽ സംബന്ധ കഥകൾ, സാമൂതിരിയുടെ കേരളത്തിൽ നിന്ന് എടുത്ത ചില കഥകൾ, കേരളപ്പഴമയിൽ നിന്നെടുത്ത കഥകൾ, 'വിക്രമാദിത്യ കഥകൾ', 'വീരകഥകൾ', 'ദമയന്തീകഥകൾ', 'കൃഷ്ണന്റെ ബാല്യകാലകഥകൾ' എന്നിവ അടങ്ങുന്നു.

ഹെർമ്മൻ ഗുണ്ടർട്ടിന്റെ 'പാഠമാല'യിലെ ആദ്യ അഞ്ചു കഥകളാണ് ബാലസാഹിത്യത്തിൽ ഏറെ പ്രധാന്യം വഹിക്കുന്നത്. 'പാഠമാല'യിലെ ആദ്യകഥ തീക്കനലും പൂവൻകോഴിയും സ്വന്തമായുണ്ടായിരുന്ന ഒരു കിളവിയുടെ കഥയാണ്. എല്ലാ ദിവസവും പൂവൻകോഴി കൂവുന്നതിനാലാണു നേരം പുലരുന്നതെന്നും താൻ തീകൊടുക്കുന്നതു കൊണ്ടുമാത്രമാണ് എല്ലാവരും ഭക്ഷണം കഴിക്കുന്നതെന്നുമുള്ള അറിവില്ലായ്മ കിളവിയെ സ്വാർത്ഥയാകുന്നു. ഈ സ്വാർത്ഥതമൂലം അവർ ജീവിതത്തിൽ ഒറ്റപ്പെട്ടു പോകുന്നു. ബുദ്ധിഹീനന്മാരായി പ്രവർത്തിക്കുന്നവരെ മറ്റുള്ളവർക്ക് ഒരിക്കലും സംരക്ഷിക്കാൻ സാധിക്കുകയില്ല എന്ന സന്ദേശം ഈ കഥയിലൂടെ വ്യക്തമാക്കുന്നു. 'പാഠമാല'യിലെ അടുത്ത കഥ മലർപ്പൊടിക്കാരന്റെ സ്വപ്നത്തെ കുറിച്ചുള്ളതാണ്. വാമൊഴിയായും നാടോടി കഥയായും പ്രചരിച്ച പഞ്ചതന്ത്രത്തിലെ ഒരു കഥയാണിത്. മൂന്നാമത്തെ കഥ ഒരു ഖണ്ഡിക മാത്രമുള്ള കഥയാണ്. അന്യായം എന്നുപേരായ ഒരു നഗരം ഉണ്ട്. ആ നഗരത്തിൽ പയർ

വാങ്ങാൻ വന്ന ഒരുവനോടു കച്ചവടക്കാരൻ പയർ നാഴിയുടെ പുറം കൊണ്ടാണ് അളക്കേണ്ടതെന്ന് അഭിപ്രായപ്പെടുന്നു. എന്നാൽ അകംകൊണ്ട് അളക്കണമെന്ന് വന്നവനും അഭിപ്രായപ്പെടുന്നു. തർക്കത്തിനൊടുവിൽ മധ്യസ്ഥത വഹിക്കാൻ വന്നവൻ നാഴി ചരിച്ച് അളന്നാൽ മതിയെന്നു വിധിക്കുന്നതാണ് കഥ. ഈ മിനിക്കഥയിലൂടെ അന്യായവാദത്തിന് ന്യായമായ പരിഹാരം അന്യായ നാട്ടിൽ നിന്ന് ഒരിക്കലും ലഭിക്കില്ലെന്ന് പറയുകയാണ് ഗുണ്ടർട്ട്. കഥയെഴുത്തിന്റെ പുതിയൊരു രീതിയാണ് അദ്ദേഹം ഈ കഥയിലൂടെ കൊണ്ടുവരാൻ ശ്രമിച്ചത്. 'പാഠമാല'യിൽ നിന്നും ലഭിച്ച മറ്റൊരു കഥ കുറ്റാന്വേഷണ രീതി അവലംബിച്ച് എഴുതിയതാണ്. ഒരു ബ്രാഹ്മണന്റെയും ഭാര്യയുടെയും വീട്ടിൽ അന്തിയുറങ്ങാൻ എത്തുന്ന സമ്പന്നനായ ചെട്ടിയുടെ ധനംകണ്ട് ആർത്തിമൂത്ത ബ്രാഹ്മണസ്ത്രീ അയാളെ വധിക്കാൻ തീരുമാനിക്കുന്നു. എന്നാൽ രാത്രിയിൽ ചെട്ടി ആണെന്നു കരുതി വധിക്കുന്നതാവട്ടെ ഭർത്താവായ ബ്രാഹ്മണനെയാണ്. തുടർന്നു ന്യായാധിപന്റെ മുന്നിലെത്തിയ ഭാര്യ ബ്രാഹ്മണനെ കൊന്ന കുറ്റം ചെട്ടിയിൽ ആരോപിക്കുന്നു. ന്യായാധിപൻ ശരിയായ അന്വേഷണത്തിലൂടെ കുറ്റവാളിയെ കണ്ടെത്തുന്നതാണു കഥ. മറ്റൊരു കഥയാവട്ടെ കാക്ക അരഞ്ഞാണം കൊണ്ടുസർപ്പത്തെ കൊല്ലിച്ച കഥയാണ്. ഈ കഥ ആരംഭിക്കുന്നതു സാരോപദേശം പറഞ്ഞുകൊണ്ടാണ്. ഈ അഞ്ചു കഥകളിലും അടങ്ങിയ സദ്ഗുണചിന്തകളാണു ബാലസാഹിത്യമേഖലയിൽ അവയ്ക്കു സ്ഥാനം ലഭിക്കാൻ കാരണമായത്. അവയ്ക്കു കഥപറച്ചിലിന്റെ ശൈലി മാത്രമേ അടങ്ങിയിരുന്നുള്ളൂ കഥാനാമമോ ഇതിവൃത്തത്തിന്റെ പൂർണ്ണ ഘട്ടങ്ങളോ ഇല്ല. സാരോപദേശം പകരുക എന്ന ലക്ഷ്യം മാത്രമാണ് അവിടെ സാർത്ഥകമാകുന്നത്. ഗ്രന്ഥകാരൻ ഉദ്ദേശിക്കുന്ന ആശയത്തെ നേരിട്ടു കഥയിലൂടെ പറയുകയും ചെയ്യുന്നു. ഈ കഥകൾ സ്വതന്ത്ര കഥകളാണെന്ന് ഉറപ്പിച്ചു പറയാനും കഴിയില്ല. എങ്കിലും ബാലകഥകളുടെ ആശയവുമായി യോജിച്ചു പോകുന്ന ഏറ്റവും പ്രാചീന ബാലകഥയായി പാഠമാലയിലെ കഥകളെ പരിഗണിക്കുയാണുചിതം.

'പാഠമാല'യ്ക്കുശേഷം മലയാളത്തിൽ കുട്ടികൾക്കു വേണ്ടി പ്രസിദ്ധീകരിച്ച പുസ്തകങ്ങളിൽ പ്രധാനപ്പെട്ടവയാണ് കേരളവർമ്മ വലിയകോയിത്തമ്പുരാൻ പാഠപുസ്തകകമ്മിറ്റിക്കുവേണ്ടി പ്രസിദ്ധീകരിച്ച 'ഗദ്യപാഠാവലി'കൾ. 1868 മുതൽ

1872 വരെയുള്ള കാലഘട്ടത്തിലാണ് ഇവ പ്രസിദ്ധീകരിച്ചത്. ഒന്നാംപാഠം, രണ്ടാംപാഠം, മൂന്നാംപാഠം എന്നിങ്ങനെ മൂന്നു ഭാഗങ്ങളാണ് കേരളവർമ്മ വലിയകോയിത്തമ്പുരാൻ 'ഗദ്യപാഠാവലി'ക്കുവേണ്ടി തയ്യാറാക്കിയത്. മൂന്നാം പാഠത്തിൽ കേരളവർമ്മ എഴുതിയ മദ്യപാനിയുടെ മാനസാന്തരത്തെ കുറിച്ചെഴുത്തിയ കഥ സ്വതന്ത്രാഖ്യാനസ്വഭാവമുള്ളതാണ്. ഈ ഭാഗത്തിൽ ധാരാളം കഥകൾ കുട്ടികൾക്കു വേണ്ടി സജ്ജമാക്കിയിട്ടുണ്ട്. അവയേറെയും ഇംഗ്ലീഷിൽ നിന്നുള്ള പരിഭാഷയും പുനരാഖ്യാനവുമായിരുന്നു. തുടർന്നു മലയാളത്തിൽ പുറത്തുവന്ന ബാലകഥകളിലധികവും പുനരാഖ്യാനങ്ങൾ ആയിരുന്നു. ബൈബിൾ കഥകളെ ആധാരമാക്കി എഴുതിയ 'ബാലനിക്ഷേപം' (1860), തോബിയാസ് സക്കറിയാസ് എഴുതിയ 'സിൽബാദിന്റെ കപ്പലോട്ടം' (1860), മലയാളം റിലിജിയസ്റ്റാക്ട് ആന്റ് ബുക്ക് സൊസൈറ്റി സുവിശേഷ കഥകളെ അടിസ്ഥാനമാക്കി പുറത്തിറക്കിയ 'ബാലബോധിനി' (1887), ടി സി കല്യാണിയമ്മ എഴുതിയ 'ഈസോപ്പ് കഥകൾ' (1897) എന്നിവ മലയാള ബാലകഥാചരിത്രത്തിലെ ആദ്യകാല കഥകളിൽ പ്രധാനപ്പെട്ടവയാണ്. ആയിരത്തി തൊള്ളായിരത്തിനുശേഷം രചിച്ച കൃതികളാണ് കെ സി കേശവപിള്ളയുടെ സന്മാർഗ്ഗസന്ദേശം ഉൾക്കൊള്ളുന്ന 'നീതി വാക്യങ്ങൾ' (1900), കെ പരമേശ്വൻ പിള്ള എഴുതിയ 'ചോസർ മഹാകവിയുടെ കഥകൾ' (1906), കൊട്ടാരത്തിൽ ശങ്കുണ്ണി എഴുതിയ 'ഐതിഹ്യമാല' (1909), കെ പരമു പിള്ള എഴുതിയ 'ചരിത്രകഥകൾ' (1910), ആർച്ച് ഡീക്കൻ കോശി എഴുതിയ 'ബാലപ്രിയൻ' (1912), നന്ത്യാരുവീട്ടിൽ പരമേശ്വരൻ പിള്ള എഴുതിയ 'തിരുവിതാംകൂർ ചരിത്രകഥകൾ' (1913), കൃഷ്ണൻ തമ്പി എഴുതിയ 'കപ്പൽഛേദം അനുഭവിച്ച ഒരു കുടംബം' (1915), ആർ ഈശ്വരപിള്ളയെഴുതിയ 'ശ്രീരാമൻ' (1916), സി വി രാമൻ പിള്ള എഴുതിയ 'റോബിൻസൺ ക്രൂസോ കഥ' (1916), ഒ എം ചെറിയാൻ എഴുതിയ 'ഗള്ളിവറുടെ സഞ്ചാര കഥകൾ' (1920), അമ്പാടി ഇക്കാവമ്മ എഴുതിയ 'ടോൾസ്റ്റോയുടെ നീതി കഥകൾ' (1926), പള്ളത്ത് രാമൻ കൊളംബസ്, റൂസ്‌വെൽറ്റ് ശക്തൻതമ്പുരാൻ, ആരോമൽചേകവർ, നബി, ബുദ്ധൻ മുതലായവർ കാട്ടിത്തന്ന സന്മാർഗ്ഗങ്ങളിലൂടെ സഞ്ചരിക്കാൻ കുട്ടികൾക്കു പ്രേരണ നൽകാൻ ഉദ്ദേശിച്ചു കൊണ്ടെഴുതിയ 'കഥാലതിക' (1933), സി ഐ ഗോപാലപിള്ള എഴുതിയ 'മായാവിക്രമൻ' (1933), കൈനിക്കര കുമാരപിള്ള എഴുതിയ 'ബാലഹൃദയം' (1934)എന്നിവയാണ് ഈ

കാലഘട്ടത്തിലെ പ്രധാനപ്പെട്ട ബാലകഥകൾ ആണ്. ഇക്കാലംവരെ എഴുതിയ ബാലകഥകളുടെ പൊതുസ്വഭാവം അവ കുട്ടികൾക്കു സാരോപദേശം പകരാനായി പുനരാഖ്യാനം ചെയ്ത കഥകളായിരുന്നുവെന്നതാണ്. അവയിൽ പുരാണങ്ങളും, ഈസോപ്പ് കഥകളും, ബൈബിൾ കഥകളും, ചരിത്ര കഥകളും ഉൾപ്പെടുന്നു. എന്നാൽ ഇവയൊന്നും സ്വതന്ത്ര കഥകളായിരുന്നില്ല എന്നതാണ് ശ്രദ്ധേയമായ വിഷയം. ഈ പ്രാഥമികഘട്ടത്തിൽ രചിച്ച കഥകളിൽ ഗുണ്ടർട്ടിന്റെ 'പാഠമാല'യിലെ ബാലകഥകൾക്കും കേരളവർമ്മ രചിച്ച ബാലകഥയ്ക്കും മാത്രമാണ് സ്വതന്ത്രാഖ്യാനത്തിന്റെ സ്വഭാവം കാണാൻ കഴിയുന്നത്.

### 01.02.02. മധ്യഘട്ടം (1950-2000)

1950 ന ശേഷം രചിച്ച ബാലകഥകളെയാണ് മധ്യഘട്ടത്തിൽ ഉൾപ്പെടുത്തുന്നത്. 1950 മുതൽ 2000 വരെയുള്ള കാലഘട്ടത്തിൽ രചിച്ച കൃതികളാണ് ബാലസാഹിത്യത്തിലെ മധ്യഘട്ടത്തിൽ ഉൾപ്പെടുന്നത്. മുൻപു സൂചിപ്പിച്ച പോലെ പാഠം സ്വതന്ത്രാഖ്യാനങ്ങളായി പരിണമിച്ച ബാലകഥകൾ പ്രത്യക്ഷപ്പെട്ടു തുടങ്ങിയ കാലത്തെയാണ മധ്യകാലഘട്ടമായി പരിഗണിക്കുന്നത്. പഞ്ചതന്ത്രം കഥകൾക്കുവന്ന പരിണാമം ഇ വി കൃഷ്ണപിള്ള യുടെ 'പഞ്ചതന്ത്രംകഥകൾ' (1950)എന്ന കഥാസമാഹാരത്തിൽ നിന്നും മനസ്സിലാക്കാനാവും. സാരോപദേശം പകരുന്നതിനൊപ്പം വ്യത്യസ്തങ്ങളായ ആശയങ്ങളുടെ പ്രത്യക്ഷീകരണമാണ നാരായണപിള്ള ഇടപ്പള്ളി എഴുതിയ 'മദോൽകടൻ' (1953). പതിവു ആനക്കഥകളിൽ നിന്നും വ്യത്യസ്തവും ചിന്തിപ്പിക്കുന്നതുമായ കഥയാണ് ഇ വി കൃഷ്ണപിള്ള രചിച്ച 'ആനയും അമ്മൂമ്മയും' (1955). ഉപദേശകഥകളിൽ പദപരിചയ ലക്ഷ്യം കൂടി സാധ്യമാക്കുന്ന കഥകളാണ് കെ കേശവൻ നായരുടെ 'ബാലസാഹിത്യം' ഒന്നാം ഭാഗം, രണ്ടാം ഭാഗം, മൂന്നാം ഭാഗം (1956) എന്നിവ. നന്ദനാർ എഴുതിയ 'ഉണ്ണിക്കുട്ടന്റെ ലോകം' (1956), ജോയ് മുട്ടാർ രചിച്ച 'പണം കൊതിയൻ' (1956) എന്നിവയും ഈ ഘട്ടത്തിലെ പ്രധാന രചനകളാണ്. എം ടി വാസുദേവൻ നായർ രചിച്ച 'മാണിക്യക്കല്ല്' (1957) എന്ന കൃതിയിലെ പ്രമേയം പരിചിതമായ രാജകുമാരി - രാജകുമാരൻ സങ്കൽപ്പത്തിൽ നിന്നും സൃഷ്ടിച്ചതാണ്. എന്നാൽ ഇതു അവതരിപ്പിച്ചിരിക്കുന്ന രീതി നൂതനത്വം പുലർത്തുന്നതാണ്. സി എ

കിട്ടുണ്ണിയുടെ 'മുടന്തനായ മുയൽ' (1958), കാരൂർ എഴുതിയ 'ആനക്കാരൻ' (1959), കുഞ്ഞുണ്ണി തനത്‌ശൈലിയിൽ രചിച്ച 'അരക്കച്ചാരും രസികച്ചാരും' (1959), 'പുലിവാല്' (1959) എന്നിവ സ്വന്തം പ്രവൃത്തിയിൽ വന്നു ചേരുന്ന ദോഷങ്ങളെ അടിസ്ഥാനമാക്കി സാരോപദേശം പകരുന്ന കഥകളാണ്. 1950 കൾക്ക് ശേഷം എഴുതിയ ബാലനോവലുകളെയും കഥകളെയും പരിശോധിക്കുമ്പോൾ ഇതിവൃത്തത്തിലും പ്രമേയ അവതരണത്തിലും വന്ന വൈവിധ്യമാണ് പ്രത്യക്ഷത്തിൽ തിരിച്ചറിയാനാവുക. പ്രസ്താവനയോ നേരിട്ടുള്ള സംഭാഷണമോ നടത്തിക്കൊണ്ടു കഥ ആരംഭിക്കുന്ന രീതിയാണ് കുട്ടേട്ടൻ എഴുതിയ 'വളരുക വലിയവരാവുക' (1959) എന്ന കഥാസമാഹാരത്തിലുള്ളത്. കഥാരചനയ്ക്കു ചില ഇതിവൃത്ത പരീക്ഷണങ്ങളും കുട്ടേട്ടൻ നടത്തിയിട്ടുണ്ട്. 'ഒരു ഓണസ്വപ്നം' എന്ന കഥ "പൈങ്കിളിയെ ...പൈങ്കിളിയെ ....എന്ന് തുടങ്ങുന്ന കവിതയിൽ ആരംഭിച്ച് മൃഗങ്ങളെക്കുറിച്ച് ഒരു അറിവന്വേഷണം നടത്തുകയാണ് ചെയ്യുന്നത്. 'ചരിത്രത്തിന്റെപാഠം' എന്ന കഥയാകട്ടെ തൊഴിലിന് അനുസരിച്ച് ചാതുർവർണ്യ വിഭജനം വന്നതിനെക്കുറിച്ചും കാലക്രമേണ ഇതിനു വന്ന മാറ്റത്തെക്കുറിച്ചും കുട്ടികളോടു വിവരിക്കുന്നു. 1950 കൾക്കു ശേഷം രചിച്ച ബാലകഥകളിൽ പ്രത്യക്ഷപ്പെട്ട ഈ വ്യത്യസ്ത പ്രമേയങ്ങൾ ബാല സാഹിത്യത്തിന്റെ വളർച്ചയുടെ അളവുകൾ തിട്ടപ്പെടുത്താൻ സഹായകമാവുന്നു.

1960 കളുടെ ആരംഭത്തിലെ ബാലസാഹിത്യകാരിൽ ഒരു പ്രധാന എഴുത്തുകാരനാണ് മാലി (വി മാധവൻ നായർ). 'ഉണ്ണികളെ കഥ പറയാം' (1954), 'ഉണ്ണികൾക്ക് ജന്തുകഥകൾ' (1957), 'മാലിരാമായണം' (1962), 'മാലിഭാഗവതം' (1968), 'ജീവനുള്ള പ്രതിമ' (1979), 'സർക്കസ്' (1979), 'പോരാട്ടം' (1979) എന്നിങ്ങനെ നിരവധി രചനകൾ അദ്ദേഹത്തിന്റേതായുണ്ട്. ഡി വി കുറുപ്പ് എഴുതിയ 'കഥപറയുന്ന മൃഗങ്ങൾ' (1963), ഉറൂബ് രചിച്ച 'മല്ലനും മരണവും' (1966) കഥാകഥനത്തിന്റെ മാതൃകയിൽ അദ്ദേഹം രചിച്ച 'അംഗവീരൻ' (1967), 'അപ്പുവിന്റെ ലോകം' (1979) എന്നിവയും ശ്രദ്ധേയമാണ്. 1960-കളിൽ രചിച്ച മൃഗകഥകളിൽ കാണുന്ന പ്രകടമായ മാറ്റം അവ കേവലം മൃഗകഥകൾ എന്ന നിലയിൽ നിന്നും മാറി മൃഗങ്ങളെക്കുറിച്ചു വിജ്ഞാനം പകരുന്ന രീതിയിൽ രചിക്കുന്നവയായിരുന്നു എന്നതാണ്. സി അച്യുതനുണ്ണി രചിച്ച 'ബീവറും ലാമയും' (1962), 'തിമിംഗലവും ധ്രുവക്കരടിയും' (1963)എന്നീ

നോവലുകൾ ഇത്തരം രചനകൾക്ക് ഉദാഹരണമാണ്. സി എ കിട്ടുണ്ണി രചിച്ച 'കാക്ക' (1962), 'തവളയുടെ വിമാനയാത്ര' (1964) എന്നിവ മൃഗങ്ങൾ അവരവരുടെ കഥ സ്വയം പറയുന്ന രീതിയിൽ ആഖ്യാനം ചെയ്തിട്ടുള്ളതാണ്. മൃഗങ്ങളുടെ വേദനയും ജീവിതവും മൃഗങ്ങളിൽ നിന്നു തന്നെ അറിയുന്നവയായിരുന്നു ഈ രചനകൾ. കഥ പറയുന്നതിനേക്കാൾ ഓരോ ജീവികളെയും കുറിച്ച് അറിവു പകരാനാണ് ഇത്തരം രചനകൾ ശ്രമിച്ചിട്ടുള്ളത്. ഒരു കഥയ്ക്കുള്ളിൽ മറ്റൊരു കഥ ഒളിപ്പിച്ചുവെച്ചു പരിണാമഗുപ്തി സൂക്ഷിക്കുന്ന കഥകളും ഇക്കാലത്തു കാണാനാവും. മീനാട് കൃഷ്ണൻകുട്ടിയുടെ 'സർപ്പമാണിക്യം' (1968) ഇത്തരത്തിൽ വായിക്കാവുന്ന ഒന്നാണ്. ബാലനോവൽ രചനയിൽ അധ്യായ വിഭജനം, അധ്യായങ്ങൾക്കു സവിശേഷമായ പേരു നൽകൽ എന്നിവയിലും അറുപതുകളോടെ ബാലകഥാരചയിതാക്കൾ ശ്രദ്ധിച്ചു തുടങ്ങിയിരുന്നു.

എഴുപതുകളോടെ മൃഗകഥകളിൽ കഥപറച്ചിൽ രീതി വ്യത്യാസപ്പെട്ടു. 'കുഞ്ഞുറുമ്പു മുതൽ പൊണ്ണനാനവരെ' (1979) എന്ന നോവലിൽ മൃഗങ്ങൾ സ്വയം കഥാപാത്രങ്ങളാവുകയും അവരെ കുറിച്ചുള്ള അറിവു പകരുകയും ചെയ്യുന്നു. ജന്തു ലോകത്തിലെ മഹാത്ഭുതങ്ങൾ ഉറുമ്പിന്റെ കാഴ്ചപ്പാടിലൂടെയാണ് ഇക്കഥയിൽ അവതരിപ്പിക്കുന്നത്. ബാലനോവലുകളുടെ ആഖ്യാനത്തിൽ നിരവധി പാകപ്പിഴകൾ നിലനിൽക്കുന്നുവെന്നതു നിസ്തർക്കവിഷയമാണെങ്കിലും പ്രമേയ പരമായ പുതുപരീക്ഷണങ്ങൾ ഇക്കാലത്തുണ്ടായി. 1970 കളിൽ ബാല നോവലുകൾ രചിച്ച പ്രധാന എഴുത്തുകാരനായിരുന്നു ഏറ്റുമാനൂർ ശിവകുമാർ. അദ്ദേഹം ഇക്കാലങ്ങളിൽ എഴുതിയ 'അന്വേഷണം' (1979), 'മാണിക്യ കൊട്ടാരം' (1979) എന്നിവ പുതുപ്രമേയ പരീക്ഷണങ്ങളുടെ ഉദാഹരണങ്ങളാണ്. 'അന്വേഷണം' എന്ന നോവലിന്റെ തുടക്കം രസകരമാം വിധമായിരുന്നു വെങ്കിലും കഥാ വികസനത്തിൽ ഈ രചനാ കൗശലം തുടരാനാവാതെ വിരസമാവുന്നതു കാണാനാകും. ശിവരാമൻ ചെറിയനാട് എഴുതിയ 'അമ്മയുടെ കണ്ണുനീർ' (1978) എന്ന നോവൽ മദ്യപാനത്തിൽ നിന്നും മോചനം നേടുകയെന്ന ലക്ഷ്യത്തെ മുൻനിർത്തി സാമൂഹ്യപ്രവർത്തകർക്കും കുട്ടികൾക്കുമായി എഴുതിയതാണ്.

ഇക്കാലത്തെ മറ്റൊരു സവിശേഷ പ്രമേയം ശാസ്ത്രകഥകളുടെ അവതരണങ്ങളായിരുന്നു. സംഭാഷണത്തിലൂടെ ശാസ്ത്രീയ കഥകൾ പറയുന്ന ഇ എ കരുണാകരൻ നായർ എഴുതിയ 'ഞാൻ എങ്ങനെ ഉണ്ടായി' (1971), ഡി ബി കുറുപ്പ് എഴുതിയ 'അറിവിന്റെമന്ത്രം' (1975) അച്ഛനും മകനും തമ്മിലുള്ള സംഭാഷണത്തിലൂടെ അറിവുപകരുന്ന കേശവൻ വെള്ളിക്കുളങ്ങര എഴുതിയ 'അച്ഛൻ പറഞ്ഞത്' (1979)എന്നിവ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു. ശാസ്ത്രീയവിഷയങ്ങൾ മാത്രമായിരുന്നില്ല സാമൂഹികവും ഭാഷാപരവുമായ അറിവു നൽകുന്ന പല കൃതികളും അക്കാലത്ത് ഉണ്ടായി. ഒരു കാലഘട്ടത്തിലെ ജീവിതരീതി, വിദ്യാഭ്യാസ രീതി, എന്നിവ കഥകളിലൂടെ അറിയാൻ ഈ കഥകൾ സഹായിക്കുന്നു.

കുട്ടികളുടെ ജീവിതരീതികളെ സരളമായി വിശദീകരിക്കുകയും ഒടുക്കമൊരു മന:ശാസ്ത്രജ്ഞന്റെ ഗൗരവത്തോടെ ഗുണദോഷിക്കുകയും ചെയ്യുന്ന കഥയാണ് എം കെ കൃഷ്ണൻ എഴുതിയ 'കൊച്ചുമിടുക്കൻമാർ' (1974). ഇ വി കൃഷ്ണപിള്ള എഴുതിയ 'ഭാസ്കരൻ' (1978) എന്ന നോവൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം, വിദ്യാഭ്യാസം ശക്തിപ്പെടാൻ മാതാ പിതാക്കളുടെ സഹകരണം, പെൺകുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയവയെ ക്കുറിച്ച് ചിന്തിക്കാനും ചർച്ച ചെയ്യാനും സഹായിക്കുന്നു. അക്ഷരസ്ഫുടതയെ ക്കുറിച്ചും ഭാഷ, ശബ്ദം, രൂപം, അർത്ഥം എന്നിവയെക്കുറിച്ചും ലിപിയെക്കുറിച്ചും വ്യാകരണ കാര്യങ്ങളെക്കുറിച്ചും ലളിതമായി പറയുന്ന കഥയാണ് കടവനാട് കുട്ടികൃഷ്ണൻ എഴുതിയ 'പ്രിയപ്പെട്ടവരെ' (1979).

1980 കൾ മലയാള ബാലസാഹിത്യത്തിൽ വ്യത്യസ്തമായ പ്രമേയങ്ങൾ അവതരിപ്പിച്ചുകൊണ്ട് എഴുത്തുകാർ ബാലസാഹിത്യരംഗത്ത് നിലയുറപ്പിച്ച കാലഘട്ടമായി അടയാളപ്പെടുത്താം. ബാലകഥകൾക്കു പുതിയ മാനം നൽകിയ എഴുത്തുകാരനാണ് പി നരേന്ദ്രനാഥ്. 'അന്ധഗായകൻ' (1963), കുഞ്ഞിക്കൂനൻ' (1965) 'ഇത്തിരിക്കുഞ്ഞൻ' (1968), 'പങ്കുണ്ണി' (1976), 'കുഞ്ഞിച്ചീരു' (1978), 'അമ്മയുടെ ഉമ്മ' (1979), 'കുഞ്ഞുണ്ണിയും കൂട്ടുകാരും' (1980), 'കുഞ്ഞിപ്പാക്കൻ' (1981), 'നമ്പൂര്യാച്ചനും മന്ത്രവും' (1981), 'ഉണ്ടത്തിരുമേനി' (1984), 'കറുമ്പൻ കുഞ്ഞുണ്ണി' (1985), 'ഉണ്ണികളെ ചിരിച്ചോളൂ' (1988), 'ഉണ്ണിയും കാട്ടാളത്തിയും' (1998) എന്നിവ അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട രചനകളാണ്. അദ്ദേഹത്തിന്റെ

നോവലുകളിൽ കാണുന്ന സവിശേഷതകൾ മലയാളബാലനോവലുകൾക്കു മാതൃകയായി മാറിയിട്ടുണ്ടെന്നുനിരീക്ഷിക്കാം. സംഭാഷണങ്ങളിലെ വൈവിധ്യം, ബാലമനസ്സിലൂടെയുള്ള സഞ്ചാരം, കെട്ടുറപ്പോടെയുള്ള ഇതിവൃത്തം, അധ്യായ വിഭജനങ്ങളിലെ യുക്തിഭദ്രത, വായനയെ സാന്ദ്രമാക്കൽ എന്നിവയാണ് പി നരേന്ദ്രനാഥിന്റെ കൃതികളിലെ കാതൽ. 'പങ്ങനും രാക്ഷസനും' (1980)എന്ന ലഘുനോവൽ ബുദ്ധിയുടെ വിജയത്തെക്കുറിച്ചുള്ള കഥയാണ്. രാക്ഷസന്റെ കരങ്ങളിൽ നിന്ന് ഒറ്റക്കാലൻ പങ്ങൻ അമ്മയേയും സഹോദരങ്ങളേയും രക്ഷിക്കുന്നതു ബുദ്ധികൊണ്ടും ചിന്തകൊണ്ടും സമചിത്തതകൊണ്ടുമാണ് എന്നു തെളിയിക്കുകയാണ് ഈ കഥ. ബാലസാഹിത്യത്തിൽ ഹാസ്യ നോവലുകളുടെ രസകരമായ രചനാരീതി പി നരേന്ദ്രനാഥിന്റെ നോവലുകളിലൂടെയാണ് പ്രത്യക്ഷപ്പെടുന്നത്. 'വലിയമ്മാവന്റെ വാരഫലം' (1988) എന്ന നോവൽ ഇതിന് ഉത്തമോദാഹരണമാണ്. അന്ധവിശ്വാസങ്ങളെ ഈ നോവൽ പരിഹസിക്കുന്നു. സാധാരണ ഗൃഹാന്തരീക്ഷത്തിൽ സംസാരിക്കുന്ന ഭാഷ ഉപയോഗിച്ചുകൊണ്ടു ഹാസ്യാത്മകമായ ആഖ്യാനരീതി കൊണ്ടുവരുകയും അതിൽനിന്നു കുട്ടികളിൽ ഔചിത്യബോധവും യുക്തിചിന്തയും ഉണർത്തുകയാണ് പി നരേന്ദ്രനാഥ് ഈ രചനകളിലൂടെ സാധ്യമാക്കിയത്. 'കൊച്ചു നീലാണ്ടൻ' (1972), 'അപ്പുമോൻ ഡും ഗോളത്തിൽ' (1980)എന്നിവയുടെ ആഖ്യാനം നടേ പരാമർശിച്ച നോവലുകളിൽ നിന്നും വ്യത്യസ്തമാണ്. രസകരമായ നിരവധി സംഭവങ്ങളിലൂടെ മുന്നോട്ടു പോകുന്ന 'കൊച്ചുനീലാണ്ട'നിൻ കുട്ടികൾക്കു ചിന്തിക്കാനുള്ള നിരവധി ഘടകങ്ങളും സാരോപദേശങ്ങളും അലിയിച്ചു ചേർത്തിരിക്കുന്നു. കുട്ടികളിൽ ശാസ്ത്രാഭിരുചിയും ഗവേഷണതാത്പര്യവും വളർത്താൻ ശ്രമിക്കുന്ന നോവലാണ് 'അപ്പുമോൻ ഡും ഡും ഗോളത്തിൽ'. കുട്ടികളിലെ മനോ വ്യാപാരങ്ങളെ അവരുടെ സാമാന്യസ്വഭാവത്തോട് ഇടകലർത്തി കുട്ടികൾക്കു സ്വയം തെറ്റ് തിരുത്താനുള്ള മാർഗങ്ങളും സദുപദേശങ്ങളും അദ്ദേഹം കഥകളിൽ ഉൾച്ചേർത്തിരിക്കുന്നു. കുട്ടികൾക്കു സ്വയം വിലയിരുത്താനും തിരിച്ചറിവുണ്ടാക്കാനും അദ്ദേഹത്തിന്റെ നിരവധികഥാപാത്രങ്ങൾ മാതൃകയായി വർത്തിക്കുന്നുണ്ട്.

എൺപതുകളിലെ നോവലുകളിൽ ഭാഷാപരമായും സാമൂഹികവിഷയ പരമായും പുതിയ പരീക്ഷണങ്ങൾ നടക്കുന്നുണ്ട്. അബ്ദുൽ ഖാദർ എഴുതിയ

'ചുവന്നാമ' (1980)എന്ന കഥ പഴയകഥകൾക്ക് എഴുത്തുകാരൻ നൽകുന്ന രൂപാന്തരങ്ങൾക്കു ഉദാഹരണമാണ്. കൃഷ്ണൻ എഴുത്തച്ഛൻ എഴുതിയ 'നദികൾ കഥപറയുന്നു' (1981) നദികൾ അവരുടെ ഉത്ഭവം മുതൽ സമുദ്രത്തിൽ പതിക്കുന്നതുവരെയുള്ള വിജ്ഞാനം പകരുന്ന രചനയാണ്. ശരീരശാസ്ത്രത്തിന്റെ കഥയാണ് ജോർജജ് ആരക്കുന്നം എഴുതിയ 'യുദ്ധം' (1981). ഓരോ അസുഖങ്ങളെക്കുറിച്ചുള്ള അറിവു പകരുന്ന കഥയാണ് ജോസഫ് മത്തായി എഴുതിയ 'ഡോക്ടറമ്മാവന്റെ കഥകൾ' (1982). കാടിന്റെ അന്യാദൃശമായ ഞരക്കങ്ങളും ഗന്ധവും ആസ്വദിക്കുന്ന നോവലാണ് ജോസഫ് പനയ്ക്കൽ എഴുതിയ 'മലമുകളിലെ പക്ഷി' (1984). കേശവൻ വെള്ളിക്കുളങ്ങര കത്തു രൂപത്തിൽ ശാസ്ത്രവിഷയങ്ങൾ ഉൾക്കൊള്ളിച്ച് എഴുതിയ കഥയാണ് 'കണ്ണനൊരു കത്ത്' (1984). ഫ്ലാഷ്ബാക്ക് രൂപത്തിൽ ഗോപിനാഥ് മാവുങ്കൽ എഴുതിയ കഥയാണ് 'ഭബുടലക്ഷനും പമ്പരവിഡ്ഢിയും' (1985), സൈലന്റ് വാലിയിലെ മൃഗങ്ങളും പക്ഷികളും സൗമ്യവും ഹൃദ്യവുമായ ഭാഷയിൽ നമ്മോട് സംസാരിക്കുന്ന രീതിയിൽ എഴുതിയ കഥയാണ് ആറ്റുപുറം തോമസ് എഴുതിയ 'സൈലന്റ് വാലിയിലെ രാജാവ്' (1985). ടി സി ജോൺ എഴുതിയ 'മോചനത്തിന്റെ പടവുകൾ' (1985) എന്ന നോവൽ നൂറ്റാണ്ടുകളായി അടിമത്തത്തിന്റെ നുകം ചുമന്നു തകർന്നടിഞ്ഞ ഒരു ജനവിഭാഗത്തിന്റെ ഉയർത്തെഴുന്നേൽപ്പിന്റെ കഥയാണ് പറയുന്നത്. വയനാട്ടിലെ ആദിവാസികൾ തനതായ സാമൂഹിക ബോധത്തിന്റെയും സംസ്കാരത്തിന്റെയും അവകാശികളാണ്. അവർക്കുവേണ്ടി ഗവൺമെൻറ് ചെയ്യുന്ന പദ്ധതികൾ അവർക്കെങ്ങനെ ഉണർവേകുന്നുവെന്നതിന്റെ അനാവരണം ഈ നോവലിലൂടെ സാധ്യമാകുന്നു. എന്നാൽ നോവലിന്റെ സംഭാഷണങ്ങൾ പലപ്പോഴും ക്രമബദ്ധമാകുന്നില്ല. കഥാപാത്രത്തിന്റെ സംഭാഷണത്തിനിടയിൽ എഴുത്തുകാരൻ നേരിട്ടു സംഭാഷണം ചെയ്യുന്നുണ്ട്. സാമൂഹികപരിവർത്തനങ്ങളെ കുറിച്ചു പറയുമ്പോഴാണ് പലപ്പോഴും എഴുത്തുകാരൻ സ്വയം സംസാരിച്ചു തുടങ്ങുന്നത്. പഴഞ്ചൊല്ലുകൾ, ആദിവാസി ജനതയുടെ ഇടയിൽ മാത്രം നിലനിൽക്കുന്ന പദങ്ങൾ എന്നിവ ഈ നോവലിൽ ധാരാളം കാണാം.

ആഖ്യാനത്തിൽ അതികഥാസമ്പ്രദായം ധാരാളമായി കാണുന്ന കാലം കൂടിയാണിത്. ജി സോമനാഥൻ എഴുതിയ 'പവിഴമുത്തുകൾ' (1985)എന്ന

നോവൽ ഇത്തരം രചനാരീതിക്ക് ഉത്തമോദാഹരണമാണ്. കുട്ടി വായിക്കാൻ എടുക്കുന്ന പുസ്തകത്തിലെ കഥകൾ നോവലിലെ അതികഥകളായി പരിണമിക്കുന്നു. പുതുമയാർന്ന പരീക്ഷണങ്ങളിൽ ശ്രദ്ധേയമായ ചില നോവലുകളും അക്കാലത്ത് ഉണ്ടായിട്ടുണ്ട്. അന്ധവിശ്വാസങ്ങളിൽ നിന്നും ഗൃഹ ചികിത്സയിൽ നിന്നും ഉണ്ടാവുന്ന ആപത്തുകൾക്കെതിരെ ശബ്ദിച്ച നോവലാണ് റഷീദ് പരപ്പനങ്ങാടി എഴുതിയ 'തണൽ' (1987). ഭാരതത്തിന്റെ മോചനത്തിനു വേണ്ടി ജീവിതം ആത്മാഹുതി ചെയ്ത നിരവധി സ്വാതന്ത്ര്യസമര ഭടന്മാരുടെ ആവേശോജ്ജ്വലമായ ചരിത്രം അടങ്ങുന്ന നോവലാണ് കെ തായാട്ട് എഴുതിയ 'നാം ചങ്ങല പൊട്ടിച്ച കഥ' (1988). കുട്ടികളെ സങ്കല്പലോകത്തു നിന്നും അറിവിന്റെ ലോകത്തെത്തിക്കുന്ന കഥയാണ് ഡി സി കുറുപ്പ് എഴുതിയ 'രഹസ്യ ദ്വീപ്' (1986). അദ്ദേഹത്തിന്റെ 'പുരാണ കില' (1988)എന്ന കഥ പുരാണ കഥകളോടു മനുഷ്യ ജീവിത സംഭവങ്ങൾ സാമ്യപ്പെടുത്തുന്നു. ശാസ്ത്ര ചിന്തകൂടി കലർത്തി കഥ പറയുന്ന രീതി ഇക്കാലത്തെ ഒരു സവിശേഷതയാണ്. നർമ്മബോധത്തിനു പ്രാധാന്യം നൽകുന്നതിനൊപ്പം പ്രവർത്തനത്തിലൂടെ ശാസ്ത്രസംബന്ധമായ അറിവു നൽകുന്ന കഥയാണു കേശവൻ വെള്ളിക്കുളങ്ങര എഴുതിയ 'പൂരംമാമ്പഴം' (1989).

തൊണ്ണൂറുകൾക്കു ശേഷം ബാല കഥകളുടെ ഇതിവൃത്തത്തിൽ ഉണ്ടായ മാറ്റം അതു കൂടുതലും ജീവിതവുമായി അടുത്തു നിൽക്കുന്നുവെന്നതാണ്. എം എസ് ജീവൻ രചിച്ച 'പുഴയും കുട്ടിയും' (1990) നന്മയും തിന്മയും അടങ്ങുന്ന ജീവിതത്തിൽ പ്രതീക്ഷയുടെ കൈത്തിരികൊളുത്തുന്ന നോവലാണ്. ശാസ്ത്രീയത ഒളിപ്പിച്ചു വയ്ക്കുകയും ഭാവനയുടെ ചിറകുകൾ വിടർത്തുകയും ചെയ്യുന്ന രചനയാണ് പനവേലയിൽ കൃഷ്ണൻകുട്ടി രചിച്ച 'വിരൽ മനുഷ്യൻ' (1991). അൻവർ എഴുതിയ 'ഞാൻ റപ്പായി' (1990)എന്ന കഥയുടെ ലക്ഷ്യം സാക്ഷരത മനുഷ്യനെ നല്ലവനാക്കുന്നു എന്ന സന്ദേശം നൽകുക എന്നതായിരുന്നു. ബുദ്ധി വൈഭവത്താൽ ജീവിതവിജയം നേടിയ സുമുറൂദ് എന്ന പെൺകുട്ടിയുടെ കഥയാണ് എം ടി വാസുദേവൻ നായർ എഴുതിയ 'ദയ എന്ന പെൺകുട്ടി' (1991)യിൽ അനാവരണം ചെയ്തിരിക്കുന്നത്. വിദ്യാഭ്യാസം ഇല്ലെങ്കിൽ പണവും സ്ഥാനമാനങ്ങളും നഷ്ടമാവും എന്നുപറഞ്ഞുകൊണ്ട് വായനയുടെ പ്രാധാന്യത്തെയാണ് ഈ കഥയും വ്യക്തമാക്കുന്നത്. ബാലകഥകളിൽ

പ്രസക്തമായ ഒരു പ്രമേയമാണു കുട്ടികൾക്കു മറ്റു ജീവജാലങ്ങളോടുള്ള ബന്ധത്തെ ആസ്പദമാക്കി രചിക്കുന്ന കഥകൾ. കുട്ടികളും ജീവികളും തമ്മിലുള്ള സ്നേഹബന്ധത്തെ കുറിക്കുന്ന കഥകൾ സഹജീവി സ്നേഹം വളർത്തുകയെന്ന ലക്ഷ്യത്തെയാണ് പ്രാഥമികമായി ഉദ്ദേശിക്കുന്നത്. 1990 കൾക്കു ശേഷം വ്യത്യസ്തവും രസകരവുമായ കഥകളുടെ കാലമാണ്. നടയറ കബീർ എഴുതിയ 'ഇളം മുകുളങ്ങൾ' (1993), യുക്തികൊണ്ട് ഭയത്തെ ഇല്ലാതാക്കുന്ന കഥയാണ്. കലാമണ്ഡലം കേശവൻ എഴുതിയ 'അമ്പലക്കാള'യും (1993) ഇത്തരത്തിൽ രചിച്ചതാണ്. ശാസ്ത്രം, യുക്തിചിന്ത, പരിസ്ഥിതിവിജ്ഞാനം, സാമൂഹിക വിജ്ഞാനം എന്നിവ പകരുന്ന കഥകളും ഇക്കാലത്തു ധാരാളമുണ്ടായി. എം എ കരീം എഴുതിയ 'ആദർശകഥകൾ' (1994) ഇതിനുദാഹരണമാണ്. തുടർസംഭവങ്ങളിലൂടെ ഒരു പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുകയും എന്നാൽ അതു മറ്റു പ്രശ്നങ്ങളിലേക്കു പോവുകയും ഒടുവിൽ ശുഭപര്യവസാനമാവുകയും ചെയ്യുന്ന കഥകൾ ഇക്കാലത്തുണ്ട്. പി ചിന്മയൻ എഴുതിയ 'ചെണ്ടക്കാരൻ കുഞ്ചു' (1995) ഇത്തരത്തിലുള്ള വായനാനുഭവം പ്രദാനം ചെയ്യുന്ന രചനയാണ്. ആരാണ് വലിയവൻ ആരാണ് ചെറിയവൻ എന്ന ധർമ്മയുദ്ധത്തെ മൃഗകഥയിലൂടെ ആവിഷ്കരിക്കുന്ന കഥയാണ് മുണ്ടൂർ അരവിന്ദന്റെ 'ധർമ്മയുദ്ധം' (1997). ഇക്കാലത്തുണ്ടായ ഹാസ്യ കഥകളിൽ ഉപദേശങ്ങളും സദ്ചിന്തകളും കാപട്യങ്ങൾക്കു നേരെയുള്ള കൂരമ്പുകളും അടങ്ങിയിരിക്കുന്നു. ബി വി കാവിൽപ്പാട് രചിച്ച 'മിടുമിടുക്കന്മാർ' (1997) എന്ന കഥയും ഈ തരത്തിലുള്ളതാണ്. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയ 'കഥ കൗതുകം' (1999) ആഖ്യാനശൈലികൊണ്ടു ശ്രദ്ധേയമാണ്. ലിംഗ സമത്വത്തിനുപ്രാധാന്യം നൽകിക്കൊണ്ടു സ്ത്രീ സ്വാതന്ത്ര്യത്തെക്കുറിച്ച് എഴുതിയ കഥയാണ് ദേവദാസ് എഴുതിയ 'അമ്പലക്കുളത്തിൽ' (1999). കണ്ണൻ മേനോൻ എഴുതിയ 'കുറ്റിയും കോലും' (1999) എന്ന കഥ രസകരമായ കുറച്ചു കഥകളുടെ സമാഹാരമാണ്.

### 01.02.03. നവീനഘട്ടം (2000_ )

2000 ത്തിനു ശേഷം ബാലസാഹിത്യവിഭാഗത്തിലുള്ള കഥകളെയും നോവലുകളെയുമാണ് നവീനഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആധുനികാനന്തരഘട്ടമെന്ന് പൊതുവെ ഈ ഘട്ടത്തെ വിശേഷിപ്പിക്കാ

വുന്നതാണ്. തൊണ്ണൂറുകളുടെ അന്ത്യഘട്ടം ആവുമ്പോഴേക്കും ആധുനികാന ന്തരതയുടെതായ ചില മാറ്റങ്ങൾ ബാലകഥകളിലും പ്രകടമായിത്തുടങ്ങി. 2000 മുതൽ ഇത്തരം സവിശേഷതകളോടെ ധാരാളം ബാലകഥകളും നോവലും മലയാളത്തിലുണ്ടായിട്ടുണ്ട്. "ദൃശ്യമാധ്യമങ്ങളും, കമ്പ്യൂട്ടറും, കമ്പ്യൂട്ടർ അധിഷ്ഠിത മാധ്യമങ്ങളും പുതിയ വിദ്യാഭ്യാസ സാഹചര്യങ്ങളും വിവരവിനിമയ സങ്കേതങ്ങളും ഒക്കെ ചേർന്ന കേരളത്തെ യാഥാർഥ്യബോധത്തോടെ ഇക്കാലം എത്തുമ്പോഴേക്കും വലിയതോതിൽ നവീകരിക്കുന്നുവെന്ന്" സാഹിത്യത്തിലെ പൊതുവായ ഭാവുകത്വപരിണാമത്തെക്കുറിച്ച് വത്സലൻ വാതുശ്ശേരി അഭിപ്രായപ്പെടുന്നുണ്ട് (2006:473). രണ്ടായിരത്തിനുശേഷം രചിച്ച ബാലകഥകളെ പരിശോധിച്ചാൽ അവ വൈവിധ്യമാർന്ന ആഖ്യാന പരീക്ഷണങ്ങളുടെ കാലമായിരുന്നു എന്നു കണ്ടെത്താനാകും. മൃഗകഥകളും നാടോടിക്കഥകളും, സാരോപദേശകഥകളും, ശാസ്ത്രകഥകളും, യുക്ത്യധിഷ്ഠിത കഥകളും മനോവ്യാപാരാധിഷ്ഠിത കഥകളും മികച്ച രചനാകൗശലത്തോടെ പ്രത്യക്ഷപ്പെട്ട കാലമായിരുന്നു അത്. സി ആർ ദാസ് എഴുതിയ 'കുമ്മാട്ടി' (2001)എന്ന നോവൽ കുട്ടികളുടെ മനസ്സിലൂടെ സഞ്ചരിക്കുന്ന നോവലാണ്. സ്വപ്നങ്ങളുടെയും യാഥാർത്ഥ്യങ്ങളുടെയും അത്ഭുതലോകത്തേക്കു കുട്ടികളെ കൊണ്ടു പോകാൻ ഈ കഥയ്ക്കു സാധിക്കുന്നു. മാക്കാച്ചിയമ്മ, മാക്കാച്ചിക്കുന്ന്, മാക്കാച്ചിക്കഥ എന്നീ ഉപകഥകളാൽ ഈ നോവൽ സൃഷ്ടിക്കുന്ന ഭാവപ്രപഞ്ചം സവിശേഷമാണ്. വിദ്യാഭ്യാസത്തിന്റെ നൂതനരീതി, വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം, സമൂഹത്തിൽ കുട്ടികളുടെ പ്രാധാന്യം എന്നിവയും ഈ നോവൽ ചർച്ചചെയ്യുന്നുണ്ട്. സാമൂഹികപ്രതിബദ്ധതയുള്ള ഒരു ജനതയെ വാർത്തെടുക്കു ന്നതിനുള്ള ഉപകരണമായി ഈ നോവലിനെ പരിഗണിക്കാവുന്നതാണ്. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ എടുത്തുകാണിക്കുന്ന നിരവധി നോവലുകളും കഥകളും ഇക്കാലത്തു രചിക്കപ്പെട്ടു. താഹാ മാടായി എഴുതിയ 'അബുവിന്റെ ലോകം'(2008) ഇത്തരത്തിലുള്ള മറ്റൊരു രചനയാണ്.

ബാലകഥകളുടെ പ്രമേയ അവതരണത്തിലും ആഖ്യാന രീതിയിലും നിരവധി പരീക്ഷണങ്ങൾ ഇക്കാലത്തുണ്ടായി. ഭാഷാപരമായി രചനയിൽ വന്ന മാറ്റങ്ങൾ സ്പഷ്ടമാണ്. സാഹിത്യലോകത്ത് ഇന്നു കാണുന്ന പുതു പ്രവണതകളെ ആവിഷ്കരിക്കാനുള്ള ഭാഷാതന്ത്രങ്ങൾ ഈ കാലഘട്ടത്തിലെ പല കഥകളിലും

പ്രകടമാണ്. ചെറുവാക്യങ്ങളാൽ കഥ പറയുന്ന രീതി രണ്ടായിരത്തിനുശേഷം വന്ന എല്ലാ ബാലകഥകളിലും കാണാം. അധ്യായവിഭജനത്തിലുള്ള പ്രത്യേകത, കഥയുടെ സഞ്ചാരം, കഥയുടെ ഉള്ളടക്കം എന്നിവ അധ്യായനാമങ്ങളിലൂടെ വെളിപ്പെടുത്തുന്ന രീതി ഈ കാലഘട്ടത്തിലെ ചില ബാലനോവലുകളിൽ പ്രകടമാണ്. പുനത്തിൽ കുഞ്ഞബ്ദുള്ള എഴുതിയ 'അമ്മയെ കാണാൻ' (2003) എന്ന കൃതി ഉത്തരാധുനിക ബാലനോവലിന് ഒരു ഉത്തമോദാഹരണമാണ്. സംഭവപരമ്പരകളിലൂടെ ആഖ്യാനം മുന്നോട്ടുപോകുന്ന രീതിയാണ് എം എസ് കുമാർ എഴുതിയ 'ഉഗ്ലി' (2004). സി എ നദി എഴുതിയ 'മോഹനം' (2004), എം എസ് കുമാർ എഴുതിയ 'മനസ്സറിയും കിളി' (2005) എന്നിവ ഭാഷാവതരണം കൊണ്ടു വ്യതിരിക്തമായിത്തീർന്ന നോവലുകളാണ്. കഥയ്ക്കുള്ളിൽ മറ്റൊരു കഥ പറഞ്ഞുകൊണ്ടു കഥയെ മനോഹരവും ഉദ്വേഗജനകവുമാക്കുന്ന നോവലാണ് ജി സോമനാഥൻ എഴുതിയ 'പത്തടി അലുവ' (2009). ബാലകഥകളിൽ ഭ്രമാത്മകത ശക്തമായ ഒരു ആഖ്യാന രീതിയായി കടന്നുവരാറുണ്ട്. എന്നാൽ ഭ്രമാത്മകത ജിജ്ഞാസ വളർത്തുന്ന രീതിയിൽ കാണാമെങ്കിലും അതു ശുദ്ധ ഭ്രമാത്മകതയോ വസ്തുസ്ഥിതി കഥനമോ ആവാതെ ഒരു മധ്യമാർഗം സ്വീകരിക്കുന്നു.

നാടോടിക്കഥകൾ, മൃഗകഥകൾ, സന്മാർഗ്ഗകഥകൾ, ഈശ്വര ചിന്തയുണർത്തുന്ന കഥകൾ, മനോവ്യാപാരാധിഷ്ഠിത കഥകൾ, ഭാഷാ വിജ്ഞാനപ്രദമായ കഥകൾ, പരിസ്ഥിതി സംബന്ധമായ കഥകൾ, ലോക വിജ്ഞാനപ്രദമായ കഥകൾ, ഭൂമിശാസ്ത്ര സംബന്ധ കഥകൾ, സ്ഥലവിവര കഥകൾ, ചരിത്രവിജ്ഞാനവും പാചകവിജ്ഞാനവും പകരുന്ന കഥകൾ എന്നിങ്ങനെ ഭാവനയുടെയും, യുക്തിയുടെയും, വിജ്ഞാനത്തിന്റെയും അടിസ്ഥാനത്തിൽ നിരവധി ബാലകഥകളും ബാലനോവലുകളും നവീന കാലഘട്ടത്തിൽ രചിക്കപ്പെട്ടിട്ടുണ്ട്.

ബാലകഥകളുടെ തുടക്കം മുതൽ ഇന്നുവരെ കാണുന്ന ഒരു പ്രമേയമാണ് മൃഗകഥകൾ. ജീവികളും കുട്ടികളുമായുള്ള ബന്ധത്തെ അടിസ്ഥാനമാക്കി രചിക്കുന്ന കൃതികൾ ഏറെ ശ്രദ്ധേയമാണ്. എം എസ് കുമാർ എഴുതിയ 'സ്റ്റോമി' (2005) നായയും കുട്ടിയും തമ്മിലുള്ള ആത്മബന്ധത്തിന്റെ ആവിഷ്കാരമാണ്. മനുഷ്യർ പൊതുവെ മൃഗങ്ങളോടു പെരുമാറുന്ന രീതികളെക്കുറിച്ചു മൃഗങ്ങൾ

ചിന്തിക്കുന്നതായി ആഖ്യാനം ചെയ്ത കഥയാണിത്. വളർത്തുമൃഗങ്ങളെ മാത്രമല്ല നാം പലപ്പോഴും ശത്രുക്കളായും ഉപദ്രവകാരികളായും കരുതുന്ന ജീവികളും കഥകൾക്ക ആധാരമാകാറുണ്ട്. ജമീൽ അഹമ്മദ് എഴുതിയ 'എലിക്കെണി' (2006)എന്ന കഥ എലിയെ കേന്ദ്രീകരിച്ച് എഴുതിയതാണ്. എലി സുഹൃത്താകുന്നതും എലിയെ സ്നേഹിക്കുന്നതുമായ ഈ കഥ മനുഷ്യർ ഒറ്റപ്പെടുമ്പോൾ സാന്ത്വനവും സ്നേഹവും നൽകാൻ മൃഗങ്ങൾക്കാവുമെന്ന് ഓർമ്മിപ്പിക്കുന്നു. ഫ്ലാറ്റിന്റെ ഇടുങ്ങിയ ജീവിതത്തിൽ കുട്ടിക്ക കൂട്ടുകൂടാൻ എലി മാത്രമാകുന്നുവെന്നതു മനുഷ്യബന്ധങ്ങളിൽ ഉണ്ടാവുന്ന അകൽച്ചയുടെ ആഴങ്ങളെ വെളിപ്പെടുത്തുന്നു. മനുഷ്യരുടെയും കിളികളുടെയും ജീവിതം താരതമ്യം ചെയ്തുകൊണ്ടു മനുഷ്യനു മാത്രമല്ല മറ്റു ജീവികൾക്കുമുള്ള ഇടമാണ് ഭൂമി എന്ന തത്വം പറയുന്ന ഒരു നോവലാണ് ശിവരാമൻ ചെറിയനാട് എഴുതിയ 'കൂട് വീട്' (2009). സൈമൺ എന്നനായയുടെ ജീവിതത്തിലൂടെ സ്വാതന്ത്ര്യത്തിന്റെയും പാരതന്ത്ര്യത്തിന്റെയും അനുഭവങ്ങളെ ആവിഷ്കരിക്കുന്ന മൃഗ കഥയാണ് ശ്രീനി ബാലുശ്ശേരി എഴുതിയ 'സ്വർണ്ണക്കൂടും ചങ്ങലയും' (2009). മൃഗീയം/മൃഗം എന്നെല്ലാം വിളിച്ച് മനുഷ്യൻ അധിക്ഷേപിക്കുന്ന മൃഗങ്ങളുടെ സ്വഭാവം മനുഷ്യരെക്കാൾ മികച്ചതാണെന്നു പറയുന്ന നോവലാണ് ജി സോമനാഥൻ എഴുതിയ 'മർക്കട കുമാരൻ' (2009). വിഷയവൈവിധ്യങ്ങളെ മൃഗകഥകളിലൂടെ ആവിഷ്കരിക്കുന്ന ആഖ്യാന രീതികളാണ് രണ്ടായിരത്തിനു ശേഷം മലയാളബാലകഥയിൽ സാധ്യമാക്കിയിരിക്കുന്നതെന്നു കണ്ടെത്താനാവും. മൃഗങ്ങളിലൂടെ മനുഷ്യരുടെ കഥ പറയുകയെന്നതായിരുന്നു പൊതുവെ ആദ്യകാല മൃഗകഥകളുടെ രീതി. എന്നാൽ ഈ രീതി വലിയ മാറ്റങ്ങളോടു കൂടിയാണ് പിന്നീടുള്ള കാലങ്ങളിൽ പ്രത്യക്ഷപ്പെട്ടത്. ജോസഫ് വലടാലി എഴുതിയ 'കുക്രി' (2010)എന്ന കഥ ഇത്തരം പരീക്ഷണങ്ങളിലൊന്നാണ്. വി പത്മകുമാരി എഴുതിയ 'സ്നേഹത്തിന്റെ തുമ്പിക്കൈ' (2016) എന്ന നോവൽ ആനയും കുട്ടിയും തമ്മിലുള്ള ആത്മ ബന്ധത്തിന്റെ കഥ പറഞ്ഞുകൊണ്ടു പരിസ്ഥിതിയും മനുഷ്യനും തമ്മിൽ ഇണങ്ങിച്ചേരലിന്റെ അറിവിടമായി രൂപപ്പെടുന്നു.

സന്മാർഗ്ഗ ചിന്തകൾ മാത്രം ഉണർത്തുന്ന കഥകൾക്ക ബാലകഥാ സാഹിത്യത്തിൽ എക്കാലത്തും സ്ഥാനമുണ്ട്. ആദ്യകാല സാരോപദേശ

കഥകളിൽ നിന്ന് ഏറെ മാറ്റങ്ങളില്ലാത്ത കഥകൾ ആധുനികാനന്തര ഘട്ടത്തിലും കാണാം. കുട്ടികളിൽ വലുപ്പച്ചെറുപ്പം ഇല്ല എന്നും അവരിലുള്ള നന്മയെ മുതിർന്നവർ ഇല്ലാതാക്കരുതെന്നുമുള്ള സന്ദേശം കൈമാറുന്ന കഥയാണ് നൂറനാട് ഹനീഫ് എഴുതിയ 'ചെല്ലക്കിളി ചെമ്മാനക്കിളി' (2000), 'കിക്കിലുക്കം കിലുകിലുക്കം' (2001) എന്നിവ. റഷീദ് പരപ്പനങ്ങാടി എഴുതിയ 'ഒരു ഉത്സവസമ്മാനം' (2005), 'വർണ്ണക്കുടകൾ' (2007) എന്നിവ നന്മയും സ്നേഹവും കൈമാറുന്ന കഥകളാണ്. സംഗീത ശ്രീനിവാസൻ എഴുതിയ 'കള്ളിത്തള്ളകൾ v/s ശിങ്കക്കുട്ടികൾ (2013) എന്ന നോവൽ മാന്ത്രികതയും, ഉദ്വേകജനകവുമായ സംഭവങ്ങളെ അവതരിപ്പിച്ചുകൊണ്ടു സത്യസന്ധതയും, മൂല്യബോധവും ഉയർത്തിക്കാട്ടുന്നു. ഗ്രേസി എഴുതിയ 'പറക്കും കാശ്യപ്' (2020) പരിചിതമായ സംഭവങ്ങളെ ലളിതമായി ആവിഷ്കരിക്കുന്ന കഥകളുടെ സമാഹാരമാണ്. ജീവിതത്തിന്റെ നശ്വരതയെയും കാലം വരുത്തുന്ന മാറ്റങ്ങളുടെ അടയാളങ്ങളെയും കഥകളിലൂടെ അവതരിപ്പിക്കുന്ന ഈ കൃതിയുടെ ആഖ്യാനരീതി ആകർഷകമാണ്.

നാടോടിക്കഥകളുടെ നൂതന രീതിയിലുള്ള ആവിഷ്കാരം സുഭാഷ് ചന്ദ്രന്റെ ബാലകഥകളിലും, അഷിതയുടെ ബാലകഥകളിലും കാണാൻ സാധിക്കുന്നുണ്ട്. നാടോടിഉത്തരാധുനിക കഥകളിലെ ഇത്തരം ആഖ്യാന രീതികൾക്കുള്ള ഉദാഹരണമാണ് എ എൻ ഗണേശ് എഴുതിയ 'കിങ്ങിണിപ്പുഴയോരം' (2008) എന്ന കഥ. മുത്തശ്ശിക്കഥകൾ തന്മയത്വത്തോടെ എങ്ങനെ അവതരിപ്പിക്കാം എന്നതിനുദാഹരണമാണ് ഉണ്ണികൃഷ്ണൻ പൂങ്കുന്നം എഴുതിയ 'ജുവൽമേലങ്കി' (2008). അറേബ്യൻ നാടോടിക്കഥയുടെ പശ്ചാത്തലത്തിൽ ഗഫൂ മേലാറ്റൂർ എഴുതിയ 'ബാഗ്ദാദിലെ വ്യാപാരി' (2016) നാടോടിക്കഥയുടെ വ്യത്യസ്തമായ മറ്റൊരു ആഖ്യാന മാതൃകയാണ്.

സുഭാഷ്ചന്ദ്രന്റെ 'ഭൂമിയിലെ മാലാഖ' (2016) എന്നത് അദ്ദേഹത്തിന്റെ 'സന്മാർഗ്ഗ കഥാമാല' കഥാപരമ്പരയിലെ ആദ്യ പുസ്തകമാണ്. കുട്ടികളിൽ നന്മയും ധാർമ്മിക മൂല്യങ്ങളും വളർത്തുന്നതോടൊപ്പം അവർക്കു പുതിയ ലോകത്തെ നേരിടുവാനുള്ള ഉൾക്കരുത്താണ്ഈ കഥാസമാഹാരം നൽകുന്നത്. റഷീദ് പരപ്പനങ്ങാടി എഴുതിയ 'ഒരു ഉത്സവസമ്മാനം'(2005), അഷ്റഫ് കാവിൽ എഴുതിയ 'ചൂണ്ടൻ' (2006)എന്നിവ സാഹചര്യം മുഖേന മയക്കു മരുന്ന

മാഫിയയിൽ അകപ്പെടുന്ന കുട്ടി സന്മാർഗ്ഗം കണ്ടെത്തി മയക്കു മരുന്നിന്റെ അടിമത്തത്തിൽ നിന്നും രക്ഷ നേടുന്നതിനെ ആവിഷ്കരിക്കുന്നു. ധീരതയും സാഹസികതയും നന്മയുമാണ് ലോകത്തിലെ ഏറ്റവും വലിയ മതമെന്നും മാനവസേവയാണ് ഏറ്റവും വലിയ ഈശ്വരസേവയെന്നും പറയുന്ന കഥയും ആധുനികാനന്തര ഘട്ടത്തിൽ ഉണ്ടായിട്ടുണ്ട്. സജിനി പവിത്രൻ എഴുതിയ 'കാട്ടാളൻ കുട്ടു' (2008) ഇത്തരത്തിലുള്ള ഒരു കഥയാണ്. ഈശ്വരവിചാരം കുട്ടികളിലുണർത്തുന്ന കഥകൾ ബാല കഥയുടെ ആദ്യഘട്ടത്തിൽ ധാരാളം ഉണ്ടായിട്ടുണ്ട്. പുതുതലമുറയിലെ കുട്ടികളിൽ വിദ്യാലയം പലപ്പോഴും മാനസിക പിരിമുറുക്കത്തിനു കാരണമാവാറുണ്ട്. ഇവയിൽനിന്നു മുക്തമാകാൻ സ്വപ്നത്തിലൂടെ ഈശ്വരനിൽ അഭയം പ്രാപിച്ച കുട്ടിയുടെ കഥയാണ് അബ്ദുള്ളക്കുട്ടി എഴുതിയ 'മനുവിന്റെ സ്വപ്നങ്ങൾ' (2010). തെയ്യത്തിന്റെ തട്ടകത്തിൽ ഇതൾവിരിഞ്ഞ നോവലാണ് നാലപ്പാടൻ പത്മനാഭൻ എഴുതിയ 'കുഞ്ഞിത്തെയ്യം' (2010). കുഞ്ഞുങ്ങളിലെ ശാസ്ത്രചിന്തയും യുക്തിയും വിശ്വാസവും ഇഴകിച്ചേർത്തു രചിച്ച ഈ നോവലിലെ കഥാനായകനായ കുഞ്ഞിത്തെയ്യത്തെ ഈശ്വരപരിവേഷത്തോടെ വീക്ഷിക്കുമ്പോൾ സാധാരണ ബാലനായി മാറാനുള്ള കുഞ്ഞുമനസ്സിന്റെ ആഗ്രഹം നൊമ്പരമായി പ്രതിധ്വനിക്കുന്നു.

മനോവ്യാപാരാധിഷ്ഠിത രചനകളുടെ വ്യത്യസ്തമായ അവതരണങ്ങൾ 2000 ന് ശേഷം ധാരാളം ഉണ്ടായിട്ടുണ്ട്. അനാഥത്വവും മാതാപിതാക്കളുടെ തിരോധാനവും ബാലകഥകളുടെ ഒഴിവാക്കാനാവാത്ത പ്രമേയങ്ങളായി നിലനിൽക്കുന്നു. ജി എസ് ഉണ്ണികൃഷ്ണൻ എഴുതിയ 'ഒട്ടകങ്ങൾ പറഞ്ഞ കഥ' (2008) എന്ന നോവൽ അനാഥബാല്യങ്ങളുടെ പച്ചയായ യാഥാർത്ഥ്യങ്ങൾ തുറന്നു കാണിക്കുന്നു. സ്വപ്നത്തിന്റെയും യാഥാർത്ഥ്യത്തിന്റേറെയും അത്ഭുത ലോകത്തേയ്ക്കു ഈ നോവൽ വായനക്കാരെ കൊണ്ടുപോകുന്നു. ബാല മനോവ്യാപാരത്തിന്റെ മനോഹരമായ ആവിഷ്കാരമാണ് സുനിൽ പി മതിലകം എഴുതിയ 'കൊതുമ്പ് വള്ളം' (2010)എന്ന നോവൽ. വിജ്ഞാനവിസ്ഫോടന ത്തിന്റേതായ ഈ കാലഘട്ടത്തിൽ വളരുന്ന കുട്ടികളുടെ മാനസികഘടനയെയും അഭിരുചിയെയും അറിവ് ഉൾക്കൊള്ളാനുള്ള പ്രായപരിധിയെയും കുറിച്ചു നിശ്ചിത ബോധ്യത്തോടെ ഇതിൽ അവതരിപ്പിക്കുന്നു. റാഫി എന്ന അനാഥ ബാലന്റെ തീവ്രമായ അനുഭവങ്ങളും തിരോധാനവും ബാലവേലയും ഈ

നോവലിലൂടെ അനാവരണം ചെയ്തിരിക്കുന്നു. അമിത് കുമാർ എഴുതിയ 'സ്വപ്നലോകത്തെ രാജകുമാരൻ' (2010) എന്ന നോവൽ കൗമാരത്തിലേക്കു കടക്കുന്ന കൊച്ചുപെൺകുട്ടിയുടെ ചാപല്യങ്ങളും സ്നേഹവും ലാളനയും സ്വപ്നവും പ്രണയവും എല്ലാം ഇഴുകിചേർന്ന് അവതരിപ്പിക്കുന്നു. ആധുനിക ജീവിതവും ഒപ്പം കുട്ടികളിലെ സ്വപ്ന ലോകവും കൂടിക്കലർന്ന കുട്ടികളിലുണ്ടാകുന്ന മാനസിക വൈചിത്ര്യങ്ങളെ ഈ നോവൽ സൂക്ഷ്മമായി അനാവരണം ചെയ്തിരിക്കുന്നു. എം ആർ രേണുകുമാർ എഴുതിയ 'അരസൈക്കിൽ' (2016) കുട്ടിക്കാലകഥകളുടെ സമാഹാരമാണ്. ഇതു കുട്ടികളിലെ ആഗ്രഹവും ആശങ്കയും രസകരമായി അവതരിപ്പിച്ചുകൊണ്ടു സ്വപ്നം, യാഥാർഥ്യം, വേദന, ആശ, നിരാശ, സ്വപ്നസാക്ഷാത്ക്കാരം എന്നിവയുടെ പ്രത്യക്ഷീകരണവുമായി ത്തീരുന്നു. ആഖ്യാനവൈവിധ്യങ്ങളാൽ ബാലകഥാലോകത്തെ അമ്പരപ്പിച്ച എഴുത്തുകാരിയാണ് പ്രിയ എ എസ്. 'ചിത്രശലഭങ്ങളുടെ വീട്' (2005), 'കഥകഥ പൈങ്കിളി' (2008), 'അമ്മേം കുഞ്ഞുണ്ണീം, കുഞ്ഞുണ്ണീം അമ്മേം' (2010), 'അമ്മേം കുഞ്ഞുണ്ണീം മൂക്കുരുമ്മി മൂക്കുരുമ്മി' (2014), 'ത എന്ന അനിയത്തികുട്ടി' (2017), 'പെരുമഴയുടെ കുഞ്ഞിതളുകൾ' (2018) എന്നിവയാണ് പ്രിയ എ എസ് രചിച്ച പ്രധാന ബാലസാഹിത്യ കൃതികൾ. അമ്മയും കുഞ്ഞും തമ്മിൽ നടക്കുന്ന വ്യത്യസ്തമായ സംഭവങ്ങളും സംഭാഷണങ്ങളുമാണ് കുഞ്ഞുണ്ണി കഥകളുടെ പ്രമേയം. കുട്ടിയുടെ ചിന്തകളാണു കഥയെ മുന്നോട്ടു നയിക്കുന്നത്. ഹ്രസ്വമായ സംഭവങ്ങളും സംഭാഷണങ്ങളുമാണ് ഓരോ കഥയുടെയും പ്രമേയമാകുന്നത്. 'ചിത്രശലഭങ്ങളുടെ വീട്' എന്ന കഥ പൂമ്പാറ്റയെ കേന്ദ്രീകരിച്ചുകൊണ്ടു കുട്ടികളുടെ സ്വഭാവത്തെയും അവരുടെ പ്രവൃത്തികളെയും അവതരിപ്പിക്കുന്നു. 'ത എന്ന അനിയത്തിക്കുട്ടി'യിൽ അനാഥത്വം, ദത്തെടുക്കൽ എന്നീ യാഥാർത്ഥ്യങ്ങളെ അവതരിപ്പിക്കുന്നു. ജനനത്തെക്കുറിച്ചു കുട്ടികൾക്കുണ്ടാകുന്ന സംശയങ്ങളെ കഥയിലൂടെ ദൂരീകരിക്കുവാൻ എഴുത്തുകാരി കൈകാര്യം ചെയ്യുന്ന ഭാഷാശൈലിയും ഏറെ ശ്രദ്ധേയമാണ്. 'പെരുമഴക്കാലത്തെ കുഞ്ഞിതളുകൾ' എന്ന നോവൽ പ്രളയം കുഞ്ഞുങ്ങളുടെ മനസ്സിൽ സൃഷ്ടിച്ച നൊമ്പരങ്ങളുടെ അവതരണമാണ്. മൈന ഉമൈബാൻ എഴുതിയ 'ഹൈറേഞ്ച് തീവണ്ടി' (2018) നവബാലാഖ്യാനത്തിന് ഉദാഹരണമായ നോവലാണ്. നാഗരികതയിൽ നിന്നും ഗ്രാമീണതയിലേക്കുള്ള സഞ്ചാരം ഡയറിയെഴുത്തിന്റെ രീതിയിൽ ആവിഷ്കരിക്കുമ്പോൾ അത് ആഖ്യാനത്തിന്റെ പുതു മാർഗ്ഗം കൂടിയാകുന്നു.

പരിസ്ഥിതി, കാട്, പ്രകൃതി എന്നിവയെ ആധാരമാക്കി നിരവധി കൃതികൾ ഉണ്ടായിട്ടുണ്ട്. ഷാജി വേങ്കടത്ത് എഴുതിയ 'കാട് ഒരു വിസ്മയം' (2008), സാദിഖ് കാവിൽ എഴുതിയ പരിസ്ഥിതി നോവലായ 'ഖുഷി' (2017) എന്നിവ ഇത്തരത്തിലെഴുതപ്പെട്ടവയാണ്. ലോകവിവരം, ഭൂമിശാസ്ത്രം, ചരിത്രം, പാചകം, സിനിമ തുടങ്ങി നിരവധി പുതു അറിവിടങ്ങളെ പരിചയപ്പെടുത്തിക്കൊണ്ടാണ് പുതിയ ബാലകഥകൾ നിലനിൽക്കുന്നത്. ചരിത്ര വിജ്ഞാനം പകരുന്ന വി വി കുഞ്ഞികൃഷ്ണൻ എഴുതിയ 'പറങ്കികളുടെ കഥ' (2003), പാചകവുമായി ബന്ധപ്പെട്ട അറിവു പകരുന്ന കെ ഉഷ എഴുതിയ 'ശർക്കരപ്പായസം' (2006), ചലച്ചിത്രവുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്ന നിതാന്ത് എൻ രാജ് എഴുതിയ 'സ്റ്റാർട്ട് ആക്ഷൻ ക്യാമറ' (2008), എന്നിവ വൈവിധ്യങ്ങളായ വിഷയങ്ങളെ മനോഹരമായി ആവിഷ്കരിച്ച കഥകളാണ്. അന്വേഷണകൗതുകമാർന്ന കഥപറച്ചിലിലൂടെ കുട്ടികൾക്കു രസകരമായ വായനാനുഭവം നൽകുന്ന നോവലാണ് എം പി ശശിധരൻ എഴുതിയ 'പൊൻ ഉുവലുകൾ' (2019). വി ആർ സുധീഷ് എഴുതിയ 'കുറുക്കൻമാഷിന്റെ സ്കൂൾ' (2016) 'അമ്പിളിപ്പൂതം' (2018), എന്നീ നോവലുകൾ കുട്ടികളുടെ മനോവ്യാപാരങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യത്യസ്തമായ അനുഭവങ്ങളുടെ ആവിഷ്കാരമാണ്. 'കുറുക്കൻമാഷിന്റെ സ്കൂൾ' സ്വപ്നാഖ്യാനത്തിന്റെ പുതിയ അവതരണം കൊണ്ടും 'അമ്പിളിപ്പൂതം' സാഹിത്യം, മിത്ത്, പാരിസ്ഥിതികാവബോധം എന്നിവയോടു ചേർന്ന്നിന്നുകൊണ്ടും കുട്ടികളുടെ മനഃശാസ്ത്ര ചിന്തകൾക്കുള്ള ഉത്തരമായി നിലകൊള്ളുന്നു. ഇത്തരത്തിൽ 1950 കളിൽ ആരംഭിച്ച ബാലകഥകളുടെ സ്വതന്ത്രാവിഷ്കാരം ഇരുപത്തൊന്നാം നൂറ്റാണ്ടോടുകൂടി വ്യത്യസ്തവും, ആകർഷകവുമായ ആഖ്യാനമാതൃകകളുടെ ഒരു മേഖലയായി മാറിയിരിക്കുന്നതായി കണ്ടെത്താനാവും.

മലയാളത്തിലെ ബാലകഥകളുടെ ചരിത്രം പരിശോധിക്കുമ്പോൾ കണ്ടെത്താനാകുന്ന പ്രധാന നിരീക്ഷണങ്ങൾ ഇവയാണ്. ബാലകഥകളുടെ വളർച്ചയിൽ പ്രധാനമായും മൂന്നു ഘട്ടങ്ങൾ കണ്ടെത്താനാകും. അവയെ ആദ്യഘട്ടം, മധ്യഘട്ടം, നവീനഘട്ടം എന്നിങ്ങനെ തരംതിരിക്കാൻ സാധിക്കും. ആദ്യഘട്ടം പുനരാവിഷ്കാരങ്ങളുടെയും തർജ്ജമകളുടെയും ഘട്ടമാണ്. രണ്ടാമത്തേതു സ്വതന്ത്രാവിഷ്കാരങ്ങളുടെ ഘട്ടമാണ്. ആഖ്യാനത്തിൽ പുതുമയുടെ

നിരവധി പരീക്ഷണങ്ങളുടെ കാലമായാണതു വിലയിരുത്തുന്നത്. മൂന്നാമത്തേത് ആധുനിക, ആധുനികാനന്തര ഘട്ടമാണ്. ഈ ഘട്ടത്തിൽ നവീന ആഖ്യാന മാതൃകകളിലേറെയും ബാലകഥകളിലും പ്രകടമാവുന്നുണ്ട്. ബാലകഥകളുടെ വികാസം കാലഘട്ടങ്ങളിലൂടെ അടയാളപ്പെടുത്തുമ്പോൾ പ്രധാനമായും കാണാനാവുന്നത് അവയിലെ ആഖ്യാനത്തിൽ വരുന്ന മാറ്റങ്ങളാണ്. മൂന്നു പ്രധാന പ്രമേയങ്ങളുടെ ആഖ്യാനത്തിലൂടെ ഈ മാറ്റങ്ങൾ നിരീക്ഷിക്കാവുന്നതാണ്. അവ സാരോപദേശം പകരുന്നവയും ശാസ്ത്രബോധം ഉൾക്കൊള്ളുന്നവയും ബാല മനോവിചാരങ്ങളെ അവതരിപ്പിക്കുന്നവയുമാണ്. അതുകൊണ്ട് മലയാളത്തിലെ ബാലകഥാപഠനത്തിൽ ഈ മൂന്നു പ്രമേയങ്ങളും പ്രാധാന്യം വഹിക്കുന്നു.

## 01.03. പാഠം. ആഖ്യാനം. ആഖ്യാനശാസ്ത്രം. ബാലാഖ്യാനം

### 01.03.01. പാഠം

അച്ചടിക്കപ്പെട്ടതെന്ന കേവലമായ അർത്ഥം പാഠത്തിനുണ്ട്. എഴുതപ്പെടുന്നത് എന്നനിലയിൽ പാഠം ഒരു അടിസ്ഥാന രേഖയായി നിലകൊള്ളുന്നു. ഓരോ എഴുത്തുകാരുടെയും ചിന്തയും ധാരണകളും പാഠത്തിലാണ് വ്യക്തമാകുന്നത്. "പാഠം എന്നത് കൃതി എന്ന നിലയിലാണ് ആദ്യകാലങ്ങളിൽ വ്യവഹരിച്ച് പോന്നത്. എന്നാൽ ഇന്ന് അതിന് മാറ്റം വന്നിട്ടുണ്ട്. അച്ചടിയുടെ പൂർണ്ണതയിലെത്തുന്ന ഒരു ഉൽപന്നമായി പാഠത്തെ കാണുന്നതിനുപകരം തുടർന്നുകൊണ്ടിരിക്കുന്ന ഒരു പ്രക്രിയയായി അതിനെ വീക്ഷിക്കുന്ന സമീപനമാണ് ഘടനാവാദാനന്തര ചിന്തകൾ സ്വീകരിച്ചിരിക്കു ന്നത്. വാൾട്ടർ ബെൻഞ്ചമിന്റെ (Walter Benjamin) അഭിപ്രായത്തിൽ രചനാ വേളയിലെ ഓരോ പരിഷ്കാരവും ഒരു പുതിയ പാഠത്തിന്റെ നിർമ്മിതിയിലാണ് അവസാനിക്കുന്നത്" എന്നു പി പി രവീന്ദ്രൻ പാഠത്തെ നിർവചിച്ചിട്ടുണ്ട് (2020:271). ഇത്തരത്തിൽ പാഠത്തിൽ എഴുത്തുകാർ വരുത്തുന്ന മാറ്റങ്ങൾ ആഖ്യാനത്തിലും പ്രമേയത്തിലും കാണാൻ സാധിക്കും. ടി ജിതീഷിന്റെ അഭിപ്രായത്തിൽ ഓരോ പാഠവും വിലപ്പെട്ട രേഖയാണ് എന്നാണ്. "ചിന്തയുടെ നിയമാവലികൾ രൂപീകരിക്കുന്നതിനും സാമൂഹിക മാറ്റങ്ങളെ വിലയിരുത്തുന്ന തിനുമുള്ള പ്രബലമായ ഉപാധിയായിത്തീരുന്നു പാഠം. ചരിത്രത്തെ

അടയാളപ്പെടുത്തുന്ന ഓരോ പാഠവും വിശകലന വിധേയമാക്കുന്നത് അങ്ങനെയാണ്" (2017:31) അതു ചരിത്രത്തിന്റെ അടയാളപ്പെടുത്തൽ കൂടിയാണ് എന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. ബാലകഥകളുടെ ആഖ്യാനത്തിൽ കാണാനാകുന്ന സവിശേഷതകളെ കണ്ടെത്തുന്നതിൽ പാഠം പഠനത്തിലെ കൃത്യത അടയാളപ്പെടുത്താൻ സഹായിക്കുന്നു. ഇന്നു പാഠം എഴുതപ്പെട്ട പുസ്തകം എന്ന നിലയിൽ നിന്നും ഹൈപ്പർ ടെക്സ്റ്റ് ആയി മാറിയിട്ടുണ്ട്. എന്നാൽ വായനക്കാർക്കു ആഖ്യാനത്തിലൂടെ സംവദിക്കുന്ന അർത്ഥവിനിമയം നിശ്ചിതഭാവം നിലനിർത്താൻ പുസ്തക രൂപത്തിൽ എഴുതിയ പാഠങ്ങൾക്കാണു സാധ്യമാകുന്നത്. കാരണം പാഠം എന്നത് എല്ലാത്തരം പ്രതികരണങ്ങളുടെയും ഭാഷയുടെയും രൂപം ആണ്. ലിഖിതമായതു വസ്തുനിഷ്ഠതയെ കാണിക്കുന്നു[4]. രേഖീയപാഠങ്ങൾക്കാണ് ആഖ്യാതാവിന്റെ ചിന്തകളെയും ആഖ്യാതാവു രൂപീകരിക്കുന്ന നിയമാവലികളെയും വിലയിരുത്താനുള്ള പ്രബലമായ ഒരു ഉപാധിയാകാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടുതന്നെ പാഠത്തെ ആസ്പദമാക്കിനടത്തുന്ന ഈ ആഖ്യാനപഠനം പുസ്തകത്തിന്റെ നിയതമായ രൂപത്തിന്റെ അടിസ്ഥാനത്തിലാണ് പഠിക്കുന്നത്.

### 01.03.02. ആഖ്യാനം

ഭാഷയിലൂടെ കൈവരിക്കുന്ന ഒരു ആശയ വിനിമയ രീതിയാണ് ആഖ്യാനം എന്നു സാമാന്യമായി പറയാം. "ഭാഷകനും ശ്രോതാവിനും ഇടയ്ക്കു നിലനിൽക്കുന്ന സംവേദനമണ്ഡലത്തെ ആഖ്യാനം" എന്നു ടി ജിതേഷ് അഭിപ്രായപ്പെടുന്നു. (2022:262). എന്നാൽ എല്ലാ ആശയകൈമാറ്റവും ആഖ്യാന മായി പരിഗണിക്കുന്നില്ല. "കാലനിബന്ധമായി കോർത്തിണക്കപ്പെടുന്ന യഥാർത്ഥമോ സാങ്കല്പികമോ ആയ സംഭവങ്ങളുടെയോ സാഹചര്യങ്ങളുടെയോ ആവിഷ്കാരമാണ് ആഖ്യാനം" (2022:263)എന്നാണ് ജറാൾഡ് പ്രിൻസ് (Gerald Prince) ആഖ്യാനത്തെ നിർവചിക്കുന്നത്[5]. ഇത്തരത്തിൽ കാലബദ്ധമായി അവതരിപ്പിക്കുന്ന ആശയസംവേദനം മാത്രമാണ് ആഖ്യാനം. അതിൽ ഒരു കഥപറച്ചിൽ അടങ്ങുന്നു. അനാഖ്യാനമെന്നത് ആശയങ്ങളുടെ കാലഗണനയില്ലാത്തതും തുടർച്ചയില്ലാത്തതും ആയ ആവിഷ്കാരമാണ് എന്ന തിരിവും വ്യക്തമാകുന്നു. മിത്ത്, ഐതീഹ്യം, ഇതിഹാസം, ദുരന്തനാടകം, കഥ, നോവൽ, ചിത്രം, സിനിമ, സംഭാഷണം, ചരിത്രം എന്നിവയിലെല്ലാം ഒരു കഥ

ഉൾക്കൊള്ളുന്നുണ്ട്. ഇവയിൽ ഓരോന്നിലും ഉള്ള സംഭവങ്ങളെ ശ്രേണിയായി അവതരിപ്പിക്കുമ്പോൾ കഥപറച്ചിലായി തീരുന്നു. ഇത്തരത്തിൽ നിർവഹിക്കുന്ന ആഖ്യാനം ആഖ്യാനകങ്ങളിലൂടെയാണ് അർത്ഥപൂർത്തിയിൽ എത്തുന്നത്. "കാലപരമായോ സ്ഥലപരമായോ അർത്ഥബന്ധമുള്ള സംഭവ ശൃംഖലകളുടെ ചിഹ്നപരമായ പ്രതിനിധീകരണമാണ് ആഖ്യാനകം" (2022:263) മെന്ന് ടി ജിതേഷ് നിർവ്വചിക്കുന്നു. ആഖ്യാനത്തിൽ അടങ്ങുന്ന ചെറിയ ഘടകങ്ങൾ കാലം, സ്ഥലം, സംഭവവിവരണം, അർത്ഥം ഉൽപ്പാദിപ്പിക്കുന്ന ചിഹ്നം എന്നിവയാണെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. ഒരു കഥയെ അതാക്കി നിലനിർത്തുന്ന ഘടകങ്ങൾ ഇവയാണെന്നും ഇതിൽ നിന്നും വ്യക്തമാകുന്നു.

### 01.03.03. ആഖ്യാനശാസ്ത്രം

ആഖ്യാനത്തെ അടിസ്ഥാനമാക്കി നടത്തുന്ന ശാസ്ത്രീയ പഠനമാണ് ആഖ്യാനശാസ്ത്രം എന്നുപറയാം. അത് ആഖ്യാനകങ്ങളുടെ സ്വഭാവം, രൂപം, ധർമ്മം എന്നിവയെക്കുറിച്ചുള്ള പഠനമാണ് എന്നാണ് ടി ജിതേഷ് അഭിപ്രായപ്പെടുന്നത് (2022:262). ആഖ്യാനം പ്രധാനപ്പെട്ട നാല് മാർഗ്ഗങ്ങളായ ആഖ്യാനത, മാധ്യമത, കാലികത, സ്ഥലികത എന്നിവയിലൂടെയാണ് അതിന്റെ ലക്ഷ്യത്തിൽ എത്തിച്ചേരുന്നത്.

ആഖ്യാനത്തെ രൂപം കൊണ്ടും സന്ദർഭം കൊണ്ടും മനസ്സിലാക്കാൻ സഹായിക്കുന്ന ഘടകമാണ് ആഖ്യാനത. ചെറുകഥ, നോവൽ, എപിക് എന്നിങ്ങനെ ആഖ്യാനങ്ങളെ തിരിച്ചറിഞ്ഞു വേർതിരിക്കുന്നത് രൂപത്തിലുള്ള സവിശേഷതയാലാണ്. ഓരോ ആഖ്യാനവും വായിക്കുന്ന സന്ദർഭങ്ങളുടെ സാംസ്കാരിക ഘടകങ്ങൾ ഇതിൽ ഉൾപ്പെടുന്നു. ഓരോ ആഖ്യാനവും നടന്നതോ നടക്കാൻ സാധ്യതയുള്ളതോ ആയ സംഭവങ്ങളാണ്. ഇത്തരത്തിൽ ആഖ്യാനത്തിൽ യുക്തിബോധം നിലനിർത്തുന്നതും ആഖ്യാനതയുടെ സ്വഭാവം മൂലമാണ്.

കഥ പറച്ചിലിൽ പറയുന്ന ആളും കേൾക്കുന്നയാളും അനിവാര്യമാണെന്നു ബോധ്യപ്പെടുത്തുന്ന ഘടകമാണു മാധ്യമത. ആഖ്യാതാവിന്റെ ശബ്ദം ആഖ്യാനത്തിൽ പ്രധാനപ്പെട്ടതാണെന്നു തിരിച്ചറിയാൻ സഹായിക്കുന്നതു

മാധ്യമത ആഖ്യാനത്തിൽ ഉള്ളതുകൊണ്ടാണ്. രണ്ടു രീതിയിൽ ആഖ്യാതാവ് ആഖ്യാനത്തിൽ ഇടപെടാം. ഒന്നു കഥയിലെ ഒരു കഥാപാത്രമായി ആഖ്യാതാവ് ആഖ്യാനത്തിൽ പ്രത്യക്ഷപ്പെട്ട് കഥ പറയുന്നു. മറ്റൊന്നു വ്യത്യസ്തമായ കഥാപാത്രങ്ങളിലൂടെ ആഖ്യാതാവിനു പറയാനുള്ള കാര്യങ്ങൾ അവതരിപ്പിക്കുന്നു. ഇതിനെ ബഹുലകമായ മാധ്യമത എന്നു വിളിക്കുന്നു. ആഖ്യാതാവിനു പ്രകടിപ്പിക്കാനുള്ള വികാരവിചാരങ്ങളും ഭാവനയും സ്ഥലകാലസങ്കല്പത്തിലൂടെ അവതരിപ്പിക്കുന്ന മാധ്യമതാ സ്വഭാവത്തെ പരിപ്രേക്ഷ്യം എന്നു വിവക്ഷിക്കുന്നു. ഇത്തരത്തിൽ മാധ്യമതയെന്നതു കഥാ പാത്രങ്ങൾ, സ്ഥലകാലം എന്നിവയിലൂടെ ആഖ്യാതാവിന്റെ ഇടപെടലുകൾ എങ്ങനെയെല്ലാംആഖ്യാനത്തിൽ കണ്ടെത്താം എന്നതിന്റെ മാർഗ്ഗങ്ങളാകുന്നു.

സ്ഥലികത എന്നത് ആഖ്യാനത്തിൽ സംഭവങ്ങൾ നടക്കുന്ന സ്ഥലത്തെ പ്രതിനിധീകരിക്കുന്നു. ഈ സ്ഥലസങ്കൽപ്പം ആഖ്യാതാവിന്റെ ഭാവനയ്ക്കനു സൃതമായി രൂപകല്പന ചെയ്യതായിരിക്കും. എന്നാൽ വായനക്കാരന് ആ സ്ഥലസങ്കല്പം അനുഭവവേദ്യമാകുന്നത് അയാളുടെ മനസ്സിൽ ആഖ്യാനം നൽകുന്ന ഭാവഭേദമനുസരിച്ചാണ്. യഥാർത്ഥമായ സംഭവമാണ് ഒരു ആഖ്യാനത്തിന്റെ അടിസ്ഥാനം. അവിടെയും സംഭവങ്ങൾ നടന്ന ഒരു സ്ഥലം ഉണ്ടാകും. സംഭവങ്ങളുടെ (യഥാർത്ഥമോ അയഥാർത്ഥമെന്നു കഥാകൃത്തിനു തൊന്നുന്നതോ ആകുന്ന ക്രമത്തിൽ) സ്ഥലമാണ് കഥാജനകസ്ഥലം എന്നു ഡി രാധാകൃഷ്ണൻ നായർ വിവരിക്കുന്നു (2000:56). ആ സംഭവത്തെ അടിസ്ഥാനമാക്കി ആഖ്യാതാവ് രചിക്കുന്നവയെ കഥാജനിതസ്ഥലം എന്നാണു വിവക്ഷിക്കുന്നത്. കഥാകാരന്റെ മനസ്സിൽ സംഭവങ്ങൾ നടക്കുന്ന ഇടത്തെക്കുറിച്ചുള്ള സങ്കല്പങ്ങൾക്കനുസൃതമായും ഒരു സ്ഥലം അവതരിപ്പിക്കപ്പെടുന്നു. അതുപോലെ ആഖ്യാനം നിർവഹിക്കുന്ന ഇടത്തിനും പ്രാധാന്യമുണ്ട്. ഇത്തരത്തിൽ സ്ഥലസങ്കല്പത്തിന് ആഖ്യാനത്തിൽ വൈവിധ്യങ്ങളായ ആശയങ്ങളുടെ ലോകം ഉൾക്കൊള്ളാൻ കഴിയുന്നുണ്ടെന്ന് മനസ്സിലാക്കാം.

ഏതൊരു ആഖ്യാനത്തിന്റെയും ചാരുത വർദ്ധിപ്പിക്കുവാൻ കാലത്തിന്റെ ആവിഷ്കാരത്തിനു സാധിക്കും. ആഖ്യാനങ്ങളിലെ സംഭവങ്ങൾ/ അനുഭവങ്ങൾ നടക്കുന്ന കാലമാണ് കാലികത എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

ജീവിതാനുഭവങ്ങളെ തുടർച്ചയായ കാലഘട്ടമനുസരിച്ച് ആവിഷ്കരിക്കുമ്പോൾ ഓരോ കാലഘട്ടവും അനുവാചകനും അനുഭവപ്പെടുന്നു. ആഖ്യാനത്തിൽ എങ്ങനെയാണോ കഥാജനകമായ സ്ഥലവും കഥാജനിതമായ സ്ഥലവും വായനക്കാരന്റെ സ്ഥലവും ഉൾക്കൊള്ളുന്നത് അതുപോലെ തന്നെ കാലസങ്കല്പത്തിലും ഉണ്ട്. എന്നാൽ ആഖ്യാനത്തിൽ തുടർച്ചയായ സംഭവങ്ങളെ ആവിഷ്കരിക്കുന്നതിനൊപ്പം കഴിഞ്ഞുപോയ സംഭവങ്ങളെയും ആവിഷ്കരിക്കുന്നു. ഇത്തരത്തിൽ വർത്തമാനകാലത്തിൽ പറയുന്ന ആഖ്യാനം ഭൂതകാല സംഭവങ്ങളുടെ ആവിഷ്ക്കാരം കൂടി സാധ്യമാക്കുന്നു. ഇതു കഥാപാത്രങ്ങളുടെ ആലോചനകളിലൂടെയും ചിന്തകളിലൂടെയുമാണ് കാണാൻ സാധിക്കുന്നത്. ഇത്തരത്തിൽ കാലത്തെ അടിസ്ഥാനമാക്കിയുള്ള വിശകലനങ്ങൾ കഥാപാത്രങ്ങളെ അടിസ്ഥാനമാക്കി സൂക്ഷ്മമായ പഠനങ്ങൾക്കു സാധ്യതയൊരുക്കുന്നു. കാലത്തിന്റെ ആഖ്യാനം ഏറെ സ്പഷ്ടമായി കാണുന്നത് നോവലിൽ ആണ്. നോവലിൽ നിരവധി സംഭവങ്ങളെ കോർത്തിണക്കാൻ കാലികതയ്ക്കു കഴിയുന്നു.

സംഭവങ്ങളെ ക്രമാനുഗതമായി ചിത്രീകരിക്കാൻ എഴുത്തുകാരൻ ഉപയോഗിക്കുന്ന രചനാതന്ത്രങ്ങൾ ആഖ്യാനത്തിലെ കാലികതയുടെ സ്പഷ്ടീകരണമായി മാറുന്നു. നോവൽ പോലെത്തന്നെ കഥയിലെ കാലികതയ്ക്കും പ്രാധാന്യമുണ്ട്. കഥയിലെ സംഭവങ്ങൾക്കും ആഖ്യാനത്തിനും തമ്മിൽ കാലബദ്ധമായ ഒരു ചേർച്ചയുണ്ട്. അതു കഥയിലെ സംഭവങ്ങളുടെ ദൈർഘ്യത്തെ നിശ്ചയിക്കാനുള്ള ഒരു ഉപാധിയാകുന്നു. കാലത്തിന്റെ ആവിഷ്ക്കാരം മിക്കപ്പോഴും കഥാപാത്രത്തെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. ആഖ്യാതാവുകഥയ്ക്കുള്ളിൽനിന്നും ആഖ്യാനത്തിനു പുറത്തുനിന്നും ഇടപെടാറുണ്ട്. ഇത്തരത്തിൽ എഴുത്തുകാരൻ കൃതിയിൽ ഉപയോഗിക്കുന്ന കാലസങ്കല്പത്തിന് ആഖ്യാനശാസ്ത്രത്തിൽ വലിയ പ്രാധാന്യമുണ്ട്. ആഖ്യാനവിജ്ഞാനത്തിൽ ഒരു കൃതിയെക്കുറിച്ചുള്ള കാലസങ്കല്പം ഇത്തരത്തിൽ പ്രധാനപ്പെട്ടതാണ്. കഥാപാത്രങ്ങൾ, സംഭവങ്ങൾ, എഴുത്തുകാരൻ തുടങ്ങി പ്രധാനപ്പെട്ട ആഖ്യാന ഘടകങ്ങളിലൂടെ ആഖ്യാനം എങ്ങനെ സവിശേഷമാകുന്നു എന്നു വ്യക്തമാക്കുവാൻ കാലവും പ്രധാനോപാധിയാകുന്നു. ആഖ്യാനത്തിന്റെ ലക്ഷണ ഘടകങ്ങളുടെ വിശകലന പദ്ധതിയിലൂടെ ഓരോ ആഖ്യാനവും എങ്ങനെ

വ്യത്യസ്തമാകുന്നുവെന്നും സവിശേഷസ്വഭാവം പുലർത്തുന്നുവെന്നും കണ്ടെത്താൻ കഴിയുന്നു. ഈ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ആഖ്യാന ശാസ്ത്രജ്ഞന്മാർ സിദ്ധാന്തങ്ങൾ രൂപീകരിക്കുകയും അത് ആഖ്യാന പഠനത്തിന് അടിസ്ഥാനമാകുകയും ചെയ്തിട്ടുണ്ട്.

## 01.04. ബാലാഖ്യാനം

കുട്ടികൾക്കു വേണ്ടി രചിക്കുന്ന ആഖ്യാനങ്ങളുടെ പഠനം ഇന്നുമേറെ ചർച്ചചെയ്യപ്പെടുന്നു. എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കയിൽ (Encyclopædia Britannica) ബാലസാഹിത്യത്തെ നിർവ്വചിക്കുന്നത് "കുട്ടികളുടെ സാഹിത്യം, യുവാക്കളെ രസിപ്പിക്കുന്നതിനും പഠിപ്പിക്കുന്നതിനുമായി നിർമ്മിച്ച ലിഖിത കൃതികളുടെയും അനുബന്ധ ചിത്രീകരണങ്ങളുടെയും ഒരു സമാഹാരം". എന്നാണ്. (children’s literature, the body of written works and accompanying illustration produced in order to entertain and instruct young people.) ബാല സാഹിത്യരചനയെ സ്വാധീനിക്കുന്ന പ്രധാന ഘടകങ്ങളിൽ സമൂഹം, കുടുംബ ജീവിതം, ഏതെങ്കിലും പ്രത്യേക കാലഘട്ടത്തിലെ ചിന്തകൾ, എഴുത്തുകാർ എന്നിവയെല്ലാം ഉൾപ്പെടുന്നു. പീറ്റർ ഹണ്ട് (Peter Hunt) ബാലാഖ്യാനത്തെ നിർവ്വചിക്കുന്നതു കുട്ടികളുടെ സാഹിത്യം ഒരു രൂപരഹിതവും അവ്യക്തവുമായ സൃഷ്ടിയാണ്; പ്രേക്ഷകരുമായുള്ള അതിന്റെ ബന്ധം ബുദ്ധിമുട്ടാണ്. പ്രശ്നകരമാണ്. എന്നാണ്[6]. കുട്ടികൾക്കുവേണ്ടി രചിക്കുന്ന സാഹിത്യം എന്നതു കൊണ്ടു മുതിർന്നവരെ ഉദ്ദേശിക്കുന്നില്ല എന്ന് അർത്ഥമില്ല. കാരണം കുട്ടികൾക്കുവേണ്ടി എഴുതുന്നതും പ്രസിദ്ധീകരിക്കുന്നതും വിൽക്കുന്നതും വാങ്ങുന്നതും അവലോകനം ചെയ്യുന്നതും മുതിർന്നവരാണ്. കുട്ടികളും മുതിർന്നവരും ഉൾക്കൊള്ളുന്ന ഇരട്ടപ്രേക്ഷകർ ബാലസാഹിത്യത്തിനുണ്ട് എന്നു വ്യക്തമാണ്. മെലാൻ കോസ് (Mellanie Koss) അഭിപ്രായപ്പെടുന്നതനുസരിച്ച് കുട്ടികളുടെ സാഹിത്യത്തിലൂടെ സാംസ്കാരിക സന്ദേശങ്ങൾ, അവർ ജീവിക്കുന്ന സമൂഹത്തിന്റെ മൂല്യങ്ങൾ, ലോകത്തെക്കുറിച്ചുള്ള വിവരങ്ങൾ എന്നിവ കുട്ടികൾക്കു ലഭിക്കുന്നുവെന്നാണ്[7]. ഹിഷാം മുഹമ്മദ് ഇസ്മയിൽ (Hisham Muhamad Ismail) കുട്ടികളുടെ ആഖ്യാനങ്ങളുടെ പ്രയോജനത്തെക്കുറിച്ച് വിവരിക്കുന്നുണ്ട്. കുട്ടികളുടെ പുസ്തകങ്ങൾക്കു വൈജ്ഞാനിക കഴിവുകളുടെ വികസനം മുതൽ കുട്ടിയുടെ വ്യക്തിത്വത്തിന്റെ വികസനം വരെ സാധ്യമാക്കാൻ

സാധിക്കും എന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. കുട്ടികൾക്കു സാമൂഹിക കഴിവുകൾ പോഷിപ്പിക്കുന്നതിനും വൈകാരിക ബുദ്ധി വളർത്തുന്നതിനും ഭാവിയിൽ വിജയം നിലനിർത്തുന്നതിനും കുട്ടികളുടെ രചനകൾക്കു സാധിക്കുമെന്നും ഒപ്പം സമൂഹത്തിന് ആവശ്യമായ ധാർമ്മികതയുടെ ഗുണമായി ഒരു പുതുതലമുറയെ സൃഷ്ടിക്കാനും പുസ്തകങ്ങൾ സഹായിക്കുന്നുവെന്ന് അദ്ദേഹം വിലയിരുത്തുന്നു[8].

## 01.04.01. കുട്ടികളുടെ മാനസികവികാസവും സാഹിത്യവും

ഓരോ പ്രായത്തിലെ കുട്ടികളെയും ഓരോ വിധത്തിലാണ് പുസ്തകങ്ങൾ സ്വാധീനിക്കുന്നത്. അതുകൊണ്ടാണ് ബാലരചനയിൽ പ്രായമനുസരിച്ചുള്ള തരംതിരുവുകൾ ഉണ്ടായിട്ടുള്ളത്. കുട്ടികളുടെ വളർച്ചയുടെപകാരപ്രദമാകും വിധമാണ് പുസ്തകങ്ങളുടെ ക്രമീകരണം നടത്തിയിട്ടുള്ളത്. ഓരോ പ്രായത്തിലുമുള്ള കുട്ടികൾക്കു വ്യത്യസ്തമായ അനുഭവമണ്ഡലവും ചിന്താ ശേഷിയും വികാരവിചാരങ്ങളുമാണ് ഉണ്ടാവുക. ബാലസാഹിത്യ രചനയിലെ തരംതിരിവ് ഇത്തരം ഘടകങ്ങളെയെല്ലാം സ്വാധീനിച്ചുകൊണ്ടാണ് നടപ്പിലാക്കിയിട്ടുള്ളത്. വളർച്ചയുടെ പ്രധാനപ്പെട്ട നാല് ഘട്ടമനുസരിച്ചാണ് ഈ വിഭജനം സാധ്യമാക്കിയത്.

ഒന്ന്. പ്രി സ്കൂൾ പുസ്തകങ്ങൾ - രണ്ട് വയസ്സുമുതൽ അഞ്ചു വയസ്സു വരെയുള്ള കുട്ടികളെയാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത്. വായിച്ചു കേൾപ്പിക്കാനും കാണിച്ചു കൊടുക്കാനുള്ള പുസ്തകങ്ങളാണിവ. ഇവരുടെ അനുഭവമണ്ഡലമെന്നതു വീടുമായി ബന്ധപ്പെട്ടുമാത്രം നിലകൊള്ളുന്നു. ഉദാഹരണമായി അമ്മ, അച്ഛൻ, വളർത്തുമൃഗം, പൂച്ചെടി, തെങ്ങ് തുടങ്ങിയവ ആയിരിക്കും അവരുടെ പരിചിതലോകത്തിലുൾപ്പെടുക. നിത്യ പരിചിത പദങ്ങളെ ഉപയോഗിച്ചു ചെറിയ കർമ്മങ്ങളിലൂടെയാണ് ഇത്തരം രചനകൾ കുട്ടികളോടു സംവദിക്കുന്നത്.

രണ്ട്. പ്രൈമറി പുസ്തകങ്ങൾ - ആറു വയസ്സുമുതൽ ഒൻപതു വയസ്സുവരെ പ്രായമുള്ള കുട്ടികളെ ഉദ്ദേശിച്ച് എഴുതിയ രചനകളാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത്. സംഭാഷണങ്ങൾക്കു പ്രാധാന്യം നൽകികൊണ്ടു രചിക്കുന്ന കൃതികളാണ് ഇവ. വ്യക്തമായതും വളച്ചുകെട്ടില്ലാത്തതുമായ ഭാഷയാണ്

പ്രൈമറി പുസ്തകങ്ങളുടെ രചനയിൽ ഉണ്ടായിരിക്കുന്നത്. കുട്ടിക്കാലത്തെ ജീവിതാനുഭവങ്ങളും നിർണ്ണായകമായ സംഭവങ്ങളും അവരുടെ രചനകളുടെ പ്രധാന വിഷയമായി സ്വീകരിക്കുന്നു.

മൂന്ന്. അപ്പർപ്രൈമറി രചനകൾ - ഒൻപതു വയസ്സുമുതൽ പന്ത്രണ്ട് വയസ്സുവരെ പ്രായമുള്ള കുട്ടികളെയാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത്. സാങ്കല്പിക കഥകൾ ധാരാളം ഈ പ്രായത്തിലുള്ള കുട്ടികളെ ആകർഷിക്കും. സ്വന്തം മാർഗ്ഗത്തിൽ ചിന്തിക്കുവാനും പ്രവർത്തിക്കുവാനും ആഗ്രഹിക്കുന്ന ഈ പ്രായത്തിലുള്ള കുട്ടികൾക്കു അതിനു സഹായകമായ രചനകളാണ് രചിക്കുന്നത്. ആദർശവാദിയായ നായകനും പ്രതിനായകനും അടങ്ങുന്ന കഥകൾ ഈ പ്രായത്തിലുള്ള കുട്ടികളെ ഏറെ ആകർഷിക്കുന്ന രചനകളാണ്.

നാല്. കൗമാരസാഹിത്യം - പതിമൂന്നു വയസ്സ് മുതൽ പതിനാറു വയസ്സുവരെയുള്ള കുട്ടികൾക്കു വേണ്ടി എഴുതുന്ന രചനകളാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത്. ഈ പ്രായത്തിലുള്ള കുട്ടികളുടെ രചനകൾ വികാരപ്രദവും വിചാരപ്രദവും ആയിരിക്കണം. അറിയാനുള്ള ആഗ്രഹം ഏറെ വർധിച്ച കാലഘട്ടമായതിനാൽ അവരുടെ ജിജ്ഞാസയ്ക്കു സഹായകമാകുന്ന രചനകളാണ് ഈ കാലഘട്ടത്തിൽ ഏറെ പ്രയോജനപ്പെടുന്നത്. "പ്രകൃതിയെയും പ്രപഞ്ചത്തെയും മനുഷ്യനെയും സമൂഹത്തെയും അവയുടെ എല്ലാ സൗന്ദര്യ വൈരൂപ്യങ്ങളോടും നന്മ തിന്മകളോടും കൂടി യഥാർത്ഥമായി ചിത്രീകരിക്കുന്നത്" എന്നാണു കെ കെ വാസു ബാലസാഹിത്യത്തിലെ കൗമാരസാഹിത്യ സ്വഭാവത്തെ വിശദമാക്കിയത് (1995:191).

ഇത്തരത്തിൽ ബാലസാഹിത്യം കുട്ടികളുടെ വളർച്ചയുമായി ബന്ധപ്പെട്ടു രചിക്കണം എന്നു വ്യക്തമാകുന്നു. അതു കുട്ടികളുടെ വൈയക്തികവും സാമൂഹികവും ബുദ്ധിപരവും ആയ വളർച്ചയെ പുരോഗമനപരമായി സ്വാധീനിക്കാൻ സാധിക്കും. ഇത്തരത്തിൽ ബാലാഖ്യാനവുമായി ബന്ധപ്പെട്ട പഠനങ്ങൾ വായനക്കാരായ കുട്ടികളുമായി അത് എങ്ങനെയെല്ലാം ബന്ധപ്പെടുന്നു എന്നതിനെ അവലംബിക്കുന്നു. അതുകൊണ്ടുതന്നെ മലയാളത്തിലെ ബാലാഖ്യാനങ്ങളുടെ സവിശേഷതകളെ കണ്ടെത്തുന്നതിനു വ്യത്യസ്തമായ പ്രമേയങ്ങളെ തെരഞ്ഞെടുത്തുകൊണ്ടാണു ഗവേഷണത്തിൽ

പഠനം സാധ്യമാക്കുന്നത്. അതു കുട്ടികളുടെ വൈയക്തികവും സാമൂഹികവുമായ സമഗ്രവികാസത്തെ എത്തരത്തിലെല്ലാം സ്വാധീനിക്കുന്നുവെന്ന അന്വേഷണം സാധ്യമാക്കുന്നു.

## 01.05. ആഖ്യാനസിദ്ധാന്തങ്ങളും സൈദ്ധാന്തികരും

സാരോപദേശപ്രദം, ശാസ്ത്രാധിഷ്ഠിതം, ബാലമനോവ്യാപാരാധിഷ്ഠിതം എന്നിങ്ങനെ മൂന്നു പ്രധാന പ്രമേയങ്ങളാണ് ബാലകഥകൾ പ്രധാനമായും ചർച്ച ചെയ്യുന്നത്. ഈ മൂന്നു പ്രമേയങ്ങളെ കുട്ടികളുടെ സാഹിത്യം എന്ന രീതിയിൽ അവതരിപ്പിക്കാൻ എഴുത്തുകാർ ഉപയോഗിക്കുന്ന ആഖ്യാനതന്ത്രങ്ങളെ വിശകലനം ചെയ്യാൻ ആഖ്യാനശാസ്ത്രതത്വങ്ങൾ അടിസ്ഥാനമാർഗ്ഗമാകുന്നു. പഠന വിധേയമാക്കുന്ന ഓരോ കൃതിയുടെയും സവിശേഷത കണ്ടെത്തുകയും അവയുടെ ആഖ്യാന ഘടകങ്ങളുടെ വിനിമയത്തെ സൈദ്ധാന്തികരുടെ ആഖ്യാനരീതിശാസ്ത്രമനുസരിച്ച് വിശകലന വിധേയമാക്കുകയുമാണ് ചെയ്യുന്നത്.

ആഖ്യാനത്തിന്റെ അടിസ്ഥാന ഘടകങ്ങളുടെ വിനിമയ രീതിയനുസരിച്ചാണ് ആഖ്യാനത്തിന്റെ സവിശേഷമായ പഠനം ബാല സാഹിത്യത്തിൽ സാധ്യമാകുന്നത്. ബാലസാഹിത്യത്തിൽ കാണുന്ന പ്രധാന പ്രമേയങ്ങളെ സവിശേഷമായി അവതരിപ്പിക്കുവാനും രചനാലക്ഷ്യം സാധൂകരിക്കാനും ആഖ്യാനഘടകങ്ങളുടെ പ്രയോഗത്തെയടിസ്ഥാനമാക്കിയുള്ള പഠനമാണ് പ്രയോജനപ്പെടുത്തിയത്. ഓരോ പ്രമേയവും വിവിധങ്ങളായ ആഖ്യാന രീതിയാൽ ക്രമീകൃതമാണ്. ആഖ്യാനത്തെ അടിസ്ഥാനമാക്കി നടന്നിട്ടുള്ള സൈദ്ധാന്തിക പഠനങ്ങൾ നിരവധി വസ്തുതകൾ മുന്നോട്ടു വച്ചിട്ടുണ്ട്. അവയിൽ ബാലസാഹിത്യത്തിന്റെ രചനാരീതിയുമായി ബന്ധപ്പെട്ടു നിൽക്കുന്ന സൈദ്ധാന്തിക ചിന്തകളാണ് ഗവേഷണത്തിന്റെ ഭാഗമായി ഉൾപ്പെടുത്തുന്നത്.

ബാലകഥകളിലെ സ്വഭാവത്തെയും ഘടനയേയും വ്യക്തമാക്കുന്ന അടിസ്ഥാന ഘടകം കഥയിലെ ധർമ്മങ്ങൾ ആണ്. കഥയിലെ ക്രിയാപരമായ ഈ അംശമാണു കഥാപാത്രത്തിന്റെ ധർമ്മം. വ്യതിരിക്തമായ കഥാപാത്രങ്ങളാണ് ആഖ്യാനഘടകങ്ങളെ നിർണ്ണയിക്കുന്നത്. അതുപോലെ ബാലകഥകളുടെ രൂപപരമായ വിശകലനത്തിൽ അവയുടെ ദൈർഘ്യവും ഒരു പ്രധാനപ്പെട്ട ഘടകമാണ്. കഥയുടെ രൂപം വലുതും ചെറുതുമാകുകയും അതു

ചെറുകഥയെന്നും നോവലെന്നുമുള്ള വിഭജനത്തിനു കാരണമാകുകയും ചെയ്യുന്നതിൽ കാലഘടനയ്ക്ക് വലിയ പ്രാധാന്യമുണ്ട്. ഇത്തരത്തിൽ ആഖ്യാനത്തിൽ കാലസങ്കല്പത്തെ ആസ്പദമാക്കിയുള്ള സൈദ്ധാന്തിക ചിന്തകൾക്കു വലിയ പ്രാധാന്യം ലഭിക്കുന്നു. പലപ്പോഴും കഥകൾക്കു പ്രമേയം നിഷ്കർഷിക്കുന്ന അർത്ഥസാധ്യതകളെ ലക്ഷ്യത്തിലെത്തിക്കുവാൻ പല ആഖ്യാനഘടകങ്ങളും ഉപാദാനമാകാറുണ്ട്. ഇത്തരത്തിൽ ആഖ്യാന ഘടകങ്ങളും അർത്ഥവും തമ്മിലുള്ള സാധ്യതകളെ അടിസ്ഥാനമാക്കിയുള്ള പഠനം ആഖ്യാന സവിശേഷതകളെ കണ്ടെത്താൻ ഏറെ ഗുണപ്രദമാണ്. സാഹിത്യത്തിന്റെ കാലക്രമേണയുള്ള മാറ്റങ്ങളെ ബാലകഥകളിലും കാണാൻ കഴിയും. സാരോപദേശ കഥകളിലും, ശാസ്ത്രാധിഷ്ഠിത കഥകളിലും ബാലമനോ വ്യാപാരാധിഷ്ഠിത കഥകളിലും സമകാലികമായ പുതു പരീക്ഷണങ്ങളും ധാരണകളും പ്രകടമാണ്. ബാലസാഹിത്യം കൃത്യമായ രചനാലക്ഷ്യങ്ങൾ മുന്നോട്ടു വയ്ക്കുന്നുണ്ട്. അത്തരം മൂല്യാംശങ്ങളുമായി ചേർന്നുനിന്ന് ആഖ്യാനത്തെ എഴുത്തുകാർ എങ്ങനെയെല്ലാം സവിശേഷമാക്കിയെന്നാണ് പഠനം അന്വേഷിക്കുന്നത്. ആഖ്യാനശാസ്ത്രം ആഖ്യാനത്തെ അടിസ്ഥാനമാക്കി നടത്തുന്ന ശാസ്ത്രീയ പഠനമാണ്. ആഖ്യാനത, മാധ്യമത, കാലികത, സ്ഥലികത എന്നിവയിലൂടെ ആഖ്യാനം അതിന്റെ ലക്ഷ്യത്തിൽ എങ്ങനെ എത്തിച്ചേർന്നു എന്ന അന്വേഷണ രീതിയാണ് പ്രബന്ധത്തിൽ സ്വീകരിച്ചത്.

കഥാപാത്രത്തിന്റെ പ്രവൃത്തികളെ കേന്ദ്രീകരിച്ചു നടത്തുന്ന പഠനങ്ങൾക്കു വ്ലാദിമിർ പ്രോപ്പിന്റെ (Vladmir Propp) ആഖ്യാന സിദ്ധാന്തങ്ങളെയും, ആഖ്യാനത്തിലെ ഭാഷാപരമായ സവിശേഷതകൾ വ്യക്തി സ്വത്വങ്ങൾ, സ്ഥലങ്ങൾ, വസ്തുക്കൾ എന്നിവയെ അടിസ്ഥാനമാക്കി അവയുടെ സവിശേഷത കണ്ടെത്താൻ റോലാങ് ബാർത്തിന്റെ (Roland Barth) സിദ്ധാന്തങ്ങളെയും, പുരാവൃത്ത സ്വാധീനത്തെ കുറിച്ച് പഠിക്കാൻ ക്ലോദ് ലവിസ്ട്രോസിന്റെ (Claude Levi-Strauss) സിദ്ധാന്തങ്ങളെയും, രചനകളിലെ കാലസങ്കല്പത്തെക്കുറിച്ചു വിശകലനം ചെയ്യാൻ ജറാൾഡ് ഴെനറ്റിന്റെ (Gerard Genette) സൈദ്ധാന്തിക ചിന്തകളെയും, സംഭാഷണങ്ങളെ കുറിച്ചു പഠിക്കാൻ മിക്കി ബാലിന്റെ (Mieke Bal) നിരീക്ഷണങ്ങളെയും ഉപയോഗിക്കുന്നു. ബാലസാഹിത്യ രചനയിൽ ബാലമന:ശാസ്ത്രത്തിന്റെ തത്വങ്ങൾ നേരിട്ടു

ബന്ധപ്പെടുന്നതിനാൽ ബാലമനോവ്യാപാരത്തെ അടിസ്ഥാനമാക്കിയുള്ള ആഖ്യാന പഠനത്തിൽ സിഗ്മണ്ട് ഫ്രോയിഡിന്റെ (Sigmund Freud) ബാല മനഃശാസ്ത്രതത്വങ്ങളെ ഉപാദാനമായി സ്വീകരിക്കുന്നു. മൃഗകഥാപാത്രങ്ങളുടെ കഥാപാത്രപഠനത്തിൽ നരരൂപാദാനത്തിന്റെ (Anthropomorphism) സ്വഭാവ രീതികൾ പ്രകടമാണോ എന്ന് അന്വേഷിക്കുന്നു.

## 01.05.01.വ്ലാദിമിർ പ്രോപ്പ് (Vladmir Propp)

റഷ്യൻ നാടോടി കഥകളെ അടിസ്ഥാനമാക്കി അവയുടെ ആഖ്യാന രീതികളെ പരിശോധിക്കുന്ന രീതിയാണ് വ്ലാദിമിർ പ്രോപ്പ് മുന്നോട്ടു വച്ചത്. പ്രധാനമായും കഥാപാത്രത്തിന്റെ പ്രവൃത്തികളെ ആധാരമാക്കിയുള്ളതാണ് അദ്ദേഹത്തിന്റെ പഠനം. കഥകളിൽ ചില അംശങ്ങൾ ആവർത്തിക്കുകയും ചിലവ ആവർത്തിക്കാതിരിക്കുകയും ചെയ്യുന്നുവെന്ന് അദ്ദേഹം കണ്ടെത്തുന്നു. കഥകളിൽ ആവർത്തിക്കുന്ന അംശങ്ങളെ സ്ഥിരാങ്കങ്ങൾ എന്നും ആവർത്തിക്കാത്ത അംശങ്ങളെ അസ്ഥിരാങ്കങ്ങൾ എന്നും വിളിക്കുന്നു. നൂറോളം കഥകളെ വിശ്ലേഷണം നടത്തിയതിൽ നിന്നും മുപ്പത്തിയൊന്നു ധർമ്മങ്ങൾ ആണ് കഥകളിൽ ആവർത്തിക്കുന്നതെന്ന് അദ്ദേഹം കണ്ടെത്തുന്നു. എന്നാൽ ഒരു ധർമ്മം പോലും മറ്റൊരു ധർമ്മത്തിന് ഇടയിൽ കയറി ആശയക്കുഴപ്പം സൃഷ്ടിക്കുന്നില്ല. ഓരോ കഥാപാത്രവും വ്യത്യസ്തമായ കഥാപാത്രത്തിന്റെ പ്രവൃത്തികളാണു ചെയ്യുന്നത്. ഈ പ്രവൃത്തികൾ തമ്മിൽ ചില സമാന ഭാവം പുലർത്തുന്നു എന്നും മനസ്സിലാക്കാം. ഒരു പ്രവൃത്തി മറ്റുപ്രവൃത്തികൾക്കുള്ള സാഹചര്യവും സൃഷ്ടിക്കുന്നു. നാടോടി കഥകളിലെ നായകന്റെ പൊരുതൽ, അയാളുടെ വിജയം, നിർഭാഗ്യം, ആപത്തിൽ നിന്നുള്ള മോചനം എന്നിവയെല്ലാം ഒന്ന് മറ്റൊരു ധർമ്മത്തിന്റെ പൂരണമായാണ് നിലനിൽക്കുന്നത്. വ്ലാദിമിർ പ്രോപ്പിന്റെ ഗവേഷണഫലപ്രകാരം നായകൻ, വില്ലൻ, ഡോണർ, സഹായി, രാജകുമാരി, അവളുടെ പിതാവ്, ഡിസ്പാച്ചർ എന്നിങ്ങനെ ഏഴ് വേഷങ്ങളാണുള്ളത്[9]. വ്ലാദിമിർ പ്രോപ്പ് പഴങ്കഥകളെ അടിസ്ഥാനമാക്കി കഥകളെ ചിട്ടപ്പെടുത്തിയിട്ടുണ്ട്. അവ 1. പുതുപുത്തൻ കഥകളും കെട്ടുകഥകളും, 2. ശുദ്ധ യക്ഷികഥകൾ, 3. ജീവശാസ്ത്രകഥകളും കെട്ടുകഥകളും, 4. മൃഗങ്ങളെക്കുറിച്ചുള്ള കല്പിതകഥകൾ, 5. ജീവശാസ്ത്രകഥകൾ, 6. നർമ്മകഥകളും കെട്ടുകഥകളും, 7. ഗുണപാഠ കഥകൾ എന്നിവയാണ്

(2000:128). ഇത്തരത്തിൽ വ്ലാദിമിർ പ്രോപ്പ് ആഖ്യാനശാസ്ത്രവുമായി ബന്ധപ്പെട്ട് നടത്തിയ പഠനങ്ങളുടെ വിശകലനത്തിൽ നിന്നും അവ ബാലകഥകളുടെ ആഖ്യാനവുമായി ഏറെ അടുത്തുനിൽക്കുന്നു. ബാലകഥകളുടെ പൊതുസ്വഭാവം അനുസരിച്ച് അവയിലെ ധർമ്മങ്ങൾക്കു ഏറെ പ്രസക്തി നിലനിൽക്കുന്നു. സാരോപദേശ ബാലകഥകളുടെ വിശകലനത്തിൽ പ്രോപ്പിന്റെ ആഖ്യാന സിദ്ധാന്തങ്ങൾ ഉപയുക്തമാകുന്നു.

## 01.05.02. ക്ലോഡ് ലവിസ്ട്രോസ് (Claude Levi-Strauss)

ആഖ്യാനത്തിൽ കാണുന്ന പുരാവൃത്തങ്ങളുടെ ചിന്തയുടെ അടിസ്ഥാന ത്തിലാണ് ക്ലോഡ് ലവിസ്ട്രോസിന്റെ സിദ്ധാന്തങ്ങൾ പ്രധാനമാകുന്നത്. ആഖ്യാനത്തിൽ കാണുന്ന പുരാവൃത്തം എന്നതു സാംസ്കാരിക പ്രശ്നമായിട്ടാണ് അദ്ദേഹം കാണുന്നത്. സംഭവങ്ങളിലൂടെയാണ് പുരാവൃത്തം ആഖ്യാനത്തിൽ കാണാൻ സാധിക്കുന്നത്. മിത്ത് മനുഷ്യസംസ്കാരത്തിന്റെ ഭാഗമാണ് എന്നാണ് അദ്ദേഹത്തിന്റെ കണ്ടെത്തൽ. മിത്ത് എല്ലായ്പ്പോഴും കാലക്രമേണ നടന്നതായി ആരോപിക്കപ്പെടുന്ന സംഭവങ്ങളെയാണ് സൂചിപ്പിക്കുന്നത്. വർത്തമാനകാലത്തെയും ഭൂതകാലത്തെയും ഭാവിയെയും അതു വിശദീകരിക്കുന്നു. ലോകമെമ്പാടുമുള്ള ഒരു വായനക്കാരനു മിത്ത് മിത്തായി തോന്നുന്നത് അതുപറയുന്ന കഥയിലാണ് എന്നാണ് ക്ലോഡ് ലവിസ്ട്രോസിന്റെ സിദ്ധാന്തം[10]. ആഖ്യാനത്തിന്റെ വിശ്ലേഷണത്തിലൂടെയാണ് പുരാവൃത്തത്തിന്റെ അർത്ഥം കണ്ടെത്താൻ കഴിയുന്നത് എന്ന ചിന്തയും ക്ലോഡ് ലവിസ്ട്രോസിന്റെയാണ്. ബാലകഥകളിൽ കാണുന്ന പുരാവൃത്തത്തിന്റെ ആവിഷ്കാരം നൽകുന്ന അർത്ഥവ്യാപ്തി മനസ്സിലാക്കാൻ ക്ലോഡ് ലെവിസ്ട്രോസ് നൽകുന്ന ആഖ്യാനരീതിശാസ്ത്രം ഫലപ്രദമാണ്.

## 01.05.03. റൊളാങ്ങ് ബാർത്ത് (Roland Barth)

റൊളാങ്ങ് ബാർത്തിന്റെ ആഖ്യാനവിജ്ഞാനം ആഖ്യാനഘടനയെ ആസ്പദമാക്കി നിലകൊള്ളുന്നു. ആഖ്യാനതന്ത്രം മനസ്സിലാക്കാൻ കഥാ സാഹിത്യത്തിൽ ഉൾക്കൊള്ളുന്ന ഭാഷാപരമായ ഘടനയുടെ സവിശേഷതകൾ കണ്ടെത്തേണ്ടതുണ്ട്. കഥാംശങ്ങൾ, പ്രയോഗശൈലികൾ, ഇത്തിവൃത്തഘടനാ വൈചിത്ര്യങ്ങൾ, കഥാബന്ധത്തെ പൂർത്തിയാക്കൽ, പൂരിപ്പിക്കാതെവിടൽ

മുതലായ തന്ത്രങ്ങളിലൂടെ ആഖ്യാനത്തിന്റെ അപഗ്രഥനം സാധ്യമാകും എന്ന അഭിപ്രായം റൊളാങ്ങ് ബാർത്ത് മുന്നോട്ടു വച്ചിട്ടുണ്ട്. ഓരോ ആഖ്യാനത്തെയും സാംസ്കാരികമായി അപഗ്രഥിക്കുവാൻ സങ്കേതങ്ങളെ ഉപയോഗിക്കുന്ന മാർഗമാണ് അദ്ദേഹം സ്വീകരിച്ചത്. പാരായണത്തിൽ അർത്ഥബഹുത്വം കൈവരിക്കാനാകും എന്ന റൊളാങ്ങ് ബാർത്തിന്റെ പഠനം ബാലകഥകളിലും പ്രകടമാണ്. ഓരോ സൂചകങ്ങളും വ്യത്യസ്തമായ അർത്ഥങ്ങളെ സൂചിപ്പിക്കും. ബാലസാഹിത്യത്തിലെ കഥകളും നോവലുകളും ഭാഷാപരമായി നിരവധി അർത്ഥതലങ്ങളെ ഉൾക്കൊള്ളുന്നവയാണ്. സാരോപദേശകഥകളായാലും ശാസ്ത്രകഥകളായാലും മനോവ്യാപാരത്തെ അടിസ്ഥാനമാക്കിയുള്ള കഥ കളായാലും അവ ഭാഷാധിഷ്ഠിതമായ അർത്ഥവിനിമയം ആവശ്യപ്പെടുന്നുണ്ട്.

### 01.05.04. ജറാൾഡ് ഴെനറ്റ് (Gerard Genette)

ജറാൾഡ് ഴെനറ്റ് ആഖ്യാനകാലം, ആഖ്യാനപരിപ്രേക്ഷ്യം, ആഖ്യാന ശബ്ദം എന്നീ സംജ്ഞകളിലൂടെ ആഖ്യാനവും കഥയും തമ്മിലുള്ള ബന്ധത്തെ ക്കുറിച്ചും ആഖ്യാനവും ആഖ്യാനവ്യവഹാരവും തമ്മിലുള്ള ബന്ധത്തെപ്പറ്റിയും പഠനം നടത്തിയിട്ടുണ്ട്. കഥ, ആഖ്യാനം, ആഖ്യാനവ്യവഹാരം എന്നീ മൂന്നു തലങ്ങളിലൂടെയാണ് ഇദ്ദേഹത്തിന്റെ ആഖ്യാനപഠനം മുന്നോട്ടു പോകുന്നത്. കഥയിലെ കാലവും കഥാവ്യവഹാരത്തിന്റെ കാലവും തമ്മിലുള്ള ബന്ധത്തെ ആസ്പദമാക്കിയാണ് ആഖ്യാനകാലം നിശ്ചയിക്കേണ്ടത്. എഴുത്തുകാരൻ കഥയിലെ സംഭവങ്ങളിലൂടെ കാണിക്കുന്ന ധാരണകളെയാണ് ആഖ്യാന പരിപ്രേക്ഷ്യം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഒരു കഥയുടെ തുടക്കം മുതൽ ഒടുക്കം വരെ നിരവധി ആഖ്യാനബഹുലങ്ങളിലൂടെയാണ് ആഖ്യാനം മുന്നോട്ടു പോകുന്നത്. അവയെ ആണ് ആഖ്യാനശബ്ദം എന്ന പേരിൽ ജറാൾഡ് ഴെനറ്റ് വിശദമാക്കുന്നത്. ബാലകഥകൾക്കു പലപ്പോഴും അവ എഴുതപ്പെടുന്ന കാലത്തു മാത്രമല്ല നിലനിൽപ്പുള്ളത്. ഓരോ കാലത്തിലും അതിന്റെ അർത്ഥ വിനിമയത്തിൽ മാറ്റം വരാം. അതു പുരോഗമനപരവും അല്ലാതെയും ആകാം. അത്തരത്തിൽ കഥ ആവശ്യപ്പെടുന്ന വ്യവഹാരസാഹചര്യങ്ങളെ പഠന വിധേയമാക്കുമ്പോൾ ജറാൾഡ് ഴെനറ്റിന്റെ ആഖ്യാനസിദ്ധാന്തങ്ങൾ പഠനത്തെ സാധൂകരിക്കാൻ സഹായിക്കുന്നു.

ബാലകഥകളെയും നോവലിനെയും ആസ്പദമാക്കി നടത്തുന്ന ആഖ്യാന പഠനത്തിൽ സവിശേഷമായ ആഖ്യാനഘടകങ്ങൾ എങ്ങനെയാണ് ഓരോ പ്രമേയത്തെയും കൂടുതൽ അഭിവ്യഞ്ജിപ്പിക്കാനുള്ള ആഖ്യാനതന്ത്രമായി മാറുന്നതെന്ന അന്വേഷണമാണ് ഈ ഗവേഷണ പ്രബന്ധത്തിന്റെ കാതലായ ലക്ഷ്യം. അതിനാൽ ബാലസാഹിത്യം ആവശ്യപ്പെടുന്ന നിയതമായ ദീർഘ വീക്ഷണം രചനകൾ പുലർത്തുന്നത് എങ്ങനെയെന്ന ചോദ്യത്തിനുള്ള ഉത്തരവും ഈ അന്വേഷണത്തിന്റെ ഒരു ഭാഗമാകുന്നു. ഇത്തരത്തിൽ ആഖ്യാനത്തിന്റെ സിദ്ധാന്തങ്ങൾ ബാലസാഹിത്യതത്വങ്ങളുടെ അടിസ്ഥാന ആശയങ്ങളുമായി എങ്ങനെ ചേർന്നുനിൽക്കുന്നു എന്നതാണ് ഗവേഷണത്തിൽ പഠിക്കുന്നത്.

### 01.05.05. മിക്കി ബാൽ (Mieke Bal)

കഥാജനകം, കഥ, പാഠം എന്നീ മൂന്നു ഘടകങ്ങളെ അടിസ്ഥാനമാക്കി യാണ് മിക്കി ബാലിന്റെ നിരീക്ഷണങ്ങൾ മുന്നോട്ടുപോകുന്നത്. അദ്ദേഹത്തിന്റെ വിശദീകരണത്തിൽ പാഠം സംലഭ്യമാകുവാനും വായിക്കുവാനും കഴിയുന്ന സൃഷ്ടിയാണ്. കഥാജനകമെന്നാൽ കഥാപാത്രത്തിന് എന്തൊക്കെ സംഭവിച്ചു എന്നു വ്യക്തമാക്കുന്ന സംഭവങ്ങളാണ്. കഥ എന്നത് ഇതിവൃത്തം ആണ്. മിക്കി ബാലിന്റെ ചിന്തകളെ ടി ജിതേഷ് വ്യക്തമാക്കുന്നത് ഇങ്ങനെയാണ്, "കഥയുടെ അടിസ്ഥാനക്രിയയും വീക്ഷണവും ഉൾക്കൊള്ളുന്നതാണ് ഇതിവൃത്തം. പാഠം ഭാഷാശാസ്ത്രപരമായ നിർമിതിയാണ്. കഥയാവട്ടെ, സംഭവങ്ങളുടെ സംജ്ഞാപരമായ പദ്ധതിയും. ഒരേ കഥയിൽ നിന്നുതന്നെ വ്യത്യസ്തമായ പാഠങ്ങൾ നിർമ്മിക്കാൻ കഴിയും. ക്രിയാഘടകങ്ങളിൽ വരുത്തുന്ന മാറ്റങ്ങളിലൂടെ പാഠഭേദങ്ങൾ സൃഷ്ടിച്ചാണു വ്യത്യസ്ത മാധ്യമങ്ങൾ കഥയെ ഉപയോഗിക്കുന്നത്; എങ്കിലും ക്രിയയുടെ അടിസ്ഥാനഘടകങ്ങൾക്കു മാറ്റമുണ്ടാകുന്നില്ല. ഇത്തരം പരിണാമങ്ങൾ കാലവുമായും വിവരങ്ങളുടെ തിരഞ്ഞെടുക്കലിലൂടെയും വിതരണത്തിലൂടെയും സംഭവിക്കുന്നു"(2022 : 276).

ആഖ്യാതാവിന്റെ സംഭാഷണത്തെ കുറിച്ചുള്ള മിക്കി ബാലിന്റെ നിരീക്ഷണങ്ങളും ശ്രദ്ധേയമാണ്. ആഖ്യാനത്തിലെ സംഭാഷണങ്ങൾ വായനക്കാരെ സംബോധന ചെയ്യുന്നവയാണ്. കഥകളിലെ ശ്രോതാവു

പാഠത്തിനകത്തു തന്നെയുള്ള കഥാപാത്രങ്ങളാണ്. ആ ശ്രോതാവിനോടാണ് സംഭാഷണങ്ങളിലെ സംവേദനം നടക്കുന്നത്. അതിലെ സൂചനകളിൽ നിന്നും വായനക്കാരും കഥാപാത്രങ്ങളുടെ സ്വത്വം തിരിച്ചറിയുകയും ഉൾക്കൊള്ളുകയുമാണ് എന്ന മിക്കി ബാലിന്റെ നിരീക്ഷണങ്ങൾ ബാലസാഹിത്യത്തിന്റെ ആഖ്യാനപദ്ധതിയിൽ പലതലത്തിലും നേരിട്ടു ബന്ധപ്പെടുന്നു.

ബാലസാഹിത്യ രചനയിൽ ബാലമനഃശാസ്ത്രത്തിന്റെ തത്വങ്ങൾ നേരിട്ടു ബന്ധപ്പെടുന്നതിനാൽ ബാലമനോവ്യാപാരത്തെ അടിസ്ഥാനമാക്കിയുള്ള ആഖ്യാനവിശകലനത്തിൽ ഫ്രോയിഡിന്റെ ബാലമനഃശാസ്ത്ര തത്വങ്ങൾ ഉപാദാനമായി സ്വീകരിക്കുന്നു.

## 01.06. ബാലമനസ്സും മനഃശാസ്ത്രവും

മാനുഷിക വ്യാപാരങ്ങളുടെ അടിത്തറ മനസ്സാണ്. മനുഷ്യന്റെ എല്ലാ പ്രവൃത്തികളെയും അതിനാധാരമായ മാനസിക പ്രവർത്തനങ്ങളെയും കുറിച്ചുള്ള പഠനമാണ് മനഃശാസ്ത്രം. അതുപോലെ ബാലമനഃശാസ്ത്രം കുട്ടികളുടെ പെരുമാറ്റവും അവരുടെ മാനസിക വ്യാപാരത്തെയും കുറിച്ചുള്ള പഠനമാണ്. ബാലമനഃശാസ്ത്രത്തെക്കുറിച്ചു എസ് സജീവ് കുമാർ നടത്തിയ പഠനത്തിൽ ജനനത്തിനു മുൻപും ശേഷവുമായി വിവിധ ഘട്ടങ്ങൾ ഉള്ളതായി വിവരിക്കുന്നുണ്ട്. ജനനത്തിനു ശേഷം ഉള്ള ആറു ഘട്ടങ്ങളാണ് അതിൽ പ്രധാനമെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. അവ നവജാതകാലം, ശൈശവകാലം, പ്രീ - സ്കൂൾ കാലം, പ്രൈമറി സ്കൂൾ കാലം, മധ്യബാല്യം, കൗമാരാരംഭം എന്നിവയാണ്. ഇതിൽ ശൈശവകാലം മുതൽ കുട്ടികളുടെ പ്രവൃത്തികൾക്കു മാറ്റം വരികയും അതിന് അവരുടെ മാനസികാരോഗ്യവും ചിന്തകളും വലിയ പങ്കു വഹിക്കുകയും ചെയ്യുന്നു. കുട്ടികളുടെ ചിന്തകളെക്കുറിച്ചും അവരുടെ മാനസിക വ്യാപാരത്തെക്കുറിച്ചും സിഗ്മണ്ട് ഫ്രോയിഡിന്റെ മനഃശാസ്ത്ര തത്വങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട മനഃശാസ്ത്ര തത്വങ്ങൾ കുട്ടികളുടെ മാനസിക വളർച്ചയെയും പരിണാമത്തെ യുമാണ് അടിസ്ഥാനമാക്കുന്നത്. അതിനാൽ സിഗ്മണ്ട് ഫ്രോയിഡ് പറഞ്ഞിട്ടുള്ള മനഃശാസ്ത്ര തത്വങ്ങൾ അടിസ്ഥാനമാക്കി അവ ശിശുമനോവ്യാപാരത്തിൽ

ചെലുത്തുന്ന പ്രാധാന്യത്തെ മനസിലാക്കാൻ കഴിയും. കുട്ടികളുടെ ഗുണപരമായ വളർച്ചയിൽ മുതിർന്നവർക്കു വലിയ സ്വാധീനം ചെലുത്താൻ സാധിക്കും. അതിൽ ഏറെ സ്ഥാനം വഹിക്കുന്നത് മാതാപിതാക്കളും അധ്യാപകരുമാണ്. കുട്ടികളുടെ മാനസിക വളർച്ചയെന്നതു ഒരു മനുഷ്യന്റെ മാനസിക വളർച്ചയുടെ അടിസ്ഥാനമാണ്. മനുഷ്യമനസ്സിന്റെ പ്രവർത്തനങ്ങളെ സിഗ്മണ്ട് ഫ്രോയിഡ് വിശകലനം ചെയ്തിട്ടുള്ളതു പരിശോധിച്ചാൽ ഇതിന്റെ അടിസ്ഥാന ഘടകങ്ങളെ കണ്ടെത്താൻ കഴിയും. സിഗ്മണ്ട് ഫ്രോയിഡ് വ്യക്തിസത്തയെ മൂന്ന് ഭാഗമായി തിരിക്കുന്നു. 1.അബോധമനസ്സ് അഥവാ ഇദ്, 2.ബോധമണ്ഡലം അഥവാ ഈഗോ, 3.വ്യക്തിയുടെ മനസ്സ് എന്തായിരിക്കണമെന്നു സമുദായത്തിനുള്ള സങ്കൽപ്പമനുസരിച്ച് വ്യക്തിക്കും ബോധമുണ്ടാകും ഇതു സൂപ്പർ ഈഗോ (2004:379). മനസ്സിന്റെ നിഗൂഢ തലമാണ് അബോധമനസ്സ്. ഉണർന്നിരിക്കുന്ന മനസ്സാണ് ബോധമനസ്സ്. മനസ്സിന്റെ മുഖ്യഭാഗവും അബോധ തലത്തിലാണുള്ളത്. മനുഷ്യന്റെ പ്രാകൃതചോദനകളും വാസനകളും എല്ലാം ഇവിടെയാണു കുടികൊള്ളുന്നത്. ലൈംഗികവാസനകളുടെയും അക്രമ വാസനകളുടെയും കേന്ദ്രം അബോധമനസ്സാണ്. ഈ മൂന്നു അവസ്ഥാ വിശേഷങ്ങൾ അപഗ്രഥിച്ചു പഠിച്ചാൽ മാനസിക വ്യാപാരങ്ങളെ ശരിയായ രീതിയിൽ മനസ്സിലാക്കാൻ സാധിക്കും. ഇത്തരത്തിൽ മനുഷ്യന്റെ മാനസിക രീതികളെക്കുറിച്ചു പഠിക്കുന്ന മനഃശാസ്ത്രം മനുഷ്യന്റെ വ്യവഹാരവുമായും അനുഭവങ്ങളുമായും ബന്ധപ്പെട്ടു കിടക്കുന്നു. മനുഷ്യന്റെ അനുഭവങ്ങളെ മാറ്റി നിർത്തി മാനസിക വ്യാപാരങ്ങളെ വിശകലനം ചെയ്യുന്നത് പ്രായോഗികമല്ല. കാരണം മനുഷ്യന്റെ മാനസിക വ്യാപാരം എന്നത് അനുഭവങ്ങൾ തന്നെയാണ്. അറിവ്, വികാരം, അഭിലാഷം, കാഴ്ച, സ്മരണ, ഭാവന, പ്രവൃത്തി ഇവയെല്ലാം ചേർന്നതാണ് മനുഷ്യന്റെ അനുഭവം. അത് ഓരോ വ്യക്തിക്കും വ്യത്യസ്തമായിരിക്കും. ഇത്തരത്തിൽ വൈയക്തികമായി ലഭിച്ച അനുഭവങ്ങൾ മനഃശാസ്ത്ര പഠനത്തിന്റെ പ്രധാന ഘടകങ്ങളാണ്.

മനഃശാസ്ത്രത്തിനു വ്യത്യസ്തമായ ശാഖകൾ ഉണ്ട്. എല്ലാ പഠന മേഖലയുടെയും അടിസ്ഥാനമായി നിലകൊള്ളുന്നത് ഈ മേൽപ്പറഞ്ഞ ഘടകങ്ങളാണ്. ശിശുമനഃശാസ്ത്രം കേവല മനഃശാസ്ത്ര മേഖലയിൽ ഉൾപ്പെടുന്ന വിഷയം ആണ്. കുട്ടികളുടെ മാനസികാവസ്ഥ, പാരമ്പര്യം, മാതാപിതാക്കളുടെ

സ്വാധീനം, കുടുംബ ബന്ധം, ക്രീഡാതാൽപ്പര്യം ഇവയെല്ലാം ശിശു മനഃശാസ്ത്ര പഠനത്തിന്റെ അടിസ്ഥാന ഘടകങ്ങളാണ് (1997:23). കുട്ടികളിൽ സന്മാർഗബോധം ഉണർത്തുക എന്ന ലക്ഷ്യത്തിൽ എത്താൻ ശിശുമനസ്സ് വലിയ ഒരു പങ്കു വഹിക്കുന്നുണ്ട്. കുട്ടികളിൽ വളർത്തേണ്ട അല്ലെങ്കിൽ ഉണ്ടാവേണ്ട സന്മാർഗബോധം എന്നത് ആദർശത്തിനു പ്രാധാന്യം നൽകുന്നതാവണം. "യാഥാർത്ഥ്യത്തെക്കാളും സുഖത്തെക്കാളും വൈശിഷ്യ ത്തിന് ഇതു മുൻഗണന നൽകുന്നു" എന്ന് സിഗ്മണ്ട് ഫ്രോയ്ഡിന്റെ മനഃശാസ്ത്ര തത്വങ്ങളുടെ അടിസ്ഥാനത്തിൽ സ്റ്റാൻലി ജോസ് അഭിപ്രായപ്പെടുന്നു (1983:33). സൂപ്പർ ഈഗോയുടെ പ്രവർത്തങ്ങൾ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നതിൽ കുട്ടികൾക്ക് വലിയ സ്വാധീനം ചെലുത്താൻ കഴിയും. സാമൂഹിക ബോധത്തിന്റെ മനസ്സാക്ഷിയുടെ തലമാണ് സൂപ്പർഈഗോ. ലക്ഷണമൊത്ത സഹജീവിയായി നമ്മെ 'കണ്ടീഷൻ' ചെയ്തെടുക്കുകയാണ് സൂപ്പർഈഗോയുടെ കർത്തവ്യം. അതുകൊണ്ട്തന്നെ കുട്ടികളുടെ മാനസിക വളർച്ചയിൽ ഇതു വലിയ പ്രാധാന്യം വഹിക്കുന്നു.

ശിശുവിന്റെ വളർച്ചയിൽ മാനസികവും വൈജ്ഞാനികവുമായ വളർച്ച കൂടി അടങ്ങുന്നു. ശൈശവം, ബാല്യം, കൗമാരം തുടങ്ങിയ വിവിധ ഘട്ടങ്ങളിലൂടെയാണ് കുട്ടിയുടെ വളർച്ച കടന്നുപോകുന്നത്. ജനനം മുതൽ മൂന്നു വയസ്സുവരെയുള്ള കാലഘട്ടത്തെയാണ് ശൈശവം എന്നു വിളിക്കുന്നത്. മൂന്നു വയസ്സ് മുതൽ അഞ്ചു വയസ്സുവരെയുള്ള കാലഘട്ടത്തെയാണ് ആദിബാല്യം എന്നു പറയുന്നത്. അഞ്ചു മുതൽ ഒൻപതു വസ്സുവരെയുള്ള കാലത്തെ മധ്യബാല്യം എന്നു പറയുന്നു. ഒൻപതു മുതൽ പന്ത്രണ്ടു വയസ്സുവരെ കാലഘട്ടത്തെ അന്ത്യബാല്യം എന്നു വിളിക്കുന്നു. പന്ത്രണ്ടു മുതൽ ഇരുപത് വയസ്സുവരെയുള്ള കാലഘട്ടത്തെ കൗമാരദശ എന്നു പറയുന്നു. കുട്ടികളുടെ മാനസിക വളർച്ചയും ഈ കാലഘട്ടങ്ങളെ അനുസരിച്ചാണ് വികസിക്കുന്നത്. കുട്ടിയുടെ മാനസിക വളർച്ച ആരംഭിക്കുന്നത് അഞ്ചാമത്തെ വയസ്സോടു കൂടിയാണെന്ന് പറയാം. ഗ്രഹണശക്തി, ചിന്താശക്തി, ഓർമ്മശക്തി എന്നീ മാനസിക കഴിവുകൾ ശൈശവ ഘട്ടത്തിലാണ് ആരംഭിക്കുന്നത്. സ്വാതന്ത്ര്യ ബോധം ഉണ്ടാവുന്നതും അഞ്ചു വയസ്സുവരെയുള്ള കാലഘട്ടത്തിലാണെന്നു പറയാം. മാനസികമായ വളർച്ചക്കു പ്രാധാന്യം ലഭിക്കുന്ന കാലഘട്ടവും ഇതു

തന്നെയാണ്. പ്രകൃതി സൗന്ദര്യം കണ്ട് ആസ്വദിക്കുവാനും സാമൂഹ്യ ബോധം വളർത്തുവാനും കഴിയുന്ന കാലഘട്ടമാണ് ഇതെന്ന് പറയാം. അഞ്ചു മുതൽ ഒൻപതു വയസ്സുവരെയുള്ള കാലഘട്ടത്തിലാണ് മാനസികവും സാമൂഹികവുമായ വളർച്ച ത്വരിതഗതിയിൽ നടക്കുന്നത്. യുക്തി പൂർവ്വം കാര്യങ്ങൾ ചിന്തിക്കാനുള്ള ശേഷി കൈവരിക്കുന്ന കാലഘട്ടം കൂടിയാണിത്. ഒൻപത് വയസ്സ് മുതൽ പന്ത്രണ്ടു വയസ്സുവരെയുള്ള കാലഘട്ടത്തിൽ കുട്ടികൾ ഉത്സാഹികളും ധൈര്യമുള്ളവരുമായിരിക്കും. മറ്റുള്ളവരുടെ പ്രവൃത്തികളെ നിരൂപണ ബുദ്ധിയോടുകൂടി പരിശോധിക്കാനുള്ള ശേഷി കൈവരുന്നത് ഈ ഘട്ടത്തിലെ കുട്ടികൾക്കാണ്. സംഘത്തോടെ എല്ലാ പ്രവൃത്തികളും ചെയ്യാനുള്ള ഒരു സ്വഭാവവും ഈ കാലഘട്ടത്തിലാണു കുട്ടികൾ കാണിക്കുന്നത്. ജീവിത മൂല്യങ്ങളെക്കുറിച്ച് തിരിച്ചറിവുണ്ടാകുന്ന കാലം കൂടിയാണിത്. ബുദ്ധി ശരിയായി രീതിയിൽ വികസിക്കുകയും പദപരിചയവും വാക്യപരിചയവും വർദ്ധിക്കുകയും ചെയ്യുന്നത് ഈ പ്രായത്തിലാണെന്ന് പറയാം. അതുകൊണ്ട്തന്നെ ശാസ്ത്രീയമായ ചിന്താശക്തി ഈ കാലഘട്ടത്തിൽ വർദ്ധിപ്പിക്കാൻ സാധിക്കും. കുട്ടികളുടെ സ്വഭാവത്തിലും കാര്യശേഷിയിലും അടിത്തറ പാകുന്നത് ബാല്യദശയോടുകൂടിയാണ്. പന്ത്രണ്ടാമത്തെ വയസ്സുമുതൽ ആണ് കുട്ടികളുടെ കൗമാരദശ ആരംഭിക്കുന്നത്. ബുദ്ധിവികാസം പാരമ്യതയിൽ എത്തുന്ന കാലഘട്ടമാണ് ഇത്. വായന, എഴുത്ത്, ശാസ്ത്രീയവീക്ഷണം എന്നിവയിൽ കൂടുതൽ താൽപ്പര്യം പ്രകടപ്പിക്കുന്നതും ഈ പ്രായത്തിലാണ്. സ്വാതന്ത്ര്യം, അംഗീകാരം, സുരക്ഷിതത്വം, സ്നേഹം, ലൈംഗികതൃഷ്ണ, ജിജ്ഞാസ, സമപ്രായക്കാരുമായുള്ള ബന്ധം, സാഹസികത, സാമൂഹികാംഗികാരം തുടങ്ങിയവ കൗമാരദശയിലെ കുട്ടികളുടെ വൈകാരിക പ്രത്യേകതകളാണ് എന്നാണ് എരുമേലി പരമേശ്വരൻ പിള്ള കണ്ടെത്തുന്നത്[11]. കുട്ടികൾക്കുവേണ്ടി നിർമ്മിക്കുന്ന എല്ലാ മേഖലകളെയും ഈ ആശയങ്ങൾ സ്വാധീനിക്കുകയും അടിസ്ഥാന ഘടകമാക്കുകയും ചെയ്യുന്നു. കുട്ടികളുടെ വളർച്ചയുടെ എല്ലാ ഘട്ടങ്ങളിലും സാഹിത്യകൃതികൾക്കു വലിയ സ്വാധീനമാകാൻ കഴിയുന്നതിനാൽ സാഹിത്യകൃതികളുടെ പഠനത്തിലും ഇത് പ്രധാന ആശയമാകുന്നു. മനോവ്യാപാരത്തെ അടിസ്ഥാനമാക്കി രചിക്കുന്ന കൃതികൾ പ്രധാനമായും കുട്ടികളുടെ മാനസിക വളർച്ചയെയും വൈകാരിക വ്യതിയാനങ്ങളെയുമാണ് അടിസ്ഥാനമാക്കുന്നത്. അതിനാൽ ഇത്തരം

മനഃശാസ്ത്ര ഘടകങ്ങൾ അവതരിപ്പിക്കാൻ ആഖ്യാനരീതികളെ എങ്ങനെയെല്ലാം ഉപയുക്തമാക്കി എന്ന കണ്ടെത്തലിനിതു വഴി തെളിയിക്കുന്നു.

## 01.07. നരരൂപാദാനം (Anthropomorphism)

മൃഗകഥാപാത്രങ്ങളെ അടിസ്ഥാനമാക്കി നിരവധി കഥകൾ കാണാൻ സാധിക്കും. വ്യത്യസ്തമായ പ്രമേയങ്ങളെ അവതരിപ്പിക്കാൻ മൃഗകഥാ പാത്രങ്ങളെ ഇത്തരം കഥകളിൽ ഉപയോഗിച്ചിരിക്കുന്നു. കഥാപാത്രങ്ങളിലൂടെ വെളിപ്പെടുത്തുന്ന ആഖ്യാനസവിശേഷതകളെ കണ്ടെത്താൻ നരരൂപാദാന പഠനം സഹായകമാകുന്നു.

മനുഷ്യേതര വസ്തുക്കളിൽ മനുഷ്യന്റെ ഗുണങ്ങൾ ആരോപിക്കുന്ന തിനെയാണു നരരൂപാദാനം എന്നുപറയുന്നത്. സാഹിത്യത്തിൽ മൃഗങ്ങൾക്കു എപ്പോഴും ഒരു സ്ഥാനമുണ്ട്. ആദ്യകാലങ്ങളിൽ പ്രകൃതി ശക്തികൾക്കു എതിരെ മനുഷ്യന്റെ നിരന്തരമായ പോരാട്ടത്തെ നാടകീയമായി അവതരിപ്പിക്കാൻ വേണ്ടിയാണു മൃഗങ്ങളെ കഥാപാത്രങ്ങളായി സ്വീകരിച്ചത്. ബാല സാഹിത്യത്തിലെ മൃഗകഥകളെ മൂന്നു തരത്തിൽ മെയ്ഹിൽ അർബുത് നോട്ട് (May Hill Arbuthnot) തരം തിരിക്കുന്നു. 1.മനുഷ്യരെപ്പോലെ വസ്ത്രം ധരിച്ച് പെരുമാറുന്ന മൃഗകഥാപാത്രങ്ങൾ, 2.സംസാരിക്കുകയും സ്വാഭാവികമായി പെരുമാറുകയും ചെയ്യുന്ന മൃഗകഥാപാത്രങ്ങൾ, 3.മൃഗകഥാപാത്രങ്ങളെ വസ്തു നിഷ്ഠമായി വിവരിക്കുന്ന കഥകൾ[12]. ഈ വിഭജനത്തിലെ ആദ്യത്തെ രണ്ടു വിഭാഗത്തിലെ കഥകളിലും നരരൂപാദാനത്തിന്റെ സ്വഭാവം കാണാൻ സാധിക്കും എന്നു ജൂലിയറ്റ് കെല്ലോഗ് മാർക്കോസ്കി (Juliet Kellogg Markowsky) കണ്ടെത്തിയിട്ടുണ്ട്[13]. ബാലകഥകളിലെ മൃഗകഥാപാത്രങ്ങൾ വസ്ത്രം ധരിക്കുകയും സംസാരിക്കുകയും ചെയ്യുന്നതായി കാണാൻ സാധിക്കും. ബാലസാഹിത്യ രചയിതാക്കൾ നാലു പ്രധാന ലക്ഷ്യങ്ങളെ സാധൂകരിക്കാൻ വേണ്ടിയാണ് ഇത്തരത്തിൽ മൃഗകഥാപാത്രങ്ങളെ അവതരിപ്പിക്കുന്നതെന്ന് അദ്ദേഹം കണ്ടെത്തുന്നുണ്ട്. ഒന്ന്. മൃഗങ്ങളെ കൂടുതൽ തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. മനുഷ്യഗുണമുള്ള ഒരു മൃഗത്തെ പെട്ടെന്നു തിരിച്ചറിയാൻ ഇത്തരം മൃഗകഥാപാത്രങ്ങൾക്കു സാധിക്കുന്നു. രണ്ട്. കഥയിൽ ഫാന്റസിയുടെ അനുഭവം സംജാതമാക്കാൻ. കുട്ടികൾക്കു കാണാൻ കഴിയാത്ത മറ്റൊരു

ലോകത്തേക്കു അവരെ കൊണ്ടുപോകാൻ സംസാരിക്കുന്ന മൃഗങ്ങൾക്കു സാധിക്കുന്നു. മൂന്ന്. വൈവിധ്യമാർന്ന കഥാപാത്രങ്ങളെ വികസിപ്പിക്കാൻ ഇത്തരം മൃഗകഥാപാത്രങ്ങൾക്കു സാധിക്കുന്നു. നാല്. നർമ്മം ഉണ്ടാക്കാൻ മൃഗകഥാപാത്രങ്ങൾക്കു സാധിക്കുന്നു. മൃഗത്തിന്റെ ചിത്രം, സംഭാഷണം എന്നിവയെ അടിസ്ഥാനമാക്കിയാണു കഥകളിൽ നർമ്മം കടന്നുവരുന്നത്. ഇത്തരം മൃഗകഥകളിലെ നർമ്മം ഏറ്റവും പ്രായം കുറഞ്ഞ കുട്ടികളെ ആശ്രയിച്ചാണു രൂപപ്പെടുന്നത്. സംഭവങ്ങളെ സൂചിപ്പിക്കുന്ന വാക്കുകളിലൂടെയും ലളിതമായ പ്രാസമുള്ള ഈരടികളിലൂടെയും ഇത്തരം കഥകളിൽ നർമ്മം ഉൽപാദിപ്പിക്കുന്നു.

ബാലകഥകളുടെ വികാസം കാലഘട്ടങ്ങളിലൂടെ അടയാളപ്പെടുത്തു ബോൾ പ്രധാനമായും കാണാനാവുന്നത് അവയിലെ ആഖ്യാനത്തിൽ വരുന്ന മാറ്റങ്ങളാണ്. കാലം, പ്രമേയം, രചയിതാക്കൾ എന്നീ ഘടകങ്ങളാണ് ആഖ്യാനമാതൃകകളിൽ കാതലായ മാറ്റങ്ങൾ സൃഷ്ടിക്കുന്നത്. മലയാള ബാലകഥകളുടെ ചരിത്രം പഠനവിധേയമാക്കുമ്പോൾ പ്രമേയപരമായ വിശകലനമാണ് ഇവയുടെ സൂക്ഷ്മാപഗ്രഥനത്തിന് ഏറ്റവും അനുയോജ്യ മാകുന്നത് എന്ന് മനസ്സിലാക്കാം. അത്തരത്തിൽ സാരോപദേശ കഥകൾ, ശാസ്ത്രകഥകൾ, മനഃശാസ്ത്രകഥകൾ എന്നിങ്ങനെ വിഭജിച്ച് ഈ പ്രമേയങ്ങളുടെ ആഖ്യാനരീതി പഠനവിധേയമാക്കുമ്പോൾ ബാലകഥകളുടെ കാതലായ ആഖ്യാനരീതികളെക്കുറിച്ചു തിരിച്ചറിയാം. ഈ മൂന്നു പ്രമേയങ്ങൾ ഫലപ്രദമായി മലയാളത്തിൽ പ്രത്യക്ഷീകരിച്ച മൂന്നു എഴുത്തുകാരുടെ രചനകളെ മുൻനിർത്തിയാണ് ഈ ആഖ്യാനപഠനരീതികളെ ഈ പ്രബന്ധത്തിൽ ചർച്ച ചെയ്യുന്നത്.

കുട്ടികളിൽ സന്മാർഗ്ഗബോധവും നന്മയും വളർത്തുകയെന്നതാണ് ബാലസാഹിത്യത്തിന്റെ ധാർമ്മിക ലക്ഷ്യം. പുതിയതും പഴയതുമായ ഓരോ കഥയും രൂപപ്പെടുന്നതു കാലം വരുത്തിയ മാറ്റത്തിനനുസൃതമായാണ്. മലയാള സ്വതന്ത്ര കഥകളുടെ പൊതുവായനയിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്ന വസ്തുത പ്രമേയ സ്വീകരണത്തിലെ സാമാന്യ സ്വഭാവമാണ്. ബാല സാഹിത്യത്തിൽ അടിസ്ഥാന സ്വഭാവം സാരോപദേശം അഥവാ സദ്ഗുണ വിനിമയം കഥകളിലൂടെ പകരുകയെന്നതാണ്. ഇതു ബാലസാഹിത്യത്തിന്റെ

അടിസ്ഥാന പ്രമേയമായി ഇന്നും തുടരുന്നു. ഏത് കഥകളിലും ആത്യന്തികമായി ഒരു സദ്ചിന്തയുള്ള അംശം ഉൾക്കൊള്ളുകയെന്നതു പൊതു സവിശേഷതയാണ്. അതുകൊണ്ട് ബാലസാഹിത്യത്തിലെ അടിസ്ഥാന പ്രമേയങ്ങളിൽ ഒന്നു സാരോപദേശം തന്നെയാണെന്നു കണ്ടെത്താൻ കഴിയും. സാരോപദേശം അവതരിപ്പിക്കുകയെന്ന ലക്ഷ്യത്തെ മുൻനിർത്തി ധാരാളം കഥകൾ ഉണ്ട്. ഓരോ കാലത്തിലും അതിന്റെ അവതരണ രീതിയിൽ വലിയ വ്യത്യാസങ്ങൾ കാണാൻ കഴിയും. കുട്ടികളുടെ വളർച്ചയിലെ പല ഘട്ടങ്ങളിലുമുള്ള സ്വഭാവസവിശേഷത അടിസ്ഥാനമാക്കിയാണ് ഓരോ എഴുത്തുകാരും അവരുടെ രചനകൾ സംവിധാനം ചെയ്തിട്ടുള്ളത്. കുട്ടിയുടെ വളർച്ചയെ അടിസ്ഥാനമാക്കി അവർക്കു വൈയക്തികമായും സാമൂഹികമായും നേടേണ്ട സദ്ചിന്തകൾക്കുള്ള ഇടമായി സാഹിത്യകൃതികൾ മാറുന്നതു കാണാൻ കഴിയും. സുമംഗലയുടെ രചനകളുടെ സവിശേഷതയെന്നത് ഓരോ കഥകളുടെയും പ്രമേയം ഉൾക്കൊള്ളുന്ന സാരോപദേശ സംഹിതയാണ്. വ്യത്യസ്തമായ കഥകളിലൂടെ വ്യത്യസ്തമായ സാരോപദേശത്തെ കുട്ടികൾക്കു പകർന്നുനൽകുകയെന്നതാണ് സുമംഗലയുടെ കഥകളുടെ പൊതുസ്വഭാവം. അടുത്ത അധ്യായത്തിൽ സാരോപദേശ കഥകളുടെ ആഖ്യാനസ്വഭാവത്തെ സുമംഗലയുടെ കഥകളെ അടിസ്ഥാനമാക്കി വിശകലനം സാധ്യമാക്കുന്നു. ഇതു ബാലകഥകളുടെ പ്രധാന പ്രമേയമായ സാരോപദേശ കഥകളുടെ ആഖ്യാനപഠനത്തിന്റെ പൊതു മാതൃകയാകുന്നു.

**കുറിപ്പുകൾ**

1. ബഷീർ, എം, എം . മലയാള ചെറുകഥാസാഹിത്യചരിത്രം. 2002.പുറം-46.

2. ബഷീർ, എം, എം. മലയാള ചെറുകഥാസാഹിത്യചരിത്രം. 2002. പുറം-47.

3. "പങ്ങശ്ശപണിക്കർ. 'വീര്യസ്വർഗ്ഗം'(1892), അജ്ഞാത കർതൃകങ്ങളായ 'കുറച്ചേ തെറ്റിയുള്ളൂ'(1892), 'സ്ത്രീസ്വഭാവമാണിത്'(1893) വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ എഴുതിയ 'മേനോക്കിയെ കൊന്നതാര്'(1893), 'ദ്വാരക'(1893)". ബഷീർ, എം, എം. മലയാള ചെറുകഥാസാഹിത്യ ചരിത്രം.2002. പുറം-53,54,55).

4. ജിതേഷ്,ടി. ആഖ്യാനശാസ്ത്രം. 2017. പുറം-31.

5. "The production of a narrative; the recounting of a series of situations and events". Gerald, Prince. Dictionary of Narratology.2003.Page No- 58.

6. "Children's literature is an amorphous, ambiguous creature; its relationship to its audience is difficult; its relationship to the rest of literature, problematic". Hunt, P.Literature for children.2003.Page No-1

7. "Through children's literature, children received cultural message, values of society they live in an information regarding the world" Mellanie Koss. Diversity in Contemporary Picturebooks: A Content Analysis. 2015. page no-32)

8. "As per many critical articles and academic studies, the value of children's books may extend from the development of cognitive skills to the emotional and spiritual aspects of the child's personality".Hisham Muhamad Ismail. Children's Literature: The significance and other Impacts. Theory and Practice in Language studies (Journal) Vol-13, m 2023.Page No-593.

9. Vladmir Propp.Morphology of the Folktale.2009. page no-21,75, 79, 80

9. Livi-Struss C. “The structural study of Myth.” The Journal of American Folklore.1955.Vol-68(270) page no.428-44

10. പരമേശ്വരൻ, പിള്ള, എരുമേലി. വിദ്യാഭ്യാമനഃശാസ്ത്രം.1980. പുറം-59

11. Arnuthnot, May Hill. Children and books.1964.page no. 398-425

12. "Why Anthropomorphism in Children's Literature?". Juliet Kellogg Markowsky. Published by National Council of Teachers of English.Vol.52.No.4.Page no-460,461,462,466.

# അധ്യായം രണ്ട്

# സുമംഗലയുടെ രചനകളിലെ ആഖ്യാനരീതികൾ

സാരോപദേശകഥകൾ ബാലകഥകളിൽ കണ്ടുതുടങ്ങുന്നത് നാടോടി കഥകളിലൂടെയാണ്. നാടോടിക്കഥകളുടെ തത്വവും പ്രയോഗവും ബാല സാഹിത്യത്തിലുപയുക്തമാവാനുള്ള കാരണം ഈ രണ്ട് സാഹിത്യ രൂപത്തിന്റെയും ധർമ്മത്തിലുള്ള സമാനതയാണ്. നാടോടിജീവിത പരിസരങ്ങളിൽ നിന്ന് ഇതിവൃത്തം സ്വീകരിച്ച് നാടോടിവാമൊഴി വഴക്കത്തിന്റെ മനോഹാരിതയോടെ പ്രചരിച്ചവയാണ് നാടോടികഥകൾ. നീതിബോധവും സന്മാർഗ്ഗ ജീവിതസങ്കല്പവും വളർത്തുകയെന്നതാണ് നാടോടിക്കഥകളുടെ പൊതു ധർമ്മം. ബാലകഥകളുടെ അടിസ്ഥാന ധർമ്മവും ഇതുതന്നെയാണെന്നതു ബാലകഥാസാഹിത്യത്തിൽ നാടോടിക്കഥകൾ സജീവമാവാൻ കാരണമായി. നാടോടിക്കഥകൾ സാഹിത്യത്തിലും സംസ്കാരത്തിലും ഉപയോഗപ്പെടുത്തുന്നതിനെ കുറിച്ച് ബെൻ ആമോസ് (Ben-Amos) നടത്തിയ പഠനത്തെക്കുറിച്ച് അജു കെ നാരായണൻ വിശദമാക്കുന്നത് ഇപ്രകാരമാണ്, "നാലുതരത്തിൽ നാടോടിക്കഥകളെ ചരിത്രപരമായി ഉപയോഗപ്പെടുത്തിയതായിനിരീക്ഷിക്കാം. ഒന്ന് അന്തർസംസ്കാര വിനിയോഗം, രണ്ട് ഭിന്നസംസ്കാരബന്ധങ്ങൾ, മൂന്ന് സാഹിതീയ പുനരാഖ്യാനം, നാല് നാടോടിക്കഥയായുള്ള രേഖപ്പെടുത്തൽ" (2011:13,14)ഈ നാല് രീതികളിലാണ് നാടോടിക്കഥകളുടെ സഞ്ചാരപഥങ്ങൾ. അന്തർസംസ്കാരവിനിയോഗത്താലാണ് വാമൊഴിയായി നിലനിന്നിരുന്ന നാടോടിക്കഥകൾ രേഖപ്പെടുത്താൻ ആരംഭിച്ചത്. സംസ്കാരത്തിന്റെ പരിണാമത്തോടനുബന്ധിച്ച് വാമൊഴിയേക്കാൾ വരമൊഴിക്കു സ്ഥാനം ലഭിച്ചു. ഇതിന്റെ ഫലമായി വാമൊഴിയിലുള്ളതെല്ലാം രേഖപ്പെടുത്തുവാൻ ആരംഭിച്ചു. മഹാഭാരതത്തിലും ബൈബിളിലും കാണുന്ന നാടോടിക്കഥകൾ അന്തർസംസ്കാര വിനിയോഗത്തിന്റെ ഫലമാണെന്നു മനസ്സിലാക്കാം. യാത്രക്കാരിലൂടെയും കച്ചവടക്കാരിലൂടെയും നിരവധി നാടോടിക്കഥകൾ ഒരു രാജ്യത്തു നിന്നും മറ്റൊരു രാജ്യത്തിലേക്ക് എത്തിച്ചേരാറുണ്ട്. ഇങ്ങനെയാണ് നാടോടിക്കഥകളുടെ ഭിന്ന സംസ്കാരം ഉരുവപ്പെടുന്നത്. ഭാരതത്തിലെ പഞ്ചതന്ത്രം കഥകൾ മധ്യപൂർവ്വദേശത്തേക്കും

യൂറോപ്പിലേക്കും സംക്രമിച്ചത് ഈ രീതിയിലാണ്. വാമൊഴി വഴക്കത്തിലുള്ള പല നാടോടികഥകളും ചെറുകഥയിലും നോവലിലും കഥാകാവ്യങ്ങളിലും കാണാറുണ്ട്. സാഹിതീയപുനരാഖ്യാനമായാണ് ഇവയെ വിലയിരുത്താൻ സാധിക്കുന്നത്. നാടോടിക്കഥകളെ കഥകളായി തന്നെ രേഖപ്പെടുത്തി ചരിത്രപരമായി ഉപയോഗിക്കുന്നതിന്റെ ഫലമായാണ് പല രാജ്യങ്ങളിലും പ്രചരിച്ച നാടോടികഥകളെ കണ്ടെത്തി അവ പ്രസിദ്ധീകരിക്കുന്നത്. ബാലകഥകളിൽ കാണുന്ന നാടോടിക്കഥകളെ സാഹിതീയ പുനരാഖ്യാനമെന്ന നിലയിൽ മനസ്സിലാക്കാം. ആദ്യകാല ബാലകഥകൾ മുതൽ സമകാലിക ബാലകഥകൾ വരെ പരിശോധിച്ചാൽ നാടോടിക്കഥകളുടെ രൂപം, കഥാപാത്രം, പ്രമേയം, എന്നിവയെ പൂർണ്ണമായി തച്ചുടച്ചല്ല പുതുരചനകൾ ഉണ്ടായിട്ടുള്ളത്. ഓരോ എഴുത്തുകാരന്റെയും രചനാരീതികൾ വ്യത്യസ്തമാകുന്നുവെന്നുമാത്രം. വാമൊഴിയായി പ്രചരിച്ച കഥകളെ പലമട്ടിൽ വ്യത്യസ്ത ലക്ഷ്യങ്ങളോടെ അവതരിപ്പിക്കുമ്പോൾ അവയ്ക്ക് പുതുകഥകളുടെ ഭാവം കൈവരുന്നു. നാടോടി ക്കഥകളുടെ ലക്ഷ്യവും ബാലകഥകളുടെ ലക്ഷ്യവും സന്മാർഗബോധനമായതി നാൽ എക്കാലവും ബാലകഥകളിൽ നാടോടിക്കഥകളുടെ വ്യത്യസ്താഖ്യാനം ഒഴിച്ചു നിർത്താനാവാത്തതായി മാറുന്നു. നാടോടിക്കഥകളിലെ കഥാ പാത്രങ്ങളെയും ധർമ്മങ്ങളെയും കൂട്ടിയിണക്കി നടത്തുന്ന ബാലകഥാഖ്യാന പഠനങ്ങൾ ബാലകഥകളുടെ രൂപപരമായ സമ്പ്രദായത്തെ മനസ്സിലാക്കാനും സഹായിക്കുന്നു [1].

## 02.01. സാരോപദേശ വിനിമയരീതികൾ

സാരോപദേശകഥകൾ വിനിമയം ചെയ്യാൻ പല മാർഗ്ഗങ്ങളും ബാലകഥകൾ ഉപയോഗിച്ചിട്ടുള്ളതായി കാണാൻ കഴിയും. നേരിട്ട് ഉപദേശം കൈമാറുന്ന കഥകൾക്കൊപ്പം കഥകൾക്കുള്ളിൽ മൂല്യാംശം ഉൾക്കൊള്ളിക്കുന്ന രീതിയും ബാലകഥകളിൽ കാണാം. ഈ ഉപദേശ കഥകളെ ഋജുരീതി, പരോക്ഷരീതി എന്നിങ്ങനെ രണ്ടു തരത്തിൽ തിരിക്കാവുന്നതാണ്.

1. ഋജു രീതി: വിവിധ സദ്ഗുണപാഠങ്ങളെ കഥകളിലൂടെ അവതരിപ്പിക്കാൻ എഴുത്തുകാർ പല രചനാതന്ത്രങ്ങളാണു മെനയുന്നത്. ഓരോ കഥകളിലും സന്ദേശത്തെ ഒളിച്ചുവയ്ക്കാനും വെളിപ്പെടുത്താനും അവർ ഉപയോഗിക്കുന്ന

ആഖ്യാനരീതി വ്യത്യസ്തമാണ്. അവയിൽ പ്രധാനപ്പെട്ട ഒന്നാണ സന്ദേശം അവസാനം പറയുന്ന രീതി. ആദ്യകാലകഥകളിലും മധ്യകാലകഥകളിലും ഇത്തരം ശൈലി ധാരാളം ഉപയോഗിച്ചിരുന്നതായി കാണാൻ കഴിയും. കെ കേശവൻ നായർ എഴുതിയ 'ബാലസാഹിത്യം' എന്ന പുസ്തകത്തിലെ കഥകൾ ഇതിനുദാഹരണമാണ്. ഒരു കഥ നിരവധി കഥകളിലേക്കു വായനക്കാരെ കൊണ്ടുപോവുന്നതും അവ ശക്തമായ ചില ഗുണപാഠങ്ങൾ പ്രദാനം ചെയ്യുന്നതും നിരവധി ബാലകഥകളിൽ കാണാം. കേശവൻ വെള്ളിക്കുളങ്ങര എഴുതിയ 'പിണക്കവും ഇണക്കവും' ഇത്തരത്തിൽ രചിച്ച കഥകളിലൊന്നാണ്. ഒരു പ്രസ്താവനയിൽ ആരംഭിച്ച കഥ പറയുന്ന രീതിയാണ് കുട്ടേട്ടൻ എഴുതിയ 'വളരുക വലിയവരാകുക' എന്ന കഥയിൽ അവലംബിച്ചിരിക്കുന്നത്. ഒറ്റക്കഥാപാത്രത്തെ അടിസ്ഥാനമാക്കി കഥ പറയുന്ന നിരവധി ബാലകഥകളുണ്ട്. കാലം, സ്ഥലം എന്നിവയെ പ്രതിനിധീകരിച്ച കഥ പറയുകയെന്നതും ബാലകഥകളിലെ പൊതു രീതിയാണ്. ഇ വി കൃഷ്ണപിള്ളയുടെ 'ബാലസാഹിത്യകൃതികൾ', പി നരേന്ദ്രനാഥിന്റെ 'കുഞ്ഞിക്കൂനൻ', 'കുഞ്ഞിപാപ്പൻ' തുടങ്ങി നിരവധി കൃതികളിൽ ഈ രചനാസവിശേഷത കാണാം. പഴഞ്ചൊല്ല്, കടങ്കഥ എന്നിവ വികസിപ്പിച്ച സാരോപദേശപ്രദമായ കഥ പറയുന്ന രീതിയും ബാലകഥാരചനയിൽ അവലംബിച്ചു കാണാറുണ്ട്. ജോസ് ഇടിക്കുളം എഴുതിയ 'പഴഞ്ചൊല്ലിൽ ചാലിച്ച കഥകൾ' ഇതിനു മികച്ച ഉദാഹരണമാണ്. പഴയ കഥകൾക്കു പുതിയ ആഖ്യാനപാഠം നൽകിക്കൊണ്ടു കഥ പറയുന്ന രീതിയും ബാലകഥകളിൽ സജീവമാണ്. എ കെ പുതുശ്ശേരി എഴുതിയ 'കുട്ടവയും കിട്ടുവയും', കെ. എൻ നാരായണപിള്ള എഴുതിയ 'പുരാണ കഥാമാലിക' എന്നിവ ഇത്തരത്തിൽ ആഖ്യാനം ചെയ്യപ്പെട്ടവയാണ്. ക്രിയകളിലൂടെയും പ്രവൃത്തികളിലൂടെയും തിരിച്ചറിവും ഉപദേശവും കൈമാറുന്ന കഥകൾ ബാലകഥകളുടെ ആദ്യകാലം മുതൽ നിലനിൽക്കുന്ന രചനാ രീതിയാണ്. സംസ്കൃതന്യായങ്ങളെ അടിസ്ഥാനമാക്കി സാരോപദേശം കൈമാറുന്നത് ബാലകഥകളിൽ അപൂർവ്വമാണ് അത്തരത്തിലുള്ള ഒരു സമ്പ്രദായമാണ കുമരകം എസ് ആർ കെ എഴുതിയ 'ലൗകിക ന്യായങ്ങൾ'.

2. പരോക്ഷരീതി: മൃഗകഥകളിലൂടെ സദ്ഗുണ പാഠങ്ങൾ പകരുന്നതു ബാലകഥകളിൽ സാധാരണമാണ്. നേരിട്ടു പറയാതെ സദ്ഗുണപാഠങ്ങളെ

കുട്ടികളിലെത്തിക്കാൻ മൃഗകഥകൾക്കു കഴിയുന്നു. മനുഷ്യരെ വിമർശിക്കുവാനും മനുഷ്യരെക്കുറിച്ചു തിരിച്ചറിവു പകരാനും മനുഷ്യരുടെ അധികാരം, സ്വാർത്ഥത, തുടങ്ങിയവ വ്യക്തമാക്കാനും മൃഗകഥകളെ ഉപയോഗിക്കുന്നു. മൃഗങ്ങൾ അവരുടെ കഥ സ്വയം പറയുന്ന ആഖ്യാനങ്ങളും ഈ പരോക്ഷ രീതിയിൽ ഉൾപ്പെടുന്നവയാണ്. ഈ ആഖ്യാന രീതികളോടു ചേർന്ന്നിൽക്കുന്നതും എന്നാൽ തനതായ ചില ആഖ്യാന രീതികളെ അവലംബിച്ചുകൊണ്ടും ലക്ഷ്യത്തിൽ എത്തിച്ചേരുന്നവയാണ് സുമംഗലയുടെ കഥകൾ.

## 02.02. സുമംഗലയുടെ രചനാലോകം

സുമംഗല എന്ന ലീലാ നമ്പൂതിരിപ്പാട് മലയാളത്തിലെ ബാല സാഹിത്യത്തിലെ തലതൊട്ടമ്മയാണ് എന്നാണ് കെ ശ്രീകുമാർ വിശേഷിപ്പിക്കുന്നത് (2021:720). ചെറുബാലകഥകൾ പ്രസിദ്ധീകരിച്ചു കൊണ്ടാണ് അവർ സാഹിത്യരംഗത്തേക്കു കടന്നുവന്നത്. എന്നാൽ സുമംഗലയെ ഏറെ പ്രശസ്തയാക്കിയത് വിഷ്ണുശർമ്മയുടെ 'പഞ്ചതന്ത്രം' (1977) വിവർത്തനം ചെയ്തതോടെയാണ്. സദ്ഗുണ പാഠങ്ങളാൽ ബാലമനസ്സുകളെ സംസ്കരിക്കുന്ന കഥകളാണ് സുമംഗലയുടെ കഥകൾ. ആദ്യകഥ മുതൽ അവസാനമെഴുതിയ കഥകൾ വരെ പരിശോധിച്ചാൽ സദ്ഗുണപാഠങ്ങളുടെ പരിച്ഛേദം കാണാനാവും. ഈ രചനകളുടെ അവതരണവും ആശയവും കഥാപാത്രങ്ങളും വ്യത്യസ്തമാകുമെങ്കിലും പലപ്പോഴും ഇവയെല്ലാം ഒന്നിച്ചു നിർത്താവുന്നതോ ഒന്നിനോടൊന്നു ചേർന്നു നിൽക്കുന്നവയോ ആയിരിക്കും. കാലഘട്ടപരമായ നിരവധി പ്രത്യേകതകളും അവ ഉൾക്കൊള്ളുന്നുണ്ട്. സുമംഗലയുടെ ബാലകഥകൾ നവഭാവുകത്വത്തെ പ്രത്യക്ഷീകരിച്ച് വാമൊഴി കഥകൾക്കു നേരാഖ്യാനങ്ങളും പാഠാന്തരങ്ങളും നൽകുന്നു. കഥയിൽ ഉൾച്ചേർന്നിരിക്കുന്ന ഗുണപാഠങ്ങൾക്കു കാലത്തിനനുഗുണമായ മാറ്റത്തെ ഉൾക്കൊള്ളാനും അതു പ്രതിഫലിപ്പിക്കാനും സാധിക്കുന്നുണ്ട്. ഇതു പാഠത്തിനു വിവിധങ്ങളായ ആഖ്യാനസാധ്യതകളെ സൃഷ്ടിക്കുന്നു. മാത്രമല്ല കാലഘട്ടത്തിനനുസരിച്ചുള്ള ആശയാനുവർത്തിത്വവും സാധ്യമാകുന്നു. അതുകൊണ്ടുതന്നെ ഈ കഥകളുടെ വായനാനുഭവങ്ങൾ കഥാപഠനത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു.

സുമംഗലയുടെ പ്രധാനപ്പെട്ട സ്വതന്ത്ര ബാലരചനകളായ 'കുറിഞ്ഞിയും കൂട്ടുകാരും' (1964)' 'മിഠായിപ്പൊതി' (1978), 'മഞ്ചാടിക്കുരു' (1979), 'നെയ്പ്പായസം' (1979), 'തങ്കക്കിങ്ങിണി' (1979), 'രഹസ്യം' (1979), മുത്തുസഞ്ചി' (1984), 'ഒരു കുട പഴങ്ങൾ' (1998), 'ഒരു കുരങ്ങൻ കഥ' (1998), 'ഈ കഥ കേട്ടിട്ടുണ്ടോ" (1999), 'കളവിന്റെ വേദന' (2000), 'എട്ട് കുട്ടകം പൊന്ന്' (2000), 'പുതിയ അമ്മ' (2004), 'പോക്കണം കെട്ട പോക്കുകൾ' (2005), 'മഞ്ചാടിക്കുരുവും മറ്റു ബാലകഥകളും' (2021) എന്നിവയുടെ പഠനം സാരോപദേശ ബാല കഥകളിലെ പാഠവും ആഖ്യാനവും പരസ്പര ബന്ധിതമാകുന്നതെങ്ങനെ യെന്നതിന്റെ നിദർശമാകുന്നു.

'കുറിഞ്ഞിയും കൂട്ടുകാരും' എന്ന കഥാസമാഹാരത്തിൽ കുറിഞ്ഞി എന്ന പൂച്ചയെയും കുറിഞ്ഞിയുമായി ചേർന്നുനിൽക്കുന്ന കഥാപാത്രങ്ങളെയും കേന്ദ്രീകരിച്ചുള്ള കഥകളാണ്. വളർത്തു മൃഗങ്ങളെയും മനുഷ്യരുടെ വാസസ്ഥലവുമായി ചേർന്നുനിൽക്കുന്ന ജീവജാലങ്ങളെയും ചേർത്തുവച്ചാണ് ഈ സമാഹാരത്തിലെ 'കുറഞ്ഞിയുടെ ഒരു ദിവസം' എന്ന കഥ രചിച്ചിരിക്കുന്നത്. ആദ്യ കഥയുടെ തുടർച്ചയെന്നോണം വായിക്കാവുന്ന കഥയാണ് 'ചെമ്പനും ജോളിയും'. 'പൂവാലനും മുറിവാലനും' എന്ന കഥയാവട്ടെ പുറംലോകത്തെ ജീവികളുടെ സ്വാതന്ത്ര്യത്തെയും വീട്ടിൽ കൂട്ടിലിട്ട് വളർത്തുന്ന ജീവികൾ അനുഭവിക്കുന്ന പാരതന്ത്ര്യത്തെയും അടിസ്ഥാനപ്പെടുത്തി എഴുതിയതാണ്. ജീവജാലങ്ങളുടെ പ്രവൃത്തിയും മനുഷ്യരുടെ ചിന്തയും തമ്മിൽ ചേർത്തുവച്ചു കൊണ്ടുള്ള കഥകൾ ബാലകഥകളിൽ സജീവമാണ്. ഈ കഥാ സമാഹാരത്തിലെ 'കുറുമ്പനൊരു കൂട്ടുകാരി', 'വെള്ളമ്മയുടെ ഉച്ചഭക്ഷണം' എന്നീ കഥകളിലൂടെ വ്യക്തമാകുന്നതും ഇത്തരം ആശയങ്ങളാണ്.

'മിഠായിപ്പൊതി' എന്ന കഥാസമാഹാരം സുമംഗലയുടെ കഥാ സമാഹാരങ്ങളിൽ ഏറെ പ്രധാനപ്പെട്ട ഒന്നാണ്. 25 കഥകളുടെ സമാഹാരമാണിത്. സമാനമായ കഥാപാത്രങ്ങളാൽ തുടർക്കഥാസ്വഭാവം ഉൾക്കൊള്ളുന്ന ഒറ്റക്കഥകൾ ഈ സമാഹാരത്തിലെ സവിശേഷതയാണ്. ഈ സമാഹാരത്തിലെ വ്യത്യസ്തമായ പ്രകൃതികഥകൾ, നാടോടിക്കഥകൾ, മൃഗകഥകൾ എന്നിവ സാന്ദർഭികമായി സാരോപദേശങ്ങൾ സംവദിക്കുന്നുണ്ട്.

'മഞ്ചാടിക്കുരു' എന്ന കഥാസമാഹാരത്തിൽ 'മഞ്ചാടിക്കുരു', 'ദാഹം', 'കറുപ്പും വെളുപ്പും', 'കുറ്റവാളി' എന്നിങ്ങനെ നാലു വ്യത്യസ്ത കഥകളെയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. 'മഞ്ചാടിക്കുരു' എന്ന കഥ ഒരു കാലഘട്ടത്തിന്റെ കഥയാണ് പറയുന്നത്. കുട്ടിയുടെ മനസ്സിലെ നിറത്തെയും സൗന്ദര്യത്തെയും കുറിച്ചുള്ള അങ്കലാപ്പുകൾക്കും ഒപ്പം മനോഗതിക്കും ചിന്തകൾക്കുമുള്ള ഉചിതമായ ഉത്തരങ്ങളാണ് ഈ കഥയിലൂടെ ആവിഷ്കരിക്കുന്നത്. 'ദാഹം' എന്ന കഥയിലും നിറത്തെക്കുറിച്ചുള്ള അടയാളങ്ങളെ അവതരിപ്പിക്കുന്നുണ്ട്. പരമ്പരാഗതമായ സൗന്ദര്യസങ്കല്പങ്ങളെ കഥയിൽ അവതരിപ്പിക്കുകയും വായനക്കാരിൽ പുനർചിന്തയ്ക്കുള്ള അവസരമൊരുക്കുകയുമാണ് ഈ കഥയുടെ ലക്ഷ്യം. 'കറുപ്പും വെളുപ്പും' എന്നകഥയും ഭംഗിയെയും അഭംഗിയെയും കുറിച്ചുള്ള സങ്കല്പങ്ങളെ അടിസ്ഥാനമാക്കുന്നു. നന്മയെയും തിന്മയെയും തിരിച്ചറിയാനും വിലയിരു ത്താനും നിറങ്ങളെ പറ്റിയുള്ള അടിസ്ഥാനസങ്കൽപങ്ങളെ ഉപയോഗിക്കുന്നു. ഈ മൂന്നു കഥയിൽനിന്നും വ്യത്യസ്തമായ ആഖ്യാനവും പ്രമേയവുമാണു കുറ്റാന്വേഷണ രീതിയിൽ രചിച്ച 'കുറ്റവാളി' എന്നകഥയിൽ കാണുന്നത്. കുട്ടികളുടെ വ്യത്യസ്തമായ പെരുമാറ്റത്തെക്കുറിച്ചുള്ള വിലയിരുത്തലുകളാണ് ഈ കഥ മുന്നോട്ടുവയ്ക്കുന്നത്.

'നെയ്പ്പായസം' അഞ്ചു കഥകളുടെ സമാഹാരമാണ്. 'നെയ്പ്പായസം' എന്ന കഥയിൽ ലതയുടെ കാണാതെപോയ പുസ്തകം തിരികെ കിട്ടാൻ അമ്പലത്തിൽ വഴിപാടായി നെയ്പ്പായസം നേരുന്നു. സ്കൂളിൽ നിന്നും വന്ന ഉടൻ ബാഗ് എവിടെയാണോ വലിച്ചെറിഞ്ഞത് ആ വഴിയിൽ പുസ്തകം കിടക്കുന്നതു കുട്ടി കാണുന്നു. നാളെ നെയ്പ്പായസം കുടിക്കുമ്പോൾ ഉള്ള മധുരം ഓർത്ത് നുണഞ്ഞുകൊണ്ടു ലത പുസ്തകം സഞ്ചിയിൽ വയ്ക്കുന്നുവെന്നുപറഞ്ഞു കഥ അവസാനിക്കുന്നു. വിശ്വാസത്തെയും യുക്തിയേയും കൂട്ടിയോജിപ്പിച്ചുകൊണ്ടു രചിച്ച ഈ കഥ ബാലമനസ്സുകളുടെ സഞ്ചാരമാണ്. 'പഴയതും പുതിയതും' എന്ന കഥ പരിഷ്കാരങ്ങൾക്കു പുറകെ സഞ്ചരിക്കുമ്പോൾ ഉണ്ടാകുന്ന മൂല്യച്യുതിയെ ക്കുറിച്ചും ചിന്തിക്കാതെ പ്രവർത്തിക്കുന്നതുമൂലം സംഭവിക്കുന്ന ആപത്തുകളെ കുറിച്ചും തിരിച്ചറിവു നൽകുന്നു. 'പ്രതികാരം' നിരവധി ആകാംക്ഷ നിറഞ്ഞ സംഭവങ്ങളാൽ നിറഞ്ഞ കഥയാണ്. ഒരു കൊലപാതകം നടക്കുന്നു. അതിന്റെ കുറ്റവാളിയെ രാജു എന്ന കുട്ടി അപ്രതീക്ഷിതമായി കാണുന്നു. തന്റെ

ജീവനുപോലും ഭീഷണിയുണ്ടാക്കുന്ന നിരവധി സംഭവങ്ങൾ ഈ കൊലയാളിയിൽ നിന്നും രാജുവിനു നേരിടേണ്ടി വരുകയും ചെയ്യുന്നു. എങ്കിലും മനോധൈര്യത്താൻ അവൻ കുറ്റവാളിയെ പിടികൂടുന്നതാണു കഥയുടെ ഇതിവൃത്തം. എന്നാൽ ഈ സംഭവങ്ങൾക്കുശേഷം കൊലയാളിയെക്കുറിച്ചും ഈ കുറ്റകൃത്യത്തിനുള്ള കാരണത്തെക്കുറിച്ചും കഥയിൽ പരാമർശിക്കുന്നുണ്ട്. വളരെ വർഷങ്ങൾക്കുമുമ്പുള്ള പ്രതികാരമാണ് ഈ കൊലപാതകത്തിനു കാരണമെന്നു കഥ വ്യക്തമാക്കുന്നു. പ്രതികാരമെന്നത് ഒന്നിനും ഒരു പരിഹാരമല്ലെന്നും പകരം വീട്ടാനുള്ള മനഃസ്ഥിതി മനസ്സിൽ വച്ചിരിക്കേണ്ടതല്ലെന്നും ഈ കഥ വ്യക്തമാക്കുന്നു. 'പൂമ്പട്ടം കരിങ്കല്ലും' എന്ന കഥ ഹൃദയഹാരിയാണ്. ശുഭയെന്ന നാലു വയസ്സുകാരി ആടിനെ കാണാനുള്ള കൗതുകത്തിന്റെ പേരിൽ ലോറിയിൽ കയറുകയും ലോറി പോയതനുസരിച്ച് അവൾ അങ്ങനെ യാത്ര തിരിക്കുകയും ചെയ്യുന്നു. ഒടുവിൽ ലോറിക്കാരന്റെ വീട്ടിൽ താമസമാക്കുകയും ചെയ്യുന്നു. ദുരിതജീവിതമനുഭവിച്ച ശുഭയെ വർഷങ്ങൾക്കുശേഷം അമ്മയ്ക്കും അച്ഛനും തിരികെ ലഭിക്കുന്നതാണ് ഇതിവൃത്തം. കുട്ടികൾക്കും മുതിർന്നവർക്കും നിത്യ ജീവിതവുമായി ബന്ധപ്പെട്ടു നിരവധി തിരിച്ചറിവുകൾ നൽകുവാൻ ഈ കഥ പ്രയോജനപ്പെടുന്നു. ഇതിന്റെ പ്രമേയം കുട്ടികളിൽ അസ്വസ്ഥതയും വേദനയും ജനിപ്പിക്കും. വീട് വിട്ടുപോകുന്നതോ തട്ടിക്കൊണ്ടുപോകുന്നതോ ആയ പ്രമേയം നിരവധി ബാലകഥകളിലുണ്ടെങ്കിലും അവയിൽ നിന്നും തീർത്തും വ്യത്യസ്തമാണിത്. 'പൂക്കളുടെ മറവിൽ' എന്ന കഥയിൽ പൂക്കച്ചവടത്തിന്റെ മറവിൽ കള്ളത്തരങ്ങൾ നടത്തുന്ന രത്ന വ്യാപാരിയെ കാണാം. കൂട്ടുകച്ചവടക്കാർക്കിടയിൽ ചില വാക്കുതർക്കങ്ങൾ നടക്കുകയും രണ്ടു കൊലപാതകങ്ങൾക്കതു കാരണമാവുകയും ചെയ്യുന്നു. ജോലി നൽകിയ വ്യക്തിയുടെ കള്ളത്തരങ്ങൾക്കു കൂട്ടുനിൽക്കാത്ത ചെറുപ്പക്കാരനാണു കഥയിലെ പ്രധാന കഥാപാത്രം. അവനിലൂടെ വിശ്വസ്തതയ്ക്കും സത്യസന്ധതയ്ക്കും ലോകത്തു സ്ഥാനമുണ്ടെന്നു തെളിയിക്കുന്നു.

'തങ്കക്കിങ്ങിണി' എന്ന കഥാസമാഹാരത്തൽ അഞ്ചു കഥകളയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ സമാഹാരത്തിലെ 'വലിയേടത്തി', 'മരുമകൻ' എന്നീ കഥകൾക്കു തുടർക്കഥാ സ്വഭാവം കണ്ടെത്താനാകും. ലത എന്ന കൊച്ചു പെൺകുട്ടിയിലൂടെയാണ് ഈ രണ്ടു കഥകളും സഞ്ചരിക്കുന്നത്. 'വലിയേട്ടത്തി'

എന്ന കഥ ലതയുടെ വലിയേട്ടന്റെ വിവാഹവുമായി ബന്ധപ്പെട്ട ഒരു തിരക്കു പിടിച്ച ദിവസത്തിന്റെ കഥ പറയുന്നു. വലിയേട്ടൻ വിവാഹം കഴിച്ചുകൊണ്ടു വരുന്ന ഏട്ടത്തിയെ കാണാനും സ്വീകരിക്കാനും കുടുംബാംഗങ്ങൾ കാണിക്കുന്ന തിടുക്കങ്ങൾക്കിടയിൽ അസ്വസ്ഥയാവുന്ന പെൺകുട്ടിയുടെ കഥയാണിത്. 'മരുമകൻ' എന്ന കഥ ലതയുടെ വലിയ ഏട്ടത്തിയുടെ ഗർഭാസ്വസ്ഥതകളെക്കുറിച്ചും ജനിച്ച കുഞ്ഞിനെക്കുറിച്ചുമുള്ള ലതയുടെ ആശങ്കകളാണ്. 'കുഞ്ഞിനു വേണ്ടി' എന്ന കഥ ജയൻ എന്ന കുട്ടിയുടെ തിരോധാനത്തെ യുക്തിപൂർവ്വം അന്വേഷിക്കാൻ ഇറങ്ങിയ വിജയൻ എന്ന സുഹൃത്തിന്റെ കഥയാണ്. വിജയൻ എന്ന കുട്ടി അതിസാഹസികമായി കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നു. 'ജയനും കള്ളന്മാരും' എന്നത് അന്വേഷണാത്മക കഥയാണ്. 'താലപ്പൊലി' എന്ന കഥയിൽ മുത്തശ്ശനോടൊപ്പം താലപ്പൊലി കാണാൻ പോയ കുട്ടി അവിടെവച്ച് ഒറ്റപ്പെടുകയും തുടർന്ന് ഒരു നമ്പൂതിരി കുടുംബത്തിൽ എത്തിച്ചേരുകയും ഒരു വർഷത്തിനുശേഷം വീണ്ടും വീട്ടുകാരെ കണ്ടെത്തുകയും ചെയ്യുന്ന വികാരനൈർമല്യമുള്ള ഇതിവൃത്തത്തെ അവതരിപ്പിക്കുന്നു.

'രഹസ്യം' നീണ്ട രണ്ടു കഥകളുടെ സമാഹാരമാണ്. 'കള്ളനോട്ട്' എന്ന കഥയും 'രഹസ്യം' എന്ന മറ്റൊരുകഥയും. ഈ രണ്ടു കഥകളും ആകാംക്ഷാ ഭരിതമായ ഇതിവൃത്തത്തെയാണ് ഉൾക്കൊള്ളുന്നത്. ധൈര്യവും ആത്മ വിശ്വാസവും പകരാൻ ആഗ്രഹിക്കുന്ന 'കള്ളനോട്ട്' എന്ന കഥ കള്ളനോട്ടു കച്ചവടം നടത്തുന്നവരെ നിയമത്തിനു മുമ്പിൽ എത്തിക്കുന്ന ധൈര്യവാന്മാരായ കുട്ടികളെ കേന്ദ്രീകരിച്ചെഴുതിയതാണ്. 'രഹസ്യം' എന്ന കഥയാവട്ടെ ഒരു കുടുംബത്തിൽ ഒളിച്ചുവച്ച രഹസ്യത്തെ കുട്ടികളിലൊരാളുടെ കൂട്ടുകാരി വീട്ടിൽ വന്നപ്പോൾ സാന്ദർഭികമായി പ്രകാശിതമായതിനെ അവതരിപ്പിക്കുന്നു. കുറ്റാന്വേഷണകഥകളുടെ രീതി പിന്തുടരുന്ന ഈ കഥകൾക്കു ബാല വായനക്കാർക്ക് ആസ്വാദനം സാധ്യമാക്കുന്ന ഹൃദയഹാരിയായ ഒരു ആഖ്യാനരീതിയുണ്ട് .

'മുത്തുസഞ്ചി' എന്ന കഥാ സമാഹാരത്തിൽ വ്യത്യസ്തമായ പ്രമേയങ്ങളെ അവതരിപ്പിക്കുന്നു. നിറത്തെക്കുറിച്ചുള്ള കുട്ടികളുടെ അപകർഷതാബോധത്തെ അവതരിപ്പിക്കുന്ന കഥയാണു 'കാക്ക കുളിച്ചാൽ'. വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ അർത്ഥത്തെ ഭാവാത്മകമായും യുക്തിഭദ്രമായും പറയുന്ന കഥയാണു

'നാലക്ഷരം പഠിച്ചാൽ' എന്നത്. മനുഷ്യജീവിതത്തിൽ കാലം മാറ്റം വരുത്താത്ത ചില വ്യക്തിസത്തകളുണ്ടെന്ന് ഓർമ്മിപ്പിക്കുന്ന കഥയാണ് 'ആ കുട്ടി ഞാനായിരുന്നു'യെന്നത്. സ്വപ്നത്തെയും, യഥാർത്ഥത്തെയും ഇഴുകി ച്ചേർത്തു രചിച്ച കഥയാണ് 'കൊച്ചുതമ്പുരാട്ടിയുടെ ചിരി'.

രണ്ടു ഭാഗങ്ങളായി രചിച്ച കഥാസമാഹാരമാണു 'ഒരു കുടപ്പഴങ്ങൾ'. 'കണ്ടപ്പനും കണ്ണമ്മയും' എന്ന ആദ്യ ഭാഗത്തിൽ ഉൾപ്പെടുത്തിയ അഞ്ച് എണ്ണം തുടർക്കഥകളാണ്. സന്ദേശങ്ങളും ജീവിതധ്വനികളും അവതരിപ്പിക്കുന്ന മൃഗകഥകളാണ് ഇവ. 'വേറെ ചിലർ' എന്ന രണ്ടാമത്തെ ഭാഗത്തിൽ 'കൂട്ടുകാരി', 'പലഹാരക്കാരി', 'വിട്ടയക്കുക കൂട്ടിൽനിന്നെന്നെ', 'മഞ്ചാടിപ്പരിപ്പ്', 'ചാരുലതയുടെ ഉല്ലാസയാത്ര' എന്നീ ഒറ്റക്കഥകളാണുള്ളത്. കഥാ പാത്രങ്ങൾക്കും പ്രവൃത്തികൾക്കും പ്രാധാന്യമുള്ള കഥകളാണ് ഇവ.

'ഒരു കുരങ്ങൻ കഥ' എന്ന കഥാസമാഹാരത്തിൽ പന്ത്രണ്ടു സംഭവ കഥകളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. നിരവധി ഗുണപാഠങ്ങളെ ചേർത്തുവച്ച കഥയാണിത്. ഈ കഥാസമാഹാരത്തിലെ ഓരോ കഥകളും കഥാപാത്രനാമം, സംഭവങ്ങൾ, സ്ഥലം, കാലം എന്നിവയാൽ ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നു.

'ഈ കഥ കേട്ടിട്ടുണ്ടോ' എന്നതു പുരാണത്തിലെ അപ്രശസ്തമായ നൂറ്റി ഇരുപത്തഞ്ച് കഥകളുടെ ആഖ്യാനമാണ്. ഇവ പുനരാവിഷ്കാരമാണെങ്കിലും അവയിൽ നിക്ഷിപ്തമായിരിക്കുന്ന രചനാലക്ഷ്യമെന്നതു പുരാണ കൃതികളുടേതിൽ നിന്നും വ്യത്യസ്തമാണ്. ഇതു പുരാണകഥകളിലെ പരിചിത കഥാപാത്രങ്ങളുടെ ശ്രദ്ധേയമാവാത്ത കഥകളെ സഹൃദയശ്രദ്ധയിൽ കൊണ്ടുവരുന്നു. ഉദാഹരണമായി താടക എങ്ങനെയാണ് രാക്ഷസിയായി മാറിയതെന്ന കഥ പറയുമ്പോൾ കഥാപാത്രത്തെ അടിസ്ഥാനമാക്കി അറിവിടങ്ങളെ പുതുക്കുകയും പുതുപാഠങ്ങൾ നിർമ്മിക്കുകയും ചെയ്യുന്നു.

'കളവിന്റെ വേദന' എന്ന നീണ്ടകഥ സത്യസന്ധത വളർത്തുക കളവ് ചെയ്യാതിരിക്കുക എന്നീ മൂല്യങ്ങളെ ലക്ഷ്യമാക്കി രചിച്ചവയാണ്. 'എട്ടു കുട്ടകം പൊന്ന്" എന്ന ചെറുനോവൽ നിരവധി സംഭവങ്ങളുടെ അവതരണമാണ്. ദുരാഗ്രഹം നല്ലതല്ല എന്ന ആശയം ഉയർത്തിക്കാണിക്കുന്നതിനൊപ്പം അന്ധ

വിശ്വാസങ്ങളെ വിമർശിക്കുകയും ചെയ്യുന്നു. നോവലിലെ പാഠം ആഖ്യാന ത്തിന് അർത്ഥാന്തരസാധ്യതകൾ നൽകിക്കൊണ്ടാണ് ഇത് സാധ്യമാക്കുന്നത്.

ജീവിതസംഘർഷങ്ങളെ നേരിടാനുള്ള ഭയത്തിൽ നിന്നും കുട്ടികളെ മോചിപ്പിക്കാനുള്ള ശ്രമങ്ങൾ ബാലകഥകളുടെ പ്രമേയമാകാറുണ്ട്. ഇത്തരത്തിൽ കുട്ടികളിൽ കാണുന്ന മാനസിക അസ്വസ്ഥതകളെ തിരിച്ചറിഞ്ഞ് അവയിൽ നിന്നു മോചനം നേടാൻ കുട്ടികൾക്കു നൽകുന്ന ഉപദേശങ്ങളാണു 'പോക്കണം കെട്ട പോക്കുകൾ' എന്ന കഥാസമാഹാരത്തിലെ 'ഇറങ്ങിപ്പോക്ക്', 'ഓടിപ്പോക്ക്', 'വിരുന്നുപോക്ക്', 'സിനിമയ്ക്കു് പോക്ക്' എന്നീ നാലു കഥകളിലൂടെ കൈമാറുന്നത്.

'പുതിയ അമ്മ' എന്ന കഥാസമാഹാരത്തിൽ രണ്ടു നീണ്ട കഥകളാണു ഉൾപ്പെടുത്തിയിരിക്കുന്നത്. 'ഒരു പിണക്കത്തിന്റെ ബാക്കിപത്രം' എന്ന കഥയും 'പുതിയ അമ്മ' എന്ന മറ്റൊരു കഥയും. ഇവ കുട്ടികളിലുണ്ടാകുന്ന മാനസിക അസ്വസ്ഥകളും ചിന്തകളും ഇല്ലാതാക്കുന്ന കഥകളാണ്. 'പുതിയ അമ്മ' ബാലകഥകളിലെ രണ്ടാനമ്മയെ കേന്ദ്രമാക്കി രചിച്ച കഥകളിൽ നിന്നും തികച്ചും വ്യത്യസ്തമായ പ്രമേയത്തെ അവതരിപ്പിച്ചു കൊണ്ട് നന്മയുടെ ചിന്തകളെ വെളിപ്പെടുത്തുന്നു.

'മഞ്ചാടിക്കുരുവും മറ്റ് ബാലകഥകളും' എന്ന കഥാസമാഹാരത്തിൽ 'മഞ്ചാടിക്കുരു', 'ദാഹം', 'കറുപ്പും വെളുപ്പും', 'കുറ്റവാളി', 'കള്ളനോട്ട്', 'കുഞ്ഞിനു വേണ്ടി , 'ജയനും കള്ളന്മാരും' എന്നീ കഥകൾ ഉൾപ്പെടുന്നു. 'ദാഹം' എന്ന കഥ കുട്ടികളെ അടിസ്ഥാനമാക്കി മുതിർന്നവർക്കു വേണ്ടി എഴുതിയ ഉപദേശകഥയാണ്. നിറത്തെ അടിസ്ഥാനമാക്കി മനുഷ്യ സ്വഭാവത്തെ ചിത്രീകരിക്കുന്ന കഥയാണു 'കറുപ്പും വെളുപ്പും'. പ്രവൃത്തികൾ, പെരുമാറ്റം എന്നിവ വ്യത്യസ്തങ്ങളായ അർത്ഥത്തെ പ്രദാനം ചെയ്യുമെന്ന ആശയത്തെയാണു 'കുറ്റവാളി' എന്ന കഥ പറയുന്നത്. 'കള്ളനോട്ട്', 'കുഞ്ഞിനു വേണ്ടി' എന്നീ കഥകളെ തുടർക്കഥകളെന്നോണം വായിക്കാവുന്നതാണ്.

ഇവ കൂടാതെ ഈ ഗവേഷണ വിഷയത്തിന്റെ പഠന പരിധിയിലുൾ പ്പെടാത്ത നിരവധി കൃതികൾ സുമംഗലയുടെതായിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവയാണ് 'പച്ചമലയാളം നിഘണ്ടു' (2016), 'തത്തപറഞ്ഞ കഥകൾ'

(1978), 'മദനകാമരാജൻ' (1986), 'കഥകേട്ടുറങ്ങാം' (2006), 'എന്നാലിനിയൊരു കഥയുരചെയ്യാം' (2008) എന്നിവ.

മലയാളബാലകഥകളെ സാമാന്യമായി പരിശോധിച്ചാൽ 1964 മുതൽ 2021 വരെയുള്ള കാലഘട്ടത്തിൽ ബാലസാഹിത്യത്തെ വൈവിധ്യങ്ങളോടെ അവതരിപ്പിക്കുവാൻ സുമംഗലയുടെ കഥാകാലത്തിനു സാധിച്ചിട്ടുണ്ട്. അഞ്ചു വയസ്സിനു താഴെയുള്ള കുട്ടികൾക്കു വായിച്ചു കൊടുക്കുവാനും വായിച്ചു തുടങ്ങുന്ന കുട്ടികൾക്കു വായിക്കുവാനുമുള്ള കഥകൾ മുതൽ കൗമാര കഥകൾ വരെ ഈ കഥാലോകത്തിൽ ഉൾപ്പെടുന്നു. ഒറ്റക്കഥകൾ, തുടർക്കഥകൾ, അന്വേഷണാത്മക കഥകൾ, ബാലനോവൽ എന്നിവ അടങ്ങുന്നതാണ് സുമംഗലയുടെ ബാല സാഹിത്യം. സാരോപദേശപ്രദമായ കഥകളിൽ കുട്ടികളുടെ വ്യക്തിത്വ വികാസത്തിന് ഉതകുന്ന കഥകൾ മാത്രമല്ല മുതിർന്നവർക്കു സദ്ചിന്ത പകരുന്ന കഥകളും ഉൾപ്പെടുന്നു.

സുമംഗലയുടെ കഥകളിലെ ആഖ്യാനസവിശേഷതകൾ സ്ഥലം, കാലം, ക്രിയ/പ്രവൃത്തി, കഥാപാത്രം, സംഭാഷണം എന്നിവ എത്തരത്തിൽ ആഖ്യാന തന്ത്രമായി രൂപപ്പെടുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ നിരീക്ഷിക്കാം. കഥകളിലൂടെ സാധ്യമാകുന്ന സാരോപദേശ വിനിമയപദ്ധതികൾക്ക് ആഖ്യാന ഘടകങ്ങളുടെ സജ്ജീകരണം എത്തരത്തിൽ യോജിക്കുന്നുവെന്ന് ഇതിലൂടെ കണ്ടെത്താനാകും.

## 02.03. സ്ഥലം കാലം

പാഠത്തെ കേന്ദ്രീകരിച്ചു നടത്തുന്ന പഠനങ്ങളിൽ സ്ഥലകാല സങ്കല്പങ്ങളുടെ അനുപാതവും മാത്രയും രേഖപ്പെടുത്തുകയും വിശകലന വിധേയമാകുകയും ചെയ്യുന്നതു പഠനത്തിനു കൃത്യത നൽകുന്നു. സ്ഥലം, കാലം എന്നീ സങ്കല്പങ്ങളെ സംയോജിക്കുമ്പോഴാണ് പാഠം പ്രസക്തമാകുന്നത്.

### 02.03.01. കഥകളിലെ സ്ഥലം

കഥയിലെ സ്ഥലം എന്ന സങ്കല്പം നിലനിൽക്കുന്നതു കഥയിലെ സംഭവങ്ങളുടെ ഇടമെന്ന നിലയിലാണ്. അത് ആഖ്യാനസ്ഥലമെന്ന നിലയിൽ പഠനവിധേയമാണ്. "ആഖ്യാനത്തിലെ സ്ഥലമെന്നത് ആഖ്യാതാവിന്റെ

ഭൗതിക സാഹചര്യങ്ങളുമായി ബന്ധപ്പെട്ടു നിൽക്കുന്നുവെന്ന" (2000:53) ഡി രാധാകൃഷ്ണൻ നായരുടെ നിലപാട് ആഖ്യാനത്തിലെ വ്യത്യസ്തമായ ആഖ്യാനയിടത്തെക്കുറിച്ചുള്ള സങ്കല്പത്തിനാണ് വഴി തെളിയിക്കുന്നത്. അതു കഥാജനകത്തിലെ ഇടത്തെയും കഥാജനിതത്തിലെ ഇടത്തെയും താരതമ്യം ചെയ്തു പഠിക്കേണ്ടതാണെന്ന വസ്തുതയിലേക്കു നയിക്കുന്നു. ഏതൊക്കെ സംഭവങ്ങൾ നടക്കുന്നുവോ അവ നടക്കുന്ന സ്ഥലമെല്ലാം കഥാജനകത്തിലെ സ്ഥലസങ്കല്പമാണ്. എന്നാൽ ഈ കഥാജനകസങ്കല്പത്തെ ആഖ്യാതാവു തന്റെ ഭാവനയാൽ മാറ്റം വരുത്തുന്നു. ആഖ്യാതാവ് സൃഷ്ടിക്കുന്ന ഭാവനാത്മകമായ ഇടമാണു കഥാജനിതത്തിലെ ഇടം. ഡി രാധാകൃഷ്ണൻ നായർ കഥയിടം എന്നു വിളിക്കുന്ന ഈ ആഖ്യാനസ്ഥലം തന്നെ വായനക്കാരന്റെ ഭാവനയാൽ മറ്റൊരു സ്ഥലികതയായും മാറുന്നു. ഇത്തരത്തിൽ ആഖ്യാന സ്ഥലത്തെ സംബന്ധിച്ച് മൂന്നു വ്യത്യസ്തമായ സ്ഥലസങ്കല്പമുണ്ടെന്നു മനസ്സിലാക്കാം ആഖ്യാന പഠനത്തിൽ ഇവയുടെ വ്യതിയാനം വ്യത്യസ്തമായ പാഠവ്യവഹാരത്തിന് സഹായകമാകുന്നു.

സ്ഥലികതയെ അടിസ്ഥാനമാക്കി പാഠത്തെ പഠനവിധേയമാക്കുമ്പോൾ കഥാസന്ദർഭങ്ങളെയുൾപ്പെടുത്താതെ നിലനിൽക്കാനാവില്ല. കഥയിടവും കഥാസന്ദർഭവും കഥയിൽ ചേർന്നു നിൽക്കുന്നവയാണ്. ആഖ്യാതാവ് ആഖ്യാനപ്രക്രിയയിൽ ഏർപ്പെടുമ്പോൾ ഇടപെടുന്ന ഇടവും ഒരു കഥാ സന്ദർഭവുമായി കഥാപാത്രം ഇടപെടുന്ന ഇടവും, കഥാസന്ദർഭങ്ങളെ ത്വരിതപ്പെടുത്താനും മന്ദീഭവിപ്പിക്കാനും ഇടയുണ്ട്. ഇവ എത്തരത്തിലാണ് കഥകളിൽ പ്രവർത്തിക്കുന്നതെന്നു കണ്ടെത്താനാവും. കഥയിടത്തെക്കുറിച്ചുള്ള പഠനങ്ങളിൽ മറ്റൊരു പ്രധാന ഘടകം വായനയിലെ സ്ഥല സങ്കല്പമാണ്. അതു പൂർത്തീകരിക്കുന്നതു വായനക്കാരന്റെ ഭാവന മൂലമാണ്.

സ്ഥലികതയുമായി ബന്ധപ്പെട്ട മറ്റൊരു ഘടകം ഒരു സംഭവം വിവരിക്കുമ്പോൾ അതു നടക്കുന്ന സ്ഥലവുമായി ആഖ്യാതാവിന്റെ നേരിട്ടുള്ള അറിവും അറിവില്ലായ്മയും ആഖ്യാനത്തെ എങ്ങനെയെല്ലാം ബാധിക്കുന്നു വെന്നതാണ്. യഥാർത്ഥ സ്ഥലത്തെക്കുറിച്ച് ഒരു കഥയിൽ വിവരിക്കുമ്പോൾ ഭാവനയും അതിൽ ഉൾച്ചേരും. ഇത്തരം സ്ഥലസങ്കല്പം കഥയിൽ എങ്ങനെ കടന്നുവരുന്നുവെന്നും കണ്ടെത്താൻ സാധിക്കും.

## 02.03.02. കഥകളിലെ കാലം

കാലത്തിന്റെ പ്രതിനിധാനം കഥകളിൽ വ്യക്തമാണ്. രണ്ടു കാലം കഥകളിൽ പ്രതിഫലിച്ച് കാണുന്നു. ഒന്ന് എഴുത്തുകാരന്റെ കാലം, രണ്ട് കഥയിലെ കാലം. കാലം മുന്നോട്ടു മാത്രം സഞ്ചരിക്കുന്ന ഒന്നാണെങ്കിലും അതിൽ പരാമർശിക്കുന്ന കാലം ഓർമ്മകളുടെയും അനുഭവങ്ങളുടെയും കാലമാവാം. അതുകൊണ്ടുതന്നെ കഥാകാലത്തെ സാംസ്കാരിക സവിശേഷതകളുടെ മാനത്തിൽ അടയാളപ്പെടുത്താനും വിലയിരുത്താനും സാധിക്കും. ഒരു കഥയിൽ ഒന്നിലധികം കാലം കടന്നുവരുകയും ചെയ്യുന്നു. കാലസങ്കൽപ്പത്തിലുള്ള രചനാതന്ത്രങ്ങളാണ് ഒരു കൃതിയുടെ ചാരുത വർദ്ധിപ്പിക്കുന്നത്. കഥകളിൽ സംഭവങ്ങൾക്കാണ് പ്രാധാന്യം. സംഭവങ്ങളാവട്ടെ കാലത്തിലാണ് നടക്കുന്നത്. അതുപോലെതന്നെ ഓരോ അനുഭവങ്ങളെയും അനുഭവങ്ങളാക്കി തീർക്കുന്നതിൽ കാലത്തിനു വലിയ പ്രാധാന്യമുണ്ട്. ഈ അനുഭവകാലങ്ങളെ കുറിച്ചുള്ള പഠനം ആഖ്യാന പഠനത്തിൽ പ്രധാനപ്പെട്ട ഒന്നാണ്.

കാലത്തെ സംബന്ധിക്കുന്ന ആഖ്യാനപഠനത്തിൽ പ്രധാനമായും രണ്ടു പ്രപഞ്ചങ്ങളുണ്ടെന്നു ടി ജിതേഷ് പറയുന്നുണ്ട്. ഒന്ന് ആഖ്യാനത്തിൽ സൃഷ്ടിക്കപ്പെടുന്ന പ്രപഞ്ചം രണ്ട് ബാഹ്യപ്രപഞ്ചം (2017:95). ആഖ്യാനത്തിൽ സൃഷ്ടിക്കുന്ന പ്രപഞ്ചമെന്നതു പാഠവുമായി ബന്ധപ്പെട്ടു കിടക്കുന്നു. അവ പാഠത്തിന്റെ സംഭവങ്ങളുമായി ബന്ധപ്പെട്ടാണു നിലനിൽക്കുന്നത്. ഈ ആഖ്യാനലോകം അഥവാ പാഠലോകത്തിനു ബാഹ്യലോകത്തെയും ഉൾപ്പെടുത്താതെ നിലനിൽക്കാനാവില്ല. സംഭവങ്ങളുടെ ഘടനയിലൂടെ നീങ്ങുന്ന ആഖ്യാനലോകത്തു നിന്നുകൊണ്ടുതന്നെ ബാഹ്യലോകത്തെയും ആസ്വദിക്കാനാവും. ബാഹ്യലോകത്തിലെ സംഭവങ്ങൾ തന്നെയാണു പാഠത്തിലെയും സംഭവങ്ങൾ. എന്നാൽ ബാഹ്യലോകത്തു നടന്ന സംഭവങ്ങളെ അല്ലെങ്കിൽ ജീവിതാനുഭവങ്ങളെ ആഖ്യാനലോകത്തേയ്ക്കു പരിവർത്തനം ചെയ്യുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നതു കാലമാണ്. മനുഷ്യന്റെ അവസ്ഥകളെല്ലാം പരിണാമ ബദ്ധമാണെന്നതിനാൽ അവന്റെ അനുഭവങ്ങളും മാറ്റത്തിനുവിധേയമാണെന്നു കാലം സൂചിപ്പിക്കുന്നു. മനുഷ്യാവസ്ഥകളെല്ലാം കാലവുമായി ബന്ധപ്പെട്ടാണു കിടക്കുന്നതെന്ന്പറയാം. ഇത്തരത്തിൽ

ആഖ്യാനത്തിലെ കാലികതയെ രണ്ടു തരത്തിൽ മനസ്സിലാക്കാനാവുമെന്ന ഡി രാധാകൃഷ്ണൻ നായർ വ്യക്തമാക്കുന്നുണ്ട്. ഒന്ന് കാലത്തിന്റെ കഥകൾ രണ്ട് കാലസംബന്ധിയായ കഥകൾ (2000:71). കാലത്തിന്റെ കഥകളിൽ ജീവിതാനുഭവങ്ങൾ എങ്ങനെ കാലികമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നു പറയുന്നു. കാലസംബന്ധിയായ കഥകൾ ജീവിതാനുഭവങ്ങളെ കാലികമായ ശൃംഖലാനിർമ്മിതിയിലൂടെ ആവിഷ്കരിക്കുകയാണ് ചെയ്യുന്നത്. കാലപദ്ധതി പ്രകാരം ബോധപൂർവ്വം സാഹിത്യസൃഷ്ടി ചെയ്യാറുണ്ട്. അത്തരത്തിലുള്ള ആഖ്യാനങ്ങളെക്കുറിച്ച് പഠിക്കുമ്പോൾ കാലത്തിനു കഥയിൽ വിശേഷങ്ങൾ നൽകുന്നു. ഓരോ കൃതിക്കും ഒരു കാലപദ്ധതിയുണ്ട്. ആ പദ്ധതിപ്രകാരമാണ് കൃതിയിലെസംഭവങ്ങളെ ക്രമികമായി ആഖ്യാതാവു ചിട്ടപ്പെടുത്തിയിരിക്കുന്നത്.

സ്ഥലകാലസങ്കല്പങ്ങൾക്കു ആഖ്യാനത്തിൽ നിർണ്ണായകമായ ഒരു സ്ഥാനമാണുള്ളത്. അവയുടെ പ്രാധാന്യത്തെക്കുറിച്ച് ആഖ്യാനശാസ്ത്രത്തിൽ വിവരിച്ചിട്ടുണ്ട്. എന്നാൽ ബാലകഥകളിലെ ആഖ്യാനത്തിൽ സ്ഥലകാല സങ്കല്പത്തിനു സവിശേഷമായ ചില മാനങ്ങളുണ്ട്. അവയുടെ പ്രാതിനിധ്യം ബാലകഥകളുടെ രചനാ ലക്ഷ്യത്തെ പൂർത്തീകരിക്കുവാനായി നിലനിൽക്കുന്നവയാണ്. സ്ഥലം, കാലം എന്നിവ ഓരോ കഥയുടെയും ആഖ്യാനത്തിലെ മറ്റു ഘടകങ്ങളെ ഇണക്കിച്ചേർക്കാൻ എത്തരത്തിലാണ് പ്രാമുഖ്യം വഹിക്കുന്നതെന്നു കണ്ടെത്താനാവും.

സുമംഗലയുടെ രചനകളിൽ സ്ഥലം, കാലം എന്നിവ ആഖ്യാനത്തിൽ പ്രത്യക്ഷീകരിക്കാൻ ഉപയോഗിച്ച രചനാതന്ത്രങ്ങളെ ഇങ്ങനെ ക്രോഡീകരിക്കാം

1. ആഖ്യാനത്തിൽ ആദിമധ്യാന്തപ്പൊരുത്തം നിലനിർത്തുന്ന സ്ഥല സങ്കൽപ്പം.
2. ഇടം ജീവിതത്തിൽ വഹിക്കുന്ന പ്രാധാന്യത്തെ അടയാളപ്പെടുത്തുന്ന രീതി.
3. കുട്ടികളുടെ മനോവ്യാപാരത്തിന്റെ ആവിഷ്കാരത്തിൽ ഇടത്തിന്റെ ഇടപടൽ.
4. ആദർശത്തിന്റെയും ആശയത്തിന്റെയും പ്രതീകമാകുന്ന സ്ഥലസങ്കൽപ്പം.
5. കഥാനാമത്തിൽ കാലം വ്യക്തമാക്കുന്ന രീതി.

6. വൈകാരിക അനുഭവങ്ങളെ ഒറ്റ ദിവസത്തെ കഥയിലൂടെ അവതരിപ്പിക്കുന്ന രീതി.

7. കാലങ്ങൾക്കു വ്യക്തമായ തുടർച്ച നൽകുന്ന ആഖ്യാനം.

8. ഭാവിയെക്കുറിച്ചുള്ള ആശങ്ക പ്രകടിപ്പിക്കുന്നതിൽ പ്രധാന ആഖ്യാന ഘടകമായി വർത്തിക്കുന്ന കാലം.

9. പ്രധാന കഥാതന്തുവായി മാറുന്ന എഴുത്തുകാരിയുടെ കാലം.

10. രണ്ട് കാലങ്ങളെ കഥാപാത്ര സ്വഭാവവുമായി ചേർത്തുവച്ചുള്ള ആഖ്യാനം .

11. സംഭവങ്ങളുടെ കാലം സ്വപ്നത്തിലെ കാലം എന്നിവയുടെ ആവിഷ്കാരം.

12. ആഖ്യാനത്തിൽ ഒരു നിർദ്ദിഷ്ട കാലത്തിന്റെ അഭാവത്തിലൂടെ ഉണ്ടാകുന്ന സാർവ്വകാലിക സ്വഭാവം.

13. ആഖ്യാനഘടകങ്ങളെ ത്വരിതപ്പെടുത്തുകയും കഥാഗതിയെ നിയന്ത്രിക്കുകയും ചെയ്യുന്ന സ്ഥലകാല സങ്കല്പം.

14. തുടർക്കഥകളെ പ്രായോഗികമാക്കുന്ന സ്ഥലകാലങ്ങൾ.

15. ഭ്രമാത്മകകഥകളുടെ സ്ഥലകാല സങ്കല്പങ്ങൾ.

16. കഥയിൽ വാസ്തവികത നിർമ്മിക്കുന്ന സ്ഥലകാല സങ്കൽപ്പങ്ങൾ.

1. കഥകളിലെ സ്ഥലമെന്നത് ആഖ്യാനത്തിലെ ആദിമധ്യാന്ത പ്പൊരുത്തം നിലനിർത്തുന്നതിനൊപ്പം കഥാപാത്രസ്വരൂപത്തെ കൂടുതൽ മിഴിവുറ്റതാക്കുന്നു. മൃഗകഥകളിൽ സ്ഥലസങ്കല്പത്തിനു പുതിയ മാനം കൈവരാറുണ്ട്. കാട്ടിലെ മൃഗങ്ങളുടെ കഥ പറയുമ്പോൾ അവരുടെ വാസസ്ഥലം കാടാവുകയും അതിനനുസരിച്ചുള്ള ആഖ്യാനഘടകങ്ങൾ കഥയ്ക്കു ഉപയുക്തമാവുകയുമാണ് ചെയ്യുന്നത്. മൃഗങ്ങളെ മനുഷ്യരുമായി പല വിധത്തിലുള്ള ബന്ധം സ്ഥാപിക്കാൻ ആഖ്യാതാവു ബോധപൂർവ്വം ശ്രമിക്കും. അത് അവരുടെ സ്വഭാവം, പ്രവൃത്തി, അനുഭവം എന്നിവകൊണ്ടാണ്. കഥാപാത്രങ്ങളുടെ ഈ ഘടകങ്ങളെല്ലാം കഥയിലെ സ്ഥലികപരിസരമായ കാടുമായാണു ബന്ധപ്പെട്ടു കിടക്കുന്നത്. ഈ സന്ദർഭങ്ങളിൽ കാട്ടിലെ

മൃഗങ്ങളുടെ കഥയെ ബോധപൂർവം മനുഷ്യപ്രകൃതിയുമായി ബന്ധിപ്പിക്കേണ്ടി വരുന്നു. എന്നാൽ വളർത്തുമൃഗങ്ങളെ കേന്ദ്രീകരിച്ചുള്ള കഥകളിൽ കഥയിടം മനുഷ്യരുടെ ജീവിതവുമായി ചേർത്തു നിർത്തുന്നു. അതു വീടുമായും വീട്ടുകാരുമായും നേരിട്ടു ബന്ധപ്പെട്ടു കിടക്കുന്നു. വായനക്കാർക്കു അവരുടെ പരിചിത ഇടം നൽകുന്ന ഭാവനാത്മകത പുതിയ പാഠഭേദങ്ങൾ നിർമ്മിച്ചെടുക്കുകയും ചെയ്യുന്നു. വളർത്തുമൃഗങ്ങളെക്കുറിച്ചും അവരോടുള്ള മനുഷ്യസ്വഭാവത്തെക്കുറിച്ചും സ്വാതന്ത്ര്യബോധത്തെക്കുറിച്ചുമെല്ലാം നേരിട്ടു വതരിപ്പിക്കുവാൻ ഈ സ്ഥലികതയാണു സഹായകമാകുന്നത്. 'മൃഗങ്ങളുടെ ഗ്രാമം' എന്ന കഥയിൽ കാടു നിർമ്മിക്കുന്ന സ്ഥലികതയും 'കുറിഞ്ഞിയും കൂട്ടുകാരും' എന്ന കഥയിലെ വീട് എന്ന സ്ഥലികതയും നിർമ്മിക്കുന്ന ആശയപ്രപഞ്ചം ഇതിനു തെളിവാണ്. മനുഷ്യരുമായി ബന്ധപ്പെടാതെ നിൽക്കുന്ന കാട്ടിലെ മൃഗങ്ങളെ മനുഷ്യരോടു ചേർത്തു നിർത്തുന്നതു മനുഷ്യരിലെ സാംസ്കാരിക അംശങ്ങളെ മൃഗങ്ങളിൽ ബോധപൂർവം ഉൾപ്പെടുത്തിക്കൊണ്ടാണ്. എന്നാൽ വളർത്തുമൃഗങ്ങളെയും മനുഷ്യന്റെ ആവാസ വ്യവസ്ഥയിലെ മറ്റു ജീവജാലങ്ങളെയും മനുഷ്യരോടു ചേർത്തുനിർത്തുന്നത് അവരോരുത്തരും നിൽക്കുന്ന ഇടത്തിന്റെ സ്വഭാവമാണ്. സ്ഥലികത ആഖ്യാനത്തെ നിർമ്മിക്കുന്നതും നിയന്ത്രിക്കുന്നതുമായ ഘടകമായി ബാലകഥകളിൽ മാറുന്നുവെന്നതാണിതു തെളിയിക്കുന്നത്.

2. സ്ഥലം എങ്ങനെ ഒരു കഥയെ നിയന്ത്രിക്കുന്നുവെന്നു വ്യക്തമാക്കുന്ന കഥയാണ് 'കളവിന്റെ വേദന'. കഥാപാത്രത്തിന്റെ ഇടം എന്നതു കഥയിടമാവുന്ന ആഖ്യാനരീതിയാണ് ഈ കഥയിലൂടെ വ്യക്തമാവുന്നത്. മോഷണസംഘത്തിനൊപ്പം പെട്ടുപോകുന്ന കുട്ടി ഒടുവിൽ സ്വന്തം വീട്ടിൽ കളവിനായി പോകുകയും അവിടെവച്ചു താൻ ആരാണെന്നു വെളിപ്പെടുത്തി കളവു ചെയ്യുന്ന പ്രവൃത്തിയിൽ നിന്നും മോചിതനാവുകയും ചെയ്യുന്നതാണ് കഥ. തന്റെ നിരപരാധിത്വം തെളിയിച്ചു കളവുജീവിതത്തിൽ നിന്നും കുട്ടിക്കു രക്ഷപ്പെടാൻ സാധിക്കുന്നതു സ്വന്തം വീട് എന്ന കഥയിടം മൂലമാണ്. നിരവധി വീടുകളിൽ കളവിനു കയറിയിട്ടും തന്നെ ഉപയോഗിച്ചു കളവു നടത്തുകയാണെന്ന വാസ്തവം കുട്ടിക്കു പറയാനാകുന്നില്ല. അതിനുകാരണം അവൻ പറയുന്നത്, "അഴി മുറിച്ചു കയറിയവൻ എന്തായാലും കള്ളനാണല്ലോ

അപ്പോൾ എന്താണുണ്ടാവുക? ഞാൻ പിടിക്കപ്പെട്ടും മറ്റുള്ളവരൊക്കെ രക്ഷപ്പെട്ടുകയും ചെയ്യും. എന്റെ ജീവൻ തന്നെ അപകടത്തിലാവും. ഇവിടെ കയറി ഇതെന്റെ വീട്ടും എന്റെ ആച്ഛനമാണെന്നു മനസ്സിലായപ്പോഴേ എനിക്കതിനു ധൈര്യം വന്നുള്ളു" (2000:32). കഥയിടം കേവലം ഇടം മാത്രമല്ലാതാവുകയും അതു വൈയക്തികാനുഭവമണ്ഡലം കൂടിയായിത്തീരുന്നു വെന്നും മനസ്സിലാക്കാം. കഥയെ നിയന്ത്രിക്കുന്നതിൽ കഥയിടം പ്രധാനപ്പെട്ടതാകുന്നത് ഈ ഘടകങ്ങൾ കൂടി ഉൾപ്പെടുമ്പോഴാണ്. കളവും അശ്രദ്ധയും കഥയുടെ ഭാവങ്ങളായി നിലനിൽക്കെ ഇടം എന്നത് ഇവിടെ പ്രധാനഘടമായി മാറുന്നതിത്തരത്തിലാണ് .

3. ബാലകഥകളിലെ ഇടം പ്രതിനിധാനം ചെയ്യുന്ന മറ്റൊരു ഘടകം സഞ്ചാരമാണ്. പലപ്പോഴും കുട്ടികളുടെ മനോനിലയ്ക്കനുസരിച്ചോ കാലത്തിനനുസരിച്ചോ സാഹചര്യങ്ങൾക്കനുസരിച്ചോ ഒരിടത്തിൽ നിന്നും മറ്റൊരിടത്തേക്കുള്ള മാറ്റം ബാലകഥകളിൽ കാണാം. കഥയിടമെന്നതു സഞ്ചാരത്തിന്റെ ഒരിടമായി മാറുന്നു. 'പോക്കണം കെട്ട പോക്ക്' എന്ന കഥാസമാഹാരത്തിലെ കഥകളിലെ കഥാപാത്രങ്ങൾ ഒരിടത്തിൽ നിന്നും മറ്റൊരിടത്തേക്കുള്ള പലായനം ചെയ്യുന്നതായി കാണാം. 'ഇറങ്ങിപ്പോക്ക്' എന്ന കഥയിൽ മുത്തശ്ശിയും കൊച്ചുമോനും സ്വന്തമെന്നു കരുതിയവരുടെ അനിഷ്ടത്താൽ താമസസ്ഥലത്തു നിന്നും ഇറങ്ങിപ്പോകേണ്ടിവന്നവരാണ്. ഇവിടെ കഥാപാത്രങ്ങളുടെ സഞ്ചാരം മനസ്സിന്റെ സഞ്ചാരംകൂടിയാകുന്നു. കഥാപാത്രങ്ങളും കഥയിടവും ബന്ധപ്പെട്ടു നിൽക്കുന്നതുകൊണ്ടു കഥയിടവുമായി കഥാപാത്രത്തിനുണ്ടാവുന്ന വേർപിരിയൽ കഥാപാത്രത്തിന്റെ മാനസിക വേർപാടുമാകുന്നു. കുട്ടികളുടെ ആത്മവിശ്വാസമില്ലായ്മയും അവരനുഭവിക്കുന്ന പരിഹാസവും കുട്ടികളുടെ മനോനിലയെ ബാധിക്കാറുണ്ട്. ഇത്തരത്തിൽ മനസ്സിലുണ്ടാകുന്ന ചാഞ്ചല്യം പലപ്പോഴും ഒളിച്ചോട്ടത്തിൽ എത്തിക്കും. കുട്ടികളിലെ മന:സംഘർഷങ്ങൾ അവരിടപെടുന്ന ഇടവുമായി നേരിട്ടു ബന്ധപ്പെടുന്നു. 'ഓടിപ്പോക്ക്' എന്ന കഥ വ്യക്തമാക്കുന്നത് ഇത്തരം മന:സംഘർഷങ്ങൾക്കു ഇടവുമായുള്ള ബന്ധമാണ്. അങ്ങിനെ വരുമ്പോൾ ഇടമെന്നതു കേവലം സ്ഥലികതയല്ലാതാകുകയും അതു അനുഭവ, അനുഭൂതികളാൽ നിർമ്മിക്കപ്പെടുന്ന ഒന്നായിത്തീരുകയും ചെയ്യുന്നു.

'വിരുന്നുപോക്ക്', 'സിനിമയ്ക്കുപോക്ക്', 'പിണക്കത്തിന്റെ ബാക്കിപത്രം' എന്നീ കഥകളിലെ ഇടങ്ങൾ അനുഭവങ്ങളാൽ സ്വത്വം നേടുന്നവയാണ്. ഇത്തരത്തിൽ ഒരു സ്ഥലത്തിൽ നിന്നും മറ്റൊരിടത്തേക്കുള്ള കഥയുടെ സഞ്ചാരം മനസ്സിന്റെയും കാലത്തിന്റെയും സഞ്ചാരമാകുന്നു.

4. സ്ഥലമെന്നതു പലപ്പോഴും ആദർശത്തിന്റെയും ആശയത്തിന്റെയും പ്രതീകമാണ്. ബാലകഥകളിൽ പ്രത്യേകിച്ചും ഒരു കഥയിടമെന്നത് സംഭവങ്ങളുടെ ഇടമെന്നതിനപ്പുറം ആശയങ്ങൾ കൈമാറുന്ന മാധ്യമമായി മാറുന്നു. 'ഒരു കുട പഴങ്ങൾ' എന്ന കഥാസമാഹാരത്തിലെ 'തറവാട്ടിലേക്ക് വിവാഹം' എന്ന കഥയിൽ കണ്ടപ്പൻ, കണ്ണമ്മ എന്നീ രണ്ടു പൂച്ചകളുടെ ജീവിതകഥയാണു പ്രമേയം. കണ്ടപ്പന്റെ വീട്ടിലേയ്ക്ക് വിവാഹം ചെയ്തു വന്ന വ്യക്തിയാണ് കണ്ണമ്മ. കഥയിലൂടെ വിവാഹജീവിതത്തെക്കുറിച്ചും തറവാട്സ്വത്ത് എങ്ങനെ സംരക്ഷിക്കണമെന്നും പറയുന്നുണ്ട്. തറവാട് എന്ന സ്ഥലസങ്കല്പത്തിലൂന്നിനിന്നുകൊണ്ടാണു ഈ ആശയങ്ങളെ കഥാകാരി ഉറപ്പിക്കുന്നത്. തറവാടികളാണെന്നഭിമാനിച്ചാൽ മാത്രം പോര എന്നും അവർ ജീവിതത്തിലെ അടിസ്ഥാന തത്വങ്ങളെക്കൂടി ഉൾക്കൊള്ളണമെന്നും ബോധ്യപ്പെടുത്തുന്നു. തറവാട് എന്ന വലിയ പേരിലുണ്ടായിരുന്ന ആഭിജാത്യത്തേക്കാൾ വ്യക്തിത്വ വികസനത്തിലുള്ള പ്രാധാന്യം കാണിക്കാൻ കഥയ്ക്കു കഴിയുന്നു. "പട്ടിണി കിടക്കേണ്ടി വന്നാലും ശരി കട്ടുതിന്നാനും പൊതുമുതൽ ധൂർത്തടിക്കാനും എന്നെ കിട്ടുകയില്ല ഞാനതല്ല പഠിച്ചിട്ടുള്ളതും ശീലിച്ചിട്ടുള്ളതും" (1998:12) എന്ന് കണ്ണമ്മ പറയുമ്പോൾ ആഭിജാത്യം നിർമ്മിക്കുന്നത് ഇടമല്ല എന്ന ബോധ്യം കഥ വ്യക്തമാക്കുന്നു. ഈ ബോധ്യത്തിന് ഇടം വളരെ പ്രധാനപ്പെട്ടതാണ്. പൊതുസ്വത്ത് എന്ന നിലയിൽ തറവാടു പ്രതിനിധീകരിക്കുന്ന കഥയിടം നമ്മുടെ സമൂഹത്തിലെ പൊതു ഇടങ്ങൾകൂടിയാകുന്നു. സ്ഥലം പ്രതിനിധീകരിക്കുന്ന ഇത്തരം ആശയ വത്കരണം കാലസൂചനകളാലും ലഭിക്കുന്നുണ്ട്. കാലത്തിന്റെ സഞ്ചാരം കൊണ്ടും കഥയിടം കൊണ്ടും ഓരോ വ്യക്തിക്കും സമൂഹത്തിനും നൽകിയ സ്ഥാനമാനങ്ങൾക്കു മാറ്റം വരുത്താൻ സാധിക്കുമെന്ന് ഈ കഥകൾ ബോധ്യപ്പെടുത്തുന്നു.

5. കഥാനാമം കൊണ്ടു കാലം വ്യക്തമാക്കുന്ന കഥകളുണ്ട്. പുതുമയെയും പഴമയെയും കേന്ദ്രീകരിച്ചു നടത്തിയ കഥയാണ് 'പഴയതും പുതിയതും' എന്ന കഥ. പഴയത്, പുതിയത് എന്നീ പദങ്ങൾ കാലസങ്കൽപ്പത്തെയാണ് വ്യക്തമാക്കുന്നത്.

6. ഒരു ദിവസത്തെ കഥയെന്ന നിലയിലുള്ള ആഖ്യാനവും സുമംഗലയുടെ കഥകളിൽ കാണാം. കൃത്യമായ സ്ഥലം, കാലം എന്നിവ കഥയിലൂടെ തിരിച്ചറിയുന്ന കഥകളെ സ്വപ്നകാലം അവതരിപ്പിക്കുന്ന കഥകളാണെന്നു വ്യവഹരിച്ചിട്ടുണ്ട്. ഒരു ദിവസം എന്നതു ഭൂതകാലത്തെയോ ഭാവികാലത്തെയോ ഒരു ദിവസമല്ലെന്നും അതു വർത്തമാനകാല ദിനമാണെന്നും തിരിച്ചറിയുന്ന തിനാൽ അതു സ്വപ്നകാലാഖ്യാനമായി പരിഗണിക്കുന്നു. 'കുറിഞ്ഞിയുടെ ഒരു ദിവസം' എന്ന കഥയിലെ വൈകാരികാനുഭവങ്ങൾ നേർമയുള്ളതാക്കാൻ ഈ സ്വപ്നകാലസംവിധാനത്താൽ സാധ്യമാകുന്നു.

7. കാലങ്ങൾ കൃത്യമായി വ്യക്തമാക്കുന്ന നോവലാണ് 'ഒരു കുരങ്ങൻ കഥ'. പന്ത്രണ്ട് കഥകളുടെ സമാഹാരം എന്നോ പന്ത്രണ്ടു സംഭവങ്ങളുടെ സമാഹാരമെന്നോ  ഈ കൃതിയെക്കുറിച്ചു പറയാം. ഇതിലെ ഓരോ അധ്യായവും തുടങ്ങുന്നതു കൃത്യമായ കാലഗണനയോടെയാണ്. പന്ത്രണ്ടു കഥകളിലൂടെ സഞ്ചരിക്കുന്ന ഈ നോവൽ പന്ത്രണ്ടു മാസങ്ങളെ പ്രതിനിധീകരിക്കുന്നു.

8. കുട്ടികളുടെ ഭാവികാലത്തെ കുറിച്ചുള്ള ചിന്ത ബാലകഥകളിലെ പൊതു പ്രശ്നമാണ്. കഥകളിൽ കാലത്തെ നേരിട്ടും അല്ലാതെയും അവതരിപ്പിക്കാറുണ്ട്. ചില കഥകളിൽ ഭാവികാലത്തെക്കുറിച്ചുള്ള ആശങ്കകൾ കഥയ്ക്കു പ്രമേയമാവുകയും അത് അവതരിപ്പിക്കുവാൻ ആഖ്യാന ഘടകങ്ങളെ രൂപപ്പെടുത്തിയെടുക്കുകയും ചെയ്യാറുണ്ട്. 'മഞ്ചാടിക്കുരു' എന്ന കഥാ സമാഹാരത്തിലെ 'ദാഹം' എന്ന കഥയിലെ കാലസങ്കൽപ്പത്തിൽ ഇത്തരം രചനാതന്ത്രങ്ങളെ കാണാനാവും. കഥയുടെ ആദിമധ്യാന്തപ്പൊരുത്തത്തിനായി കാലത്തെയും സ്ഥലത്തെയും അവതരിപ്പിക്കുന്ന രീതി കഥയുടെ ആരംഭത്തിൽ തന്നെ സൂചിപ്പിക്കുന്നുണ്ട്. "പതിവ് പോലെ മിനി അടുക്കളയിലേക്കു ഓടാൻ തുടങ്ങിയതായിരുന്നു പക്ഷേ.."(1979:19) എന്നു തുടങ്ങുന്ന പ്രയോഗത്തിലൂടെ കഥയിൽ ഒരു പുതിയ ദിവസം ആരംഭിക്കുകയാണ്. ഇതു കഥയുടെ വർത്തമാന

കാലത്തെക്കുറിക്കുന്നു. കഥയുടെ വായന എപ്പോഴും വർത്തമാനത്തിലാണ് നടക്കുന്നത്. എന്നാൽ 'ദാഹം' എന്ന കഥയിലെ അടിസ്ഥാന പ്രശ്നം ഭാവിയെക്കുറിച്ചുള്ള ആശങ്കകളാണ്. കുട്ടിയുടെ ഭാവിയെ സുശക്തമാക്കുകയെന്ന ലക്ഷ്യത്തെ മുൻനിർത്തിയാണ് പലപ്പോഴും ബാലകഥകളുടെ രചന. എന്നാൽ അതു കഥയുടെ മൂല്യമെന്ന നിലയിൽ കഥയിൽ ഉൾച്ചേരുകയാണുണ്ടാവുക. എന്നാൽ 'ദാഹം' എന്ന കഥയിൽ മകളുടെ ഭാവിയെക്കുറിച്ചുള്ള ആശങ്കയല്ല മറിച്ച് അമിതാശങ്കയാണ് കഥാപ്രശ്നം. അമ്മയുടെ മനസ്സിന്റെ ചിന്താഗതികളും പ്രതിപ്രവർത്തനങ്ങളുമാണു കഥയെ നയിക്കുന്നത്. ഈ കഥയിലും കാലമെന്നതു പ്രധാന ഘടകമായി മാറുന്നുണ്ട്. കഥയിൽ ഭൂതകാലവർണനയും വർത്തമാന കാലസംഭവങ്ങളും ഉണ്ട്. എന്നാൽ വർത്തമാനകാലമെന്നതു ഭാവിയെക്കുറിച്ചുള്ള ആശങ്കകൾ നിറഞ്ഞതുമാകുന്നു. ഇത്തരത്തിൽ കാലങ്ങളെക്കുറിച്ചുള്ള സ്ഥിര സങ്കൽപ്പങ്ങളെ മാറ്റി ഒരുകാലത്തിനുള്ളിൽ ആശങ്കയെന്ന കഥാനുഭവത്തിലൂടെ മറ്റുകാലങ്ങൾ കൂടി ബന്ധപ്പെട്ടു വരുന്നതു 'ദാഹം' എന്ന കഥയിൽ കാണാം.

9. എഴുത്തുകാരിയുടെ കാലം ആഖ്യാനത്തിൽ പ്രകടമാവാറുണ്ട്. ബാലകഥകളുടെ ചരിത്രം പരിശോധിച്ചാൽ സൗന്ദര്യത്തെക്കുറിച്ചും നിറത്തെ ക്കുറിച്ചുമുള്ള പ്രതിപാദനങ്ങൾ കഥകളിൽ കാണാറുണ്ട്. അവ പലപ്പോഴും എഴുത്തുകാരുടെ കാലവുമായി നേരിട്ടു ബന്ധപ്പെടുന്നു. എഴുത്തുകാരി ഇടപെടുന്ന ലോകം, ലോകാനുഭവം, ജീവിതകാലം, എന്നിവയുടെ പ്രതിഫലനം കഥകളിലെ കഥാപാത്രരൂപീകരണവുമായി നേരിട്ടു ബന്ധപ്പെടുന്നു. എഴുത്തുകാരുടെ ജീവിത കാല സൗന്ദര്യ സങ്കൽപ്പങ്ങൾ എഴുത്തിലും പ്രകടമാവാറുണ്ട്. സുമംഗലയുടെ കഥകളിലും ഇത്തരത്തിൽ ഒരു കാലത്തിന്റെ സൗന്ദര്യ സങ്കൽപ്പങ്ങളുടെ നേരിട്ടുള്ള അവതരണം കാണാം. എന്നാൽ ഇത്തരം സങ്കൽപ്പങ്ങളെ കഥയിൽ അവതരിപ്പിക്കുന്നത് ആ സങ്കല്പങ്ങളെ വിമർശിക്കുവാൻ കൂടിയാണ്. 'മഞ്ചാടിക്കുരു' എന്ന കഥാസമാഹാരത്തിലെ 'മഞ്ചാടിപ്പരിപ്പ്', 'മുത്തുസഞ്ചി' എന്ന കഥാ സമാഹാരത്തിലെ 'കാക്കകുളിച്ചാൽ' എന്നീ കഥകളിൽ പെൺകുട്ടികളുടെ സൗന്ദര്യത്തെ അവതരിപ്പിക്കുന്ന രീതി എഴുത്തുകാരിയുടെ കാലത്തിന്റെ സ്വാധീനം തന്നെയാണ്. "ഏഴുവയസുള്ള കുട്ടി സുന്ദരിയായിരുന്നില്ല വെളുത്തു നന്നേ മെലിഞ്ഞു അൽപ്പം അകവളവുള്ള ശരീരം. സമൃദ്ധമെങ്കിലും ചുരുണ്ട് ചുരുണ്ട് മേൽപ്പോട്ട് പടർന്നു കയറുന്ന ചെമ്പൻ മുടി,

കറുപ്പ് കുറഞ്ഞ ചെറിയ കണ്ണുകൾ, ഭംഗിയില്ലാത്ത പല്ലുകൾ, മധുരമില്ലാത്ത ശബ്ദം, ചില അക്ഷരങ്ങൾ പുറപ്പെടുവിക്കാൻ ജന്മനായുള്ള ബുദ്ധിമുട്ട് എല്ലാം കൂടി അവൾക്ക് അപകർഷതാബോധത്തിന് ധാരാളം വകയുണ്ടായിരുന്നു"(1997:51). ഇങ്ങനെയൊരു പ്രസ്താവന എഴുത്തുകാരിയുടെയാണ്. കുട്ടിയിലെ അപകർഷതാ ബോധത്തിനുള്ള കാരണങ്ങൾ ഓരോ കാലത്തെയും സൗന്ദര്യ സങ്കല്പമാണ് ഉരുവപ്പെടുത്തുന്നതെന്ന് ഇതു വ്യക്തമാക്കുന്നു. സൗന്ദര്യത്തെക്കുറിച്ചുള്ള അമിതമായ ആശങ്കകൾ കുട്ടികളിൽ നിന്നും ഇല്ലാതാക്കണമെന്ന ചിന്ത എഴുത്തുകാരിക്കുണ്ടായിരുന്നു. എന്നാൽ അതിനായി അവർ ഒരുക്കിയ ആഖ്യാന ഘടകങ്ങൾ സൗന്ദര്യത്തെക്കുറിച്ചുള്ള എഴുത്തുകാരിയുടെ സങ്കൽപ്പങ്ങളായിരുന്നു വെന്നതു തിരിച്ചറിയേണ്ട വസ്തുതയാണ്.

10. രണ്ടു കാലങ്ങളെ ചേർത്തു വയ്ക്കുന്ന ആഖ്യാനരീതികളും സുമംഗലയുടെ കഥകളിൽ കാണുന്ന ഒരു പ്രത്യേകതയാണ്. 'മുത്തുസഞ്ചി' എന്ന കഥാ സമാഹാരത്തിലെ 'ഒരു വാലിന്റെ ഓർമ്മ', 'ഒരു കുട പഴങ്ങൾ' എന്ന കഥാസമാഹാരത്തിലെ 'പലഹാരക്കാരി' എന്നീ കഥകളിലെ കാലസങ്കല്പത്തിൽ കാലത്തിന്റെ പരിണാമം ദൃശ്യമാണ്. കാലങ്ങൾ കഴിഞ്ഞാലും മാറ്റമില്ലാതെ നിൽക്കുന്ന ചില ഘടകങ്ങളെ അവതരിപ്പിക്കാനാണ് ഇക്കഥകളിൽ കാലം കടന്നുവരുന്നത്. 'പലഹാരക്കാരി' എന്ന കഥയിൽ ഏഴ് വയസ്സ് മുതൽ മാന്യയും പ്രൗഢയുമായ യുവതിയാകുന്നതുവരെ സഞ്ചരിക്കുന്ന കാലത്തിന്റെ അടയാളം കാണാം. എന്നാൽ കാലമെത്രമാറിയാലും മാറ്റമില്ലാതെ നിൽക്കുന്ന സ്വഭാവത്തെ എടുത്തുകാണിക്കാനാണ് കഥ പ്രധാനമായും ലക്ഷ്യമാക്കുന്നത്. ഏഴുവയസ്സുള്ള പെൺകുട്ടിക്കു പലഹാരക്കാരിയിൽനിന്നും പലഹാരം വാങ്ങാൻ ഭയമായിരുന്നു. എന്നാൽ കാലം കഴിഞ്ഞിട്ടും അവൾക്കതു വാങ്ങാനുള്ള ധൈര്യം കൈവന്നില്ല എന്നാണു കഥ പറഞ്ഞവസാനിപ്പിക്കുന്നത്. ഇത്തരത്തിൽ കാലം മാറിയിട്ടുംസ്വഭാവങ്ങൾക്കു മാറ്റമില്ലാതെ നിൽക്കുന്നുവെന്നു കഥ വ്യക്തമാക്കുന്നു. 'ഒരു വാലിന്റെ ഓർമ്മ' എന്ന കഥയിലും ഇതിനു സമാനമായ രീതി പ്രകടമാണ്. ഏഴു വയസ്സുള്ളപ്പോൾ സ്വാതന്ത്ര്യത്തെക്കുറിച്ചു പ്രസംഗിച്ചെങ്കിലും അതുറക്കെ പ്പറഞ്ഞാൽ ആപത്തുസംഭവിക്കുമെന്ന കാരണത്താൽ കൈയടി കിട്ടാതെ പോയ കുട്ടിക്കു കാലം കഴിഞ്ഞിട്ടും സമാന അനുഭവംതന്നെ സംഭവിക്കുന്നുണ്ട്. രണ്ടു കാലങ്ങളിൽ നടന്ന സമാനമായ സന്ദർഭങ്ങളെയാണിവിടെ

പരാമർശിക്കുന്നത്. കാലങ്ങൾക്കിടയിൽ പ്രകടമാകുന്ന സഹജ ഭാവത്തെയാണ് ഇത് വ്യക്തമാക്കുന്നത്. മാറ്റമില്ലാത്ത സ്വഭാവ ചിത്രീകരണത്തിലൂടെ കാലത്തെ നിശ്ചലമാക്കുന്ന ആഖ്യാനരീതിയാണ് ഇവിടെ കാണുന്നത്.

11. കാലം സ്വയം പരിണാമത്തിനു വിധേയമാകുന്നതും കഥകളിലൂടെ കാണാനാവും. 'മുത്തുസഞ്ചി' എന്ന കഥാസമാഹാരത്തിലെ 'കൊച്ചു തമ്പുരാട്ടിയുടെ ചിരി' എന്ന കഥയിൽ ഇത്തരം കാലാഖ്യാനം കാണാനാവും. സ്കൂളിൽ നിന്നും വിനോദസഞ്ചാരത്തിനു പോയ കുട്ടി യാത്രയ്ക്കിടെ പുതിയ പാലത്തിന്റെ നിർമ്മാണതടസ്സവുമായി ബന്ധപ്പെട്ട ചില വാർത്തകൾ കേൾക്കാനിടവരുന്നു. ആ സംഭാഷണം പാലം പൂർത്തീകരിക്കാൻ ഒരു പെൺകുട്ടിയെ പാലത്തിൽ ചേർത്തു വച്ചു പണിയണമെന്നതായിരുന്നു. അന്നു രാത്രി കുട്ടി തന്നെ പാലത്തിൽ ചേർത്തുവച്ചു പണി പൂർത്തീകരിച്ചതായി സ്വപ്നം കാണുന്നു. യാദൃച്ഛികമെന്നോണം അവൾ സ്വപ്നം കണ്ട അതേ സമയത്തു പാലം ഉറപ്പിക്കാനായെന്ന വാർത്തയാണ് പിറ്റേന്നു കേൾക്കാനിടവരുന്നത്. ഇത്തരത്തിൽ സംഭവങ്ങളുടെ കാലം, സ്വപ്നത്തിലെ കാലം എന്നിവ ചേർത്തു വച്ചുകൊണ്ടു കഥയിൽ ബാലകഥകൾക്കുചേർന്ന മായികമായ ഒരു വായനാനുഭവം സാധ്യമാക്കുന്നു. സ്വപ്നകാലമെന്നതുകൊണ്ടു വർത്തമാന കാലമാണെന്ന ആഖ്യാനതത്വം ഈ കഥയിൽ പ്രായോഗികമാകുന്നു. സ്വപ്നം കാണുന്ന സമയവും യഥാർത്ഥ സംഭവം നടക്കുന്ന സമയവും സമാനമാകുന്നു വെന്നതു വർത്തമാനകാല ആഖ്യാനമായി പരിഗണിക്കാം. സ്വപ്നവും യാഥാർത്ഥ്യവും കലർന്ന കഥാഘടന ബാലകഥയിൽ ഭാവനയെ സ്വാഭാവികതയോടെ അവതരിപ്പിക്കുന്ന ഒരു ആഖ്യാനതന്ത്രമായി ഇവിടെ പ്രയോഗിച്ചിരിക്കുന്നു.

12. കാലത്തിന്റെ നേരിട്ടുള്ള അവതരണങ്ങളൊന്നുമില്ലാത്ത കഥകളും സുമംഗലയുടെ കഥകളിൽ അപൂർവ്വമായി കാണാനാകും. 'ഒരു കുട പഴങ്ങൾ' എന്ന കഥാസമാഹാരത്തിലെ 'സ്വാതന്ത്ര്യത്തിന്റെ വില' എന്ന കഥയിൽ കാലത്തെക്കുറിച്ചു ഒരിടത്തും നേരിട്ടു സൂചിപ്പിക്കുന്നില്ല. ഇതിലെ പ്രവൃത്തികൾക്കാണ് ഏറെ പ്രാധാന്യം. ഈ പ്രവൃത്തികളാവട്ടെ ഏതുകാലത്തും പ്രസക്തമാകുന്നതുമായിരിക്കും. ഇത്തരത്തിൽ കാലം നേരിട്ടോ അല്ലാതെയോ കഥയുടെ മുഖ്യകേന്ദ്രമാകുന്നുവെന്നു വ്യക്തമായി പറയാനാകും.

13. സ്ഥലം, കാലം എന്നിവ കഥാഗതിയെ ത്വരിതപ്പെടുത്താനും സഹായകമാണ്. കഥാസംഭവങ്ങൾക്കു കൃത്യമായ കാലവും സ്ഥലവും ഒഴിച്ചു കൂടാനാവാത്തതും അവയുടെ കൃത്യമായ അങ്കനം ബാലകഥകളുടെ അടിസ്ഥാന സ്വഭാവവുമാണ്. 'എട്ടുകുട്ടകം പൊന്ന്' എന്ന നോവൽ തുടർച്ചയായ സംഭവങ്ങളാൽ നിർമ്മിക്കപ്പെട്ടതാണ്. എന്നാൽ സംഭവങ്ങൾക്കുള്ള കാലം, സ്ഥലം എന്നിവ കഥയെ നിയന്ത്രിക്കുന്ന ഘടകങ്ങളായി മാറുകയും ചെയ്യുന്നു. മുത്തച്ഛൻ പറയുന്ന ഒരു കഥയാണിത്. ആ കഥ പറയാനിടയാക്കിയ സന്ദർഭത്തെ നിർമ്മിക്കുന്നതിൽ കാലഗണനയ്ക്കു സ്ഥാനമുണ്ട്. "കിച്ചുവിന് ആഴ്ചയിൽ ആറു ദിവസവും ഒന്നിനും ഒഴിവില്ല" (2000:03) എന്നാണ് കഥ തുടങ്ങുന്നത്." "എന്നാൽ ശനിയാഴ്ച ഈ ബുദ്ധിമുട്ടൊന്നുമില്ല അച്ഛനും അമ്മയും പടികടന്ന് പാതയിൽ എത്തിയാൽ കിച്ചുവും വിജുവും കളി തുടങ്ങും" (2000:05) ഇങ്ങനെയൊഴിവുള്ള ഒരു ദിവസമാണു നിധിയുള്ള കുളത്തെക്കുറിച്ചു മുത്തച്ഛൻ പറയുന്നത്. പിന്നീട് നിധി കുഴിച്ചെടുക്കാൻ ഇരുവരും പ്രയത്നിക്കുന്ന സംഭവം മുതൽ കഥയുടെ അവസാനം വരെ കഥയുമായി ദിവസങ്ങൾക്കും സമയത്തിനും കഥയിടത്തിനും വളരെ പ്രാധാന്യമുണ്ട്. യുക്തിസഹമായി കഥയനുഭവങ്ങളെ വിശദക്കാൻ ഈ കഥയെ സഹായിക്കുന്നതു സ്ഥലകാല ബോധമാണ്. ഓരോ സംഭവങ്ങളെ കോർത്തുകൊണ്ടാണ് കഥ മുന്നോട്ടുപോകുന്നത്. മുത്തച്ഛൻ നിധിയെ കുറിച്ചു സൂചന നൽകുന്ന ആദ്യ അധ്യായം മുതൽ കഥാവസാനംവരെ കാലസൂചന കഥയിൽ വാസ്തവികത സൃഷ്ടിക്കാൻ കാരണമാവുന്നു. ശനിയാഴ്ച മാത്രം ഒഴിവുണ്ടായിരുന്ന കുട്ടികൾക്കു നിധി കുഴിച്ചെടുക്കണമെന്ന ആഗ്രഹത്തിനു സമയം നൽകുന്നതു "മധ്യവേനലവധിക്ക് സ്കൂൾ പൂട്ടി. കിച്ചുവും മനസ്സില്ലാതെയാണെങ്കിലും വിജുവും പൊന്ന് കുഴിച്ചെടുക്കാനുള്ള ഒരുക്കമായി" (2000:05)എന്നു പറയുമ്പോഴാണ്. കഥാഗതിക്കുള്ള സമയം ആഖ്യാതാവ് ഇവിടെ നിർമ്മിക്കുന്നു. തുടർന്നുള്ള അധ്യായങ്ങളിലെല്ലാം കൃത്യമായി രണ്ടാം ദിവസം, മൂന്നാം ദിവസം, വെള്ളിയാഴ്ച എന്നിങ്ങനെ കഥാഗതിയെ ത്വരിതപ്പെടുത്താനുള്ള കഥയിടവും സമയവും ആഖ്യാതാവു ചിട്ടപ്പെടുത്തിയിരിക്കുന്നു. വെള്ളിയാഴ്ചയ്ക്കു ശേഷം മുത്തച്ഛന്റെ വീട്ടിൽ നിന്നും സ്വന്തം വീട്ടിലേക്കു പോകണമെന്ന സൂചനയിൽ നിധിയന്വേഷണ പ്രവർത്തനം വേഗത്തിലാക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാവുന്നു. ഇവിടെ കാലവും സ്ഥലവും കഥാഗതിയുടെ വേഗതയെ നിർണ്ണയിക്കുവാൻ കാരണമാകുന്നു.

14. സുമംഗലയുടെ കഥകളുടെ മറ്റൊരു സവിശേഷതയാണ് തുടർക്കഥാ സ്വഭാവം. ഒറ്റ കഥകളായി നിലനിൽക്കെ പൂർവ്വ കഥകളുമായി ആഖ്യാന ഘടകങ്ങളാൽ അതിനു ബന്ധം നിർമ്മിക്കപ്പെടുന്നു. 'മിഠായിപ്പൊതി' എന്ന കഥാസമാഹാരത്തിലെ നിരവധി കഥകൾക്ക് ഈ സ്വഭാവമുണ്ട്. പരിചിതമായ കഥാപാത്രങ്ങൾ ഇതിനൊരു പ്രധാന കാരണമാണ്. എന്നാൽ അതോടൊപ്പം തന്നെ തുടർവായനാനുഭവം നൽകുന്ന മറ്റു ഘടകങ്ങൾ സ്ഥലവും കാലവും ആണ്. ഒരു കഥയിൽ പരാമർശിച്ച കഥാപാത്രങ്ങൾ മറ്റു കഥകളിൽ വന്നു പോകാം. എന്നാൽ അവയെ തമ്മിൽ ബന്ധിപ്പിക്കുന്നത് അവരുടെ സ്ഥലികതയാണ്. ഒരു വീടും വീടുമായി ബന്ധപ്പെട്ടു താമസിക്കുന്ന ജീവജാലങ്ങളും ആ ജീവജാലങ്ങൾ തമ്മിലുള്ള ബന്ധവുമാണ് ഓരോ കഥയ്ക്കും കാരണമാകുന്നത്. ആ ബന്ധം ഉണ്ടാകുന്നതും നിലനിൽക്കുന്നതും കഥയിടത്താലാണ്. 'മിഠായിപ്പൊതി' എന്ന കഥാസമാഹാരത്തിലെ 'വിരുന്നുകാരൻ' എന്ന ആദ്യ കഥയിൽ പരാമർശിക്കുന്ന കഥാപാത്രങ്ങളാണ് തുടർന്നുള്ള നിരവധി കഥകളിൽ പ്രത്യക്ഷപ്പെടുന്നത്. ആദ്യ കഥയിൽ തന്നെ കഥാപാത്രങ്ങൾ തമ്മിലുള്ള ഇണക്കത്തെയും പിണക്കത്തെയും അവതരിപ്പിച്ചുകൊണ്ട് ഒരു സ്ഥലികത കഥയിൽ ഉറപ്പിക്കുന്നു. നിരവധി സംഭവങ്ങളിലൂടെ കഥാപാത്രങ്ങളെ പരസ്പരം കൂട്ടി ഉറപ്പിക്കുന്നതു കാലബദ്ധമായ ഇടപെടലുകൾകൊണ്ടാണ്. കഥയിൽ ആവർത്തിക്കുന്ന ഈ പരിചിതയിടവും വായനക്കാരൻ നിർമ്മിക്കുന്ന കഥയിടവും തമ്മിൽ സംയോജിക്കുമ്പോഴാണ് ആഖ്യാനം പൂർത്തിയാകുന്നത്.

15. ഭ്രമാത്മകമായ കഥകൾ ബാലകഥകളുടെ സവിശേഷതയാണ്. ഭ്രമാത്മകകഥകൾ ആസ്വാദകരുമായി സംവദിക്കാൻ സാധിക്കുന്നത് അവ പകരുന്ന അനുഭൂതി മൂലമാണ്. ഫാന്റസി അഥവാ ഭ്രമാത്മകതയ്ക്കു മന:ശാസ്ത്രമായും സാഹിത്യമായും ബന്ധമുണ്ട്. മന:ശാസ്ത്രത്തിൽ ഭ്രമാത്മകത നിർവചിക്കുന്നതിൽ നിന്നും തികച്ചും ഭിന്നമായാണു സാഹിത്യത്തിൽ ഭ്രമാത്മകതയെ തിരിച്ചറിയേണ്ടതും മനസ്സിലാക്കേണ്ടതും. ഫാന്റസിയെ സംബന്ധിച്ച സി എസ് ലെവിസിന്റെ (C. S. Lewis) നിരീക്ഷണങ്ങളെ വത്സലൻ വാതുശ്ശേരി "അസാധ്യവും പ്രകൃത്യതീതവുമായ ഏതൊരു ആഖ്യാനവും ഫാന്റസിയാവും" എന്നു സംഗ്രഹിച്ചിട്ടുണ്ട് (2004:16). ഇത്തരത്തിൽ അസാധ്യമായ പലതും സാധിച്ചുകൊണ്ടു കഥയിൽ ഭ്രമാത്മകത

സൃഷ്ടിക്കുന്നതിൽ സംഭവങ്ങൾക്കു വലിയ സ്ഥാനമാണുള്ളത്. 'മിഠായിപ്പൊതി' എന്ന സമാഹാരത്തിലെ 'അപ്പമരം', 'നായരും പുലിയും', 'ഉണ്ടനും ഉണ്ടിയും' എന്നീ കഥകൾ നാടോടി വാമൊഴിക്കഥകളെന്ന നിലയിൽ പണ്ടേ പ്രചാരത്തിലിരുന്ന കഥകളുടെ പുനരാഖ്യാനങ്ങളായി കാണേണ്ടവയാണ്. എന്നാൽ അവയെ കൂടുതൽ ആകർഷകമാക്കുന്നതു സ്ഥലകാല സങ്കല്പങ്ങളാണ്. ഈ കഥകളുടെ സ്ഥലം കഥയിൽ മായികത നിർമ്മിക്കുന്നത് ഉദാഹരണമായെടുക്കാം. 'അപ്പമരം' എന്ന കഥയിൽ അപ്പം കുഴിച്ചിട്ടതിൽ നിന്നും അപ്പമരം ഉണ്ടാവുന്ന എന്ന പ്രവൃത്തി മുതൽ കുട്ടിയെ തട്ടികൊണ്ടുപോയി കൊന്നു തിന്നാൻ നോക്കുന്ന രക്ഷസിയുടെ പ്രവൃത്തികൾ വരെ ഒന്നിനൊന്നോടു ബന്ധപ്പെട്ടു നിൽക്കാൻ സാധിക്കുന്നതു കഥയിലെ അപ്പമരം എന്ന സാങ്കല്പികയിടം മൂലമാണ്. ഭീതിയുടെയും ധൈര്യത്തിന്റെയും ബുദ്ധിയുടെയും പ്രായോഗിക ഉറവിടമായി കഥയ്ക്കു നിലനിൽക്കാനാവുന്നതും ഈ സ്ഥലികത മൂലമാണ്. സംഭവങ്ങളുടെ തുടർച്ച സാധ്യമാക്കുന്നതിൽ കാലത്തിനു വലിയ പങ്കാണുള്ളത്. 'നായരും പുലിയും' എന്ന കഥയിൽ കാണുന്ന സംസാരിക്കുന്ന പുലിയെയും ബുദ്ധിസാമർത്ഥ്യത്താൽ പുലിയെ വധിക്കുന്ന രാമൻ നായരെയും കാണാം. ഈ കഥയിലെ സംഭവപരമ്പരകളെ ഇണക്കി നിർത്തുന്നതു കാട് എന്ന കഥയിടമാണ്. നായരും പുലിയും തമ്മിലുള്ള സംവാദങ്ങൾക്കും തുടർ സംഭവങ്ങൾക്കും ഭ്രമാത്മകത സൃഷ്ടിക്കുന്നത് ഈ കഥയിടത്തിന്റെ പ്രാധാന്യം മൂലമാണ്. അസാധ്യമായ പലതും സാധ്യമാകുന്നതു കഥയിടം മൂലമാണ്. അപ്പമരം എന്നതു കഥയിലെ കഥയിടമാണ്. ഇതു യാഥാർത്ഥ്യബോധത്തോടെ സാധ്യമാകുന്നതോടെയാണ് ഉണ്ണിക്കു അസാധ്യമായതൊന്നും ഉണ്ടാവില്ലെന്ന ബോധ്യം കഥയ്ക്കു പുലർത്താൻ സാധിക്കുന്നത്. മനുഷ്യപ്രകൃതികളെ വിമർശിക്കാൻ പുലിക്കു സാധ്യമാകുന്നതു കാടിന്റെ വന്യതയിൽ നില നിൽക്കുന്ന നൈർമല്യമെന്ന മനുഷ്യബോധമാണ്. മനുഷ്യനൊപ്പം അല്ലെങ്കിൽ മനുഷ്യനേക്കാൾ ചിന്താശക്തിയും മന:ശുദ്ധിയും മൃഗങ്ങൾക്കുണ്ടെന്നു കാട് എന്ന ഇടം ബോധ്യപ്പെടുത്തുന്നു. അതാണു സംസാരിക്കുന്ന പുലിയെന്ന സങ്കൽപ്പത്തെ അതിശയോക്തിയില്ലാതെ 'ഉണ്ടനും ഉണ്ടിയും' എന്ന കഥയിലും പ്രവർത്തിക്കാൻ സാധ്യമാകുന്ന ഘടകം. അവിടെയും കാടും നാടും തമ്മിലുള്ള നല്ലതു നല്ലതല്ലാത്തത് എന്ന സങ്കല്പമാണ് ഭ്രമാത്മകതയ്ക്ക് ഇടം നൽകുന്നത്.

16. കഥയിൽ വാസ്തവികത നിർമ്മിക്കാനും സ്ഥലകാലസങ്കൽപ്പത്തിനു സാധിക്കുന്നു. കൃത്യമായ കാലം, സ്ഥലം എന്നിവ സൂചിപ്പിച്ചുകൊണ്ട് കഥയവതരിപ്പിക്കുന്നതിലൂടെ കഥപറച്ചിലിൽ വിശ്വാസ്യത നിർമ്മിക്കാനും വാസ്തവികഭാവം നിർമ്മിക്കാനും സാധിക്കുന്നു. 'മിഠായിപ്പൊതി' എന്ന സമാഹാരത്തിലെ 'മൃഗങ്ങളുടെ ഗ്രാമം' എന്ന കഥ സങ്കല്പഗ്രാമമാണ്. എന്നാൽ ആ കഥയുടെ ആരംഭം മുതലുള്ള വാക്യപ്രയോഗങ്ങൾ യഥാതഥ സ്വഭാവത്തെ നിർമ്മിക്കാൻ ഉതകുന്നതാണ്. "ഈ കഥ നടന്നിട്ട് ഏറെ കാലമായില്ല" (2020:76) എന്ന പ്രയോഗത്തിലെ കാലഗണന വായനക്കാരിലുളവാക്കിയ യാഥാർത്ഥ്യബോധം ചെറുതല്ല. 'രാജാവിനെ ബാധിച്ചഭൂതം' എന്ന കഥയിലും അവാസ്തവിക സങ്കല്പത്തെയാണ് അവതരിപ്പിച്ചിട്ടുള്ളത്. എന്നാൽ കഥയെ യഥാതഥമാക്കണമെന്ന എഴുത്തുകാരിയുടെ ബോധ്യമാണ് "പണ്ട് പണ്ട് നടന്ന കഥയാണ്" എന്ന പ്രയോഗം. ഇവിടെ കാലഗണന കൊണ്ടു വാസ്തവികത നിർമ്മിക്കുവാൻ ആഖ്യാനത്തിനു സാധിക്കുന്നു. ഭൂതകാലത്തിൽ സംഭവ്യമായ ഘടകങ്ങൾക്കു പഴമയുടെ വാസ്തവികത നൽകാനാവും എന്ന ബോധ്യമാണ് ഇവിടെ പ്രകടമാകുന്നത്.

## 02.04. ക്രിയ/പ്രവൃത്തിയുടെ വിന്യാസം

ആഖ്യാനത്തെ അടിസ്ഥാനമാക്കി നടത്തുന്ന പഠനങ്ങളിലെല്ലാം കഥയുടെ ക്രിയാംശത്തിനു വലിയ സ്ഥാനമുണ്ട്. ആഖ്യാനശാസ്ത്രത്തെക്കുറിച്ചുള്ള പഠനങ്ങളിലെല്ലാം ക്രിയ അടിസ്ഥാനഘടകമാണ്. ആഖ്യാനത്തെക്കുറിച്ചുള്ള തന്റെ പഠനങ്ങളിൽ വ്ലാഡിമിർ പ്രോപ്പ് (Vladimir Propp) ഓരോ കഥയിലും ആവർത്തിച്ചു വരുന്ന ഘടകങ്ങളെ അപഗ്രഥിച്ചുകൊണ്ട് ആഖ്യാനതത്വങ്ങളെ വിശദമാക്കിയിട്ടുണ്ട്. കഥകളിൽ ആവർത്തിച്ചുവരുന്ന അംശങ്ങളെയും ആവർത്തിക്കാത്ത അംശങ്ങളെയും അദ്ദേഹം ഈ പഠനത്തിലൂടെ വിശ്ലേഷിച്ചു. വ്ലാഡിമിർ പ്രോപ്പ് കണ്ടെത്തിയ ആഖ്യാനഘടകങ്ങൾ ധർമ്മത്തെ അടിസ്ഥാനമാക്കിയാണു നിലകൊണ്ടത്. ഈ ധർമ്മം എന്നത് കഥകളിലെ ക്രിയ/പ്രവൃത്തി തന്നെയാണ്. കഥയുടെ സ്വഭാവവും ഘടനയും വായനക്കാർക്കു മനസ്സിലാക്കിത്തരുന്നത് ഈ ധർമ്മങ്ങളാണ്. ഒരു കഥാപാത്രത്തിന്റെ ധർമ്മമെന്നതു ക്രിയാംശമാണ്. ഒരു ക്രിയ തന്നെ പല കഥാപാത്രങ്ങൾക്കു പലതരത്തിൽ അവതരിപ്പിക്കാം എന്നതാണ് വ്ലാഡിമിർ പ്രോപ്പിന്റെ

അടിസ്ഥാന തത്വം. ഇത്തരത്തിൽ വ്യത്യസ്ത കഥാപാത്രങ്ങൾ ഒരേ തരത്തിലുള്ള ധർമ്മങ്ങൾ അനുഷ്ഠിക്കുന്നതും ഒരേ കഥാപാത്രം തന്നെ വ്യത്യസ്തമായ പാത്രധർമ്മങ്ങൾ നിർവഹിക്കുന്നതും കാണാൻ സാധിക്കും. ഈ വ്യത്യസ്തതയുടെ അടിസ്ഥാനത്തിലാണ് വ്ലാഡിമിർ പ്രോപ്പ് മുപ്പത്തൊന്ന് ധർമ്മങ്ങളെ കണ്ടെത്തിയത്. ആഖ്യാനത്തിലെ രൂപപരമായ മാറ്റങ്ങൾക്കു കാരണമാകുന്നത് ഈ ധർമ്മങ്ങളുടെ വ്യത്യസ്തതയാണ് എന്ന തിരിച്ചറിവ് ആഖ്യാനത്തെ അടിസ്ഥാനമാക്കിയുള്ള പുതു പഠനങ്ങൾക്കു വഴി തെളിയിച്ചു.

കഥാസംഭവങ്ങൾ കഥാപാത്രങ്ങളുമായി ചേർന്നു നിൽക്കുന്ന ഒരു ഘടകമാണ്. കഥാപാത്രം കഥയിൽ ഇടപെടുന്നതു വ്യത്യസ്തവും പരസ്പര പൂരകങ്ങളുമായ സന്ദർഭങ്ങളിലൂടെയാണെന്ന് ടി ജിതേഷ് അഭിപ്രായപ്പെടുന്നു (2017:45). ഓരോ ആഖ്യാനത്തിലും സംഭവങ്ങളുടെ കെട്ടുറപ്പുറക്കുന്നതിൽ കഥാപാത്രങ്ങൾക്കു പങ്കുണ്ട്. കഥാഗതിയിലെ ഓരോ സംഭവങ്ങളുമായി ഇടപെടുകയും അവയെ പരസ്പരം ബന്ധപ്പെടുത്തുകയും ചെയ്യുന്ന വാഹകർ എന്ന സ്ഥാനം കഥാപാത്രങ്ങൾക്കാണുള്ളത്. കഥാസന്ദർഭങ്ങളെ അടിസ്ഥാനമാക്കി വ്ലാഡിമിർ പ്രോപ്പ് വിശദമാക്കിയ ഘടകങ്ങളിലൂടെ ബാലകഥാഖ്യാനത്തെയും വിശകലനം ചെയ്യാവുന്നതാണ്. സുമംഗലയുടെ ഓരോ കഥകളിലെയും ധർമ്മങ്ങൾക്കു പ്രത്യേകതകളുണ്ട്. വ്യത്യസ്തമായ രീതിയിൽ അവയെ അവതരിപ്പിച്ചുകൊണ്ടാണ് ആ രചനകൾ ലക്ഷ്യം പ്രാപിച്ചത്. സുമംഗലയുടെ കഥകളിലെ ലക്ഷ്യമെന്നതു സാരോപദേശ പ്രദാനമാണ്. ആ ലക്ഷ്യത്തെ പൂർത്തീകരിക്കുന്നതിൽ ക്രിയാംശത്തിനു വലിയ പങ്കുണ്ട്. അഥവാ കഥകളിൽ ക്രിയ/പ്രവൃത്തി വിവിധങ്ങളായ ആഖ്യാന തന്ത്രങ്ങളായി മാറുകയാണ്. അവയെ ഇങ്ങനെ ക്രോഡീകരിക്കാം.

1. പ്രവൃത്തിക്കു പ്രാധാന്യം കൊടുത്തുകൊണ്ടു/പ്രവൃത്തിയെ കേന്ദ്രീകരിച്ചു കൊണ്ടുള്ള കഥകൾ.

2. ക്രിയകളും പ്രതിക്രിയകളും അവതരിപ്പിക്കുന്ന കഥകൾ.

3. മനുഷ്യന്റെ പ്രവൃത്തി/ മൃഗങ്ങളുടെ പ്രവൃത്തി എന്നിവയെ മനുഷ്യന്റെ ചിന്തയുമായി ചേർത്തുവയ്ക്കുന്ന കഥകൾ

4. ഒരു പ്രവൃത്തി അടുത്ത പ്രവൃത്തിയുമായി ചേർന്നു നിൽക്കുന്ന കഥകൾ.

5. പുതിയ ആശയങ്ങളെ പ്രവൃത്തിയിലൂടെ അവതരിപ്പിക്കുന്ന കഥകൾ.

6. ഗുണ/ദോഷ പഠനത്തിനു വേണ്ടി പ്രവൃത്തികൾ അവതരിപ്പിക്കുന്ന കഥകൾ.

7. മുതിർന്നവരുടെ പ്രവൃത്തികൾ അവതരിപ്പിച്ചുകൊണ്ടു മുതിർന്നവർക്കു സദ്ഗുണോപദേശം പകരുന്ന കഥകൾ.

8. മൃഗകഥകളിലെ പ്രവൃത്തിയിലൂടെ സന്ദേശം നൽകുന്ന കഥകൾ.

9. യുക്തിസഹമായ പ്രവൃത്തികൾ അവതരിപ്പിക്കുന്ന കഥകൾ.

10. വ്യത്യസ്തമായ പ്രവൃത്തികൾ അവതരിപ്പിക്കുന്ന അന്വേഷണാത്മക കഥകൾ.

1. 'പോക്കണം കേട്ട പോക്കുകൾ' എന്ന കഥാസമാഹാരത്തിലെ കഥകൾ എല്ലാം പ്രവൃത്തികളെ അടിസ്ഥാനമാക്കി രചിക്കപ്പെട്ടതാണ്. 'ഇറങ്ങിപ്പോക്ക്' എന്ന കഥയിലെ പ്രവൃത്തികൾ വിവരണാത്മകമാണ്. ഓരോ കഥാപാത്രങ്ങളുടെയും പ്രവൃത്തികളെക്കുറിച്ച് സംഭാഷണങ്ങളിലൂടെയാണു വ്യക്തമാകുന്നത്. കഥയിലെ പ്രവൃത്തികൾ മുൻപു നടന്ന പ്രവൃത്തികളുടെ പൂരണമാകുന്നു. അമ്മൂമ്മയോടു മരുമകൻ മോശമായി പെരുമാറുന്നതു കഥയിൽ അവതരിപ്പിക്കുന്നുണ്ട്. എന്നാൽ അമ്മൂമ്മയുടെ മനോവ്യഥയുടെ കാരണം നിരവധിയായ സംഭവങ്ങളാണ്. കഥയിൽ മുത്തശ്ശിയോടും മനുവിനോടും മോശമായി പെരുമാറിയ വ്യക്തികളുടെ ധർമ്മങ്ങൾ സമാനഭാവം പുലർത്തുന്നു. അവരുടെ പ്രവൃത്തികളുടെ വിമർശനം കൂടിയാണ് ഈ കഥയുടെ ഉദ്ദേശ്യം.

2. 'ഓടിപ്പോക്ക്' എന്ന കഥയാവട്ടെ നിരന്തരമായി പരിഹാസവും കുറ്റപ്പെടുത്തലും കേൾക്കേണ്ടിവന്ന കുട്ടി അതിൽനിന്നെല്ലാം രക്ഷപ്പെടാനായി ഒളിച്ചോടുന്നു. ആ ഒളിച്ചോട്ടത്തിൽ നിന്നും ചില തിരിച്ചറിവുകൾ ഉണ്ടായി തിരിച്ചു വീട്ടിലെത്തുകയും ചെയ്യുന്നു. ഇവയാണു കഥയിലെ പ്രധാന പ്രവൃത്തികൾ. ഈ രണ്ട് സഞ്ചാരങ്ങളാണു കഥയുടെ മൂല്യത്തെയും ലക്ഷ്യത്തെയും കുറിച്ചു വായനക്കാർക്കു ബോധ്യപ്പെടുത്തി തരുന്നത്. ഒന്ന്. പരിഗണന ഇല്ലെന്ന കാരണത്താൽ വീട്ടിൽ നിന്നും ഒളിച്ചോടുന്ന സജു. രണ്ട്. വീട്ടിൽ നിന്നും പോയതിനുശേഷമുള്ള വിഷമതകൾ കാരണം സ്വന്തം

വീട്ടിലേക്കു തിരിച്ച് ഒളിച്ചോടിവരുന്ന സജു. ഈ രണ്ടു പ്രധാന പ്രവൃത്തികളിലേക്കും സജുവിനെ എത്തിക്കുന്നതു മറ്റു നിരവധി ഘടകങ്ങളാണ്. നിരന്തരമായി സജുവിന് ഏൽക്കേണ്ടിവന്ന മാനസികമായ അവഗണനയ്ക്കും പരിഹാസത്തിനും കാരണഹേതു ബന്ധുമിത്രാദികളാണ്. അവരുടെ പെരുമാറ്റമാണ്. ഇത്തരത്തിൽ നിരവധി പ്രവർത്തനങ്ങളുടെ പ്രതിപ്രവർത്തന മാണു കഥയിലെ പ്രധാന സംഭവങ്ങൾ. കഥയിലെ സംഭവങ്ങളെ പരസ്പരം ബന്ധപ്പെടുത്തുന്നതു കഥാപാത്രങ്ങളാണ്. പ്രധാന സംഭവങ്ങളിലേക്കു നയിക്കുന്ന നിരവധി ഉപസംഭവങ്ങളാണു കഥയ്ക്കു യഥാർത്ഥരൂപം നൽകുന്നത്.

3. മൃഗകഥകൾ ബാലകഥയിൽ പലതരത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. മൃഗങ്ങളുടെ പ്രവൃത്തികളെ മനുഷ്യരുടെ ചിന്തയുമായി ബന്ധിപ്പിച്ചുകൊണ്ടാണ് ഇത്തരം കഥകൾ മുന്നോട്ടു പോകുന്നത്. 'കുറിഞ്ഞിയും കൂട്ടുകാരും' എന്ന കഥാ സമാഹാരത്തിലെ 'വെള്ളമ്മയുടെ ഉച്ചഭക്ഷണം' ഇത്തരത്തിലുള്ള പരസ്പരാശ്രിത കഥയാണ്.

4. പ്രവൃത്തികൾ തുടർപ്രവൃത്തികൾക്കുള്ള വഴി തുറക്കുന്നതു കഥകളിൽ കാണാം. ഒരു പ്രവൃത്തിയിൽനിന്നും മറ്റൊന്നിലേക്ക് അഥവാ തുടർ സംഭവങ്ങളിലേക്കുള്ള കഥയുടെ സഞ്ചാരമായി ഇതിനെ കാണാം. 'മിഠായി പ്പൊതി' എന്ന കഥാസമാഹാരത്തിലെ 'അപ്പമരം', 'നായരും പുലിയും', 'ഉണ്ടനും ഉണ്ടിയും' എന്നീ കഥകളിൽ നിരവധി സംഭവങ്ങളെ ഒന്നിനു പിറകെ ഒന്നായി കോർത്തിണക്കിക്കൊണ്ടാണു കഥ മുന്നോട്ടു പോകുന്നത്. 'അപ്പമര'ത്തിൽ ഉണ്ണിയെ രാക്ഷസി പിടിച്ചുകൊണ്ടുപോകുന്ന സംഭവം മുതൽ ഉണ്ണി രാക്ഷസിയുടെ കൈയിൽ നിന്നും രക്ഷപ്പെടുന്നതു വരെയുള്ള സംഭവങ്ങളെ ഒന്നിനൊന്നോടു കോർത്താണ് രൂപപ്പെടുത്തിയിരിക്കുന്നത്. നിരവധി സംഭവങ്ങളെ ചേർത്തുവച്ചുകൊണ്ടാണു കഥയിൽ ആകാംക്ഷ ജനിപ്പിക്കുന്നത്. ക്രിയ ആവർത്തിക്കുന്നതിലൂടെ കഥയ്ക്ക് അർത്ഥപൂർത്തി ലഭിക്കുന്നു. നാടോടി കഥകളിൽ ഇതു നിത്യമായി കാണാനാകും. 'നായരും പുലിയും' എന്ന കഥയിൽ പുലിയിൽ നിന്നും രക്ഷപ്പെടുന്ന വിഡ്ഢിയായ രാമന്റെയും രക്ഷപ്പെടാൻ സഹായിക്കുന്ന കിളവന്റെയും കഥാസന്ദർഭങ്ങൾ സമാനതയോടെയാണു മുന്നോട്ടു പോകുന്നത്. സമാനതകളോടെ വർത്തിക്കുന്ന സംഭവങ്ങൾ വ്യത്യസ്തമായ കഥാപാത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. 'ഉണ്ടനും ഉണ്ടിയും'

എന്ന കഥയിലും സമാനമായ ഈ സംഭവാവിഷ്ക്കാരം കാണാനാവും. സാരോപദേശപ്രദമായ കഥകൾക്കു ഇത്തരം ആഖ്യാനരീതി കൂടുതൽ പ്രയോജനകരമാകുന്നു. "പുലിയെ പറ്റിക്കാൻ ഉണ്ടനും ഉണ്ടിയും നിശ്ചയിച്ചു. അവർ മുറ്റം നിറയെ ഇല്ലിമുള്ളു വിതച്ചു. ഇറയത്തേക്കു കയറുന്ന ഭാഗത്ത് തലമുട്ടാൻ പാകത്തിന് ഒരമ്മി കെട്ടിത്തൂക്കി. കോണിപ്പടിമേൽ നെല്ലിക്ക പരത്തി. കിടക്കമേൽ നായ്ക്കുറണപ്പൊടി വിതറി. അടുപ്പിൽ ചാരത്തിനിടയിൽ ആട്ടങ്ങ ഇട്ടു. കുടത്തിൽ നീർക്കോലിയെ പിടിച്ചിട്ടു. കിണറ്റുവക്കത്ത് താളി പിഴിഞ്ഞൊഴിച്ചു. കിണറ്റിൽ ഒരു മുതലയെയും പിടിച്ചിട്ടു" (2020:176). കഥയിലെ ഈ പ്രവൃത്തികൾക്ക് അർത്ഥവും പ്രയോജനവും ലഭിക്കുന്നതു പുലിയെ കുടുക്കാൻ കരുതിക്കൂട്ടിവച്ച ഓരോ കെണിയിലും പുലി മാത്രമല്ല ഉണ്ടനും ഉണ്ടിയും വീഴുമ്പോഴാണ്. ഇതു കഥയ്ക്ക് മൂല്യപരമായ അർത്ഥപൂർത്തി നൽകുകയും ചെയ്യുന്നു.

5. പ്രവൃത്തികൾ/സംഭവങ്ങൾ എന്നിവയിലൂടെ ഒരാശയത്തെ അവതരിപ്പിക്കുന്നതു സുമംഗലയുടെ കഥകളുടെ പൊതു രീതിയാണ്. 'പൂവാലനും മുറിവാലനും'എന്ന കഥ സ്വാതന്ത്ര്യം പാരതന്ത്ര്യം എന്നീ രണ്ടു ആശയങ്ങളെ വികസിപ്പിക്കുന്നു. വീട്ടിൽ വളർത്തുന്ന മുറിവാലൻ അണ്ണാന്റെയും സ്വാതന്ത്ര്യം അനുഭവിക്കുന്ന പൂവാലൻ അണ്ണാന്റെയും പ്രവൃത്തികളിലൂടെയും ദൈനംദിന ജീവിതസംഭവങ്ങളിലൂടെയുമാണ് ഈ ആശയത്തെ പ്രകടമാക്കുന്നത്. പ്രവൃത്തികളും അവയോടു ചേർന്നുനിൽക്കുന്ന സംഭാഷണങ്ങളും ഇതു വ്യക്തമാക്കുകയും ചെയ്യുന്നു. 'അനുഭൂതിയുടെ പൂക്കൾ' എന്ന കഥ സൗന്ദര്യത്തെ കുറിച്ചാണ്. പൂക്കാത്ത അശോകമരമെന്ന സങ്കൽപ്പവും സകല ലക്ഷണ ങ്ങളുമൊത്ത സുന്ദരി എന്ന സങ്കൽപ്പവും യാഥാർത്ഥ്യബോധം ജനിപ്പിക്കുന്നതു സ്നേഹമാണ് സൗന്ദര്യം എന്ന ആശയത്തിലെത്തിച്ചേരുമ്പോഴാണ്. കഥയിലെ സംഭവങ്ങളെ സ്നേഹം, സൗന്ദര്യം എന്നീ ആശയത്തിലെത്തിക്കുന്നത് സാങ്കല്പികമായ ഘടകങ്ങളിലൂടെയാണ്. കഥയിൽ കടന്നുവരുന്ന പക്ഷി മൃഗാദികളും അശോകമരവും ഇവ തമ്മിലുള്ള സംഭാഷണങ്ങളുമാണ് ഈ ഘടകങ്ങൾ.

6. 'നെയ്പ്പായസം' എന്ന കഥാസമാഹാരത്തിലെ 'പൂക്കളുടെ മറവിൽ' എന്ന കഥയിൽ പകൽവെളിച്ചത്തിൽ മാന്യരും ഇരുൾ വീഴുമ്പോൾ

അമാന്യരുമായവരുടെ സ്വഭാവം പ്രവൃത്തികളിലൂടെ വെളിപ്പെടുത്തുന്നു. പകൽ മാന്യനായ വ്യക്തി പൂക്കച്ചവടത്തിന്റെ മറവിൽ രത്നവ്യാപാരവും ഒടുവിൽ കൊലപാതകവും നടത്തുന്നതാണ് പ്രമേയം. വിശ്വസ്തത, നന്ദി, സത്യസന്ധത എന്നിവയ്ക്കു ലോകത്തിൽ എന്നും വലിയ സ്ഥാനമുണ്ടെന്നും അവയിൽ വിശ്വസിക്കുന്നവർക്കു എന്നും നന്മ കൈവരുമെന്നും ഉപദേശിക്കുന്ന കഥയാണിത്. ഈ ഉപദേശം കഥയിലെ അവസാന സംഭവങ്ങളിലൂടെയാണ് തെളിയുന്നത്. "നന്ദിക്കും വിശ്വസ്തതയ്ക്കും ലോകത്തിൽ ഇന്നും സ്ഥാനമില്ലാതെയായിട്ടില്ല. നാളെ ഇക്കാര്യം അറിയാൻ ഇടവരുന്നവർ ആരെങ്കിലും നിന്നെ വിളിച്ച് ജോലിതരും. അമ്മ പറഞ്ഞത് നേരായിരുന്നു. പിറ്റേ ദിവസം സോമുവിന് സൂപ്പർമാർക്കറ്റിൽ ജോലി കിട്ടി (2019:88). ഇങ്ങനെ കഥയവസാനിക്കുമ്പോൾ കഥാസന്ദേശം തെളിവുറ്റതാകുന്നു.

7. സാരോപദേശമെന്നതു കുട്ടികളെ മാത്രം ഉദ്ദേശിച്ചെഴുതുന്നവയല്ല. പലതും മുതിർന്നവരെക്കൂടി ഉദ്ദേശിച്ചുള്ളതാണ്. ഇത്തരം കഥകളിലെ പ്രവൃത്തികൾ മുതിർന്നവരുടെതാണ്. 'പുതിയ അമ്മ' എന്ന കഥയിലെ പ്രവൃത്തികൾ മുതിർന്നവരുടെ പെരുമാറ്റത്തെ അവലോകനം ചെയ്യാൻ സഹായകമാകുന്നു. നന്നിമോളുടെ മാനസികഭാവങ്ങളിലൂടെ പോകുന്ന കഥ പ്രായമായവരുടെ പെരുമാറ്റത്തിലെ ശരിതെറ്റുകളെയാണു വിഷയമാക്കുന്നത്. അതുപോലെ തന്നെ 'കണ്ടപ്പനും കണ്ണമ്മയും' എന്ന കഥയിലെ സന്ദേശവും മുതിർന്നവരെ ഉദ്ദേശിച്ച് രചിച്ചതാണ്.

'ഒരു കുട പഴങ്ങൾ' എന്ന കഥാസമാഹാരത്തിലെ 'തറവാട്ടിലേക്ക് ഒരു വിവാഹം' എന്ന കഥയിൽ പരാമർശിക്കുന്ന വിവാഹജീവിതത്തേക്കുറിച്ചുള്ള ജീവിതാവബോധവും മുതിർന്നവർക്കാണു യോജിക്കുന്നത്. ഈ കഥാ സമാഹാരത്തിലെ 'ചെറിയൊരു സൗന്ദര്യ പിണക്കം', 'കുളത്തിലെ മീൻ', 'കുഞ്ഞിന്റെ കാലൻ', 'മുൻതലമുറകളുടെ സ്വഭാവം' എന്നീ കഥകൾ തുടർക്കഥകളായി വായിക്കേണ്ടതാണ്. ചെറിയ ചെറിയ സംഭവങ്ങളിലൂടെ അവതരിപ്പിക്കുന്ന ഈ കഥയിലെ പ്രവൃത്തികളെല്ലാം മുതിർന്നവരുടേതാണ്. പല പ്രവൃത്തികളും മുതിർന്നവർക്കു പരിഹാസത്തിന്റെ കൂരമ്പായിത്തീരുന്നു. 'ദാഹം' എന്ന കഥയിലെ അമ്മയുടെ പ്രവൃത്തികൾ മുതിർന്നവരെ ചിന്തിപ്പിക്കാൻ പ്രേരിപ്പിക്കുന്നതാണ്. കുട്ടികളുടെ നന്മയിലേക്കു നയിക്കേണ്ടത്

ഗൗരവമുള്ളതും കർശനമായതുമായ ഉപദേശങ്ങൾ കൊണ്ടും ഭയപ്പെടുത്തിയുമല്ലെന്ന മുതിർന്നവർക്കുള്ള സന്ദേശമാണ് ഈ കഥ.

8. മൃഗകഥകളിലെ പ്രവൃത്തികൾ കൈമാറ്റം ചെയ്യപ്പെടുന്ന സന്ദേശത്തിനു ബാലകഥകളിൽ വലിയ സ്ഥാനമാണ്. ജന്തുകഥകൾ മനുഷ്യസ്വഭാവത്തെ വിമർശിക്കുവാനോ മനസ്സിലാക്കുവാനോ ഉതകുന്നതായിരിക്കും. മനുഷ്യർക്കിടയിൽ ജീവിക്കുന്ന മൃഗങ്ങളെ കഥയിൽ അവതരിപ്പിച്ചുകൊണ്ടു മനുഷ്യപ്രവൃത്തികളെയും ജീവികളുടെ മനോവിചാരത്തെയും താരതമ്യം ചെയ്ത് അവതരിപ്പിക്കുന്നു. ഇത്തരം കഥകളിലെ സംഭവങ്ങളും പ്രവൃത്തികളും ചെയ്യുന്നതു മൃഗങ്ങളായിരിക്കും. മൃഗങ്ങളുടെ പ്രവൃത്തികളിലൂടെ മനുഷ്യർക്കുതകുന്ന ഉപദേശങ്ങൾ നൽകാനാണ് ഇത്തരം കഥകൾ ശ്രമിക്കുന്നത്. 'മൃഗങ്ങളുടെ ഗ്രാമം' എന്ന കഥയിൽ മൃഗങ്ങൾ മനുഷ്യരെപ്പോലെ സാമുദായിക ജീവിതം നയിക്കുവാനായി ഓരോ തൊഴിൽ സ്വീകരിക്കുന്നു. ആ മൃഗങ്ങൾ ചെയ്യുന്ന പ്രവൃത്തികളെ അവതരിപ്പിക്കുന്നതു മനുഷ്യന്റെ സാമൂഹിക ജീവിതവുമായി ബന്ധപ്പെടുത്താനാണ്. കഥാന്ത്യത്തിൽ മൃഗങ്ങൾക്ക് അവർ സ്വീകരിച്ച തൊഴിലിൽ തുടർന്നുപോകാൻ സാധിക്കാതെ വരുന്നു. അതിനുകാരണമാവട്ടെ മനുഷ്യരുടെ സ്വാർത്ഥ സ്വഭാവം മൃഗങ്ങൾക്കു വന്നുചേരുന്നതാണ്. മൃഗങ്ങൾക്കു വന്നു ചേരുന്ന ദുരന്തം മനുഷ്യർക്കുള്ള വിമർശനമായി മാറുന്നു.

9. അന്വേഷണാത്മകമായ കഥകളിലെ ക്രിയാസ്വഭാവത്തിന്റെ ഒരു സവിശേഷതയാണു യുക്തിപരത. യുക്ത്യധിഷ്ഠിതമായ ഇടപെടൽ മുഖേന കഥയിലെ രഹസ്യ സ്വഭാവം അയഞ്ഞില്ലാതാകുന്നതു പല കഥകളിലും കാണാനാകും. 'എട്ടുകുട്ടകം പൊന്ന്' എന്ന കഥയിലെ സംഭവങ്ങളുടെ പരിണാമം ഇത്തരത്തിലാണ്. ഈ കഥയിൽ കുട്ടികൾ നിധി കുഴിച്ചെടുക്കാൻ നോക്കുമ്പോൾ നിരവധി തടസ്സങ്ങൾ കാണുന്നുണ്ട്. എന്നാൽ ഈ തടസ്സങ്ങളെ അന്ധവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ വ്യാഖ്യാനിക്കുവാനുള്ള ശ്രമങ്ങളെ കിച്ചു യുക്തിഭദ്രതയോടെ തിരിച്ചറിയുന്നു. കരിങ്കുരങ്ങൻമാരെ കാണുന്നതു ഭൂതത്താൻമാരുടെ പണിയാണെന്ന് അനിയത്തി ഭയപ്പെടുമ്പോൾ ഈ ഭയത്തെ ഇല്ലാതാക്കുന്നതു യുക്ത്യധിഷ്ഠിതമായ മുത്തച്ഛന്റെ മറുപടിയാണ്. "മുൻപൊക്കെ കുറെ കരിങ്കുരങ്ങന്മാർ ഉണ്ടായിരുന്നു. ഈയിടെയായിട്ട് ഏറെ കാണാനില്ല ഉണ്ടായെന്നും വരാം രണ്ടോ മൂന്നോ എണ്ണം" (2000:16)എന്ന പ്രസ്താവന

സംഭവങ്ങളെ വാസ്തവികതയോടു ചേർത്തുവയ്ക്കുവാനുള്ള രചനാതന്ത്രമാണ്. അതു പോലെതന്നെ പാമ്പ്, കാക്ക, പൂച്ച എന്നിവയാൽ രൂപപ്പെടുന്ന ഭയം ഇല്ലാതാക്കുന്നത് യുക്തിഭദ്രമായ ഉത്തരങ്ങളാലാണ്.

10. വ്യത്യസ്തമായ പ്രവൃത്തികളുടെ ആവിഷ്കാരം അന്വേഷണാത്മകമായ കഥകളിൽ കാണാനാകും. 'മഞ്ചാടിക്കുരു' എന്ന കഥാസമാഹാരത്തിലെ 'കുറ്റവാളി' എന്ന കഥയിലെ കഥാപാത്രത്തിന്റെ പെരുമാറ്റങ്ങളും പ്രവൃത്തിയും കുറ്റം ചെയ്യാത്തവനാണെങ്കിലും കുറ്റം ചെയ്തവനാണെന്ന തോന്നൽ ഉണ്ടാക്കുമെന്നു കഥ വെളിപ്പെടുത്തുന്നു. ഒരാളുടെ പ്രവൃത്തികളാണ് അയാളുടെ സ്വഭാവം നിശ്ചയിക്കുന്നത്. കഥയിൽ കഥാപാത്രത്തെക്കുറിച്ച് സംശയങ്ങൾ ജനിക്കുന്നത് അയാളുടെ പ്രവൃത്തികളെ അടിസ്ഥാനമാക്കിയാണ്. ആ സംശയമാണ് കഥയ്ക്കു രഹസ്യസ്വഭാവം ജനിപ്പിക്കുന്നത്. "ഒരു കുറ്റവും ചെയ്തിട്ടില്ലെങ്കിലും കുറ്റം ചെയ്തമട്ടിലായിരുന്നു എന്റെ പെരുമാറ്റം. എന്നും ഇന്നും അതുതന്നെയായിരിക്കണം എന്റെ അപരാധം" (2021:99)എന്ന താടിക്കാരന്റെ വാക്കുകൾ പ്രവൃത്തികളെ കേന്ദ്രീകരിച്ചുള്ള ഗുണദോഷ പാഠമാകുന്നു.

കഥകളിലെ പ്രവൃത്തികൾക്കു യുക്തിഭദ്രമായ അടിത്തറ നിർമ്മിക്കുക യെന്നത് ബാലാഖ്യാനങ്ങളുടെ സ്വഭാവമാണ്. കഥാസംഭവങ്ങളുടെ യുക്തിയെ ക്കുറിച്ചുള്ള അന്വേഷണവും അന്വേഷണഫലവും കഥയിൽ വ്യത്യസ്തമായ വായനാനുഭവം നൽകുന്നു. 'നെയ്പ്പായസം' എന്ന കഥയിൽ ലതയുടെ പാഠപുസ്തകം കാണാതാവുമ്പോൾ മുത്തശ്ശി ഒരു മാർഗമെന്ന നിലയിൽ പറയുന്നത് "കുട്ടി നെയ്യുരുളിക്കാവിലെ ഭഗവതിക്ക് മുപ്പത്തിയാറ് നമസ്കാരം നേർന്നോളൂ. എന്നാൽ കിട്ടാതിരിക്കില്ല" (2019:11) എന്നാണ്. എന്നാൽ ഇതിനു മറുപടിയായി കുട്ടി പറയുന്നതു മുത്തശ്ശിയമ്മേ ഭഗവതിക്കു നെയ്പ്പായസം നേർന്നാൽ പോരെ എന്നാണ്. കാരണമായി അവൾ പറയുന്നത് നെയ്പ്പായസം നേർന്നാൽ പുസ്തകം ലഭിക്കുകയും പായസമുണ്ണുകയും ചെയ്യാമെന്നതാണ്. ഈ സംഭാഷണത്തിനൊടുവിൽ പുസ്തകം തിരികെ ലഭിക്കുകയും നെയ്പ്പായസ ത്തിന്റെ മാധുര്യം ഓർത്തുകൊണ്ടു ലത പുസ്തകം സഞ്ചിയിൽ വയ്ക്കുകയുമാണു ചെയ്തത്. ഇവിടെ വിശ്വാസവും യാഥാർത്ഥ്യവും ഇഷ്ടവും സമാന്തരമായല്ല ഒന്നിച്ചാണു സഞ്ചരിക്കുന്നത്. അന്ധവിശ്വാസത്തിലേക്കോ വിശ്വാസത്തി ലേക്കോ കഥ പൂർണ്ണമായും സഞ്ചരിക്കുന്നില്ല. എന്നാൽ നിത്യജീവിത

താൽപര്യങ്ങളോടും യഥാർത്ഥ സംഭവങ്ങളുടെ യുക്തിപരതയോടുമാണ കഥ ചേർന്നനിൽക്കുന്നത്. അലക്ഷ്യമായി വച്ച പുസ്തകം തിരികെ ലഭിക്കുന്നതു നേർച്ചയുടെ ഫലമായല്ല എന്ന വാസ്തവികത നിലനിൽക്കുകയും കുട്ടിയുടെ വിശ്വാസം താൽപ്പര്യങ്ങൾക്കനുസരിച്ച രൂപപ്പെടുന്ന ഒന്നാണെന്നും കഥയിലൂടെ വ്യക്തമാകുന്നു. എന്നാൽ കഥാ സന്ദർഭങ്ങളെ കഥാപാത്രങ്ങളുടെ മനോനിലക്കനുഗുണമായി ചിട്ടപ്പെടുത്തുന്ന രചനാരീതിയും ഉണ്ട്. കുട്ടികളുടെ മനോവ്യാപരങ്ങൾ നിരവധി ഘടകങ്ങളെ അനുസരിച്ചാണ് വർത്തിക്കുന്നത്. അവരുടെ വ്യാകുലതകൾ, ഒറ്റപ്പടലുകൾ, ഭയം തുടങ്ങി നിരവധി വികാരങ്ങൾ പ്രവൃത്തികൾക്കു നിദാനമായേക്കാം. 'ഓടിപ്പോക്ക്', 'ഒരു പിണക്കത്തിന്റെ ബാക്കിപത്രം' തുടങ്ങിയ കഥകളിൽ കുട്ടിയുടെ സഞ്ചാരവും പ്രവൃത്തികളും മനസ്സിന്റെ ചിന്തകൾക്കനുസരിച്ചാണ രൂപപ്പെടുന്നത്.

ഓരോ കഥയേയും ആദിമധ്യാന്തപൊരുത്തത്തോടെ നിലനിർത്തുന്നതിൽ ക്രിയൈക്യം വലിയ പങ്കുവഹിക്കുന്നു. ആകാംക്ഷാ ഭരിതമായ സംഭവങ്ങളിലൂടെകഥ മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുന്നത് ഇതു മൂലമാണ്. ആകാംക്ഷ മാത്രമല്ല കരുണാമയമായ സംഭവങ്ങളെയും മികച്ച വായനാനുഭവമാക്കിത്തീർക്കുന്നത് ഈ ആഖ്യാനരീതികൊണ്ടാണ്. 'നെയ്പ്പായസം' എന്ന കഥാസമാഹാരത്തിലെ 'പൂമ്പട്ടും കരിങ്കല്ലും' എന്ന കഥയിൽ നാലുവസ്സുകാരി വീട്ടുമുറ്റത്ത് നിന്ന ലോറിയിലെ ആടിനെകണ്ടു മോഹിച്ച ലോറിയിൽ കയറുകയും പിന്നീട് അഞ്ചു കൊല്ലം ലോറിഡ്രൈവറുടെ വീട്ടിൽ ദുരിതമനുഭവിക്കുകയും ചെയ്യുന്നു. ആ നാലു വയുസ്സുകാരി അനുഭവിക്കുന്ന ജീവിത ദുരിതങ്ങൾകഥയിൽ അവതരിപ്പിക്കുന്നത് തുടർച്ചയായ സംഭവങ്ങളിലൂടെയാണ്. ഈ സംഭവങ്ങൾ ഒറ്റയൊറ്റയായി ആവിഷ്കരിക്കുകയല്ല മറിച്ച് ഒന്നിനൊന്നോടു ചേർന്നനിൽക്കുകയാണ ചെയ്യുന്നത്. കഥയിലെ ഈ ക്രിയൈക്യമാണ കഥയിലെ ശോക കരുണ രസങ്ങളെ കൂടുതൽ ഭാവാത്മകമാക്കുന്നത്.

## 02.05. കഥാപാത്രങ്ങളും സംഭാഷണങ്ങളും

### 02.05.01. കഥാപാത്രങ്ങൾ

ബാലകഥകളുടെ ധർമ്മത്തെ പരിപൂർണ്ണമായി പ്രകാശിപ്പിക്കുന്നതിൽ കഥാപാത്രങ്ങൾക്കു വലിയ പങ്കുണ്ട്. ഓരോ കഥയ്ക്കും അനുയോജ്യമായ

രീതിയിലുള്ള കഥാപാത്രങ്ങളാണ് സുമംഗലയുടെ കഥകളിൽ കാണുന്നത്. കഥാപാത്രങ്ങൾ സംഭവങ്ങളോടും സംഭാഷണങ്ങളോടും ബന്ധപ്പെട്ടാണു നിൽക്കുന്നത്. അതുകൊണ്ടുതന്നെ കഥാപാത്രങ്ങളെ കഥാസന്ദർഭങ്ങളുമായും സംഭാഷണവുമായും ബന്ധപ്പെടുത്തി നിർത്തിയുള്ള അവലോകനങ്ങൾ ആഖ്യാനപഠനത്തിൽ പ്രധാനമാണ്. ഓരോ കഥയെയും വ്യത്യസ്തമാക്കുന്നതും കഥാലക്ഷ്യത്തെ പൂർത്തീകരിക്കുന്നതും കഥാപാത്രങ്ങളാണ്. ഇത്തരം ഘടകങ്ങളെ കേന്ദ്രീകരിച്ചാണു കഥാപാത്രങ്ങളുടെ സൂക്ഷ്മാവലോകനം സാധ്യമാക്കേണ്ടത്.

ഓരോ കഥയിലും ഓരോ കഥപറച്ചിൽ രീതി ഉണ്ടായിരിക്കും. കഥയിലെ ആഖ്യാനവിഷയം കഥാപാത്രമാകുമ്പോൾ ആ കഥാപാത്രമാകാം കഥ പറയുന്നത്. ആ കഥയിലും കഥാപാത്രങ്ങൾ ഉണ്ടാകാം. ആ കഥാപാത്രവും അങ്ങനെ ആഖ്യാന വിഷയമാകാം. ഇത്തരത്തിൽ ഒരു ആഖ്യാനശൃംഖലതന്നെ നിർമ്മിക്കപ്പെടുന്നു. ഇത്തരത്തിൽ നിർമ്മിക്കുന്ന ഈ ശൃംഖലയ്ക്കു പുറത്തു നിന്നാണു ആഖ്യാതാവു തന്റെ ആഖ്യാനം നിർവഹിക്കുന്നത്. ഇത്തരത്തിൽ ആഖ്യാനശൃംഖലയ്ക്കു പുറത്തുനിന്നും ആഖ്യാനം നടത്തുന്ന തലത്തെ 'ബാഹ്യാഖ്യാനതല'മെന്ന് ജെറാൾഡ് ഴെനറ്റ് (Gerard Genette) വിളിക്കുന്നു. ആഖ്യാനത്തിലെ കാല്പനിക കഥാപാത്രങ്ങൾ കഥപറയാൻ തുടങ്ങുമ്പോൾ മറ്റൊരു ആഖ്യാനതലമാണ് പ്രത്യക്ഷപ്പെടുന്നത്. നിമ്നാഖ്യാനതലമാണ് അപ്പോൾ ദൃശ്യമാകുന്നതെന്നാണ് ഡി രാധാകൃഷ്ണൻ നായർ വിശദമാക്കുന്നത് (2000:114). ഇത്തരം ആഖ്യാനങ്ങൾ സൃഷ്ടിക്കപ്പെടുന്നതിൽ കഥാപാത്ര ധർമ്മങ്ങൾക്കു വലിയ പങ്കുണ്ട്. ആശയസംവേദനത്തിലും സംഭാഷണത്തിലും സന്ദർഭത്തിലും ഭാഗമാകുന്ന കഥാപാത്രങ്ങളെ ഓരോ കഥയിലും വ്യത്യസ്ത ഭാവത്തോടെ കാണാൻസാധിക്കും. സുമംഗലയുടെ കഥാപാത്രങ്ങളെ ഈ രീതിയിൽ അപഗ്രഥിക്കാം. സുമംഗലയുടെ കഥകളിലെ കഥാപാത്രങ്ങൾ ഓരോ കഥയിലും കടന്നുവരുന്നതു വ്യത്യസ്തങ്ങളായ സാഹചര്യങ്ങളിലൂടെയാണ്. കഥയിലെ പ്രാധാന്യവും ആഖ്യാനലക്ഷ്യവും അടിസ്ഥാനമാക്കിയാണ് ഇവ രൂപപ്പെടുന്നത്. സുമംഗലയുടെ കഥാപാത്രചിത്രീകരണങ്ങളിലെ ആഖ്യാന രീതികളെ ഇത്തരത്തിൽ ക്രോഡീകരിക്കാം

1. കഥാപാത്രത്തെ പരിചയപ്പെടുത്തിക്കൊണ്ട് ആഖ്യാനം ആരംഭിക്കുന്ന രീതി

2. കഥാപാത്രപ്രായത്തെ അടിസ്ഥാന ഘടകമാക്കുന്ന രീതി

3. സംഭവങ്ങളുടെ അടിസ്ഥാനത്തിലുള്ള കഥാപാത്ര ചിത്രീകരണം.

4. ഒന്നിലധികം കഥകളിൽ പ്രത്യക്ഷപ്പെടുന്ന സമാനകഥാപാത്രങ്ങൾ.

5. കഥാപാത്രനാമങ്ങൾ കഥയുടെ കേന്ദ്രമാകുന്ന ആഖ്യാനരീതി.

6. കഥാപാത്ര രൂപത്തോടു ചേർന്നുനിൽക്കുന്ന കഥാനാമങ്ങൾ

7. സമൂഹത്തിലെ സൗന്ദര്യസങ്കൽപ്പങ്ങൾക്ക് അനുസരിച്ചുള്ള കഥാപാത്രങ്ങൾ.

8. കഥാപാത്രത്തിലൂടെയുള്ള ആഖ്യാതാവിന്റെ ഇടപെടൽ.

9. നരരൂപാദാനം

1.കഥാപാത്രത്തെ പരിചയപ്പെടുത്തിക്കൊണ്ടു കഥപറച്ചിൽ ആരംഭിക്കുന്ന രീതി സുമംഗലയുടെ കഥകളുടെ ഒരു പ്രധാന ആഖ്യാനതന്ത്രമാണ്. 'മിഠായിപ്പൊതി' എന്ന സമാഹാരത്തിലെ 'പാമ്പും പാലും' എന്ന കഥ ആരംഭിക്കുന്നതു "ഒരു ഇല്ലത്ത് ഒരു നമ്പൂതിരിയും അദ്ദേഹത്തിന്റെ ഭാര്യയും രണ്ടു മക്കളും ഉണ്ടായിരുന്നു" (2020:134)എന്നാണ്. സമാനരീതിയിൽ കഥാപാത്രങ്ങളെ കഥാരംഭത്തിൽ തന്നെ അവതരിപ്പിക്കുന്ന നിരവധി കഥകൾ സുമംഗല രചിച്ചിട്ടുണ്ട്. 'അപ്പമരം', 'നായരും പുലിയും', 'ഉണ്ടനും ഉണ്ടിയും' എന്നിവയിലെല്ലാം ഈ ആഖ്യാനരീതി കാണാൻ സാധിക്കും.

2. ഓരോ പ്രായക്കാരെയും അടിസ്ഥാനമാക്കി ബാലസാഹിത്യത്തെ തരംതിരിക്കാം. ഈ വിഭജനത്തിൽ പ്രമേയാവതരണം, കഥാപാത്രം എന്നിവ പ്രധാന ഘടകങ്ങളാണ്. എന്നാൽ കഥകളിലവതരിപ്പിക്കുന്ന കഥാപാത്ര ങ്ങളുടെ പ്രായത്തെ വ്യക്തമാക്കിക്കൊണ്ടു കഥാപാത്രത്തെ പരിചയപ്പെടുത്തുന്ന രീതി സുമംഗലയുടെ 'ഒരു കുട പഴങ്ങൾ' എന്ന കഥാസമാഹാരത്തിലെ കഥകളിൽ കാണാം. 'ഒരു പിടികടുക്' എന്ന കഥ ആരംഭിക്കുന്നത് ഇങ്ങനെയാണ്, "കുട്ടിക്ക് അഞ്ച് വയസ്സ് പ്രായമായിരുന്നു. മലയാളം കുട്ടിവായിക്കാനും എഴുതാനും മാത്രമല്ല ഇംഗ്ലീഷ് അക്ഷരമാലയും അറിയാമായിരുന്നു. കണ്ടതെല്ലാം വായിക്കുന്ന ശീലമുണ്ടായിരുന്ന അവൾക്കു കഥകളോടു വലിയ ഭ്രമമായിരുന്നു" (1998:48) എന്നാണ്. അതുപോലെ "എഴുവയസ്സായ കുട്ടിക്ക് ഒരു കൂട്ടുകാരിയുണ്ടായിരുന്നു. ഹിമവാന്റെ മകളും

ശിവന്റെ പത്നിയുമായി പുരാണങ്ങളിൽ വർണ്ണിച്ചിട്ടുള്ള ഒരു പുണ്യ നദിയുടെ പേരായിരുന്നു കൂട്ടുകാരിക്ക്" (1998:36) ഇങ്ങനെയാരംഭിക്കുന്ന 'കൂട്ടുകാരി' എന്ന കഥയിൽ പല ഘട്ടങ്ങളിൽ കുട്ടിയുടെ പ്രായത്തെ പ്രാധാന്യത്തോടെ എടുത്തു കാണിക്കുന്നുണ്ട്. സംഭാഷണങ്ങൾക്കിടയിലുള്ള അവ്യക്തത ഇല്ലാതാക്കാനും കഥാപാത്രങ്ങളുടെ മനോമണ്ഡലത്തെ മനസ്സിലാക്കാനും ഇത്തരം പ്രായനിർണയം സഹായകമാകുന്നു. 'വിട്ടയയ്ക്കുക കൂട്ടിൽനിന്നെന്നെ' എന്ന കഥയിലെ ഒരു വാചകം ഇങ്ങനെയാണ്, "കുട്ടിക്ക് പതിനാല് വയസ്സ് പ്രായമായിരുന്നു. പത്താം ക്ലാസ്സ് ജയിച്ച് കോളേജിൽ ചേരാനുള്ള പ്രായം തികയാതെ ഗൃഹത്തിൽ സംസ്കൃത പഠനവും ഇംഗ്ലീഷ് പഠനവും പുസ്തക വായനയും കളിയും ചിരിയുമായി അല്ലലില്ലാതെ കഴിയുന്ന കാലം. കുട്ടിക്കു ധാരാളം കൂട്ടുകാരുണ്ടായിരുന്നു. ആൺകുട്ടികളും പെൺകുട്ടികളും അവളെ ആരാധിച്ചിരുന്നു. സ്ത്രീപുരുഷ ബന്ധത്തെക്കുറിച്ച് നിഷ്കളങ്കമായ സങ്കല്പം മാത്രമുണ്ടായിരുന്ന അവൾ ആൺകുട്ടികളും പെൺകുട്ടികളുമായുള്ള സ്നേഹ ബന്ധത്തിൽ ഒരു വ്യത്യാസവും ദർശിച്ചില്ല" (1998:42). ഇതിലെ പ്രായ പ്രസ്താവന ഒരു പ്രായത്തിലെ കുട്ടികളുടെ പൊതുസ്വഭാവവും കഥാപാത്രത്തിന്റെ സൂക്ഷ്മസ്വഭാവവും നിരീക്ഷിക്കുന്ന ആഖ്യാനോപാദിയാകുന്നു. 'മഞ്ചാടിപ്പരിപ്പ്' എന്ന കഥയിൽ കുട്ടിയെ അവതരിപ്പിക്കുന്ന രീതി "ഏഴ് വയസ്സായ കുട്ടി സുന്ദരിയായിരുന്നില്ല"(1998:51) എന്നാണ്. ഇങ്ങനെ പ്രായത്തെയും സൗന്ദര്യത്തെയും പരാമർശിച്ചുകൊണ്ടു കഥയാരംഭിക്കുന്നത് ജീവിതത്തെ ക്കുറിച്ചുള്ള ഗൗരവമാർന്ന ആശയങ്ങൾ നൽകാനുള്ള രചനാതന്ത്രമാണ്.

3. സംഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള കഥാപാത്രാവതരണം ബാലാഖ്യാനത്തിൽ സാധാരണമാണ്. 'കുറിഞ്ഞിയും കൂട്ടുകാരും' എന്ന കഥാസമാഹാരത്തിലെ 'കുറിഞ്ഞിയുടെ ഒരു ദിവസം', 'ചെമ്പനും ജോളിയും', 'പൂവാലനും മുറിവാലനും', 'കുറുമ്പനൊരു കൂട്ടുകാരി' എന്നീ കഥകളെല്ലാം സംഭവത്തെ പ്രതിനിധീകരിച്ച് എഴുതിയ കഥകളാണ്. കഥാപാത്രത്തേക്കാൾ സംഭവങ്ങൾക്കാണ് ഈ കഥകളിൽ പ്രാധാന്യം. ഓരോ പ്രവൃത്തികൾക്കും പ്രതിപ്രവൃത്തികൾക്കും വ്യക്തിപരമായ കാര്യകാരണങ്ങൾ ഉണ്ടാകുമെന്നു വ്യക്തമാക്കാനാണ് ഈ സംഭവങ്ങൾ ശ്രമിക്കുന്നത്. കേന്ദ്രകഥാപാത്രങ്ങൾ ചെയ്യുന്ന പ്രവൃത്തികൾ സഹകഥാപാത്രങ്ങളുമായും അവരുടെ പ്രവൃത്തികളുമായും

ചേർന്ന നിൽക്കുമ്പോഴാണ് ആഖ്യാനം പൂർണമാകുന്നത്. സംഭവങ്ങൾക്ക പ്രാധാന്യം കൊടുത്തുകൊണ്ടുള്ള 'പോക്കണം കെട്ട പോക്കുകൾ' എന്ന കഥാ സമാഹാരത്തിലെ കഥാപാത്രങ്ങളെ ഇത്തരത്തിലാണ മനസ്സിലാക്കേണ്ടത്. ഓരോ കഥയിലേയും കഥാപാത്രം കഥയിലേക്ക പ്രവേശിക്കുന്നത് ഒരു പ്രവൃത്തി ചെയ്തുകൊണ്ടാണ്. "വീണേടത്തിയുടെയും വിനുവേട്ടന്റെയും മാത്രം അച്ഛനെയും അമ്മയെയുമാണ് താൻ അച്ഛനെന്നും അമ്മയെന്നും വിളിച്ചിരുന്നതെന്ന് മനസ്സിലായപ്പോൾ മനു ആകെ പതറിപ്പോയി. അവൻ ഓടിച്ചെന്നു അമ്മൂമ്മയുടെ മടിയിൽ വീണ് നിശ്ശബ്ദം കരഞ്ഞു" (2005:9)എന്നു പറഞ്ഞുകൊണ്ടാണ 'ഇറങ്ങിപ്പോക്ക്' എന്ന കഥ ആരംഭിക്കുന്നത്. "സജ്ജു വീട്ടിൽ നിന്നും പുറപ്പെട്ടുപോകാൻ അന്നു വിശേഷിച്ചൊരു കാരണമുണ്ടായി" (2005:23) എന്നാണ 'ഓടിപ്പോക്കി'ലെ സജ്ജുവിന്റെ യാത്രയെ അവതരിപ്പിക്കുന്നത്. 'വിരുന്നുപോക്ക്' എന്ന കഥയിലെ പ്രധാന കഥാപാത്രങ്ങൾ രോഹിണിയും ഗായത്രിയുമാണ്. രോഹിണിയുടെ വീട്ടിൽ വിരുന്നുപോകേണ്ട ഒരു ആവശ്യവുമുണ്ടായിരുന്നില്ല ഗായത്രിക്ക്" (2005:48)എന്ന ഒറ്റ വാക്യത്തിലൂടെ ഈ രണ്ടു കഥാപാത്രങ്ങളെയും വിരുന്നു പോക്കിലുണ്ടായ ഒരുപാടു സംഭവങ്ങളെയും കഥയിൽ അടുക്കിയവതരിപ്പിക്കുന്നു. ഇത്തരത്തിൽ കഥാപാത്രങ്ങളും സംഭവങ്ങളും തമ്മിലുള്ള സ്വഭാവൈക്യം കഥകളുടെ ആഖ്യാനതന്ത്രമായി പ്രവർത്തിക്കുന്നു.

4. കഥാപാത്രാവതരണത്തിലെ മറ്റൊരു രീതിയാണ് ഒരേ കഥാപാത്രത്തെ മുൻനിർത്തി നിരവധി കഥകൾ രചിക്കുക എന്നത്. 'കുറിഞ്ഞിയും കൂട്ടുകാരും' എന്നകഥാസമാഹാരത്തിലെയും 'മിഠായിപ്പൊതി' എന്ന കഥാസമാഹാരത്തിലെയും കഥകൾ ഇതിനുദാഹരണമാണ്. കഥാപാത്രാവതരണത്തിലെ കഥാവായനയെ ത്വരിതപ്പെടുത്താൻ ഇത്തരം രചനാരീതി ഫലപ്രദമാണ്. മൃഗകഥകളവതരിപ്പിക്കുമ്പോൾ മനുഷ്യ സമൂഹവുമായുള്ള ഒരു മാനസികൈക്യം സാധ്യമാക്കുന്നതിനും ഈ രചനാരീതി ഉപയോഗിക്കുന്നുണ്ട്. ഇങ്ങനെയുള്ള കഥാപാത്രപരിചയം കുട്ടികളുടെ കഥാവായനയെ പലതരത്തിൽ സഹായിക്കുന്നു. ഒരു കഥ നൽകിയ വായനാനുഭവം പുതുവായനകളിലേക്ക കുട്ടികളെ നയിക്കും. ആകാംക്ഷ നിലനിർത്തിക്കൊണ്ടുള്ള വായനയും ഈ രീതി സാധ്യമാക്കുന്നുണ്ട്.

5. കഥാപാത്രനാമങ്ങൾക്കു കഥയെ സ്വാധീനിക്കുന്ന ഘടകമാകാൻ സാധിക്കും. 'ഒരു കുരങ്ങൻ കഥ' എന്ന നോവലിലെ കഥാപാത്രനാമങ്ങൾ ഈ വസ്തുത ബോധ്യപ്പെടുത്തുന്നു. കഥാനായകനായ ചുണക്കുട്ടനായ കുട്ടിക്കുരങ്ങന്റെ പേരു സുഗ്രീവൻ എന്നാണ്. വൃദ്ധനായ കുരങ്ങനു അംഗതനെന്നും പേരു നൽകിയിരിക്കുന്നു. ഇതു കൂടാതെ സഹകഥാപാത്രങ്ങൾക്കു സുഷേണൻ, മൈന്ദൻ, നളൻ, ഗവയൻ, ശരഭൻ, സുമുഖൻ, രുമ, സുമുഖി എന്നിങ്ങനെ പുരാണത്തിൽ നിന്നാണു പേരുകൾ സ്വീകരിച്ചിരിക്കുന്നത്. പുരാണ കഥാപാത്രങ്ങളുമായി നേരിട്ടു കഥയ്ക്കു ബന്ധമൊന്നും ഇല്ലെങ്കിലും പുരാണ കഥാപാത്രസ്വഭാവം കഥയിലെ കഥാപാത്രങ്ങളുമായി കുട്ടി വായിക്കുവാനോ ചിന്തിക്കുവാനോ ഉള്ള സാധ്യത കഥയിൽ അടങ്ങിയിട്ടുണ്ട്.

6. രൂപസാദൃശ്യത്തോടു ചേർന്നു നിൽക്കുന്ന കഥാപാത്രനാമങ്ങൾ ഉപയോഗിക്കുവാൻ ബാലസാഹിത്യകാരന്മാർ ശ്രദ്ധിക്കാറുണ്ട്. രോമശ്ശൻ എന്ന കരടിയും, വെള്ളമ്മ എന്ന വെളുത്ത പശുവും, കൂനൻ കുട്ടി എന്ന ഒട്ടകവും ഇത്തരത്തിൽ രൂപത്തിനനുസരിച്ച പേരുകളുള്ളവയാണ്. 'കുട്ടനും പിശാചും' എന്ന കഥയിലെ പിശാചുക്കളുടെ പേരും രൂപസാദൃശ്യത്തിനനുസരിച്ച നിർമ്മിച്ചതാണ്. ഇഡ്ഡലിക്കണ്ണൻ, ദോശനാക്കൻ, പഴപ്പല്ലൻ, തക്കാളിമൂക്കൻ തുടങ്ങിയ ധാരാളം പേരുകൾ ഇത്തരത്തിൽ വായിക്കാവുന്നതാണ്. കുട്ടികളിൽ കഥാപാത്രങ്ങൾ മനസ്സിൽ കൂടുതൽ പതിയാനും കഥാപാത്രരൂപം ഭാവനയിൽ കാണാനും ഇത്തരം കഥാനാമങ്ങൾക്കു സാധിക്കുന്നു. കുട്ടികളുടെ സാമാന്യ പരിചയലോകത്തുനിന്നാണ് ഈ രൂപകങ്ങളെ കണ്ടെത്തുന്നത്. ഇവ ചെറുനർമ്മത്തിലൂടെ അസ്വാഭാവികത സൃഷ്ടിക്കുന്നു.

7. സമൂഹത്തിലെ സൗന്ദര്യസങ്കല്പങ്ങളെ ആധാരമാക്കി കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന രീതി സുമംഗലയുടെ കഥകളിൽ പലപ്പോഴും കണ്ടെത്താനാകും. 'പുതിയ അമ്മ' എന്ന കഥയിലെ പുതിയ അമ്മയെക്കുറിച്ച കുട്ടിയുടെ ആദ്യകാഴ്ചപ്പാട് അവതരിപ്പിക്കുന്നതിങ്ങനെയാണ്, "മുല്ലപ്പൂമൊട്ടു പോലുള്ള ചെറിയ പല്ലുകൾ, എന്നാൽ അവയ്ക്കു വെളുപ്പില്ല. ഒരുതരം മഞ്ഞ നിറം. ചിരികാണാൻ ഒരു ഭംഗിയുമില്ല. മുടി കഴുത്തിനൊപ്പംവെച്ചു മുറിച്ചിരിക്കുകയാണ്. ചെമ്പിച്ച തലമുടി എണ്ണമയമില്ലാത്ത വൃത്തികെട്ട ഒരു മഞ്ഞ നിറമായി തീർന്നിട്ടുണ്ട്. വലിയ കണ്ണുകൾ, കൂർത്തമൂക്ക്, വലിയവായ, വെളുത്ത

ശരീരമാണെങ്കിലും അതിലും മഞ്ഞയാണ് മുമ്പിട്ട് നിൽക്കുന്നത്. എല്ലാം കൂടി ഒരു മഞ്ഞ അമ്മ" (2004:29). ഇങ്ങനെ ഒരു പ്രസ്താവനയിലൂടെ അവതരിപ്പിച്ച കഥാപാത്രത്തെ കഥാന്ത്യത്തിൽ വൈയക്തിക ഭാവമണ്ഡലത്തിലൂടെ തിരുത്തി കാണിക്കുന്നുണ്ട്. വ്യക്തി സ്വഭാവത്തെ കുറിച്ചുള്ള മുൻധാരണകളെ പുനർചിന്തക്കു വിധേയമാക്കാൻ ഇത്തരം കഥകൾക്കു സാധിക്കുന്നു. തെറ്റിൽ നിന്നും ശരിയിലേക്കു നയിക്കുവാനുള്ള ഒരു മാർഗമായി ഇത്തരം രചനാരീതിയെ കാണേണ്ടതാണ്. 'വിട്ടയക്കുക കൂട്ടിൽ നിന്നെന്നെ' എന്ന കഥയിലെ പെൺകുട്ടിയെ പരിചയപ്പെടുത്തുന്നതിങ്ങനെയാണ് "കുട്ടി സുന്ദരിയായിരുന്നില്ല, നന്നേ വെളുത്തുമെലിഞ്ഞ് നീണ്ട് അകത്തോട്ടൊരൽപ്പം വളവുള്ള ശരീരപ്രകൃതിയും സമൃദ്ധമെങ്കിലും ചെമ്പിച്ച് ചുരുണ്ട് ചീകിയാലൊതുങ്ങാത്ത തലമുടിയും ഇടതൂർമ്മയില്ലാത്ത പുരികവും കറുപ്പുകുറഞ്ഞ ചെറിയ കണ്ണുകളും നിരപ്പൊക്കാത്ത പല്ലുകളും മാധുര്യമില്ലാത്ത ശബ്ദവും അവളുടെ സൗന്ദര്യത്തിലെ കരടുകളായിരുന്നു. എന്നാൽ താരുണ്യാരംഭത്തിലെ ഒരു തരം രമ്യത ഈ കുറവുകളെയെല്ലാം നികത്തിയിരിക്കണം. അവളുടെ കൂട്ടുകാർ അവളെ ആരാധിച്ചുപോന്നതിനു കാരണവും അതായിരിക്കണം. അവരെക്കാൾ ആഭിജാതവും സമ്പന്നവുമായ പ്രഭു കുടുംബത്തിലെ സീമന്ത സന്താനമാണ് അവളെന്നതും ഒരു പക്ഷേ ആ ആരാധനക്കു മാറ്റ് കൂട്ടിയേക്കാം" (1998:51). ഇത്തരത്തിൽ കഥാപാത്ര വർണ്ണനകളിൽ സമൂഹത്തിലെ സൗന്ദര്യസങ്കല്പവും സമുദായസ്ഥാനവും എങ്ങനെ അധികാര ചിഹ്നമായി ആഖ്യാനങ്ങളിൽ പ്രകടമാകുന്നുവെന്നു വ്യക്തമാണ്. സമൂഹവും ഭാഷയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പഠനം നടത്തുന്ന മേഖലയാണ് സാമൂഹിക ഭാഷാശാസ്ത്രം. ഈ പഠനമേഖയിലുള്ള പഠനങ്ങൾ സമ്പത്ത്, പ്രായം എന്നിവ ജാതിയേക്കാൾ പ്രാധാന്യം അർഹിക്കുന്ന ഉന്നതശ്രേണീകരണ നിയാമക ഘടകങ്ങളാണെന്നു പി എം ഗിരീഷ് കണ്ടെത്തിയിട്ടുണ്ട് (2017:27). ഇതനുസരിച്ച ഭാഷയിലെ സാമൂഹികാവസ്ഥയും അധികാരഘടനയും മാറുന്നുവെന്നു വ്യക്തമാകുന്നു. താരുണ്യാരംഭമെന്ന പ്രായസൂചനയും ആഭിജാതയും സമ്പന്നയുമെന്ന സാമ്പത്തിക സൂചനയും കഥയിൽ വ്യക്തമാക്കുമ്പോൾ ഭാഷയിലെ അധികാര ചിഹ്നനമാണു തെളിയുന്നത്. കഥാനാമത്തിലും സാമൂഹിക അധികാരത്തിന്റെ പ്രതിഫലനം കാണാം. 'തമ്പുരാട്ടിയുടെ ചിരി' എന്നതിലെ തമ്പുരാട്ടി എന്ന പ്രയോഗം സാമൂഹിക

ചലനാത്മകതയുടെ അധികാര ചിഹ്നങ്ങളായ വീൺചാർച്ചപ്പേരുകളുടെ അടയാളമാകുന്നു.

8. കഥാപാത്രവും കഥാകൃത്തും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ആഖ്യാന ശാസ്ത്രത്തിൽ പലതരത്തിൽ ചർച്ചചെയ്തിട്ടുണ്ട്. കഥയിൽ ആഖ്യാതാവിന്റെ ഇടപെടൽ എവിടെയെല്ലാം ദൃശ്യമാണ് എന്നതാണ് ഇത്തരം പഠനങ്ങൾ അന്വേഷിക്കുന്നത്. ഒരു കഥപറച്ചിലിൽ കഥാപാത്രത്തെ കഥയിൽ എങ്ങനെയെല്ലാം വ്യത്യസ്തമായി അവതരിപ്പിക്കാമെന്നത് ആഖ്യാതാവിന്റെ താൽപ്പര്യമാണ്. 'ഞാൻ' എന്ന് അഭിസംബോധന ചെയ്യുന്ന കഥകൾ സുമംഗല രചിച്ചിട്ടില്ല. പക്ഷേ താൻ സ്വയം കഥാപാത്രമായി രൂപപ്പെടുന്ന ചില രചനകളുണ്ട്. 'ഒരു കുടപ്പഴങ്ങൾ' എന്ന കഥാസമാഹാരത്തിലെ 'പലഹാരക്കാരി' എന്ന കഥയിൽ പലഹാരം വിൽക്കുന്ന സ്ത്രീയുടെ അരികിൽ ചെന്ന് പലഹാരം വേണമെന്ന് പറയാൻ ധൈര്യമില്ലാതെ പോയ കുട്ടിയുടെ അനുഭവമാണു വിവരിച്ചിരിക്കുന്നത്. കുട്ടി എന്നു കഥയിൽ അഭിസംബോധന ചെയ്ത കഥാപാത്രത്തെ കഥാന്ത്യത്തിൽ കഥാകാരി പറയുന്ന ഒരു വാക്യത്തിലൂടെ വെളിപ്പെടുത്തുന്നത് "അധൈര്യം കൊണ്ട് ജീവിതത്തിൽ പലതും നേടാനാവതെ പോയ ആ കുട്ടി ഞാനായിരുന്നു" (1998:42) ഇതിലൂടെ കഥാപാത്രം നേരിട്ട് വായനക്കാരുമായി സംവദിക്കുകയും കഥാകൃത്ത് കഥാപാത്രവുമായി താദാത്മ്യം പ്രാപിക്കുകയുമാണ്. മാധ്യമതാ സിദ്ധാന്തമനുസരിച്ച് കഥാപാത്രം മറ്റു കഥാപാത്രങ്ങളുമായി ബന്ധം സ്ഥാപിക്കുന്നതിനു സമാന്തരമായി നേരിട്ട് വായനക്കാരുമായും ബന്ധം പുലർത്തും. 'പലഹാരക്കാരി'യിലെ കുട്ടിയെ ഇങ്ങനെ മാധ്യമതാ സിദ്ധാന്തമനുസരിച്ച് മനസ്സിലാക്കാവുന്നതാണ്. ഇതേ ശൈലിയിൽ വായിക്കാവുന്ന മറ്റൊരു കഥയാണ് 'മുത്തുസഞ്ചി' എന്ന കഥാസമാഹാരത്തിലെ 'ഒരു വാലിന്റെ ഓർമ്മ'. സ്വാതന്ത്ര്യത്തെക്കുറിച്ച് പ്രസംഗിച്ചെങ്കിലും മുതിർന്നവർക്കു മുൻപിൽ കൈയ്യടി കിട്ടാതെ നിരാശയായി പോയ കുട്ടിയുടെ കഥയാണത്. "സദസ്സ് പ്രതീക്ഷിക്കാത്ത തരത്തിൽ പ്രസംഗിച്ച് കൈയ്യടി കിട്ടാതെ നിരാശപ്പെട്ടുകൊണ്ടാണ് അവൾ മിക്കപ്പോഴും വേദിയിൽ നിന്നു പിൻവാങ്ങാറുള്ളതും", "ആ കുട്ടി ഞാനായിരുന്നു" (1979:77) എന്ന് പറയുമ്പോഴും കഥാപാത്രം നേരിട്ടു വായനക്കാരുമായി സംവദിക്കുന്നു.

9. നരരൂപാദാനരീതിയിലൂടെ സുമംഗലയുടെ മൃഗകഥാപാത്രങ്ങളെ വിശകലനം ചെയ്യാൻ സാധിക്കും. മൃഗകഥാപാത്രങ്ങൾ മനുഷ്യരെപ്പോലെ വസ്ത്രം ധരിച്ച് സംസാരിച്ച് നരരൂപത്തെ ആദാനം ചെയ്യുന്ന ഈ സങ്കല്പനം സുമംഗലയുടെ 'മിഠായിപ്പൊതി'യിലെ ചില കഥകളിലും 'ഒരു കുരങ്ങൻ കഥ' എന്ന നോവലിലും കാണാം. 'മൃഗങ്ങളുടെ ഗ്രാമം' എന്ന കഥയിൽ വസ്ത്രം ധരിച്ച് വരുന്ന കഥാപാത്രങ്ങളെ ചിത്രസഹിതം കഥയിൽ അവതരിപ്പിക്കുന്നു. കഥാപാത്രങ്ങൾ വസ്ത്രംധരിക്കുന്നുവെന്ന ബോധം അലക്കുകാരനായ നരയൻ കഴുതയുടെ സംഭാഷണത്തിലൂടെ ജനിപ്പിക്കുന്നു. ഇത്തരത്തിൽ മനുഷ്യരെപ്പോലെ മനുഷ്യസ്വഭാവം അടങ്ങിയ മൃഗങ്ങളെന്ന നിലയിലാണു കഥാപാത്രങ്ങളെ എഴുത്തുകാരി രൂപപ്പെടുത്തിയിരിക്കുന്നത്.

'പൂവാലന്റെ വയറ്റിൽ വേദന' എന്ന കഥയിൽ തുടർസംഭവങ്ങളിലൂടെയാണ് കഥ മുന്നോട്ടു പോകുന്നത്. ഓരോ സംഭവങ്ങളിലും വ്യത്യസ്തമായ കഥാപാത്രങ്ങളുടെ അനുഭവവും സ്വഭാവവും വ്യക്തമാകുന്നു. എന്നാൽ ആത്യന്തികമായി ഈ സംഭവങ്ങളുടെയെല്ലാം ലക്ഷ്യം മൃഗപരിചയമെന്നതിൽ എത്തിച്ചേരുന്നു. ഈ കഥയുടെ മറ്റൊരു പ്രത്യേകത ഇതിൽ അടങ്ങിയിരിക്കുന്ന ഹാസ്യത്തിന്റെ സ്വഭാവമാണ്. പൂവാലനും മറ്റു കഥാപാത്രങ്ങളും തമ്മിലുള്ള സംഭാഷണം പലപ്പോഴും വായനക്കാരിൽ ഹാസ്യം ഉൽപാദിപ്പിക്കുന്നു.

ഇത്തരത്തിൽ അഞ്ചു വയസ്സിനു താഴെയുള്ള കുട്ടികൾക്കു വായിച്ചു കൊടുക്കുവാനും വായിച്ചുതുടങ്ങുന്ന കുട്ടികൾക്കു വായിക്കുവാനുമുള്ള സുമംഗലയുടെ മൃഗകഥകളിൽ നരരൂപാദാന സ്വഭാവം കണ്ടെത്താൻ സാധിക്കും. മൃഗങ്ങളെക്കുറിച്ച് അറിയാനും നർമ്മം നിർമ്മിക്കാനും സാധിക്കുന്ന കഥകളാണ് ഇവ. ഫാന്റസി നിർമ്മിക്കുന്നതിനേക്കാൾ വ്യത്യസ്തമായ കഥാപാത്രത്തെ ചിത്രീകരിച്ചുകൊണ്ടു ജീവികളെക്കുറിച്ചുള്ള ഒരു അറിവിടമായി മാറാനാണ് ഇത്തരം കഥകൾ ശ്രമിക്കുന്നത്.

### 02.05.02. സംഭാഷണങ്ങൾ

സുമംഗലയുടെ കഥകളിലെ സംഭാഷണരീതികളെ ഇങ്ങനെ ക്രോഡീകരിക്കാം.

1. ഭാഷാഭേദങ്ങളേക്കാൾ മാനക വ്യവഹാര ഭാഷയ്ക്കു പ്രാധാന്യം.

2. സംഭാഷണങ്ങളിലൂടെയുള്ള സാരോപദേശം.

3. സംസാരഭാഷയുടെ വിമർശനം സാധ്യമാക്കുന്ന സംസാരഭാഷയുടെ സംഭാഷണങ്ങൾ.

4. വ്യംഗാർത്ഥ പ്രദാനമാകുന്ന വാക്യാർത്ഥങ്ങൾ.

1. ഭാഷാപരമായ അവലോകനം സംഭാഷണങ്ങളിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ല. സംഭാഷണങ്ങളെ വിശകലനസാധ്യമാക്കുന്നതു കഥാപാത്രസ്വഭാവമാണ്. കഥാപാത്രങ്ങളുടെ പ്രായം, സ്വഭാവം, ഭാഷ എന്നിവയെല്ലാം സംഭാഷണത്തിന്റെ ശൈലിയെ രൂപപ്പെടുത്തും. പ്രാദേശിക ഭാഷാഭേദങ്ങളോടെ വെളിപ്പെടുന്ന സംഭാഷണ ശൈലി സുമംഗലയുടെ കഥകളിൽ പൊതുവേ കുറവാണ്. എന്നാൽ തന്മൊഴിയും വൈയക്തിക ഭാവങ്ങളും സംഭാഷണങ്ങളിൽ ആവശ്യപ്പെടുന്ന ഘട്ടങ്ങളിൽ കടന്നുവരുകയും ചെയ്യുന്നുണ്ട്. സംഭാഷണങ്ങൾ പൂർണ്ണമായും ആശയസംവേദനമെന്ന മട്ടിൽ തന്നെയാണ് കഥകളിൽ പ്രത്യക്ഷപ്പെടുന്നത്. 'എട്ടുകുട്ടകം പൊന്ന്' എന്ന കഥയിൽ മുത്തശ്ശൻ, മുത്തശ്ശി എന്നീ മുതിർന്നവരുടെയും കിച്ച, വിജ്ജ എന്നീ കുട്ടികളുടെയും സംഭാഷണങ്ങൾ കഥയിൽ വിവരിച്ചിട്ടുണ്ട്. ഈ സംഭാഷണങ്ങളിൽ പ്രാദേശികമായതോ വൈയക്തികമായതോ ആയ ഭാഷാഭേദങ്ങൾ സ്ഥിരമല്ല. "അല്ല ഏട്ടാ മുത്തശ്ശി പറഞ്ഞില്ലേ നിധിയെടുക്കരുതെന്ന്? നിധി കാക്കുന്ന ഭൂതത്താൻമാരുടെ പണിയാണീ മാവിൻകൊമ്പ് വീഴ്ത്തിയിട്ടത്. ഏട്ടന്റെ മേൽ വീണിരുന്നുവെങ്കിലോ? നമുക്കിതു വേണ്ട ഏട്ടാ" (2000:12) എന്നുപറയുന്ന വിജ്ജുവിന്റെ സംഭാഷണത്തിൽ ദേശഭേദത്തിന്റെ സ്വാധീനം വ്യക്തമല്ല. എന്നാൽ "ഏട്ടാ ഇതും ഇന്നലത്തെ പോലെ ഭൂതത്താൻമാരുടെ പണിയാണ് ട്ട്വോ എനിക്കീ കുരങ്ങനെ കണ്ടിട്ട് പേടിയാകുന്നു" (2000:12)എന്ന വാക്യത്തിൽ സ്വാഭാവികമായ ഒരു സംഭാഷണ ശൈലിയുടെ ചെറിയ ഭാവങ്ങൾ കാണാൻ സാധിക്കും. എന്നാലും സംഭാഷണം കഥാപാത്രത്തിന്റെ ദേശഭാഷാഭേദത്തിന്റെ അടയാളമാവാൻ സുമംഗലയുടെ കഥകൾക്കു സാധിക്കുന്നില്ല.

2. കഥാപാത്രങ്ങളിലൂടെയുള്ള സാരോപദേശമാണ് സുമംഗലയുടെ കഥകളിൽ മൂല്യബോധത്തെ നിർമ്മിച്ചെടുക്കുന്നത്. ബാലകഥകളുടെ പൊതു

ലക്ഷ്യം മൂല്യബോധനമാണ്. ഇതു സാധ്യമാക്കാൻ കഥാകാരി സ്വീകരിക്കുന്ന മാർഗ്ഗത്തിൽ പ്രധാനം കഥാപാത്രങ്ങളുടെ സംഭാഷണങ്ങളാണ്. ഓരോ കഥയിലും സാരോപദേശം എങ്ങനെയാണ് ഉൾച്ചേർന്നിരിക്കുന്നത് എന്നു കണ്ടെത്തുമ്പോൾ ഈ കഥാപാത്ര സംഭാഷണങ്ങളുടെ സവിശേഷത വ്യക്തമാകും. 'പോക്കണം കെട്ട പോക്ക്' എന്ന കഥയിൽ ഗായത്രിയോടു മോശമായി പെരുമാറിയ രോഹിണിയോടു തിരിച്ചും മോശമായി പെരുമാറിയാൽ മതിയെന്നു ഗായത്രി അമ്മയോട് ആവശ്യപ്പെടുന്നുണ്ട്. അപ്പോൾ അമ്മ പറയുന്ന മറുപടി ഇതാണു "മോളെ മോൾക്ക് 'ക്ഷാന്തി' എന്ന വാക്കിന്റെ അർത്ഥമറിയാമോ? നമ്മളെ ഉപദ്രവിക്കുന്നവർക്കും ഉപകാരം ചെയ്യുക എന്നതാണ് ഇതിനർത്ഥം. രോഹിണിയോടു നമ്മൾ ഇതുപോലെ പെരുമാറാൻ പാടില്ല. മറ്റുള്ളവരുടെ തെറ്റുകുറ്റങ്ങളും ഉപദ്രവങ്ങളും ക്ഷമിച്ച് അവർക്കു കഴിയുന്നത്ര ഉപകാരം ചെയ്തുകൊടുക്കണം. അങ്ങനെയായാലെ മനുഷ്യന്റെ ജീവിതത്തിനു അർത്ഥമുള്ളൂ. ഇല്ലെങ്കിൽ നമ്മൾ മൃഗങ്ങളെക്കാൾ താണപടിയിലെത്തും. പട്ടിക്കും കൂടിയുണ്ടല്ലോ നന്ദി" (2005:75).

സംഭവങ്ങളും സംഭാഷണങ്ങളും ജീവിത വിമർശനമാകുന്നതു കഥകളിൽ കാണാം. കഥാന്ത്യം ഏതെങ്കിലും ഒരൊറ്റ സദ്ഗുണ പാഠത്തെ അവതരിപ്പിക്കുന്ന രീതിമാത്രമല്ല സുമംഗലയുടെ കഥകൾ പിന്തുടരുന്നത്. കഥയിലുടനീളം കാണുന്ന ചെറുസംഭവങ്ങളും ചില സന്ദേശമാകാറുണ്ട്. 'കണ്ടപ്പനും കണ്ണമ്മയും' എന്ന കഥയിലെ ചെറു സംഭവങ്ങൾ ഇതിനുദാഹരണമാണ്. കഥയിലെ സംഭവങ്ങളെല്ലാം മനുഷ്യജീവിതത്തിലെ നിത്യപ്രവൃത്തികളുമായി താദാത്മ്യം പ്രാപിക്കുന്നു.

അന്വേഷണാത്മക കഥകളിലും സദ്ഗുണബോധം പകരാൻ സുമംഗലയുടെ കഥകൾക്കു സാധിച്ചിട്ടുണ്ട്. 'നെയ്പ്പായസം' എന്ന കഥാസമാഹാരത്തിലെ 'പ്രതികാരം' എന്ന അന്വേഷണാത്മക കഥയിൽ ഒൻപത് ഖണ്ഡങ്ങളാണുള്ളത്. ഈ കഥയിലെ അച്ഛന്റെ വാക്കുകളിൽ അടങ്ങിയിരിക്കുന്ന ഗുണപാഠങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. "പകരം വീട്ടാനുള്ള മനസ്ഥിതി വച്ചുകൊണ്ടിരിക്കുന്നതിന് അർത്ഥമില്ല. പഴയ വടക്കൻ പാട്ടുകളിലെ കുടിപ്പക പോലെ തലമുറ തലമുറയായി നീണ്ടുപോവുകയില്ലേ?". "രണ്ടുകാലും കൈയ്യുമുള്ള മൃഗത്തോളം താഴാം. സ്നേഹവും ക്ഷമയും കൊണ്ടു നാലുകയ്യുള്ള

ദേവനോളം ഉയരാനും കഴിയും. ഏത് വഴിയാണ് തിരഞ്ഞെടുക്കേണ്ടതെന്നു നീ തന്നെ തീർച്ചയാക്കിയാൽ മതി" (2019:57) എന്ന അച്ഛന്റെ വാക്കുകളാണു കഥയിലെ സന്ദേശം. ഇവിടെ സംഭാഷണം കഥയുടെ അടിസ്ഥാന മൂല്യമായി മാറുന്നു.

3. കഥാപാത്രങ്ങളുടെ സംഭാഷണം സംഭാഷണരീതിയെക്കുറിച്ചുള്ള വിമർശനങ്ങൾ ആവാറുണ്ട്. 'സിനിമയ്ക്ക് പോക്ക്' എന്ന കഥയിൽ സിനിമയിൽ അഭിനയിക്കാൻ തെരഞ്ഞെടുത്തുവെന്നു വിശ്വസിച്ച നിഷ്കളങ്കയായ പെൺകുട്ടിയോട് അധ്യാപികയും സഹപാഠികളും പറയുന്ന വാക്യങ്ങൾ ഇതിന് ഉദാഹരണമാണ്. നിശിതമെന്നോ ക്രൂരമെന്നോ പറയാവുന്ന സംഭാഷണങ്ങൾ മനസ്സുകളിലുണ്ടാകുന്ന മുറിവുകളാണെന്ന് ഈ കഥ വെളിപ്പെടുത്തുന്നു.

4. കഥാസന്ദർഭങ്ങളിലെ വാക്യശകലങ്ങൾ അർത്ഥോൽപ്പാദനം മാത്രമല്ല നൽകുന്നത്. കഥയ്ക്കനുയോജ്യമായ വ്യംഗ്യാർത്ഥത്തെയും പ്രദാനം ചെയ്യാറുണ്ട്. 'മുത്തുസഞ്ചി' എന്ന സമാഹാരത്തിലെ 'നാലക്ഷരം പഠിച്ചാൽ' എന്ന കഥയിൽ വാക്യാർത്ഥം നൽകുന്ന നേരിട്ടുള്ള അർത്ഥത്തെ മാത്രം സ്വീകരിച്ചാൽ ഉണ്ടാകുന്ന അർത്ഥപരിണാമങ്ങളാണ് പ്രമേയമാകുന്നത്. വിദ്യാഭ്യാസത്തെ മുഴുവൻ അർത്ഥമാക്കുന്ന നാലക്ഷരം എന്ന വാക്കിനു നാല് അക്ഷരം എന്ന വാക്കർത്ഥം മാത്രം സ്വീകരിക്കപ്പെടുമ്പോൾ ഉള്ള അർത്ഥ വ്യതിയാനം കഥയിലൂടെ വ്യക്തമാണ്. കഥാപാത്രസ്വഭാവത്തെ വ്യക്തമാക്കാൻ കഥയിൽ ഉപയോഗിക്കുന്ന പദങ്ങൾ പലപ്പോഴും വിമർശനാധിഷ്ഠിതമാണ്. 'നാലക്ഷരം പഠിച്ചാൽ' എന്ന കഥയിലെ കഥാപാത്രത്തെ നാട്ടുകാർ വിളിക്കുന്ന പേര് "ഇളിച്ചവായൻ" എന്നാണ്. സദാമടിയനും പറഞ്ഞാൽ അനുസരിക്കാത്ത സ്വഭാവവും ഉള്ളതിനാലാണ് അവനെ എല്ലാവരും അങ്ങനെ വിളിക്കുന്നത്. പതിനാലു വയസ്സായിട്ടും സ്കൂളിൽ പോകാൻ തയ്യാറാവാത്ത മടിയനാണ് അവൻ. സ്കൂളിൽ പോകാതെ നാലക്ഷരം പഠിച്ചുവെന്നു വിശ്വസിക്കുന്നവനായി കഥാന്ത്യത്തിൽ ഈ കഥാപാത്രത്തെ കാണാം. അവൻ സ്കൂളിൽ പോകാതിരുന്നിട്ടും വീട്ടിലെ കള്ളനെ ഓടിക്കാനും കള്ളന്റെ കളവു മുതൽ പോലീസിൽ ഏൽപ്പിക്കാനും സാധിക്കുന്നു. ഈ സംഭവങ്ങൾ നാട്ടുകാർക്കിടയിൽ പ്രശസ്തി ലഭിക്കാൻ കാരണമാവുന്നു. വിദ്യാഭ്യാസം എന്ന നാലക്ഷരം പഠിച്ചതുകൊണ്ടാണു നാട്ടുകാർക്കിടയിൽ മാന്യനായത് എന്നാണ്

കുട്ടി ധരിക്കുന്നത്. ഇങ്ങനെ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ധാരണകളെ പരിശോധിക്കാനും വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകളെ വിമർശിക്കാനും അവലോകനം ചെയ്യാനും ഈ കഥയ്ക്കു കഴിയുന്നതു കഥാനാമം കൊണ്ടും കഥയിലെ പ്രയോഗങ്ങൾകൊണ്ടുമാണ് .

സുമംഗലയുടെ ചില കഥകളിലെ കഥാപാത്രങ്ങളും സംഭാഷണങ്ങളും ലക്ഷ്യമാക്കുന്ന സാരോപദേശം പ്രതിലോമപരവും ആകാറുണ്ട്. 'മുത്തുസഞ്ചി' എന്ന സമാഹാരത്തിലെ 'കാക്ക കുളിച്ചാൽ', 'നാലക്ഷരം പഠിച്ചാൽ', 'ഒറ്റയാൻ' എന്നീ കഥകളെ ഇത്തരത്തിൽ അവലോകനം ചെയ്യാൻ സാധിക്കും. 'കാക്ക കുളിച്ചാൽ' എന്ന കഥയിൽ നല്ല സൗന്ദര്യവും നല്ല ശബ്ദവും ഇല്ലാത്തതിനാൽ വിഷമിക്കുന്ന കഥാപാത്രമാണ് കാക്ക. ഈ കാക്ക ശബ്ദം നന്നാക്കാൻ കുയിലിൽ നിന്നും പാട്ടു പഠിക്കുകയും, കൊക്ക് പറഞ്ഞതനുസരിച്ച് വെളുക്കാനായി നിരവധി തവണ കുളിക്കുകയും ചെയ്യുന്നു. പിന്നീടു കൊക്കും കുയിലും തന്നെ പരിഹസിക്കുകയാണെന്നു കാക്ക തിരിച്ചറിയുകയും തന്റെ സൗന്ദര്യവും ശബ്ദവും ഒരിക്കലും മാറുകയില്ലെന്ന സത്യം മനസ്സിലാക്കുകയും ചെയ്യുന്നുണ്ട്. കാക്ക കുളിച്ചാൽ കൊക്കാകുമോ എന്ന പഴഞ്ചൊല്ലിനെ വിശദമാക്കാൻ ഉപയോഗപ്രദമാകുന്ന ഈ കഥ കുട്ടികളിലെ കുറവുകളെ കുറിച്ചു തിരിച്ചറിവു നൽകുന്നു എന്നു പറയാമെങ്കിലും അപകർഷതാബോധം ഉണ്ടാക്കുന്ന വിധത്തിൽ പ്രതിലോമപരമായും പ്രവർത്തിക്കുന്നുണ്ട്. അതു പോലെ 'നാലക്ഷരം പഠിച്ചാൽ' എന്ന കഥയിൽ വിദ്യാഭ്യാസത്തെ ഒരു പ്രധാന പ്രശ്നമായി അവതരിപ്പിക്കുന്ന പ്രതീതിയുള്ളതിനാൽ വിദ്യാഭ്യാസത്തിന്റെ യഥാർത്ഥലക്ഷ്യത്തെക്കുറിച്ച്അവബോധമുണ്ടാക്കുന്നതിൽ പരാജയപ്പെടുന്നുണ്ട്. 'ഒറ്റയാൻ' എന്ന കഥയിൽ കൃഷ്ണൻ കാക്ക ഒറ്റയ്ക്കുണ്ടാക്കിയ വീട് വിരുന്നുവന്ന കാക്ക തട്ടിയെടുത്ത കഥയാണു പറയുന്നത്. "കൃഷ്ണൻ പിന്നീട് ഇതുവരെയും കൂട്ടുകെട്ടിയില്ല. കല്യാണം കഴിച്ചിട്ടുമില്ല. ഒറ്റയാനായി തന്നെ സുഖമായി കഴിയുന്നു". (1997:23) എന്ന് പറഞ്ഞ് കഥയവസാനിപ്പിക്കുന്നു. ചൂഷകരിൽ നിന്നും രക്ഷപ്പെടാൻ കൂട് എന്ന സ്വപ്നം തന്നെ ഉപേക്ഷിക്കുന്നതായി പറയുന്ന മാർഗ്ഗം ബാലകഥകളുടെ മൂല്യബോധനത്തിന് നിരക്കുന്നതല്ല. ഇത്തരത്തിൽ എഴുത്തുകാരി സംവദിക്കുന്ന ചില മൂല്യസങ്കല്പങ്ങൾക്ക് ഇന്നത്തെ വായനയിൽ സ്വീകാര്യത നഷ്ടമാകുന്നുണ്ട്. എഴുത്തുകാരിയുടെയും എഴുത്തുകാലത്തിന്റെയും

സാഹചര്യസ്വാധീനങ്ങൾ മൂല്യചിന്തയിൽ നടത്തുന്ന ഇടപെടലുകളായി ഇതിനെ കാണാവുന്നതാണ്.

## 02.06. കൗമാരകഥകൾ

ബാലസാഹിത്യത്തിൽ കുട്ടികളുടെ വളർച്ചയുടെ ഓരോ ഘട്ടത്തിലും വായിക്കാനും വായിച്ചുകൊടുക്കാനും വേണ്ടി രചിക്കുന്ന കൃതികൾക്കു സവിശേഷമായ മാനമുണ്ട്. ബാലസാഹിത്യവിഭജനം തന്നെ ഇത്തരത്തിൽ രൂപപ്പെട്ടതാണ്. ശിശുസാഹിത്യം, ബാലസാഹിത്യം, കൗമാരസാഹിത്യം എന്നീ വിഭജനങ്ങളുടെ അടിസ്ഥാനം ഈ പ്രായഭേദം തന്നെയാണ്. നിലവിലുള്ള കൃതികളിലധികവും ആദ്യത്തെ രണ്ടു വിഭാഗത്തിലുള്ളവയാണ് . പന്ത്രണ്ട് വയസ്സുമുതൽ പതിനാറു വയസ്സുവരെ പ്രായമുള്ള കൗമാരപ്രായക്കാരുടെ വികാരവിചാരങ്ങളുടെ ആവിഷ്കാരവും ജീവിത പാഠങ്ങളും ഉൾപ്പെടുത്തിയ സാഹിത്യമാണ് കൗമാരസാഹിത്യം. ഈ വിഭാഗം മലയാളത്തിലധികം പ്രചാരത്തിൽ കാണുന്നില്ല എന്നാണു ഗവേഷക പക്ഷം[2]. എന്നാൽ "ഓരോ വയോഗണത്തെക്കുറിച്ചും സൂക്ഷ്മമായ അവബോധം പുലർത്തിക്കൊണ്ടു എഴുതപ്പെട്ടിട്ടുള്ള കൃതികൾ മലയാളത്തിൽ ഇപ്പോൾ സുലഭമാണ്" എന്ന അഭിപ്രായവും നിലനിൽക്കുന്നുണ്ട്[3].

കൗമാരകഥകൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി പഠിക്കാൻ സാധിക്കുന്ന കഥകളാണ് 'മിഠായിപ്പൊതി' എന്ന സമാഹാരത്തിലെ 'അനുഭൂതിയുടെ പൂക്കൾ', 'പുഴക്കരയിലെ വീട്', 'ഒഴിവുകാലം', 'കുട്ടിപ്പുര' എന്നിവ. വികാരവും വിചാരവുമാണ് കൗമാരസാഹിത്യത്തിന്റെ അടിസ്ഥാന ഭാവങ്ങൾ. പ്രണയം, വിവാഹം, ജിജ്ഞാസ, ഭ്രമാത്മകത തുടങ്ങിയവ വികാരങ്ങൾ കൗമാര വിഭാഗക്കാരുടെ മനസ്സിന്റെ വിചാരങ്ങളാണ്. ഇത്തരം മനോവിചാരങ്ങളുടെ ആവിഷ്കാരമാണ് ഈ കഥകളുടെ അടിസ്ഥാനം. കഥകളിൽ ഉപയോഗിക്കുന്ന പദ പ്രയോഗങ്ങളും ഇത്തരത്തിൽ കൗമാരസാഹിത്യത്തിന്റെ ഭാവനയോട് അടുത്തുനിൽക്കുന്നു. 'അനുഭൂതിയുടെ പൂക്കൾ' എന്ന കഥയിലെ വർണനയ്ക്കു കൗമാരഭാവനയുടെ ഭാവുകത്വവും ഭാഷയുമാണ് നൽകിയിരിക്കുന്നത്. "ചെമ്പകം താലിചാർത്തി" (2020:150), "അമ്പലത്തിൽ തൊഴാൻ വന്ന പെൺകിടാവ് അശോകത്തിന്റെ സിന്ദൂരാരുണമായ മേനി കണ്ടു. യുവാവിന്റെ നേരെ നോക്കാൻ

ലജ്ജിച്ച് അവൾ തുടുത്ത മുഖം താഴ്ത്തി" (2020:157) എന്നീ വാക്യങ്ങൾ ഇതിനു സാധൂകരണങ്ങളാണ്. 'പുഴക്കരയിലെ വീട്', 'ഒഴിവുകാലം' എന്നീ കഥകളിലാവട്ടെ അന്ധവിശ്വാസങ്ങളെ യുക്തിയാൽ തോൽപ്പിക്കുന്നതാണ് വിഷയം. ധൈര്യം, ബുദ്ധി, ജിജ്ഞാസ എന്നിവയാണ് ഈ കഥകളിലെ കഥാ ഗതിയെ ത്വരിതപ്പെടുത്തുന്നത്. ധൈര്യവും ബുദ്ധിയും ഊർജ്ജവും കൗമാരക്കാരുടെ സ്വഭാവത്തിലെ അടിസ്ഥാന വികാരമാണെന്നിരിക്കെ ഇത്തരം കഥകൾ കൗമാരസാഹിത്യത്തിനു മികച്ച നിദർശനമാകുന്നു. 'കുട്ടിപ്പുര' എന്ന കഥയാവട്ടെ ബാലകഥയ്ക്കനുയോജ്യമായ ഫാന്റസിയുടെ പരിധിയിൽ ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ അതിന്റെ ആസ്വാദനതലം ചെറുകഥയുടെ സ്വഭാവത്തോടു ചേർന്നുനിന്നുകൊണ്ടു കൗമാരസാഹിത്യത്തോട് അടുത്തു നിൽക്കുന്നു.

## 02.07. കഥകളിലെ പാരിസ്ഥിതിക സന്ദേശം

സുമംഗലയുടെ കഥകളിലെ സദ്ഗുണപാഠങ്ങളെ ചർച്ചചെയ്യുമ്പോൾ പരിസ്ഥിതി ചിന്തകളെയും ഉൾപ്പെടുത്തേണ്ടതുണ്ട്. പരിസ്ഥിതി സാഹിത്യത്തിലെ പ്രധാന ലക്ഷ്യങ്ങളിലൊന്നു പരിസ്ഥിതിചൂഷണത്തി നെതിരെ അവബോധം ജനിപ്പിക്കുകയാണ്. ഈ ലക്ഷ്യത്തെ സാധൂകരിക്കുന്ന കഥയാണ് 'മിഠായിപ്പൊതി' എന്ന കഥാസമാഹാരത്തിലെ 'ദീർഘാപാംഗൻ'. വന സംരക്ഷണവും സഹജീവിസ്നേഹവും മൂല്യബോധമായി സ്വീകരിച്ച ഒരു തലമുറയ്ക്കു മാത്രമേ ഗൗരവകരമായ ഇത്തരം ഹരിതചിന്തകളെ എളുപ്പത്തിൽ പ്രാപ്തമാക്കാനാവൂ. ഇത്തരത്തിൽ പ്രകൃതിയെ അടിസ്ഥാനമാക്കി സാർവ്വലൗകികമായ ഒരു മാനവസ്നേഹത്തെ നിർമ്മിക്കാനുള്ള നറുനെയ് മരുന്നാണ് ഈ കഥയിലെ പ്രകൃതി പാഠങ്ങൾ. കാട്ടിൽനിന്നു ലഭിക്കുന്ന മാനും മാനിനെ സംരക്ഷിക്കുന്ന പെൺകുട്ടിയും പ്രകൃതിസ്നേഹത്തിന്റെ അടയാളമായി അവതരിപ്പിക്കുകയും എന്നാൽ പെൺകുട്ടി വിവാഹിതയാകുന്നതോടെ സംരക്ഷക ഇല്ലാതെയാകുന്ന മാനിനെ സ്നേഹത്തിന്റെ മുഖംമൂടിയണിഞ്ഞു വധിക്കുകയും ചെയ്യുന്നതാണ് പ്രമേയം. "മൂർച്ചയേറിയ കത്തി പിന്നിലും ചോറ്റുരുള കയ്യിലും പിടിച്ച് അടുത്തണഞ്ഞ അവരുടെ നേർക്കു മനുഷ്യരുടെ ദയയിൽ പൂർണ്ണവിശ്വാസമുള്ള ദീർഘാംപാംഗൻ ആപത്ശങ്ക കൂടാതെ കഴുത്തു നീട്ടി" (2020:75)എന്ന് കഥ അവസാനിക്കുന്നു. 'മൃഗങ്ങളുടെ ഗ്രാമം' എന്ന കഥയിൽ മൃഗങ്ങൾ മനുഷ്യരുടെ സംസ്കാരബദ്ധമായ ജീവിതത്തെ

ആഗ്രഹിക്കുന്നു. എന്നാൽ പ്രകൃതിയുടെ വന്യനൈസർഗ്ഗിക ജീവിതം നയിക്കുന്ന മൃഗങ്ങൾക്കു മനുഷ്യരുടെ സംസ്കാര, സാമൂഹികജീവിതങ്ങളെ പകർത്താൻ സാധിക്കുന്നില്ല. മൃഗങ്ങളുടെ ഗ്രാമം സാർത്ഥകമല്ലാതെയാവുന്നതു മൃഗങ്ങളിലെ മൃഗീയത ഉണരുമ്പോഴാണെന്നു വ്യാഖ്യാനിക്കാം. കഥയിലെ കാട്ടുമൃഗങ്ങൾക്കു മനുഷ്യരുടെ സാമൂഹികജീവിതം സാദ്ധ്യമല്ലാതാകുന്നത് അവരിലെ വന്യത നിലനിൽക്കുന്നതുകൊണ്ടാണ്. ഹെൻറി ഡേവിഡ് തോറോ (Henry David Thoreau) പറഞ്ഞതുപോലെ, "വന്യതയിൽ മാത്രമേ ആകർഷകത്വമുള്ളൂ"[4] എന്ന സംഗതിയാണ് ഈ കഥയെയും ആകർഷകമാക്കുന്നത്. സംസ്കൃതി പ്രകൃതിക്കെതിരാണെന്നും, ഇന്ത്യൻ-പാശ്ചാത്യ ഇതിഹാസങ്ങളിലെയും വേദപുരാണങ്ങളിലെയും അസംസ്കൃതവും, സ്വതന്ത്രവും, വന്യവുമായ അംശങ്ങളാണ് അവയെ ഉത്തമമാക്കിയതെന്നും ഡോ ടി പി സുകുമാരൻ ചൂണ്ടിക്കാട്ടിയതും (1992:19) ഇത്തരം കഥകളുടെ പ്രമേയത്തിന് ശക്തി പകരുന്നു. മൃഗങ്ങളിലും മെരുക്കപ്പെട്ട സംസ്കാരത്തിന്റെ ശക്തമാർന്ന ഇടപെടൽ ദൃശ്യമാണ് എന്നു വ്യക്തമാക്കിക്കൊണ്ടാണ് ആ കഥ അവസാനിക്കുന്നത്. "അങ്ങനെ മൃഗങ്ങളുടെ ഗ്രാമം ചിന്നിച്ചിതറിപ്പോയി അവർ പലവഴിക്കും തിരിഞ്ഞു. പലരും മനുഷ്യർക്ക് അടങ്ങി ജീവിച്ചുതുടങ്ങി ചിലരെല്ലാം പഴയ ശീലങ്ങൾ വിടാതെ സൂക്ഷിച്ചു പോന്നു. പോത്തും കാളയും കൃഷിപ്പണിക്ക് ഇപ്പോഴും മനുഷ്യനെ സഹായിക്കുന്നു. ആട്ടും പശുവും ഇപ്പോഴും മനുഷ്യർക്കു പാൽ തരുന്നുണ്ട്. അലക്കുകാരന്റെ മിത്രമാണ് ഇന്നും കഴുത. കുതിര വലിക്കുന്ന വണ്ടിയിൽ നിങ്ങളിൽ ചിലരെങ്കിലും കയറിയിരിക്കും. നായ ഇപ്പോഴും ബീറ്റ് പോലീസുകാരനാണ്. വീടിന്റെ ചുറ്റുപാടുകൾ വൃത്തിയാക്കേണ്ടത് ഇപ്പോഴും കാക്ക തന്നെ. ആന ഇപ്പോൾ അമ്പലത്തിലെ പൂജക്കാരൻ അല്ലെങ്കിലും ദേവനെ പുറത്തേക്ക് എഴുന്നള്ളിക്കണമെങ്കിൽ അവൻ തന്നെ വേണം. കോഴി മുട്ടക്കച്ചവടം തുടരുന്നു. തത്തയാണെങ്കിൽ സാക്ഷാൽ തുഞ്ചത്തെഴുത്തച്ഛനെപ്പോലും രാമായണം ഉപദേശിക്കത്തക്ക അറിവു നേടിയിരിക്കുന്നു." (2020:108). ഇതാണ് മെരുക്കമാർന്ന പ്രകൃതിയുടെ സമകാലികദൃശ്യം എന്നു ലളിതമായി പറയാൻ സുമംഗലയുടെ ഈ കഥയ്ക്കു സാധിക്കുന്നു.

മിഠായിപ്പൊതിയിലെ വിജ്ഞാനപ്രദമായ ഒരു കഥയാണ് 'കുനൻകുട്ടി.' കുനൻകുട്ടിയെന്ന ഒട്ടകക്കുഞ്ഞിന്റെ സംശയങ്ങൾക്ക് ഒട്ടകഅമ്മ നൽകുന്ന

മറുപടികളിൽ തികഞ്ഞ പാരിസ്ഥിതിക വിജ്ഞാനം അടങ്ങിയിരിക്കുന്നു. "അമ്മേ കാറ്റുവന്നാൽ യജമാനന്മാർ നമ്മുടെ പിന്നിൽ ഒളിച്ചിരിക്കും, ഇല്ലേ?" എന്ന ഒട്ടകക്കുഞ്ഞിന്റെ ചോദ്യത്തിന് അമ്മ നൽകുന്ന ഉത്തരം "നമുക്ക് എവിടെയും ഒളിക്കേണ്ട ആവശ്യമില്ല. മണൽകാറ്റ് വരുന്ന സമയത്ത് ഒട്ടകങ്ങളെപ്പോലെ സൗകര്യം മറ്റാർക്കുമില്ല. നമ്മൾ മരുഭൂമിയുടെ സന്താനങ്ങളാണ്, മരുഭൂമി നമ്മുടെ അമ്മയും" (2020:125)എന്നാണ്. പ്രകൃതി ജീവനത്തിന്റെ നൈതികത, ഭൂമിയിൽ സകലചരാചരങ്ങൾക്കുമുള്ള തുല്യാവകാശം എന്നിങ്ങനെയുള്ള ഭൗമ സദാചാര ചിന്തകളാണ് ഈ കഥ പങ്കുവയ്ക്കുന്നത്.

'കുട്ടനും പിശാചുക്കളും' എന്ന കഥയിൽ പ്രകൃതിയുടെ മടിത്തട്ടിൽ ഉറങ്ങിക്കിടക്കുന്ന പിശാചുക്കളെ മനുഷ്യന്റെ സാമൂഹിക ജീവിതചര്യകൾക്കടിമകളാക്കാനുള്ള ശ്രമത്തെയാണ് ആവിഷ്കരിക്കുന്നത്. മണ്ണിലുറങ്ങുന്ന പൂതങ്ങളോട് അവരുടെ നൈസർഗ്ഗികാംശങ്ങളെ ഉപേക്ഷിച്ച് മനുഷ്യ നിർമ്മിതമായ സംസ്കൃതിയെ സ്വീകരിക്കാൻ ഉണ്ണി ആവശ്യപ്പെടുന്നു. കഥാന്ത്യം ഇതെല്ലാം സ്വപ്നമായിരുന്നുവെന്ന ബോധ്യപ്പെടുത്തൽ ഭ്രമാത്മകത ഇല്ലാതാക്കി പ്രകൃതിയുടെ സ്വാഭാവികത നിലനിർത്തുന്നു. കുട്ടികളുടെ സങ്കല്പലോകത്തെ ആഴത്തിൽ സ്വാധീനിക്കാൻ സാധിക്കുന്ന കഥയാണ് 'അപ്പമരം' കഥയിലെ 'അപ്പമര'ത്തിലൂടെ കുട്ടികൾ മരങ്ങളെന്ന ഹരിതശക്തിയെ കൂടുതൽ തിരിച്ചറിയുന്നു. മരങ്ങൾ സമ്മാനിക്കുന്ന സമ്പുഷ്ടതയാണ് അപ്പമരമെന്ന ആശയത്തെ നിർമ്മിക്കാൻ ഉണ്ണിയെ പ്രേരിപ്പിക്കുന്നത്. വൃക്ഷങ്ങൾക്കു മാത്രമേ ആശയോളം എന്തും നൽകാനാവൂ എന്ന കുഞ്ഞുബോധത്തെ നിലനിർത്താൻ ഈ കഥയ്ക്കു സാധിക്കുന്നു. അപ്പോഴും ഹരിതദർശനത്തിന്റെ സൂക്ഷ്മ വീക്ഷണത്തിൽ മനുഷ്യബാലനാൽ നിയന്ത്രിതനായ വൃക്ഷത്തെയാണു കഥയിൽ കാണാൻ കഴിയുക. എങ്കിലും കുഞ്ഞിന്റെ നിഷ്കളങ്കതയിലും വിശ്വാസത്തിലും പൂത്തുലയുകയും ഫലങ്ങൾ നൽകുകയും ചെയ്യുന്ന മരങ്ങളുടെ ഹരിതാർദ്രത എന്ന നാടോടി വാങ്മയ ജീവനാഡിയാണ് ഈ കഥകളുടെയും കാതൽ. 'കുട്ടനും പിശാചും', 'അപ്പമരം' എന്നീ കഥകളിലെ പ്രധാന ഘടകങ്ങൾ ഭൂതവും രാക്ഷസിയുമാണ്. ഇവരണ്ടും ഇന്ത്യൻ മിത്തുകളുമായി ചേർന്നു

നിൽക്കുന്നവയാണ്. ഇത്തരം മിത്തുകൾക്കും പ്രകൃതിജീവനവുമായി അഭേദ്യ ബന്ധമുണ്ട്.

'അനുഭൂതിയുടെ പൂക്കൾ' എന്ന കഥയിൽ പുഷ്പിണിയാകാത്ത അശോകം പുഷ്പിക്കാൻ തത്ത പറഞ്ഞുകൊടുക്കുന്ന ഉപായം ഇങ്ങനെയാണ്. "അശോകം പൂക്കാതിരിക്കുമ്പോൾ ഒരു പരിഹാരമുള്ളതായി പുരാണങ്ങളിൽ പറയുന്നുണ്ട് - സകല ലക്ഷണങ്ങളുമൊത്ത സുന്ദരിയായ ഒരു കന്യകയുടെ കാൽച്ചവിട്ടേറ്റാലുടൻ അശോകം പൂക്കും" (2020:155). ഇതു പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പാരസ്പര്യവും പ്രണയവും നൽകുന്ന വിശാലമായ മാനവികബോധ്യത്തിലേയ്ക്കാണു കൊണ്ടുപോകുന്നത്

'കുട്ടിപ്പുര' എന്ന കഥ, കുട്ടികളുടെ ഭ്രമാത്മകലോകത്ത് അചേതനമായ വസ്തുക്കൾക്കു ജീവൻ ലഭിക്കുന്ന ഇന്ദ്രജാലത്തെ കാട്ടിത്തരുന്നു. കണക്ക് എഴുതുന്ന ഗൃഹനാഥൻ രാമകൃഷ്ണൻനായരും വീട്ടുകാരി ദേവകിയമ്മയും തുന്നൽക്കാരി പാർവ്വതിയും വായനക്കാരി ലക്ഷ്മിയും വീണവായിക്കുന്ന സരസ്വതിയുമെല്ലാം സാവിത്രിക്ക് ആശാരി പണിതുകൊടുത്ത കുട്ടിപ്പുരയിലെ മരത്തിൽത്തീർത്ത പാവകളാണ്. ആദ്യത്തെ പുതുമ മാഞ്ഞു സാവിത്രിക്കുട്ടി യടക്കം വീട്ടിലെ എല്ലാവരും കുട്ടിപ്പുരയെ വിസ്മരിച്ചപ്പോഴാണ് അചേതനമായ കുട്ടിപ്പുരയ്ക്കു ചേതന കൈവരുന്നത്. മനുഷ്യനു പ്രകൃതിയെക്കുറിച്ച് അറിയാനുള്ള ഒരു അറിവിടമായി കുട്ടിപ്പുര മാറുന്നു. പ്രകൃതി നിരന്തരം ശുശ്രൂഷിക്കപ്പെടേണ്ടതും സ്നേഹിക്കപ്പെടേണ്ടതുമായ ഒന്നാണ്. മനുഷ്യൻ അവൻ്റെ മോഹങ്ങൾ അടങ്ങുമ്പോൾ പ്രകൃതിയെ വിസ്മരിക്കുന്നു. അപ്പോൾ പ്രകൃതി ചില ഓർമ്മപ്പെടുത്തലുമായി നമ്മളിലേക്കു വരുമെന്ന് എഴുത്തുകാരി ഈ കഥയിലൂടെ ഓർമ്മിപ്പിക്കുന്നു. കഥാനായികയ്ക്കു കഥയുടെ ഒടുവിൽ ഉണ്ടാവുന്ന ത്രാസവും നൊമ്പരവും പരിലാളന നഷ്ടപ്പെട്ട പ്രകൃതി മനുഷ്യനു നൽകുന്ന ഓർമ്മപ്പെടുത്തലിന്റെ പാഠങ്ങളാണ്.

സാഹിത്യത്തിലെ ഹരിതശാഖ പരിസ്ഥിതിസംരക്ഷണത്തിന്റെ പ്രാധാന്യത്തിൽ ഊന്നിക്കൊണ്ടാണു പൊടിച്ചുവന്നതും നിലനിൽക്കുന്നതും. പ്രകൃതിസംരക്ഷണമെന്ന ഒരാശയത്തെ ബാല്യകാലത്തുതന്നെ കുട്ടികളിൽ അടിയുറപ്പിക്കാനുള്ള പ്രാഥമിക ലക്ഷ്യമാണ് ഈ കഥകളിലൂടെ സുമംഗല

സാദ്ധ്യമാക്കിയത്. ഹെൻറി ഡേവിഡ് തോറോ (Henry David Thoreau) വിവരിച്ച വന്യതയുടെ ആഘോഷത്തെ പൂർണ്ണമായ തോതിൽ ഭാരതീയ കൃതികളിൽ കാണാനാവില്ലെങ്കിലും പ്രകൃതിയുടെ അജയ്യത ഉദ്ഘോഷിക്കുക തന്നെയായിരുന്നു അവയുടെ ലക്ഷ്യം, മനുഷ്യജീവിതത്തിനു പ്രകൃതിയുമായുള്ള ജീവപ്രാണബന്ധം ആവിഷ്കരിച്ച കൃതികളെല്ലാം പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ഇഴുകിച്ചേരലിന്റെ കഥകളായി രൂപാന്തരപ്പെട്ടിട്ടുണ്ട്. അവയെ ദാന്തമായ പ്രകൃതിബന്ധമായി കണക്കാക്കപ്പെടുന്നുവെങ്കിലും അവ പരിസ്ഥിതി സൗഹാർദ്ദത്തെ ഉയർത്തിപ്പിടിക്കുന്നവ തന്നെയാണ്. ഭാരതീയ ഹരിത സാഹിത്യശാഖയെ മാതൃകയാക്കിയ ഈ ഹരിതകഥകളും പ്രകൃതിയെ, പരിസ്ഥിതിയെ ഭൂമിയെ മനുഷ്യന്റെ ജീവവായുവിനൊപ്പം ചേർത്തുപിടിക്കാൻ പഠിപ്പിക്കുന്നവയാണെന്നു നിസ്തർക്കം പറയാം.

കുട്ടികളുടെ സാഹിത്യമെന്നതു സവിശേഷമായതെന്തും സാഹിത്യ കൃതികളിലൂടെ കുട്ടികളിൽ എത്തിക്കാനുള്ള ഏറ്റവും മികച്ച ഒരു ആശയസംവേദന മാർഗ്ഗമാണ്. കുട്ടിയുടെ വളർച്ചയുടെ എല്ലാ പടവിലും അവർക്കു മൂല്യബോധം പകരാൻ സാധിക്കുന്ന കഥകളാണു സാരോപദേശ കഥകൾ എന്ന് സുമംഗലയുടെ കഥകളുടെ ആഖ്യാനപഠനം ഓർമ്മിപ്പിക്കുന്നു.

## നിരീക്ഷണങ്ങൾ

- സാരോപദേശമടങ്ങുന്ന നടോടികഥകൾ, മൃഗകഥകൾ, ഉപദേശ കഥകൾ എന്നിവയുടെ സ്വതന്ത്രാവിഷ്കാരം സുമംഗലയുടെ കഥകളിൽ കാണാം.
- സാരോപദേശ വിനിമയത്തിനായി പരോക്ഷ മാർഗ്ഗമാണ് സ്വീകരിച്ചിരിക്കുന്നത്.
- മനുഷ്യന്റെ ജീവിതവുമായി ബന്ധപ്പെട്ടതും പരിസ്ഥിതിയുമായി ബന്ധപ്പെട്ടതുമായ ചിന്തകളും ഉപദേശങ്ങളും നേരിട്ടുള്ള ഉപദേശ വാക്കുകളിലൂടെയല്ല എഴുത്തുകാരി അവതരിപ്പിക്കുന്നത് മറിച്ച് ആഖ്യാന ഘടകങ്ങളുടെ ശരിയായ ഉപയോഗത്തിലൂടെയാണ്.
- സുമംഗല സ്വീകരിച്ച ആഖ്യാനരീതികളിൽ തുടർക്കഥാ രീതി, ഒറ്റക്കഥാ രീതി, അന്വേഷണാത്മക രീതി എന്നിവയാണ് പ്രധാനപ്പെട്ടത്.
- സ്ഥലകാലവിവരണങ്ങൾ വാസ്തവികത നിർമ്മിക്കുന്നു.
- കഥയിൽ ഭൂതകാലവർണ്ണനയും വർത്തമാനകാല സംഭവങ്ങളും ഉണ്ട്. കാലങ്ങളെക്കുറിച്ചുള്ള സ്ഥിര സങ്കല്പങ്ങളെ മാറ്റി രണ്ടു കാലങ്ങളെ ചേർത്തുവയ്ക്കുന്ന ആഖ്യാനരീതികളും ഒരുകാലത്തിനുള്ളിൽ മറ്റുകാലങ്ങൾ കൂടി ബന്ധപ്പെട്ടു വരുന്ന രചനാരീതിയും സുമംഗല അവലംബിച്ചിരിക്കുന്നു.
- സംഭവങ്ങളുടെ കാലം, സ്വപ്നത്തിലെ കാലം എന്നിവ ചേർത്തു വച്ചു കൊണ്ട് കഥയിൽ അപൂർവ്വമായ ഒരു വായനാനുഭവം പ്രദാനം ചെയ്യുന്നു. സ്വപ്നകാലമെന്നതു വർത്തമാനകാലമാണെന്ന ആഖ്യാനതത്വം ഈ കഥകളിലൂടെ വെളിപ്പെടുന്നു.
- കഥകളിലെ സ്ഥലം ആഖ്യാനത്തിലെ ആദിമധ്യാന്തപ്പൊരുത്തം നിലനിർത്തുന്നതിനൊപ്പം കഥാപാത്രസ്വരൂപത്തെ കൂടുതൽ മിഴിവുറ്റതാക്കുന്നു. ഇടം നൽകുന്ന ഭാവനാത്മകത പുതിയ പാഠഭേദങ്ങൾക്കു വഴിതെളിക്കുകയും കഥാഗതിയുടെ വേഗതയെ നിർണ്ണയിക്കുവാൻ കാരണമാകുകയും ചെയ്യുന്നു. കഥയിടം കഥയെ നിയന്ത്രിക്കുകയും കഥ മനസ്സിന്റെ സഞ്ചാരമാകുകയും ചെയ്യുന്നു.

- സ്ഥലമെന്നതു പലപ്പോഴും ആദർശത്തിന്റെയും ആശയത്തിന്റെയും പ്രതീകമായി നിലകൊള്ളുന്നു. ഒരു കഥയിടമെന്നതു സംഭവങ്ങളുടെ ഇടമെന്നതിനപ്പുറം ആശയങ്ങൾ കൈമാറുന്ന മാധ്യമമായി മാറുന്നു.
- സുമംഗലയുടെ കഥകളിൽ കഥാപാത്രങ്ങൾ ചെയ്യുന്ന പ്രവൃത്തികൾ വിവിധ സാഹചര്യങ്ങളിൽ വ്യത്യസ്തങ്ങളായ ആശയങ്ങൾ പ്രകടിപ്പിക്കുന്നു. ഓരോരോ പ്രവൃത്തികളും പരസ്പരം ഇടപെട്ട് ആശയോൽപ്പാദനം സാധ്യമാക്കുകയാണ് ചെയ്യുന്നത്.
- അസാധ്യമായ പലതും സാധിച്ചുകൊണ്ടു കഥയിൽ ഭ്രമാത്മകത സൃഷ്ടിക്കുന്നതു സംഭവം/ക്രിയ എന്നിവയിലൂടെയാണ്.
- കഥാപാത്രങ്ങൾ, ഉപകഥാപാത്രങ്ങൾ എന്നിവയുടെ ഇടപെടൽ കഥ യിൽ ആഖ്യാനശൃംഖല നിർമ്മിക്കുന്നു. ഈ ആഖ്യാനശൃംഖലയ്ക്കു പുറത്തുനിന്നുകൊണ്ടാണ് എഴുത്തുകാരി സാരോപദേശം സംവേദനം ചെയ്യുന്നത്.
- മൃഗകഥാപാത്രങ്ങളിൽ നരരൂപാദാന സ്വഭാവം കാണാൻ സാധിക്കും. ബാലകഥകളുടെ ലക്ഷ്യം സാഹിത്യാസ്വാദനത്തോടൊപ്പം കുട്ടികളിൽ വിവിധ തരത്തിലുള്ള അറിവുകളും പകരുകയെന്നതായതിനാൽ നരരൂപാദാനരീതി സ്വാഭാവികമായി സുമംഗലയുടെ കഥകളിലും കാണുന്നു.
- എഴുത്തുകാരി ഇടപെടുന്ന ലോകം, ലോകാനുഭവം, ജീവിതകാലം, എന്നിവയുടെ പ്രതിഫലനം കഥകളിലെ കഥാപാത്രരൂപീകരണവുമായി നേരിട്ട് ബന്ധപ്പെടുന്നു. എഴുത്തുകാരിയുടെ ജീവിതകാല സൗന്ദര്യ സങ്കൽപ്പങ്ങൾ എഴുത്തിലും പ്രകടമാകുന്നുണ്ട്.

## കുറിപ്പുകൾ.

1. "റഷ്യൻ ഫോക് ലോറിസ്റ്റായ വ്ലാദിമർ പ്രോപ്പ് നാടോടിക്കഥകളിലെ ധർമ്മങ്ങളും റോളുകളും വേർതിരിച്ചെടുത്ത് രൂപാനുസാരിയായ പഠനത്തിന് ഒരുമ്പെട്ടു. ധർമ്മം എന്നത് കഥാപാത്രത്തിന്റെ പ്രവൃത്തിയാണ് കഥാഗതിയെ നിയന്ത്രിക്കുന്ന പ്രവൃത്തി എന്ന് പറയാം. കഥാപാത്രത്തെയും പ്രവൃത്തിയെയും കൂട്ടിയിണക്കി ചിന്തിക്കുന്നു എന്നതാണ് പ്രോപ്പിന്റെ സമീപനത്തിന്റെ പ്രത്യേകത. സാന്നിധ്യം, അഭാവം, അതിക്രമം, പ്രതിക്രിയ, പരിഹാരം, വിയോഗം, കണ്ടുമുട്ടൽ തുടങ്ങി 31 ധർമ്മങ്ങൾ പ്രോപ്പ് വേർതിരിക്കുകയുണ്ടായി. അപകടം/ വീണ്ടെടുക്കൽ, പോരാട്ടം / വിജയം എന്നിങ്ങനെയുള്ള പലതരം തുടർബന്ധങ്ങളും പ്രോപ്പ് നിർദേശിച്ചു.", അജു, കെ, നാരായണൻ. 'ഫോക്‌ലോർ പാഠങ്ങൾ പഠനങ്ങൾ'. 2011. പുറം -16.

2. ശ്രീകുമാർ. കെ. മലയാള ബാലസാഹിത്യ ചരിത്രം (ഭാഗം 1). 2021.പുറം -32.

3. വി കെ നാരായണൻ. "ബാലസാഹിത്യം". ആധുനിക മലയാള സാഹിത്യം പ്രസ്ഥാനങ്ങളിലൂടെ (എഡി : ഡോ കെ എം ജോർജ്ജ്). 2009. പുറം-841.

4. "In Wildness is the preservation of the World". Henry, David, Thoreau. Walking. Atlantic Monthly (Journal).1862. Page No-665.

# അധ്യായം മൂന്ന്

# കെ വി രാമനാഥന്റെ  ശാസ്ത്രാധിഷ്ഠിത കഥകളും നോവലുകളും

ബാലകഥാസാഹിത്യത്തിനു പുതുഭാവുകത്വം നൽകിയ വിഭാഗമാണു ശാസ്ത്രകഥാസാഹിത്യം. സാരോപദേശപ്രദമായ കഥകളിൽ നിന്നും തുടങ്ങിയ ബാലകഥകൾക്കു പുതു പ്രമേയങ്ങളാൽ ബൗദ്ധികഭാവനയുടെ വിശാലമായ ലോകം നൽകാൻ ശാസ്ത്രകഥകൾക്കു സാധിച്ചു. ആയിരത്തി തൊള്ളായിരത്തി അമ്പതുകൾക്കു ശേഷം മലയാളസാഹിത്യത്തിൽ ചെറുകഥയിലും നോവലിലും ഉണ്ടായ സർഗ്ഗാത്മകമായ പരീക്ഷണങ്ങളുടെ അനുരണനങ്ങൾ ബാല കഥകളിലും പ്രകടമാണ്. അതിന്റെ ഏറ്റവും നല്ല നിദർശനമാണു ബാല സാഹിത്യത്തിലെ ശാസ്ത്രകഥകളും ശാസ്ത്രനോവലുകളും. ആധുനിക, ആധുനികാനന്തരകാലഘട്ടത്തിൽ സമൂഹത്തിനുണ്ടാകുന്ന മാറ്റങ്ങൾ കുട്ടികളുടെ ജീവിതത്തിൽ നിന്നും അടർത്തിമാറ്റാൻ സാധിക്കില്ല. അതിനാൽ ഇത്തരം മാറ്റങ്ങളുടെ പ്രതിഫലനം സാഹിത്യത്തിലും സ്വാഭാവികമായും പ്രത്യക്ഷ പ്പെടുന്നു. ഇങ്ങനെ സമൂഹവും പൊതുധാരാസാഹിത്യവും അനുവർത്തിച്ചുവന്ന നവ ആശയങ്ങളെ കഥയിലും നോവലിലും പ്രത്യക്ഷപ്പെടുത്താൻ ബാലശാസ്ത്ര കഥാസാഹിത്യം പരിശ്രമിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഭാവുകത്വപരിണാമത്തെ യാഥാർത്ഥ്യമാക്കിയ ബാലശാസ്ത്ര കഥകളും ബാലശാസ്ത്രനോവലുകളും ബാലാഖ്യാനത്തിലും പുതിയ സാധ്യതകൾ കണ്ടെത്തി. ശാസ്ത്രകഥകളിലും ശാസ്ത്രനോവലുകളിലും ഇങ്ങനെ ഉണ്ടായ നവ രചനാരീതികൾ കണ്ടെത്താനും അവ കുട്ടികളുടെ വായനയിലും വളർച്ചയിലും വരുത്തുന്ന സ്വാധീനതയെ തിരിച്ചറിയാനുമാണ് ഈ അധ്യായത്തിൽ ശ്രമിക്കുന്നത്.

## 03.01.ശാസ്ത്രവും സാഹിത്യവും

സാഹിത്യം സമൂഹവുമായി ഇഴുകിച്ചേർന്നു കിടക്കുന്ന ഒരു സംവിധാനമാണ്. ശാസ്ത്രം നേരിട്ടു സംവദിക്കുന്നതും സമൂഹത്തോടാണ്. എന്നാൽ ശാസ്ത്രം സമൂഹത്തോടു സംവദിക്കുമ്പോൾ പലപ്പോഴും അതൊരു

മാധ്യമമോ ഉപകരണമോ ആകാറുണ്ട്. ശാസ്ത്രത്തിനു അടിസ്ഥാനപരമായ ചില സങ്കല്പങ്ങൾ ഉണ്ട്. ശാസ്ത്രത്തിന്റെ സങ്കല്പങ്ങളും സാഹിത്യത്തിന്റെ സൗന്ദര്യ സങ്കല്പങ്ങളും സമന്വയിക്കുന്ന രചനകളെ ശാസ്ത്രാഖ്യായികകൾ എന്നു വ്യവഹരിക്കാൻ സാധിക്കും. പരീക്ഷണാർത്ഥം തെളിയിക്കപ്പെട്ട വസ്തുതകളുടെ സാഹിത്യാവിഷ്കാരമാണു ശാസ്ത്രസാഹിത്യത്തിൽ കാണുന്നത്. സാഹിത്യ ത്തിൽ ശാസ്ത്രം ആവിഷ്കരിക്കപ്പെടുന്നത് വിവിധ രീതികളിലൂടെയാണ്. ദൃഢശാസ്ത്രകൃതികൾ, മൃദുശാസ്ത്രകൃതികൾ, ഭ്രമാത്മകകൃതികൾ എന്നിവയാണ് പ്രധാന ശാസ്ത്രസാഹിത്യരചനകൾ[1]. അടിസ്ഥാന ശാസ്ത്രശാഖകളായ രസതന്ത്രം, ഭൗതികശാസ്ത്രം, ജീവശാസ്ത്രം, ജ്യോതിശാസ്ത്രം, ജിയോളജി, ഗണിതം എന്നിവയുടെ സാങ്കേതിക വിവരണങ്ങൾ അടങ്ങിയ ശാസ്ത്രാഖ്യാനങ്ങളെയാണ് ദൃഢശാസ്ത്രകൃതികൾ എന്നു പറയുന്നത്. സാമൂഹികശാസ്ത്രം, മനഃശാസ്ത്രം, നരവംശ ശാസ്ത്രം, രാഷ്ട്രതന്ത്രം, ദൈവശാസ്ത്രം, ഭാഷാശാസ്ത്രം, പുരാവൃത്തം എന്നിവയുമായി ബന്ധപ്പെടുത്തി എഴുതുന്ന കഥകളെയും അനുമാനകഥകളെയും കെട്ടുകഥകളെയുമാണ് മൃദുശാസ്ത്രകൃതികളായി പരിഗണിക്കുന്നത്. ഭ്രമാത്മക കൃതികൾ അടിസ്ഥാനശാസ്ത്ര നിയമത്തിൽ നിന്നും വ്യത്യസ്തമായ സങ്കല്പങ്ങളെ അടിസ്ഥാനമാക്കി രചിക്കുന്നവയാണ്. ഭ്രമാത്മകകൃതിയിൽ ആവിഷ്കരിക്കുന്ന തത്വങ്ങളെ ശാസ്ത്രീയഫലമായി പരിഗണിക്കാൻ സാധ്യമല്ല. കാരണം ഭ്രമാത്മകകൃതികളിൽ മിത്തുകൾ, ജാലവിദ്യ, ഭ്രമാത്മകമായ മനോവ്യാപാരം തുടങ്ങിയ വിഷയങ്ങൾ ആഖ്യാനത്തിൽ ഇടകലർന്നു ചേർന്നിട്ടുണ്ടാകും.

## 03.02. മലയാളത്തിലെ ശാസ്ത്രസാഹിത്യം

ശാസ്ത്രവിഷയങ്ങൾ വസ്തുനിഷ്ഠമായ കണ്ടെത്തലുകളുടെ അടിസ്ഥാന ത്തിൽ സാമൂഹ്യ, സാംസ്കാരിക പ്രവർത്തനങ്ങളുടെ ഭാഗമാവാറുണ്ട്. അവ ശാസ്ത്ര സാഹിത്യം എന്നു വിവക്ഷിക്കപ്പെടുന്നു. ഗണിതം, വൈദ്യം, ഗോളശാസ്ത്രം, വാസ്തുശാസ്ത്രം, എന്നീ വിഷയങ്ങളിൽ നിരവധി കൃതികൾ കേരളത്തിൽ രചിച്ചിട്ടുണ്ട്. എന്നാൽ ആദ്യകാലത്ത് ഈ ശാസ്ത്രീയ വിഷയങ്ങൾ കൈകാര്യം ചെയ്തിരുന്നതു സംസ്കൃതത്തിൽ ആയിരുന്നു. എന്നാൽ പിന്നീട് നിരവധി ശാസ്ത്രലേഖനങ്ങൾ മലയാളത്തിൽ അച്ചടിച്ചിട്ടുണ്ട്. അതിനു പ്രധാനമായും സഹായകമായി നിലകൊണ്ടതു പാഠപുസ്തകകമ്മിറ്റിയും ആനുകാലികങ്ങ ളുമാണ്.

### 3.02.01. ശാസ്ത്ര സാഹിത്യത്തിന്റെ വിഭാഗങ്ങൾ

ശാസ്ത്രസാഹിത്യത്തെ രണ്ടു വിധത്തിൽ വിഭജിച്ചിരിക്കുന്നു. ഒന്ന്. വസ്തുനിഷ്ഠമായ അന്വേഷണത്തിന്റെ ഭാഗമായ രചനകൾ. രണ്ട്. ശാസ്ത്ര സ്വാധീനം സ്പഷ്ടമായി ദൃശ്യമാകുന്ന സർഗ്ഗാത്മക രചനകൾ. ആദ്യത്തെ വിഭാഗത്തിലെ കൃതികൾ ശാസ്ത്രീയമായ കണ്ടെത്തലുകളെ വിശദമാക്കുന്ന രചനകളാണ്. മലയാളസാഹിത്യത്തിൽ വൈവിധ്യമാർന്ന വിഷയങ്ങളിൽ നിരവധി ശാസ്ത്രഗ്രന്ഥങ്ങൾ ലഭിച്ചിട്ടുണ്ട്. വിജ്ഞാനം പകരുകയെന്നതാണു ശാസ്ത്രകൃതികളുടെ പ്രധാന ലക്ഷ്യം. ശാസ്ത്രീയമായ സൂക്ഷ്മതയും കൃത്യതയും പുലർത്തിക്കൊണ്ട് ഓരോ വായനക്കാർക്കും മനസ്സിലാകുന്ന രീതിയിൽ വിഷയം വിശദമാക്കുന്ന രീതിയാണു പൊതുവിൽ ശാസ്ത്രസാഹിത്യത്തിൽ ഉള്ളത്. കുട്ടികൾക്കും മുതിർന്നവർക്കുമുള്ള രചനകളിൽ ഈ സ്വഭാവം ഒരുപോലെ വർത്തിക്കുന്നു.

### 03.02.02. ശാസ്ത്രകഥകൾ

ശാസ്ത്രവിജ്ഞാനവും ശാസ്ത്രബോധവും കഥകളിലൂടെയും നോവലിലൂടെയും പ്രത്യക്ഷപ്പെടുന്നതാണ് സർഗ്ഗാത്മക ശാസ്ത്രരചനകളുടെ പൊതുസ്വഭാവം. അതിലെ കഥാപാത്രങ്ങളോ കഥാപശ്ചാത്തലമോ ശാസ്ത്രവുമായി ബന്ധപ്പെട്ടിട്ടുണ്ടാകും. പ്രമേയം ശാസ്ത്രവിജ്ഞാനവുമായോ ശാസ്ത്രസങ്കല്പവുമായോ ഇടപെടുന്നതായിരിക്കും. ശാസ്ത്രവിഷയങ്ങളെ അനുകൂലിച്ചും പ്രതികൂലിച്ചുമുള്ള എഴുത്തുകാരന്റെ വീക്ഷണങ്ങളും കൃതികളിൽ പ്രകടമാകുന്നു. മലയാള ചെറുകഥയിൽ മൂന്നു വിധത്തിൽ ശാസ്ത്ര സ്വാധീനം കാണാൻ സാധിക്കുമെന്ന് കെ ജയചന്ദ്രൻ അഭിപ്രായപ്പെടുന്നു. "1. കുറ്റാന്വേഷണശാസ്ത്രം, മനോ വിജ്ഞാനീയം, ജീവശാസ്ത്രം, വൈദ്യശാസ്ത്രം, എന്നീ ശാസ്ത്ര ശാഖകളുടെ ആന്തരമായ സ്വാധീനം കാണുന്ന കഥകൾ. 2. ഭൗതികം, സൈനികശാസ്ത്രം, നിയമം തുടങ്ങിയ ആധുനിക വിജ്ഞാനശാഖകളുടെ ബാഹ്യമായ സ്വാധീനമുള്ള കഥകൾ. 3. ശാസ്ത്രം കൈകാര്യം ചെയ്യുന്ന ഡോക്ടർമാർ, അഭിഭാഷകർ, അധ്യാപകർ, എൻജിനീയർമാർ, നഴ്സുമാർ എന്നിവർ കഥാപാത്രങ്ങളായി വരുന്ന കഥകൾ" (2011:152). മലയാളത്തിലെ ആദ്യ ശാസ്ത്രകഥയായി പരിഗണിക്കുന്നത് വേങ്ങയിൽ കുഞ്ഞിരാമൻ നായനാരുടെ 'ദ്വാരക' (1893)യാണ്. സ്വപ്ന

ഭ്രമാത്മകതയും ശാസ്ത്രവാസ്തവികതയും ആദ്യകാല ശാസ്ത്രകഥയായ 'ദ്വാരക'യിൽ കാണാൻ സാധിക്കും. തുടർന്നു മലയാളത്തിൽ ധാരാളം ശാസ്ത്രകഥകൾ ഉണ്ടായിട്ടുണ്ട്. വി കെ എൻ എഴുതിയ 'ഓട്ടോമേഷൻ' (1997), വൈശാഖൻ എഴുതിയ 'ഹോമോസാപ്പിയം' (2001), എൻ പി മുഹമ്മദ് എഴുതിയ 'വിഷാണുക്കൾ' (2003) തുടങ്ങിയവ മലയാളത്തിലെ ശാസ്ത്ര കഥകളുടെ വൈവിധ്യങ്ങളുടെ ഉദാഹരണങ്ങളാണ്.

### 03.02.03. ശാസ്ത്രനോവൽ

ആധുനികതയുടെ നൂതനപ്രവണത ശാസ്ത്രസാഹിത്യത്തിലും പ്രകട മാകുന്നതിന്റെ ഫലമാണു ശാസ്ത്രനോവലുകൾ. കല്പിതകഥയുടെ ആവിഷ്കാരമാണ് ശാസ്ത്രനോവലിലും കാണുന്നത്. ശാസ്ത്രത്തിലെ വിഭിന്ന തലങ്ങളിലെ വിഷയങ്ങളാണ് ശാസ്ത്ര നോവലിലെ പ്രതിപാദ്യവിഷയം. ശാസ്ത്ര വിഷയങ്ങളിലെ സാങ്കേതികതയെ ഭാവിസങ്കല്പങ്ങളോടു ചേർത്തുനിർത്തി ഭാവനാത്മകമായി അവതരിപ്പിക്കുന്ന രീതിയാണ് പൊതുവെ ശാസ്ത്രനോവലിൽ കാണുന്നത്.

### 03.02.04. ശാസ്ത്രകല്പിതകഥകൾ

ശാസ്ത്രവിഷയങ്ങൾ വിചാരത്തെ അടിസ്ഥാനമാക്കിയാണ് നില കൊള്ളുന്നത്. കഥയും നോവലും വികാരത്തെ മുൻനിർത്തി നിലനിൽക്കുന്ന സാഹിത്യരൂപമാണ്. വികാരത്തിലും വിചാരത്തിലും നിലനിൽക്കുന്ന വൈരുദ്ധ്യങ്ങളെ ഇല്ലാതാക്കി ശാസ്ത്രത്തെയും ഭാവനയെയും സംയോജിപ്പിക്കുന്ന സർഗ്ഗാത്മക രചനയാണ് ശാസ്ത്ര കല്പിതകഥകൾ. ശാസ്ത്രകല്പിത കഥകൾക്കുള്ള പൊതുധാരണ അതിന്റെ ചാലകശക്തി ശാസ്ത്രമായിരിക്കണമെന്നതും അതു പ്രവചനാതീതമായിരിക്കണമെന്നതുമാണ്. സാഹിത്യത്തിലെ ശാസ്ത്രജ്ഞാനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ശാസ്ത്രത്തെകുറിച്ചുള്ള അഗാധമായ പാണ്ഡിത്യ മില്ലെങ്കിലും സാമാന്യമായ അറിവെങ്കിലും ഉണ്ടായിരിക്കണമെന്നതാണ്. ഭാവിയിൽ യാഥാർത്ഥ്യമായേക്കാവുന്ന പലതിന്റെയും അവതരണത്തിലൂടെ കല്പിതകഥകൾ പ്രവചനാത്മകതയുടെ സ്വഭാവമുൾക്കൊള്ളുന്നു. ഇതു ശാസ്ത്രജ്ഞൻമാർക്കും വായനക്കാർക്കും പ്രചോദനമാകുന്നതിനൊപ്പം നവചിന്തകളിലേക്കുള്ള മാർഗ്ഗദർശിയായും മാറുന്നു.

## 03.03. കുട്ടികളുടെ ശാസ്ത്രസാഹിത്യം

കുട്ടികളുടെ ഭാവനയെയും സാഹിത്യത്തെയും ശാസ്ത്രീയമായ കാഴ്ചപ്പാടിന്റെ അടിത്തറയിൽ നോക്കിക്കാണുന്നതു ബാലസാഹിത്യത്തിന്റെ ഭാഗമാണ്. മലയാള ശാസ്ത്രസാഹിത്യചരിത്രത്തിൽ ബാലശാസ്ത്രകൃതികൾക്കു സുപ്രധാന പങ്കു വഹിക്കാൻ സാധിച്ചിട്ടുണ്ട്. ബാലസാഹിത്യത്തിൽ ശാസ്ത്ര സാഹിത്യത്തിനു ലഭിച്ച പ്രാധാന്യം ഇതിന്റെ ഫലമാണ്. ആദ്യകാലത്തു കുട്ടികൾക്കുവേണ്ടി രചിച്ച ശാസ്ത്രകൃതികളിലേറെയും വൈജ്ഞാനികവും സാംസ്കാരികവുമായ പ്രബോധനം ഉൾക്കൊള്ളുന്നതായിരുന്നു. കേരളവർമ്മ വലിയകോയിത്തമ്പുരാൻ എഴുതിയ 'വിജ്ഞാന മഞ്ജരി'യിൽ ആധുനിക വൈജ്ഞാനിക സാഹിത്യം, ശാസ്ത്രം എന്നിവ ലളിതമായി പ്രതിപാദിച്ചിട്ടുണ്ട്. ചരിത്രം, ജീവചരിത്രം, മതം, ശാസ്ത്രം, ഗണിതം, ഭാഷ, വ്യാകരണം, നിഘണ്ടു, ലക്ഷണഗ്രന്ഥങ്ങൾ, നർമ്മോപന്യാസങ്ങൾ, വിജ്ഞാനകോശം, സാഹിത്യ ചരിത്രം തുടങ്ങി നിരവധി കൃതികൾ ഇന്നു ലഭ്യമാണ്. ബാലസാഹിത്യചരിത്രം പരിശോധിച്ചാൽ തുടക്കത്തിൽ കഥയ്ക്കും നോവലിനും കിട്ടിയ സഹൃദയ സ്വീകാര്യത ശാസ്ത്രകൃതികൾക്കു ലഭിച്ചിരുന്നില്ല. എന്നാൽ കുട്ടികളിൽ ശാസ്ത്രബോധം വളർത്തുക വളരെ പ്രാധാന്യമുള്ള ഒരു വിഷയമാണെന്ന് എല്ലാ ബാലസാഹിത്യകാരും മനസ്സിലാക്കിയിരുന്നു. ആധുനികതയുടെ ഫലമായി സയൻസ് ഫിക്ഷനുകളുടെ പരീക്ഷണം ബാലസാഹിത്യത്തിലും നടത്തുവാൻ എഴുത്തുകാർ പരിശ്രമിച്ചതിന്റെ ഫലമായി മലയാളത്തിലും നിരവധി ശാസ്ത്ര കഥകളും ശാസ്ത്രനോവലും ഉണ്ടായിട്ടുണ്ട്.

മലയാളത്തിലെ ബാലശാസ്ത്രകഥകളിൽ എസ് ശിവദാസൻ രചിച്ച കൃതികൾ ഇതിൽ എടുത്തു പറയേണ്ടതാണ്. സാമൂഹിക വിഷയങ്ങളും ശാസ്ത്ര വിഷയങ്ങളും ഹ്രസ്വ കഥകളിലൂടെയും ദീർഘ കഥകളിലൂടെയും അദ്ദേഹം വിവരിച്ചിട്ടുണ്ട്. പൂക്കളെക്കുറിച്ചു അറിവു പകരുന്ന കഥയാണ് 'പൂവേ പൊലി പൂവേ'(2022), ക്ലാസ്സുറിയിൽ നടത്തുന്ന സംഭാഷണങ്ങളിലൂടെ ശാസ്ത്രവിജ്ഞാനം പകരുന്ന 'വീട് നല്ല വീട്'(2022), 'വാ വാ വായു'(2022), 'വട്ടൻ കുട്ടിരാമൻ പഠിച്ച ആഹാര രഹസ്യങ്ങൾ'(2022), 'പക്ഷിക്കഥകളും പക്ഷിരഹസ്യവും' എന്നിവയും ശ്രദ്ധേയമാണ്.

### 03.03.01. ബാലശാസ്ത്രകഥകളും ബാലശാസ്ത്രകല്പിതകഥകളും

വൈജ്ഞാനിക മേഖലയിലെ എല്ലാ വിഷയങ്ങളെയും കൈകാര്യം ചെയ്യുന്ന ബാലശാസ്ത്രകൃതികൾ ഇന്നു മലയാളത്തിൽ ലഭ്യമാണ്. കഥകളോടൊപ്പം നിലനിന്നുകൊണ്ടു കഥകളെപ്പോലെ ആസ്വാദനം പകരാൻ പലപ്പോഴും ഇവയ്ക്കു കഴിയാറില്ല. അത്ഭുതവും ആകാംക്ഷയും നിറച്ചുകൊണ്ടു ഭാവനാപൂർണ്ണമായ ഒരു വായനാനുഭവമാണു കുട്ടികൾ ആഗ്രഹിക്കുന്നത്. പലപ്പോഴും അറിവു പകരാൻ മാത്രമുള്ള ഗ്രന്ഥങ്ങൾ പാഠപുസ്തകത്തിന്റെ സ്വഭാവമാണ് പ്രകടമാക്കുക. സാഹിത്യമെന്നതിന്റെ ആത്യന്തിക ലക്ഷ്യം ആസ്വാദനമാണെന്നിരിക്കെ വിജ്ഞാനപ്രദമായ ഗ്രന്ഥങ്ങളും വായനക്കാരിൽ രസമുകുളങ്ങൾ ഉണർത്താൻ പര്യപ്തമായിരിക്കണം. ബാലശാസ്ത്രരചനകൾ നേരിടുന്ന വെല്ലുവിളിയും ഇതു തന്നെയാണ്.

#### 03.03.01.01. ബാലശാസ്ത്രകഥകൾ

ബാല്യകൗമാരങ്ങളുടെ ഭാവനാലോകത്തെ അടിസ്ഥാനമാക്കിയും പ്രമേയത്തിൽ കാലോചിതമായ ശാസ്ത്രമാറ്റങ്ങൾക്കനുസൃതമായ വ്യതിയാനങ്ങൾ വരുത്തിയുമാണ് ഓരോ ബാലശാസ്ത്രരചനയും നിലനിൽക്കുന്നത്. ലൗകിക ജീവിതത്തിൽ ഉണ്ടാകുന്ന ത്വരിതമായ മാറ്റങ്ങളെ അവതരിപ്പിക്കാൻ പഴയ അസുരന്മാരുടെയും രാക്ഷസന്മാരുടെയും കഥകൾ കൊണ്ട്മാത്രം സാധ്യമല്ല എന്ന ബോധ്യമാണ് ബാലശാസ്ത്രകഥകൾക്ക് അടിത്തറ പാകുന്നത്. അനുനിമിഷം വികസിക്കുന്ന വിജ്ഞാനകാലഘട്ടത്തിൽ കുട്ടികൾക്ക് ആശാവഹമായ ആസ്വാദനതലം നൽകാൻ സാരോപദേശകഥകൾ കൊണ്ടു മാത്രം മതിയാവില്ല എന്ന തിരിച്ചറിവ് ശാസ്ത്രകഥകൾക്കു പ്രാധാന്യം ലഭിക്കാൻ കാരണമായി. ബാലസാഹിത്യശാഖയിലെ കഥാസ്വാദനതലത്തെ പൂർണ്ണതയിലെത്തിക്കാനും ഇത്തരം രചനകൾ കൊണ്ട്സാധ്യമാകുന്നു. കുട്ടികളുടെ സർഗ്ഗഭാവനയെ കൂടുതൽ സമകാലികമാക്കുവാൻ ശാസ്ത്രകഥകൾക്കു കഴിയുന്നുണ്ട്.

#### 03.03.01.02. ശാസ്ത്രകല്പിതകഥ.

ശാസ്ത്രസത്യങ്ങളെയും സങ്കല്പങ്ങളെയും പ്രതികരണങ്ങളെയും ഉപജീവിച്ചുകൊണ്ട് എഴുതുന്നവയാണ് ശാസ്ത്രകല്പിതകഥകൾ അഥവാ സയൻസ് ഫിക്ഷൻ.

ബാലശാസ്ത്രകല്പിതകഥകൾ ആത്യന്തികമായ ചില ലക്ഷ്യങ്ങൾ കേന്ദ്രീകരിച്ചാണ രചിച്ചിട്ടുള്ളത്. അതിനനസൃതമായ ഭാഷയും സ്വഭാവവുമാണ കൃതികളിൽ ഉൾപ്പെടുത്തുന്നതും. "ജിജ്ഞാസ വർദ്ധിപ്പിക്കുക, ഉദ്വേഗമുണർത്തുക, വിസ്മയം വിജ്യംഭിതമാക്കുക, ആരോഗ്യകരമായ മാനസിക ഭാവങ്ങൾ വികസിപ്പിക്കുക മുതലായ ലക്ഷ്യങ്ങൾ ഒത്തുചേരുമ്പോഴാണ് കുട്ടികൾക്കുള്ള ശാസ്ത്രീയ സങ്കല്പകഥകൾ (സയൻസ് ഫിക്ഷൻ) വിജയിക്കുന്നത്"(1992:08) എന്ന ഡോ എം ലീലാവതിയുടെ അഭിപ്രായത്തെ ബാലശാസ്ത്രകല്പിത കഥാ പഠനത്തിന്റെ അടിസ്ഥാന മാനദണ്ഡമായി സ്വീകരിക്കാം. കേവലം ശാസ്ത്രസാഹിത്യകൃതികളിൽ നിന്നും ശാസ്ത്രകല്പിതകഥകളെ വേർതിരിക്കുന്നത് ഈ അടിസ്ഥാന തത്ത്വങ്ങളുടെ പ്രയോഗങ്ങളാണ്.

## 03.04. ബാലശാസ്ത്രകഥകളിലെ പ്രമേയം

മലയാളത്തിലെ ബാലശാസ്ത്രകഥകളുടെ പൊതുസ്വഭാവം ശാസ്ത്ര വിഷയങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുകയെന്നതാണ്. ഈ ലക്ഷ്യത്തിൽ എത്തിച്ചേരാൻ വ്യത്യസ്തമായ ആഖ്യാനരീതികളാണ് ഓരോ എഴുത്തുകാരും ഉപയോഗിക്കുന്നത്. പ്രധാനമായും മൂന്ന തലങ്ങളെ സ്പർശിച്ചു കൊണ്ടുള്ള ശാസ്ത്രജ്ഞാനമാണ് കഥകളിലൂടെ പകരുന്നത്. ഒന്ന് മനുഷ്യനമായി ബന്ധപ്പെട്ടത്, രണ്ട് ജീവികളുമായി ബന്ധപ്പെട്ടത്, മൂന്ന് സമൂഹവുമായി ബന്ധപ്പെട്ടത്.

മനുഷ്യനമായി ബന്ധപ്പെട്ട കഥകളിലധികവും കുട്ടികളുടെ ധൈഷണിക വളർച്ചയെ ലക്ഷ്യം വച്ചുകൊണ്ടു യുക്തിപൂർവ്വം ആശയങ്ങളെ സംവേദനം ചെയ്യുന്നവയാണ്. കൂടാതെ മനുഷ്യ ശരീരത്തെക്കുറിച്ചും ആരോഗ്യ സംരക്ഷണത്തെക്കുറിച്ചും അറിവു പകരുന്ന കഥകളും ധാരാളമുണ്ട്. ഭാഷാ ജ്ഞാനം പകരുകയും ഭാഷാപരിചയം നേടാൻ സഹായിക്കുന്ന കൃതികളും മനുഷ്യനെന്ന നിലയിൽ നേടേണ്ട വിജ്ഞാനത്തെ നേടിയെടുക്കുവാൻ സഹായിക്കുന്ന കൃതികളും മലയാള ബാലശാസ്ത്രകഥകളിൽ ഉൾപ്പെടുന്നുണ്ട്. മൃഗങ്ങളെയും പക്ഷികളെയും മറ്റു ജീവജാലങ്ങളെയും അടിസ്ഥാനമാക്കി നിരവധി കഥകൾ ബാലസാഹിത്യത്തിന്റെ തുടക്കം മുതൽ തന്നെ കാണാൻ സാധിക്കും. എന്നാൽ അവ ശാസ്ത്ര സംബന്ധമായരചനകളായി മാറുന്നത്

ജീവജാലങ്ങളെക്കുറിച്ച് അറിവ് പകരുന്ന രചനകളാകുമ്പോഴാണ്. മൃഗങ്ങളെ കഥാപാത്രമാക്കുക മാത്രമല്ല മൃഗങ്ങളെക്കുറിച്ചു വിജ്ഞാനം പകർന്നു ജീവികളെ അടുത്തറിയാൻ സഹായിക്കുന്ന മികച്ച ശാസ്ത്രകഥകളും മലയാളത്തിലുണ്ട്. സമൂഹവുമായി ബന്ധപ്പെട്ട ശാസ്ത്രകഥകൾ വ്യത്യസ്തമായ പ്രമേയങ്ങളാൽ സമ്പന്നമാണ്. സാമൂഹിക മാറ്റങ്ങളെ പ്രതിനിധാനം ചെയ്യുന്ന രചനകൾ ഇവയിൽ സവിശേഷശ്രദ്ധ ആവശ്യപ്പെടുന്നുണ്ട്. ലിംഗപരമായ വ്യത്യാസങ്ങളെ ഇല്ലാതാക്കാൻ സഹായിക്കുന്ന പ്രമേയങ്ങൾ, വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ ഉയർത്തിക്കാണിക്കുന്നവ എന്നിവ സാമൂഹിക സാഹചര്യങ്ങളോട് ഇടപെടുന്ന കഥകളാണ്. കൂടാതെ ഗണിതം, ഭൗതിക ശാസ്ത്രം, ചലച്ചിത്രം, പാചകം, പരിസ്ഥിതിവിജ്ഞാനം തുടങ്ങി നിരവധി പ്രമേയങ്ങൾ സമൂഹത്തെ അടിസ്ഥാനമാക്കി രചിച്ചിട്ടുള്ള മലയാള ബാലശാസ്ത്രകഥകളുടെ ഭാഗമായിട്ടുണ്ട്.

ഓരോ എഴുത്തുകാരുടെയും ആഖ്യാനരീതിയാണ് ശാസ്ത്രരചനകളുടെ വ്യതിരിക്തതയ്ക്ക് അടിസ്ഥാനം. പ്രമേയാധിഷ്ഠിതമായ ആഖ്യാനപഠനത്തിന് ഇതേറെ സാധ്യതകൾ തുറന്നുതരുന്നു. വ്യത്യസ്തമായ പ്രതിപാദന രീതികളിലൂടെ ശാസ്ത്രകഥകളെഴുതിയ സാഹിത്യകാരനാണ് കെ വി രാമനാഥൻ. അദ്ദേഹത്തിന്റെ രചനകൾ മലയാളത്തിലെ ബാലശാസ്ത്രാഖ്യായികളുടെ ചരിത്രത്തെയും സ്വഭാവത്തെയും പ്രത്യക്ഷപ്പെടുത്തുന്നുണ്ട്.

## 03.05. കെ വി രാമനാഥന്റെ രചനാലോകം

മലയാളത്തിലെ ബാലശാസ്ത്ര കഥകൾക്കും ബാലശാസ്ത്രകല്പിത കഥകൾക്കും കൃത്യമായ ഒരു ദിശാബോധം നൽകിയവയാണ് കെ വി രാമനാഥന്റെ രചനകൾ. 'അപ്പുക്കുട്ടനും ഗോപിയും'(1961) എന്ന നോവൽ ആണ് അദ്ദേഹം ആദ്യം രചിച്ചത്. 'കമാൻഡർ ഗോപി' (1966), 'ആമയും മുയലും ഒരിക്കൽക്കൂടി' (1968), 'മുന്തിരിക്കുല' (1981), 'അത്ഭുത വാനരന്മാർ' (1986), , 'അജ്ഞാത ലോകം'(1987), 'രാജുവും റോണിയും' (1990), 'അത്ഭുത നീരാളി' (1992), 'കളിമുറ്റം' (1994), 'കുഞ്ഞുറുമ്പും കുളക്കോഴിയും' (1996), 'സ്വർണ്ണ മുത്ത്' (2010), 'തെരഞ്ഞെടുത്ത ബാലസാഹിത്യകഥകൾ' (2012), 'അദൃശ്യ മനുഷ്യൻ' (2023) എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ.

കെ വി രാമനാഥൻ രചിച്ച 'അപ്പുക്കുട്ടനും ഗോപിയും' എന്ന ബാല ശാസ്ത്രനോവൽ കുട്ടികളുടെ ഭാവുകത്വത്തിനു പുതിയ ഉണർവ്വു നൽകിയ കൃതിയാണ്. കുട്ടികൾ ആർജ്ജിക്കേണ്ട അറിവുകളെ അവരുടെ മാനസിക വ്യതിയാനങ്ങൾക്കനുസൃതമായി രൂപപ്പെടുത്തി രചിച്ച നോവലാണിത്.

'കമാൻഡർ ഗോപി' ശാസ്ത്രവിജ്ഞാനം നേരിട്ടു പകരുന്ന നോവലാണ്. 'അപ്പുക്കുട്ടനും ഗോപിയും' എന്ന നോവലിന്റെ ഒരു ഉപനോവലാണിത്. ഉറുമ്പുകളായി നടന്ന കാലത്തു ഗോപി കാണിച്ച സാമർത്ഥ്യവും ധൈര്യവും അപ്പുക്കുട്ടൻ ഓർക്കുന്ന രീതിയിൽ രചിച്ച ഈ നോവൽ ഉറുമ്പുകളുടെ ജീവിത രീതിയെ കുറിച്ചു കൂടുതൽ അറിവു പകരുന്നു. ശാസ്ത്രീയമായ അറിവിടങ്ങൾ തത്വപരമായി വിശദീകരിക്കുമ്പോഴും കുട്ടികൾക്കു വന്നു ചേരാവുന്ന പ്രതിസന്ധി ഘട്ടങ്ങളിൽ മുറുകെ പിടിക്കേണ്ട മൂല്യബോധങ്ങളെ ഗോപിയുടെ പ്രവൃത്തികളിലൂടെ നോവൽ സംവദിക്കുന്നുണ്ട് .

'ആമയും മുയലും ഒരിക്കൽ കൂടി' എന്ന കഥാസമാഹാരത്തിൽ പറഞ്ഞു പതിഞ്ഞ ചില കഥകൾക്കു കാലോചിതമായി സംഭവിക്കേണ്ട മാറ്റങ്ങളെ പ്രമേയത്തിലുൾപ്പെടുത്തി കഥകൾക്കു നൂതന ഭാവം സൃഷ്ടിക്കുന്നുണ്ട്. പഴയ കൃതികൾക്കെല്ലാം യുക്തിസഹമായ വിശദീകരണങ്ങളാണ് ഈ സമാഹാരത്തിലെ കഥകളിലൂടെ സാധ്യമാക്കിയിരിക്കുന്നത്.

'മുന്തിരിക്കുല' എന്ന കൃതിയിലെ കഥകൾ ജീവിതം കൂടുതൽ ക്ലേശ സങ്കീർണ്ണവും സാംസ്കാരികാന്തരീക്ഷം കൂടുതൽ മലീമസവും വിഷമയവുമായി ക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വളരാനും ഉയരാനും ആഗ്രഹിക്കുന്ന ഇളം തലമുറയ്ക്കു നൈതികതയുടെ വഴികൾ വിശദീകരിക്കുന്ന രചനകളാണ്. ഈ സമാഹാരത്തിലെ 'കുറുക്കനും മുന്തിരിങ്ങയും കൊച്ചുമോളും' എന്ന കഥയിൽ "കിട്ടാത്ത മുന്തിരി പുളിക്കും" എന്ന ശൈലിയുടെ ഉത്ഭവകഥയെ യുക്തിപൂർവ്വം പുനർചിന്തയ്ക്കു വഴിയൊരുക്കുന്നു. കാലത്തിനനുസരിച്ചു പഴയ കഥകളെ ശാസ്ത്രീയമായി വീക്ഷിക്കണമെന്ന സന്ദേശം ഈ കഥ പകരുന്നു.

രാമു എന്ന കഥാപാത്രത്തിലൂടെ പഴയകാലത്തിന്റെ സാമൂഹികവും ശാസ്ത്രസംബന്ധവുമായ വിഷയങ്ങൾ അവതരിപ്പിക്കുന്ന കഥകളുടെ സമാഹാരമാണ 'കളിമുറ്റം'. ഇതിലെ ഓരോ കഥയും എഴുത്തുകാരൻ കുട്ടികളോടു

സംവദിക്കുന്ന രീതിയിൽ രചിച്ചതാണ്. 'കരിവണ്ടിയുടെ കാലം' എന്ന കഥയിൽ കൽക്കരികൊണ്ടു പ്രവർത്തിച്ചിരുന്ന ആദ്യകാലബസ്സ്, മോട്ടോർകാർ എന്നിവയെ പരിചയപ്പെടുത്തുന്നു. അതുപോലെ വ്യത്യസ്തമായ കഥകളിലൂടെ ആണവയുദ്ധത്തെക്കുറിച്ചും പഴയ സിനിമ പ്രദർശനത്തെക്കുറിച്ചും എഴുത്തുകാരൻ കുട്ടികളോടു സംവദിക്കുന്നുണ്ട്.

ബാലസാഹിത്യത്തിലെ പരിചിതമേഖലയായ മൃഗകഥകൾക്കു വ്യത്യസ്തമായ പരിവേഷം നൽകി രചിച്ച കൃതിയാണ് 'രാജുവും റോണിയും'. ജന്തുജീവി സ്നേഹം പ്രകടമാക്കുന്നതിനൊപ്പം ഈ നോവൽ കുറ്റാന്വേഷണ പരവും ബാലമനോവ്യാപാരാധിഷ്ഠിതവുമാണ്. കുട്ടികൾക്കു സാരോപദേശ പ്രദമായ സന്ദേശം നൽകുന്ന നോവലാണ് 'സ്വർണ്ണ മുത്ത്'. ഈ നോവലിൽ തെറ്റിൽ നിന്നും ശരിയിലേക്കു ഉയരുന്ന മാനവസ്നേഹത്തെക്കുറിച്ചു പറയുന്നു.

'തെരഞ്ഞെടുത്ത ബാലസാഹിത്യ കഥകൾ' എന്ന കഥാസമാഹാരത്തിൽ കഥകളെ രണ്ടു ഭാഗങ്ങളിലായി ക്രമീകരിച്ചിട്ടുണ്ട്. ആദ്യഭാഗത്ത് സ്വതന്ത്ര കഥകളും രണ്ടാംഭാഗത്തു പുനരാഖ്യാനങ്ങളുമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. ആദ്യഭാഗത്ത് സമാഹരിച്ച കഥകൾ പലതും ഹ്രസ്വവും ശാസ്ത്രസാമൂഹിക വിഷയങ്ങൾ ചർച്ച ചെയ്യുന്നവയാണ്. ഈ ഭാഗത്തിലെ 'ടിറ്റുവും ‌റിറ്റുവും' എന്നത് അഞ്ചു ഹ്രസ്വകഥകളാണ്. 'വീട്ടുകാരനും വിരുന്നുകാരനും' എന്ന കഥ എട്ടുകാലി വലകെട്ടി ഇരപിടിക്കുന്ന തന്ത്രത്തെ വിശദമാക്കുന്നു. രണ്ടാംഭാഗത്തിൽ പ്രചാരത്തിലുള്ള കുട്ടിക്കഥകൾ പുനരാവിഷ്കരിച്ചവയാണ്. 'ആമയും കുരങ്ങനും ഒരിക്കൽ കൂടി', 'പഴയ കൊറ്റിയും പുതിയ കുറുക്കനും', 'ആമയും മുയലും ഒരിക്കൽകൂടി', 'പഴയ കുറുക്കനും പുതിയ കാക്കയും' എന്നീ കഥകൾ ഈ വിഭാഗത്തിലുൾപ്പെടുന്നുണ്ട്.

കെ വി രാമനാഥൻ തന്റെ രചനകളിൽ ഇത്തരത്തിൽ കാലോചിതമായ പ്രമേയപരിവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ശാസ്ത്രചിന്തയേയും, മന:സംസ്കരണ ത്തെയും, മൂല്യബോധത്തെയും ഒന്നിച്ചുൾപ്പെടുത്തിയുള്ള അദ്ദേഹത്തിന്റെ രചനകൾ ബാലസാഹിത്യത്തിലെ ആഖ്യാനപരിണാമത്തിന്റെ ഉദാഹരണങ്ങൾ കൂടിയാണ്. അദ്ദേഹത്തിന്റെ എല്ലാ കൃതികളിലും ശ്രദ്ധയോടു

കൂടി ഉൾപ്പെടുത്തുന്ന ഒരു ഘടകം ബാലരചനകളുടെ തത്വവും അതിന്റെ പ്രയോഗവുമാണ്.

ഈ പഠനത്തിൽ ബാലശാസ്ത്രകഥകളിലെയും നോവലിലെയും ആഖ്യാന സവിശേഷതകളെ കെ വി രാമനാഥൻ എഴുതിയ ശാസ്ത്രകഥകളേയും ശാസ്ത്ര നോവലുകളേയും മുൻനിർത്തി അന്വേഷിക്കുന്നു. ശാസ്ത്രകഥാപഠനത്തിനായി തെരഞ്ഞെടുത്ത ബാലശാസ്ത്രകഥകളും ശാസ്ത്രനോവൽ പഠനത്തിനായി 'അപ്പുക്കുട്ടനും ഗോപിയും', 'കമാൻഡർ ഗോപി' എന്നിവയും ശാസ്ത്രകല്പിത നോവൽ പഠനത്തിനായി 'അത്ഭുത വാനരന്മാർ', 'അത്ഭുത നീരാളി' എന്നിവയും വിശകലനം ചെയ്യുന്നു.

കെ വി രാമനാഥൻ എഴുതിയ ശാസ്ത്രകഥകളെ പ്രമേയമനുസരിച്ച് നിരീക്ഷിക്കുമ്പോൾ ഇവ പ്രധാനമായും രണ്ടു രീതികളാണ് പിന്തുടരുന്നതെന്ന് മനസ്സിലാക്കാം. ഒന്ന് ശാസ്ത്രീയ വിജ്ഞാനം നേരിട്ടു പകരുന്ന കഥകൾ മറ്റൊന്ന് ശാസ്ത്രീയ വിജ്ഞാനം ഭാവനാത്മകമായി അവതരിപ്പിക്കുന്ന കല്പിതകഥകൾ. ഈ രണ്ടു രചനാരീതികളിലും ബാലശാസ്ത്ര രചനയുടെ പ്രായോഗിക മാതൃകകൾ കാണാൻ സാധിക്കും.

## 03.06. കെ വി രാമനാഥന്റെ ശാസ്ത്രകഥകൾ

ശാസ്ത്ര വിജ്ഞാനം നേരിട്ടു കഥകളിലൂടെയും നോവലിലൂടെയും പറയുന്ന രചനകളെയാണ് ശാസ്ത്രകഥകൾ എന്നു വ്യവഹരിക്കുന്നത്. ശാസ്ത്രത്തിലെ വിവിധ വിഷയങ്ങളുടെ ആവിഷ്കാരം വ്യത്യസ്തമായ ആഖ്യാനരീതികളിലൂടെ ആവിഷ്കരിക്കാൻ കെ വി രാമനാഥൻ ശ്രമിക്കുന്നു. മൂന്നു പ്രധാന രീതികളാണ് ശാസ്ത്രകഥകൾ രചിക്കാൻ അവലംബിച്ചിട്ടുള്ളത്. ഒന്ന് ജന്തുകഥകളിലൂടെ ശാസ്ത്രവിവരങ്ങൾ കൈമാറുന്നവ, രണ്ട് കേവലവിജ്ഞാനം പകരുന്നവ, മൂന്ന് യുക്ത്യധിഷ്ഠിത കഥകൾ. ഈ മൂന്ന് വിഭാഗങ്ങളിലും ശാസ്ത്രവിഷയങ്ങൾ കണിശതയോടെ ഉൾച്ചേർന്നിട്ടുണ്ട്.

### 03.06.01. ജന്തുകഥകൾ

വിജ്ഞാനം പകരുക, യുക്തിചിന്ത വളർത്തുക, ബുദ്ധി പൂർവ്വമുള്ള പ്രവൃത്തികളെ പ്രോത്സാഹിപ്പിക്കുക, കുട്ടികളിൽ സദ്ചിന്ത പകരുക എന്നിവ

കെ വി രാമനാഥൻ എഴുതിയ ജന്തുകഥകളുടെ പൊതുസ്വഭാവമാണ്. ജീവികളെ കഥാപാത്രങ്ങളാക്കിയും ജന്തുക്കളുടെ ജീവിതരീതികളെ നേരിട്ട് അവതരിപ്പിച്ചുമാണ് ജന്തുശാസ്ത്രകഥകൾ ആഖ്യാനം ചെയ്യുന്നത്. സാരോപദേശ പ്രദമായ വിവരങ്ങൾ കൈമാറാനും മൃഗകഥകളെ അദ്ദേഹം ഉപയോഗിക്കുന്നു. ജന്തുകഥകളുടെ ആഖ്യാനസവിശേഷതകളെ പരിശോധിക്കുമ്പോൾ അവ ഏതു പ്രായമനുസരിച്ചുള്ള കുട്ടികൾക്കുള്ള ശാസ്ത്രരചനകളാണ് എന്ന നിലയിൽ അവയെ വിശകലന വിധേയമാക്കാൻ സാധിക്കും.

ചെറുജീവികളെ കഥാപാത്രമാക്കി രചിക്കുന്ന കഥകൾ പലപ്പോഴും ജീവശാസ്ത്രപരമായ വിജ്ഞാനം പങ്കുവയ്ക്കാനാണ ശ്രമിക്കുന്നത്. ടിറ്റു, രിറ്റു എന്നീ തവളക്കുഞ്ഞുങ്ങളെ കേന്ദ്രീകരിച്ചുള്ള അഞ്ചു കഥകൾ ഇത്തരത്തിലുള്ളതാണ്. ആദ്യ കഥയിൽ മണ്ണിരയെക്കുറിച്ചും അവർ നിർമ്മിക്കുന്ന മൺകൂനയെക്കുറിച്ചും പറയുന്നു. രണ്ടാമത്തെ കഥയിൽ തവളക്കുഞ്ഞായ രിറ്റുവിന്റെ ഇരയെ ക്കുറിച്ചാണ് വിവരിക്കുന്നത്. തന്നെ ആക്രമിക്കാൻ ശേഷിയുള്ള തേനീച്ചയെ ഭക്ഷണമാക്കാൻ ശ്രമിച്ചപ്പോൾ അത് ആപത്തിൽ കലാശിച്ച സംഭവത്തെ വിവരിച്ചുകൊണ്ട് ഓരോ ജീവികളുടെയും ഭക്ഷണ/ഇര സമ്പാദന രീതികളെ ക്കുറിച്ചു ശാസ്ത്രീയ വിവരണം പകരാൻ ഈ കഥയ്ക്കു കഴിയുന്നു. മൂന്നാമത്തെ കഥ രണ്ടാമത്തെ കഥയുടെ ആശയത്തിന്റെ വ്യത്യസ്തമായ പരിച്ഛേദമാണ്. രണ്ടാമത്തെ കഥയിൽ തവള തേനീച്ചയെ ഭയക്കുന്നതു കാണുന്നുവെങ്കിൽ മൂന്നാമത്തെ കഥയിൽ തവളയെക്കണ്ട് എട്ടുകാലി ഒളിച്ചോടുന്നതിനെയാണ് പ്രമേയമാക്കുന്നത്. നാലാമത്തെ കഥയിൽ പുഴുവിനെ തിന്നാൻ നോക്കുന്ന തവളയെയും അതേ പുഴുവിനെ ഭക്ഷണമാക്കാൻ ആക്രമിക്കുന്ന ഉറുമ്പുകളേയും ആവിഷ്കരിക്കുന്നു. അഞ്ചാമത്തെ കഥ രിറ്റു - പുഴു - വേട്ടാളൻ എന്നിങ്ങനെയുള്ള ഒരു ശൃംഖലയെയാണ് ചിത്രീകരിക്കുന്നത്. ഇത്തരത്തിൽ തവള, പുഴു, തേനീച്ച, എട്ടുകാലി, വേട്ടാളൻ, എന്നീ ജീവികളുടെ നിത്യവും കാണുന്ന ചെറിയ പ്രവൃത്തികളുമായി ബന്ധപ്പെട്ട ജൈവിക നിയമങ്ങളുടെ ചെറു വിവരണങ്ങളാണ് ഈ കഥകളിലൂടെ അനാവരണം ചെയ്തിരിക്കുന്നത്. കൂടാതെ അവസരോചിത മായി പ്രവർത്തിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള സാരോപദേശവും ഈ ജീവികളുടെ പ്രവൃത്തികളിലൂടെ വ്യംഗ്യമായി സംവദിക്കുന്നു. 'വീട്ടുകാരനും വിരുന്നുകാരനും' എന്ന കഥയിൽ എട്ടുകാലി വലയുണ്ടാക്കി ഇരയെ പിടിക്കുന്ന

രീതി നർമ്മരൂപേണ അവതരിപ്പിക്കുന്നു. 'ഉറുമ്പും പുൽച്ചാടിയും' എന്ന കഥയിൽ പുൽച്ചാടിയുടെ ശരീരഭാഗങ്ങളെക്കുറിച്ചും സ്വഭാവഗുണങ്ങളെക്കുറിച്ചും വ്യക്തമാക്കുന്നുണ്ട്.

## 03.06.02. കേവലവിജ്ഞാനം പകരുന്ന കഥകൾ

'ആമയും കുരങ്ങനും ഒരിക്കൽകൂടി', 'പഴയ കൊറ്റിയും പുതിയ കുറുക്കനും', 'ആമയും മുയലും ഒരിക്കൽക്കൂടി', 'പഴയ കുറുക്കനും പുതിയ കാക്കയും' എന്നീ കഥകളിൽ പ്രായോഗികബുദ്ധി, സസ്യവിജ്ഞാനം എന്നിവയെ പ്രമേയത്തിൽ ഉൾപ്പെടുത്തി അവ പ്രവൃത്തികളിലൂടെ വിവരിക്കുന്നു. പഴയ കഥകളിലെ ക്രിയാഘടകം ശാസ്ത്രകഥകളുടെ ലക്ഷ്യത്തിനനുസൃതമായ മാറ്റങ്ങളോടെ രചിക്കുന്നത് ഇവിടെ കാണാൻ സാധിക്കും. ഇത്തരം മാറ്റങ്ങളോടെ ആവിഷ്കരിച്ചതിനാലാണ് ഇവയിൽ ശാസ്ത്രവീക്ഷണം കടന്നുവരുന്നത്. ക്രിയാഘടകങ്ങളിൽ വരുത്തുന്ന മാറ്റങ്ങളിലൂടെ പാഠഭേദങ്ങൾ സൃഷ്ടിക്കാൻ സാധിക്കും എന്ന മിക്കി ബാലിന്റെ (Mieke Bal) വീക്ഷണം ഇത്തരം ആഖ്യാനരീതിയിൽ പ്രകടമാണ്.

## 03.06.03. യുക്ത്യധിഷ്ഠിത കഥകൾ

യുക്തിഭദ്രമായ കഥകൾ കുട്ടികളിലുണ്ടാകുന്ന സന്ദേഹങ്ങൾക്കും സംശയങ്ങൾക്കും കൃത്യമായ ഉത്തരങ്ങൾ നൽകുന്നവയാണ്. സമൂഹവുമായി ബന്ധപ്പെട്ട നിരവധി ചോദ്യങ്ങൾക്കുള്ള ഉത്തരം കൂടിയാണ് ഇത്തരം കഥകൾ. അവ ശാസ്ത്രീയവീക്ഷണം പങ്കുവയ്ക്കുന്നതിനൊപ്പം കുട്ടികളിൽ അന്ധവിശ്വാസം ഇല്ലാതാക്കുക, ശാസ്ത്രീയചിന്തയ്ക്ക് അടിത്തറയിടുക എന്നിവകൂടി പ്രാവർത്തിക മാക്കുന്നുണ്ട്. 'പ്രേതങ്ങളുടെ വഴി', 'മകരച്ചൊവ്വ', 'ഒരു പട്ടിച്ചെകുത്താൻ', 'ചൂട്ടുവീശി പാതിരാവില്', 'അത്ഭുതസർപ്പം' എന്നീ കഥകൾ ഈ ലക്ഷ്യത്തെയാണ് സാധ്യമാക്കുന്നത്. പ്രേതകഥകളും ഭ്രമാത്മകകഥകളും കുട്ടികളുടെ ഇഷ്ടപ്പെട്ട സാഹിത്യ വിഷയങ്ങളാണ്. എന്നാൽ ഇത്തരം വിഷയങ്ങളെ ശാസ്ത്രീയമായി സമീപിച്ച് യുക്തിഭദ്രമായി അവതരിപ്പിക്കുവാനാണ് കെ വി രാമനാഥൻ ശ്രമിക്കുന്നത്. 'മകരച്ചൊവ്വ' എന്ന കഥയിൽ പ്രേതങ്ങളെക്കുറിച്ച് നിരവധി നുണക്കഥകൾ പറയുന്ന ഇട്ടിരാരിശ്ശിമേനോനെ വികൃതിക്കുട്ടികളായ കിട്ടുണ്ണിയും ശങ്കുണ്ണിയും ഭയപ്പെടുത്തുന്നുണ്ട്. ഇതിനായി അപ്പുക്കുട്ടനും ഗോപിയും അവരുടെ

ബുദ്ധി ഉപയോഗിച്ച മാർഗ്ഗം കണ്ടെത്തുന്നു. പ്രേതം, ഭൂതം എന്നിവയെക്കുറിച്ച യഥാതഥമായുള്ള ചിത്രീകരണം കഥയിൽ അറിവു പകരാനുള്ള ഉപാധിയാകുന്നു. ഒരു 'പട്ടിച്ചെകുത്താൻ' എന്ന കഥ 'മകരച്ചൊവ്വ' എന്ന കഥയുടെ തുടർച്ചയാണ്. ഇട്ടിരാരിശ്ശമേനോനെ ഭയപ്പെടുത്താൻ ശ്രമിച്ച സംഭവത്തെ യുക്ത്യധിഷ്ഠിതമായി ചോദ്യം ചെയ്യുന്നതു ശാസ്ത്രീയമായി ചിന്തിപ്പിക്കാൻ പ്രേരിപ്പിക്കുന്നു. 'ചൂട്ടുവീശിപാതിരാവില്' എന്ന കഥ കൃത്യമായ രസതന്ത്രവിജ്ഞാനം പകരുന്ന കഥയാണ്. അതിനുള്ള പ്രമേയ പരിസരമാവട്ടെ അന്ധവിശ്വാസത്തെ അടിസ്ഥാനമാക്കി നിലകൊള്ളുന്നതാണ്. ചൂട്ട് കത്തിച്ചുപോകുന്ന ഗന്ധർവ്വനെ ക്കുറിച്ചും ശ്മശാനത്തിൽ ചുടലഭദ്രകാളി തീയിൽ കളിക്കുന്നതിനെക്കുറിച്ചുള്ള നിരവധി കഥകൾ സമൂഹത്തിൽ പ്രചരിക്കാറുണ്ട്. ഇത്തരം വിശ്വാസങ്ങളെ കഥയിൽ കൃത്യമായ ശാസ്ത്രീയ കാരണങ്ങൾകൊണ്ടു വ്യക്തമാക്കുന്നു. ഇട്ടിരാരിശ്ശ മേനോൻ എന്ന കഥാപാത്രത്തെയും അപ്പുക്കുട്ടൻ, ഗോപി എന്നീ കുട്ടികളെയും കേന്ദ്രമാക്കി രചിച്ച കഥകളുടെ തുടർച്ചയാണ് 'അത്ഭുതസർപ്പം' എന്ന കഥ. ഈ കഥയിൽ അത്ഭുതസർപ്പമെന്നത് അതിശയത്തിന്റെയും മന്ത്രവാദത്തിന്റെയും പരിവേഷത്തിൽ നിർമ്മിച്ച ബലൂൺസർപ്പമാണ്. ഇതു സുവ്യക്തമാകുന്നതോടെ കഥയിൽ  സത്യസന്ധമായ ശാസ്ത്രബോധം നിറയുന്നു.

## 03.06.04. ശാസ്ത്രകഥകളിലെ ജന്തുകഥാപാത്രങ്ങൾ

കെ വി രാമനാഥന്റെ രചനകളിൽ കാണുന്ന ജന്തുകഥാപാത്രങ്ങൾ ചെറുജീവികൾ, മൃഗങ്ങൾ, പക്ഷികൾ എന്നിവയാണ്. പ്രമേയാനുസൃതമായി കഥാപാത്രങ്ങളെ ഒരുക്കി അവതരിപ്പിക്കുവാൻ ഈ കഥാപാത്രസജ്ജീകരണം സഹായിക്കുന്നു. ഈ കഥകളുടെ മറ്റൊരു പ്രത്യേകത ഇവ ശാസ്ത്രീയവും സാമൂഹികവും സാരോപദേശപ്രദവും ആണെന്നുള്ളതാണ്. ഈ മൂന്നു ഘടകങ്ങളും സാന്ദർഭികമായി പ്രമേയത്തിന്റെ ഭാഗമായി മാറുന്നു.

ശാസ്ത്രകഥകളിലെ ജന്തുകഥാപാത്രങ്ങളെ നരരൂപാദാന സ്വഭാവമനു സരിച്ചു പഠനവിധേയമാക്കാൻ സാധിക്കും. സംസാരിക്കുകയും സ്വാഭാവികമായി പെരുമാറുകയും ചെയ്യുന്ന ജീവിവർഗ്ഗ കഥാപാത്രങ്ങളെ ശാസ്ത്രകഥകളിൽ കാണാൻ സാധിക്കും. കെ വി രാമനാഥൻ തന്റെ ശാസ്ത്ര രചനകളുടെ ലക്ഷ്യത്തെ സാധൂകരിക്കാൻ ഈ ജന്തു കഥാപാത്രങ്ങളെ ഉപയോഗിക്കുകയാണ്.

കഥാപാത്രങ്ങൾ തമ്മിലുള്ള സംഭാഷണങ്ങളിലൂടെ യാണ ശാസ്ത്രീയവിജ്ഞാനം കഥകളിൽ പ്രകടമാകുന്നത്. തവളക്കുഞ്ഞുങ്ങളുടെ സംഭാഷണം, എട്ടുകാലിയും പൂമ്പാറ്റയും തമ്മിലുള്ള സംഭാഷണം, ഉറുമ്പും പുൽച്ചാടിയും തമ്മിലുള്ള സംഭാഷണം എന്നിവ ജീവികളെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ വ്യക്തമാക്കാനും ജീവികളെ തിരിച്ചറിയാനും സഹായിക്കുന്നു.

മൃഗകഥകളിലൂടെ വൈവിധ്യമാർന്ന കഥാപാത്രങ്ങളെ വികസിപ്പിക്കുക യെന്നതു നരരൂപാദാന രീതിയിൽ സാധാരണമാണ്. കെ വി രാമനാഥൻ എഴുതിയ ശാസ്ത്രകഥകളിലെ കഥാപാത്രങ്ങൾ ശാസ്ത്രീയവിഷയങ്ങളെ പ്രകടമാക്കുന്നതിനൊപ്പം പ്രകൃതിയിൽ ആനന്ദം കണ്ടെത്തി മാനവികതയെ ദൃശ്യമാക്കാൻ പ്രേരിപ്പിക്കുന്നു. ഇതുവഴി കുട്ടികളിൽ ഉണ്ടാവേണ്ട സദ്ഗുണ ചിന്തകൾ ഇത്തരം കഥാപാത്രങ്ങളിലൂടെ സാധ്യമാക്കുന്നു. ഇവയൊക്കെയും കഥയിലൂടെ പ്രകടമാകുന്നതു മൃഗകഥാപാത്രങ്ങൾ നടത്തുന്ന സംഭാഷണങ്ങളി ലൂടെയാണ്. ആമയും കുരങ്ങനും നടത്തുന്ന സംഭാഷണവും കൊറ്റിയും കുറുക്കനും നടത്തുന്ന സംഭാഷണങ്ങളും ആമയും മുയലും നടത്തുന്ന സംഭാഷണങ്ങളും കുറുക്കനും കാക്കയും നടത്തുന്ന സംഭാഷണവും ഇത്തരത്തിൽ മാനുഷിക ഭാവങ്ങളെ അവതരിപ്പിക്കുന്നതിനും മൃഗങ്ങളുടെ സ്വഭാവത്തെ മനസ്സിലാക്കുന്ന തിനും സഹായിക്കുന്നു. യുക്തിചിന്തയ്ക്കും ബുദ്ധിക്കും പ്രാധാന്യം കൊടുക്കുകയും ജീവികളെക്കുറിച്ച് വ്യക്തമായ ധാരണ വരുത്തുകയും ചെയ്യുന്നതാണ് ഈ മൃഗകഥകൾ. നരരൂപാദാന സ്വഭാവമനുസരിച്ച് മൃഗങ്ങളുടെ സംഭാഷണം മൃഗങ്ങളെ അടുത്തറിയാൻ സഹായിക്കുന്നുവെന്ന തത്വം ഇവിടെ കഥാപാത്ര സംഭാഷണങ്ങളിലൂടെ സാധ്യമാക്കുന്നു.

## 03.07. ശാസ്ത്രനോവലുകൾ

കെ വി രാമനാഥന്റെ ശാസ്ത്രനോവലുകൾ നൂതന ശാസ്ത്രീയ വീക്ഷണങ്ങളോടു കൂടിയ കല്പനകളാണ്. കുട്ടികളിൽ ജിജ്ഞാസ ഉണർത്തുന്ന തിനായി നോവലിന്റെ സഞ്ചാരത്തിൽ ഉദ്വേഗ നിമിഷങ്ങളെ ഉപയോഗിക്കുന്നു. 'അപ്പുക്കുട്ടനും ഗോപിയും', 'കമാൻഡർ ഗോപി' എന്നിവ കൗതുകകരമായ ആഖ്യാനത്താൽ ശാസ്ത്രത്തെ സാഹിത്യത്തിന്റെ ഭാഗമാക്കിയിരിക്കുന്നു. കുട്ടികളിലെ അടിസ്ഥാനസ്വഭാവമായ ധൈര്യം, ഭയം എന്നിവയെ അപ്പുക്കുട്ടൻ,

ഗോപി എന്നീ കഥാപാത്രങ്ങളുടെ പ്രവൃത്തികളിലൂടെ ആവിഷ്കരിക്കുകയും ചെയ്യുന്നു. 'അപ്പുക്കുട്ടനും ഗോപിയും' എന്ന നോവലിന്റെ തുടർച്ചയാണ് 'കമാൻഡർ ഗോപി'. എന്നാൽ കഥയിൽ അത് ഒറ്റക്കാലമായി നിലനിൽക്കുന്നു. ഇത്തരത്തിൽ രണ്ടു കാലഘട്ടങ്ങളെ പ്രതിനിധാനം ചെയ്യുന്ന ഈ നോവലിലെ ആശയ സംഹിതകൾ മൂല്യബോധമുള്ള ബാലകഥകൾക്കു മാതൃകയാവുന്നു.

ഭാവനാലോകത്തെയും ശാസ്ത്രലോകത്തെയും ഇടകലർത്തിയുള്ള രചനാ രീതിയാണ് 'അപ്പുക്കുട്ടനും ഗോപിയും' എന്ന നോവലിൽ കാണാനാവുക. ഒരവധിക്കാലത്ത് സംഭവിച്ച ദുരന്തത്തോടെയാണ് കഥയാരംഭിക്കുന്നത്. അവധി തുടങ്ങിയതിന്റെ സന്തോഷത്തിൽ അപ്പുക്കുട്ടനും, ഗോപിയും കശുമാവിൻ തുഞ്ചത്തേയ്ക്കു കയറുകയും അവിടെ നിന്ന് ഉറുമ്പിന്റെ കടിയേറ്റു പിടി വിട്ടു താഴെ പതിക്കുകയും ചെയ്യുന്നു. വീഴ്ചയുടെ ആഘാതത്തിൽ നിന്ന് ഉണരുമ്പോൾ അവരിരുവരും ഉറുമ്പുകളായി മാറിയതായി കുട്ടികൾ മനസ്സിലാക്കുന്നു. ഉറുമ്പുകളായിത്തീർന്ന കുട്ടികളുടെ തുടർന്നുള്ള ജീവിതം ഉറുമ്പുകളുടെ കൗതുകകരമായ ലോകത്തെ സസൂക്ഷ്മം നിരീക്ഷിച്ചും അറിഞ്ഞുമുള്ള ഒരു യാത്രയാണ്. ഉറുമ്പായി രൂപം മാറിയ കാലഘട്ടത്തിൽ അവർ അറിഞ്ഞ ഉറുമ്പിന്റെ ജീവിതത്തെക്കുറിച്ച് അടയാളപ്പെടുത്തുന്ന നോവലാണ് 'കമാൻഡർ ഗോപി'. ഉറുമ്പിന്റെ വീടുനിർമ്മാനം, യുദ്ധം, എന്നിവയെക്കുറിച്ചും വ്യത്യസ്തമായ ചില ഉറുമ്പുകളുടെ ജീവിത രീതികളെക്കുറിച്ചും ഈ നോവലിൽ പറയുന്നു.

## 03.08. ശാസ്ത്രകഥകളും ശാസ്ത്രനോവലുകളും ആഖ്യാനഘടകങ്ങളും

ആഖ്യാനരീതിശാസ്ത്രമനുസരിച്ചുള്ള പഠനത്തിൽ ശാസ്ത്രകഥകളെയും ശാസ്ത്രനോവലുകളെയും ആഖ്യാനഘടകങ്ങളുടെ വിനിമയ രീതിയനുസരിച്ച് വിശകലനം ചെയ്യാൻ സാധിക്കും. സ്ഥലകാലസങ്കൽപ്പം, സംഭാഷണം, കഥാപാത്രധർമ്മം എന്നിവയാണ് പഠനത്തിന്റെ അടിസ്ഥാനഘടകങ്ങൾ. കൂടാതെ ശാസ്ത്രകൃതികളെന്ന നിലയിൽ കുട്ടികളുടെ മാനസികവ്യാപാരവുമായി ഇത്തരം കൃതികൾ സംവദിക്കുന്നതെങ്ങനെയെന്ന അന്വേഷണവും ഈ ആഖ്യാനപഠനത്തിന്റെ ഭാഗമാകുന്നുണ്ട്.

വ്യത്യസ്തമായ പ്രമേയങ്ങളിലൂടെ കുട്ടികളിൽ ശാസ്ത്രബോധം പകരുന്നവയാണ് കെ വി രാമനാഥൻ എഴുതിയ ശാസ്ത്രകഥകളും ശാസ്ത്ര നോവലുകളും. ഇവയിലെ ഓരോ സംഭവങ്ങളും അവ നടക്കുന്ന സ്ഥലവും വിജ്ഞാനം പകരുന്നതിനായുള്ള ഉപഘടകങ്ങൾ ആകുന്നുണ്ട്. അതുകൊണ്ടു തന്നെ കഥകൾ, നോവലുകൾ എന്നീ രചനകളിൽ അടങ്ങിയ സ്ഥലം, സന്ദർഭം, സംഭാഷണം എന്നിവയെ ആഖ്യാനഘടകങ്ങൾ എന്ന നിലയിൽ വിലയിരുത്താൻ സാധിക്കും.

## 03.08.01 കഥകളിലെ ഇടം

### പരിചിത കഥയിടം

വിജ്ഞാനം നേരിട്ടു പകരുന്ന ശാസ്ത്രകഥകളിലെ കഥയിടവും കഥാ സംഭവങ്ങളും കൃത്യമായ ആഖ്യാനലക്ഷ്യത്തെ പൂർത്തിയാക്കാനുള്ള ആഖ്യാനഘടകമായി വർത്തിക്കുന്നു. ടിറ്റുവിന്റെയും രിറ്റുവിന്റെയും കഥകളുടെ പശ്ചാത്തലവും കഥാസന്ദർഭങ്ങളുടെ തെരഞ്ഞെടുപ്പും ആഖ്യാനധർമ്മത്തെ സരളമാക്കാനുള്ള മാർഗ്ഗങ്ങളാണ്. തോട്ടത്തിൽ വസിക്കുന്ന തവള ക്കുഞ്ഞുങ്ങളുടെ ഈ കഥകളിൽ മണ്ണിരയെക്കുറിച്ചും എട്ടുകാലിയെക്കുറിച്ചും തേനീച്ചയെക്കുറിച്ചും പുഴുക്കളെക്കുറിച്ചും ഉള്ള വിവരണങ്ങൾ ഔചിത്യ പൂർവ്വമാണ്. കഥയിലെ ഓരോ കഥയിടവും യഥാർത്ഥജീവിതത്തിൽ നടക്കാൻ ഏറെ സാധ്യതയുള്ള സ്ഥലമാണ്. മനുഷ്യനു ചുറ്റുമുള്ള പരിസ്ഥിതിയെന്നത് ആഖ്യാനത്തിൽ കഥാപാത്രങ്ങളുടെ ആവാസസ്ഥലമെന്നതു തന്നെയാണെന്ന ബോധ്യവും ഇത്തരം കഥയിടങ്ങളിലൂടെ വ്യക്തമാക്കുന്നു.

'വീട്ടുകാരനും വിരുന്നുകാരനും' എന്ന കഥയിൽ കൃത്യമായ ഒരു സ്ഥലസങ്കൽപ്പം ഇല്ല. വലകെട്ടി ഇരയെ പിടിക്കാൻ ശ്രമിക്കുന്ന ചിലന്തിയുടെ പ്രവൃത്തികളെ വിവരിക്കുന്ന ഈ കഥ കഥയിടത്തെ കഥാസന്ദർഭങ്ങൾ കൊണ്ടു വ്യക്തമാക്കുന്നു. നമുക്കു ചുറ്റും കാണുന്ന ഇത്തരം ജീവിവർഗ്ഗങ്ങളേയും അവരുടെ ജീവിതരീതികളേയും കുറിച്ചു പറയാൻ കഥയിൽ സ്ഥലപരിഗണന ആവശ്യമില്ലെന്നും ഇത്തരം ആഖ്യാനത്തിലൂടെ വ്യക്തമാകുന്നു.

**അന്ധവിശ്വാസങ്ങളുടെ ഇടം**

നാട്ടിൻപുറത്തെ അന്ധവിശ്വാസങ്ങളെ ശാസ്ത്രീയമായ യുക്തിയാൽ ഇല്ലാതാക്കുന്ന നിരവധി കഥകൾ ഉണ്ട്. ആ കഥകളിലെ സംഭവങ്ങളും അവ നടക്കുന്ന സ്ഥലവുമാണ് അത്തരം ആശയങ്ങളെ കരുത്തുറ്റതാക്കുന്നത്. 'പ്രേതങ്ങളുടെ വഴി' എന്ന ഇതിവൃത്തത്തിന്റെ അടിസ്ഥാന ഘടകം സംഭവങ്ങളും അവയ്ക്കു സാഹചര്യം ഒരുക്കുന്ന സ്ഥലവുമാണ്. ഗ്രാമീണമായ കൃഷിയിടവും നാട്ടിലെ വിശ്വാസങ്ങളെ മനുഷ്യരിൽ എത്തിക്കുന്ന ഇട്ടിരാരിശ്ശമേനോൻ എന്ന കഥാപാത്രവും കഥാസന്ദർഭങ്ങളെ കൂടുതൽ കെട്ടുറപ്പുള്ളതാക്കി. 'മകരച്ചൊവ്വ' എന്ന കഥയിൽ ഇട്ടിരാരിശ്ശമേനോനെ ഭയപ്പെടുത്തുന്ന സന്ദർഭങ്ങൾക്കു സാഹചര്യം സാധ്യമാക്കുന്നതു ഗ്രാമീണമായ നാട്ടിടങ്ങളാണ്. വെളിച്ചമില്ലാത്ത ആലിൻ ചുവട്ടിലൂടെയുള്ള വീഥിയാണ് ഇവിടെ കഥാഗതിയെ ത്വരിതപ്പെടുത്താനുള്ള ആഖ്യാനഘടകം

'പട്ടിച്ചെകുത്താൻ' എന്ന കഥയിൽ കുട്ടികൾ ആസൂത്രിതമായി നിർമ്മിക്കുന്ന സംഭവങ്ങളാണ് ആവിഷ്കരിക്കുന്നത്. പട്ടിയുടെ തലയിൽ ചിത്രപ്പണിയും ബൾബും ഉപയോഗിച്ചുള്ള കലമുപയോഗിച്ച് കിട്ടുണ്ണിയെയും കൂട്ടുകാരെയും ഭയപ്പെടുത്തുകയെന്ന ലക്ഷ്യം പാളിപ്പോകുന്നു. ആ പരാജയം പട്ടിപ്പിശാച് എന്ന നാട്ടിൻപുറത്തെ വിശ്വാസത്തെ ഇല്ലാതാക്കുകയാണു ചെയ്തത്. കല്യാണവീട്ടിൽ വച്ചു എല്ലാവരും ഭീതിയോടെ നോക്കിയ പട്ടിച്ചെകുത്താൻ വെറും പട്ടിയാണെന്ന തിരിച്ചറിവു ഭയം ഇല്ലാതാക്കുകയും ഒപ്പം നിലനിന്ന അന്ധവിശ്വാസത്തെ ഒരു ജനക്കൂട്ടം തിരിച്ചറിയുകയും ചെയ്യുന്നു. ഇതാണ് കല്യാണവീട് എന്ന കഥയിടം സാധ്യമാക്കിയത്.

ഓരോ സ്ഥലത്തും ചുവടുറച്ചിരുന്ന വിശ്വാസങ്ങളെയാണു ശാസ്ത്രീയമായ ഉത്തരങ്ങളാൽ വിശദമാക്കുന്നത്. 'ചൂട്ടുവീശിപാതിരാവില്' എന്ന കഥയിൽ തോടിന്റെ അരികിൽ ചൂട്ട് തന്നെ കത്തി മേൽപ്പോട്ട് ഉയരുകയും സഞ്ചരിക്കുകയും ചെയ്യുന്നു. കൂടാതെ ചുടലപ്പറമ്പിൽ ചില ചിതകളിൽ നിന്നും തീ ഉയരുന്നുണ്ട്. അവ നാട്ടിൻപുറത്തെ വിശ്വാസങ്ങളിൽ ചുടലഭദ്രകാളിയും ഗന്ധർവ്വനും ആണ്. എന്നാൽ രസതന്ത്രവിജ്ഞാനത്തിലൂടെ അഗ്നിയുടെ സഞ്ചാരങ്ങളെ വ്യക്തമാക്കി അന്ധവിശ്വാസങ്ങളെ ഇല്ലാതാക്കി കുട്ടികൾക്കു

രസകരമായി അറിവ്വ പകരാൻ കഥയ്ക്ക കഴിയുന്നു. ഈ കഥയ്ക്ക തിരഞ്ഞെടുത്ത ഗ്രാമം എന്ന ഇടം കഥാലക്ഷ്യത്തിന് ഏറ്റവും അനുചിതമായി വർത്തിക്കുന്നു.

### 03.08.02 ശാസ്ത്രനോവലും സ്ഥലവും

'അപ്പുക്കുട്ടനും ഗോപിയും', 'കമാൻഡർ ഗോപി' എന്നീ ശാസ്ത്ര നോവലുകളിലെ സംഭവങ്ങൾക്കു സ്ഥലപരികല്പനയുമായി നേരിട്ടു ബന്ധമുണ്ട്. ശാസ്ത്രനോവൽ എന്ന വായനാനുഭവത്തിൽ നിന്നും ഭാവനാത്മകമായ അനുഭവമാക്കി മാറ്റുന്നതിൽ സ്ഥലം വഹിക്കുന്ന പങ്കു വളരെ വലുതാണ്. കല്പനയും ശാസ്ത്രസത്യങ്ങളും ഒരുമിച്ചു കുട്ടികളുടെ ഭാവനയെ ഉണർത്തുവാൻ ഈ നോവലുകൾക്കു സാധിക്കുന്നു. അതിനായി ശാസ്ത്രവും ഭാവനയും കലരുന്ന സ്ഥലസങ്കൽപ്പം നോവലിൽ ആവിഷ്കരിക്കുന്നു.

'അപ്പുക്കുട്ടനും ഗോപിയും', 'കമാൻഡർ ഗോപി' എന്നീ നോവലുകളിൽ ഉറുമ്പുകളായി മാറിയ അപ്പുക്കുട്ടന്റെയും ഗോപിയുടെയും സഞ്ചാരങ്ങളെ അത്ഭുതങ്ങൾ നിറച്ചു മുന്നോട്ട് നയിക്കുന്നതു ശാസ്ത്രകൗതുകങ്ങളാണ്. ഉറുമ്പുകളായി കുട്ടികൾ മാറുമ്പോൾ ചിന്തിക്കാനും വികാരം കൊള്ളാനും കഴിവുള്ള ഒരു ജീവിവർഗ്ഗമായി ഉറുമ്പുകൾ മാറുന്നു. ഈ കഥ കുട്ടികളുടെ ഭാവനാലോകത്തെ ഉണർത്തുന്നതിനൊപ്പം മനസ്സിന്റെ സഞ്ചാര മാർഗ്ഗങ്ങളെക്കുറിച്ചും അറിവു പകരുന്നു. ജന്തു ശാസ്ത്രത്തിന്റെ ഭാഗമായ ആശയങ്ങളാണ് ഈ രണ്ടു നോവലിന്റെയും വിഷയം. ഇതു വ്യക്തമായി അവതരിപ്പിക്കാൻ ജീവികളോട് ഇഴുകിച്ചേർന്നുള്ള നിരീക്ഷണങ്ങളാണ് ഉപകാരപ്രദമാകുന്നത്. അത്തരം നിരീക്ഷണങ്ങൾക്കും വിശദീകരണങ്ങൾക്കും ജീവികളുടെ വാസസ്ഥലവും സഞ്ചാര ഇടങ്ങളും നേരിട്ടു ബന്ധപ്പെടുന്നു. നോവലിലെ ഓരോ ഇടവും വിജ്ഞാനത്തിന്റെ നിരീക്ഷണശാലയായി ഇതിൽ രൂപാന്തരപ്പെടുന്നു.

'അപ്പുക്കുട്ടനും ഗോപിയും' എന്ന നോവലിൽ പ്രതിപാദിക്കാത്ത അറിവുകളെ 'കമാൻഡർ ഗോപി' എന്ന നോവലിൽ പ്രതിപാദിക്കുന്നു. ഉറുമ്പിന്റെ വീട്നിർമ്മാണം, യുദ്ധം, സവിശേഷ സ്വഭാവമുള്ള ഉറുമ്പുകൾ എന്നിവയെക്കുറിച്ചുള്ള അറിവുകൾ ഈ നോവൽ പകരുന്നു. അതിനുള്ള മാർഗ്ഗമായി ഈ നോവലിലെ സംഭവങ്ങളെ രൂപകൽപ്പന ചെയ്തിരിക്കുന്നു. പഴയ സംഭവങ്ങളെ ഓർക്കുന്ന രീതിയിൽ എഴുതിയ 'കമാൻഡർ ഗോപി'യിൽ

സംഭവങ്ങളുടെ പുനരാവിഷ്കാരമാണ് സാധ്യമാക്കിയത്. ഇതു പുതിയ സ്ഥലത്തെയും അറിവിനെയും തുറന്നു കാണിക്കാനുള്ള മാർഗ്ഗമായി മാറുന്നു.

### 03.08.03. ശാസ്ത്രകഥകളിലെ സംഭാഷണങ്ങൾ

ശാസ്ത്രകഥകളിൽ ശാസ്ത്രജ്ഞാനം നേരിട്ടു പകരാൻ സംഭാഷണങ്ങൾക്കു സാധിക്കുന്നുണ്ട്. ഇവിടെയെല്ലാം ശാസ്ത്രവിഷയസൂചകമായി സംഭാഷണം മാറുന്നു. ഇതിനായി എഴുത്തുകാരൻ പല ആഖ്യാനമാർഗ്ഗങ്ങൾ ഉപയോഗി ക്കുന്നുണ്ട്. കഥാകൃത്ത് നേരിട്ടു നടത്തുന്ന ഇടപെടലുകളിൽ പ്രധാനപ്പെട്ടതാണ് സംഭാഷണങ്ങൾ. കഥാകൃത്തിനു പറയാനുള്ള കാര്യങ്ങൾ കഥാപാത്ര ത്തിലൂടെയോ നേരിട്ടോ അവതരിപ്പിക്കുവാൻ സംഭാഷണങ്ങൾക്കു സാധിക്കുന്നു. കുട്ടികൾക്കു ശാസ്ത്രസത്യങ്ങളെ വെളിപ്പെടുത്താൻ കഥാപാത്രവും കേന്ദ്രകഥാ ബീജമാകാറുണ്ട്. ജീവികളെക്കുറിച്ചുള്ള അറിവുപകരുന്നത് ജന്തുകഥകളിലൂടെ യാണ്. 'ടിറ്റുവും റിറ്റുവും' എന്ന ആദ്യ കഥയിലെ ശാസ്ത്രസത്യം വെളിപ്പെടുത്തുന്നതു ജന്തുകൾ തമ്മിലുള്ള സംഭാഷണങ്ങളിലൂടെയാണ്. എന്നാൽ രണ്ടാമത്തെ കഥയാവട്ടെ കഥാപാത്രങ്ങളായ ജീവികളുടെ സ്വാഭാവത്തിലൂടെ ജീവശാസ്ത്രം വ്യക്തമാക്കുന്നു. ആഖ്യാനതത്വമനുസരിച്ചു കഥാധർമ്മം സൂചിതമാക്കാൻ കഥാപാത്രസ്വഭാവം സൂചിതമാകുന്നതെങ്ങനെയെന്ന് ഈ കഥകൾ വ്യക്തമാക്കുന്നു. വ്യത്യസ്തമായ സംഭവങ്ങളെയും ആശയങ്ങളെയും കഥാപാത്രങ്ങളിലൂടെയും സംഭാഷണങ്ങളിലൂടെയും വിവരിക്കുമ്പോൾ ആഖ്യാന ത്തിന്റെ അർത്ഥത്തെ ആഖ്യാനശരീരത്തിൽ മുഴുവനായി പടർത്താനാകുമെന്ന് വ്ലാദിമിർ പ്രോപ്പ് വിശദമാക്കുന്നുണ്ട്. റിറ്റുവിനെയും ടിറ്റുവിനെയും കേന്ദ്ര കഥാപാത്രമാക്കി രചിച്ച അഞ്ചു കഥകളും പ്രോപ്പിന്റെ സിദ്ധാന്തങ്ങൾ അടിസ്ഥാനമാക്കി വിശദമാക്കാവുന്നതാണ്. റിറ്റു, ടിറ്റു എന്നീ കഥാപാത്രങ്ങളുടെ പ്രവൃത്തികൾ പ്രധാന ധർമ്മവും കഥകളിലൂടെ കടന്നുവരുന്ന മറ്റു ജീവികളുടെ പ്രവൃത്തികൾ ത്വരകങ്ങളായും വർത്തിക്കുന്നു വെന്നും മനസ്സിലാക്കാം. കഥാപാത്രങ്ങൾ വ്യത്യസ്തമായ ധർമ്മങ്ങൾ ചെയ്തു കൊണ്ടു ശാസ്ത്രവിജ്ഞാനം എന്ന ആഖ്യാനാർത്ഥം കഥയിൽ പൂർണ്ണമായി വിന്യസിപ്പിക്കുന്നു.

### 03.08.04. ശാസ്ത്രനോവലുകളിലെ സംഭാഷണങ്ങൾ

'അപ്പുക്കുട്ടനും ഗോപിയും', 'കമാൻഡർ ഗോപി' എന്നീ നോവലുകളിലെ സംഭാഷണങ്ങളും കഥാപാത്രങ്ങളും ശാസ്ത്രത്തിന്റെ പ്രതിനിധാനമാകുന്നുണ്ട്. ഈ ശാസ്ത്രനോവലുകളിൽ ശാസ്ത്രീയ വിവരണങ്ങൾ സംഭവങ്ങൾക്കുള്ളിലൂടെ യാണ് ആഖ്യാതാവു പറയുന്നത്. അതുകൊണ്ടുതന്നെ ശാസ്ത്രവിഷയങ്ങളെ അവതരിപ്പിക്കുമ്പോൾ കഥ/നോവലിൽ ഉണ്ടായേക്കാവുന്ന വിരസത ഈ കൃതികളെ ബാധിക്കുന്നില്ല. നോവലിൽ ശാസ്ത്രവിഷയങ്ങൾ അവതരിപ്പിക്കുന്നത് ആഖ്യാതാവിന്റെ സംഭാഷണങ്ങളിലൂടെയാണ്. അപ്പുക്കുട്ടനും ഗോപിയും തന്റെ ജീവിതത്തിൽ വന്ന മാറ്റങ്ങളെ തിരിച്ചറിയുന്നതും ഉത്കണ്ഠാപൂർവ്വമായ അപകടങ്ങളിൽ നിന്നു രക്ഷനേടുന്നതും ഉറുമ്പുകളുടെ സ്വരൂപത്തെ ഉൾക്കൊണ്ടാണ്. പാമ്പിന്റെ പത്തിയിൽ കയറി കളിക്കുവാനും, കടിയൻ ഉറുമ്പുകളിൽ നിന്നു രക്ഷനേടാനും അവർക്കു സാധിക്കുന്നത് അവർ ഉറുമ്പുകളുടെ സവിശേഷ സ്വഭാവത്തെ തിരിച്ചറിഞ്ഞു പ്രവർത്തിക്കുന്നതിനാലാണ്. കഥയിൽ ശ്രദ്ധേയമായ മറ്റൊരു ഘടകം ഉറുമ്പുകളായിത്തീർന്ന അപ്പുക്കുട്ടനും ഗോപിക്കും ഉണ്ടാകുന്ന അപകടങ്ങളിൽ പലതും ഉറുമ്പുകൾ ഉണ്ടാക്കുന്നതാണ്. ചിലവയാവട്ടെ ഉറുമ്പുകൾക്കുണ്ടാവുന്ന ആപത്തുകളാണ്. ഇവ രണ്ടും വിവരിക്കുമ്പോൾ കുട്ടികളിലേയ്ക്കെത്തുന്നത് ഉറുമ്പുകളുടെ ലോകത്തെക്കുറിച്ചും ജീവിതത്തെക്കുറിച്ചുമുള്ള വിജ്ഞാനമാണ്. ഈ വിജ്ഞാനവിവരണം പൂർണ്ണമായും കഥാത്മകമായി നിലനിൽക്കുന്നുവെന്നതാണ് കെ വി രാമനാഥന്റെ ശാസ്ത്രകഥകളുടെ പ്രത്യേകത. ശാസ്ത്രകഥകളുടെ പൊതുസ്വഭാവം യുക്ത്യധിഷ്ഠിത മായിരിക്കണമെന്നതാണ്. കഥയിൽ യുക്തിക്കു നിരക്കാത്ത കാര്യങ്ങളിലൂടെ ശാസ്ത്രബോധം പകരുന്നുവെന്ന സംശയം വായനക്കാർക്കൊട്ടും ഉണ്ടാവരുതെന്ന ബോധം എഴുത്തുകാരനുണ്ടായിരുന്നു. അതാണു കഥാന്ത്യത്തിൽ ഉറുമ്പുകളായി ത്തീർന്ന രൂപാന്തരജീവിതം കശുമാവിൽ നിന്നു വീണ് ബോധംനഷ്ടപ്പെട്ട അപ്പുക്കുട്ടന്റെ ഉപബോധ മനസ്സിന്റെ സഞ്ചാരം മാത്രമായിരുന്നുവെന്ന വെളിപ്പെടുത്തലിലൂടെ തെളിയുന്നത്.

ഈ ശാസ്ത്രനോവലുകളിൽ തെളിയുന്ന ശാസ്ത്രതത്വങ്ങൾ വായനക്കാരി ലേക്കെത്തുന്നത് ആഖ്യാതാവ് കഥാപാത്രങ്ങളോടു സംവദിച്ചും അവരിലെ ധർമ്മങ്ങളിലൂടെ വെളിപ്പെടുത്തിയുമാണ്. മിക്കി ബാലിന്റെ നിരീക്ഷണം

അനുസരിച്ച കഥാപാത്രങ്ങളെയും അവരുടെ ധർമ്മങ്ങളെയും കുട്ടികൾ ഉൾക്കൊള്ളുന്നതിന്റെ ഫലമായി ആ ശാസ്ത്ര സത്യങ്ങൾ കുട്ടികളിലേക്ക് എത്തുകയാണെന്ന് പറയാം.

### 03.08.05. വിപരീത കഥാപാത്രങ്ങൾ

ശാസ്ത്രസത്യങ്ങളെ കഥാപാത്രങ്ങളിലൂടെ കഥയിൽ അവതരിപ്പിക്കുന്നതു ബാലകഥകളുടെ പൊതുരീതിയാണ്. ഇതു കൂടാതെ വിപരീത കഥാപാത്രങ്ങളെ കൊണ്ടുവരുകയും അവരുടെ സംഭാഷണങ്ങൾ അടിസ്ഥാന മാനദണ്ഡ മാക്കുകയും ചെയ്യുന്നുണ്ട്. അന്ധവിശ്വാസങ്ങളെ കഥയിൽ കൊണ്ടുവരുകയും അവയ്ക്കെല്ലാം ശാസ്ത്രീയമായ ഉത്തരങ്ങൾ നൽകുകയും ചെയ്യുമ്പോൾ ഈ രീതിയാണ് അനുവർത്തിക്കുന്നത്. അപ്പുക്കുട്ടൻ, ഗോപി എന്നീ കഥാപാത്രങ്ങളെ ശാസ്ത്രത്തിന്റെ പക്ഷത്തും ഇട്ടിരാരിശ്ശമേനോനെ അന്ധവിശ്വാസത്തിന്റെ പക്ഷത്തും നിർത്തുന്നു. ഇട്ടിരാരിശ്ശമേനോന്റെ സംഭാഷണങ്ങൾക്കുള്ള മറുപടികളാണ കഥയിൽ വിജ്ഞാനം നേരിട്ട് എത്തിക്കുന്നത്. ഗന്ധർവ്വനെക്കുറിച്ചും ചുടലഭദ്രകാളിയെക്കുറിച്ചും ഇട്ടിരാരിശ്ശ മേനോന്റെ വിവരണങ്ങൾക്ക് അപ്പുക്കുട്ടൻ നൽകുന്ന മറുപടികളിൽ ഇതു വ്യക്തമാകുന്നു[2]. ഒരേ സന്ദർഭത്തെ ശാസ്ത്രീയവും അശാസ്ത്രീയവുമായി വിവരിച്ച ശാസ്ത്രസത്യത്തെ വെളിപ്പെടുത്തുന്നതിൽ ഋജുവായ സംഭാഷണരീതികൾ ഫലപ്രദമായി ഇവിടെ ഉപയോഗപ്പെടുത്തിയിരിക്കുന്നു.

## 03.09. ശാസ്ത്രകല്പിത നോവലുകൾ

'അത്ഭുത വാനരന്മാർ', 'അത്ഭുത നീരാളി' എന്നിവയാണ് കെ വി രാമനാഥന്റെ ശാസ്ത്രകല്പിതനോവലുകൾ. 'അത്ഭുത വാനരന്മാർ' എന്ന നോവലിൽ വിനോദയാത്രയ്ക്കിടെ ഒറ്റപ്പെട്ട അപ്പുക്കുട്ടനെയും ഗോപിയെയും ഡോ റാണ തട്ടിക്കൊണ്ടുപോകുകയും അയാൾ നടത്തിയ പരീക്ഷണഫലമായി കുട്ടികളിൽ കുരങ്ങന്മാരുടെ രൂപം വന്നുചേരുകയും ചെയ്യുന്നതാണ് ഇതിവൃത്തം. ഈ നോവലിലൂടെ സാങ്കേതിക വിദ്യകളെക്കുറിച്ച മാത്രമല്ല മന:ശാസ്ത്രപരമായ പുതുപരീക്ഷണങ്ങളെക്കുറിച്ചും പറയുന്നു. 'അത്ഭുത വാനരന്മാർ' എന്ന നോവലിന്റെ തുടർച്ചയാണ് 'അത്ഭുത നീരാളി'. അപ്പുക്കുട്ടൻ, ഗോപി എന്നീ കഥാപാത്രങ്ങളെ അജ്ഞാതർ വീണ്ടും തട്ടിക്കൊണ്ടുപോകുന്നതു തന്നെയാണ്

ഇതിലേയും ഇതിവൃത്തം. ഈ നോവലിൽ കുട്ടികളെ കടലിൽ ഒളിപ്പിച്ച് താമസിപ്പിച്ച് ശാസ്ത്രപരീക്ഷണങ്ങളിലൂടെ മത്സ്യങ്ങളുടെ സ്വഭാവരൂപീകരണം നടത്തുന്നു. ഈ രണ്ട് നോവലും ശാസ്ത്രത്തെയും യുക്തിയെയും അന്ധവിശ്വാസത്തെയും ഉൾപ്പെടുത്തിക്കൊണ്ടു വർദ്ധിച്ച ഉദ്വേഗനിമിഷങ്ങളെ ഉൽപ്പാദിപ്പിക്കുന്നുണ്ട്.

## 03.09.01. ശാസ്ത്രകല്പിതനോവലുകൾ – പ്രമേയം ആഖ്യാനം

'അപ്പുക്കുട്ടനും ഗോപിയും' എന്ന ശാസ്ത്രനോവലിനു ശേഷം ശാസ്ത്രകല്പിത രചനയെന്ന നിലയിൽ എഴുതിയ നോവലുകളാണ് 'അത്ഭുത വാനരന്മാർ', 'അത്ഭുത നീരാളി' എന്നിവ. തുടക്കം മുതൽ ഓരോ രംഗങ്ങളും ജിജ്ഞാസ വർദ്ധിപ്പിച്ചും ഉദ്വേഗമുണർത്തിയുമാണ് ഈ നോവലുകളിലെ കഥ മുന്നോട്ടു പോകുന്നത്. ശാസ്ത്രകല്പിത നോവലിനു തെളിമയാർന്ന മാതൃകയാണ് 'അത്ഭുത വാനരന്മാർ'. ഈ നോവലിലൂടെ അവതരിപ്പിക്കുന്ന അത്ഭുതവാഹനങ്ങൾ സാങ്കേതികവിദ്യയുടെ നൂതനത്വത്തെ അഭിസംബോധന ചെയ്യുന്നു. ഡ്രൈവറില്ലാതെ നിരത്തിലൂടെയും ആകാശത്തിലൂടെയും സഞ്ചരിക്കാൻ കഴിയുന്ന കാർ ശാസ്ത്രത്തിന്റെ വളർച്ചയെ പ്രതിനിധീകരിക്കുന്നു. ശാസ്ത്രകല്പിത രചനകൾ പലപ്പോഴും ഭാവിയിലേയ്ക്കുള്ള ശാസ്ത്രപ്രവചനങ്ങളുടെ അടയാളമാണ്. 'അത്ഭുത വാനരന്മാർ' എന്ന നോവലിൽ കുട്ടികളെ തട്ടിക്കൊണ്ടു പോകുന്നതിനായി പ്രതാപൻ ഉപയോഗിക്കുന്ന കാറ് റോഡിലൂടെ പോവുകയും പിന്നീടു പറന്നു പൊങ്ങുകയും ചെയ്യുന്നു. ഇത്തരം വിവരണം ഭാവിയിലെ നൂതന ഭാവത്തിലെ വാഹനങ്ങളെക്കുറിച്ചുള്ള സങ്കല്പത്തിനാണു തിരിതെളിയിക്കുന്നത്.

സാങ്കേതിക വിദ്യകളെ വികസിപ്പിക്കുന്നതിൽ മാത്രമല്ല മന:ശാസ്ത്ര പരമായ പുതുപരീക്ഷണങ്ങളെ കുറിച്ച് പറയാനും ഈ പ്രമേയത്തിനു സാധിച്ചിട്ടുണ്ട്. "മനസ്സുപറിച്ചു നടൽ എന്ന സങ്കല്പത്തിനു ശാസ്ത്രീയ പരീക്ഷണങ്ങളുടെ പശ്ചാത്തലവും പരിവേഷവും നൽകി രാമനാഥൻ മെനഞ്ഞെടുത്ത കഥയാണ് അത്ഭുത വാനരന്മാർ"(2023:07)എന്ന ഡോ എം ലീലാവതിയുടെ നിരീക്ഷണം കഥാവായനയുടെ ഓരോ ഘട്ടം കഴിയുന്തോറും വളരെയേറെ അർത്ഥവത്താവുന്നു. ശാസ്ത്ര പരീക്ഷണങ്ങൾ പൂർത്തീകരണത്തോ ടടുക്കുമ്പോൾ പരീക്ഷണവസ്തു മനുഷ്യമനസ്സുകളാവുമെന്ന നിഗമനമാണ് ഈ

നോവലിന്റെ അടിസ്ഥാനമായി വർത്തിക്കുന്നത്. ഹിപ്നോട്ടിസമെന്ന അറിവിടത്തെ കഥയിൽ കൂടുതൽ വികസിപ്പിച്ച ടെലിപ്പതിക് ഹിപ്നോട്ടിസത്തിലേക്ക് എത്തിക്കുമ്പോൾ മനസ്സ കേന്ദ്രീകരിച്ചുള്ള നൂതന പഠന മേഖലകളിലേയ്ക്കുള്ള സൂചനയാവുന്നു. "മനസ്സിനെ ഒരു ശരീരം വിട്ടു മറ്റൊരു ശരീരത്തിൽ പ്രവേശിപ്പിക്കാൻ കഴിയുമോ എന്നു നൂറ്റാണ്ടുകളായി പല ശാസ്ത്രജ്ഞന്മാരും പരീക്ഷിച്ചു നോക്കി വിജയിച്ചിട്ടില്ല. എന്നാൽ ഇക്കാര്യത്തിൽ ഈ കൊച്ചു കേരളത്തിൽ ജനിച്ചു വളർന്ന ഞാൻ നൂറു ശതമാനവും വിജയിച്ചിരിക്കുന്നു" (2016:39)എന്നു ഡോ. റാണ പറയുമ്പോൾ യന്ത്ര കേന്ദ്രീകൃതമയ പരീക്ഷണങ്ങൾ മന:സംസ്കരണത്തിലേയ്ക്ക് എത്തിച്ചേരുമെന്ന ശാസ്ത്ര പ്രതീക്ഷയാണ് നോവൽ മുന്നോട്ടു വയ്ക്കുന്നത്.

'അത്ഭുത നീരാളി' എന്ന നോവൽ ആരംഭിക്കുന്നത് ഉത്കണ്ഠാകുലമായ ഒരു സാഹചര്യത്തെ അവതരിപ്പിച്ചുകൊണ്ടാണ്. ഒരു അവധിക്കാല സന്തോഷ നിമിഷങ്ങളെ തകർത്തുകൊണ്ട് അപ്പുക്കുട്ടനും ഗോപിക്കും ലഭിച്ച കത്തുകളാണ് കഥയിൽ ഉത്കണ്ഠയ്ക്കു തുടക്കമിടുന്നത്. തുടർന്ന് നിരന്തരമായി ഇരുവരെയും അജ്ഞാതർ വേട്ടയാടുന്നു. അതിനായി അത്യന്താധുനിക ശാസ്ത്ര മാർഗ്ഗങ്ങൾ അവർ ഉപയോഗിക്കുന്നു. ടെലിവിഷനും വി.സി.ആറും ഉപയോഗിച്ചു കൃത്രിമ സന്ദേശങ്ങൾ അയക്കുന്നതായി കഥയിൽ പറയുന്നതു നോവൽ രചിച്ച കാലത്തു പ്രാപ്യമായിരുന്നില്ല. എന്നാൽ ഇന്നു സ്മാർട്ട് ടെലിവിഷൻ സംവിധാനത്തിലൂടെ ഇതു സാധ്യമായിരിക്കുന്നു. ശാസ്ത്രകല്പിത കഥകളിലെ ഭാവിപ്രവചനങ്ങൾ സത്യമാവാമെന്ന സന്ദേശം ഇവിടെ സാർത്ഥകമാകുന്നു. പറക്കും വാഹനമെന്ന ആശയം ഏതു നിരത്തിലും അനായാസേന പറന്നിറങ്ങുന്ന ഹെലികോപ്റ്ററേയും അത്ഭുതനീരാളിയെന്നത് അത്യാധുനിക സാങ്കേതിക ശേഷിയുള്ള മുങ്ങിക്കപ്പലിനെയും സാദൃശ്യവൽക്കരിക്കുന്നു. ആധുനിക യന്ത്ര സാമഗ്രികളുടെ ഭാവനാത്മകമായ അവതരണമാണ് ഈ നോവലിലും സാധ്യമാക്കിയിരിക്കുന്നത്. രാത്രികാലങ്ങളിൽ പ്രത്യക്ഷപ്പെട്ട ഡോ റാണയുടെ രൂപവും തുടർന്നുള്ള ഭയാനക സംഭവങ്ങളും യുക്ത്യധിഷ്ഠിതമായി കണ്ടെത്താനുള്ള ശ്രമം നോവലിൽ നടത്തുന്നുണ്ട്. ഇട്ടിരാരിശ്ശമേനോന്റെ മന്ത്രവാദ രീതികൾ തകർന്നടിയുകയും ഒപ്പം സാങ്കേതികമായ രീതിയിൽ അന്വേഷണം നടത്തി സംശയങ്ങൾക്കെല്ലാം ശാസ്ത്രീയ ഉത്തരങ്ങൾ

നൽകുകയും ചെയ്യുന്നുണ്ട്. കഥാവായനയിൽ അത്ഭുതാവഹമായ ഒരു താളം വായനക്കാർക്ക് അനുഭവപ്പെടുന്നു. ശാസ്ത്രകല്പിതമായ ഒരു പ്രമേയം കുറ്റാന്വേഷണ രീതിയെ അവലംബിച്ച് എഴുതുന്ന രീതിയാണ് 'അത്ഭുത നീരാളി' യിൽ കാണുന്നത്.

## 03.10. ശാസ്ത്രകല്പിത നോവലുകളിലെ ആഖ്യാനഘടകങ്ങൾ

ശാസ്ത്രസംബന്ധിയായ ആശയങ്ങളെ കല്പിതകഥകളാക്കുന്നതിൽ രചയിതാവു കൃത്യമായ ആഖ്യാനതന്ത്രങ്ങൾ പ്രയോഗിക്കുന്നു. ശാസ്ത്രകല്പിത രചനകളിലെ ആഖ്യാനഘടകങ്ങളുടെ സംവിധാനമാണ് അവയെ സവിശേഷമാക്കുന്നത്. കഥാപാത്രങ്ങൾ, സംഭവങ്ങൾ, സ്ഥലകാലസംവിധാനം എന്നിവ ശാസ്ത്രകഥകളിൽ നിന്നും തികച്ചും വ്യത്യസ്തമായ രീതിയിൽ അവതരിപ്പിച്ചുകൊണ്ടാണു ശാസ്ത്രകല്പിത നോവലുകൾ രചിച്ചിട്ടുള്ളത്. 'അപ്പുക്കുട്ടനും ഗോപിയും', 'കമാൻഡർ ഗോപി' എന്നീ നോവലുകളുടെ തുടർച്ചയെന്നോണം വായിക്കാൻ കഴിയുന്ന നോവലുകളാണ് 'അത്ഭുത വാനരൻമാർ', 'അത്ഭുത നീരാളി' എന്നിവ. എന്നാൽ ശാസ്ത്ര നോവലുകളുടെ രചനയിൽ നിന്നും വ്യക്തമായ മാറ്റങ്ങളോടെയാണ് ഈ നോവലുകൾ രചിച്ചിട്ടുള്ളത്. ആ മാറ്റങ്ങളെ ആഖ്യാനഘടകങ്ങളുടെ വിതരണത്തിന്റെ അടിസ്ഥാനത്തിൽ വ്യവഹരിക്കാൻ സാധിക്കും. ശാസ്ത്ര കൽപ്പിതകഥകളുടെ അടിസ്ഥാന ഘടകങ്ങളായ ജിജ്ഞാസ, ഉദ്വേഗനിമിഷങ്ങൾ, വിസ്മയം, ആരോഗ്യകരമായ മാനസിക ഭാവങ്ങൾ, ഭദ്രമായ ജീവിതവീക്ഷണം എന്നിവ അതിസൂക്ഷ്മമായ ഘട്ടങ്ങളിൽ പോലും വ്യക്തമായി കാണാൻ കഴിയുന്ന രചനകളാണ് 'അത്ഭുത വാനരന്മാർ', 'അത്ഭുത നീരാളി' എന്നിവ. ഉദ്വേഗ നിമിഷങ്ങളെ ഉണ്ടാക്കുക, അതിന്റെ ആകാംക്ഷ വർദ്ധിപ്പിക്കുക, കഥാമധ്യത്തിൽ അൽപം സാവകാശവും സമാധാനവും ഉണ്ടാക്കുക വീണ്ടും ഉദ്വേഗനിമിഷങ്ങളെ ഉണർത്തുക എന്നീ തരത്തിൽ കുട്ടികളുടെ മനസ്സിന് ആകാംക്ഷയുടെ ഒരു താളം വായനയിലുടനീളം അനുഭവവേദ്യമാകുന്നു. ഇതാണ് കെ വി രാമനാഥൻ എഴുതിയ ശാസ്ത്രകല്പിത നോവലുകളെ സവിശേഷമാക്കുന്നത്. ഓരോ നോവലിന്റെയും ആഖ്യാന ഘടകങ്ങളുടെ അവതരണം എങ്ങനെയാണ് അവയെ കല്പിതമായ ശാസ്ത്ര നോവലാക്കിയതെന്ന് വിശകലനത്തിലൂടെ കണ്ടെത്താൻ സാധിക്കും.

### 03.10.01. ജിജ്ഞാസ

ശാസ്ത്രത്തിന്റെ പുതിയ നിരീക്ഷണങ്ങളെ കുട്ടികളിലെത്തിക്കാനും കൂടുതൽ അറിവു നേടാൻ പ്രേരിപ്പിക്കാനും ശ്രമിക്കുന്ന നോവലുകളാണ് 'അത്ഭുത വാനരന്മാർ', 'അത്ഭുത നീരാളി' എന്നിവ. നോവലിലെ എല്ലാ ആഖ്യാന ഘടകങ്ങളുടെയും വിനിമയം ഇത്തരത്തിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. നോവലിൽ പരാമർശിക്കുന്ന വസ്തുക്കൾ, സംഭവങ്ങൾ, സംഭാഷണം, സ്ഥലം, കാലം എന്നിവയെല്ലാം ശാസ്ത്ര കല്പിത നോവൽ രചനയെ പൂർണ്ണതയിലെത്തിക്കുന്ന ഘടകങ്ങളാണ്.

### 03.10.01.01. നവീനമായ യന്ത്രങ്ങളുടെ അവതരണം

പുതിയ കണ്ടെത്തലുകളെ കുറിച്ചുള്ള വിവരണങ്ങൾ കുട്ടികളിൽ ജിജ്ഞാസ വർദ്ധിപ്പിക്കുവാൻ കാരണമാകുന്നുണ്ട്. ഉപകരണങ്ങൾ, വാഹനങ്ങൾ എന്നിവ ഇതിൽ പ്രധാനമാണ്. ഡ്രൈവറില്ലാതെ റിമോട്ടിൽ സഞ്ചരിക്കുന്ന കാർ ആദ്യകാഴ്ചയിൽ കുട്ടികൾക്ക് അത്ഭുതമാണ് സൃഷ്ടിച്ചതെങ്കിലും അതിനെക്കുറിച്ചു നൽകുന്ന വിവരണങ്ങൾ കുട്ടികളിൽ ജിജ്ഞാസ വർധിപ്പിക്കുന്നതിനു കാരണമാകുന്നു. "റോഡിലൂടെ കാറായി ഓടുകയും ആകാശത്തിലൂടെ വിമാനമായി പറക്കുകയും ചെയ്യുന്ന ഒരു വാഹനമോ?" (2024:26), "പുറത്ത് ഇരുട്ടിലെവിടെയോ അസാധാരണമായ ഒരു മുഴക്കം കേട്ടു. ഏതോ മോട്ടോറിന്റെ ഇരംമ്പമാണോ? ഓട്ടോറിക്ഷയല്ല, കാറല്ല, ജീപ്പല്ല" (2023:29) ഈ സംഭാഷണങ്ങൾ ഉണ്ടാക്കുന്നതു വർധിച്ച ആകാംക്ഷയാണ്. അതുപോലെ മനുഷ്യരെ കൊല്ലാൻ ഉപയോഗിക്കുന്ന ഭീകരരശ്മി പ്രവഹിക്കുന്ന ഉപകരണങ്ങൾ, സ്വന്തം ശരീരത്തിൽ ഘടിപ്പിക്കുന്ന റോക്കറ്റ് എന്നിവ നോവലിൽ പരാമർശിക്കുമ്പോൾ ആകാംക്ഷയും പുതിയ യന്ത്രോപകരണങ്ങളെക്കുറിച്ചുള്ള അന്വേഷണ വ്യഗ്രതയും ബാലമനസ്സുകളിൽ ജനിക്കുന്നു.

### 03.10.01.02. ഗവേഷണ പരീക്ഷണങ്ങൾ

മനുഷ്യന്റെ ശരീരത്തെ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പുതിയ കണ്ടെത്തലുകളുടെ അവതരണം നോവലുകളിൽ കാണാം. മനുഷ്യ മനസ്സിനെ

അടിസ്ഥാനമാക്കി നടത്തുന്നതും അതുപോലെ മനുഷ്യശരീരത്തെ ആധാരമാക്കി നടത്തുന്ന പരീക്ഷണങ്ങളും എന്നും ആകർഷകമാണ്. ഇത്തരത്തിലുള്ള രണ്ടു വിഷയങ്ങളാണ് രണ്ടു നോവലിലും വിഷയമാക്കിയിട്ടുള്ളത്. മനസ്സിനെ ഒരു ശരീരം വിട്ടു മറ്റൊരു ശരീരത്തിൽ പ്രവേശിപ്പിക്കാൻ സാധിക്കുമോ എന്നപരീക്ഷണത്തിന്റെ ഫലങ്ങളാണ് 'അത്ഭുത വാനരന്മാരി'ൽ കാണുന്നത്. മനുഷ്യ ശരീരത്തിലെ സ്വാഭാവികമായ ശ്വസനപ്രക്രിയയെ മാറ്റിമറിച്ചു ജലജീവിയാക്കുന്ന പരീക്ഷണമാണ് 'അത്ഭുത നീരാളി'യിൽ കാണുന്നത്. ഇത്തരം പരീക്ഷണങ്ങളിലൂടെ നോവൽ കടന്നുപോകുമ്പോൾ ഭാവനയെ മറികടന്നു ശാസ്ത്രീയമായ ഗവേഷണ സത്യങ്ങളെക്കുറിച്ചറിയാനുള്ള ആഗ്രഹത്തെ ഉണർത്തുന്നു.

## 03.10.01.03 ആഖ്യാതാവിന്റെ ഇടപെടൽ

ആഖ്യാനഘടകങ്ങളിൽ പ്രധാനപ്പെട്ട മാധ്യമമായ ആഖ്യാതാവ് എങ്ങനെയാണ് നോവലിൽ ഇടപെടുന്നതെന്ന് 'അത്ഭുത നീരാളി' എന്ന നോവലിൽ കാണാൻ സാധിക്കും. കുട്ടികളെ ആക്രമിക്കാൻ വരുന്ന സ്രാവിൽ നിന്നും രക്ഷ നേടാനായി ഗോപി ബുദ്ധിപൂർവ്വം ആലോചിക്കുന്നുണ്ട്. ഇതിനായി ഗോപി സ്രാവിന്റെ സ്വഭാവത്തെക്കുറിച്ചും ജീവിതരീതിയെക്കുറിച്ചും വായിച്ചറിഞ്ഞ വിവരങ്ങളാണ് ഉപയോഗിക്കുന്നത്. ഈ വിവരങ്ങൾ ആഖ്യാതാവ് മനപ്പൂർവ്വം വായനക്കാരായ കുട്ടികൾക്കുവേണ്ടി രൂപപ്പെടുത്തിയ വിജ്ഞാന വിനിമയമാണ്. ഇത്തരത്തിൽ ശാസ്ത്രകല്പിതനോവലിന്റെ ആഖ്യാനം ജിജ്ഞാസ ഉണർത്തുകയും പരിഹരിക്കുകയും ചെയ്യുന്നു. സംഭാഷണങ്ങളി ലൂടെയും സന്ദർഭങ്ങളിലൂടെയും എഴുത്തുകാരന്റെ ഇടപെടലിലൂടെയുമാണ് ഇതു നോവലിൽ സജ്ജീകരിച്ചിരിക്കുന്നത്.

## 03.10.02. ആകാംക്ഷ

'അത്ഭുത വാനരൻമാർ', 'അത്ഭുത നീരാളി' എന്നീ നോവലുകളുടെ സ്വഭാവം ആദ്യാവസാനം നിലനിൽക്കുന്ന ഉദ്വേഗമാണ്. ആഖ്യാനത്തിൽ മുഴനീളെ ആകാംക്ഷ നിലനിർത്തേണ്ടത് ശാസ്ത്രകല്പിത നോവലുകൾക്ക് ആവശ്യമാണ്. സംഭവങ്ങളിൽ ഗതിമാന്ദ്യം കൊണ്ടുവരുന്നത് ഉദ്വേഗം വർദ്ധിപ്പിക്കാൻ ഏറെ സഹായകമാകും എന്നാണ് വിക്തർ ഷ്ലോവ്സ്കി (Viktor

Shklovsky) യുടെ അഭിപ്രായം (ടി ജിതേഷ്, 2017:38). പലപ്പോഴും കഥ പൂർത്തീകരിക്കാൻ താമസം നേരിടുന്ന രീതിയിൽ സംഭവങ്ങളെ ക്രോഡീകരിക്കുകയും പഴയ കാലസംഭവങ്ങളെ ഉൾപ്പെടുത്തുകയും ചെയ്യുന്നത് ഇത്തരത്തിൽ ഗതിമാന്ദ്യമുണ്ടാക്കാനായി എഴുത്തുകാരൻ നടത്തുന്ന മാർഗ്ഗങ്ങളാണ്. ഈ മാർഗ്ഗം കെ വി രാമനാഥൻ എഴുതിയ രണ്ട് ശാസ്ത്രകല്പിത നോവലിലും ദൃശ്യമാണ്.

'അത്ഭുതവാനരന്മാർ' എന്ന നോവലിലെ സംഭവങ്ങളെ കോർത്തെടുക്കുമ്പോൾ ഇത്തരം ഗതിമാന്ദ്യം പലയിടങ്ങളിലും കാണാൻ കഴിയും. ഡോ റാണയുടെ താവളത്തിൽ നിന്നും രക്ഷപ്പെട്ട കാട്ടിലൂടെ സഞ്ചരിക്കുന്ന അപ്പുക്കുട്ടനും ഗോപിയും ഇടപെടുന്ന പല സന്ദർഭങ്ങളും കഥയുടെ ആകാംക്ഷയെ പ്രചോദിപ്പിക്കുന്നതാണ്. കുട്ടികൾ അവരുടെ പഴയ രൂപത്തിലാകുന്നതിനെകുറിച്ചും അവരുടെ വീട്ടിൽ തിരിച്ചെത്തുന്നതിനെ ക്കുറിച്ചുമുള്ള ആകാംക്ഷയെ പൂരിപ്പിക്കുവാനുള്ള സംഭവങ്ങൾക്കിടയിൽ നിരവധി ഉപസംഭവങ്ങൾ നോവലിൽ കാണാം. ഇത്തരം സംഭവങ്ങൾ കഥയുടെ പിരിമുറുക്കത്തിന് അയവു വരുത്തുകയും ചെയ്യുന്നു. ഉദാഹരണത്തിന് ഒരു സന്ദർഭത്തിൽ കാട്ടിൽ കുരങ്ങുകളായി ചാടി നടന്നത് ഒരു പുതിയ അനുഭവമായി കുട്ടികൾ ആസ്വദിക്കുന്നുണ്ട്. "കണ്ട കായകളൊക്കെ പറിച്ച് തിന്ന് അന്യോന്യം എറിഞ്ഞ് ചെറിയ ചില്ലക്കൊമ്പുകളിൽ ഊഞ്ഞാലാടി, മരങ്ങളിൽ തൂങ്ങിക്കിടക്കുന്ന വേരുകളിലും വള്ളികളിലും പിടിച്ചു ടാർസനെപ്പോലെ തൂങ്ങിയാടി തലകീഴായിക്കിടന്നു ലോകം കണ്ടു എന്തൊരു രസം! എന്തൊരുല്ലാസം! അവർ ഭയം മറന്നു. ഉത്കണ്ഠകൾ മറന്നു!" (2024:52) കുരങ്ങന്മാർക്കൊപ്പം കഴിയുന്ന രാത്രി, സർക്കസ് കൂടാരത്തിൽ കഴിഞ്ഞ ദിനങ്ങൾ, അമ്പലമുകളിൽ താമസിച്ച ദിവസങ്ങളിലെ സന്തോഷം നിറഞ്ഞ ചില അനുഭവങ്ങൾ എന്നിവ ഇതര സമാന സന്ദർഭങ്ങളാണ്. ഇവയെല്ലാം സംഘർഷം നിറഞ്ഞ നിമിഷങ്ങൾക്കു അല്പം അയവു വരുത്തുന്നു. എന്നാൽ അതിനു ശേഷമുള്ള സംഭവങ്ങളെല്ലാം അതിയായ ഉദ്വേഗം നിറച്ചുകൊണ്ടുള്ള രംഗങ്ങളാണ്. ആ ഉയർന്ന തലത്തിലുള്ള അസ്വസ്ഥത കഥയിൽ അനുഭവപ്പെടുന്നതിനു മുമ്പ് നടന്ന സംഭവങ്ങളുടെ മാന്ദ്യത സഹായിക്കുന്നു. 'അത്ഭുത നീരാളി' ആദ്യാവസാനം ഉത്കണ്ഠ നിലനിർത്തുന്ന നോവലാണ്.

എന്നാൽ കുട്ടികളെ മാറ്റി പാർപ്പിച്ചുകൊണ്ടു പ്രശ്നങ്ങളെ ഇല്ലാതാക്കാൻ ശ്രമിക്കുന്നുണ്ട്. "ദൂരെ വളരെ വടക്കു ഗോപിയുടെ അച്ഛന്റെ മൂത്ത പെങ്ങളുടെ മകൾ താമസിക്കുന്നുണ്ട് - കടൽത്തീരത്താണ്. ആരുമറിയാത്ത ഒരു ഗ്രാമം. കടലിന്റെ അടുത്തുപോയി താമസിക്കണമെന്ന് ഏറെക്കാലമായുള്ള മോഹമാണ്" (2023:73). ഇങ്ങനെയാണ് ആ സന്ദർഭത്തെ കഥാകൃത്ത് അവതരിപ്പിക്കുന്നത്. എന്നാൽ ശാന്തമായ കടൽതീരം കഥയിൽ ആശങ്കകൾ നിറഞ്ഞ കഥയിടമാകുന്നതാണ പിന്നീട് കാണാൻ കഴിയുന്നത്. ഇത്തരത്തിൽ നോവലിലെ സംഭവങ്ങൾക്കും സന്ദർഭങ്ങൾക്കുമുള്ള അൽപമാന്ദ്യം ഉയർന്ന ഉദ്വേഗനിമിഷങ്ങളെ രൂപപ്പെടുത്താനുള്ള സജ്ജീകരണമാകുന്നു.

### 03.10.03. വിസ്മയവും ഭ്രമാത്മകതയും

കേവലമായ യാഥാർത്ഥ്യത്തിനപ്പുറമുള്ള ധാരാളം വിഷയങ്ങൾ ശാസ്ത്ര കഥകളിൽ പരാമർശിക്കാറുണ്ട്. ശാസ്ത്രകല്പിതനോവലുകളിൽ അതിന്റെ സാധ്യത ഒന്നുകൂടി വർദ്ധിക്കുന്നു. വത്സലൻ വാതുശ്ശേരി ഫാന്റസിയെക്കുറിച്ച് വിശദമാക്കുന്ന സന്ദർഭത്തിൽ അതു യാഥാർത്ഥ്യം, സാധ്യം എന്നിവയുടെ നിർവ്വചനങ്ങൾക്കു വഴങ്ങാതെ നിൽക്കുന്നതാണെന്നു വ്യക്തമാക്കുന്നുണ്ട് (2004:16). ശാസ്ത്രകല്പിത നോവലുകളുടെ പ്രധാന ഭാവമായ വിസ്മയത്തെ നോവലിലാകെ പടർത്തുന്നതു ഭ്രമാത്മകതയാണ്. 'അത്ഭുത വാനരന്മാർ', 'അത്ഭുത നീരാളി' എന്നീ നോവലുകളിലെ ഭ്രമാത്മകത എങ്ങനെയാണ് വിസ്മയാവഹമായ അനുഭവമാകുന്നത് എന്നു നിരീക്ഷിക്കാനാകും. വ്യത്യസ്തമായ രൂപത്തിൽ പ്രത്യക്ഷപ്പെടുന്ന വാഹനങ്ങൾ വായനക്കാരെ വിസ്മയിപ്പിക്കുന്നു. ആകാശത്തിലും റോഡിലും വെള്ളത്തിലും ഒരുപോലെ സഞ്ചരിക്കാൻ സാധിക്കുന്ന വാഹനങ്ങളെക്കുറിച്ചുള്ള വിശദീകരണം അറിവുൽപ്പാദനമാകുന്നു. എന്നാൽ അതിന്റെ ഉപയോഗം നേരിട്ടു കാണുകയും അത് അവതരിപ്പിക്കുകയും ചെയ്യുമ്പോൾ അത്ഭുതമാണ് സൃഷ്ടിക്കുന്നത്. അവയുടെ സത്യാസത്യ വസ്തുതകളെക്കുറിച്ചുള്ള അന്വേഷണത്തിനു പ്രസക്തി ലഭിക്കുന്നില്ല. കാരണം ആഖ്യാനം ഇവിടെ ഭ്രമാത്മകമാകുന്നു. ശാസ്ത്രകഥകൾ എങ്ങനെ ഭ്രമാത്മക സാഹിത്യമാകുന്നുവെന്നതിന്റെ നിദർശനം കൂടിയാണിത്.

രണ്ട് നോവലിലും ഭയമാണ് ഭ്രമാത്മകതയ്ക്ക് നിദാനമാകുന്ന പ്രധാന ഘടകം. പഞ്ചവൻകാട്ടിലെ കോട്ടയിൽ നടന്ന സംഭവങ്ങൾ, കുട്ടികളുടെ രൂപപരിണാമം എന്നിവയെല്ലാം നോവലിനെ ഭ്രമാത്മകതയിലേക്കു കൊണ്ടുപോകുന്നു. 'അത്ഭുത നീരാളി'യിൽ കാണുന്ന ഓരോ സ്ഥലവും ഭയവും ഒപ്പം അത്ഭുതവും സൃഷ്ടിച്ച നോവലിനു ഭ്രമാത്മകതയുടെ പശ്ചാത്തലനിർമ്മിതി ഒരുക്കുന്നു. കടൽത്തീരത്തെ ഇടിഞ്ഞുപൊളിഞ്ഞ അമ്പലം, കുട്ടികളെ അത്ഭുതം കൊള്ളിച്ച കൽഭരണി എന്നിവ നോവലിൽ വിസ്മയമാണു ജനിപ്പിക്കുന്നത്. അതിനുശേഷം കുട്ടികൾക്കു നേരിടേണ്ടി വരുന്ന അനുഭവങ്ങൾ ഭയത്തോടെയും വിസ്മയത്തോടെയുമാണു കഥാപാത്രങ്ങളും വായനക്കാരും നോക്കിക്കാണുന്നത്. സമുദ്രത്തിനടിയിലൂടെ ഏറെ നേരം സഞ്ചരിക്കാനുള്ള തയ്യാറെടുപ്പുകളെക്കുറിച്ച് ഡോ രാജ വിവരിക്കുമ്പോഴും സമുദ്രത്തിലൂടെ സഞ്ചരിക്കുമ്പോഴും പല കാര്യങ്ങളും അറിയുന്നതിനൊപ്പം നോവൽ നിർമ്മിക്കുന്നത് അത്ഭുതവും വിസ്മയവുമാണ്[3]. അവരുടെ കിടപ്പറ എന്നു പറയാവുന്ന ജലസംഭരണിയിൽ കിടന്നുകൊണ്ടു ഗോപി അവന്റെ കടലിലെ യാത്രയെക്കുറിച്ച് ആലോചിക്കുന്നതു "ഭയവും പരിഭ്രമവും അത്ഭുതത്തിനു വഴിമാറിയ നിമിഷങ്ങൾ" (2023:103) എന്നാണ്. ഇത്തരത്തിൽ ഭ്രമാത്മകത, ഭയം, അത്ഭുതം എന്നിവ ഇടകലർന്നു നോവൽ വിസ്മയാവഹമാകുന്നു. ഇത്തരത്തിൽ സ്ഥലസങ്കല്പത്തിലൂടെയും സംഭാഷണങ്ങളിലൂടെയും സംഭവങ്ങളുടെ ആവിഷ്കാരത്തിലൂടെയും വിസ്മയിപ്പിക്കുന്ന ഘടകങ്ങളെ നിർമ്മിക്കുവാൻ കെ വി രാമനാഥന്റെ ശാസ്ത്രകല്പിത നോവലുകൾക്കു സാധിച്ചിട്ടുണ്ട്.

### 03.10.04. ബാലശാസ്ത്രകല്പിതരചനകളുടെ നൈതികത

ബാലശാസ്ത്രകല്പിത രചനകൾ ആരോഗ്യകരമായ മാനസികഭാവം ഉൾക്കൊള്ളുന്നു. കുട്ടികളുടെ ആരോഗ്യകരമായ മാനസിക വളർച്ചയിൽ സ്നേഹം, നന്മ എന്നിവ ഒഴിച്ചുകൂടാനാവാത്ത വികാരങ്ങളാണ്. അതുപോലെ ധൈര്യം, ബുദ്ധി എന്നിവയുടെ പ്രാധാന്യത്തെ കുട്ടികളിൽ എത്തിക്കാനും സാഹിത്യം ശ്രമിക്കാറുണ്ട്. ഇത്തരം മാനസിക ഭാവങ്ങളെ ഉത്തേജിപ്പിക്കാൻ സാധിക്കുന്ന രീതിയിലാണു ശാസ്ത്രകല്പിത രചനകളുടെ സംവിധാനവും ചിട്ടപ്പെടുത്തുക. കെ വി രാമനാഥന്റെ രചനകളുടെ സൂക്ഷ്മ വായനയിലും ഇത്തരം വികാരങ്ങളുടെ വികിരണം കാണാൻ സാധിക്കും.

'അത്ഭുത വാനരന്മാർ' എന്ന നോവലിൽ കുട്ടികളും വീട്ടുകാരും തമ്മിൽ കൂടിച്ചേരുന്ന രംഗങ്ങൾ മാതൃവികാരങ്ങളെ ഉത്തേജിപ്പിക്കുന്നതാണ്. അതു പോലെ കുരങ്ങന്മാരുടെ രൂപത്തിൽ അപ്പുക്കുട്ടനും ഗോപിയും ക്ലാസിലെത്തിയ രംഗവും തീർത്തും വൈകാരികമാണ്. മലമ്പാമ്പിന്റെ കൈയിൽ നിന്നും കുഞ്ഞുകുരങ്ങനെ രക്ഷിക്കുന്ന രംഗങ്ങൾ ധീരതയെ പ്രകടമാകുന്നതിനൊപ്പം ദയ, കരുണ, സഹായമനഃസ്ഥിതി എന്നിവകൂടി ഉൾക്കൊള്ളുന്നു.

ശാസ്ത്രകല്പിത രചനകൾ സത്യത്തെയും അറിവിനെയും യുക്തിയെയും ജിജ്ഞാസയെയും അടിസ്ഥാനമാക്കി നിലകൊള്ളുന്നതിനൊപ്പം കുട്ടികളിലെത്തിക്കേണ്ട ചില സന്ദേശങ്ങളെയും സാന്ദർഭികമായി ഉൾക്കൊള്ളുന്നു. 'അത്ഭുത വാനരന്മാർ' എന്ന നോവൽ ശാസ്ത്രകല്പിത രചനകളുടെ ലക്ഷ്യത്തെയും മാർഗ്ഗത്തെയും പൂർണ്ണമായി ബോധ്യപ്പെടുത്തുന്നതാണ്. ശാസ്ത്ര പരീക്ഷണങ്ങൾ മനഃസംസ്കരണമായി മാറുന്നുവെന്നു കഥയിൽ പറയുമ്പോൾ മനസ്സിനെ നിയന്ത്രിക്കുകയെന്നതാണ് കുട്ടികൾ ഇക്കാലത്തു സമ്പാദിക്കേണ്ട ഏറ്റവും വലിയ സ്വഭാവഗുണമെന്നു എഴുത്തുകാരൻ സൂചന നൽകുന്നു. "മനസ്സിനെ മയക്കി സ്വാധീനിക്കാതിരിക്കാൻ രണ്ടു പേരും ഏകാഗ്രതയോടെ മനസ്സുറപ്പോടെ ഇരുന്നു" (2024:76) എന്നു പറയുമ്പോൾ മനസ്സിന്റെ നിയന്ത്രണം കുട്ടികളിൽ വിജയത്തെകൊണ്ടെത്തിക്കുമെന്ന തത്വം പ്രത്യേകം വിശദമാക്കാതെ കുട്ടികളിലേയ്ക്കെത്തുന്നു. മൃഗങ്ങളെ മനുഷ്യർക്കും മനുഷ്യരെ മൃഗങ്ങൾക്കും ഭയമാണ്. "ആർക്കും അന്യോന്യം ഭയപ്പെടാതെ ജീവിച്ച് കൂടെ? വെറുതെ അന്യോന്യം ശങ്കയാണ്. സംശയമാണ്" (2024:84) എന്നു കുരങ്ങുകളായി ത്തീർന്ന കുട്ടികൾ പറയുമ്പോൾ സർവ്വസമ്മതമായ സന്ദേശമാണു കൈമാറുന്നത്.

ശാസ്ത്രകല്പിത നോവൽ എന്ന നിലയിൽ 'അത്ഭുത വാനരന്മാ'രും 'അത്ഭുത നീരാളി'യും നൽകുന്ന സന്ദേശങ്ങൾ സാധാരണ ബാലകഥകളിൽ നിന്നെല്ലാം ഏറെ ഉയരത്തിലാണ്. ശാസ്ത്രസാങ്കേതികവികസന വിജ്ഞാനം പകരുക മാത്രമാണ് പൊതുശാസ്ത്രകഥകളുടെ പൊതു ലക്ഷ്യം. എന്നാൽ കെ വി രാമനാഥന്റെ രചനകൾ നിലവിലെ ശാസ്ത്രവിജ്ഞാനമേഖലകളെ സ്പർശിച്ചുകൊണ്ടു ഭാവിയിലെ ശാസ്ത്ര ലോകത്തെയാണു വിഭാവന ചെയ്യുന്നത്. ഗവേഷണലോകം നിലനിൽക്കേണ്ടതു നന്മയ്ക്കു വേണ്ടിയുള്ളതാവണമെന്ന

സന്ദേശം അദ്ദേഹത്തിന്റെ ശാസ്ത്രകല്പിത രചനകളുടെ അടിസ്ഥാന തത്വമാണ്. "ഞാനും വലിയ പരീക്ഷണങ്ങളൊക്കെ നടത്തുന്നുണ്ട്. ചേട്ടന്റെ മാതിരി മനസ്സ് മാറ്റിവയ്ക്കുന്ന സൂത്രമൊന്നുമല്ല. എന്റെ പരീക്ഷണങ്ങൾ ഫലം ചെയ്യുന്നവയാണ് സമൂഹത്തിനല്ലെങ്കിൽ എനിക്ക്" (2023:89) എന്ന് പറയുന്ന ഡോ രാജ ശാസ്ത്ര ലോകത്തിനും സമൂഹത്തിനും നൽകുന്നതു പ്രതീക്ഷയല്ല പരാജയമാണ്. സ്വാർത്ഥതയ്ക്കും ധനസമ്പാദനത്തിനുമായി ഗവേഷണങ്ങളെ ഉപയോഗപ്പെടുത്തരുതെന്ന അറിവു 'അത്ഭുത നീരാളി'യിലെ ഡോ രാജയുടെ ക്രൂരമായ ഗവേഷണഫലം വായനക്കാരിലെത്തിക്കുന്നു. മനുഷ്യൻ അപകടങ്ങളിൽ പ്പെടുമ്പോഴെല്ലാം അവർക്കുചുറ്റിനുമുള്ള ജീവജാലങ്ങൾ ആശ്വാസമാവാറുണ്ട്. കാട്ടിലെ കുരങ്ങൻമാരും കടലിലെ ഡോൾഫിനും മനസ്സിൽ നേർമയോടെ നിലനിൽക്കുമ്പോൾ മനുഷ്യൻ അധികാരവും, ധനലാഭേച്ഛയും ഉപയോഗിച്ചു നടത്തുന്ന പ്രവൃത്തികൾ പുനർചിന്തയ്ക്കു വഴിവെക്കുന്നു. ഗവേഷണങ്ങളും, കണ്ടെത്തലുകളും പുലർത്തേണ്ട സാമൂഹിക പ്രതിബദ്ധതയെക്കുറിച്ചാണു കെ വി രാമനാഥന്റെ ശാസ്ത്ര ചിന്തകൾ സംവദിക്കുന്നത്. ശാസ്ത്രകഥകളുടെയും ശാസ്ത്രകല്പിത നോവലുകളുടെയും പൊതുസ്വഭാവങ്ങളെല്ലാം ഉൾക്കൊള്ളിച്ചു കൊണ്ടു ബാലസാഹിത്യരചനയുടെ തത്വത്തെ പ്രയോഗിക്കുന്നതാണ് ഈ കൃതികളുടെ ആഖ്യാനരീതി. സാരോപദേശപ്രദമായ കഥകൾ മൂല്യ ബോധത്തെക്കുറിച്ചു ഉദ്ബോധിക്കുമ്പോൾ ശാസ്ത്രകഥകൾക്കു ഈ മൂല്യബോധത്തെ കുറെക്കൂടി സൂക്ഷ്മമായ അർത്ഥത്തിൽ പറയാനാകും. ശാസ്ത്ര ബോധനമെന്നതിനേക്കാൾ ശാസ്ത്രബോധം സമൂഹത്തിനു നൽകേണ്ട നൈതികബോധത്തെക്കുറിച്ചാണ് ബാലസാഹിത്യം ചർച്ച ചെയ്യേണ്ടതെന്ന് ഈ രചനകൾ ബോധ്യപ്പെടുത്തുന്നു.

## 03.11. രചനാലക്ഷ്യങ്ങൾ

ശാസ്ത്രരചനകളുടെ പ്രധാന ലക്ഷ്യം കുട്ടികളിൽ ശാസ്ത്രബോധം വളർത്തി അവരുടെ ബുദ്ധിവികാസത്തെ ത്വരിതപ്പെടുത്താൻ സഹായിക്കുകയെന്നതാണ്. കെ വി രാമനാഥൻ എഴുതിയ രചനകളിൽ അടങ്ങുന്ന ശാസ്ത്രജ്ഞാനവും അതിന്റെ ഭാഷയും വിവിധ പ്രായത്തിലുള്ള കുട്ടികളോടാണു സംവദിക്കുന്നത്. 'ടിറ്റുവും തിറ്റുവും' എന്ന കഥയിലെ അഞ്ചു ഭാഗങ്ങളും ചെറിയ ഓരോ സംഭവങ്ങളെ അടിസ്ഥാനമാക്കി രചിച്ചവയാണ്. ചെറിയ വാക്യങ്ങളും ലളിത

പദങ്ങളോടും കൂടിയതാണ് അതിന്റെ ഭാഷ[4]. ഇത്തരത്തിൽ വീട്ടും പരിസരവുമായി ബന്ധപ്പെട്ട ചെറിയ സംഭവങ്ങളാണ് കഥയുടെ പ്രമേയ പരിസരം. ഇത്തരം സവിശേഷതകളെ മുൻനിർത്തി ഇത് അഞ്ചു വയസ്സുവരെ പ്രായമുള്ള കുട്ടികൾക്കു വായിച്ചു കൊടുക്കാനും വായന ആരംഭിക്കുന്ന കുട്ടികൾക്കും വേണ്ടി രചിച്ചതാണെന്നു മനസ്സിലാക്കാം. അതു മാത്രമല്ല ഈ പ്രായത്തിലുള്ള കുട്ടികൾക്കു പൊതുവേ വീടും പരിസരവുമാകും അവരുടെ ലോകം. റിറ്റു, ടിറ്റു എന്നീ കഥാപാത്രങ്ങൾ തവളകൾ ആണ്. അവരെ കേന്ദ്ര കഥാപാത്രമാക്കി പറയുന്ന കഥകളിലെ ജീവികൾ അഞ്ചുവയസ്സുവരെയുള്ള കുട്ടികളുടെ അനുഭവതലത്തിൽ അവർ കാണുന്ന ജീവികളാണ്. അവരെ ക്കുറിച്ചുള്ള സത്യങ്ങളാണ് ഈ കഥകളിൽ പറഞ്ഞുകൊടുക്കാൻ എഴുത്തുകാരൻ ശ്രമിക്കുന്നത്. മാത്രമല്ല ഓരോ ജീവികളും മറ്റു ജീവികളെ ഇരയാക്കുന്നതിനെ സംബന്ധിച്ച അറിവുകൾ കഥയിടത്തിൽ നിന്നും കുട്ടികൾ ഗ്രഹിക്കുന്നു. പ്രകൃതിയെയും പരിസ്ഥിതിയെയും സംബന്ധിക്കുന്ന ജൈവഘടനയെക്കുറിച്ചുള്ള സത്യാവസ്ഥയാണ് ഈ കഥകളിലൂടെ പറയുന്നത്. ഇത്തരത്തിൽ ബാല സാഹിത്യരചനയുടെ തരംതിരിവനുസരിച്ച് പ്രൈമറി കുട്ടികൾക്കു വേണ്ടി രചിച്ച കഥകളാണ് ഇവ.

കെ വി രാമനാഥന്റെ കഥകളിൽ കാണാനാകുന്ന മറ്റൊരു സവിശേഷതയാണ് പഴയ കഥകളിൽ നിന്നും പുതിയ കഥകളെ രൂപപ്പെടുത്തുന്ന രീതി. അവയുടെ പൊതുതത്വം കുട്ടികളിൽ ബുദ്ധിപരമായ ഇടപെടലുകൾ നടത്താൻ പ്രേരിപ്പിക്കുകയെന്നതാണ്. ഇത്തരം രചനകളും കുട്ടികളിലെ കൃത്യമായ ഒരു വിഭാഗക്കാരെ ലക്ഷ്യമാക്കിയാണു രചിച്ചിരിക്കുന്നത്. 'ആമയും കുരങ്ങനും ഒരിക്കൽകൂടി', 'പഴയ കൊറ്റിയും പുതിയ കുറുക്കനും', 'ആമയും മുയലും ഒരിക്കൽക്കൂടി', 'പഴയ കുറുക്കനും പുതിയ കാക്കയും' എന്നിവ പ്രധാനമായും രണ്ടു കഥാപാത്രങ്ങൾ തമ്മിലുള്ള സംഭാഷണങ്ങളെ മുൻനിർത്തി മുന്നോട്ടു പോകുന്ന കഥകളാണ്. സംഭാഷണങ്ങളാണ് കഥയുടെ ഗതിമാന്ദ്യത്തെ നിയന്ത്രിക്കുന്നത്. ബുദ്ധിപരമായി ചിന്തിച്ചാൽ പഴയ തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ കഴിയുമെന്നതാണു കഥയുടെ പ്രധാന സന്ദേശം. ഇത്തരം കഥകളുടെ ഭാഷ പ്രൈമറി തലത്തിലുള്ള കുട്ടികൾക്കു ഏറെ ആകർഷകമാകും വിധത്തിലുള്ളതാണ്. എന്നാൽ അവയുടെ പ്രമേയം,

ഭാവുകത്വം എന്നിവ അപ്പർ പ്രൈമറി വിഭാഗത്തിലെ പന്ത്രണ്ടു വയസ്സുവരെയുള്ള കുട്ടികളെയും ഉൾക്കൊള്ളുന്നു. ഈ കഥകളിൽ ബുദ്ധിപൂർവ്വം ചിന്തിച്ചു പ്രവർത്തിക്കുന്ന കഥാപാത്രങ്ങൾക്കു നായകസ്വഭാവം കൈവരുന്നുണ്ട്. 'അപ്പുക്കുട്ടനും ഗോപിയും' എന്ന നോവലിലെ വൈജ്ഞാനിക വിവരങ്ങൾ പകരുന്നതു കുട്ടികളിലെ അടിസ്ഥാന വികാരങ്ങളായ ധൈര്യത്തെയും ഭയത്തെയും ആധാരമാക്കിയാണ്. ഇവ രണ്ടും എക്കാലത്തെയും ബാലകഥകളുടെ അടിസ്ഥാന ഘടകമായി നിലനിൽക്കെ ധൈര്യവാന്റെ വിജയത്തെയും ഭയക്കുന്നവന്റെ പതനത്തെയും ഈ നോവൽ ബോധ്യപ്പെടുത്തുന്നു. ഭയവും ആശങ്കയും കൂടുതൽ ആപത്തുകൾക്കു വഴി തെളിയിക്കുമെന്നു അപ്പുക്കുട്ടനു കഥയിൽ നേരിടുന്ന ആപത്തുകളിൽ നിന്നു കുട്ടികൾക്കു ബോധ്യപ്പെടുന്നു. സ്വന്തമായി ചിന്തിക്കാനും പ്രവർത്തിക്കാനും ആഗ്രഹിക്കുന്ന ഈ പ്രായത്തിലുള്ള കുട്ടികളെ ഏറെ സ്വാധീനിക്കാൻ ഈ കഥകൾക്കു സാധിക്കുന്നു.

കെ വി രാമനാഥൻ എഴുതിയ ശാസ്ത്രകഥകളുടെ പ്രധാനപ്പെട്ട മറ്റൊരു സ്വഭാവം യുക്തിബോധം പകരുന്നതോടൊപ്പം അവ ഭാവനാത്മകം കൂടിയാകുന്നുവെന്നതാണ്. ഇത്തരം രചനകളുടെ ഭാഷയും പ്രമേയവും കുട്ടികളിൽ ജിജ്ഞാസ ഉണർത്തുന്നവയാണ്. കുട്ടികളുടെ ഭാവനയോടു ചേർന്നുനിന്നു അവരുടെ വിചാരവികാരങ്ങളെ തൃപ്തിപ്പെടുത്താനും ഇവയ്ക്കു സാധിക്കുന്നു. 'അത്ഭുത വാനരൻമാർ' 'അത്ഭുത നീരാളി' എന്നീ നോവലുകളിലെ ഭാവനാത്മകമായ അവതരണം, ശാസ്ത്രത്തിന്റെ പുരോഗതി, സമൂഹവുമായി ഗവേഷണത്തിനുള്ള പ്രതിബദ്ധത എന്നിവ തീരെ ചെറിയ കുട്ടികളേക്കാൾ കൗമാര പ്രായത്തിലുള്ള കുട്ടികളെയാണ് സ്വാധീനിക്കാൻ സാധിക്കുന്നത്. അതുകൊണ്ടുതന്നെ യുക്തിയും സാമൂഹിക പ്രതിബദ്ധതയും ശാസ്ത്രബോധവും പകരുന്ന അദ്ദേഹത്തിന്റെ രചനകളെ ഒൻപതു മുതൽ പതിനേഴ വയസ്സുവരെ പ്രായമുള്ള അപ്പർ പ്രൈമറി പ്രായക്കാരെയും കൗമാര പ്രായക്കാരായും മുന്നിൽ കണ്ടു രചിച്ചതാണെന്ന് പറയാം. ഇത്തരം വിഭജനങ്ങൾ സാഹിത്യകൃതികളുടെ ആഖ്യാനസവിശേഷതകൾ നൽകുന്ന ഫലത്തെ മുൻനിർത്തി മാത്രമുള്ളതാണെന്നും തിരിച്ചറിയേണ്ടതുണ്ട്. കാരണം സാഹിത്യം ആസ്വാദകരെ മാത്രം ലക്ഷ്യമാക്കുമ്പോൾ ബാലസാഹിത്യത്തിനു പ്രായഭേദമെന്യേയുള്ള

ആസ്വാദകരാണു നിലവിലുള്ളത്. എന്നാൽ ബാലസാഹിത്യരചന കൃത്യമായ ലക്ഷ്യ ബോധത്തോടെ നടത്തേണ്ട ഒരു പ്രക്രിയയാണെന്നിരിക്കെ ഇത്തരം വിഭജനങ്ങൾ ബാലസാഹിത്യ പഠനങ്ങൾക്കു കൃത്യമായ ദിശാബോധം നൽകുന്നു.

## നിരീക്ഷണങ്ങൾ

- കെ വി രാമനാഥന്റെ ശാസ്ത്രരചനകളെ ശാസ്ത്രകഥ, ശാസ്ത്രനോവൽ, ശാസ്ത്രകല്പിതനോവൽ എന്നിങ്ങനെ മൂന്നായി വർഗ്ഗീകരിക്കാം.
- ശാസ്ത്രീയവിവരണം, വിജ്ഞാനം, യുക്തിബോധം എന്നിവയുടെ പ്രായോഗികതയാണ് ശാസ്ത്രകഥകളിൽ കാണുന്നത്.
- ശാസ്ത്രകഥകളിലെ ആഖ്യാനഘടകങ്ങൾ കുട്ടികളുടെ പ്രായത്തിനനുഗുണമായി സജ്ജീകരണം ചെയ്തിരിക്കുന്നു. കുട്ടികളുടെ സാമൂഹികബന്ധം ഭാഷാഗ്രഹണശേഷി എന്നിവയെ ആഖ്യാനത്തിൽ പരിഗണിക്കുന്നു.
- ജന്തുകഥകൾ, കേവല വിജ്ഞാനം പകരുന്ന കഥകൾ, യുക്ത്യധിഷ്ഠിത കഥകൾ എന്നിവയിലൂടെയാണ് ശാസ്ത്ര കഥകളിൽ ശാസ്ത്രീയ വിജ്ഞാനം പകരുന്നത്.
- ശാസ്ത്ര കഥകളിലെ മൃഗകഥാപാത്രങ്ങളിൽ നരരൂപാദാന രീതിയുടെ സ്വഭാവ സവിശേഷതകൾ നിരീക്ഷിക്കാം.
- ബുദ്ധിയുടെയും യുക്തിചിന്തയുടെയും പ്രായോഗിക വിജ്ഞാനം പകരാൻ നാടോടി കഥകളുടെ പുനരാഖ്യാനം സാധ്യമാക്കുന്നു. ക്രിയാ ഘടകങ്ങളുടെ പരിവർത്തനത്തിലൂടെയാണ് ഇതു പ്രകടമാക്കുന്നത്.
- വിരുദ്ധ കഥാപാത്രങ്ങൾ ശാസ്ത്രീയം /അശാസ്ത്രീയം എന്നീ ഘടകങ്ങളുടെ വിശകലനത്തിനുള്ള ആഖ്യാനഘടകങ്ങൾ ആകുന്നു.
- ശാസ്ത്രകഥകളുടെയും ശാസ്ത്രനോവലുകളുടെയും ആഖ്യാനഘടകങ്ങൾ സ്ഥലസങ്കല്പവും സന്ദർഭസംഭാഷണങ്ങളുമാണ്.
- ശാസ്ത്രനോവലുകളിൽ പ്രധാനമായും രണ്ടു സ്ഥലസങ്കല്പം കാണാൻ സാധിക്കും. ഒന്ന് കഥാപാത്രങ്ങളായ കുട്ടികളുടെ ഇടം. മറ്റൊന്ന് കഥയിലെ സങ്കല്പയിടം. നോവലിന്റെ ഭാവനയെ യുക്തി ഭദ്രമാക്കാൻ നോവലിലെ ഈ ഇടം സഹായിക്കുന്നു.
- കൗതുകം നിറച്ചുകൊണ്ടാണ് ശാസ്ത്രനോവലിൽ ശാസ്ത്ര വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത്.

- ശാസ്ത്രകല്പിതനോവലുകളുടെ അടിസ്ഥാന ഘടകങ്ങൾ ജിജ്ഞാസ, ആകാംക്ഷ, വിസ്മയം എന്നിവയാണ്.
- ശാസ്ത്രീയതയുടെയും ഭ്രമാത്മകതയുടെയും ഇടകലർന്ന അവതരണമാണ് ശാസ്ത്രകല്പിത നോവലുകളിൽ കാണുന്നത്.
- ബാലസാഹിത്യം സംരക്ഷിക്കുന്ന മാനവിക മൂല്യങ്ങൾ ശാസ്ത്ര രചനകളിലൂടെയും ബോധ്യപ്പെടുത്താനാകും എന്ന തത്വം ഈ രചനകൾ സാക്ഷ്യപ്പെടുത്തുന്നു.

## കുറിപ്പുകൾ

1. അടിസ്ഥാന ശാസ്ത്ര ശാഖകളായ രസതന്ത്രം, ഭൗതികശാസ്ത്രം, ജീവശാസ്ത്രം, ജ്യോതിശാസ്ത്രം, ജിയോളജി, ഗണിതം എന്നിവയുടെ സാങ്കേതിക വിവരണങ്ങൾ അടങ്ങിയ ശാസ്ത്രാഖ്യാനങ്ങളെയാണ് ദൃഢശാസ്ത്രകൃതികൾ എന്ന് പറയുന്നത്. സാമൂഹിക ശാസ്ത്രം, മനഃശാസ്ത്രം, നരവംശശാസ്ത്രം, രാഷ്ട്രതന്ത്രം, ദൈവശാസ്ത്രം, ഭാഷാശാസ്ത്രം, പുരാവൃത്തം എന്നിവയുമായി ബന്ധപ്പെടുത്തി എഴുതുന്ന കഥകളെയും അനുമാനകഥകളെയും കെട്ടുകഥ കളെയുമാണ് മൃദുശാസ്ത്രകൃതികളായി പരിഗണിക്കുന്നത്. ഭ്രമാത്മക കൃതികൾ അടിസ്ഥാന ശാസ്ത്ര നിയമത്തിൽ നിന്നും വ്യത്യസ്തമായ സങ്കൽപ്പങ്ങളെ അടിസ്ഥാനമാക്കി രചിക്കുന്നവയാണ്. ഭ്രമാത്മക കൃതിയിൽ ആവിഷ്കരിക്കുന്ന തത്വങ്ങളെ ശാസ്ത്രീയ ഫലമായി പരിഗണിക്കാൻ സാധ്യമല്ല. കാരണം പലപ്പോഴും ഭ്രമാത്മകകൃതികളിൽ മിത്തുകൾ, ജാലവിദ്യ, ഭ്രമാത്മകമായ മനോവ്യാപാരം തുടങ്ങിയ വിഷയങ്ങൾ ഇടകലർന്ന് ആഖ്യാനത്തിൽ ചേർന്നിട്ടുണ്ടാകും. അർച്ചന, എ, കെ. 'ശാസ്ത്രനോവൽ മലയാളത്തിൽ ചരിത്രം വികാസം പരിണാമം.' 2001.പുറം -13,14.

2. ഇട്ടിരാരിശ്ശമേനോൻ: "പെട്ടെന്നാണ് മുന്നിൽ അല്പം മാറി തീ ആളിക്കത്തിയത്. അവിടെ ചിതയില്ല മനുഷ്യരോന്നുമില്ല. സാധാരണ തീയല്ല. വല്ലാത്തൊരു നിറം അതുമെല്ലെ ഉയർന്ന് വളർന്ന് വിറച്ചുതുള്ളി".

അപ്പുക്കുട്ടൻ: "ശ്മശാനമല്ലെ? എത്രമാത്രം ആളുകളെ അവിടെ ദഹിപ്പിക്യേം കുഴിച്ചിട്ട്യേം ഒക്കെ ചെയ്തിട്ടുണ്ടാവും! നമ്മുടെയൊക്കെ എല്ലിലെ ഫോസ്ഫറസ് എന്ന സാധനം മണ്ണിലിങ്ങനെ കലർന്ന് കലർന്ന് കെടക്കണ്ണണ്ടാവും. അതിന് പല പല മാറ്റങ്ങളും വന്ന് വന്ന് വാതക രൂപത്തിൽ മണ്ണിനടിയിൽ വല്ല എലീടെയോ പെരുചാഴീടെയോ മാളങ്ങളിൽ തങ്ങിനിൽക്കും നിറഞ്ഞ് നിറഞ്ഞ് ഉള്ളിൽ ക്കൊള്ളണ്ടാകുമ്പോ ഫൂ....ഭും എന്നൊരു ചാട്ടമാണ് പുറത്തേക്ക്! പുറത്തുവന്ന് വായുവിൽ തൊട്ടാൽ ഈ വാതകവും കത്തും.

പൂക്കുത്തിപോലെ നിന്നുകത്തും അതാണ് ഇട്ടിരാരിശ്ശമേന്നെ" കെ. വി. രാമനാഥൻ, 'തെരഞ്ഞെടുത്ത ബാലസാഹിത്യ കഥകൾ'. 2018. പുറം - 95.

3. "ആ ജലാശയത്തിൽ ഒരു കരയോടടുത്തായി വിചിത്രാകൃതിയിലുള്ള ഒരു ബോട്ട് പോങ്ങിക്കിടന്നു. അടുത്ത് ചെല്ലുന്തോറും കുട്ടികളുടെ കണ്ണുകളിൽ തിരിച്ചറിവും അത്ഭുതവും വിടർന്നുവന്നു. ആ വാഹനത്തിന്റെ പള്ളയിൽ ഒരു നീരാളിയുടെ തിളങ്ങുന്ന ചിത്രം. പ്രകാശിക്കുന്ന ചുവന്ന കണ്ണുകളോടുകൂടിയ നീരാളിയുടെ ചിത്രം". കെ. വി. രാമനാഥൻ. 'അത്ഭുത നീരാളി'. 2023. പുറം - 98

4. "ടിറ്റുവിന് വിശക്കുന്നു. പനിനീർച്ചെടിയുടെ ഇലയിൽ നിന്ന് നൂലുകെട്ടി ഇറങ്ങിവരുന്ന ഒരു പുഴുവിനെ കണ്ടു. പിടിച്ചുകളയാം. ഒരു ചാട്ടത്തിന് അടുത്തെത്തി. എന്തോ അപകടം മണത്ത പുഴു നൂലിൻമേൽക്കിടന്ന് പിടഞ്ഞ് മേൽപ്പോട്ടുകയറിപ്പോകാൻ ശ്രമിച്ചു. പക്ഷേ പറ്റിയില്ല". കെ. വി. രാമനാഥൻ. 'തെരഞ്ഞെടുത്ത ബാലസാഹിത്യകൃതികൾ'. 2018.പുറം - 10.

# അധ്യായം നാല്

# വി ആർ സുധീഷിന്റെ ബാലരചനകളിലെ ആഖ്യാനരീതികൾ

ബാലമനസ്സിലൂടെയുള്ള സഞ്ചാരമാണ് ഓരോ ബാലകഥയും. കുട്ടികളുടെ മനോവിചാരങ്ങൾക്കനുസൃതമായി അവ വ്യത്യാസപ്പെടുന്നു. ആദ്യകാല ബാലകഥകൾ ഉപദേശത്തിലൂടെ കുട്ടികളുടെ മനസ്സിനെ സ്വാധീനിക്കാൻ ശ്രമിക്കുകയായിരുന്നു. എന്നാൽ കാലഘട്ടത്തിനനുസരിച്ച് ഇതിന് മാറ്റം വരുന്നു. പിന്നീടുണ്ടായ ശാസ്ത്രാധിഷ്ഠിത കൃതികളുടെ അടിസ്ഥാനഘടകം കുട്ടികളുടെ മനസ്സിൽ ശാസ്ത്രബോധം ഉണർത്തുക എന്നതായിരുന്നു. കഴിഞ്ഞ അധ്യായങ്ങളിൽ  വിശകലനം ചെയ്ത സുമംഗലയുടെ കഥകളിലും കെ വി രാമനാഥന്റെ കഥകളിലും കുട്ടികളുടെ മനോവ്യാപാരങ്ങൾ സങ്കലനം ചെയ്തിട്ടുണ്ട്. എന്നാൽ ആ രചനകളിലെ ആഖ്യാനത്തിനു കൃത്യമായ പ്രമേയ ലക്ഷ്യമുണ്ടായിരുന്നു. അഥവാ പ്രമേയത്തിനനുസരിച്ച കൃതികളുടെ ആഖ്യാനം വ്യത്യാസപ്പെടുന്നു. എന്നാൽ ബാലകഥകൾ കുട്ടികളുടെ മനസ്സിന്റെ സഞ്ചാരത്തിനനുഗുണമായി രചിക്കുമ്പോൾ മനഃശാസ്ത്രത്തെ അടിസ്ഥാനമാക്കി യാണ് അവയുടെ പഠനം നടത്താനാകുക. ഇങ്ങനെയുള്ള മനോവ്യാപാരാ ധിഷ്ഠിതങ്ങളായ ബാലസാഹിത്യ രചനകൾക്കു തനതായ ചില ആഖ്യാന സവിശേഷതകൾ കണ്ടെത്താനാകും.

## 04.01. ബാലസാഹിത്യ രചനകളിലെ മനോവ്യാപാരം

മനസ്സിന്റെ പ്രവൃത്തിയെയും വിചാരത്തെയുമാണ് മനോവ്യാപാരം എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത്. ബാലകഥകളുടെ പ്രമേയത്തിന്റെ അടിസ്ഥാനം കുട്ടികളുടെ മനസ്സിന്റെ പ്രവൃത്തിയെ ആസ്പദമാക്കിയാണ് നിലകൊള്ളുന്നതെ ങ്കിൽ അവയുടെ ആഖ്യാനരീതി മനോവികാരങ്ങളെ കൂടുതൽ സ്പഷ്ടമായി ആവിഷ്കരിക്കാൻ ഉതകുംവിധം രൂപപ്പെടുത്തിയിരിക്കുന്നു. കുട്ടികളുടെ മനസ്സിന്റെ വിചാരങ്ങളെ ആവിഷ്കരിക്കുന്ന രചനകൾ കുട്ടികളുടെ മനഃശാസ്ത്രമായി നേരിട്ടു ബന്ധപ്പെടുന്നതായിരിക്കും. കുട്ടികളുടെ മനസ്സിന്റെ സഞ്ചാരത്തിൽ അവരുടെ ആന്തരിക ലോകമെന്നപോലെ ബാഹ്യലോകവും കടന്നു വരുന്നു. ചെറിയ

പ്രായത്തിൽ വീട്ടിൽ കഴിയാൻ ആഗ്രഹിക്കുന്ന കുട്ടികൾ മുതിരുമ്പോൾ പുറംലോകത്തെയും ഇഷ്ടപ്പെടുന്നത് അവരുടെ പൊതുസ്വഭാവമായതിനാൽ ഈ രചനകളിൽ ഈ രണ്ട് ഇടങ്ങൾക്കും നിർണ്ണായകമായ സ്ഥാനമുണ്ട്. അതിനാൽ കുട്ടികളുടെ മനസ്സിന്റെ പ്രവൃത്തികളെന്ന നിലയിൽ വിശകലനം ചെയ്യുന്ന ബാലരചനകളുടെ പഠനത്തിൽ മനഃശാസ്ത്ര ഘടകങ്ങളും മനഃശാസ്ത്ര തത്വങ്ങളും അടിസ്ഥാന ഘടകമാകുന്നു. മനോവ്യാപാര രചനകളുടെ ആഖ്യാനത്തിൽ ശിശു മനഃശാസ്ത്രതത്വങ്ങളുടെ പ്രയോഗികത ഈ പഠനത്തിലൂടെ കണ്ടെത്താൻ ശ്രമിക്കുന്നു.

## 04.02. മനോവിചാരങ്ങളുടെ ആഖ്യാനരീതി

കുട്ടികളുടെ മനസ്സിന്റെ സഞ്ചാരങ്ങളെ സർഗ്ഗാത്മകതയിലേയ്ക്കു പരിവർത്തനം ചെയ്യുമ്പോൾ എഴുത്തുകാർ വ്യത്യസ്തങ്ങളായ രീതികൾ അവലംബിക്കുന്നു. മുതിർന്നവർ കുട്ടികൾക്കായി എഴുതുന്ന കഥകളിൽ കുട്ടികളുടെ മനസ്സിന്റെ സ്വഭാവങ്ങൾ, പെരുമാറ്റ വ്യതിയാനങ്ങൾ, മനസ്സിന്റെ ആകുലതകൾ, ചിന്തകൾ, അവരെ സ്വാധീനിക്കുന്ന സാമൂഹിക ഘടകങ്ങൾ എന്നിവ ആഖ്യാനത്തിന്റെ ഭാഗമാകും. കുട്ടികളുടെ ജീവിതരീതി, വിദ്യാഭ്യാസം, കുടുംബ ബന്ധം, സമകാലിക പ്രശ്നങ്ങൾ എന്നിവ അവരുടെ മനോവിചാരങ്ങളെ സ്വാധീനിക്കുന്ന ഘടകങ്ങളായതുകൊണ്ടുതന്നെ അവ പല തരത്തിൽ കഥകളിൽ കടന്നു വരുന്നതായി കാണാൻ കഴിയും. ഇതിവൃത്തം പോലെ തന്നെ പ്രധാനമാണ് കഥാപാത്രങ്ങളും. ബാലകഥകളിൽ കഥാപാത്രങ്ങൾ പൊതുവെ കുട്ടികളായതുകൊണ്ട് ശിശുസഹജമായ മനോവികാരങ്ങളെ ഈ കഥാപാത്രങ്ങളിലൂടെ ഫലപ്രദമായി അവതരിപ്പിക്കുന്നു. അതുപോലെ തന്നെ പ്രധാനമാണ് മൃഗകഥകൾ. മൃഗകഥാപാത്രങ്ങളിലൂടെ കുട്ടികളുടെ മനസ്സിന്റെ സഞ്ചാരത്തെ പ്രതിനിധീകരിക്കുന്ന രീതി ബാലകഥാരചനയുടെ പൊതു രീതിയാണ്. മൃഗകഥകൾ മൃഗങ്ങളുടെ കഥയല്ല പറയുന്നത്, അതിലെ കഥാപാത്രങ്ങൾ കുട്ടികളെയും അവരുടെ സ്വഭാവത്തെയുമാണ് പിന്തുടരുന്നത്. തങ്ങൾക്ക് ഇഷ്ടപ്പെട്ട മൃഗങ്ങൾ കഥാപാത്രങ്ങളായി കഥയിൽ പ്രത്യക്ഷപ്പെടുകയും അവരുടെ ചേഷ്ടകൾ തങ്ങൾ ചിന്തിക്കുന്നതിനും പ്രവർത്തിക്കുന്നതിനും സമാനമാകുകയും ചെയ്യുമ്പോൾ വായനക്കാരായ

കുട്ടികൾക്ക് അവയോട് താദാത്മ്യം പ്രാപിക്കാൻ സാധിക്കും. അതുകൊണ്ടാണ മൃഗകഥകൾ എല്ലാ പ്രായത്തിലുള്ള കുട്ടികൾക്കും പ്രിയങ്കരമാകുന്നത്.

വി ആർ സുധീഷ് എഴുതിയ 'കുറുക്കൻമാഷിന്റെ സ്കൂൾ', 'അമ്പിളിപ്പൂതം' എന്നിവയെ ബാലമനഃശാസ്ത്രാധിഷ്ഠിത രചനകളായി പരിഗണിക്കാം. കുട്ടികളുടെയും മൃഗങ്ങളുടെയും പ്രവൃത്തികളിലൂടെ സഞ്ചരിക്കുന്ന ഈ രചനകൾ ആഖ്യാനസവിശേഷതകൾകൊണ്ടു ബാലകഥകളിൽ പുതുഭാവുകത്വം സൃഷ്ടിക്കുന്നുണ്ട്.

## 04.03. വി ആർ സുധീഷിന്റെ ബാലരചനകൾ

ബാലസാഹിത്യ വിഭാഗത്തിൽ വി ആർ സുധീഷിന്റെ രണ്ടു പ്രധാനപ്പെട്ട രചനകളാണുള്ളത്. അവയാണ് 2016 ൽ പ്രസിദ്ധീകരിച്ച 'കുറുക്കൻമാഷിന്റെ സ്കൂൾ', 2018 പ്രസിദ്ധീകരിച്ച 'അമ്പിളിപ്പൂതം' എന്നിവ. സമകാലിക പ്രമേയത്തിനനുയോജ്യമായ ആഖ്യാനമാതൃകകൾ അവലംബിക്കുന്ന ഈ രണ്ടു കൃതികളും കുട്ടികളുടെ മനസ്സിന്റെ സഞ്ചാരത്തെ കൃത്യമായി രേഖപ്പെടുത്തുവാൻ ശ്രമിക്കുന്നുണ്ട്. മനുഷ്യനും മൃഗങ്ങളും ഒരുപോലെ കഥയിൽ കടന്നുവരുന്ന ഈ ബാലനോവലുകൾ ബാലമനോവ്യാപാരങ്ങളുടെ മുഴുനീള അവതരണമാണ് നടത്തുന്നത്. സിഗ്മണ്ട് ഫ്രോയിഡിന്റെ മനഃശാസ്ത്ര ചിന്തകളിലൂടെ ഇവയുടെ പ്രമേയ ആഖ്യാനരീതികളെ വിശകലനം ചെയ്യാനാകും.

### 04.03.01. 'കുറുക്കൻമാഷിന്റെ സ്കൂൾ' – പ്രമേയ പരിസരം

കുറുക്കൻ എന്ന മൃഗകഥാപാത്രത്തെ കേന്ദ്രമാക്കിയാണ് 'കുറുക്കൻ മാഷിന്റെ സ്കൂൾ' എന്ന നോവലിന്റെ കഥ സഞ്ചരിക്കുന്നത്. പരസ്പരം ഉപദ്രവിക്കരുതെന്ന നിയമമുള്ള സവിശേഷമായ ഒരു കാട്ടിലാണ് ഈ കഥ നടക്കുന്നത്. കള്ളക്കുറുക്കൻ എന്ന പേര് മാറ്റിയെടുക്കാൻ വേണ്ടി കുറുക്കൻ കാട്ടിൽ ഒരു സ്കൂൾ ആരംഭിക്കുകയും തുടർന്നുണ്ടാകുന്ന സംഭവങ്ങളുമാണ കഥയുടെ ഇതിവൃത്തം. പ്രധാനമായും മൃഗങ്ങൾ ഭാഷപഠിക്കുക, പാട്ടുപഠിക്കുക, മനുഷ്യരെപോലെ സംസ്കാരം പഠിക്കുക, സ്നേഹിക്കാൻ പഠിക്കുക അങ്ങനെ തുടങ്ങി കാട്ടിലെ മൃഗക്കുട്ടികൾ നാട്ടിലെ കുട്ടികളെപ്പോലെയായിത്തീരുകയെന്ന

താണ് കുറുക്കന്റെ ആഗ്രഹങ്ങൾ. സൂത്രശാലിയെന്നും, കോഴിക്കള്ളൻ എന്നും ഓരിക്കാരൻ എന്നും പമ്പരവിഡ്ഢി എന്നും പലപ്പോഴും വിളിക്കുന്ന പേരാണ് കുറുക്കനെ മാറ്റിയെടുക്കേണ്ടത്. ഈ കുറുക്കൻ ബുദ്ധിമാനും, സ്നേഹവാനും നയതന്ത്രജ്ഞനും ആണെന്ന് കഥയിൽ പറയുന്നു. അങ്ങനെ എല്ലാ മൃഗങ്ങളോടും ഈ കാര്യം സംസാരിക്കുകയും എല്ലാവരും സമ്മതിക്കുകയും സ്കൂൾ ആരംഭിക്കുകയും ചെയ്യുന്നു. കുറുക്കൻമാഷ് പ്രധാന അധ്യാപകനാവുകയും ആന, പുലി, മാൻ, മയിൽ, കുയിൽ, പരുന്ത്, കുരങ്ങ്, ഒട്ടകം എന്നിവരെല്ലാം ഓരോ വിഷയങ്ങളിലെ അധ്യാപകരുമാകുന്നു. പ്രവേശനോത്സവത്തിലൂടെ ആരംഭിക്കുന്ന സ്കൂളിൽ അധ്യാപകർ വ്യത്യസ്ത വിഷയങ്ങൾ പഠിപ്പിക്കുന്നുണ്ട്. മയിൽ നൃത്തവും, കുയിൽ പാട്ടും, പേടമാൻ നവരസങ്ങളും കുട്ടികൾക്കു പകർന്നു നൽകി. ഒട്ടകം മരുഭൂമിയെക്കുറിച്ചു പഠിപ്പിച്ചു. കുരങ്ങച്ചൻ മിമിക്രി കാണിച്ചു ക്ലാസ്സ് ആകർഷകമാക്കി. ആമയും മുയലും പന്തയം വച്ച കഥയും തന്റെ മുതുമുത്തച്ഛനെ പറ്റിയ അമളിക്കഥയും സിംഹം കാട്ടിലെ കുട്ടികൾക്കു പറഞ്ഞു കൊടുത്തു. വാനമ്പാടി കുറുക്കൻ മാഷെക്കുറിച്ചു പാട്ടെഴുതി കുട്ടികളെ പഠിപ്പിച്ചു. അങ്ങനെ കുറുക്കൻ മാഷിന്റെ സ്കൂളിൽ കാടിന്റെയും നാടിന്റെയും ചരിത്രം, ലോകമഹാസംഭവങ്ങൾ, പാട്ട്, നൃത്തം, പാചകം, കായികവിനോദങ്ങൾ എന്നിവ പാഠ്യവിഷയങ്ങളായി.

കഥയുടെ സഞ്ചാരത്തിൽ കുട്ടികളുടെ കുസൃതികളെക്കുറിച്ചും മുതിർന്നവർ അറിയാതെ അവർ നടത്തുന്ന പല അബദ്ധ സഞ്ചാരങ്ങളെക്കുറിച്ചും പറയുന്നുണ്ട്. വിദ്യാഭ്യാസത്തിന്റെ ഭാഗമായ പഠനയാത്രയും, കായിക മേളയുടെ ഭാഗമായ പറക്കൽ മത്സരവും കഥപറച്ചിലിന്റെ ഭാഗമായി വരുന്നു. കുട്ടികളുടെ വായനയിൽ അത്ഭുതഭാവങ്ങളുണർത്താൻ കഥയിൽ അതിശയോക്തി കലർന്ന പല സംഭവങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. പറക്കൽ മത്സരത്തിനിടയിൽ താലിക്കുഞ്ഞ് മേഘങ്ങൾക്കിടയിൽ മറഞ്ഞു കാണാതെ പോവുകയും ഒടുവിൽ കുറുക്കൻമാഷിന് സ്വർഗലോകത്തു നിന്നും മഴവിൽ മാല നൽകിക്കൊണ്ട് ആകാശത്തു പ്രത്യക്ഷപ്പെടുകയും ചെയ്യുന്ന ദൃശ്യചാരുതയുള്ള രംഗങ്ങൾ ഇതിനുദാഹരണമാണ്.

കഥയിലെ മറ്റൊരു സംഭവം, നാട്ടിലെ മാറ്റങ്ങൾ തിരിച്ചറിയാനും പുതിയ പഠന രീതികളെ കുറിച്ചു മനസ്സിലാക്കാനും കുറുക്കൻമാഷ് നടത്തിയ യാത്രയുടെ

ദുരനുഭവങ്ങളാണ്. പഴയ സ്കൂളിൽ നിന്നും വ്യത്യസ്തമായ അന്തരീക്ഷവും പഠന രീതികളുമാണ് പുതിയ സ്കൂളിന് ഉണ്ടായിരുന്നത്. ഗ്രാമീണ അന്തരീക്ഷത്തിൽ നിന്നും നാടിനുണ്ടായ നാഗരിക സ്വഭാവം മനുഷ്യരിലും മാറ്റങ്ങളുണ്ടാക്കുന്നുവെന്നു കുറുക്കൻമാഷ് തിരിച്ചറിയുന്നു. കഥയിൽ ഉദ്വേഗജനകമായ രംഗങ്ങൾ ആരംഭിക്കുന്നതു കാട്ടിലെ സ്കൂളിലെ കലാമേളയുടെ രണ്ടാം ദിനത്തിൽ കലാപ്രതിഭയും കലാതിലകവുമായി തെരഞ്ഞെടുത്ത മിട്ടുമാനിനെയും മീനുമുയലിനെയും കാണാതായതോടെയാണ്. കൂടാതെ കുറുക്കൻമാഷിന്റെ സത്യസന്ധത ചോദ്യം ചെയ്യുകയും സംശയിക്കുകയും ചെയ്യുന്നു.

മൃഗങ്ങളിലൂടെ പറഞ്ഞു വന്ന കഥ പെട്ടെന്നു വായനയ്ക്കും ആസ്വാദനത്തിനും പുതിയ മാനം സൃഷ്ടിക്കുന്നതു നോവലിലൂടേ ആവിഷ്കരിച്ച സംഭവങ്ങളെല്ലാം ആറാം ക്ലാസുകാരിയായ കപില ചിത്രലേഖയുടെ സ്വപ്നമായിരുന്നുവെന്ന് കഥയിൽ വെളിപ്പെടുത്തുന്നതോടെയാണ്. മിടുക്കിയായ അവളുടെ സ്വപ്നത്തിലൂടെ കുറുക്കൻമാഷുടെ സ്കൂളും പഠനവും എത്തുന്നു. അടുത്ത ദിവസവും കപില സ്വപ്നം കാണുകയും അതിൽ താലിക്കുഞ്ഞു പ്രത്യക്ഷപ്പെട്ടു കാട്ടിലെ സ്കൂൾ പൂട്ടിയ വിവരം അറിയിക്കുകയും ചെയ്യുന്നു. തുടർന്നു കഥയിൽ നടക്കുന്നതു സ്വപ്നത്തിലെ കഥാപാത്രമായ താലിക്കുഞ്ഞു നേരിട്ടു കപിലയുടെ ജീവിതത്തിലേക്കു വരുന്നതാണ്. സ്വപ്നവും യാഥാർത്ഥ്യവും കഥയിൽ ഒന്നാകുകയും കപിലയുടെ സഹായത്തോടെ കാണാതെ പോയ മൃഗക്കുഞ്ഞുങ്ങളെ കണ്ടെത്തുകയും ചെയ്യുന്നു.

മൃഗകഥ എന്ന നിലയിൽ പ്രമേയത്തെ രൂപപ്പെടുത്തുകയും കഥാന്ത്യത്തിൽ കുട്ടികളുടെ മനോവിചാരങ്ങളുമായി അതു യോജിക്കുകയും ചെയ്യുന്ന രീതിയിലാണ് ഈ നോവലിന്റെ ആഖ്യാനം. കുട്ടികളുടെ മനസ്സിന്റെ സഞ്ചാരം, മനുഷ്യന്റെ പ്രവൃത്തികൾ എന്നിവയിലൂടെ സഞ്ചരിക്കുന്ന കഥ കുട്ടികൾക്കും മുതിർന്നവർക്കും വിലയേറിയ മാനുഷികമൂല്യങ്ങൾ പകർന്നു നൽകുന്നു.

### 04.03.02.'അമ്പിളിപ്പൂതം'

നവനീത് എന്ന ഒന്നാം ക്ലാസുകാരന്റെ മനസ്സിന്റെ ആകുലതകളും ചിന്തകളുമാണ് 'അമ്പിളിപ്പൂതം' എന്ന നോവലിന്റെ അടിത്തറ. നവനീതിന്റെ

മനസ്സിൽ ആഴത്തിൽ സ്പർശിച്ച പൂതത്തിന്റെ കഥയും അതുപോലെ കുടുംബത്തിലെ അസ്വസ്ഥതകളും പാരിസ്ഥിതിക പ്രശ്നങ്ങളും ഉണ്ടാക്കുന്ന മനോവിചാരങ്ങളാണ് നോവലിലൂടെ അനാവരണം ചെയ്യുന്നത്. നവനീത് എന്ന കുട്ടിയിൽ സ്വാധീനം ചെലുത്തിയ 'പൂതപ്പാട്ട്' എന്ന കവിതയിലെ ആശയം അവന്റെ മനസ്സിലും ജീവിതത്തിലും കടന്നുവരുന്നു. അച്ഛന്റെ അമിതമായ മദ്യപാനവും അവൻ ഏറെ ഇഷ്ടപ്പെടുന്ന പറയൻകുന്നിനെ ഇടിച്ചുനിരത്താൻ പോവുകയാണെന്ന വിവരവും അവനിൽ അസ്വസ്ഥത ജനിപ്പിക്കുന്നു. ഒരു ദിവസം കുട്ടികൾ കളിക്കുന്നതിനിടയിൽ പറയൻകുന്നിൽ നിന്നും കിരീടം വച്ച ഒരു രൂപം പൊങ്ങി വരുകയും കുട്ടികൾ ഓടി അടുത്തപ്പോൾ ആ രൂപം മറഞ്ഞു പോവുകയും ചെയ്യുന്നു. പിറ്റേന്ന് പറയൻകുന്നിൽ ഒറ്റക്ക് ഇരുന്ന നവനീത് ഈ രൂപത്തെ കാണുകയും അവൻ അത് പൂതമാണെന്ന ധാരണയിൽ സംസാരിക്കുകയും കൂട്ടുകൂടുകയും ചെയ്യുന്നു. കുന്നിടിച്ച് തകർക്കാൻ പോവുകയാണെന്ന വ്യാകുലത കുട്ടി പൂതത്തോട് പങ്കു വയ്ക്കുന്നു. ആവാസസ്ഥലം നഷ്ടപ്പെട്ട പൂതത്തോട് തന്റെ വീട്ടിൽ താമസിക്കാൻ കുട്ടി ആവശ്യപ്പെടുകയും ആരും ഭയക്കാതിരിക്കാൻ പെൺകുട്ടിയുടെ രൂപം സ്വീകരിക്കാൻ കുട്ടി ആവശ്യപ്പെടുകയും അമ്പിളി എന്ന പേര് നൽകുകയും ചെയ്യുന്നു. അമ്പിളി കുട്ടിയുടെ മരിച്ചുപോയ അനിയത്തിയാണ്. കുട്ടിയുടെ നഷ്ടചിന്തകളും സ്വപ്നങ്ങളും അവന്റെ പ്രവൃത്തികളെ നിയന്ത്രിക്കുന്നതാണ് കഥയുടെ തുടർച്ചയിൽ കാണാനാകുന്നത്.

പൂതവും കുട്ടിയും തമ്മിലുള്ള സംഭാഷണങ്ങളും സംഭവങ്ങളുമാണ് കഥയെ പിന്നീട് മുന്നോട്ട് നയിക്കുന്നത്. കഥയിൽ പൂതം എന്ന മിത്തിന്റെ പ്രവർത്തനം അതിനു ഇടയാക്കിയ കുട്ടിയുടെ മാനസികവ്യാപാരങ്ങൾ ഇതെല്ലാം നോവൽ പ്രമേയത്തിൽ അന്തർലീനമാണ്. കുന്നിടിച്ച് തകർക്കാൻ വരുന്നവരെ ഇടിക്കുമെന്നും അച്ഛന്റെ മദ്യപാനം നിർത്തലാക്കുമെന്നും പറയുന്ന പൂതം കുട്ടിക്കു നൽകുന്ന മാനസിക ബലം കഥയുടെ അടിസ്ഥാന ഘടകമാണ്. കഥാന്ത്യത്തോടെ അമ്പിളിയെന്നു പേരിട്ട പൂതം അവന്റെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കുകയും ഒപ്പം പറയൻകുന്നിനെ സംരക്ഷിക്കുകയും ചെയ്യുന്നു. കഥയിലെ പ്രധാന കഥാപാത്രമായ പൂതം അഥവാ അമ്പിളി കഥാന്ത്യത്തിൽ പ്രത്യക്ഷമാകുന്നതോടെ കഥയ്ക്കു ലഭിക്കുന്ന ഭ്രമാത്മകസ്വഭാവം ബാലകഥയുടെ

ആഖ്യാനരീതിയ്ക്ക് അനുഗുണമായി നിന്നു ആസ്വാദ്യതയെ ത്വരിതപ്പെടുത്തു ന്നുണ്ട്. മിത്തും കുട്ടിയുടെ മാനസികവ്യാപാരങ്ങളും പരസ്പരപൂരകങ്ങളായി നിന്നു കൊണ്ടു ബാലരചനകളുടെ ആഖ്യാനത്തെ എങ്ങനെ രൂപപ്പെടുത്തുന്നുവെന്നു 'അമ്പിളിപ്പൂതം' എന്ന ബാലനോവലിലൂടെ വ്യവച്ഛേദിച്ചറിയുവാൻ സാധിക്കും.

## 04.04. 'കുറുക്കൻമാഷിന്റെ സ്കൂളിലെ' ആഖ്യാനഘടകങ്ങൾ

വ്യത്യസ്തമായ ആഖ്യാനരീതിയാണ് ഓരോ കഥയേയും വ്യതിരിക്ത മാക്കുന്നത്. സർഗ്ഗാത്മക രചനകളിൽ പ്രയോഗസജ്ജമായ ചില പൊതു അടിസ്ഥാന ആഖ്യാനഘടകങ്ങളുണ്ട്. അവ ഏതെല്ലാം സാഹചര്യത്തിൽ ഉപയോഗിച്ചിരിക്കുന്നു, കഥാഗതിയെയും കഥാലക്ഷ്യത്തേയും സാർത്ഥക മാക്കാൻ അത് എങ്ങനെയെല്ലാം സഹായകമാകുന്നു എന്നിവയുടെയെല്ലാം അടിസ്ഥാനത്തിലാണ് ഈ ഘടകങ്ങൾ ഓരോ രചനയെയും വ്യത്യസ്തമാ ക്കുന്നത്. ആഖ്യാനത്തിലെ സ്ഥലകാല സങ്കല്പങ്ങൾ, കഥാപാത്രങ്ങൾ, ഭാഷ, സംഭാഷണങ്ങൾ എന്നിവ 'കുറുക്കൻമാഷിന്റെ സ്കൂൾ' എന്ന നോവലിൽ പ്രസക്തമാകുന്നത് എങ്ങനെയെന്ന് നിരീക്ഷിക്കുമ്പോൾ ഈ നോവലിന്റെ ആഖ്യാനസവിശേഷതകൾ കണ്ടെത്താൻ സാധിക്കും.

### 04.04.01. സ്ഥലികത

കാട്ടിലെ സ്കൂൾ എന്ന സങ്കൽപ്പത്തിലൂന്നി സഞ്ചരിക്കുന്ന കഥാഗതിയുടെ പ്രധാന ഇടം കാടാണ്. മനുഷ്യൻ കേട്ടും കണ്ടും അറിഞ്ഞിട്ടുള്ള കാടിന്റെ പൊതുസ്വഭാവമല്ല നോവലിലുള്ളത്. കാട്ടുമൃഗങ്ങൾക്കുള്ള സവിശേഷമായ സ്വഭാവങ്ങളാണ് കാടിനെ പൊതുസ്ഥലസങ്കൽപ്പത്തിൽ നിന്നു വ്യത്യസ്തമാക്കുന്നത്. ഇവിടെ മൃഗകഥാപാത്രങ്ങൾ പരസ്പരം ഉപദ്രവിക്കാതെ കഴിയുന്നവരായതിനാൽ കാട്ടിലെ സ്കൂൾ എന്ന സങ്കല്പത്തിനു യുക്തിഭദ്രതയുണ്ട്. മൃഗങ്ങളുടെ സവിശേഷമായ ഈ സ്വഭാവമാണ് കാട്ടിലെസ്കൂൾ എന്ന സ്ഥലികത നിർമ്മിക്കുവാൻ സഹായകമാകുന്നത്. പ്രമേയം വ്യത്യാസപ്പെടുന്നതിനനുസരിച്ച് കാട് എന്ന സ്ഥല സങ്കൽപ്പത്തിനും വ്യത്യാസം വരുന്നു. കുറുക്കൻമാഷിന്റെ സ്കൂൾ എന്നതു കാട്ടിലെ കഥ അല്ലാതായി അതു നാടിന്റെ കൂടി കഥയായി മാറി പ്രമേയത്തിനു പരിണാമം സംഭവിക്കുമ്പോൾ സ്ഥലികതയ്ക്കും മാറ്റമുണ്ടാകുന്നു.

കുറുക്കൻ സ്കൂൾ ആരംഭിക്കുന്നത് കാട്ടിലെ മൃഗങ്ങളെ സംസ്കാരമുള്ളവ രാക്കി മാറ്റാനാണ്. അതിനായി നാട്ടിലേക്കു ചില യാത്രകൾ നടത്തുന്നുണ്ട്. കുറുക്കനു സ്കൂളിനെക്കുറിച്ചുള്ള പ്രാഥമിക അറിവുകൾ ലഭിക്കുന്നതു നാട്ടിലേക്കു നടത്തിയ ഈ യാത്രകളിൽ കൂടിയാണ്. ആ യാത്രയിൽ നേടിയ അറിവുകളാണ് കുറുക്കൻ മൃഗങ്ങൾക്കു പകരാൻ ആഗ്രഹിക്കുന്നത്. മനുഷ്യന്മാരുടെ സ്കൂളിൽ നിന്നും കേട്ട പാട്ടിനെ കുറിച്ചു കുറുക്കൻ വാചാലനാകുന്നുണ്ട്. അങ്ങനെ നാട് എന്ന ഇടത്തെ അറിവും ആശയങ്ങളും നൽകുന്ന ഘടകമായി പരിവർത്തിപ്പിക്കുന്നു. നാട്ടിൻപുറത്തെ അധ്യാപകരെ പ്പോലെയാവണമെന്നാണ് കുറുക്കന്റെ ആഗ്രഹം. നാട്ടിൻപുറം എന്ന സ്ഥലം നൽകുന്ന ഭാവപ്രപഞ്ചവും അതിനു കാലക്രമേണ വന്നുചേർന്ന മാറ്റങ്ങളും കഥയുടെ അവിഭാജ്യ ഘടകമാണ്. നാട്ടിൻപുറത്തിന്റെയും നഗരത്തിന്റെയും സംസ്കാരത്തെക്കുറിച്ചു കുറുക്കൻ ആദ്യം ചിന്തിക്കുന്നതു വസ്ത്രം തെരഞ്ഞെടുക്കുന്നതിലൂടെയാണ്. പാന്റും കോട്ടും ടൈയും ധരിക്കുന്നത് പട്ടണത്തിലെ മാഷൻമാരാണെന്നും മുണ്ടും ജുബ്ബയും ധരിക്കുന്നത് നാട്ടിൻ പുറത്തെ മാഷൻമാരാണെന്നും ഭാര്യയെ കുറുക്കൻ പറഞ്ഞു മനസ്സിലാക്കുന്നത് സഞ്ചാരങ്ങളിലൂടെ ലഭിച്ച അറിവിനെ അടിസ്ഥാനമാക്കിയാണ്. ഇങ്ങനെ വസ്ത്രം എന്ന സൂചകത്തിലൂടെ സന്ദർഭാനുസാരിയായി വ്യത്യസ്തപ്പെടുന്ന സംസ്കാരത്തെ ബോധ്യപ്പെടുത്താനും കഥയിൽ ഇടത്തെ ഉപയോഗിക്കുന്നു.

മനുഷ്യനും സ്വഭാവത്തിനും മാറ്റംവരുന്നതു നോവലിൽ പ്രത്യക്ഷമാക്കു ന്നത് കഥയിടത്തെ പ്രതിനിധീകരിച്ചുകൊണ്ടാണ്. "പണ്ട് നടന്ന വഴികളിലൂടെ കുറുക്കൻ മാഷ് നാട്ടിലെത്തി. മനുഷ്യന്മാരുടെ നാട്. പണ്ടത്തെ നാടല്ല. ആകെ മാറിയിട്ടുണ്ട്. എവിടെ നോക്കിയാലും ഉയരത്തിൽ കെട്ടിടങ്ങൾ. കാട്ടിലെ ഇടതൂർന്ന മരങ്ങളെപ്പോലെ കെട്ടിടങ്ങൾ. കളി സ്ഥലങ്ങളും പറമ്പുകളും പാടങ്ങളുമൊന്നും കാണാനില്ല. കുറ്റിക്കാടുകളുമില്ല" (2018:51) എന്ന നാട്ടിൻപുറത്തിന്റെ ഭൗതിക മാറ്റങ്ങൾ മനുഷ്യരിലുണ്ടായ ആന്തരിക മാറ്റത്തിന്റെ അനുരണനമാണെന്ന് സ്ഥലികപരിണാമത്തിലൂടെ കഥ സൂചിപ്പിക്കുന്നുണ്ട്. നാട്ടിൻപുറത്തെ സ്കൂളിൽ നിന്നു പല കാര്യങ്ങളും കുറുക്കൻ പഠിച്ചിരുന്നു. നാട്ടിൻപുറത്തെ വിദ്യാഭ്യാസം തുറന്ന ആശയങ്ങളുടെ ഇടമായിരുന്നു എന്നാണ് ഇതിലൂടെ കഥ സംവദിക്കുന്നത്. എന്നാൽ ആ

ഗ്രാമീണമായ തുറന്ന അന്തരീക്ഷം മാറുകയും വിദ്യാലയങ്ങൾ മതിൽ ക്കെട്ടിനകത്തേയ്ക്ക് ഉൾവലിയുകയും ചെയ്തു. നാടിന്റെ മാറ്റം മനുഷ്യരിലും കാണാൻ സാധിക്കും. കുട്ടികളിലെ മാറ്റം കുറുക്കനു നേരിട്ടനുഭവപ്പെട്ടതു കഥയിൽ വിവരിക്കുണ്ട്. പുതിയ കാലത്തെ മനുഷ്യക്കുട്ടികൾ പഠിക്കുന്നത് എന്താണെന്നറിയാൻ സ്കൂളിൽ മറഞ്ഞിരുന്നുകേൾക്കാൻ പോയ കുറുക്കനെ തലക്കടിച്ചു വീഴ്ത്തുകയും കുറുക്കനു വലിയ മുറിവുകൾ പറ്റുകയും ചെയ്തു. മരം മുറിക്കുകയും കാടു നശിപ്പിക്കുകയും ചെയ്യുന്ന പോലെ കാട്ടിലെ മൃഗങ്ങളെയും നശിപ്പിക്കുമോ എന്ന സംശയം കുറുക്കനുണ്ടാകുന്നുണ്ട്. ഇത്തരത്തിൽ സ്ഥലവും കാലവും മാറുന്നതു കഥയിൽ പരാമർശിക്കുന്നത് മനുഷ്യരിലുണ്ടായ മാറ്റങ്ങളെ ബോധ്യപ്പെടുത്താനാണ്. സംസ്കാരമുള്ള മനുഷ്യനു പരിസ്ഥിതിയെയും മൃഗങ്ങളെയും നശിപ്പിക്കാൻ കഴിയുമോ എന്ന കുറുക്കന്റെ ചോദ്യം എന്താണ് യഥാർത്ഥ സംസ്കാരമെന്ന് ചിന്തിപ്പിക്കുന്നു. ഇത്തരത്തിൽ സ്ഥലം, കാലം എന്ന പരികല്പനകൾ നോവലിൽ അവയുടെ കേവല അർത്ഥസംജ്ഞക്കപ്പുറം മറ്റൊരു ആശയ ലോകത്തെക്കൂടി പ്രതിനിധീകരിക്കുന്നു. ബാലസാഹിത്യത്തിന്റെ പ്രാഥമിക ധർമ്മങ്ങളിലൊന്നായ മാനവിക മൂല്യങ്ങളെ നോവലിന്റെ പ്രമേയത്തിനനുയോജ്യമായ രീതിയിൽ ഈ ആഖ്യാനഘടകങ്ങൾ ഉപയോഗിച്ചു കൃതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 04.04.01.01. ഇടം എന്ന മാധ്യമത

ആഖ്യാനം അതിന്റെ ലക്ഷ്യ പ്രാപ്തിയിലെത്തിച്ചേരാനുള്ള നാല് മാർഗ്ഗങ്ങളിൽ ഒന്നാണ് മാധ്യമത. പുരുഷൻ, പരിപ്രേക്ഷ്യം, ബഹുലകം എന്നീ മൂന്ന് നിയോജക ഘടകങ്ങളിലൂടേ ചേരുന്ന സങ്കല്പമാണ് മാധ്യമത എന്ന് ഡി രാധാകൃഷ്ണൻ നായർ രേഖപ്പെടുത്തിയിട്ടുണ്ട് (2000:46). കഥാവിഷ്കാരത്തിൽ ആഖ്യാതാവ് സ്വന്തം ശൈലിയും ഭാഷയും ഉപയോഗിച്ച് നേരിട്ട് ആഖ്യാനം നടത്താറുണ്ട്. എന്നാൽ അതല്ലാതെ കഥാപാത്രത്തിലൂടെ തനിക്കു പറയാനുള്ളവ പറയുന്ന രീതിയും ഉണ്ട്. അത് ആഖ്യാന ബഹുലകം എന്ന് അറിയപ്പെടുന്നു. 'കുറുക്കൻമാഷിന്റെ സ്കൂൾ' എന്ന നോവലിന്റെ പ്രധാന സംഭവങ്ങൾക്ക് ആധാരമായ കഥയിടം കാട്ടിലെ സ്കൂളാണ്. കാട് എന്നത് കാട്ടിലെ മൃഗങ്ങളുടെയും നാട്ടിലെ മനുഷ്യരുടെയും പൊതു വിവരങ്ങൾ വിശദമാക്കാനുള്ള ഒരു മാർഗമാണ്. കാട്ടിൽ സ്കൂൾ തുടങ്ങാൻ പോകുന്നുവെന്ന ആശയം

പ്രകാശിതമാക്കുന്നത് ഇങ്ങനെയാണ്, "ദേശീയ മൃഗമായ കടുവയോടും ഔദ്യോഗിക മൃഗമായ ആനയോടും ഇക്കാര്യം സംസാരിക്കാൻ കുറുക്കൻ രാവിലെ തന്നെ പുറപ്പെട്ടു" (2018:11). ഇതു വായനക്കാരായ കുട്ടികൾക്കുവേണ്ടി കഥാകാരൻ ഒരുക്കിയ വിജ്ഞാനമണ്ഡലമാണെന്നു തിരിച്ചറിയാൻ സാധിക്കും. എന്നാൽ ഈ ആശയത്തെ ആഖ്യാതാവ് നേരിട്ട് അവതരിപ്പിക്കാതെ കുറുക്കന്റെ ബോധമനസ്സിലൂടേ കൈമാറുകയാണ് ചെയ്യുന്നത്. കുറുക്കന്റെ സ്കൂളിലെ മൃഗക്കുട്ടികളുടെ സംഭാഷണത്തോടനുബന്ധിച്ച് നടക്കുന്ന സംഭവങ്ങൾ പരിസ്ഥിതിയുമായി ബന്ധപ്പെട്ട നിരവധി മൂല്യങ്ങൾ പകരുന്നു. കുട്ടികളോടു ചോദിക്കുന്ന ഒരു പൊതുചോദ്യമാണല്ലോ വലുതാകുമ്പോൾ ആരായിത്തീരണ മെന്നത്. കഥയിൽ ഈ ചോദ്യം മിട്ടുവിനോടു ചോദിക്കുമ്പോൾ അവൻ നൽകുന്ന ഉത്തരം കർഷകൻ ആവണമെന്നാണ്. ഈ ആഗ്രഹം മറ്റുള്ളവർക്ക് ഒരു ആശ്ചര്യമായിരുന്നു. പ്രകൃതിയെ സ്നേഹിക്കുന്ന ഒരാളാവണമെന്ന അവന്റെ ആശയത്തെ വിപുലമാക്കാൻ നോവലിൽ പഠനയാത്ര ഒരുക്കുന്നു. കാട്ടിലെ വൻമരങ്ങൾ വെട്ടുന്ന മനുഷ്യരെ പഠനയാത്രയ്ക്കിടയിൽ കാണുന്നതു വന നശീകരണത്തെക്കുറിച്ചും പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചുമുള്ള അവബോധം സൃഷ്ടിക്കുന്നു. മനുഷ്യൻ നിർമ്മിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെ ക്കുറിച്ചു കഥയിൽ പറയുമ്പോൾ വായനക്കാരായ കുട്ടികളിൽ അതു ചിന്തക്കു വഴിതെളിയിക്കുന്നു. കാട് എന്ന ഇടം കഥ പറയാൻ ഉള്ള ഇടം മാത്രമല്ല മറിച്ച് ആഖ്യാനത പൂർത്തിയാക്കാനുള്ള ഒരു മാർഗ്ഗം കൂടിയാകുന്നു. ഇത്തരത്തിൽ മാധ്യമതയുടെ നിയോജക ഘടകമായ ആഖ്യാനബഹുലകമായി കുറുക്കൻ എന്ന കഥാപാത്രം മാറുന്നു.

അപനിർമ്മിക്കപ്പെടുന്ന ഒരിടം കൂടിയാണ് കാട്. കാരണം മനുഷ്യരുടെതു പോലെ ഒരു സ്കൂൾ നിർമ്മിക്കണം എന്നതാണു കുറുക്കന്റെ ആഗ്രഹം. കാട്ടിലെ സ്കൂൾ എന്നതു കാടിന്റെ സംസ്കാരം ഉൾക്കൊള്ളാനല്ല മറിച്ചു നാടിന്റെ സംസ്കാരം പകർത്താനുള്ള ശ്രമമായിട്ടാണു മനസ്സിലാക്കേണ്ടത്. നോവലിന്റെ തുടക്കത്തിൽ നാട്ടിലെ കുട്ടികൾ കുറുക്കനെകുറിച്ചു പാട്ട് പാടുന്നുണ്ട്. "നമ്മുടെ സ്കൂളിൽ എല്ലാ മൃഗങ്ങളെക്കുറിച്ചുമുള്ള പാട്ട് പഠിപ്പിക്കണം. നല്ല ഭാഷ പഠിപ്പിക്കണം. മനുഷ്യരെപ്പോലെ സംസ്കാരം പഠിപ്പിക്കണം അന്യോന്യം എല്ലാവരും നന്നായി സ്നേഹിക്കാൻ പഠിപ്പിക്കണം" (2018:10) എന്നിങ്ങനെ

കുറുക്കൻ ആഗ്രഹിക്കുന്നു. മനുഷ്യന്റെ നാട്ടിലെ ഇത്തരം സംസ്കാരശീലങ്ങൾ കണ്ടു മോഹിച്ചു കാടിനെ മാനവസംസ്കാരം പിന്തുടരുന്ന നാടാക്കി മാറ്റണമെന്നു പറയുമ്പോൾ കാട് എന്ന ഇടത്തെ അപനിർമ്മിക്കുകയാണ് ചെയ്യുന്നത്. മനുഷ്യർ കാട് നശിപ്പിക്കുന്നതു നാടിനെ വളർത്താനാണെന്ന കുറുക്കന്റെ വിവരണത്തിനൊടുവിൽ മിട്ടുവിന്റെ "നാട് പോലെയല്ലേ കാടും" (2018:39)എന്ന ചോദ്യത്തിന് ഉത്തരം പറയാനാവാതെ കുറുക്കൻമാഷ് മൗനിയാകുന്നുണ്ട്. കാട്ടിലെ മൃഗങ്ങൾ നാടിന്റെ സംസ്കാരം ഉൾക്കൊള്ളാൻ ശ്രമിക്കുമ്പോൾ അതിനു സമാന്തരമായി കാടുനശിപ്പിച്ചു നാടാക്കാൻ മനുഷ്യർ ശ്രമിക്കുന്നു. കാട് നാടാകാനും, നാടാക്കാനും ശ്രമിക്കുക എന്ന വിരുദ്ധ സ്വഭാവരീതികളെ വിപരീത ദ്വന്ദ്വങ്ങളെ മുൻനിർത്തി സംസ്കാരത്തിന്റെ ഗഹനതയും അർത്ഥ വ്യാപ്തിയും അന്വേഷിക്കുവാൻ കഥ നിർബന്ധിക്കുന്നു. ഇങ്ങനെ ഇടം എന്ന ആഖ്യാനഘടകത്തിന്റെ സാധ്യതകളെ ഉപയോഗിച്ചു കൊണ്ട് രണ്ടു വ്യത്യസ്ത സംസ്കാരങ്ങളുടെ നന്മ തിന്മകളെ വിവേചിച്ചറിയാൻ കഥ കുട്ടികൾക്കു ദിശാബോധം നൽകുന്നു. മാർക്സിസ്റ്റ് ചിന്തകനായ ഹെൻറി ലെഫെബ്രെ (Henri Lefebvre) യുടെ നിരീക്ഷണത്തിൽ ഇടം എന്നുപറയുന്നത് സാമൂഹിക ഇടം മാത്രമല്ല അത് ചിന്തക്കും പ്രവൃത്തിക്കുമുള്ള ആയുധംകൂടിയാണ്. ഇത്തരം ചിന്തകളും കാട് എന്ന ഇടവുമായി ചേർത്തുവായിക്കാൻ സാധിക്കും.

### 04.04.02. നോവലിലെ കാലസങ്കല്പം

നോവലിലെ കഥ നടക്കുന്ന കാലവും സംഭവങ്ങളും അനുഭവങ്ങൾക്കനുസരിച്ചു വ്യതിചലിക്കുന്നു. ഓരോ നോവലിലും കാലം മാറിക്കൊണ്ടിരിക്കുന്നത് നോവലിൽ നടക്കുന്ന സംഭവങ്ങളെ ആസ്പദമാക്കിയാണ്. 'കുറുക്കൻമാഷിന്റെ സ്കൂൾ' എന്ന നോവലിന്റെ കഥാഗതിയിൽ സ്ഥിരമായ ഒരു കാലം പ്രതിനിധീകരിക്കുന്നില്ല. സംഭവങ്ങളും സന്ദർഭങ്ങളും മാറുന്നതിനനുസരിച്ച് അതു വ്യതിചലിച്ചുകൊണ്ടിരിക്കുന്നു.

നോവൽ പല സന്ദർഭങ്ങളിലൂടെയാണു കടന്നു പോകുന്നത്. "കുറുക്കന് പണ്ടേ ഒരു പേരുണ്ട്. കള്ളക്കുറുക്കൻന്ന്. ആ പേര് ഒന്ന് മാറ്റിയെടുക്കാൻ വേണ്ടിയാണ് ഈ കുറുക്കൻ ഇപ്പോൾ തല പുകഞ്ഞ് ആലോചിച്ചു കൊണ്ടിരിക്കുന്നത്" (2018:07) ഇങ്ങനെയാണ് നോവൽ ആരംഭിക്കുന്നത്. പണ്ടു

നിലനിന്ന ഒരു വ്യവസ്ഥാപിതമായ പേരാണ കുറുക്കനെ മാറ്റേണ്ടത്. അതിന്റെ ആലോചനയുടെ ഫലമായാണ് സ്കൂൾ തുടങ്ങുന്നത്. ഇത്തരത്തിൽ പഴയ ഒന്നിനെ മാറ്റുവാനുള്ള ശ്രമമാണ് പ്രധാന ഇതിവൃത്തം. ഇത്തരത്തിൽ കഥ പഴയതും പുതിയതുമായ ആശയങ്ങളുടെ അനുഭവങ്ങൾകൊണ്ടു നിറയുന്നു. ഈ അനുഭവങ്ങൾ കാലം കൊണ്ടാണ് വേർതിരിക്കുന്നത്.

കാട്ടിലെ സ്കൂൾ തുടങ്ങിയതിനു ശേഷം നടക്കുന്ന സംഭവങ്ങൾ വർത്തമാനകാലത്തിൽ നടക്കുന്നതായി വായനയിൽ നിന്നും മനസ്സിലാക്കാൻ സാധിക്കും. തുടർസംഭവങ്ങളിലൂടെ പോകുന്ന കഥയ്ക്ക് ഒരു മാറ്റം സംഭവിക്കുന്നത് ഉപകഥ കടന്നു വരുമ്പോഴും മൃഗക്കുഞ്ഞുങ്ങളെ കാണാതാകുമ്പോഴുമാണ്. ഉപകഥയിൽ കാലം പെട്ടെന്നു പിറകോട്ടു നീങ്ങുകയും ശേഷം വീണ്ടും കഥ വർത്തമാനകാലത്തിലേയ്ക്കു മടങ്ങി വരികയും ചെയ്യുന്നു. കഥ പൊതുവേ വർത്തമാനത്തിൽ നടക്കുകയും സന്ദർഭങ്ങൾക്കു യോജിക്കുന്ന രീതിയിൽ കാലത്തിന്റെ പ്രതിനിധാനത്തിൽ മാറ്റംവരുകയും ചെയ്യുന്നു.

'കുറുക്കൻമാഷിന്റെ സ്കൂൾ' എന്ന ബാലനോവലിന്റെ ആഖ്യാനത്തിൽ ഏറ്റവും പ്രധാനം സ്വപ്നത്തിന്റെ ആഖ്യാനമാണ്. സ്വപ്നത്തിനു കൃത്യമായ കാല ഗണന ആഖ്യാനശാസ്ത്രത്തിൽ നിർവചിച്ചിട്ടുണ്ട്. സ്വപ്നം വർത്തമാനത്തിന്റെ പ്രതിനിധാനം ആണ് കൈവരിക്കുന്നത്'. കഥയിൽ സ്വപ്നം വരുന്നതോടെ പുതിയൊരു ആശയലോകം പ്രത്യക്ഷപ്പെടുന്നു. കപില എന്ന പെൺകുട്ടി കഥയിൽ പ്രവേശിക്കുന്നതോടെ കാലത്തിനും സംഭവങ്ങൾക്കും വ്യതിയാനം വരുന്നു. സ്വപ്നവും യാഥാർത്ഥ്യവും സങ്കലിതമായി കഥയുടെ ഭാഗമാവുന്ന പ്രമേയ സവിശേഷത ദൃശ്യമാവുകയും ചെയ്യുന്നു. ആഖ്യാനകാലത്തെ അടിസ്ഥാനമാക്കി നിരീക്ഷിച്ചാൽ 'കുറുക്കൻമാഷിന്റെ സ്കൂൾ' എന്ന നോവൽ വർത്തമാനകാല കഥയാണെന്നു പറയാൻ സാധിക്കും.

### 04.04.03. സ്വപ്നാഖ്യാനത്തിലെ കാലവും സ്ഥലവും

ആഖ്യാനത്തിലെ കാലവും സ്ഥലവും സ്വപ്നാവിഷ്കാരമാകുമ്പോൾ അവയ്ക്കു മനഃശാസ്ത്രപരമായ ചില വിശദീകരണങ്ങളുണ്ട്. സ്വപ്നത്തിലെ സംഭവങ്ങളുടെ ഇടം കാടാണ്. അവ നടക്കുന്നതു തുടർച്ചയായ ചില ഭൂതകാല ഓർമ്മകളിലൂടെയാണ്. സ്കൂളിന്റെ നിർമ്മാണം തുടങ്ങുന്നതു കാട് പൂത്തു തുടങ്ങുന്ന

കാലത്താണ്. ഈ നോവലിൽ സംഭവങ്ങളെ തുടർച്ചയായി അവതരിപ്പിക്കുക യാണ് ചെയ്യുന്നത്. ആ തുടർച്ച ആഖ്യാനത്തെ വർത്തമാനാധിഷ്ഠിതമാക്കുന്നു. നടന്ന സംഭവങ്ങളിലെ ഭൂതകാല വായനയെക്കാൾ വർത്തമാനകാല സംഭവങ്ങളാണ് കഥയിൽ പ്രധാനം. ഓരോ സംഭവങ്ങളും ആഖ്യാനത്തെ വർത്തമാനത്തിൽ നിർത്തുന്നുവെന്നു പറയാം. സംഭവങ്ങളെല്ലാം സ്വപ്നമായി രുന്നുവെന്നു ബോധ്യപ്പെടുന്നതും വർത്തമാനകാലത്തിൽ തന്നെയാണ്. സ്വപ്നത്തിലെ തീർത്തും ഭാവനാത്മകമായ കാലധാരണയാണ് സ്വപ്നത്തിന്റെ ഉള്ളിൽ കാണുന്ന രണ്ടു സ്വപ്നങ്ങൾ. അതിൽ ഒന്ന് കഥയുടെ ആദ്യഭാഗം മുഴുവൻ ഉൾപ്പെടുന്ന ഭാഗവും രണ്ടാമത്തെത് കഥയുടെ സംഭവങ്ങളുടെ പൂരണത്തിന് ഉപയുക്തമാക്കേണ്ടതുമാണ്. താലിക്കുഞ്ഞുമായുള്ള നേരിട്ടുള്ള സന്ദർശനവും മൃഗക്കുഞ്ഞുങ്ങളെ കണ്ടെത്തുന്നതിനായി ഉപയോഗിച്ച രംഗങ്ങളും നാടകീയതയോടെയാണ് അവതരിപ്പിച്ചിട്ടുള്ളത്. കാലവും സ്ഥലവും സ്വപ്നാഖ്യാനത്തിൽ വിചിത്രമായ ഒരു ക്രമം കൈക്കൊള്ളുകയും ഇതു കഥയെ കൂടുതൽ കാലികമാക്കിത്തീർക്കുകയും ചെയ്യുന്നു.

## 04.04.04. കഥാപാത്രങ്ങൾ

പ്രമേയത്തിലും ആഖ്യാനത്തിലും കഥാപാത്രങ്ങളുടെ അവതരണം, കഥാഘടനയ്ക്കനുഗുണമായി അവയ്ക്കു ക്രമികമായി സംഭവിക്കുന്ന പരിണാമങ്ങൾ എന്നിവ രചനയിൽ നിർണ്ണായകമാണ്. 'കുറുക്കൻമാഷിന്റെ സ്കൂൾ' എന്ന നോവലിൽ കഥാപാത്രങ്ങളുടെ ആവിഷ്കരണവും വികസ്വരതയും അനായാസമായ ഒരു കഥാഗതിയെ നിർമ്മിക്കുന്നു. നോവലിലെ സംഭവങ്ങളു മായി ബന്ധപ്പെട്ട് കുറുക്കനും മൃഗങ്ങളും ഒരു ഭാഗത്ത്, കപില എന്ന പെൺകുട്ടിയും മനുഷ്യരും മറുഭാഗത്ത് എന്നിങ്ങനെ കഥാപാത്രങ്ങളെ കൃത്യമായി ചേരിതിരിച്ചിട്ടുണ്ട്. ഈ ചേരിതിരിവിൽ പരമ്പരാഗത ബാല കഥകളെപ്പോലെ നന്മയുടെ ചേരി എതിർവശത്ത് തിന്മയുടെ ചേരി എന്നിങ്ങനെയുള്ള ഒരു വിഭജനമില്ല. മറിച്ച് വ്യക്തിത്വം, വിജ്ഞാനം, അച്ചടക്കം, വസ്തുസങ്കല്പം, സദ്ഗുണപാഠം, പ്രകൃതിസ്നേഹം, മാനുഷികമൂല്യങ്ങൾ തുടങ്ങി പ്രധാനപ്പെട്ട പല മൂല്യങ്ങളും നോവലിൽ അവതരിപ്പിക്കാനുള്ള ഉപാധികളായി ഈ കഥാപാത്രങ്ങൾ മാറുന്നു.

കുറുക്കനു തന്റെ പേര് മാറ്റണം എന്ന ആഗ്രഹത്തിന്റെ പരിണിത ഫലമാണ് സ്കൂൾ. സ്കൂളിലെ മാഷ് എന്നതിലൂടെ കുറുക്കന്റെ പേരുദോഷം മാറി പകരം ലഭിക്കുന്ന കുറുക്കൻമാഷ് എന്നപേരിലൂടെ തന്റെ വ്യക്തിത്വത്തെ മാറ്റി നിർണ്ണയിക്കാനാണ് കുറുക്കൻ ആഗ്രഹിക്കുന്നത്. കഥയിലുടനീളം നല്ല പേരു നിലനിർത്താൻ കുറുക്കൻ അനുഭവിക്കുന്ന കഷ്ടപ്പാടുകളും സഹനവും അവതരിപ്പിക്കുന്നുണ്ട്. ആ അനുഭവങ്ങൾ നോവലിൽ അവതരിപ്പിക്കുമ്പോൾ അവ നന്മ തിന്മകളുടെ വ്യവച്ഛേദങ്ങൾ കൂടിയാകുന്നു.

കുട്ടികൾ പഠിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണെന്നു കുറുക്കൻമാഷ് വ്യക്തമാക്കുന്നുണ്ട്. അവ പാട്ട്, നല്ലഭാഷ, സംസ്കാരം എന്നിവയാണ്. "ലോകത്തിലെ കുഞ്ഞുങ്ങളെല്ലാം വിദ്യകൊണ്ട് പ്രബുദ്ധരാകണം എന്ന തത്വം കുറുക്കൻ മനസ്സിൽ എഴുതിവെച്ചു" (2018:11)എന്ന കുറുക്കന്റെ മനോവിചാരം കേവലം കാട്ടിലെ കുട്ടികളെ മാത്രം ഉദ്ദേശിച്ചല്ല മറിച്ച് മനുഷ്യകുഞ്ഞുങ്ങളെക്കൂടി ആഖ്യാതാവ് ഉദ്ദേശിക്കുന്നുണ്ട്. ഇവിടെ കുറുക്കൻ കാട്ടിലെ മൃഗാവസ്ഥയിൽ നിന്നു ഗുരുമാതൃകയുടെ പ്രതീകത്തിലേക്കു രൂപാന്തരപ്പെടുന്നു.

"കുറുക്കൻ മാഷ് എപ്പോഴുംപറയുന്ന ഒരു വാക്കുണ്ട് അച്ചടക്കം. ഇംഗ്ലീഷിൽ ഡിസിപ്ലിൻ. അച്ചടക്കം വേണം കുട്ടികൾക്ക് എന്ന് കുറുക്കൻ മാഷ് ഓർമ്മിപ്പിക്കാത്ത ദിവസമില്ല" (2018:22). യഥാർത്ഥത്തിൽ ഈ ഓർമ്മപ്പെടുത്തൽ വായനക്കാരായ കുട്ടികൾക്കുള്ള സന്ദേശമാണ്. കാളൻകുന്നും പേമാരിപ്പുഴയും കാണാൻ കുട്ടികൾക്കുണ്ടായ കൗതുകവും അവരുടെ രഹസ്യ യാത്രയും നോവലിലെ സംഘർഷം നിറഞ്ഞ സംഭവങ്ങളാണ്. കുട്ടികളിൽ ആകാംക്ഷയും അത്ഭുതവും അടിസ്ഥാന വികാരങ്ങളാണ്. അതിനാലാണ് ഇത്തരം ചിന്തകളെ നിയന്ത്രിക്കാനുള്ള ഉപായമെന്നോണം അച്ചടക്കത്തെ ക്കുറിച്ച് ആഖ്യാതാവു പറയുന്നത്. കുട്ടികളുടെ മനസ്സിൽ ആദ്യം കടന്നു വരുന്ന ആശയത്തിനു പ്രാധാന്യം ലഭിക്കണമെന്ന ചിന്ത തന്നെയാണ് ആദ്യം അച്ചടക്കത്തെ കുറിച്ചു പറഞ്ഞതിനു ശേഷം അവരുടെ വികൃതികൾ വരുത്തിയ വിനയെക്കുറിച്ചും പറയുന്നത്. നോവലിനെ മികച്ച ആഖ്യാനമാക്കുന്നത് അതു കേവലം സംഭവവിവരണമാവാതെ ആശയം വെളിപ്പെടുത്തണമെന്ന ലക്ഷ്യത്തോടെ അവതരിപ്പിക്കുമ്പോഴാണ്. 'കുറുക്കൻമാഷിന്റെ സ്കൂൾ' എന്ന

നോവലിലെ ആഖ്യാനം കുട്ടികൾക്കുവേണ്ടി രൂപപ്പെടുത്തിയ ആശയങ്ങളുടെ അവതരണത്തിലാണ് ഊന്നുന്നത്.

പഠനത്തിലൂടെ സംസ്കാരം നേടണം എന്ന ഒരു സന്ദേശം കൂടി ആഖ്യാതാവ് പറയുന്നുണ്ട്. വസ്ത്രസംസ്കാരം ഇതിന്റെ ഭാഗമായി നോവലിൽ പ്രത്യക്ഷമാകുന്നു. കുറുക്കൻമാഷ് എന്ന വ്യക്തിത്വത്തെ സ്ഥാപിക്കാൻ വസ്ത്രവും ഭാഗമാകുന്നുണ്ട്. പാന്റ്സും കോട്ടും ടൈയും കെട്ടി നിൽക്കുന്ന കുറുക്കനെ നോക്കി അന്ധാളിച്ചുനിൽക്കുന്ന കുറുക്കത്തിയോട് അയാൾ പറയുന്നത് ഇതു പട്ടണത്തിലെ മാഷ്മ്മാരുടെ വസ്ത്രമാണ് എന്നാണ്. പിന്നീട് മുണ്ടും ജൂബ്ബയും ധരിക്കുകയും അതു നാട്ടിൻപുറത്തെ മാഷ്മ്മാരുടെ വസ്ത്രമാണെന്നും മനസ്സിലാക്കിക്കൊടുക്കുന്നുണ്ട്. "ഞാൻ രണ്ടു വേഷത്തിലും ചെല്ലും. ഓരോ വേഷത്തിന്റെയും സംസ്കാരം കുട്ടികളെ പഠിപ്പിക്കണം" (2018:19)എന്ന കുറുക്കൻമാഷിന്റെ ആശയം വസ്ത്രം നൽകുന്ന സാംസ്കാരിക പരിവേഷത്തെ ക്കുറിച്ചു ബോധ്യപ്പെടുത്തുന്നു.

ദിവസവും സ്കൂൾ വിട്ടു പോകുമ്പോൾ മനസ്സിൽ സൂക്ഷിക്കുവാനും മാതാപിതാക്കൾക്കു കൈമാറാനും ഓരോ സദ് വചനം കുറുക്കൻ പറഞ്ഞു കൊടുക്കും. ഇത് ആഖ്യാനത്തിന്റെ ഭാഗമായി മാറുന്നതോടൊപ്പം വായനക്കാരായ കുട്ടികൾക്കും മുതിർന്നവർക്കുമുള്ള ഉപദേശമായും മാറുന്നു. "ഗുരുകടാക്ഷവും കാരുണ്യവും ആണ് ഏറ്റവും വലിയ പുണ്യം", "ജന്തുവിന്റെ പൂർണ്ണതയുടെ ആവിഷ്കാരം വിദ്യാഭ്യാസത്തിലാണ്" (2018:21) എന്നീ വചനങ്ങൾ കഥയിൽ കഥാഗതിക്കനുസരിച്ച് അവതരിപ്പിക്കാൻ കഴിഞ്ഞതു സ്കൂൾ എന്ന സ്ഥലസങ്കൽപ്പം നൽകുന്ന സാധ്യതകളുടെ ഫലമാണ്.

പ്രകൃതിയെ അറിയാനും പ്രകൃതിയെ സ്നേഹിക്കാനും കുട്ടികളിൽ സ്വാധീനം ചെലുത്തുന്ന സംഭാഷണം കുറുക്കൻ പഠിപ്പിക്കുന്നതിനിടയിൽ പറയുന്നുണ്ട്. മനുഷ്യക്കുട്ടികൾ വിദ്യാഭ്യാസം നേടുന്നതു വലിയവർ ആയിത്തീരാനും സ്വയം തൊഴിൽ ചെയ്തു കുടുംബം പുലർത്താനും സമൂഹത്തെ വളർത്താനും ആണ്. അതുപോലെ കാടിന് ഒരു നല്ല സമൂഹസംസ്കാരം വേണമെന്നു കുറുക്കൻ അഭിപ്രായപ്പെടുന്നു. മൃഗക്കുട്ടികൾ വളർന്നു വലുതായാൽ ആരായിത്തീരണമെന്നതിനു മിട്ടു എന്ന മാൻകുട്ടി പറയുന്നതു കർഷകൻ

ആവണമെന്നാണ്. "ഭൂമിയിൽ വിതച്ച് വിളവെടുക്കുന്നവൻ കർഷകൻ. ചെടികളും മരങ്ങളും വളർത്തി ഭൂമിക്കു തണലേകുന്നവൻ കർഷകൻ. കാടിനെ പോറ്റിവളർന്നവൻ കർഷകൻ. അങ്ങനെയൊരു കൃഷിക്കാരനാകണം" (2018:35). ഒരു മരം പോയാൽ പകരം പത്തു തൈ നട്ട് ഞാൻ കാടിനെ പോറ്റുമെന്നും മിട്ടു പറയുന്നുണ്ട്. തുടർന്നാണ് ഇവർ നടത്തിയ വിനോദയാത്രയിൽ കാട്ടിലെ മരങ്ങൾ വെട്ടി നശിപ്പിക്കുന്ന മനുഷ്യരുടെ പ്രവൃത്തികളെ അവതരിപ്പിക്കുന്നത്. ഒരു മരത്തിനു പകരം പത്തു തൈ എന്നു ചിന്തിക്കുന്ന മിട്ടുവിന്റെ ആത്മ സ്പർശിയായ ചിത്രത്തിനു തൊട്ടടുത്തു വനനശീകരണത്തെ അവതരിപ്പിച്ച്, കാട്/നാട് എന്നീ ദ്വന്ദ്വങ്ങളിൽ നന്മ/തിന്മ എന്ന വിപരീതങ്ങളിൽ ഏതാണ് സംഭവിക്കുന്നത് എന്നു കഥ ആരായുന്നു. ഈ അന്വേഷണങ്ങൾക്കു ചാലകമായി പ്രവർത്തിക്കുന്ന കഥാപാത്രമാണ് മിട്ടു. അതുകൊണ്ടാണ് നാട് പോലെയല്ലേ കാടും എന്ന മിട്ടുവിന്റെ ചോദ്യത്തിനു മാഷ്ക്ക് ഉത്തരമില്ലാതെയായത്. 'നമുക്ക് തിരിച്ചുപോകാം. പഠനയാത്ര കഴിഞ്ഞു.' (2018:39) എന്ന മാഷിന്റെ വാക്കുകൾക്കും മൗനത്തിനും വാചാലതയാണുള്ളത്. ഇവിടെ ശബ്ദ സംഭാഷണ ങ്ങളേക്കാൾ മികച്ച ആശയ സംവേദനം നടത്തുന്നത് നിശബ്ദതയാണ്.

### 04.04.05. ആഖ്യാനഭാഷ

ബാലസാഹിത്യത്തിന്റെ ഭാഷയെ അടിസ്ഥാനമാക്കി നിരവധി പഠനങ്ങളും നിർദ്ദേശങ്ങളും ഉണ്ടായിട്ടുണ്ട്. ലളിതമായ ഭാഷ, മിതത്വം പാലിക്കുന്ന വർണ്ണനകൾ, ആശയ വിപുലത എന്നിവയാണ് ഇവയിൽ പ്രധാനം. കുട്ടികളുടെ വായനയെ ത്വരിതപ്പെടുത്തുകയും ഒപ്പം അവർക്ക് ആകർഷകമായ ഒരു ഭാഷാരീതി അനുവർത്തിക്കുകയും ചെയ്താലേ സാഹിത്യത്തിന് അതിന്റെ ലക്ഷ്യം സാധൂകരിക്കാൻ സാധിക്കുകയുള്ളൂ. ഗദ്യം എന്ന നിലയിൽ കഥയും നോവലും കുട്ടികളുടെ സാഹിത്യവിഭാഗത്തിൽ വളരെ പ്രധാനമാണെങ്കിലും അവയെ സംഗീതസാന്ദ്രമാക്കുന്ന ഭാഷാഘടകങ്ങളുണ്ട്. കഥ പറയാനും ഓർത്തു വക്കാനും കഥപറച്ചിൽ ഉത്സാഹപൂർവ്വം തുടരാനും ഈ ഗാനാത്മക സ്വഭാവം സഹായിക്കുന്നു. ബാലസാഹിത്യത്തെ തരം തിരിക്കുന്നതിൽ കുട്ടികളുടെ പ്രായം ഒരു പ്രധാന ഘടകമാണ്. ഇതിൽ ആദ്യ ഘട്ടത്തിലുള്ള കുട്ടികൾക്കു കഥകൾ വായിച്ചു കൊടുക്കാനുള്ളവയാണ്. ഈ പ്രായത്തിലുള്ള കുട്ടികൾക്കുള്ള കഥകൾ ഗദ്യപദ്യമിശ്രമായിരുന്നു. കഥ കേൾക്കുന്നതിനൊപ്പം പാട്ടും ഉൾപ്പെടുമ്പോൾ

കഥയുടെ അനുഭവം പൂർണമാകുന്നു. കഥയിലെ കഥാപാത്രങ്ങളുടെ സംഭാഷണത്തിനു യോജിക്കുന്ന രീതിയിൽ ഈണത്തിൽ ചൊല്ലുന്ന കാവ്യഭാഗങ്ങൾ ഉൾപ്പെടുത്തുന്നത് ബാലകഥകളുടെ സാധാരണ രീതിയാണ്. സംഭാഷണങ്ങൾക്കിടയിലും അല്ലാതെയും പാട്ടുകൾ കടന്നുവരുന്നുണ്ട്. കഥയുടെ ഒരു സന്ദർഭത്തിൽ ഈണത്തിൽ പാട്ടുപാടിക്കൊണ്ട് പാട്ട് ഈണത്തിൽ പാടാനുള്ളതാണെന്ന് കുറുക്കൻ പറയുന്നുണ്ട്.

### 04.04.05.01. അത്ഭുതവും ഭയവും

സന്ദർഭങ്ങൾക്കനുയോജ്യമായ തരത്തിൽ അത്ഭുതവും ഫാന്റസിയും ഉൾക്കൊള്ളുന്ന ഒരു രചനാരീതി ആഖ്യാനത്തിനുണ്ട്. കാളൻകുന്ന്, പേമാരിപ്പുഴ എന്നീ പേരുകൾ നോവലിൽ ആകാംക്ഷയും അത്ഭുതവും നിറയ്ക്കുന്നു. ഭാഷാ പ്രയോഗങ്ങൾ ആ അത്ഭുതത്തെ വർദ്ധിപ്പിക്കാനുള്ള ഉപകരണമാണ്. "മുന്നിലതാ കാളൻ കുന്ന്. അതിന്റെ ഉച്ചിയിൽനിന്നു പുക പടലം ആകാശത്തേക്ക് ഉയരുന്നു. ഒരു കൂറ്റൻ മൃഗം തങ്ങളെതന്നെ നോക്കി നിൽക്കുന്നത് എല്ലാവരും കണ്ടു. അതിന്റെ വായിൽ നിന്ന് തീപ്പൊരികൾ ചിതറി വീഴുന്നുണ്ട്" (2018:28) ഈ വാക്കുകൾ കുട്ടികളുടേതാണ്. അവർക്ക് അനുഭവപ്പെട്ട ഭയവും ആശ്ചര്യവുമാണ് ആ വാക്കുകളിലൂടെ വായിക്കാൻ കഴിയുന്നത്. കാളൻ എന്ന കാട്ടുതീ പടരുന്ന കുന്നു കഥയിൽ അവതരിപ്പിക്കുമ്പോൾ വായനയിൽ ഭയം നിറയുന്നു. കാളൻകുന്നിൽ നിന്നും തീ പടരുന്നതിനെ എഴുത്തുകാരൻ പറയുന്നതു കൂറ്റൻ മൃഗം അലറിക്കൊണ്ട് തീ തുപ്പുന്നതായാണ്. കാളൻകുന്ന് എന്ന കൂറ്റൻമൃഗവും പേമാരിപ്പുഴയിലെ മുതലയും കുട്ടികളിൽ ഉണ്ടാക്കിയ ഭയം രഹസ്യമായി നടത്തുന്ന യാത്രകളുടെ അപകടത്തെക്കുറിച്ചുള്ള തിരിച്ചറിവ് കൂടിയാണ്.

അത്ഭുതം സൃഷ്ടിക്കുന്ന പല സന്ദർഭങ്ങളും കഥയിലുണ്ട്. മേഘങ്ങൾക്കിടയിൽ മറഞ്ഞു പോയ താലിക്കുഞ്ഞിനെ ഓർത്ത് വിഷമിച്ച് ഇരിക്കുമ്പോഴാണ് മഴവില്ലിന്റെ തുണ്ട് കൗതുകത്തോടെ കൊത്തിയെടുത്ത് മാലതീർത്ത് കുറുക്കൻമാഷിന്റെ കഴുത്തിലേക്ക് ഇട്ടു കൊടുക്കുന്നത്. മേഘങ്ങൾക്കിടയിൽ നിന്ന് താലിക്കുഞ്ഞ് "ഞാൻ വരുന്നില്ല ഇവിടം സ്വർഗമാണ്" (2018:46) മഴവില്ലിന്റെ നാട്ടിൽ കുറേക്കാലം കഴിയണമെന്ന്

അറിയിക്കുമ്പോൾ കഥ ഫാന്റസിയുടെ തലത്തിലേക്ക് വളരുന്നു. ആ ഫാന്റസിയുടെ തുടർച്ചയാണ് പിന്നീട് നോവലിൽ കാണുന്നത്. കപില എന്ന പെൺകുട്ടിയുടെ സ്വപ്നവും തുടർന്നു സ്വപ്നത്തിൽ കണ്ട താലിക്കുഞ്ഞ് നേരിട്ടു വന്നു സംസാരിക്കുന്നതും നോവലിൽ ആവിഷ്കരിക്കുമ്പോൾ ആഖ്യാനത്തിലെ ആസ്വാദനതലം അത്ഭുതങ്ങളുടെ പൂർണ്ണതയിൽ എത്തുന്നു. എന്നാൽ അത്ഭുത ക്കാഴ്ചകൾ ആഖ്യാനകത്തിന്റെ ലക്ഷ്യത്തെ പൂർത്തിയാക്കുന്നില്ല. കാരണം കുട്ടികൾക്കുള്ള രചനകൾ മായക്കാഴ്ചകളാൽ അത്ഭുതം ഉളവാക്കുകയെന്ന ലക്ഷ്യമല്ല ഉദ്ദേശിക്കുന്നത്. മറിച്ച് യുക്തി സഹമായ ഉത്തരങ്ങളാൽ ജീവിത യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടുത്തുകയാണു ചെയ്യുന്നത്. 'കുറുക്കൻ മാഷിന്റെ സ്കൂൾ' എന്ന നോവൽ കപില എന്ന പെൺകുട്ടിയുടെ സ്വപ്നാവിഷ്കാരമാകുമ്പോൾ ഈ അത്ഭുതങ്ങൾക്ക് ആസ്വാദനതലം ഉണ്ടാവുകയും ഒപ്പം ശാസ്ത്രീയമായ അടിത്തറ നോവലിന് കൈവരുകയും ചെയ്യുന്നു. സ്വപ്നം ആഖ്യാനത്തിന്റെ പ്രമേയമായി ഇഴുകി ചേർന്നു വായനക്കു പുതിയ ഒരു ഭാവുകത്വം നൽകുന്നു.

### 04.04.05.02. സംഭാഷണങ്ങൾ

ആഖ്യാതാവു നേരിട്ടു പറയുന്ന ഈ നോവലിലെ സംഭാഷണങ്ങൾക്കു ചില സവിശേഷതകൾ കണ്ടെത്താൻ കഴിയും. കുറുക്കൻമാഷ് മറ്റു മൃഗങ്ങളോടു സംസാരിക്കുന്ന ഭാഗങ്ങളും കപില എന്ന പെൺകുട്ടിയുടെ സംഭാഷണങ്ങളുമാണ് നോവലിലെ പ്രധാനപ്പെട്ട സംഭാഷണങ്ങൾ. പൊതുവേ നോവലിലെ സംഭാഷണങ്ങൾ ദേശവുമായി ബന്ധപ്പെട്ടു വ്യത്യാസപ്പെടുന്നു. എന്നാൽ ഇത്തരത്തിൽ പ്രാദേശികഭേദങ്ങൾ ബാലകഥകളിൽ ഒരു പരിധിയിലധികം ഉപയോഗിക്കാറില്ല. നോവലിലെ ആദ്യത്തെ സംഭാഷണം കുറുക്കനും ഭാര്യയും തമ്മിലുള്ളതാണ്. "മനുഷ്യന്മാരുള്ള ഒരു സ്ഥലത്ത് ഒരു സ്കൂളിന്ന് ഒരു കുട്ടി പാടിക്കേട്ടതാ. ഇതുപോലെ ഒരുപാടു പാട്ടുണ്ട്...... ആനേന്റേം കരടീന്റേം പുലിയുടേം കോഴീടേം പൂച്ചേന്റേമൊക്കെ പാട്ട്...." (2018:09). ഇത്തരം സംഭാഷണങ്ങൾ കുട്ടികളിലെ പ്രായഭേദമനുസരിച്ചുള്ളതാണ്. ആനയുടെ, പുലിയുടെ, കോഴിയുടെ, പൂച്ചയുടെ തുടങ്ങിയ സാധാരണ വ്യാകരണ നിയമങ്ങൾ പാലിക്കാത്ത കുട്ടികളുടെ ആദ്യകാല വാമൊഴിയുടെ മാതൃകകളാണിവ. കഥയിടം പൊതുവേ ഭാഷാഭേദങ്ങൾക്കു നിദാനമാകുന്ന ആഖ്യാനഘടകമാണ്.

എന്നാൽ ബാലകഥകളിലെ സ്ഥലം സംഭാഷണങ്ങളിലെ വ്യതിരിക്തത നിർമ്മിക്കാനുള്ള ഉപാദാനമാകുന്നില്ല. അതു കഥയുടെ മൂല്യവുമായി ബന്ധപ്പെട്ടുകൊണ്ടാണ പ്രവർത്തിക്കുന്നത്. അതുപോലെ കഥയിൽ കാണുന്ന സംഭാഷണങ്ങൾ പ്രാദേശിക മൊഴിഭേദങ്ങൾ എന്നതിനെക്കാൾ മാനകഭാഷാ രൂപമല്ലാത്ത മൊഴിഭേദമായാണ് കാണുന്നത്.

## 04.05. ഉപകഥ

ബാലസാഹിത്യത്തിൽ കാണുന്ന ഒരു സവിശേഷതയാണ് ഉപകഥകൾ. പലപ്പോഴും പ്രമേയപരിധിയോട് യോജിക്കുന്ന കഥകളാണ് ഉപകഥകളായി വരുന്നത്. 'കുറുക്കൻമാഷിന്റെ സ്കൂൾ' എന്ന നോവലിലെ ഉപകഥ കുറുക്കൻ മാഷിന്റെ സ്കൂളിന്റെ ഭാഗമാണ്. അവരുടെ കാടിന് എങ്ങനെയാണ് സവിശേഷ നിയമം കൈവന്നത് എന്നതിനെക്കുറിച്ച് ഉപകഥയാണ് വെളിച്ചം പകരുന്നത്. പരസ്പരം ആരെയും ഭക്ഷണമാക്കാത്ത കാട് എന്ന സങ്കൽപ്പം അതിശയോക്തി പകരാതിരിക്കാൻ ഈ കഥ ഉപകരിക്കുന്നു. തൊട്ടടുത്തുള്ള കാട്ടിലെ നിയമം നമ്മുടെ പോലെയല്ല എന്ന കുറുക്കൻമാഷ് പറയുന്നതിന്റെ വിശദീകരണം കൂടിയായി ഈ ഉപകഥ മാറുന്നു. ഈ ഉപകഥ നോവലിന്റെ പ്രമേയത്തെ പൂർണ്ണമായും അർത്ഥവത്താക്കാനും ഒപ്പം യുക്തിസഹമാക്കാനുമുള്ള ഘടകമാണ്.

## 04.06. സ്വപ്നാഖ്യാനങ്ങൾ

സ്വപ്നത്തെ ആധാരമാക്കിയുള്ള രചനകൾ മലയാളകഥയുടെ ആദ്യകാലം മുതലുള്ള ആഖ്യാനരീതിയാണ്. ഇത്തരം ആഖ്യാനങ്ങളിലെ സ്വപ്നാവിഷ്കാരത്തെ സ്വപ്നവ്യാഖ്യാനമായി ഉൾക്കൊള്ളുക പ്രയാസമാണ്. അവയുടെ ആഖ്യാനപഠനങ്ങൾ അതുകൊണ്ടുതന്നെ സിഗ്മണ്ട് ഫ്രോയിഡ് വിശദമാക്കുന്ന സ്വപ്നവ്യാഖ്യാന പദ്ധതിയുമായി ചേർന്ന് പോകുന്നുമില്ല. എന്നാൽ സ്വപ്നാഖ്യാനങ്ങളിൽ ആഖ്യാനത്തിന്റെ ഘടകങ്ങളുടെ ആവിഷ്കാരം എത്തരത്തിൽ ഉപാദാനമായി പ്രവർത്തിച്ച എന്നു പരിശോധിക്കാൻ സാധിക്കും. മറ്റൊരുതരത്തിൽ പ്രമേയത്തിന്റെ ഘടനയെ കെട്ടുറപ്പുള്ളതാക്കാൻ സ്വപ്നങ്ങളെ ഉപയോഗപ്പെടുത്തുകയാണ് ചെയ്യുന്നത്.

'കുറുക്കൻമാഷിന്റെ സ്കൂൾ' എന്ന നോവലിൽ മൂന്ന് സ്വപ്നങ്ങളുടെ അവതരണം കാണാൻ സാധിക്കും. അതിൽ ഒന്ന് നോവൽ ആദ്യന്തം കപില എന്ന പെൺകുട്ടി കാണുന്ന സ്വപ്നമാണെന്നതാണ്. മറ്റൊന്ന് ആ സ്വപ്നത്തിനുള്ളിൽ നടക്കുന്ന മറ്റു രണ്ട് സ്വപ്നമാണ്. കുറുക്കൻമാഷിന്റെ കാട്ടിലെ സ്കൂളിലെ സംഭവങ്ങൾ വായനക്കാരിൽ നിറഞ്ഞു നിൽക്കുമ്പോഴാണ് ആ അനുഭവങ്ങൾ നാട്ടിലെ പെൺകുട്ടി കണ്ട സ്വപ്നമായി അവതരിപ്പിക്കുന്നത്. അതുവരെ കഥയിൽ നടന്ന സംഭവങ്ങൾ സ്വപ്നത്തിലെ സംഭവങ്ങൾ ആണെന്നു വായനക്കാരെ വിശ്വസിപ്പിക്കുന്നതായിരുന്നു സ്വപ്നകഥയുടെ ആദ്യ ലക്ഷ്യം. ആദ്യം കണ്ട സ്വപ്നത്തിലെ സംഭവങ്ങളുടെ തുടർച്ച എന്താണെന്നു വെളിപ്പെടുത്താനുള്ള മാർഗ്ഗമായാണ് രണ്ടാമത്തെ സ്വപ്നം കടന്നു വരുന്നത്. സ്വപ്നമാണെന്ന് വായനക്കാരെ ബോധ്യപ്പെടുത്തികൊണ്ടു കഥ തുടരുന്ന രീതി വായനയിൽ അനുഭവപ്പെടുന്നു. കഥാസംഘർഷങ്ങൾ സ്വപ്നം മാത്രമായി അവശേഷിക്കാതെ ആശ്ചര്യം നിറയ്ക്കുന്നതു കഥ യാഥാതഥ അനുഭവമായി ആവിഷ്കരിക്കുമ്പോഴാണ്. കപില എന്ന പെൺകുട്ടി സ്വപ്നത്തിൽ കണ്ട താലിക്കുഞ്ഞിനെ നേരിൽ കാണുകയും മൃഗക്കുഞ്ഞുങ്ങളെ കണ്ടെത്തുന്നതിനായി സഹായിക്കുകയും ഒടുവിൽ മനുഷ്യനും മൃഗങ്ങളും ജന്യഭേദമില്ലാതെ ആശയ സംവേദനം നടത്തുകയും ചെയ്യുന്നത് കഥയിൽ ഭ്രമാത്മകമായ തലം സൃഷ്ടിക്കുന്നു. ഇത്തരത്തിൽ നോവലിലെ ആഖ്യാനം അവസാനിക്കുകയും ബാലസാഹിത്യത്തിന്റെ സാമാന്യ ലക്ഷ്യത്തിൽ എത്തിച്ചേരുകയും ചെയ്യുന്നു. ഇത്തരത്തിൽ മികച്ച ഫാന്റസിയാണ് നോവൽ പ്രദാനം ചെയ്യുന്നത്. എന്നാൽ ആഖ്യാനം ഇത്തരം ഒരു ഭ്രമാത്മക തലത്തിൽ അവസാനിപ്പിക്കാതെ ഇതു കപില എന്ന കുട്ടിയുടെ സ്വപ്നത്തിനുള്ളിലെ സ്വപ്നം ആണെന്നു പറഞ്ഞുകൊണ്ടു കഥ യുക്തിസഹമായി അവസാനിപ്പിക്കുന്നു. ഇത്തരത്തിൽ രണ്ടു ആഖ്യാന രീതിയുടെ ഫലപ്രദമായ ആവിഷ്കാരത്തിലൂടെ യുക്തിയും ഭാവനയും ഇടകലർത്തി കുട്ടികളുടെ ആസ്വാദനത്തെ തൃപ്തിപ്പെടുത്തുന്നു. ഇവിടെ വ്യത്യസ്തമായ സ്വപ്നാ ഖ്യാനങ്ങളിലൂടെ വ്യത്യസ്തങ്ങളായ ആസ്വാദനതലങ്ങളാണ് സൃഷ്ടിക്കുന്നത്.

മനസ്സിന്റെ ഭ്രമാത്മകമായ തലങ്ങളിൽ വ്യാപരിക്കുന്നവയാണ് ഭ്രമാത്മക രചനകൾ. എന്നാൽ ഭ്രമാത്മകമായി അവതരിപ്പിക്കുന്ന കല്പനകൾക്കു സംഭവ്യതാപ്രതീതി ഉണ്ടെങ്കിലേ അവയ്ക്കു വായനക്കാരിൽ ആസ്വാദനം

ജനിപ്പിക്കാൻ സാധിക്കുകയുള്ളൂ. 'കുറുക്കൻമാഷിന്റെ സ്കൂൾ' എന്ന നോവലിൽ ഫാന്റസി യുക്തിയിലൂടെയല്ല അനുഭൂതിയിലൂടെയാണ് വായനക്കാരുമായി സംവദിക്കുന്നത്. സമാന്തരമായി ഈ നോവലിലെ സ്വപ്നാഖ്യാനങ്ങൾ ഫാന്റസി നിറയ്ക്കുന്നതിനോടൊപ്പം യുക്ത്യധിഷ്ഠിതമാകാനും ശ്രദ്ധിക്കുന്നുണ്ട്. നോവലിലെ മൂന്ന് സ്വപ്നാഖ്യാനങ്ങൾ ഇതു വ്യക്തമാക്കുന്നു.

കഥാഗതിയിലെ ചില അനിശ്ചിതത്വങ്ങൾ കഥപറച്ചിലിനു വിഘാതങ്ങളാകുമ്പോൾ നോവലിൽ സ്വപ്നാഖ്യാനമെന്ന ഫാന്റസി പ്രത്യക്ഷപ്പെടുന്നു. കേവല യാഥാർഥ്യത്തിനപ്പുറമുള്ള കാര്യങ്ങൾ നോവലിൽ കൊണ്ടുവരുകയും അതു ഫാന്റസിയുടെ അനുഭവങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. കുറുക്കൻമാഷിന്റെ സ്കൂൾ എന്ന സങ്കല്പം തന്നെ അയഥാർത്ഥ്യമായതിനെ അവതരിപ്പിച്ച് അത്ഭുതം നിറഞ്ഞ കാഴ്ചകൾ അവതരിപ്പിക്കലാണ്. കാട്ടിലെ സ്കൂൾ എന്നതു കപില എന്ന പെൺകുട്ടിയുടെ സ്വപ്നമായിരുന്നുവെന്നു വായനക്കാരോടു സംവദിക്കുമ്പോൾ കഥാസംഭവങ്ങൾ കല്പനയുടെ സംഭവങ്ങളായി മാറുന്നു. എന്നാൽ സ്വപ്നത്തിൽ കണ്ട താലിക്കുഞ്ഞും കപിലയും തമ്മിലുള്ള സംഭാഷണം തുടർകഥാഭാഗമാണ്. ഇവിടെ ഫാന്റസിയും യാഥാർത്ഥ്യവും സമാന്തര ഭാവുകത്വമാണു പകരുന്നത്. സ്വപ്നത്തിൽ കണ്ട താലിക്കുഞ്ഞ് എന്ന പരുന്ത് നേരിട്ടു വരുകയും മനുഷ്യരുടേതു പോലെ സംസാരിക്കുകയും ചെയ്യുമ്പോൾ കഥ ആശ്ചര്യം ജനിപ്പിക്കുന്നു. എന്നാൽ കഥയെ പൂർണ്ണമായും ഫാന്റസിയുടെ തലത്തിലേക്കു മാറ്റാൻ ആഖ്യാതാവ് ശ്രമിക്കുന്നില്ല. കഥയിലെ സന്ദർഭങ്ങൾ കൊണ്ട് ഫാന്റസിയിൽ പോലും കൃത്യമായ യുക്തിബോധം നിറയ്ക്കാൻ ശ്രദ്ധിക്കുന്നുണ്ട്. കപില കാണുന്ന രണ്ടാമത്തെ സ്വപ്നത്തിൽ താലിക്കുഞ്ഞ് പ്രത്യക്ഷപ്പെട്ട് കുറുക്കൻമാഷിന്റെ സ്കൂൾ പൂട്ടിയ കാര്യം അറിയിക്കുന്നുണ്ട്. മനുഷ്യരാണ് അതിന്റെ കാരണക്കാർ എന്ന് സൂചിപ്പിക്കുകയും കപില വിചാരിച്ചാൽ അവരെ രക്ഷിക്കാനാകുമെന്ന് അറിയിക്കുകയും ചെയ്താണ് ആ സ്വപ്നം അവസാനിക്കുന്നത്. കഥാ സഞ്ചാരത്തിലെ രണ്ടു സ്വപ്നങ്ങളും ഒരു സ്വപ്നത്തിനുള്ളിൽ കണ്ട സ്വപ്നങ്ങൾ എന്ന രീതിയിൽ ഘടിപ്പിച്ചതുകൊണ്ട് കഥയ്ക്കു യുക്തിബോധം കൈവരുന്നു. ഫാന്റസി എന്നതു ഭ്രമാത്മകമായ മനസ്സിന്റെ ചിന്തകളുടെ ആവിഷ്കാരമാണ്.

ഇതിൽ സ്വപ്നാഖ്യാനത്തിന്റെ പൂർണ്ണതയ്ക്ക് ഫാന്റസിയെ ഒരു ഉപകരണമാക്കുകയാണ് നോവലിസ്റ്റ് ചെയ്തിരിക്കുന്നത്.

## 04.07. ആഖ്യാനത്തിലെ ഫാന്റസി

ആഖ്യാനത്തിലെ ഫാന്റസി ഒന്നിലധികം ഘടകങ്ങളിലൂടെയാണ് കടന്നുപോകുന്നത്. വായനക്കാരന്റെ ആസ്വാദനതലവും ആഖ്യാതാവിന്റെ ആഖ്യാനരീതികളും ഇതിൽ പ്രധാനപ്പെട്ടതാണ്. ആവിഷ്കരിക്കുന്ന തത്വം എന്തുമാവട്ടെ, അതിനു സംഭവ്യതാ പ്രതീതിയുണ്ടായിരിക്കണം എന്ന് അരിസ്റ്റോട്ടിൽ പറയുന്നത് ഫാന്റസിയുടെ കാര്യത്തിലും വളരെ പ്രസക്തമാണ് എന്ന് വത്സലൻ വാതുശ്ശേരി അഭിപ്രായപ്പെട്ടിട്ടുണ്ട്[2]. സംഭവ്യതയിലല്ല അനുഭൂതിയിലാണ് ഫാന്റസി വായനക്കാരോട് സംവദിക്കുന്നതെന്നും അദ്ദേഹം സൂചിപ്പിക്കുന്നുണ്ട്.

'കുറുക്കൻമാഷിന്റെ സ്കൂൾ' കുട്ടികളോടാണ് സംവദിക്കുന്നത്. അതിനാൽ കുട്ടികളുടെ മനസ്സും അവരുടെ സങ്കല്പവും അവരുടെ ഭാവനയും ആഖ്യാനത്തിൽ ഇടപെടുന്നു. സാധാരണയായി ഭൗതിക യാഥാർത്ഥ്യങ്ങളുമായി ഇണങ്ങാത്ത പല കല്പനകളും ഫാന്റസിയിൽ കടന്നുവരാറുണ്ട്. അവയെ യുക്തികൊണ്ട് ഉത്തരം നൽകിയല്ല വായനക്കാർ സ്വീകരിക്കാറുള്ളത്. എന്നാൽ ബാലരചനകളിൽ സംക്ഷിപ്തമാകുന്ന പ്രധാന ഘടകമാണ് ശാസ്ത്രീയമായ അടിത്തറ. കുട്ടികളുടെ മനസ്സിന്റെ സഞ്ചാരം എന്ന നിലയിൽ ഫാന്റസിയെ അവതരിപ്പിക്കുകയും എന്നാൽ ആഖ്യാനത്തിനു യുക്ത്യധിഷ്ഠിതമായ അടിത്തറ നൽകുകയും ചെയ്യേണ്ടത് രചനയുടെ പ്രധാന ലക്ഷ്യമാണ്. ഈ നോവലിൽ യാഥാർത്ഥ്യബോധം നിർമ്മിക്കുന്നത് സംഭവ്യതയിലൂടെയാണ്. കഥാ സംഭവങ്ങൾ സ്വപ്നമല്ല സത്യമാണെന്നു സംഭാഷണങ്ങൾ മുഖേന സാധിക്കുന്നു. മുഗക്കുഞ്ഞുങ്ങളെ രക്ഷിച്ചുകൊണ്ടുപോകുന്ന ദൃശ്യം വിചിത്രമായ കല്പനയാണ് വായനക്കാർക്കു നൽകുന്നത്. "ആർക്കും ഒന്നും മനസ്സിലായില്ല. കപിലക്കും ഇത് സ്വപ്നമാണോ യാഥാർഥ്യമാണോ എന്ന് സംശയം. താലിക്കുഞ്ഞ് പറഞ്ഞു : ' ഇത് സ്വപ്നമല്ല. കപിലയുടെ സ്വപ്നമാണ് ഇത് യാഥാർത്ഥ്യമാക്കിയത്. കപിലയുടെ സ്വപ്നമാണ് ആ കുഞ്ഞുങ്ങളെ രക്ഷിച്ചത്'" (2018:77). ഇങ്ങനെ നോവൽ വായനക്കാരിൽ ഫാന്റസിയും യാഥാർത്ഥ്യവും ഇഴപിരിക്കാൻ

സാധിക്കാത്ത വിധത്തിൽ അനുഭവപ്പെടുന്നു. തോക്കൻ ജഗ്ഗു എന്ന വനംകൊള്ളക്കാരനും പുഴയിലൂടെ നീന്തി വരുന്ന പത്ത് പുലികളും കപിലയുടെ സ്വപ്ന കഥാപാത്രങ്ങളാണ്. ഇവയെ മനഃശാസ്ത്രരീതിയനുസരിച്ച് വിശകലന വിധേയമാക്കാൻ സാധിക്കും. കുട്ടികളുടെ സ്വപ്നങ്ങൾ മൗലികമായി നോക്കിയാൽ മോഹങ്ങളുടെ സാക്ഷാൽക്കാരമാണെന്നും പകൽ സഫലമാകാത്ത ആഗ്രഹം രാത്രികാല സ്വപ്നങ്ങൾക്കു കാരണമാകാം എന്നും സിഗ്മണ്ട് ഫ്രോയിഡ് വിശദമാക്കുന്നുണ്ട്[3]. കുറുക്കനെ സ്വപ്നം കണ്ടതിന്റെ കാരണം നോവലിൽ വ്യക്തമാക്കുന്നതിങ്ങനെയാണ്, "കപിലയ്ക്ക് കുഞ്ഞുനാൾ തൊട്ടേ കുറുക്കനെ ഇഷ്ടമായിരുന്നു. നേരിട്ട് ഒന്നു രണ്ടു തവണ മാത്രമേ അവൾ കുറുക്കനെ കണ്ടിട്ടുള്ളൂ. കുറുക്കന്റെ കഥകൾ കേൾക്കാൻ വലിയ കൊതിയാണ്. കുറുക്കന്റെ ചിത്രങ്ങൾ ധാരാളം ശേഖരിച്ചുവെച്ചിട്ടുണ്ട്" (2018:67). ഇങ്ങനെ കുറുക്കൻ എന്ന കഥാപാത്രം കപിലയുടെ മനസ്സിന്റെ ഭാഗമാണെന്ന് മനസ്സിലാകുന്നു. അതുപോലെ ജഗ്ഗു എന്ന കഥാപാത്രത്തെയും അയാളുടെ വീടിനെയും കപിലയ്ക്കു നേരിട്ട് അറിയാം. ഇവയെല്ലാം സ്വപ്നത്തിന് ആധാരമാകുന്നു. ജഗ്ഗു എന്ന കാട്ടുകള്ളന്റെ കള്ളത്തരങ്ങളോട് പ്രതികരിക്കണെമെന്ന ആഗ്രഹം സ്വപ്നത്തിലൂടേ സാക്ഷാത്ക്കരിക്കുന്നു. ഇത്തരത്തിൽ നോവലിലെ കഥാപാത്രങ്ങൾ, സംഭവങ്ങൾ എന്നിവ കപിലയുടെ മനോവ്യാപാരത്തിന് അടിസ്ഥാനമായി രൂപപ്പെടുന്നു.

പലപ്പോഴും മനസ്സിന്റെ സഞ്ചാരങ്ങളാണ് ഫാന്റസിയാകുന്നത്. മനോനിഷ്ഠഫാന്റസി പല തരത്തിൽ ഉണ്ട്. അവയിൽ ഒന്നാണ് സ്വപ്നാനുഭവങ്ങളുടെ ആവിഷ്കാരം. "യഥാർത്ഥീകരിക്കപ്പെടാത്ത ആഗ്രഹങ്ങളുടെ നിവൃത്തീകരണത്തിനുള്ള ഉപാധിയാണ് സ്വപ്നം. മനുഷ്യ ജീവിതത്തിൽ വളരെയധികം ആഗ്രഹങ്ങളും അഭിലാഷങ്ങളും യഥാർത്ഥീകരിക്കപ്പെടാത്തതായി അവശേഷിക്കുന്നു. അവ സ്വപ്നത്തിലൂടെ ഒരു പരിധി വരെ യഥാർത്ഥീകരിക്കപ്പെടുന്നു. കുട്ടികളുടെ സ്വപ്നങ്ങൾ ഭൂരിഭാഗം ആഗ്രഹ നിവൃത്തീകരണസ്വഭാവമുള്ളതാണ്" (1978:76)എന്ന് സിഗ്മണ്ട് ഫ്രോയിഡിന്റെ സ്വപ്നവ്യാഖ്യാനങ്ങളെ പി വിനോദ്സൺ വിശദമാക്കുന്നു. കുട്ടികളുടെ അഭിലാഷം അധികം അടക്കിവക്കാൻ കഴിയാത്തതിനാൽ അവർ കൂടുതൽ സ്വപ്നങ്ങൾ കണ്ടേക്കാം എന്നും സിഗ്മണ്ട് ഫ്രോയിഡ് അഭിപ്രായപ്പെടുന്നുണ്ട്

(2015:210). എന്നാൽ സ്വപ്നങ്ങളും സ്വപ്നാഖ്യാനങ്ങളും തികച്ചും വ്യത്യസ്തമായ പ്രതിഭാസങ്ങളാണ്. കാരണം സ്വപ്നങ്ങളുടെ ദൈർഘ്യം ഏതാനും സെക്കന്റുകൾ മാത്രം നിലനിൽക്കുന്നതാണ്. എന്നാൽ ആ സ്വപ്നങ്ങൾ വിവരിക്കുമ്പോൾ അവ ഒരു കഥയുടെ ദൈർഘ്യത്തിലെത്തും. ഇത്തരത്തിൽ സിഗ്മണ്ട് ഫ്രോയിഡിന്റെ സ്വപ്നവ്യാഖ്യാനങ്ങൾ സ്വപ്നത്തെയല്ല അതിനെക്കുറിച്ച് രോഗികൾ പറഞ്ഞ കഥകളെയാണ് വിശകലനം ചെയ്യുന്നത് എന്ന് പി സോമനാഥൻ വിശദമാക്കുന്നുണ്ട്[4]. അതുകൊണ്ടു കഥകളിലെ സ്വപ്നാഖ്യാനത്തിലെ സവിശേഷതകളെ കണ്ടെത്തുന്നതിൽ ഫ്രോയിഡിന്റെ സ്വപ്നവ്യാഖ്യാന തത്വങ്ങളെ ഉൾപ്പെടുത്താം എന്നാണ് അദ്ദേഹം അഭിപ്രായപ്പെടുന്നത്. നോവലിൽ കപില താലിക്കുഞ്ഞുമായി സംഭാഷണം നടത്താനും കുറുക്കൻ മാഷിന്റെ സ്കൂളിനു സംഭവിച്ചതിനെക്കുറിച്ച് കൂടുതൽ അറിയാനുമായി അടുത്ത സ്വപ്നത്തിനായി കാത്തിരിക്കുന്നുണ്ട്. കാത്തിരിപ്പുപോലെ കൃത്യമായി അടുത്ത ദിവസം സ്വപ്നം കാണുകയും ചെയ്യുന്നു. കുട്ടികൾക്ക് അവരുടെ അഭിലാഷ പൂർത്തീകരണത്തിനായി കൂടുതൽ സ്വപ്നം കാണും എന്ന വസ്തുതയെ കഥയിലൂടെ സാധൂകരിക്കുന്ന സന്ദർഭമാണിത്.

'കുറുക്കൻമാഷിന്റെ സ്കൂൾ' എന്ന ബാലനോവലിലൂടെ കുട്ടികളുടെ മനോവിചാരങ്ങളെ ആഖ്യാനത്തിന്റെ വിവിധ ഘടകങ്ങളിലൂടെ കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. സ്വപ്നം പ്രധാനപ്പെട്ട ഒരു ആഖ്യാനതന്ത്രമായി ഉപയുക്തമാക്കി പുതിയൊരു വായനാരസം പകരാൻ ഈ നോവലിനു സാധിക്കുന്നു. കുട്ടികളുടെ ചിന്തകളെ അടിസ്ഥാനമാക്കി കുട്ടികളുടെയും മുതിർന്നവരുടെയും പ്രവൃത്തികൾ ഇവിടെ പുനരാലോചനയ്ക്കു വഴിതുറക്കുന്നു.

## 04.08. 'അമ്പിളിപ്പൂതം'

നവനീത് എന്ന കഥാപാത്രത്തിന്റെ ചിന്തകളുടെയും സങ്കല്പങ്ങളുടെയും ആവിഷ്കാരമാണ് 'അമ്പിളിപ്പൂതം'. ഒന്നാം ക്ലാസുകാരനായ നവനീതിന്റെ മനസ്സിന്റെ സഞ്ചാരം കഥയിലുടനീളം കാണാൻ സാധിക്കും. ഉണ്ണിയെന്നും കണ്ണനെന്നും വിളിപ്പേരുള്ള കുട്ടിയുടെ ലോകം വീടും സ്കൂളുമാണ്. അതുകൊണ്ടു തന്നെ അവന്റെ വിചാരവികാരങ്ങൾ അവനുമായി ഇടപെടുന്ന വ്യക്തികളുമായും ഇടങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നു. കുട്ടികളിലെ മന:സംഘർഷങ്ങൾ

പലപ്പോഴും അവരിലെ മാനസിക വ്യാപാരത്തെ മാത്രമല്ല അവരുടെ ദൈനംദിന ജീവിതചര്യകളെയും സ്വാധീനിക്കും. ഇത്തരം മനോ വ്യാപാരങ്ങളുടെ സഞ്ചാരം നോവലിൽ മുഴനീളം പ്രകടമാണ്. നോവലിന്റെ തുടക്കം മുതൽ നവനീത് എന്ന ആറുവയസ്സുകാരന്റെ ആകുലതകൾ വിവരിക്കുന്നുണ്ട്. അച്ഛനും അമ്മയും തമ്മിലുള്ള പ്രശ്നങ്ങൾ, അച്ഛന്റെ മദ്യപാനം തുടങ്ങിയവ അവന്റെ അസ്വസ്ഥതയുടെ കാരണങ്ങളാണ്. സ്കൂളിൽ അധ്യാപിക ചൊല്ലിയ 'പൂതപ്പാട്ട്' അവന് ആകർഷകമായി തോന്നാനുള്ള കാരണം പറയൻകുന്ന് എന്ന പരിചിത സ്ഥലമാണ്. തന്റെ വീടിനടുത്തുള്ള പറയൻ കുന്നിലാണ് പൂതം താമസിക്കുന്നത് എന്നും പൂതത്തിനു കുട്ടികളോട് വലിയ ഇഷ്ടമാണ് എന്നും ടീച്ചറിൽ നിന്നും മുത്തച്ഛനിൽ നിന്നും കുട്ടി കേൾക്കുന്നു. ഇതു കുട്ടിയുടെ മനസ്സിൽ ശക്തമായ ഒരു ഘടകമായി മാറുന്നു. പൂതം എന്ന സങ്കല്പം യാഥാർഥ്യമാവുന്ന അനുഭവമാണ് നോവലിന്റെ പ്രമേയമായി വർത്തിക്കുന്നത്. പൂതം കുട്ടിയുടെ മനസ്സിനെ സ്വാധീനിക്കാനുള്ള ഹേതുക്കളായി കഥയിടവും കഥാപാത്രങ്ങളുടെ ഇടപെടലും വർത്തിക്കുന്നു. കുട്ടി പൂതവുമായി സംസാരിക്കുന്നതും പൂതം രൂപം മാറി പെൺകുട്ടിയുടെ രൂപമാവുകയും ചെയ്യുന്ന സംഭവങ്ങൾ കുട്ടിയുടെ മനസ്സിന്റെ ഭാവനാസഞ്ചാരമാണ്. ഇത്തരത്തിൽ നോവലിൽ നവനീത് എന്ന കുട്ടിയുമായി ബന്ധപ്പെട്ട സ്ഥലവും കഥാപാത്രങ്ങളും കുട്ടിയുടെ മനസ്സിന്റെ ചിന്തകൾക്ക് അനുകൂലമായി നിലകൊള്ളുന്നു. ഇത് കുട്ടിയിൽ ഭ്രമാത്മകമായ ഒരു തലം സൃഷ്ടിക്കാൻ കാരണമാവുകയും ചെയ്യുന്നു.

## 04.09. 'അമ്പിളിപ്പൂത'ത്തിലെ ആഖ്യാനഘടകങ്ങൾ

'അമ്പിളിപ്പൂതം' എന്ന നോവലിലെ ആഖ്യാനഘടകങ്ങൾ കഥാ പ്രമേയത്തെ ശില്പഭദ്രമാക്കുന്നു. സ്ഥലം, കാലം, കഥാപാത്രം, ഭാഷ, സംഭാഷണം, സംഭവങ്ങൾ, എന്നിവയാണ് നോവലിൽ അർത്ഥ വിനിമയങ്ങൾ സാധ്യമാക്കുന്ന അടിസ്ഥാന ആഖ്യാനഘടകങ്ങൾ. ആഖ്യാനരീതിശാസ്ത്രം മുന്നോട്ടുവയ്ക്കുന്ന തത്വങ്ങൾക്കനുസൃതമായി ഈ ഘടകങ്ങൾ നോവൽ ഘടനയിൽ എങ്ങനെ പ്രവർത്തിക്കുന്നു എന്നു വിശകലനം ചെയ്യുന്നു.

### 04.09.01. ഭാവനായാഥാർത്ഥ്യങ്ങളുടെ സങ്കലനമായ കഥയിടം

'അമ്പിളിപ്പൂതം' എന്ന നോവലിന്റെ കഥയിടം നവനീത് എന്ന കുട്ടിയുടെ ഭാവനയും യാഥാർത്ഥ്യവും ഒരുപോലെ ഇടകലർന്നു നിൽക്കുന്ന ഒരു സങ്കല്പയിടമാണ്. ഈ രണ്ടു ഘടകങ്ങളെയും പാരസ്പര്യത്തോടെ വർത്തിക്കുവാൻ സഹായിക്കുന്നതു കഥയിലെ പ്രധാന സ്ഥലമായ പറയൻകുന്നാണ്. പറയൻകുന്ന് എന്ന ഇടമാണ് കുട്ടിയിൽ 'പൂതപ്പാട്ടി'നോട് സമാനഭാവുകത്വം സൃഷ്ടിക്കാനുള്ള കാരണഹേതുവാകുന്നത്. 'പൂതപാട്ടി'ലെ പൂതം വസിക്കുന്ന ഇടം തനിക്ക് പരിചിതമായ ഇടമാണെന്ന ബോധ്യം കുട്ടിയിൽ ഒരേസമയം ഭാവനയും യാഥാർത്ഥ്യബോധവും ഉണർത്തുന്നു. പറയൻകുന്ന് എന്നത് കേവലം ഒരു സ്ഥലം എന്നതിനുപരി അതൊരു സാമൂഹിക/വൈയക്തിക വികാരം കൂടിയായി നോവലിൽ ഇടപെടുന്നുണ്ട്. കുട്ടിയ്ക്കു മാത്രമല്ല മുത്തച്ഛനും പറയൻകുന്ന് ഒരു വൈകാരിക ഇടം തന്നെയാണ്. ഈ ഇടപെടലുകൾ പ്രകൃതി മനുഷ്യരുമായി എത്രത്തോളം ബന്ധപ്പെട്ടു കിടക്കുന്നുവെന്ന ബോധ്യത്തെ ഉണ്ടാക്കുന്നു. പൂതം കുന്നിൽ കഴിയുന്നുവെന്നു വിശ്വസിക്കുന്ന കുട്ടിയുടെ സങ്കല്പത്തിന് ആരംഭം കുറിക്കുന്നത് അധ്യാപികയുടെ വാക്കുകളും തുടർന്ന് അതിന് ആക്കം കൂട്ടുന്നതു മുത്തച്ഛന്റെ വാക്കുകളുമാണ്. നോവലിൽ പൂതത്തെ കുട്ടി മാത്രമല്ല അമ്മയും മുത്തച്ഛനും നേരിൽ കാണുന്നുണ്ട്. അമ്പിളിയെന്ന പൂതം ഒഴിവ്ദിവസം കുട്ടിയുടെ വീട്ടിൽ വരുകയും അമ്മ പായസം കൊടുക്കുകയും ചെയ്യുന്നു. പുതുതായി വീട്ടിൽ താമസിക്കാൻ വന്ന കുട്ടി എന്നാണ് അമ്പിളിയെ ചുറ്റുപാടുള്ളവരും ധരിച്ചിരിക്കുന്നതെന്ന് പറയുന്നിടത്ത് കുട്ടിയുടെ പൂതസങ്കല്പത്തെ യാഥാർത്ഥ്യമായി എഴുത്തുകാരൻ കൂട്ടിക്കെട്ടുന്നു. പൂതത്തെ പറയൻകുന്നിന് അപ്പുറത്ത് താമസിക്കുന്ന കുട്ടിയെന്ന് അമ്മയും മുത്തച്ഛനും വിശ്വസിക്കുമ്പോൾ കുട്ടിയിൽ പൂതം നിലനിൽക്കുന്നത് ഭാവനയെ യാഥാർത്ഥ്യബോധത്തിലൂടെ പ്രത്യക്ഷീകരിച്ചാണ്. പൂതപ്പാട്ടിലെ പറയൻകുന്ന് വെറും കഥയല്ല അതൊരു യാഥാർത്ഥ്യം തന്നെയെന്ന ബോധം കുട്ടിയിൽ ജനിക്കുന്നുണ്ട്. അധ്യാപികയും മുത്തച്ഛനും പൂതം പറയൻകുന്നിൽ ഇന്നും വസിക്കുന്നുവെന്ന വിശ്വാസജനകമായ പ്രസ്താവനകൾ നിരത്തുന്നതാണ് കുട്ടിയിൽ ഈ ബോധത്തെ അരക്കിട്ടുറപ്പിക്കുന്നത്. കുട്ടിയുടെ മനസ്സിന്റെ സഞ്ചാരങ്ങളെ മുതിർന്നവർ നിയന്ത്രിക്കും എന്ന സിഗ്മണ്ട് ഫ്രോയിഡിന്റെ

തത്വം നവനീത് എന്ന അഞ്ച് വയസ്സുകാരന്റെ മനോഭാവ രൂപപ്പെടലുമായി ചേർത്തുവായിക്കാം. 'പൂതപ്പാട്ടി'ലൂടെ കുട്ടിയിൽ എത്തിയ മനോവിചാരങ്ങളാണ് നോവലിന്റെ സഞ്ചാരത്തെ നിയന്ത്രിക്കുന്നത്. ഇവിടെ സ്ഥലം എന്നതു സംഭവങ്ങൾക്കും സന്ദർഭങ്ങൾക്കും നിലയുറപ്പിക്കാനുള്ള ഒരിടം എന്നതിനപ്പുറം കഥയെ രൂപപ്പെടുത്താനും പരുവപ്പെടുത്താനുമുള്ള കരുത്തുറ്റ ആഖ്യാന ഘടകമായി മാറുന്നു. പ്രമേയത്തിലെ മിത്തിന്റെ ശക്തമായ സ്വാധീനമാണ് നോവലിൽ സങ്കല്പയാഥാർത്ഥ്യങ്ങളുടെ സങ്കലനം സാധ്യമാക്കുന്നത്.

'മനുഷ്യ ജീവിതത്തിന്റെയോ പ്രപഞ്ചത്തിന്റെയോ ആന്തരാർത്ഥം പ്രകടമാക്കുന്ന സങ്കീർണ കഥകൾ' എന്ന് അലൻ ഡബ്ലിയു വാട്ട്സ് (Alan Watts) മിത്തിനെ നിർവചിക്കുന്നു (2004:22). മിത്തിനെ 'പുരാവൃത്തം' എന്നും പൊതുവിൽ വ്യവഹരിക്കാറുണ്ട്. "പുരാവൃത്തത്തിന്റെ അർത്ഥപ്രപഞ്ചത്തെ ഇങ്ങനെ ക്രോഡീകരിക്കാം : പണ്ട് കഴിഞ്ഞത്, പണ്ട് നടന്ന കഥകൾ പറയുന്നവ, പണ്ട് കഴിഞ്ഞ കാലങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന ഇതിഹാസ ഗ്രന്ഥം, പഴയ ചരിത്രം, പുരാണം" എന്നിങ്ങനെ പഴയകാലവുമായി ബന്ധപ്പെട്ട കഥകളായി പുരാവൃത്തത്തെ നിഘണ്ടുകാരൻമാർ ക്ലിപ്തപ്പെടുത്തുന്നുവെന്ന് അജു കെ നാരായണൻ ചൂണ്ടിക്കാണിക്കുന്നു (2020:359). ബ്രോനിസ്ലോവ് മലിനോവ്സ്കി (Bronisław Malinowski) 'മിത്ത് ഇൻ പ്രിമിറ്റിവ് സൈക്കോളജി' എന്ന തന്റെ പഠനത്തിൽ പുരാവൃത്തങ്ങൾ സത്യമാണെന്ന് ജനത വിശ്വസിക്കുക മാത്രമല്ല അത് പവിത്രമാണെന്ന് കരുതുകയും ചെയ്യുന്നുവെന്നും അജു കെ നാരായണൻ കൂട്ടിച്ചേർക്കുന്നു (2020:359). ഇത്തരം നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ 'അമ്പിളിപ്പൂതം' എന്ന നോവലിലെ മിത്തിനെ ഈ കഥയെ നിയന്ത്രിക്കുന്ന ഘടകമായി പരിഗണിക്കാം. 'അമ്പിളിപ്പൂത'ത്തിലെ മിത്ത് ഗ്രാമങ്ങളിൽ വാമൊഴിയായി പ്രചരിക്കുന്ന പൂതമാണ്. ഈ പൂതത്തെ മാതൃത്വത്താൽ തോൽപ്പിച്ച നങ്ങേലിയുടെ കഥയാണ് 'പൂതപ്പാട്ടി'ന്റെ ഇതിവൃത്തം. ഈ കഥ നോവലിന്റെ ആരംഭം മുതൽ പല ഘട്ടങ്ങളിലായി പരാമർശിക്കപ്പെടുകയും പിന്നീട് അത് പ്രധാന കഥാ തന്തുവായി പരിണമിക്കുകയും ചെയ്യുന്നു. നോവൽ ആരംഭിക്കുന്നത് സ്കൂളിൽ നിന്നും മടങ്ങി വരുമ്പോൾ ബസ്സിൽ ഇരുന്നു അന്നു പഠിപ്പിച്ച 'പൂതപ്പാട്ടി'നെ കുറിച്ച് ആലോചിക്കുന്ന നവനീതിനെ അവതരിപ്പിച്ചുകൊണ്ടാണ്. ആദ്യമായാണ്

അവൻ ആ കഥ കേൾക്കുന്നതെങ്കിലും അവനെ അതേറെ ആകർഷകമാക്കിയതിന്റെ ഒരു കാരണം കഥയിടം അവനു പരിചിതമായ പറയൻകുന്നായതു കൊണ്ടാണ്. പൂതം പറയൻകുന്നിൽ വസിക്കുന്നുവെന്നും അതു കുട്ടികളെ ഉപദ്രവിക്കില്ല എന്നും കുട്ടികൾക്കൊപ്പം കളിക്കും എന്നുമുള്ള ആശയങ്ങൾ അധ്യാപികയും മുത്തച്ഛനും പറയുന്നത് സമൂഹത്തിൽ നിലയുറപ്പിച്ച ബോധത്തിൽ നിന്നും ഉരുവപ്പെട്ട പൂതം എന്ന മിത്തിനെ മുൻനിർത്തിയാണ്. മിത്ത് സത്യമാണെന്ന ചിന്ത മുതിർന്നവരുടെ മനസ്സിൽ അബോധമായി നിലനിൽക്കുന്നുണ്ട്. കുട്ടികൾക്കു കഥ പറഞ്ഞു കൊടുക്കാൻ ഈ അബോധ ചിന്തകൾ കഥയിലെ ഊന്നലുകളായി പ്രവർത്തിക്കുകയും കേൾക്കുന്നകുട്ടിയിൽ യാഥാർത്ഥ്യ ബോധത്തെ ഉണ്ടാക്കുകയും ചെയ്യുന്നു. 'പൂതപ്പാട്ടി'ലെ പൂതം ഒരു മിത്താവുകയും അത് സമൂഹവുമായി ഏറെ ചേർന്നിരിക്കുവാനും കാരണമാകുന്നത് അതിന്റെ പ്രാദേശിക സ്വഭാവമാണ്. കുട്ടിക്ക് 'പൂതപ്പാട്ടി'നോടും പൂതത്തോടും കൂടുതൽ താദാത്മ്യം പ്രാപിക്കാൻ സാധിക്കുന്നത് പറയൻകുന്ന് എന്ന സ്ഥലികതയുടെ സവിശേഷതയാലാണ് .

നവനീത് എന്ന കുട്ടിയുടെ സാമൂഹിക ബന്ധങ്ങൾക്കും മനസ്സിന്റെ സഞ്ചാരങ്ങൾക്കും കഥയിൽ പരാമർശിക്കുന്ന ഇതര ഇടങ്ങൾക്കും തമ്മിൽ ബന്ധമുണ്ട്. പൂതം എന്ന കഥയിലെ പ്രധാന ഘടകം കുട്ടിയുടെ മനസ്സിലേക്കു കടന്നുവരാനും അതു സൂക്ഷ്മമായി കുട്ടിയുടെ ചിന്തകൾക്ക് ആധാരമാകുവാനും ഓരോ സന്ദർഭങ്ങളിലെ ഇടം കാരണമാകുന്നു. അതിലെ ചില ഇടങ്ങൾ സൂചകം മാത്രമായി നിൽക്കുമ്പോൾ മറ്റു ചിലവ അടിസ്ഥാന കഥാഘടകമായി മാറുന്നു. 'പൂതപ്പാട്ട്' എന്ന കവിതയെ കുട്ടിയിൽ എത്തിക്കാനുള്ള ഒരിടമായി വർത്തിക്കുന്നത് ക്ലാസ്സ് മുറിയാണെന്നു പറയുന്നുവെങ്കിലും കഥയിൽ ഒരിക്കലും ക്ളാസ് എന്ന ഇടം പ്രാധാന്യത്തോടെ ഇടപെടുന്നില്ല. കുട്ടിക്കു 'പൂതപ്പാട്ടി'നോട് മാനസികമായുണ്ടാകുന്ന അടുപ്പം കഥയിലെ പ്രധാന ധർമ്മമാണ്. ഈ ധർമ്മത്തെ ഉറപ്പിക്കുന്നതിനുള്ള ഇടം എന്ന നിലയിലാണ് ക്ലാസ് മുറിയിലെ സംഭവത്തെയും സംഭാഷണത്തെയും നോവൽ വിവരിക്കുന്നത്. ബസിലുള്ള യാത്ര പൂതത്തെക്കുറിച്ചുള്ള സംഭാഷണങ്ങൾ നിർമ്മിക്കുവാനും കുട്ടിയിൽ പൂതം എന്ന ആശയം കൂടുതൽ ആഴത്തിൽ പതിക്കുവാനുമുള്ള മാർഗ്ഗങ്ങൾ സൃഷ്ടിക്കുന്നു.

പൂതവുമായി കുട്ടി കൂടുതൽ അടുത്തിടപെടാനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നതിൽ ഇടം വഹിക്കുന്ന പങ്ക് വലുതാണ്. പറയൻകുന്ന് വെറും ഒരു ഇടമായല്ല നോവലിൽ നിലകൊള്ളുന്നത്. 'പൂതപ്പാട്ടി'ലെ പൂതം വസിക്കുന്ന ഇടം എന്ന വിശ്വാസം നിലനിർത്തുന്നതിനൊപ്പം കുട്ടിക്ക് പൂതവുമായി സംവദിക്കാനുള്ള സാഹചര്യം സൃഷ്ടിക്കാനും പറയൻകുന്നിന് സാധിക്കുന്നു. കൂടാതെ പാരിസ്ഥിതികമായ ആശയങ്ങൾ നിർമ്മിക്കുന്നതിനുതകുന്ന ഇടമായി പരിണമിക്കാനും പറയൻകുന്നിനു സാധിക്കുന്നു. നോവലിൽ കുട്ടി തന്റെ സങ്കല്പത്തിലെ പൂതത്തെ കണ്ടെത്തുകയും എല്ലാവരുടേയും സമക്ഷത്തിൽ അമ്പിളി എന്നു കുട്ടി പേരിട്ട ആ പൂതത്തിന്റെ കൂടെ സഞ്ചരിക്കുകയും ചെയ്യുന്നുണ്ട്. ഈ പ്രവൃത്തികൾക്കു ചാലകമായി പ്രവർത്തിക്കുന്നത് കുട്ടിയുടെ പ്രിയപ്പെട്ട ഇടമായ പറയൻകുന്നും അവിടുത്തെ ഏകാന്തതയുമാണ്. ഇത്തരത്തിൽ കുട്ടിയും പൂതവുമായുള്ള മാനസികസംവാദമാണ് നോവൽ മുന്നോട്ടു വയ്ക്കുന്ന പ്രധാന ധർമ്മം. ഈ പ്രധാന ധർമ്മത്തെ പരിപോഷിപ്പിക്കാനുള്ള അടിസ്ഥന ഘടകമാകാൻ സ്ഥലികതയ്ക്ക് സാധിക്കുന്നു.

## 04.09.02. മനോവ്യാപാരവും കഥാദൈർഘ്യവും

'അമ്പിളിപ്പൂതം' എന്ന നോവലിലെ പ്രധാന കഥാപാത്രമായ നവനീത് എന്ന ബാലകന്റെ മനസ്സിന്റെ ആകുലതകളും ആഗ്രഹങ്ങളും അടിസ്ഥാനമാക്കി അവന്റെ മനസ്സിന്റെ സഞ്ചാരങ്ങളിലൂടെയാണ് പ്രമേയം മുന്നോട്ട് പോകുന്നത്. ഇതിലെ പ്രധാന കഥാതന്തു പൂതം എന്ന മിത്തും അത് വായനക്കാരിൽ ഉണ്ടാക്കുന്ന ഫാന്റസി ആണ്. ഇത്തരത്തിൽ മനസ്സിന്റെ സഞ്ചാരം അടിസ്ഥാനമാക്കി രചിച്ച രചനയായതുകൊണ്ട് അതിന്റെ സംഭവങ്ങൾക്കു നൽകാൻ കഴിയുന്ന കാലവ്യാപ്തി വളരെ ചെറുതാണെന്ന് മനസ്സിലാക്കാം. വളരെ ചെറിയ കാലത്തെ അടിസ്ഥാനമാക്കി രചിക്കുന്ന കൃതികൾക്കുമാത്രമാണ് മനോവ്യാപാരം ഏറെ ശ്രദ്ധയോടെ അവതരിപ്പിക്കാൻ സാധിക്കുകയുള്ളൂ. ഫാന്റസി വ്യക്തിയുടെ അന്തർ മണ്ഡലത്തിന്റെ മനോഭാവത്താൽ നിർമ്മിക്കുന്നതാണ്. വ്യക്തിയിൽ ഉളവാക്കുന്ന ദിവാസ്വപ്നം, അവബോധം, മനോഭാവം, ദർശനം എന്നിവ ചെറുകഥയിൽ ആണ് കൂടുതൽ വെളിവാകുന്നത് എന്ന് വത്സലൻ വാതുശ്ശേരി നിരീക്ഷിക്കുന്നുണ്ട് (2004:40). ഏകഭാവത്വം ആവശ്യപ്പെടുന്ന ഇത്തരം രചനകളുടെ സവിശേഷത

'അമ്പിളിപ്പൂതം' എന്ന ബാലനോവലിലും കാണാം. നോവലിൽ വർത്തമാന കാലത്തിൽ നടക്കുന്ന സംഭവങ്ങളെ ക്രമമായി ചിട്ടപ്പെടുത്തി ഏക കാല സ്വഭാവം നൽകാൻ നോവലിന് സാധിക്കുന്നു. കഥാപാത്രങ്ങളുടെ എണ്ണവും വളരെ ചെറുതാണ്. ഇത്തരത്തിൽ സംഭവവും കാലവും കഥാപാത്രവും കഥാദൈർഘ്യവും ഏകമാനമാവുകയും അത് ചെറുകഥയുടെ ആഖ്യാന രീതിയോട് ചേർന്ന് നിൽക്കുകയും ചെയ്യുന്നു.

## 04.09.03. പ്രധാനധർമ്മവും പൂരകധർമ്മങ്ങളും സാധ്യമാക്കുന്ന കഥാപാത്രങ്ങൾ

നവനീത് എന്ന കുട്ടിയുമായി ഇടപഴകുന്നതും അവന്റെ മാനസിക വ്യാപാരത്തെ സ്വാധീനിക്കുന്നതുമായ വ്യക്തികളാണ് 'അമ്പിളിപ്പൂതം' എന്ന നോവലിലെ കഥാപാത്രങ്ങൾ. കഥയിലെ അടിസ്ഥാന ധർമ്മം പാത്ര ധർമ്മങ്ങളിലൂടെ വ്യവഹരിക്കുന്നു. ആഖ്യാനത്തിലെ അർത്ഥതലത്തിന് റോളാങ് ബാർത്ത് നൽകുന്ന വ്യാഖ്യാനങ്ങൾ ധർമ്മം, ക്രിയ, ആഖ്യാനം എന്നിവയെ അടിസ്ഥാനമാക്കിയുള്ളതാണ്. അവ കഥയുടെ സ്വഭാവം, കഥാപാത്രം, സന്ദർഭം, സംഭാഷണം എന്നിവയെ സാങ്കേതികമായി വിശകലനം ചെയ്യുന്നു. നോവലിലെ ബീജം വ്യക്തമാക്കുന്നതു കഥാപാത്രങ്ങളുടെ ധർമ്മത്താലാണ്. എന്നാൽ അതു വ്യക്തമാക്കുന്നതു കഥയിലുടനീളം വരുന്ന സന്ദർഭങ്ങളിലൂടെയാണ്. പ്രധാനവും അല്ലാത്തതും ആയ കഥാപാത്രങ്ങളുടെയും ആഖ്യാതാവിന്റെയും ഇടപെടൽ അതിനു കാരണമാകും. ഇവിടെ കുട്ടിയും പൂതവും തമ്മിലുണ്ടാകുന്ന ബന്ധത്തിനു തുടക്കം കുറിക്കുന്നതും ആക്കം വർദ്ധിപ്പിക്കുന്നതും നോവലിലെ ഇതര കഥാപാത്രങ്ങളാണ്. ശ്യാമ ടീച്ചർ ക്ലാസിൽ പാടിയ ഇടശ്ശേരിയുടെ 'പൂതപ്പാട്ട്', തുടർന്ന് ബസ്സിൽ വച്ച് ടീച്ചറുമായി പൂതത്തെ കുറിച്ചു നടത്തിയ സംഭാഷണം, വീട്ടിൽ എത്തിയതിനു ശേഷം അമ്മയുമായി കുട്ടി നടത്തിയ സംഭാഷണം, മുത്തച്ഛനുമായുള്ള സംഭാഷണം, കുട്ടിയുടെ ഏകാന്തമായ സമയങ്ങളിലെല്ലാം പറയൻകുന്നിനെയും പൂതത്തെയും കുറിച്ചുള്ള ചിന്തകളെ കഥാകാരൻ അവതരിപ്പിക്കുന്ന സന്ദർഭങ്ങൾ എന്നിവ നോവലിലെ പൂരകധർമ്മങ്ങളാണ്. ഈ കഥാപാത്രങ്ങളുടെ സംഭാഷണത്തിലൂ

ടെയും സംഭവവിവരണങ്ങളിലൂടെയും ആഖ്യാനത്തിലെ അർത്ഥത്തെ കഥയിലുട നീളം വ്യാപിപ്പിക്കുന്നു.

നവനീത് എന്ന കഥാപാത്രത്തിന്റെ മനസ്സിന്റെ ആകുലതകൾക്ക കാരണമാകുന്നത് അച്ഛന്റെ മദ്യപാനവും ചീട്ടുകളിയും അമ്മയുമായുള്ള വഴക്കുമാണ്. ഇത്തരം സംഭവങ്ങളുടെ വിശദമായ ആവിഷ്കാരം നോവലിന്റെ ഭാഗമാകുന്നില്ല. എന്നാൽ അവ ആഖ്യാതാവ് സൂചിപ്പിക്കാതെ പോകുന്നുമില്ല. അസ്വസ്ഥമായ മനസ്സിന്റെ ചിന്തകൾക്ക പരിഹാരമെന്നരീതിയിലാണ് പൂതം കുട്ടിയുടെ ഭാഗമാകുന്നത്. അത്തരം കഥാന്തരീക്ഷത്തിലേക്കുള്ള സൂചകമാണ് നവനീതിന്റെ കുടുംബപശ്ചാത്തലത്തിന്റെ ആവിഷ്കാരത്താൽ സാധ്യമാകുന്നത്.

മുത്തച്ഛൻ കുട്ടിയിൽ പൂതത്തെ കുറിച്ചുള്ള സങ്കല്പങ്ങൾക്ക യാഥാർത്ഥ്യ ബോധം നൽകുന്നു. ഇതിനോടൊപ്പം പറയൻകുന്ന് എന്നസ്ഥലം നോവലിനു പാരിസ്ഥിതിക പരിവേഷം നൽകുകയും ചെയ്യുന്നുണ്ട്. അങ്ങനെ പറയൻകുന്ന് കഥയിടം എന്നതിനപ്പുറം മനുഷ്യൻ വികസനത്തിന്റെ പേരിൽ ഗ്രാമീണമായ മിത്തിനെ/നന്മയെ ഇല്ലാതാക്കുന്ന പാരിസ്ഥിക പ്രതീകമായി പ്രത്യക്ഷപ്പെടുന്നു. ഈ വിഷയത്തെ അവതരിപ്പിക്കുന്നത് മുത്തച്ഛനും നവനീതും തമ്മിലുള്ള സംഭാഷണങ്ങളിലൂടെയാണ്[5]. ഈ പൂരകസംഭാഷണം കുട്ടിയിൽ പൂതം വരും എന്നും പറയൻകുന്ന് സംരക്ഷിക്കും എന്ന ഉറച്ച വിശ്വാസത്തെ സൃഷ്ടിക്കുന്നു.

'പൂതപ്പാട്ടി'ലെ പൂതമെന്ന കഥാപാത്രത്തെ മിത്ത് എന്ന നിലയിൽ കൂടുതൽ യാഥാർത്ഥ്യബോധത്തോടെ കുട്ടിയിൽ ഇടം നേടാൻ സഹായിക്കുന്നതു മുത്തച്ഛന്റെ സംഭാഷണങ്ങളാണ്. 'പൂതപ്പാട്ട്' എന്ന കവിതയിലെ സുന്ദരിയായ പെൺകുട്ടിയുടെ രൂപം കുട്ടി നേരിൽ കണ്ട പൂതത്തിൽ ആഗ്രഹിക്കുന്നു. അതാണ് അമ്പിളി എന്ന രൂപത്തിലൂടെ സാർത്ഥകമായത്. അതാവട്ടെ മരിച്ചുപോയ അനിയത്തിയുടെ പ്രതിരൂപമാണ്താനും. ഇത്തരത്തിൽ പൂതം എന്ന കഥാപാത്രം നവനീത് എന്ന കുട്ടിയുടെ മാനസികവ്യാപാരവുമായി ചേർന്നു രൂപപ്പെടുന്നു. കാലിൽ ചിലമ്പണിഞ്ഞ്, കഴുത്തിൽ പൂമാലയിട്ടു കമിഴ്ന്നുകിടക്കുന്ന ആളെ കുട്ടി പൂതമാണെന്ന് ഉറപ്പിക്കുകയാണ്. പൂതവുമായുള്ള ആദ്യ സംഭാഷണം കുട്ടിയുടെ പൂതത്തെകുറിച്ചുള്ള സങ്കല്പങ്ങൾക്കനുസൃതമായി

രൂപപ്പെടുന്നതാണ്⁶. ഇത്തരത്തിൽ കുട്ടിയുടെ മനസ്സിന്റെ വ്യാപാരങ്ങൾ ഫാന്റസി നിറഞ്ഞ ആഖ്യാനസ്വഭാവത്തോടെ നോവലിൽ അവതരിപ്പിക്കുന്നു.

### 04.09.04. നോവലിലെ ഭാഷ

കഥ പറയാൻ ആഖ്യാതാവു വിവിധങ്ങളായ ഭാഷാതന്ത്രങ്ങൾ ഉപയോഗിക്കുന്നുണ്ട്. ഈ സവിശേഷതകളെ ബാലസാഹിത്യഭാഷയെന്ന നിലയിൽ വിലയിരുത്തേണ്ടതുണ്ട്. 'അമ്പിളിപ്പൂതം' കൈകാര്യം ചെയ്യുന്ന ഭാഷയിലും കുട്ടികൾക്ക് ആകർഷകമാകുന്ന സവിശേഷതകൾ ഉണ്ട്. സ്വന്തമായി പുസ്തകങ്ങൾ വായിക്കുന്ന കുട്ടികളെയും കഥകൾ വായിച്ചു കൊടുക്കേണ്ട കുട്ടികളെയും ഒരുപോലെ മുന്നിൽക്കണ്ട് രചിച്ചതാണ് 'അമ്പിളിപൂതം'. നോവലിന്റെ ഭാഗമായ പദ്യ ശകലങ്ങൾ, വാമൊഴിയുടെ പ്രയോഗം എന്നിവയിൽ കുട്ടികളുടെ വായനയെയും ഉച്ചാരണരീതീയെയും വികസിപ്പിക്കാനുതകുന്ന ഭാഷാപ്രയോഗങ്ങൾ ദൃശ്യമാണ്.

ഇടശ്ശേരി എഴുതിയ 'പൂതപ്പാട്ട്' എന്ന കവിതയിൽ നിന്നാണ് പൂതം എന്ന മിത്ത് നോവലിലെ പ്രധാന ആശയമാകുന്നത്. കേരളത്തിലെ വള്ളുവനാടൻ പ്രദേശങ്ങളിൽ തുടി കൊട്ടി കുഴൽ വിളിയുമായി വീട് വീടാന്തരം കയറിയിറങ്ങുന്ന പൂതത്തെ അടിസ്ഥാനമാക്കിയാണ് 'പൂതപ്പാട്ടി'ന്റെ പുരാവൃത്തം നിലനിൽക്കുന്നത്. സാമ്യവും രൗദ്രവുമായ ഭാവം 'പൂതപ്പാട്ടി'ലെ പൂതത്തിൽ അടങ്ങിയിട്ടുണ്ട്. ഈ ഉഭയഭാവം നോവലിന് അടിസ്ഥാന ഭാവം നൽകുന്നു. പുരാവൃത്തത്തെ അടിസ്ഥാനമാക്കിയ ഈ നോവലിന്റെ ഇതിവൃത്തത്തിൽ 'പൂതപ്പാട്ട്' എന്ന കവിതയുടെ ഭാവുകത്വത്തിനും നിർണ്ണായക സ്വാധീനമുണ്ട്.

ചൊൽവടിവുകൾക്ക് കുട്ടികളുടെ ഭാഷാവളർച്ചയിൽ വളരെ വലിയ പങ്ക് വഹിക്കാൻ സാധിക്കും. ആശയവിനിമയത്തിനു കുട്ടികൾ ഭാഷാനൈപുണികൾ സ്വായത്തമാക്കേണ്ടതുണ്ട്. പ്രാരംഭഘട്ടത്തിലെ ഭാഷണപരിചയം കഥാ കഥനത്തിലൂടെ സാധ്യമാക്കാനാവും. ഇത്തരത്തിൽ കഥ വായിച്ചു കേൾക്കുന്നതിലൂടെയും സ്വയം വായിച്ച് ആസ്വദിക്കുന്നതിലൂടെയും കുട്ടികളിൽ വചനശിക്ഷണത്തിന്റെ ഫലം ലഭിക്കുന്നു. ഭാഷണത്തിന്റെ കാര്യക്ഷമതയ്ക്ക് ഉച്ചാരണശിക്ഷണത്തിലും ശ്രദ്ധ പുലർത്തേണ്ടതുണ്ട്. പ്രൈമറി തലത്തിലുള്ള വചനശിക്ഷണത്തിനും ഉച്ചാരണ ശിക്ഷണത്തിനുമായി അധ്യാപകർ നൽകുന്ന

അഭ്യാസത്തിൽ ഉച്ചരിക്കാൻ വിഷമമുള്ളതും അതിഖരമൃദുഘോഷാക്ഷരങ്ങളുടെ നിരന്തരമായ ആവർത്തനം ഒരു പ്രധാന അഭ്യാസമുറയാണ്. കുട്ടികൾക്കുള്ള സാഹിത്യത്തിൽ വായനയും വചനാഭ്യാസവും ഉച്ചാരണശിക്ഷണവും ഒരു ലക്ഷ്യമാണെന്നതിനാൽ അതു സാധ്യമാക്കുന്ന നിലയിലുള്ള ഭാഷാ പ്രയോഗങ്ങൾ നോവലിലും കാണാൻ കഴിയും.

'അമ്പിളിപ്പൂത'ത്തിൽ ഭാഷാനൈപുണി സാധ്യമാക്കുന്ന നാലുവരി വീതമുള്ള രണ്ട് പദ്യശീലുകളുണ്ട്. ഒന്ന് സ്കൂൾ ബസ്സിൽ ഇരുന്നുകൊണ്ട് കുട്ടികൾ പാടുന്ന പാട്ട്[7]. കൃത്യമായ അർത്ഥങ്ങൾ ഒന്നും ഇല്ലാത്ത ആ നാല് വരി കവിത കഥയിലേക്കു കുട്ടികളെ ആകർഷിക്കുന്നതിനേക്കാൾ ഉച്ചാരണപരിശീലനമായി മാറുന്നു. ആ വരികൾക്ക് പ്രത്യേക അർത്ഥമോ കഥാസന്ദർഭവുമായി ബന്ധമോ ഇല്ല. വാചികാഭ്യാസത്തിന് ഉപയോഗിക്കുന്ന ഇത്തരം അക്ഷരശൃംഖലയ്ക്ക് അർത്ഥ പൂർത്തിയുണ്ടാവണമെന്നില്ലെന്ന് വ്യവഹരിച്ച് പോന്നിട്ടുണ്ട് (കെ. ശിവരാജൻ, പി ശ്രീമാനുണ്ണി. 2006:119). ഇത്തരത്തിൽ ഭാഷാനൈപുണി കുട്ടികളിൽ ഉത്പാദിപ്പിക്കാനുള്ള ശ്രമമായി ഈ വരികൾ പ്രവർത്തിക്കുന്നു. കുട്ടികൾ ബസ്സിൽ ആലപിക്കുന്ന മറ്റൊരു പദ്യവും നോവലിന്റെ ഭാഗം ആകുന്നുണ്ട്. പ്രൈമറി തലത്തിലുള്ള കുട്ടികൾക്ക് വാചികാഭ്യാസം നേടാനുതകുന്ന വരികളാണിവ[8]. "അതിഖരം, മൃദു, ഘോഷം, കൂട്ടക്ഷരം എന്നിവയാണ് കുട്ടികളെ പ്രായേണ വിഷമിപ്പിക്കുന്നത്. ആ അക്ഷരങ്ങളുടെ ഉച്ചാരണത്തെ കുറ്റമറ്റതാക്കാൻ ശരിയായ മാതൃകയുടെ അടിസ്ഥാനത്തിൽ ധാരാളം അഭ്യാസങ്ങൾ നൽകണം. ആവർത്തിച്ചുച്ചരിക്കാൻ പറ്റിയ പദങ്ങളും പദസംഘാതങ്ങളും കണ്ടെത്തി അഭ്യാസം നൽകുകയാണ് വേണ്ടത്. ആട്ടക്കഥകളിൽനിന്നും ചമ്പുക്കളിൽനിന്നുമെല്ലാം കടുപ്പമുള്ള ചില ഭാഗങ്ങൾ കണ്ടെത്തി ചൊല്ലിക്കാവുന്നതാണ്" (2006:118) എന്ന് മലയാള ഭാഷാധ്യാപനത്തിനുള്ള മാർഗ്ഗങ്ങൾ ഡോ. കെ ശിവരാജൻ നിർദ്ദേശിക്കുന്നുണ്ട്. ഇത്തരത്തിൽ ഭാഷ പ്രയോഗിച്ചുകൊണ്ട് കുട്ടികളിൽ വാചികാഭ്യാസം സാധ്യമാക്കാൻ നോവലിലെ ചെറിയ പദ്യഭാഗങ്ങൾക്കു സാധിക്കുന്നു. എന്നാൽ ഈ വരികൾ നോവലിൽ നിന്നും മാറി നിൽക്കുന്നില്ല. ബസ്സിൽ കുട്ടികൾ ഒന്നിച്ചാലപിക്കുന്ന രണ്ടു ഗാനങ്ങൾ എന്നനിലയിൽ പ്രമേയത്തിനനുസൃതമായാണ് അവ നോവലിന്റെ ഭാഗമാകുന്നത്.

## സംഭാഷണങ്ങൾ

'അമ്പിളിപ്പൂതം' എന്ന നോവലിന്റെ വേഗതയെ നിയന്ത്രിക്കുന്നത് സംഭാഷണങ്ങളാണ്. നവനീത് എന്ന കേന്ദ്രകഥാപാത്രവും മറ്റു സഹ കഥാപാത്രങ്ങളും തമ്മിലുള്ള സംഭാഷണങ്ങളാണ് കഥയെ മുന്നോട്ടു നയിക്കുന്നത്. നോവലിന്റെ കഥപറച്ചിൽ പതുക്കെ പതുക്കെ ചെറു സംഭാഷണങ്ങളിലൂടെ വേഗത പ്രാപിക്കുന്നു. പറയൻകുന്ന് നശിപ്പിക്കാൻ പൂതം സമ്മതിക്കില്ല എന്ന മുത്തച്ഛന്റെ ഉറച്ചവിശ്വാസം നിറഞ്ഞ വാക്കുകളാണ് കഥയുടെ അടിസ്ഥാനസംഭവങ്ങൾക്കു കാരണമാകുന്നത്. കുട്ടിയുടെ മനസ്സിനെ കേന്ദ്രീകരിച്ചു നടക്കുന്ന സംഭവങ്ങളാണ് കഥയുടെ പൊരുൾ. അതിനു മാർഗ്ഗമാകുന്നത് സംഭാഷണങ്ങളാണ്.

നവനീതിന്റെ മനോവിഷമവും ചിന്തകളും സ്വപ്നവും യാഥാർത്ഥ്യവും സങ്കലനം ചെയ്യുന്ന മനോവിചാരങ്ങളാണ് നോവലിന്റെ മർമ്മം. ഇതിൽ പൂതം ഒരു കഥാപാത്രമായും മിത്തായും സ്വപ്നമായും പ്രതിഫലിക്കുന്നു. ഈ ആവിഷ്കാരത്തിൽ സംഭാഷണം, മനോവിചാരം എന്നിവ സമാന്തരമായി സഞ്ചരിക്കുന്ന രണ്ടു കഥാഘടകങ്ങളാണ്. കുട്ടിയുടെ മനസ്സിനെ സ്വാധീനിക്കുവാനും നിയന്ത്രിക്കുവാനും സാധിക്കുന്നതു കഥയിലെ സംഭാഷങ്ങൾ മുഖേനയാണ്. കുട്ടിയുടെ മനസ്സിനെ പാകപ്പെടുത്തി എടുക്കുന്നതിനുള്ള മുഖ്യ ഉപകരണമാകുന്നതും സംഭാഷണങ്ങളാണ്.

"ടീച്ചർ.....ടീച്ചർ .....എന്റെ വീട്ടിനടുത്താണ് പറയൻ കുന്ന്." (2018:13) എന്ന് ആഹ്ലാദത്തോടെയും പേടിയോടെയും നവനീത് പറയുന്നതാണ് നോവലിലെ ആദ്യ സംഭാഷണം. ഇതിനെ തുടർന്നു ബസ്സിൽ ഇരുന്നു അധ്യാപികയോട് അവൻ സംസാരിക്കുന്നത് പൂതത്തെപ്പറ്റിയാണ്. ""പൂതത്തിനെ കാണാൻ പറ്റ്വോ?"നവനീത് ചോദിച്ചു.

"കാണാൻ പറ്റില്ല.പൂതം പുറത്തുവരില്ല."

"വിളിച്ചാലോ?"

"വിളിച്ചാലും വരില്ല."

നവനീത് ബസ്സിൽ നിന്ന് പുറത്തേക്ക് നോക്കി പൂതത്തെക്കുറിച്ച് തന്നെ ആലോചിച്ചിരുന്നു."(2018:13,14). ആദ്യമായി പൂതത്തെ നേരിൽ കാണാൻ കഴിയില്ല എന്ന അറിവ് ഈ സംഭാഷണത്തിലൂടെയാണ് കുട്ടിയിൽ എത്തുന്നത്. പറയൻകുന്ന് ഇടിച്ചു നിരത്തി സർക്കാർ ഫാക്ടറി നിർമ്മിക്കാൻ പോകുന്ന വിവരം കുട്ടിയിലേയ്ക്ക് എത്തുന്നത് മുത്തച്ഛന്റെ വൈദ്യശാലയിലെ മരുന്ന് തറിക്കുന്ന ഗോവിന്ദൻ മാമന്റെ സംഭാഷണങ്ങളിലൂടെയാണ്.

"ഗോവിന്ദൻ മാമൻ പറഞ്ഞു :

"പറയൻകുന്ന് ഇടിച്ചു നിരത്താൻ പോവ്വാ.....അവിടെ ഒരു ഫാക്ടറി വരാൻ പോകുന്നു.

അപ്പോ പൂതോ?

ഏത് പൂതം

പൂതോക്കെ കുടിയൊഴിഞ്ഞ് പോകേണ്ടി വരും " (2018:23).

ഈ വാക്കുകൾ കുട്ടിയുടെ മനസ്സിനെ കലുഷിതമാക്കുന്നു. മനുഷ്യപ്രവൃത്തിയാൽ പൂതത്തിനു പോലും രക്ഷയില്ലാത്ത അവസ്ഥയാണ് എന്ന തിരിച്ചറിവു കുട്ടിക്കു ലഭിക്കുന്നു. എന്നാൽ ഇതിൽ നിന്നും കുട്ടിയുടെ മനസ്സിന് ആശ്വാസവും ഒപ്പം പുതിയ പ്രത്യാശയും നൽകുന്നത് പൂതം കുന്ന് ഇടിച്ചു നിരത്താൻ സമ്മതിക്കില്ല എന്ന മുത്തച്ഛന്റെ വാക്കുകളാണ്.

ബാലസാഹിത്യം എന്നും ഭ്രമാത്മകമായ രചനയ്ക്കു പ്രാധാന്യം നൽകിയിട്ടുണ്ട്. മിത്തും യാഥാർത്ഥ്യവും നോവലിൽ നൽകുന്ന ആസ്വാദനതലം ഫാന്റസിയുടെയാണ്. പൂതത്തെ നവനീതും മറ്റുള്ളവരും നേരിൽ കാണുന്ന രംഗങ്ങൾ അത്ഭുതത്തോടെയാണ് നോവലിൽ അവതരിപ്പിക്കുന്നത്. പറയൻകുന്നിന്റെ താഴ്‌വരയിൽ ഉയർന്നുവരുന്ന ശിരസ്സും കിരീടവും കാലിലെ ചിലമ്പുംകാണുന്ന കുട്ടികളിൽ മാത്രമല്ല വായനക്കാരിലും അത്ഭുതം ഉളവാക്കുന്നു. പൂതം എന്ന മിത്ത് യാഥാർത്ഥ്യബോധത്തോടെ പ്രകാശിക്കുന്നത് നോവലിൽ ഭ്രമാത്മകതലം സൃഷ്ടിക്കുന്നു. ഇതിനു സംഭാഷണങ്ങൾ പ്രധാന ആഖ്യാന ഘടകമാകുന്നു. കുന്നിന് അപ്പുറത്ത് താമസിക്കുന്ന കുട്ടി എന്ന് മുത്തച്ഛനെയും

അമ്മയെയും വിശ്വസിപ്പിച്ചുകൊണ്ടുള്ള പൂതവും കുട്ടിയും തമ്മിലുള്ള ചങ്ങാത്തവും സംഭാഷണങ്ങളും കഥയിൽ ഭ്രമാത്മകമായ ആശയലോകം സൃഷ്ടിക്കുന്നു.

## 04.10. മിത്തിന്റെ രൂപീകരണം

കഥാകല്പനകളിൽ കാണുന്ന അതീത സ്വഭാവമുള്ള കഥാപാത്രങ്ങൾ മനുഷ്യന്റെ ഭാവനാവിശ്വാസങ്ങളുടെ സൃഷ്ടിയാണ് [9] എന്ന് കാർവത് റീഡ് (Carveth Read) 'മാൻ ആൻഡ് ഹിസ് സൂപ്പർസ്റ്റിഷൻസ്' എന്ന കൃതിയിൽ പറഞ്ഞിട്ടുള്ളത് പൂതം എന്ന കഥാപാത്രത്തിലും കാണാൻ കഴിയും. നോവലിലെ ഫാന്റസിയ്ക്ക് കാരണമാകുന്നത് മിത്തിന്റെ ആവിഷ്കാരമാണ്. മിത്തുകളിൽ രണ്ടു രീതിയിൽ ഫാന്റസി പ്രവർത്തിക്കുന്നുണ്ട്. ഒന്നാമത്തേത് മിത്ത് ആവിർഭവിക്കുന്ന മനസ്സിന്റെ ഭ്രമാത്മകത. രണ്ടാമത്തേത് കഥാപാത്രങ്ങളും സംഭവങ്ങളും ഉൾപ്പെടുന്ന ഫാന്റസി. അസുരൻ, ദൈത്യൻ, ദാനവൻ, ഗന്ധർവ്വൻ, അപ്സരസ്, ഗുഹ്യൻ, യക്ഷൻ, കിന്നരൻ, രാക്ഷസൻ, പിശാച്, വേതാളം, ഭൂതം, എന്നിവയിൽ മിത്തിക്കൽ സ്വഭാവം കാണാം എന്ന് വത്സലൻ വാതുശ്ശേരി കണ്ടെത്തുന്നുണ്ട്[10]. മിത്തുകളെ അടിസ്ഥാനമാക്കി വൈയക്തികമായി ഉളവാകുന്ന ഭ്രമം സാമൂഹികമായ കാരണങ്ങളാൽ സമീകരിക്കപ്പെടുന്നുവെന്ന് പറയാം. 'അമ്പിളിപൂതം' എന്ന നോവലിലെ മിത്ത് ഗ്രാമത്തിൽ രൂപം കൊണ്ട കഥാകല്പനയാണ്. ഇത് വ്യക്തികളുടെ മനസ്സിൽ ഭ്രമാത്മകമായ ഭാവനയ്ക്ക് അടിത്തറയുണ്ടാക്കുന്നു. പറയൻകുന്ന് സംരക്ഷിക്കാൻ ശേഷിയുള്ള മിത്ത് എന്ന നിലയിൽ ആണ് പൂതം അവിടെ പ്രവർത്തിക്കുന്നത്. സമൂഹത്തിലെ എല്ലാ വ്യക്തികളെയും ഈ മിത്തിന്റെ ഭ്രമാത്മകസ്വഭാവം സ്വാധീനിക്കുന്നില്ല എന്നതു ശ്രദ്ധേയമാണ്. പൂതം എന്ന മിത്ത് ഉൾക്കൊണ്ട മുത്തച്ഛൻ, പരിസ്ഥിതിയുടെ സംരക്ഷണത്തിൽ പൂതത്തെ വിശ്വസിക്കുകയും പരിസ്ഥിതി നശിപ്പിക്കുന്നത് പൂതം തടയും എന്നും കുട്ടിയെ വിശ്വസിപ്പിക്കുന്ന ആളാണ്. എന്നാൽ പറയൻകുന്നിനെ തൊട്ട്കളിക്കുന്നത് സൂക്ഷിച്ചു വേണം എന്ന്പറയുന്ന നാട്ടുകാരെയും ഫാക്ടറി വന്നാൽ പൂതമൊക്കെ കുടിയൊഴിഞ്ഞു പോകേണ്ടി വരും എന്ന് പറയുന്ന ഗോവിന്ദൻ മാമനെയും നോവലിൽ കാണാം.

മിത്ത് രൂപപ്പെടുത്തിയ ഫാന്റസി വൈയക്തികമായും സാമൂഹികമായും വിശകലന വിധേയമാക്കാവുന്നതാണ്. കാരണം മിത്തിന്റെ രൂപപ്പെടലിൽ

വൈയക്തികമാനവും, സാമൂഹികമാനവും കാണാൻ കഴിയും. കേരളീയന്റെ പല മിത്തുകളും പരിശോധിച്ചാൽ കേരളീയരുടെ ഉപബോധ മനസ്സിന്റെ അവസ്ഥകളുടെ സ്വാധീനം കാണാം. സമൂഹത്തിന്റെ ഇച്ഛ സ്വപ്നമായി അന്തരംഗത്തിൽ രൂപം പ്രാപിക്കുന്നു. പലപ്പോഴും ആഗ്രഹം ആവണമെന്നില്ല വെറുപ്പോ, ഭയമോ, ജനിപ്പിക്കുന്ന സംഭവങ്ങൾ ഉപബോധമനസ്സിലേക്ക് തള്ളിവിടുമ്പോൾ ആശയങ്ങൾ ചിഹ്നങ്ങളായി പുനർജനിക്കുകയുമാവാം. വ്യക്തിയുടെ ഉപബോധത്തിൽ ആശയങ്ങൾ സ്വപ്നത്തിന്റെ പ്രതീകമായി പ്രത്യക്ഷപ്പെടുമ്പോൾ സമൂഹത്തിന്റെ ഉപബോധത്തിൽ മിത്തുകളുടെയും യക്ഷിക്കഥകളുടെയും വേഷത്തിലാണ് ചേക്കേറുന്നത്[11]. നോവലിന്റെ അടിസ്ഥാന തന്തുവായ പൂതം എന്ന മിത്ത് കുട്ടിയുടേയും സമൂഹത്തിന്റേയും ഉപബോധ മനസ്സുകളിലാണ് പ്രവർത്തിക്കുന്നത്. കുട്ടിയിൽ ആദ്യം പൂതത്തിന്റെ സാമീപ്യം അനുഭവിക്കുന്നത് സ്വപ്നത്തിലൂടെയാണ്. ആദ്യത്തെ സ്വപ്നം പറയൻകുന്നിൽ വിളക്കുകൾ കത്തിച്ച് കാലിൽ ഓട്ടുചിലമ്പും കഴുത്തിൽ കലപലെ പാടും പണ്ടങ്ങളുമായി വന്ന് ഒന്നും മിണ്ടാതെ പറയൻകുന്നിലെ വിടെയോ മറയുന്ന പൂതമാണ്. പിന്നത്തെ സ്വപ്നം പൂതം താമസിക്കുന്നത് എന്ന് വിശ്വസിക്കുന്ന പറയൻകുന്നാണ്. രണ്ടു സ്വപ്നങ്ങളിലും വെളിച്ചവും കൊളുത്തി വച്ച വിളക്കുകളും കാണാൻ കഴിയും. കുട്ടിയുടെ മനസ്സിലെ പ്രതീക്ഷയുടെ ആശയമാണ് ഈ വെളിച്ചങ്ങൾ. അതാകട്ടെ പൂതം എന്ന ആശയവുമായി ഇടകലരുന്നു. ഇത്തരത്തിൽ മനസ്സിന്റെ വിഭ്രമങ്ങൾ മിത്തുമായി സമീകൃതമാവുകയും അവയുടെ ആവിഷ്കാരത്തിൽ ഫാന്റസിയുടെ അനുഭവം സംജാതമാകുകയും ചെയ്യുന്നു.

മിത്ത് സമൂഹത്തിൽ ഉരുവപ്പെട്ടതാണ്. ആദിരൂപങ്ങളെ കുറിച്ചുള്ള യുങ്ങിന്റെ പഠനത്തിൽ ഭ്രമാത്മകത നിറഞ്ഞ കഥാപാത്രങ്ങൾ സമൂഹമനസ്സിൽ കുടികൊള്ളുന്നതിനെക്കുറിച്ച് വിശദീകരിക്കുന്നുണ്ട്. മിത്തുകൾ സമൂഹ മനസ്സിലേക്ക് സഞ്ചരിക്കുകയും അത് ഭ്രമകല്പനകൾ സാധ്യമാക്കുകയും ചെയ്യുക സാധാരണമാണ്. പൂതം എന്ന മിത്തിന്റെ അസ്തിത്വം നിലനിൽക്കുന്നത് പറയൻകുന്ന് എന്ന സ്ഥലവുമായി ബന്ധപ്പെട്ടാണ്. അതുകൊണ്ട് പൂതം എന്ന കഥാപാത്രം നൽകുന്ന ഫാൻറസി നിർമ്മിക്കുന്നത് സമൂഹമാണ്. ഫാന്റസിയെ അപഗ്രഥിച്ചുകൊണ്ട് റോസ്മേരി ജാക്സൺ പറയുന്നത് ഫാന്റസിയിലേക്ക്

മനുഷ്യനെ നയിക്കുന്നത് സൂക്ഷമാർത്ഥത്തിൽ സമൂഹം തന്നെയാണെന്നാണ് (വത്സലൻ, വാതുശ്ശേരി. 2004:27). അവന്റെ പ്രാകൃതമായ വികാരങ്ങൾക്കും തൃഷ്ണകൾക്കും സാമൂഹികമായ നിയന്ത്രണം നേരിടേണ്ടതുണ്ട്. അടിച്ചമർത്തുന്ന വികാരങ്ങളും ആഗ്രഹങ്ങളും സ്വപ്നങ്ങളായും മിഥ്യാദർശനങ്ങളായും പ്രകടമാവാറുണ്ട്. നവനീത് എന്ന കുട്ടിയുടെ തീവ്രമായ ആഗ്രഹങ്ങളാണ് വീട്ടിൽ സമാധാനം ഉണ്ടാകുവാൻ അച്ഛന്റെ മദ്യപാനം ഇല്ലാതാകുക, കുന്ന് നശിപ്പിക്കാതെ നിലനിർത്തി പൂതത്തിന്റെ വാസസ്ഥലം സംരക്ഷിക്കുക എന്നിവ. ഇത്തരം ആഗ്രഹങ്ങൾക്കുള്ള പരിഹാരം അമാനുഷിക ശക്തിയായ പൂതത്തിന് സാധിക്കാനാകും എന്ന വിശ്വാസം പൂതകഥകൾ കേട്ട കുട്ടിയിൽ ഉണ്ടാകുന്നു. കഥകൾ പറഞ്ഞുകൊടുക്കുന്നവരുടെ ഉള്ളിലുള്ള പൂതമെന്ന മിത്താണ് ഈ സാഹചര്യത്തെ ബലവത്താകാൻ സഹായിക്കുന്നത്. മിത്തുകളിൽ അഭിരമിക്കുന്ന ഈ സമൂഹമനസ്സ് കുട്ടിയുടെ മനസ്സിൽ ചില മിഥ്യാദർശങ്ങൾ ഉണ്ടാക്കുന്നു. ഇത്തരം പൂതവുമായുള്ള കൂടിക്കാഴ്ച്ച, സംസാരം എന്നീ മിഥ്യാ ദർശങ്ങളാണ് കഥയിൽ ഫാന്റസിയെ നിർമ്മിക്കുന്നത്.

## 04.11. രചനാനിഷ്ഠഭ്രമകല്പനയും മനോനിഷ്ഠ ഭ്രമകല്പനയും

നവനീത് എന്ന കുട്ടിയുടെ മനോവ്യാപാരത്തെ അതീവ സൂക്ഷ്മതയോടെ നിരീക്ഷിച്ചുകൊണ്ടുള്ള ഒരു രചനയാണ് ഈ നോവൽ. കുട്ടികളുടെ മനസ്സ് എപ്പോഴും അതിവേഗം വിഭ്രമങ്ങളിൽ വീണ് പോകാറുണ്ട്. ചെറിയ ചെറിയ സന്തോഷവും സങ്കടവും അവരുടെ വികാരങ്ങളെ നിയന്ത്രിക്കുകയും സ്വാധീനിക്കുകയും ചെയ്യും. പലപ്പോഴും സ്വപ്നവും യാഥാർത്ഥ്യവും മിഥ്യയും സത്യവും ഒരുമിച്ച് വരുന്ന അവസ്ഥ കുട്ടികളിൽ സംജാതമാകും. ഇത്തരം അവസ്ഥകളെ പുതിയ കാലഘട്ടത്തിന്റെ ആവിഷ്ക്കാരം എന്ന നിലയിൽ പരിശോധിക്കാവുന്നതാണ്.

കുട്ടികളുടെ രചനകളുടെ പൊതു സ്വഭാവമായി വിലയിരുത്തുന്ന ഘടകമാണ് ഫാന്റസി. ഫാന്റസി പല വിധത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. അപസർപ്പകകഥകൾ, ഭീതികഥകൾ, പുരാണത്തിലെ അമാനുഷ കഥാപാത്രങ്ങളെ മുൻനിർത്തിയുള്ള ആവിഷ്കാരങ്ങൾ എന്നിവ ഇവയിൽ ചിലതു മാത്രം. എന്നാൽ ആധുനിക സാഹിത്യ മണ്ഡലത്തിൽ ഫാന്റസി

കൃതികളിൽ കടന്നുവരുന്നതിന്റെ പ്രധാന കാരണമായി റോസ് മേരി ജാക്സൺ കാണുന്നത് വ്യവസായവൽക്കരണം സാമൂഹിക ബന്ധങ്ങളെ ശിഥിലമാക്കുമ്പോൾ വ്യക്തികൾക്കുണ്ടാകുന്ന ഏകാന്തതയാണ്. ബാഹ്യ യാഥാർത്ഥ്യവുമായി അകന്ന് അന്തർലോകങ്ങളിൽ അഭിരമിക്കുന്ന അത്തരം മനുഷ്യരുടെ ആവിഷ്കാരത്തിൽ ഫാന്റസിയുടെ പുതിയ അവതരണങ്ങൾ കാണാനാകും എന്നാണ് അവർ കണ്ടെത്തുന്നത് (2004:39). 'അമ്പിളിപ്പൂതം' എന്ന നോവലും ഫാന്റസിയുടെ ഈ രീതി പിന്തുടരുന്നുണ്ട്. രചനാനിഷ്ഠഭ്രമകല്പനയും, മനോനിഷ്ഠ ഭ്രമകല്പനയും ഈ നോവൽ രചനയിൽ കാണാൻ കഴിയും. നോവൽ രചനയെ കുറിച്ച് എഴുത്തുകാരന്റെ മനസ്സിൽ രൂപം കൊള്ളുന്നതിനനുസരിച്ച് ഉണ്ടാകുന്ന ഭ്രമകല്പനയാണ് രചനാനിഷ്ഠഭ്രമകല്പന. ഇതിൽ എഴുത്തുകാരൻ അനുഭവിച്ച അസ്വാസ്ഥ്യങ്ങളും ജീവിത ബോധവും രചനയിൽ കൊണ്ടുവരാൻ ശ്രമിക്കുന്നു. വ്യവസായവൽക്കരണത്തിന്റെ ഭാഗമായി പരിസ്ഥിതിനശീകരണത്തോടുള്ള എഴുത്തുകാരന്റെ പ്രതികരണം നോവലിൽ നിന്നും വ്യക്തമാണ്. അത് കുട്ടികളിൽ എത്തിക്കാനുള്ള ഏറ്റവും ഫലപ്രദമായ രചനാമാർഗ്ഗം എന്ന നിലയിൽ മിത്തിനെ സ്വീകരിക്കുകയും അതു ഭ്രമാത്മകമായി ഇതിൽ അവതരിപ്പിക്കുകയും ചെയ്യുന്നു. മിത്ത് എന്ന നിലയിൽ പൂതം പ്രത്യക്ഷപ്പെടുകയും സുതാര്യമായ ഒരു കഥാപാത്രം എന്ന നിലയിൽ നോവലിൽ ഇടപെടുകയും ചെയ്യുന്നു. അസാധ്യമായ കാര്യങ്ങൾ സാധ്യമെന്ന പോലെ അവതരിപ്പിക്കുന്ന രചനാനിഷ്ഠഫാന്റസിയുടെ പ്രയോഗത്തിന്റെ ഫലപ്രദമായ ആവിഷ്കാരമാണിത്.

മനോനിഷ്ഠഫാന്റസി മനസ്സിന്റെ പ്രവർത്തനങ്ങളുടെ ഫലമായി രൂപപ്പെടുന്ന ഫാന്റസിയാണ്. 'ഫാന്റസി ആൻഡ് ദി ഒറിജിൻ ഓഫ് സെക്ഷ്വാലിറ്റി' എന്ന പ്രബന്ധത്തിൽ ലാപ്ലാഞ്ചും പൊണ്ടാലിസും (Jean Laplanche, J.-B. Pontalis) മൂന്ന് തരം യാഥാർത്ഥ്യത്തെക്കുറിച്ച് പറയുന്നതിനെ വത്സലൻ വാതുശ്ശേരി വിശദമാക്കുന്നത്, 1. ഭൗതികയാഥാർഥ്യം, 2. മനഃശാസ്ത്ര യാഥാർഥ്യം, 3. അബോധപൂർവ്വമായ ആഗ്രഹങ്ങളുടെയും അവയുടെ വാസ്തവ രൂപത്തിന്റെയും യാഥാർഥ്യം എന്നിങ്ങനെയാണ് (2004:26). ഇത്തരത്തിൽ അബോധപൂർവ്വമായ ആഗ്രഹങ്ങളുടെ യാഥാർഥ്യം ഫാന്റസിയിലൂടെ സാധ്യമാകുന്നു. ഒരു വ്യക്തിയുടെ സ്വകാര്യമായ യാഥാർത്ഥ്യബോധത്തോടാണ്

അതിനു കൂടുതൽ പ്രതിപത്തിയുണ്ടാകുക. 'അമ്പിളിപ്പൂതം' എന്ന നോവലിലെ നവനീത് എന്ന കുട്ടിയുടെ ബോധമനസ്സിന്റെ നിയന്ത്രണം പൂതം എന്ന മിത്തിന്റെ സ്വാധീനത്താലും കുട്ടിയുടെ ഭൗതികസാഹചര്യങ്ങളുടെ അസ്വസ്ഥതകളാലും നഷ്ടപ്പെടുന്നതായി മനസ്സിലാക്കാം. പൂതത്തെ കുറിച്ചുമാത്രം ചിന്തിക്കുന്ന കുട്ടിയിൽ പൂതം നേരിട്ടുവരുമെന്ന് അതിയായ ആഗ്രഹം ഉടലെടുക്കുന്നു. ഈ ആഗ്രഹത്തിന്റെ പൂർത്തീകരണമാണ് നേരിട്ടു പൂതത്തെ കാണുന്നതും തുടർന്നു നോവലിൽ സംജാതമാകുന്ന ഭ്രമാത്മകമായ ആസ്വാദനവും.

ബാല മനോവ്യാപാരത്തെ അടിസ്ഥാനമാക്കി രചിച്ച 'അമ്പിളിപ്പൂത'ത്തിൽ കുട്ടിയുടെ മനസ്സിനെ സ്വാധീനിക്കുന്ന ഘടകങ്ങളുടെ പ്രതിഫലനം വ്യക്തമാണ്. അത് ബാലരചനകളുടെ നൈതികചോദനകളെ ഉൾക്കൊള്ളുകയും ചെയ്യുന്നു. വി.ആർ സുധീഷ് രചിച്ച രണ്ട് ബാലനോവലുകളിലും കുട്ടികളുടെ ബാല മനോവ്യാപാരത്തിലധിഷ്ഠിതമായ ആഖ്യാനതന്ത്രം പ്രകടമാണ്.

## നിരീക്ഷണങ്ങൾ

- കുട്ടികളുടെ മനോവികാരങ്ങളുടെ ആവിഷ്കാരം മനഃശാസ്ത്ര തത്വങ്ങളുടെ അടിസ്ഥാന ഘടകങ്ങളുമായി ആശ്രിതത്വം പുലർത്തുന്നതിനാൽ ബാലമന:ശാസ്ത്ര തത്വങ്ങൾ ഈ പഠനത്തിന്റെ ആഖ്യാന സ്വരൂപ ഘടനയെ നിയന്ത്രിക്കുന്നു.
- 'കുറുക്കൻമാഷിന്റെ സ്കൂൾ' എന്ന നോവലിലെ സ്ഥല കാല സങ്കൽപ്പം സംഭവങ്ങൾക്കും സന്ദർഭങ്ങളും അനുസരിച്ച് വ്യതിചലിക്കുന്നു. സ്വപ്നവും യാഥാർത്ഥ്യവും ഒരേ സമയം കഥയുടെ ഭാഗമാകുന്നതിനാൽ നോവലിലെ കാലം സ്വപ്ന കാലം ആണെന്ന് പറയാം.
- കാട്/നാട് എന്നീ സ്ഥല സങ്കല്പം കഥാപാത്ര സ്വഭാവത്തെ പ്രതിനിധീകരിക്കുന്നു. മനുഷ്യന്റെ ആന്തരിക പരിണാമത്തെ സ്ഥലിക പരിണാമത്തിലൂടെ വ്യക്തമാക്കുന്നു.
- കുറുക്കൻ ആഖ്യാനത്തിലെ മാധ്യമതാ സ്വഭാവം കൈവരിക്കുന്നത് കാട് എന്ന സ്ഥല സങ്കൽപ്പത്തിൽ ചേർന്ന് നിൽക്കുന്നതിനാലാണ്. എഴുത്തുകാരന് പറയാനുള്ള കാര്യങ്ങൾ കുറുക്കൻ എന്ന ആഖ്യാന ബഹുലകത്തിലൂടെ സാധ്യമാക്കുന്നു.
- കാട് /നാട് എന്നത് അപനിർമ്മിക്കപ്പെട്ട സ്ഥല സങ്കൽപ്പം ആണെന്നും വ്യക്തമാകുന്നു. കാട് നാടിന്റെ സംസ്കാരം ഉൾക്കൊള്ളുന്ന അപനിർമ്മിക്കപ്പെട്ട കഥയിടമായി നോവലിൽ വർത്തിക്കുന്നു.
- കുറുക്കൻ എന്ന കഥാപാത്രം കുട്ടികളിൽ വ്യക്തിത്വത്തെ കുറിച്ചുള്ള ധാരണ നിർമ്മിക്കാൻ സഹായകമാകുന്നു. കുറുക്കൻ നല്ല പേര് നിർമ്മിക്കാൻ നടത്തുന്ന ശ്രമങ്ങൾ നന്മ തിന്മകളെ വ്യവച്ഛേദിക്കാൻ സഹായകമാകുന്നു. കുറുക്കൻ എന്ന കഥാപാത്രം സംസ്കാരബിംബമായും വർത്തിക്കുന്നു. വേഷം ഭാഷ എന്നിവ പ്രതിനിധീകരിക്കുന്ന സാംസ്കാരിക ചിഹ്നങ്ങളെ കുറുക്കൻ എന്ന കഥാപാത്രം ഉൾക്കൊള്ളുന്നു.
- പരിസ്ഥിതി സംരക്ഷണം പരിസ്ഥിതി ചൂഷണം എന്നിവയെക്കുറിച്ചുള്ള തിരിച്ചറിവുകൾ ശബ്ദ സംഭാഷണത്തിലൂടെയും നിശബ്ദ സംഭാഷണത്തിലൂടെയും സാധിക്കുന്നു.

- ഭാഷകൊണ്ടും പ്രയോഗങ്ങൾകൊണ്ടും നോവലിൽ അത്ഭുതവും ഫാന്റസിയും നിർമ്മിക്കുന്നു. കാളൻകുന്ന്, പേമാരിപ്പുഴ എന്നീ സങ്കല്പങ്ങൾ നോവലിൽ ഭ്രമാത്മകത നിർമ്മിക്കുന്നു.
- സ്വപ്നവും യഥാർത്ഥവും സമഭാവുത്വം സൃഷ്ടിക്കാൻ 'കുറുക്കൻമാഷിന്റെ സ്കൂൾ' എന്ന നോവലിലെ ഭ്രമാത്മകതയ്ക്ക് സാധിക്കുന്നു. ആകാശത്തുനിന്ന് ചാർത്തിയ മഴവിൽ മാല, സംസാരിക്കുന്ന താലിക്കുഞ്ഞ് എന്നിവ നൽകുന്ന ഭ്രമതലം യുക്തിസഹമാകുന്നത് നോവൽ സ്വപ്നാഖ്യാന മാകുന്നതിനാലാണ് .
- ഏത് ആവിഷ്കാരത്തിലും സംഭവ്യതാ യുക്തി ഉണ്ടാവണം എന്ന അരിസ്റ്റോട്ടിലിന്റെ യുക്തിയാണ് കുറുക്കൻമാഷിന്റെ സ്കൂൾ എന്ന നോവലിലെ ഫാന്റസിയിലൂടെ കാണാൻ കഴിയുന്നത്. ഫാന്റസിയിൽ യുക്തിയേക്കാൾ അനുഭൂതിക്കാണ് പ്രാധാന്യം എന്ന പ്രസ്ഥാവന നിലനിൽക്കുന്നുണ്ടെങ്കിലും ബാലരചനകളുടെ കാര്യത്തിൽ ഇവ വ്യത്യസ്തമാണ്. ബാലരചനകളിൽ സംക്ഷിപ്തമാകേണ്ട പ്രധാന ഘടകം ശാസ്ത്രീയമായ അടിത്തറയായതിനാൽ ആഖ്യാനത്തിലെ ഭ്രമാത്മക കല്പനകളിലും ഇത് സാധ്യമാണ്.
- ഇത്തരത്തിൽ ശാസ്ത്രീയമായ അടിത്തറ ആഖ്യാനത്തിലുടനീളം നിലനിർത്താൻ സ്ഥലം, കാലം, കഥാപാത്രം, സംഭാഷണം എന്നിവയിലൂടെ സാധ്യമാക്കുന്നു.
- ബാലമനഃശാസ്ത്ര തത്വങ്ങൾ നോവലിന് കൂടുതൽ യുക്തി ഭദ്രത നൽകുന്നു. കപില എന്ന പെൺകുട്ടിയുടെ ആഗ്രഹം, ഇഷ്ടം എന്നിവയെല്ലാം സ്വപ്നത്തിലൂടെ സാക്ഷാത്കരിക്കുന്നു. സ്വപ്നത്തിലെ ഇടത്തിന് യഥാർത്ഥ ജീവിതത്തിലെ പരിചിത ഇടങ്ങളുമായുള്ള ബന്ധം നോവലിൽ ദൃശ്യമാണ്. ഇത്തരം ഘടകങ്ങൾക്കു ഫ്രോയിഡിന്റെ സ്വപ്നാഖ്യാനവു മായി വ്യക്തമായ ചാർച്ച നിലനിൽക്കുന്നു. മനോനിഷ്ഠ ഫാൻറസിക്കു മികച്ച ഉദാഹരണമായി 'കുറുക്കൻമാഷിന്റെ സ്കൂൾ' എന്ന നോവൽ മാറുന്നു.
- മിത്ത് എങ്ങനെ കുട്ടികളുടെ മാനസിക വ്യാപാര മേഖലകളുമായി ബന്ധപ്പെടുന്നു എന്ന് 'അമ്പിളിപ്പൂതം' എന്ന നോവൽ ചർച്ച ചെയ്യുന്നു.

മിത്തുമായി ചേർന്നു പോകുന്ന രീതിയിൽ രചിച്ചതാണ് ഈ നോവലിലെ സ്ഥല സങ്കൽപ്പം. മിത്ത്, പാരിസ്ഥിതി എന്നിവയെ ഒരുമിച്ച് കൊണ്ടു പോകാൻ പറയൻകുന്ന് എന്ന സ്ഥലികതകൊണ്ട് സാധ്യമാക്കുന്നു.

- 'അമ്പിളിപ്പൂതം' എന്ന നോവലിലെ ഭ്രമാത്മകത യഥാർത്ഥ്യ ബോധ്യത്തോടെ സാധ്യമാക്കുന്നത് സംഭാഷണം, സ്ഥലം കഥാപാത്രങ്ങൾ എന്നിവയുടെ ശരിയായ പ്രയോഗത്താലാണ്.
- പരിസ്ഥിതി നശീകരണത്തോട് എഴുത്തുകാരൻ നോവലിലൂടെ പ്രതികരിക്കുന്നത് രചനാനിഷ്ഠഭ്രമകല്പനയുടെയും മനോനിഷ്ഠഭ്രമ കല്പനയുടെയും ഫലമാണ്. അസാധ്യമായ കാര്യങ്ങൾ സാധ്യമെന്ന പോലെ അവതരിപ്പിക്കുന്ന പൂതത്തെ അവതരിപ്പിക്കുന്നതിലൂടെ രചനാ നിഷ്ഠഫാന്റസിയുടെ ആഖ്യാനം നോവലിൽ സ്പഷ്ടമാണ്.

## കുറിപ്പുകൾ

1. എല്ലാ കൃതികളിലും ഉണ്ടാകുന്നത് വർത്തമാനകാലത്തിന്റെ സാന്നിധ്യമാണ്. സ്വപ്നത്തിൽ ഭൂതകാലവും ഭാവികാലവുമില്ല. എന്നാൽ ഭാവനാപരമായ കാലധാരണയുണ്ട്. അത് കലാകാരൻ/ആഖ്യാതാവ് തന്റെ സൃഷ്ടിയിലാക്കുന്നു. സ്വപ്നത്തിൽ ഭൂതത്തിനോ ഭാവിക്കോ അസ്തിത്വമില്ല. സ്വപ്നത്തിന്റെ അസ്തിത്വം വർത്തമാനകാലത്തിലാണ്. ഡി രാധാകൃഷ്ണൻ നായർ. 'ആഖ്യാനവിജ്ഞാനം'. 2000. പുറം 73.)

2. വത്സലൻ വാതുശ്ശേരി. 'കഥയും ഫാന്റസിയും' .2004. പുറം -19

3. പി. പി. സത്യൻ. 'സ്വപ്നങ്ങളുടെ വ്യാഖ്യാനം'. 2015. പുറം - 210

4. പി സോമനാഥൻ. ‘കഥ ആഖ്യാനം ആഖ്യാനശാസ്ത്രം’. 2016.പുറം 56 5.

5. "ഫാക്ടറി വന്നാൽ പൂതമെവിടെയാ പോവ്വാ?"മുത്തച്ഛൻ കുറച്ച് നേരം ആലോചിച്ചുകൊണ്ട് പറഞ്ഞു.

   "ഫാക്ടറി വരില്ല, പൂതം സമ്മതിക്കില്ല...."

   "കുന്നിടിച്ച് പൊളിച്ചാലോ.....?""അപ്പോഴ് പൂതം പുറത്തുവരും."

   "എന്നിട്ടോ?"

   "കുന്ന് ഇടിച്ച് പൊളിച്ചവന്റെ പുറം പൊളിക്കും". വി.ആർ.സുധീഷ്. 'അമ്പിളിപ്പൂതം'. 2018. പുറം - 27

6. "ആരാ നിങ്ങള്?"

   നവനീതിന്റെ ചോദ്യത്തിന് ഉത്തരമുണ്ടായില്ല. ചിരി മാത്രം.

   "എവിടുന്നാ വരുന്നേ"ഉത്തരമുണ്ടായില്ല

   "എനിക്കറിയാം." നവനീത് പറഞ്ഞു:

   "പൂതമല്ലേ.....എനിക്കറിയാം...."

   "ആരു പറഞ്ഞു"

"എനിക്കറിയാം?"

"എന്തറിയാം?"

"എല്ലാമറിയാം."

"അറിയുന്നതൊക്കെ പറയൂ....കേൾക്കട്ടെ..."

"പറയൻകുന്നീന്ന് വരുവല്ലേ.... പാറക്കെട്ടിനടിയിലല്ലേ താമസം...... എനിക്കെല്ലാ കഥയുമറിയാം....". വി.ആർ.സുധീഷ്. 'അമ്പിളിപ്പൂതം'. 2018. പുറം - 33

7. "കാകൃതി കരകൃതി കാക്കേ നിന്നുടെ

കുകൃതി കുരുകൃതി കൂടെവിടെ

മാകൃത് മരകൃതി മാവിൻകൊമ്പ-

ത്താകൃതിയപകൃതിയെൻകൂട്". വി.ആർ.സുധീഷ്. 'അമ്പിളിപ്പൂതം'. 2018. പുറം - 13

8. "വടകരവളവിലൊരറുപതുതെങ്ങു-

ണ്ടറുപതുതെങ്ങിനുമറുപത് പൊത്തു-

ണ്ടറുപതു പൊത്തിലു മറുപതുനത്തു-

ണ്ടെന്നാൽ നത്തിനു കണ്ണെത്ര?". വി ആർ സുധീഷ്. 'അമ്പിളിപ്പൂതം'. 2018. പുറം - 13

9. Carveth Read. 'The Origin of Man and of His Superstitions'. 2024. Page No.71.

10. വത്സലൻ വാതുശ്ശേരി. 'കഥയും ഫാന്റസിയും'. 2004. പുറം - 22

11. വത്സലൻ വാതുശ്ശേരി. 'കഥയും ഫാന്റസിയും'. 2004. പുറം- 22

## കണ്ടെത്തലുകൾ

മൂന്ന പ്രധാന പ്രമേയങ്ങളുടെ അടിസ്ഥാനത്തിൽ ബാലകഥകളുടെ ആഖ്യാന സവിശേഷതകളിൽ കണ്ടെത്തിയ നിരീക്ഷണങ്ങളുടെ ക്രോഡീകരണമാണ് ഈ ഭാഗത്ത് സംഗ്രഹിക്കുന്നത്.

- ബാലാഖ്യാനങ്ങളിൽ പ്രധാനമായും പ്രവർത്തിച്ച ആഖ്യാനഘടകങ്ങൾ സ്ഥലം, കാലം, പ്രവൃത്തി, സംഭാഷണം, കഥാപാത്രം എന്നിവയാണ്. ഈ ഘടകങ്ങൾ വ്യത്യസ്ത പ്രമേയങ്ങളിൽ വ്യത്യസ്തങ്ങളായ ആശയങ്ങളുടെ പ്രതിഫലനമാണ് പ്രകടമാക്കുന്നത്. കൂടാതെ ഭാഷ, പുനരാഖ്യാനം, ഫാന്റസി, നൈതികത എന്നീ ആഖ്യാനഘടകങ്ങളും എഴുത്തുകാർ പ്രമേയാധിഷ്ഠിതമായി ഉപയോഗിക്കുന്നു.
  - സ്ഥലം എന്ന സങ്കല്പത്തെ കഥയിടം എന്ന രീതിയിൽ മൂന്ന വ്യത്യസ്ത പ്രമേയങ്ങളിലും ദർശിക്കാൻ സാധിക്കും. സുമംഗല എഴുതിയ സാരോപദേശ കഥകളിൽ സ്ഥലം വ്യക്തമായ ഒരു ആഖ്യാന ഘടകമാണ്. ഇതിൽ കഥയിടം ആഖ്യാനത്തിലെ ആദിമധ്യാന്ത പ്പൊരുത്തം നിലനിർത്തുന്നതിനും കഥാപാത്രസ്വരൂപത്തെ കൂടുതൽ മിഴിവുറ്റതാക്കുന്നതിനും ഉപയുക്തമായി വർത്തിക്കുന്നു. ഇടം നൽകുന്ന ഭാവനാത്മകത പുതിയ പാഠഭേദങ്ങൾക്കു വഴിതെളിക്കുകയും കഥാ ഗതിയുടെ വേഗതയെ നിർണ്ണയിക്കുവാൻ കാരണമാകുകയും ചെയ്യുന്നു. ഈ രീതിയിൽ കഥയിടം കഥയെ നിയന്ത്രിക്കുകയും കഥ മനസ്സിന്റെ സഞ്ചാരമാകുകയും ചെയ്യുന്നു. സാരോപദേശ കഥകളിൽ സ്ഥലമെന്നത് പലപ്പോഴും ആദർശത്തിന്റെയും ആശയത്തിന്റെയും പ്രതീകമായും നില കൊള്ളുന്നുണ്ട്. ഇങ്ങനെ സാരോപദേശ കഥയിടമെന്നത് സംഭവങ്ങളുടെ ഇടമെന്നതിനപ്പുറം ആശയങ്ങൾ കൈമാറുന്ന മാധ്യമമായി പ്രവർത്തിക്കുന്നു.
- ശാസ്ത്രനോവലുകളിൽ കഥാപാത്രങ്ങളായ കുട്ടികളുടെ ഇടവും സങ്കല്പ ഇടവും ഉണ്ട്. നോവലിന്റെ ഭാവനയെ യുക്തി ഭദ്രമാക്കാൻ നോവലിലെ

ഈ ഇടം സഹായിക്കുന്നു. യുക്തിയും ഭാവനയും ഇടകലരുന്ന ശാസ്ത്ര കല്പിതനോവലുകളിൽ ഇടം ഈ ദ്വന്ദ്വഭാവ സങ്കലനത്തിന്റെ ആവിഷ്കരണത്തെ സാധ്യമാക്കുന്ന ഒരു ഭ്രമിക സൃഷ്ടിക്കുന്നതിനുള്ള ഉപകരണമാകുന്നു. സ്ഥല സങ്കല്പത്തിന്റെ ഇടപെടലുകൾ ശാസ്ത്രകല്പിത നോവലുകൾ ഭാവങ്ങളെ പൂർണ്ണതയിലെത്തിക്കുകയും ചെയ്യുന്നു.

- മനോവ്യാപാരാധിഷ്ഠിത രചനകളിലെ സ്ഥലസങ്കല്പം സന്ദർഭ സംഭവങ്ങൾക്ക് അനുസൃതമായി വ്യതിചലിക്കുന്നു. അപനിർമ്മിക്കപ്പെടുന്ന സ്ഥലത്തെയും മിത്ത് എന്ന കഥാബീജത്തെയും സാർത്ഥകമാക്കുന്നത് സ്ഥലമാണ്. മനുഷ്യന്റെ ആന്തരിക പരിണാമത്തെ പ്രതിനിധാനം ചെയ്യാനും ഭ്രമാത്മകമായ അനുഭവം ഉണ്ടാക്കാനും കഥയിടം കൊണ്ടു സാധിക്കുന്നു.
- ബാലകഥകളുടെ പ്രമേയത്തിലെ ഇടം എന്ന സങ്കല്പത്തിൽ കാണുന്ന ഒരു പൊതു സ്വഭാവമാണ് പരിചിതഇടം. പരിചിതഇടം സാരോപദേശ കഥകളിൽ വായന സരളമാക്കുകയും തുടർവായനയ്ക്കു പ്രചോദനം നൽകുകയും ചെയ്യുന്നു. ശാസ്ത്രകഥകളിൽ ശാസ്ത്രീയവിജ്ഞാനം പകരാൻ പരിചിത ഇടത്തിനു സാധിക്കുന്നു. മനോവ്യാപാരാധിഷ്ഠിത രചനകൾ കുട്ടികളുടെ ജീവിതവുമായി ചേർന്നു നില്ക്കുന്നത്കൊണ്ടു പരിചിതയിടം ആഖ്യാനഘടകമെന്ന നിലയിൽ പ്രധാനമാണ്.
- സാരോപദേശരചനകളിലെ കാലഗണന കഥയിൽ വാസ്തവികത നിർമ്മിക്കുന്നു. ചെറുകഥയുടെ പൊതുസ്വഭാവമായ ഏകകാല സങ്കല്പത്തിനു വിരുദ്ധമായി രണ്ടു കാലങ്ങളെ ചേർത്തുവയ്ക്കുന്ന ആഖ്യാനരീതി അവലംബിക്കുന്ന ഈ കഥകളിൽ വർത്തമാനകാലത്തെ സ്വപ്നകാലമായി പരിവർത്തിപ്പിക്കുന്നു. പ്രമേയ സ്വഭാവം ഇതിന് അനുഗുണമായി നിൽക്കുകയും ചെയ്യുന്നു. മനോവ്യാപാരാധിഷ്ഠിത രചനകളിലും ഈ സ്വപ്നകാലത്തിന്റെ ആവിഷ്കാരം ദൃശ്യമാണ്. ശാസ്ത്രകഥകളിൽ ആഖ്യാനതന്ത്രമായി കാലം പ്രതിനിധീകരിക്കുന്നില്ല. ഇവയിലെ പ്രധാന പ്രമേയമായ യുക്തി, അന്ധവിശ്വാസം എന്നിവയുടെ വൈരുദ്ധ്യം ഒരേ കാലത്തിനുള്ളിലെ പ്രവൃത്തികളാണ്.

- സാരോപദേശം പകരുന്ന ബാലകഥകളുടെ സന്ദർഭങ്ങളും/പ്രവൃത്തികളും സംഭാഷണങ്ങളും തുടർച്ചയെ സംരക്ഷിക്കുന്നു. പരസ്പരം ബന്ധപ്പെട്ടുന്ന നിരവധി പ്രവൃത്തികൾ സാരോപദേശ ആശയങ്ങളെ സമീകരിക്കാൻ ഫലപ്രദമാണ്. ശാസ്ത്രകഥകളിലെ സംഭാഷണങ്ങളിൽ ശാസ്ത്രീയ സ്വഭാവം ഉൾപ്പെടുത്തുന്നു. മനോവ്യാപാരാധിഷ്ഠിത രചനകളിൽ പ്രവൃത്തികളും സംഭാഷണങ്ങളും മനസ്സിന്റെ സഞ്ചാരത്തെ അടയാളപ്പെടുത്താൻ ഉപയുക്തമാകുന്നു.
- ആഖ്യാതാവിന്റെ സംഭാഷണസാന്നിധ്യം മൂന്നു പ്രമേയാധിഷ്ഠിത രചനകളിലുമുണ്ട്. സാരോപദേശ കഥകളിൽ കഥാപാത്രങ്ങളിലൂടെയും നേരിട്ടും ആഖ്യാതാവു സംസാരിക്കുമ്പോൾ, ശാസ്ത്രരചനകളിൽ ആഖ്യാതാവിന്റെ ഇടപെടൽ സാന്ദർഭികമാണ്. സംഭാഷണങ്ങളിലൂടെ യല്ല അവ പ്രകടമാകുന്നത്. ശാസ്ത്രവിജ്ഞാനം തന്നെയാണ് ആഖ്യാതാവിന്റെ ഈ ഇടപെടലിലൂടെ വ്യക്തമാകുന്നത്. മനോവ്യാപാര രചനകളിൽ കഥാപാത്രങ്ങളാണ് ആഖ്യാതാവിനു സംവദിക്കാനുള്ള വിഷയങ്ങൾ അവതരിപ്പിക്കുന്നത്.
- ബാലകഥാപാത്രങ്ങളെ മനുഷ്യൻ, മൃഗം, അമാനുഷികം എന്നിങ്ങനെ വ്യവച്ഛേദിക്കാം. സാരോപദേശ കഥകളിലും നോവലിലും ബാല കഥാപാത്രങ്ങൾ, മുതിർന്ന വ്യക്തികൾ, മൃഗകഥാപാത്രങ്ങൾ എന്നിവരാണ് പ്രധാനമായും ഇടപെടുന്നത്. മൃഗകഥാപാത്രങ്ങൾ ബാലകഥകളുടെ സാമാന്യ സ്വഭാവമായ നരരൂപാദാനരീതി പിന്തുടരുന്നു. സാരോപദേശം പകരാനാണ് പൊതുവേ മൃഗകഥകൾ ശ്രമിക്കുന്നത് എങ്കിൽപ്പോലും മൃഗ പരിചയവും ഫാന്റസിയും ഈ കഥാപാത്രങ്ങൾ സാധ്യമാക്കുന്നു. ഓരോ കഥയും ആരോടാണോ സംവദിക്കുന്നത് അവർക്കനുസൃതമായുള്ള കഥാപാത്രങ്ങളെ ആവിഷ്കരിക്കുന്നുണ്ട്. സുമംഗലയുടെ രചനകളിൽ കഥാപാത്രങ്ങളുടെ ഒരു ആഖ്യാനശൃംഖല നിർമിക്കുന്നു. ഈ ആഖ്യാനശൃഖലയുടെ പുറത്തുനിന്നാണ് എഴുത്തുകാരി സാരോപദേശം പകരുന്നത്. എഴുത്തുകാരിയുടെ എഴുത്തുകാലത്തിന്റെ സ്വാധീനം ഈ രചനകളിൽ സ്പഷ്ടമാണ്.

- ശാസ്ത്രരചനകളിൽ പ്രധാനമായും കാണുന്ന കഥാപാത്രങ്ങൾ മനുഷ്യരും മൃഗങ്ങളും രൂപപരിണാമം വന്ന കഥാപാത്രങ്ങളുമാണ്. ഓരോ കഥാപാത്രവും ശാസ്ത്ര വിജ്ഞാനം പകരുന്നതിനനുസൃതമായി രൂപപ്പെടുത്തിയതാണ്. ഈ കഥകളിലെ ജന്തു ജീവികൾ അടങ്ങിയ കഥാപാത്രങ്ങൾ ശാസ്ത്രീയറിവുകളുടെ പ്രഭാഷകരായി നിലകൊള്ളുന്നു. നരരൂപാദാന സ്വഭാവവും ശാസ്ത്രകഥാവിഭാഗത്തിൽ കാണാൻ സാധിക്കും. ശാസ്ത്രകല്പിതകഥകളിലെ ജന്തുകഥാപാത്രങ്ങൾ രൂപ പരിണാമം സംഭവിച്ചവരാണ്. ജീവികളുടെ ജീവിതരീതിയും സ്വഭാവവും വ്യവച്ഛേദിച്ചറിയുവാൻ ഉപയുക്തമാണെങ്കിലും കല്പിതഭാവനയുടെയും ശാസ്ത്രീയയുക്തിയുടെയും പ്രകടഭാവമായി ഇവർ നിലകൊള്ളുന്നു. മനുഷ്യനെപ്പോലെ വേഷം ധരിക്കുകയും സംസാരിക്കുകയും ചെയ്തു കൊണ്ടല്ല അവ ജീവികളുടെ സ്വഭാവത്തെ കുട്ടികളിൽ എത്തിക്കുന്നത്. അതിനാൽ ശാസ്ത്രകല്പിത നോവലുകളിൽ കാണുന്ന ജന്തു കഥാപാത്രങ്ങളിൽ നരരൂപാദാന രീതി പ്രകടമല്ല.
- മനോവ്യാപാരാധിഷ്ഠിത ബാലനോവലിൽ കാണുന്ന മൃഗ കഥാപാത്രങ്ങൾ മൃഗസ്വഭാവത്തെ പ്രകടമാക്കാനല്ല ശ്രമിക്കുന്നത്. മറിച്ച മനുഷ്യന്റെ അടിസ്ഥാന സ്വഭാവങ്ങളെയും സംസ്കാരത്തെയും താരതമ്യം ചെയ്തു വ്യക്തമാക്കാനാണ്. അതിനാൽ ഇത്തരം മൃഗകഥാപാത്രങ്ങളിലും നരരൂപാദാന രീതി എഴുത്തുകാരൻ സ്വീകരിക്കുന്നില്ല.
- ബാലകഥകളിലെയും നോവലിലെയും ഭാഷാപ്രയോഗങ്ങൾക്കു തനതായ ചില സവിശേഷതകളുണ്ട്. സാരോപദേശ കഥകളിൽ ഭാഷാ ഭേദങ്ങളേക്കാൾ മാനകവ്യവഹാര ഭാഷയ്ക്കാണു പ്രാധാന്യം. കഥാപാത്രങ്ങളുടെ പ്രായം സംസാരഭാഷയെ സ്വാധീനിക്കുന്നു. പ്രാദേശിക ഭാഷാഭേദങ്ങളോടെ വെളിപ്പെടുന്ന സംഭാഷണശൈലി സുമംഗലയുടെ കഥകളിൽ പൊതുവേ കുറവാണ്. എന്നാൽ തന്മൊഴിയും വൈയക്തികഭാവങ്ങളും സംഭാഷണങ്ങളിൽ ആവശ്യപ്പെടുന്ന ഘട്ടങ്ങളിൽ അവ കടന്നുവരുകയും ചെയ്യുന്നുണ്ട്. സംസാരഭാഷയുടെ വിമർശനം സാധ്യമാക്കാൻ സംഭാഷണങ്ങൾക്കു സാധിക്കുന്നു.

വാക്യാർത്ഥം വ്യംഗാർത്ഥ പ്രധാനമാകുന്നതും ഈ കഥകളിലെ ഭാഷയുടെ പ്രത്യേകതയാണ്.

- ശാസ്ത്രകഥകളിലും ശാസ്ത്രനോവലുകളിലും ശാസ്ത്രകല്പിത നോവലുകളിലും ആഖ്യാതാവ് ഉപയോഗിക്കുന്ന ഭാഷ വിഷയാടിസ്ഥാനമാണ്. ശാസ്ത്രവിഷയങ്ങളും ഇവ സംവദിക്കാൻ ആഖ്യാതാവു ലക്ഷ്യമിടുന്ന വായനക്കാരുടെ പ്രായവും അനുസരിച്ചാണ് രചനകളിലെ ഭാഷ സജ്ജമാക്കുന്നത്. സംഭാഷണങ്ങളിലൂടെ സംവദിച്ചുകൊണ്ടാണു ശാസ്ത്ര നോവലിലും ശാസ്ത്രകഥകളിലും ശാസ്ത്രവിഷയങ്ങൾ അവതരിപ്പിക്കുന്നത്. അതുകൊണ്ടു ആവശ്യമായ ഘട്ടങ്ങളിൽ പ്രാദേശികച്ഛായ ഭാഷാ പ്രയോഗത്തിൽ പ്രത്യക്ഷമാണ്. ഈ രചനകളിൽ ഭാഷ കൂടുതൽ ലളിതവും പ്രായോഗികവുമാണ്. ശാസ്ത്രകല്പിതരചനകളിൽ വിഷയമനു സരിച്ച് ഭാഷ സങ്കീർണ്ണവും ഒപ്പം ഭ്രമാത്മകവുമാകുന്നു.
- മനോവ്യാപാരാധിഷ്ഠിത രചനകളിൽ ഭാഷകൊണ്ടാണ് അത്ഭുതവും ഫാന്റസിയും നിർമ്മിക്കുന്നത്. നോവലിലെ വാക്കുകളും പ്രയോഗങ്ങളും നോവലിലെ ഭാവുകത്വത്തെ മിഴിവുറ്റതാക്കുന്നു. വായനക്കാരുടെ പ്രായവും മനസ്സിന്റെ സഞ്ചാരവും പ്രകടമാക്കാൻ ഈ ഭാഷാപ്രയോഗം അനുയോജ്യമാകുന്നു.
- പുനരാഖ്യാനം മൂന്നു വ്യത്യസ്തമായ പ്രമേയങ്ങളും സ്വീകരിക്കുന്നു. സാരോപദേശകഥകൾ പുനരാഖ്യാനത്തിനു നാടോടിക്കഥകളെയാണ് പ്രധാനമായും ഉപയോഗിക്കുന്നത്. സാരോപദേശം കാലബദ്ധമായി അവതരിപ്പിക്കാൻ ഈ രീതി കൂടുതൽ പ്രയോജനകരമാകുന്നു. ശാസ്ത്രകഥകളിൽ ബുദ്ധിയുടെയും യുക്തിബോധത്തിന്റെയും ആശയങ്ങള വതരിപ്പിക്കാനും നാടോടിക്കഥകളുടെ പുനരാഖ്യാനം തെരഞ്ഞെടുക്കുന്നു. മനോവ്യാപാരാധിഷ്ഠിത നോവൽ രചനയിൽ വാമൊഴിയായും സാഹിത്യമായും പ്രചരിച്ച മിത്തിനെയാണ് പുനർവിന്യസിക്കുന്നത്. ഈ മൂന്ന് ആഖ്യാനമാതൃകകളിലും പൂർവ്വകൃതികളെ സ്വതന്ത്രമായ പുതു കഥാരൂപത്തിലാണ് അവതരിപ്പിക്കുന്നത്. സാരോപദേശ കഥകളിലെ പുനരാഖ്യാനത്തിൽ പ്രമേയത്തിനുള്ളിൽ ഏറ്റക്കുറച്ചിൽ വരുത്താതെ സദ്ഗുണചിന്തകളെ കൂടുതൽ മിഴിവോടെ അവതരിപ്പിക്കുകയാണ്

ചെയ്യുന്നത്. ഇത്തരം പുനരാഖ്യാനങ്ങൾക്ക് ഓരോ കാലത്തിലുമുള്ള വായനയ്ക്ക് വലിയ സാധ്യതകൾ നൽകാൻ കഴിയുന്നു.

- ഫാന്റസി മൂന്നു പ്രമേയങ്ങളിലും സ്പഷ്ടമാണ്. നാടോടിക്കഥകളുടെ പശ്ചാത്തലത്തിൽ സാരോപദേശകഥകൾ പകരുന്ന ഫാന്റസി പരിസ്ഥിതി ദർശനത്തെ പകരുമ്പോൾ ശാസ്ത്ര കഥകളിലെ ഫാന്റസി യുക്തിബോധപ്രദാനമാകുകയും ശാസ്ത്രകല്പിത നോവൽ നൽകുന്ന ഫാന്റസി നോവൽ ആവശ്യപ്പെടുന്ന കല്പനയുടെ അവശ്യഘടകമാവുകയും ചെയ്യുന്നു. മനോവ്യാപാരാധിഷ്ഠിത ബാലനോവൽ പ്രകടമാക്കുന്ന ഫാന്റസി കുട്ടികളുടെ മനസ്സിന്റെ സഞ്ചാരത്തേയും സ്വപ്നാഖ്യാനത്തെയും മിഴിവുറ്റതാക്കുന്ന പ്രധാന ആഖ്യാനതന്ത്രമാണ്.
- ബാലസാഹിത്യം ആവശ്യപ്പെടുന്ന നൈതികത ഈ മൂന്നു വ്യത്യസ്ത പ്രമേയങ്ങളിലും വ്യാവർത്തിക്കുന്നുണ്ട്. സാരോപദേശ കഥകളിലും നോവലിലും വിശദമാക്കുന്ന സദ്ഗുണ പാഠങ്ങൾ വ്യത്യസ്തമായ കാലങ്ങൾക്കനുസരിച്ച് വ്യത്യസ്ത പാഠങ്ങൾ നൽകുന്നവയാണ്. വായനക്കാരായ കുട്ടികളുടെ സാമൂഹിക സാംസ്കാരിക സ്വാധീനം ഇത്തരം ആശയങ്ങളുടെ അർത്ഥത്തെ വിപുലമാക്കുകയും വിമർശന വിധേയമാക്കുകയും ചെയ്യുന്നുണ്ട്. സൗന്ദര്യത്തെ അടിസ്ഥാനമാക്കിയ സദ്ഗുണ ചിന്ത കാലപരമായ വിമർശനത്തിനു വിധേയമാകുകയും വാമൊഴിക്കഥയിലെ കഥാംശങ്ങൾ പാരിസ്ഥിതിക അവബോധം ഉണർത്തുന്ന പുനർവായന സാധ്യമാക്കുകയും ചെയ്യുന്നത് ഇത്തരം പാഠ സാധ്യതകൾ നൽകിയതിന്റെ ഫലമാണ്.
- ശാസ്ത്രബോധം പകരുക, യുക്ത്യധിഷ്ഠതമായി ചിന്തിക്കുക എന്നിവയാണ് ശാസ്ത്രരചനകൾ സാധ്യമാക്കുന്നത്. ഇതുകൂടാതെ കുട്ടികളിൽ ശാസ്ത്രീയ ഗവേഷണത്തിന്റെ സാമൂഹിക പ്രതിബദ്ധതയെ ക്കൂടി സാഹിത്യകൃതികളിലൂടെ എത്തിക്കാൻ ഈ പ്രമേയത്തിന് സാധിക്കുന്നു.
- മനോവ്യാപാരാധിഷ്ഠിതമായ രചനകൾ കുട്ടികളുടെ മനസ്സിന്റെ ചിന്തകളെ പ്രത്യക്ഷപ്പെടുത്തുന്നു. കൂടാതെ പരിസ്ഥിതി, മാനുഷികമൂല്യം, സന്മാർഗ ചിന്ത എന്നിവയും ഇവയിൽ ഉൾപ്പെടുന്നുണ്ട്.

- കുട്ടികളുടെ വളർച്ചയുടെ ഓരോ ഘട്ടങ്ങളെയും പ്രതിനിധാനം ചെയ്തു കൊണ്ടാണ് പ്രധാനപ്പെട്ട മൂന്ന പ്രമേയങ്ങളും നിലകൊള്ളുന്നത്. കഥാപാത്രങ്ങളുടെ പ്രായം, പ്രവൃത്തി, അവർ ഇടപെടുന്ന ചുറ്റുപാട്, സംഭാഷണം, ഭാഷ, വിജ്ഞാന വിഷയങ്ങൾ, മനസ്സിന്റെ സഞ്ചാരം, സ്വപ്നം എന്നിവ ഇതിന്റെ നിദർശനങ്ങളാണ്. കഥകളിലും നോവലിലും കാണുന്ന തുടർ രചനകളിൽ ഈ പ്രായ വ്യതിയാനം സ്പഷ്ടമാണ്. സമാനമൃഗകഥാപാത്രങ്ങളിലൂടെ തുടർക്കഥകൾ അവതരിപ്പിക്കുമ്പോൾ അവയിൽ കാലഘട്ടത്തിന്റെ വ്യതിയാനം മാത്രമാണ് പ്രകടമാകുന്നത്. കൂടാതെ അവ ഒറ്റക്കഥാ സ്വഭാവം പ്രകടിപ്പിക്കുകയും ചെയ്യുന്നു. ഒന്നിലധികം ഒറ്റക്കഥകളിലും സമാനകഥാപാത്രങ്ങളെ അവതരിപ്പിക്കുന്നുണ്ട്. അവ വ്യത്യസ്ത സംഭവങ്ങളെ അവതരിപ്പിക്കാനാണ് ശ്രമിക്കുന്നത്.
- ശാസ്ത്രനോവലിൽ പ്രകടമായ തുടർച്ച വിഷയാസ്പദമാണ്. ഒരു നോവലിൽ പൂർത്തിയാക്കാൻ സാധിക്കാത്ത ശാസ്ത്ര വിഷയത്തിന്റെ വിശദീകരണം തുടർനോവലിലൂടെ സാധ്യമാക്കുന്നു. ഇവിടെ കഥാപാത്രങ്ങൾക്കു കാലാനുവർത്തിയായ മാറ്റങ്ങൾ ഒന്നും സംഭവിക്കാത്തതിനാൽ ആഖ്യാനഘടകങ്ങളുടെയും ഭാഷയുടെയും അവതരണത്തിൽ മാറ്റങ്ങൾ ഒന്നും ദൃശ്യമല്ല.
  - ശാസ്ത്രകല്പിത തുടർനോവലുകളിൽ ആഖ്യാനഘടകങ്ങളുടെ പ്രതിനിധാന ത്തിൽ വ്യക്തമായ പരിണാമം കാണാൻ സാധിക്കും. ആദ്യ നോവലിൽ നിന്നും അടുത്ത നോവലിൽ എത്തുമ്പോൾ കുട്ടികളുടെ ശാസ്ത്രബോധം, ഭാഷാവികാസം, ധൈഷണികവ്യാപാരം എന്നിവയുടെ മാറ്റം ആഖ്യാനത്തിൽ പ്രകടമാണ്. നോവലിൽ പരാമർശിക്കുന്ന ശാസ്ത്രീയ വിജ്ഞാനവിഷയങ്ങൾ, അത് അവതരിപ്പിക്കാൻ എഴുത്തുകാരൻ സ്വാതന്ത്ര്യത്തോടെ ഉപയോഗിക്കുന്ന ഭാഷാനൈപുണി, കഥാ പാത്രങ്ങളുടെ പ്രവൃത്തി എന്നിവ കുട്ടികളുടെ വളർച്ചയ്ക്കനുസൃതമായി എഴുത്തുകാരൻ ബോധപൂർവ്വം പ്രയോഗിച്ച ആഖ്യാനഘടകങ്ങളാണ്.
  - സംഭവ്യതായുക്തി/യഥാതഥസ്വഭാവം എന്നിവ എല്ലാ പ്രമേയങ്ങളും കാത്തു സൂക്ഷിക്കുന്നു. പരിചിത ഇടം നൽകുന്ന ഭാവുകത്വം മൂന്ന

വ്യത്യസ്തമായ പ്രമേയങ്ങളിലും സാധ്യമാക്കുന്നു. സാരോപദേശ രചനകളിൽ സ്ഥല സങ്കല്പങ്ങൾ സംഭവ്യതായുക്തി നിലനിർത്തുന്നു. ശാസ്ത്രകഥയും ശാസ്ത്രനോവലും യാഥാർത്ഥ്യബോധത്തോടു ചേർന്നു നിൽക്കുന്നവയാണ്. മനോവ്യാപാരരചനകളിലെ സ്വപ്നം, മിത്ത് എന്നിവയാണ് യാഥാർത്ഥ്യബോധം വായനയിൽ കൊണ്ടുവരുന്നത്.

- മൂന്ന് പ്രമേയങ്ങളും വ്യത്യസ്തമാണ്. മൂന്ന് വ്യത്യസ്തമായ ആഖ്യാന രീതികളിലും കാലാനുസൃതമായ മാറ്റം ദൃശ്യമാണ്. കാലം മാറുന്നതിനനുസരിച്ച പ്രമേയത്തിൽ അന്തർലീനമായ നൈതികതയാണ് ബാലകഥയെ ബാലകഥയാക്കി മാറ്റുന്നത്.

# തുടർപഠനസാധ്യതകൾ

ബാലസാഹിത്യത്തെ അടിസ്ഥാനമാക്കി ഗവേഷണസാധ്യതയുള്ള നിരവധി വിഷയങ്ങൾ ഉണ്ട്.

ബാലസാഹിത്യം എല്ലാ ഭാഷയിലും സജീവമാണ്. അതിനാൽ മലയാളത്തിലെ ബാലകഥകളെയും അന്യഭാഷാബാലകഥകളെയും അടിസ്ഥാനമാക്കിയുള്ള താരതമ്യപഠനം സാധ്യമാക്കാവുന്നതാണ്.

ബാലകഥകളെ വിഭജിച്ചിട്ടുള്ളതിനെ അടിസ്ഥാനമാക്കി വലിയ പഠന സാധ്യതകൾ നിലവിലുണ്ട്. ഇത്തരത്തിൽ മലയാളബാലകഥകളിലെ കൗമാരരചനകൾ പ്രകടമാക്കുന്നത് എന്തെല്ലാമാണെന്ന് അന്വേഷിക്കുന്നതു ബാലകഥകളുടെ ഭാവുകത്വ പരിണാമത്തെ കണ്ടെത്താനുള്ള പുതിയ മാർഗ്ഗമാണ്. ഇംഗ്ലീഷ് ഉൾപ്പെടെയുള്ള മറ്റു ഭാഷകളിൽ കൗമാരസാഹിത്യം കൃത്യമായി ബാലസാഹിത്യത്തിന്റെ ഭാഗമാകുമ്പോൾ മലയാളത്തിലെ കൗമാര സാഹിത്യത്തിന്റെ അനുരണനങ്ങൾ എവിടെയാണ് സ്പഷ്ടമാകുന്നതെന്ന് കണ്ടെത്തുന്ന പഠനങ്ങളും വലിയ സാധ്യതകൾ നൽകുന്നതാണ്.

ബാലകഥകളെയും ബാലനോവലുകളെയും അടിസ്ഥാനമാക്കി വിഷയാടിസ്ഥാനത്തിൽ നിരവധി പഠനങ്ങൾ നടത്താനാകും. മലയാളത്തിലെ ചെറുകഥകയിലും നോവലിലും പ്രത്യക്ഷമാകുന്ന എല്ലാ സമകാലിക പ്രമേയങ്ങളും ബാലസാഹിത്യത്തിലുമുണ്ട്. ഇത്തരത്തിൽ ഉത്തരാധുനിക ബാലകഥകൾ ബാലനോവലുകൾ എന്നിവയുടെ പഠനവും പുതു ഗവേഷണ വിഷയങ്ങളാണ്. മലയാളത്തിലെ സമകാല വിഷയങ്ങളെ ബാലകഥകൾ എങ്ങനെയെല്ലാം അവതരിപ്പിച്ചു എന്ന അന്വേഷണവും സമാന്തര ഗവേഷണ സാധ്യതകൾ തുറന്നുതരുന്നു.

പ്രധാനപ്പെട്ട എല്ലാ എഴുത്തുകാരും ബാലകഥകൾ രചിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഓരോ എഴുത്തുകാരുടെയും ബാലകഥകളെയും അല്ലാത്തവയെയും താരതമ്യം ചെയ്ത് എഴുത്തുകാർ വരുത്തുന്ന ആഖ്യാനതന്ത്രങ്ങളെ കണ്ടെത്താൻ പുതു പഠനങ്ങൾക്കു സാധിക്കും.

കുട്ടികൾ രചിക്കുന്ന രചനകൾ ബാലസാഹിത്യത്തിൽ ഇന്ന് സജീവമാണ് കുട്ടികളുടെ രചനകൾ എന്ന നിലയിൽ അവയും മികച്ച പഠനങ്ങൾക്കുള്ള സാധ്യത നൽകുന്നു.

ബാലസാഹിത്യം കുട്ടികളുടെ വഴികാട്ടിയാണ് എന്നനിലയിലുള്ള രക്ഷാകർതൃവീക്ഷണത്തെ മുൻനിർത്തി ബാലകഥകളെ പഠന വിധേയമാക്കാവുന്നതാണ്.

ഇത്തരത്തിൽ ബാലസാഹിത്യത്തിലെ കഥാവിഭാഗം നിരവധിയായ വിഷയങ്ങളുടെ ഏകരൂപമാണ്. അവ ഓരോന്നും ഇഴപിരിച്ച് നടത്തുന്ന ഗവേഷണങ്ങൾ മലയാള ബാലകഥാസാഹിത്യത്തിന്റെ വളർച്ചയെ വലിയ തരത്തിൽ സ്വാധീനിക്കാൻ സാധിക്കും.

# സഹായക ഗ്രന്ഥങ്ങൾ

## മലയാളഗ്രന്ഥങ്ങൾ


അഗസ്റ്റിൻ, എസ്. *മനസ്സ് അറിഞ്ഞതിനും അപ്പുറം.* ഡൽഹി: മീഡിയ ഹൗസ്, 2010.

അച്യുതൻ, എം. *ചെറുകഥ ഇന്നലെ ഇന്ന്.* കോട്ടയം: ഡി.സി. ബുക്സ്, 2009.

അച്യുതൻ, എം. *തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ.* തിരുവനന്തപുരം: സാംസ്കാരിക പ്രസിദ്ധീകരണവകുപ്പ്, 2004.

അജ്ജ, കെ.നാരായണൻ. ഫോക്‌ലോർ പാഠങ്ങൾ പഠനങ്ങൾ. കോട്ടയം: നാഷണൽ ബുക്സ്, 2011.

അജ്ജ, കെ.നാരായണൻ. "മിത്ത്". സൂത്രവാക്കുകൾ കലാസൗന്ദര്യ ശാസ്ത്രത്തിലേക്കൊരു പദകോശം. തൃശ്ശൂർ: ഗയ പുത്തകച്ചാല, 2020.

അഞ്ചിത. *മനസ്സിലാക്കാം കുട്ടികളെ.* കോട്ടയം: ഡി.സി. ബുക്സ്, കോട്ടയം, 2022.

അനിൽ, കെ.എം. *പഞ്ചതന്ത്രം ഇന്ത്യൻ കഥാപാരമ്പര്യത്തിലെ മൃതസഞ്ജീവനി.* കണ്ണൂർ: സമയം ക്ലാസിസ്, 2016.

അയ്യപ്പപ്പണിക്കർ, കെ. *ആഖ്യാനകല.* തിരുവനന്തപുരം: കേരള സർവകലാശാല, 1993.

അയ്യപ്പപ്പണിക്കർ, കെ. *ഇന്ത്യൻസാഹിത്യസിദ്ധാന്തം പ്രസക്തിയും സാധ്യതയും.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1999.

അർച്ചന, എ.കെ. *ശാസ്ത്രനോവൽ മലയാളത്തിൽ ചരിത്രം വികാസം പരിണാമം.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2021.

ഇന്ദുശ്രീ, എ.ആർ. എഡി. *മലയാളികളുടെ മിത്തുകൾ.* കോഴിക്കോട്: ആത്മ ബുക്സ്, 2022.

കുമാരൻ, മാമ്പുഴ. "അവതാരിക". *അത്ഭുത വാനരന്മാർ.* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2024.

കുര്യാസ്, കുമ്പളക്കുഴി. എഡി. *ബാലസാഹിതി.* തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിററ്യൂട്ട്, 1996.

കേരളവർമ്മ, വലിയകോയിത്തമ്പുരാൻ. വിജ്ഞാനമഞ്ജരി. തിരുവനന്തപുരം: ബി.വി. ബുക്ക് ഡിപ്പോ, 1932.

കൃഷ്ണപിള്ള, കുറ്റിപ്പുഴ. *വിമർശനദീപ്തി.* കോട്ടയം: നാഷണൽ ബുക്ക് സ്റ്റാൾ, 1974.

കൃഷ്ണമൂർത്തി, ജെ. *വിദ്യാഭ്യാസവും ജീവിതത്തിന്റെ പൊരുളും.* കോട്ടയം: ഡി.സി. ബുക്സ്, 2021.

കോസാമ്പി, ഡി.ഡി. *മിത്തും യാഥാർത്ഥ്യവും.* കോട്ടയം: നാഷണൽ ബുക്ക് സ്റ്റാൾ, 2012.

ഗിരീഷ്, പി.എം. *അധികാരവും ഭാഷയും.* കോഴിക്കോട്: പപ്പിയോൺ, 2017.

ഗോപാലകൃഷ്ണൻ, കൽവി. " ശാസ്ത്രം കഥകളിലൂടെ ". *എന്താണ് കുട്ടികളുടെ സാഹിത്യം.* എഡി. ഏബ്രഹാം ജോസഫ്. തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, 1988.

ഗോപി, പുതുക്കോട്. *ബാലസാഹിത്യത്തിന്റെ ഉദയവികാസങ്ങൾ.* കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്, 2010.

ഗ്രേസി. *പറക്കും കാശ്യപ്.* കോട്ടയം: ഡി.സി.ബുക്സ്, 2020.

ജന. *ഭൂമിയിലെത്തിയ വിരുന്നുകാർ.* കൊച്ചി: കേരളശാസ്ത്ര സാഹിത്യ പരിഷത്ത്, 2000.

ജയകുമാർ,കെ. *വർണ്ണച്ചിറകുകൾ.* തൃശ്ശൂർ: കറന്റ് ബുക്സ്, 2003.

ജയചന്ദ്രൻ, കെ. "ആധുനിക മലയാള ചെറുകഥയിലെ ശാസ്ത്ര സ്വാധീനം". *മലയാളശാസ്ത്ര സാഹിത്യ പ്രസ്ഥാനം.* എഡി. കാവുമ്പായി ബാലകൃഷ്ണൻ. തൃശ്ശൂർ: കേരളശാസ്ത്ര സാഹിത്യപരിഷത്ത്, 2011.

ജിതേഷ്, ടി. *ആഖ്യാനശാസ്ത്രം.* കോഴിക്കോട്: ഒലിവ് പബ്ലിക്കേഷൻസ്, 2017.

ജിതേഷ്, ടി. "നരറ്റോളജി". *സാഹിത്യ സിദ്ധാന്തങ്ങൾ പൗരസ്ത്യവും പാശ്ചാത്യവും.* എഡി. ജോസ് കെ. മാനുവൽ. കോഴിക്കോട്: ആത്മപബ്ലിഷേഴ്സ്, 2022.

ജോൺ, ആലുങ്കൽ. *അമ്മയ്ക്കൊരു സമ്മാനം.* കോട്ടയം: കറന്റ് ബുക്സ്, 1997.

ജോൺ, ടി.സി. *ഗ്രാമത്തിലേക്കുള്ള വഴി.* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2007.

തരകൻ, കെ.എം. " ബാലഭാവന ബാലസാഹിത്യം " *ബാലസാഹിതി .* എഡി. കുര്യാസ്, കുമ്പളക്കുഴി. തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ ഇസ്റ്റിറ്റ്യൂട്ട്, 1996 .

തസ്മിൻ. സമ്പാ. *ബാലസാഹിത്യ പഠനങ്ങൾ.* കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്, 2025.

ദയാനന്ദൻ, എം.എ. *മനസ്സും മനഃശാസ്ത്രവും.* തൃശ്ശൂർ: നമ്മുടെ മലയാളം ഡോട് കോം, 2010

ദാസ്, സി.ആർ. *കുട്ടന്റെ കിനാവുകൾ.* തൃശ്ശൂർ: പുലരി ബുക്സ്, 2010.

ദാസ്, സി.ആർ. *കമ്മാട്ടി.* തൃശ്ശൂർ: കറന്റ് ബുക്സ്, 2001.

ദാസ്, സി.ആർ. *ചിമ്പുവിന്റെ ലോകം.* തൃശ്ശൂർ: ഗ്രീൻ ബുക്സ്, 2008.

ദിവ്യ, ധർമ്മദത്തൻ. *കഥായനം. ആധുനികോത്തര ചെറുകഥാപഠനങ്ങൾ.* കണ്ണൂർ: മെയ്ഫ്ളവർ, 2016.

നമ്പൂതിരി, എ.എൻ. *സയൻസ് ഫിക്ഷൻ.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2007.

നമ്പൂതിരിപ്പാട്, എം.സി. "ഒരു വാക്ക് സയൻസി*ന്റെ* വെളിച്ചത്തിൽ" *മലയാള ശാസ്ത്ര സാഹിത്യ പ്രസ്ഥാനം.* എഡി. കാവുമ്പായി ബാലകൃഷ്ണൻ. തൃശ്ശൂർ: കേരളശാസ്ത്ര സാഹിത്യപരിഷത്ത്, 2011.

നരേന്ദ്രനാഥ്, വി. *കുട്ടികൾക്ക് രണ്ട് നോവലുകൾ.* കോട്ടയം: ഡി.സി. ബുക്സ്, 1980.

നരേന്ദ്രനാഥ്, വി. *കുട്ടിമാളു.* കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്, 1998.

നരേന്ദ്രനാഥ്, വി. *കാള.* കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്, 1987.

നരേന്ദ്രനാഥ്, വി. *മണ്ടൻ കുഞ്ചു.* തിരുവനന്തപുരം: പ്രഭാത് ബുക്ക് ഹൗസ്, 1988.

നളിനി, ശ്രീധരൻ. *കേശവൻകുട്ടിയുടെ അന്വേഷണം.* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2008.

നാരായണൻ, വി.കെ., "ബാലസാഹിത്യം". *ആധുനിക മലയാസാഹിത്യ ചരിത്ര പ്രസ്ഥാനങ്ങളിലൂടെ.* എഡി. കെ.എം.ജോർജ്ജ്. കോട്ടയം: ഡി.സി.ബുക്സ്, 2009.

നായർ, പി.എ.ജി. *മനഃശാസ്ത്ര നിഘണ്ടു.* തിരുവല്ല: സമസ്യ ബുക്സ്, 1978.

പത്മകുമാരി, വി. *സ്നേഹത്തിന്റെ തുമ്പിക്കൈ.* നൂറനാട്: ഉണ്മ പബ്ലിക്കേഷൻസ്, 2010.

പത്മനാഭൻ, നാലപ്പാടൻ. *കുഞ്ഞിത്തെയ്യം.* കണ്ണൂർ: കൈരളി ബുക്സ്, 2010.

പരമേശ്വരയ്യർ, ഉള്ളൂർ. *കേരളസാഹിത്യ ചരിത്രം,* (വാല്യം 2). തിരുവനന്തപുരം: കേരള സർവകലശാല, 2015.

പരമേശ്വരൻപിള്ള, എരുമേലി. *വിദ്യാഭ്യാസമനഃശാസ്ത്രം.* കോട്ടയം: വിദ്യാർത്ഥി മിത്രം ബുക്ക് ഡിപ്പോ, 1980.

പുഷ്പിത, ജോൺ. "കുട്ടികൾക്കുള്ള വിജ്ഞാന സാഹിത്യം". *എന്താണ് കുട്ടികളുടെ സാഹിത്യം.* എഡി. ഏബ്രഹാം ജോസഫ്. തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, .1983.

പൊൻമലേത്ത്,കെ, കെ. " ബാലസാഹിത്യരചന". *ബാലസാഹിത്യം തത്വവും ചരിത്രവും.* എഡി. കുര്യാസ് കുമ്പളക്കുഴി. തിരുവനന്തപുരം: ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് , 1995.

പൊൻമേലേത്ത്, കെ, കെ. "ശിശുക്കളും ശിശുക്കളും ഭാഷാഭ്യാസവും". *ബാലസാഹിതി.* എഡി.കുര്യാസ്, കുമ്പളക്കുഴി തിരുവനന്തപുരം: ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, 1996.

പ്രദീപ്, എം.ആർ. *പുള്ളിപ്പുലിയും കൂട്ടുകാരും.* തിരുവനന്തപുരം: സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, 2001.

പ്രഭാകരൻ, പഴശ്ശി. *ബാലസാഹിത്യം മലയാളത്തിൽ.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2013.

പ്രബോധചന്ദ്രൻ,വി.ആർ. "ബാലസാഹിത്യകൃതികളിലെ ഭാഷ". *ബാല സാഹിത്യം തത്വവും ചരിത്രവും.* എഡി. കുര്യാസ് കുമ്പളക്കുഴി. തിരുവനന്തപുരം: ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, 1995.

പ്രിയ, എ.എസ്. *അമ്മേങ്കുഞ്ഞുണ്ണീം കുഞ്ഞുണ്ണീ കുഞ്ഞുണ്ണീമമ്മേം.* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2010.

പ്രിയ, എ.എസ്. *ചിത്രശലഭങ്ങളുടെ വീട്.* തൃശ്ശൂർ: ഡി.സി. ബുക്സ്, 2005.

പ്രിയ, എ.എസ്. *ത എന്ന അനിയത്തിക്കുട്ടി.* കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്, 2017.

പ്രിയാ, വർഗീസ്. *വായനാത്മകഥ കേരളത്തിലെ സാഹിത്യവായനയുടെ ചരിത്രം.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2022.

ബഷീർ, എം.എം. *മലയാള ചെറുകഥാസാഹിത്യചരിത്രം.* തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, 2002.

ബാബു, എൻ. " മനോവിജ്ഞാനീയവും ബാലസാഹിത്യവും". *ബാലസാഹിത്യം തത്വവും ചരിത്രവും.* എഡി. കുര്യാസ് കുമ്പളക്കുഴി തിരുവനന്തപുരം: ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, 1995.

ബാലകൃഷ്ണൻ, കാവുമ്പായി. "മലയാള ശാസ്ത്രസാഹിത്യപ്രസ്ഥാനം - ഒരു പഠനം". *മലയാളശാസ്ത്ര സാഹിത്യ പ്രസ്ഥാനം.* എഡി. കാവുമ്പായി ബാലകൃഷ്ണൻ. തൃശ്ശൂർ: കേരളശാസ്ത്ര സാഹിത്യപരിഷത്ത്, 2011.

മധുസൂദനൻ, ജി. *കഥയും പരിസ്ഥിതിയും.* തൃശ്ശൂർ: കറന്റ് ബുക്സ്, 2000.

മാത്യു, കെ.എം. *ബാലസാഹിത്യ രചന.* കോട്ടയം: നാഷണൽ ബുക്ക് സ്റ്റാൾ. 1979.

മാത്യു, കെ,എം. "ബാലസാഹിത്യരചന". *ബാല വിജ്ഞാന സാഹിത്യരചന.* തിരുവനന്തപുരം: ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, 2004 .

മീരാക്കുട്ടി, പി. *വിലാസിനിയുടെ ആഖ്യാനകല.* തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, 1999.

മൈന, ഉമൈബാൻ. *ഹൈറേഞ്ച് തീവണ്ടി.* തൃശ്ശൂർ: കൈരളി ബുക്സ്, 2018.

രവികുമാർ, കെ.എസ്. *ആഖ്യാനത്തിന്റെ അടരുകൾ.* കോട്ടയം: ഡി.സി. ബുക്സ്, 2007.

രവീന്ദ്രൻ, പി.പി. "പാഠം". *സൂത്രവാക്യങ്ങൾ കലാ സൗന്ദര്യ ശാസ്ത്രത്തിലേക്കൊരു പദകോശം.* എഡിറ്റർമാർ. ആദർശ്, സി. രാജേഷ്, എം.ആർ. തൃശ്ശൂർ: ഗയ പുത്തകച്ചാല, 2020.

രാജരാജവർമ്മ, എഴുമറ്റൂർ. " ബാലസാഹിത്യം ". *മലയാള സാഹിത്യചരിത്രം നൂറ്റാണ്ടുകളിലൂടെ.* എഡി. പന്മന രാമചന്ദ്രൻ നായർ. പി കെ പരമേശ്വരൻ നായർ സ്മാരകഗ്രന്ഥാവലി. കോട്ടയം: കറന്റ് ബുക്സ്, 2003.

രാജൻ, ഗുരുക്കൾ. *മിത്ത് ചരിത്രം സമൂഹം.* പത്തനംതിട്ട: പ്രസക്തി ബുക്സ്, 2009.

രാധാകൃഷ്ണൻ, നായർ.ഡി. *ആഖ്യാനവിജ്ഞാനം.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2000.

രാമനാഥൻ, കെ.വി. *അത്ഭുത നീരാളി.* തിരുവനന്തപുരം: പ്രഭാത് ബുക്ക് ഹൗസ്, 2023

രാമനാഥൻ, കെ.വി. *അത്ഭുത വാനരന്മാർ.* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2024.

രാമനാഥൻ, കെ.വി. *അപ്പുക്കുട്ടനും ഗോപിയും.* കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1961.

രാമനാഥൻ, കെ.വി. *ആമയും മുയലും ഒരിക്കൽ കൂടി.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം, 1968.

രാമനാഥൻ, കെ.വി. *കമാൻഡർ ഗോപി.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം, 1966.

രാമനാഥൻ, കെ.വി. *കളിമുറ്റം.* കോട്ടയം: കറന്റ് ബുക്സ്, 1994.

രാമനാഥൻ, കെ.വി. *കുഞ്ഞുറുമ്പും കുളക്കോഴിയും.* കോട്ടയം: ഡി.സി. ബുക്സ് 1996.

രാമനാഥൻ, കെ.വി. *തെരഞ്ഞെടുത്ത ബാലസാഹിത്യകഥകൾ.* തൃശ്ശൂർ: കറന്റ് ബുക്സ്, 2018.

രാമനാഥൻ, കെ.വി. *ബാലസാഹിത്യത്തിന്റെ ഉത്ഭവവും വളർച്ചയും മലയാളത്തിൽ.* തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, 1997.

രാമനാഥൻ, കെ.വി. *മുന്തിരിക്കുല.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം, 1981.

രാമനാഥൻ, കെ.വി. *രാജുവും റോണിയും.* കോഴിക്കോട്: പൂർണ പബ്ലിക്കേഷൻസ്, 1990.

രാമനാഥൻ, കെ.വി. *സ്വർണ്ണമുത്ത്.* കാവശ്ശേരി: ഭാവന ബുക്സ്, 2010.

രേണുകുമാർ, എം.ആർ. *അരസൈക്കിൾ.* കോട്ടയം: ഡി.സി. ബുക്സ്, 2016.

ലീലാവതി, എം. "അവതാരിക". *അത്ഭുതനീരാളി.* തിരുവനന്തപുരം: പ്രഭാത് ബുക്ക് ഹൗസ്, 1992.

ലിജു, ടി. വർഗീസ്. " മിത്തുകളിലെ മാതൃസംസ്കൃതി". *മലയാളികളുടെ മിത്തുകൾ.* കോഴിക്കോട്: ആത്മാ ബുക്ക്, 2022

വത്സലൻ, വാതുശ്ശേരി. *കഥയും ഫാന്റസിയും.* കോട്ടയം: കറന്റ് ബുക്സ്, 2004.

വാസു, കെ, കെ. "ബാലസാഹിത്യ രചനയിലെ തരംതിരുവുകൾ". *ബാലസാഹിത്യം തത്വവും ചരിത്രവും.* എഡി. കുര്യാസ് കുമ്പളക്കുഴി. തിരുവനന്തപുരം: ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, 1995.

വാസുദേവൻ, നായർ.എം.ടി. *മാണിക്യക്കല്ല്.* കോഴിക്കോട്: ഹരിതം ബുക്സ്, 2003.

വിനോദ്സൺ, പി. *മനസ്സിന്റെ മേഖലകൾ.* മാന്നാനം: സഞ്ജൂസ് ബുക്സ് സ്റ്റാൾ, 1978.

വിൽഹെം, സ്റ്റെകൽ. *സ്വപ്നങ്ങളുടെ അർത്ഥവും മനഃശാസ്ത്രവും.* കോഴിക്കോട്: പാപ്പിയോൺ, 2010.

ശശിധരൻ, എം.പി. *പൊൻഉുവലുകൾ.* കോട്ടയം: ഡി.സി. ബുക്സ്, 2019.

ശിവരാജൻ, കെ. *വിദ്യാഭ്യാസത്തിന്റെ മനഃശാസ്ത്രഭൂമിക.* കോഴിക്കോട്: കാലിക്കറ്റ് യൂണിവേഴ്സിറ്റി, 2011.

ശിവരാജൻ, കെ. ശ്രീമാനുണ്ണി, പി, *മലയാള ഭാഷാധ്യാപനം.* കോഴിക്കോട്: കാലിക്കറ്റ് യൂണിവേഴ്സിറ്റി, 2006.

ശ്രീകുമാർ, കെ. *മലയാള ബാലസാഹിത്യ ചരിത്രം (വാല്യം 1).* കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്, 2021.

ശ്രീകുമാർ, കെ. *മലയാള ബാലസാഹിത്യ ചരിത്രം (വാല്യം 2).* കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്, 2021.

ഷൈനി, തോമസ്. *മലയാള ഗദ്യ ചരിത്രം.* കോട്ടയം: ഡോൺ ബുക്സ്, 2019.

സജീവ്കുമാർ, എസ്. *ബാലമനസ്സിലേക്ക്.* കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്, 2008.

സത്യൻ, പി.പി. സ്വപ്നങ്ങളുടെ വ്യാഖ്യാനം. (ദി ഇന്റർപ്രറ്റേഷൻ ഓഫ് ഡ്രീംസ്, സിഗ്മണ്ട് ഫ്രോയിഡ്). കോഴിക്കോട്: പ്രോഗ്രസ് പബ്ലിക്കേഷൻ, 2015.

സന്തോഷ്, വള്ളിക്കോട്. *പുരാവൃത്തവും കവിതയും.* കോഴിക്കോട്: ഇൻസൈറ്റ് പബ്ലിക്കേഷൻസ്, 2016.

സാദിഖ്, കാവിൽ. *ഖുഷി.* കോട്ടയം: ഡി.സി. ബുക്സ്, 2017.

സുകുമാരൻ, ടി.പി. *പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തിന് ഒരു മുഖവുര.* കോഴിക്കോട്: ബോധി ബുക്സ്, 1992.

സുധീഷ്, വി.ആർ. *അമ്പിളിപ്പൂതം.* കോഴിക്കോട്: ഒലിവ് പബ്ലിക്കേഷൻ, 2018.

സുധീഷ്, വി.ആർ. *കുറുക്കൻമാഷിന്റെ സ്കൂൾ.* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2016.

സുമംഗല. *ഈ കഥ കേട്ടിട്ടുണ്ടോ.*കോട്ടയം: കൈരളി മുദ്രാലായം, 1999.

സുമംഗല. *എട്ട് കുട്ടകം പൊന്ന്.* തൃശ്ശൂർ: എച്ച് ആൻഡ് സി പബ്ലിഷിംഗ് ഹൗസ്, 2000.

സുമംഗല. *എന്നാലിനിയൊരു കഥയുരചെയ്യാം.* കോഴിക്കോട് : പൂർണ്ണ പബ്ലിക്കേഷസ്, 2008.

സുമംഗല. *ഒരു കുരങ്ങൻ കഥ.* കോട്ടയം : കറന്റ് ബുക്സ്, 1998.

സുമംഗല. *ഒരു കുടപ്പഴങ്ങൾ.* കോട്ടയം: കറന്റ് ബുക്സ്, 1998.

സുമംഗല. *കഥ കേട്ടുറങ്ങാം.* കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്,2006

സുമംഗല. *കളവിന്റെ വേദന.* തൃശ്ശൂർ: എച്ച് ആൻഡ് സി പബ്ലിഷിംഗ് ഹൗസ്, 2000.

സുമംഗല. *കുറിഞ്ഞിയും കൂട്ടുകാരും.* കോട്ടയം: നാഷണൽ ബുക്ക് സ്റ്റാൾ, 1964.

സുമംഗല. *തങ്കക്കിങ്ങിണി.* കോട്ടയം: ഡി.സി.ബുക്സ്, 1979.

സുമംഗല. *തത്ത പറഞ്ഞ കഥകൾ.* തൃശ്ശൂർ: കറന്റ് ബുക്സ്, 1978.

സുമംഗല. *നെയ്പ്പായസം.* കോട്ടയം: ഡി.സി.ബുക്സ്, 2019.

സുമംഗല. *പഞ്ചതന്ത്രം.* കോട്ടയം: ഡി. സി. ബുക്സ്, 2004.

സുമംഗല. *പുതിയ അമ്മ.*കോഴിക്കോട്: മാതൃഭൂമി, 2004.

സുമംഗല. *പോക്കണം കേട്ട പോക്കുകൾ.* തൃശ്ശൂർ: ഗ്രീൻ ബുക്സ്, 2005.

സുമംഗല. *മഞ്ചാടിക്കുരു.* കോട്ടയം: ഡി. സി. ബുക്സ്, 1979.

സുമംഗല. *മിഠായിപ്പൊതി.* കോട്ടയം: ഡി. സി. ബുക്സ്, 2020.

സുമംഗല. *മുത്തുസഞ്ചി.* കോട്ടയം: കറന്റ് ബുക്സ്, 1997.

സുമംഗല. *മദനകാമരാജൻ.* കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷസ്, 1986.

സുമംഗല. രഹസ്യം. കോട്ടയം: ഡി.സി.ബുക്സ്, 1979.

സോമനാഥൻ, പി. *കഥ ആഖ്യാനം ആഖ്യാന ശാസ്ത്രം.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2016.

സംഗീതാ, ശ്രീനിവാസൻ. *കള്ളിത്തള്ളകൾ v/s ശിങ്കക്കുട്ടികൾ.* തൃശ്ശൂർ: കറന്റ് ബുക്സ്, 2013.

സ്റ്റാൻലി, ജോസ്. *ഫ്രോയിഡിന്റെ മനഃശാസ്ത്രം.* കോട്ടയം: ഡി. സി. ബുക്സ്, 1983.

ഹരികൃഷ്ണൻ,നെത്തല്ലൂർ. സാമ്പാ. *ബാലസാഹിത്യം അറിവും സിദ്ധാന്തവും.* കോട്ടയം: മഹാത്മാഗാന്ധി സർവകലാശാല, 2023.

ഹെർമൻ, ഗുണ്ടർട്ട്. "പാഠമാല". *മലയാളവും ഹെർമൻ ഗുണ്ടർട്ടും* എഡി.സ്കറിയ സക്കറിയ. തിരൂർ: തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല, 2016.

<u>ഇംഗ്ലീഷ് ഗ്രന്ഥങ്ങൾ</u>

Arnuthnot, May.Hill. *Children and books.* Chicago: Scott Foresman, 1964.

Bal, Mieke. *Narratology: Introduction to the Theory of Narrative.* London: University of Toronto Press, 2017.

Barthes, Roland. "Introduction to the structural analysis of narratives". *Image-Music-Text.* London: Fontana, 1977.

Carveth, Read. *The Origin of Man and of His Superstitions.* London: Cambridge University Press, 2024.

Genette, Gérard. *Narrative Discourse.* (Translated by Jane E Lewin). New York: Cornell University Press, 1990.

Hunt, P. *An Introduction to Literature for children.*United Kingdom: Oxford University Press, 1994.

Hunt, P. *Literature for children.* London: Routledge, 2003.

Jamuna, K.A. *Children's Literature in Indian Languages.* New Delhi: Publications Division Ministry of Information and Broadcasting, 2017.

Lefebvre, Henri. *The Production of Space.*(Translated by Donald Nicholson-Smith).USA: Oxford, 1991.

Prince, Gerald. *Dictionary of Narratology*. United States of America: University of Nebraska Press, 2003.

Propp,Vladmir."*Morphology of the Folktale*". (First Edition Translated by Laurence Scott). Austin: University of Texas Press, 2009

Piaget and Inhelder. The Psychology of the child . Routledge and Keyan Paul, London. 1969.

**ആനുകാലിക പ്രസിദ്ധീകരണങ്ങൾ**

അയ്യപ്പപ്പണിക്കർ, കെ. "ആഖ്യാനശാസ്ത്രം". *ഭാഷാപോഷിണി.* വാല്യം 20. ലക്കം 8. (ജനുവരി 1997): 25 - 29.

കിഴക്കെമുറി, സി.സി. "ബാലസാഹിത്യ പ്രസാധനം മലയാളത്തിൽ". *ഭാഷാപോഷിണി. വാല്യം* 20. ലക്കം 6. (നവംബർ 1996): 16-17.

കൃഷ്ണൻ, കെ.എം. "ആഖ്യാന ശാസ്ത്രം". *ഭാഷാപോഷിണി.* വാല്യം 22. ലക്കം 6. (നവംബർ 1998): 66- 71.

പൊൻമലേത്ത്, കെ.കെ. "ഒൻപത് വ്യത്യസ്ത ബാലസാഹിത്യ കൃതികൾ". *ഗ്രന്ഥാലോകം.* വാല്യം 51. ലക്കം 3. (മാർച്ച് 1999): 71-73.

ബഷീർ, എം.എം. "പുതിയ കഥയുടെ പൊരുൾ". *ഭാഷാപോഷിണി.* വാല്യം 21. ലക്കം 1. (ജൂൺ 1997): 62-64.

രവികുമാർ, കെ.എസ്. "ചെറുകഥാ വർത്തമാനം". *ഭാഷാപോഷിണി.* വാല്യം 20. ലക്കം 10. (മാർച്ച് 1997): 14 - 16

രാമകൃഷ്ണൻ, കെ. "ബാലസാഹിത്യം ആഗോളതലത്തിൽ". *ഭാഷാപോഷിണി.* വാല്യം 20. ലക്കം 6. (നവംബർ 1996): 5 -9.

ലെനിൻ, കെ.എം. "കുമൻ കാവിലെ കുട്ടികളും കറുത്ത പൂച്ചയും". *ഗ്രന്ഥാലോകം.* വാല്യം 52. ലക്കം 6. (ജൂൺ 2000): 61-62.

ശ്രീകുമാർ, കെ. "കഥയമ്മൂമ്മ.സുമംഗലയെ ഓർക്കുമ്പോൾ". *സാഹിത്യ ചക്രവാളം.* വാല്യം 461. ലക്കം 6. (മെയ് - ജൂൺ 2021): 9-12.

റൂബിൻ, ഡിക്രൂസ്. "ബാലസാഹിത്യം ഇന്ത്യയിൽ". *ഭാഷാപോഷിണി.* വാല്യം 20. ലക്കം 6. (നവംബർ 1996): 10-13.

Hisham, Muhamad.Ismail. "Children's Literature : The significance and other Impacts". *Theory and Practice in Language studies.* Vol-13, (March 2023): 593.

Koss, M. D. "Diversity in Contemporary Picturebooks: A Content Analysis". *Journal of Children's Literature.* 41(1),(2015): 32–42.

Livi-Struss, C. "The structural study of Myth". *The Journal of American Folklore.* Vol-68(270). (1955): 428-44

Markowsky Juliet Kellogg."Why Anthropomorphism in Children's Literature?". *Elementary English.* Vol.52.No.4. (April 1975): 460,461,462,466.

## വിജ്ഞാനകോശത്തിൽ നിന്നുള്ള ലേഖനം

William, Steig. "children's literature". Encyclopædia Britannica. 2025.

### ഗവേഷണ പ്രബന്ധങ്ങൾ

ദേവി, കെ,കെ. "നാടൻകുട്ടിപ്പാട്ടുകളും അവയുടെ ലോകവീക്ഷണം". അപ്രകാശിത പ്രബന്ധം. (പി.എച്ച്.ഡി പ്രബന്ധം). കോഴിക്കോട് സർവ്വകലാശാല, 2009.

പ്രഭാകരൻ, രയരോത്ത്. "മലയാള ബാലസാഹിത്യം കുട്ടികളുടെ മന:ശാസ്ത്രത്തെ അടിസ്ഥാനമാക്കിയുള്ള പഠനം". അപ്രകാശിത പ്രബന്ധം. (പി.എച്ച്.ഡി പ്രബന്ധം). കേരള സർവ്വകലാശാല, 2002.

ബാലകൃഷ്ണൻ, കുഞ്ഞി. "മലയാള ബാലകവിത- ഒരു വിമർശനാത്മക പഠനം". അപ്രകാശിത പ്രബന്ധം. (പി.എച്ച്.ഡി പ്രബന്ധം). മഹാത്മാഗാന്ധി സർവ്വകലാശാല, 2003.

വിനോദ്, കെ, എസ്. "കവിതയും നാട്ടുവഴക്കവും :കുഞ്ഞുണ്ണി കൃതികളിലെ നാടോടിസൗന്ദര്യശാസ്ത്രത്തെ ആധാരമാക്കിയുള്ള പഠനം". അപ്രകാശിത പ്രബന്ധം. (പി.എച്ച്.ഡി പ്രബന്ധം). കണ്ണൂർ സർവ്വകലാശാല, 2019.

സ്വാതി, എസ്. "കുട്ടികളുടെ സിനിമ ചലച്ചിത്ര ഭാഷയും സാംസ്കാരിക വിനിമയവും തെരഞ്ഞെടുത്ത മലയാള സിനിമകളെ ആസ്പദമാക്കിയുള്ള പഠനം". അപ്രകാശിത പ്രബന്ധം. (പി.എച്ച്.ഡി പ്രബന്ധം). കേരള സർവ്വകലാശാല, തിരുവനന്തപുരം. 2022.